# ഖുർആനിന്റെ മൗലികത

## ഭാഗം – 1

എം. എം. അക്ബർ

# ഖുർആനിന്റെ മൗലികത

## ഭാഗം –1

NICHE OF TRUTH

qur'aninte moulikatha - part 1
malayalam
author:
m.m.akbar
publishers:
niche of truth
kalabhavan road, cochin- 18
first edition: june 2000
second edition: november 2000
third edition: december 2001
typesetting : creative media
cover : yoonus
printing: anaswara, cochin

**price: rs. 120/-**

**ഈ** ലോകത്തിനൊരു സ്രഷ്ടാവുണ്ട്- ജീവൻ നൽകി വായുവും വെള്ളവും സൗകര്യപ്പെടുത്തി ഭൂമിയെ ജീവിതയോഗ്യമാക്കിയ പരമകാരുണികനായ സ്രഷ്ടാവ്. നാം ഇവിടെ എങ്ങനെ ജീവിക്കണമെന്നും ഈ ജീവിതത്തിൻെറ പരമലക്ഷ്യം എന്തെന്നും ദൂതന്മാർ മുഖേന സ്രഷ്ടാവ് നമ്മെ പഠിപ്പിച്ചു. നമ്മുടെ ജീവിതത്തിൻെറ കണക്ക് മരണശേഷം നാം സ്രഷ്ടാവിൻെറ മുമ്പിൽ ബോധിപ്പിക്കേണ്ടിവരും. അന്ന് പുണ്യം ചെയ്തവന് നന്മയും പാപം ചെയ്തവന് തിന്മയും പ്രതിഫലം കിട്ടും. അതിനാൽ സ്രഷ്ടാവ് തൻെറ ദൂതരിലൂടെ നൽകിയ നിർദേശമനുസരിച്ച് ജീവിക്കുകയാണ് മനുഷ്യൻെറ രക്ഷാമാർഗം.

നമുക്ക് ലോകസ്രഷ്ടാവ് നൽകിയ നിർദേശ സംഹിതയാണ് ഖുർആൻ. മുഹമ്മദ് നബിയിലൂടെ അവൻ ആ സന്ദേശം മനുഷ്യർക്കെത്തിച്ചുകൊടുത്തു. ഇതറിഞ്ഞവരും അറിയാത്തവരും നമുക്കിടയിൽ ഉണ്ട്. ലോകരെ മുഴുവൻ സ്രഷ്ടാവിൻെറ സന്ദേശമറിയിക്കൽ അതറിഞ്ഞവരുടെ ബാധ്യതയാണ്. അതിനായി രൂപീകൃതമായ ഒരു പ്രസ്ഥാനമാണ് 'നിച്ച് ഓഫ് ട്രൂത്ത്'.

നാഥാ, സത്യമത സന്ദേശപ്രചരണത്തിനു വേണ്ടിയുള്ള വിനീതമായൊരു സംരംഭമാണിത്. നീ ഏൽപിച്ച ഉത്തരവാദിത്തത്തിൻെറ നിർവഹണത്തിനു വേണ്ടിയുള്ള എളിയ ശ്രമം. ഇതൊരു പ്രതിഫലാർഹമായ പ്രവർത്തനമായി സ്വീകരിക്കേണമേ (ആമീൻ).

**ഡയറക്ടർ**

# വായനക്കുമുമ്പ്...

*'പരമകാരുണികൻെറ നാമത്തിൽ'*

'ഖുർആനിൻെറ മൗലികത'– കുറേ നാളുകളായി മനസ്സിൽ കൊണ്ടുനടന്ന ഒരു ആശയമായിരുന്നു. അതിൻെറ ആദ്യപകുതി സാർഥകമായപ്പോൾ കുറെ ആശങ്കകളുണ്ടായിരുന്നു. മതപണ്ഡിതനല്ലാത്ത ഒരാൾ ഖുർആനിനെതിരെയുള്ള വിമർശനങ്ങൾക്ക് മറുപടി പറഞ്ഞാൽ എത്രത്തോളം ശരിയാകുമെന്ന ആശങ്ക. പല പണ്ഡിതന്മാരുടെയും സഹായത്തോടെയാണ് അത് പൂർത്തിയാക്കിയത് –കേരളത്തിലും വിദേശത്തുമുള്ള പണ്ഡിതന്മാർ –അല്ലാഹു അവരെ അനുഗ്രഹിക്കട്ടെ *(ആമീൻ).*

പ്രബോധകർക്ക് ഒരു ഗൈഡ് എന്ന നിലയിലാണ് 'ഖുർആനിൻെറ മൗലികത' പുറത്തിറക്കിയത്. ഒന്നാം പതിപ്പ് പ്രസിദ്ധീകരിക്കപ്പെട്ട് ഒരു മാസത്തിനകംതന്നെ കോപ്പികൾ തീർന്നുപോയി. പുസ്തകത്തിൻെറ സ്വീകാര്യതയിൽനിന്ന് പ്രബോധന പ്രവർത്തനങ്ങളിൽ യുവാക്കൾ സജീവത കൈവരിക്കുന്നുവെന്ന സത്യം ബോധ്യമായി. ഇസ്ലാമിനെക്കുറിച്ചറിയാത്തവർക്ക് സത്യമതത്തിൻെറ സന്ദേശമെത്തിക്കുക മുസ്‌ലിംകളുടെ ബാധ്യതയാണെന്ന വസ്തുത മെല്ലെയെങ്കിലും കേരളീയ മുസ്‌ലിം സമൂഹം അംഗീകരിച്ചു കഴിഞ്ഞിരിക്കുന്നു; അതിനുവേണ്ടി കോപ്പുകൂട്ടുവാൻ ഇന്ന് എല്ലാവരും ശ്രമിച്ചുകൊണ്ടിരിക്കുന്നു. സർവശക്തന് സർവസ്തുതികളും! അവൻ നമ്മുടെ പ്രവർത്തനങ്ങൾ സ്വീകരിക്കട്ടെ *(ആമീൻ)*

പുസ്തകത്തെ വിലയിരുത്തിക്കൊണ്ട് കുറേ കത്തുകൾ കിട്ടി. വിമർശനങ്ങൾക്ക് നന്ദി! അവയാണല്ലോ നമ്മെ നേരെ നടക്കാൻ പര്യാപ്തമാക്കുന്നത്. ഒന്നാം പതിപ്പിൽ വിട്ടുപോയതായി ചില സുഹൃത്തുക്കൾ ചൂണ്ടിക്കാണിച്ചുതന്ന പല കാര്യങ്ങളുമുണ്ട്. അവയിൽ പ്രസക്തങ്ങളെന്ന് തോന്നിയവ ഈ പതിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. സത്യദീനിനെ സഹായിക്കുന്നവരെ അല്ലാഹു സഹായിക്കും. തിരുത്തുവാനും വിമർശിക്കുവാനും സന്മനസ്സ് കാണിച്ചവർക്ക് അല്ലാഹു സ്വർഗം പ്രതിഫലം നൽകി അനുഗ്രഹിക്കട്ടെ *(ആമീൻ).*

ഖുർആനിനെ വിമർശിച്ചുകൊണ്ട് പുതിയ രചനകൾ പുറത്തു വന്നുകൊണ്ടിരിക്കുന്നുണ്ട്; പുസ്തകരൂപേണയും ഇൻറർനെറ്റിലൂടെയുമെല്ലാം. ഖുർആനിൽ വൈരുദ്ധ്യങ്ങളും ശാസ്ത്രാബദ്ധങ്ങളും ചരിത്രത്തിന് നിരക്കാത്ത പരാമർശങ്ങളുമെല്ലാം ആരോപിക്കുന്ന രചനകൾ. ഇവക്കെല്ലാമുള്ള മറുപടി രണ്ടാം ഭാഗത്തിൽ ഉൾക്കൊള്ളിക്കണമെന്നുണ്ട്. സഹൃദയരിൽ

നിന്ന് നിർദേശങ്ങളും സഹായങ്ങളും പ്രതീക്ഷിക്കുന്നു. ശ്രദ്ധയിൽപെടാത്ത വിമർശനങ്ങളുണ്ടാകാം. അവ ശ്രദ്ധയിൽപെടുന്നവർ അയച്ചുതരണമെന്നപേക്ഷ. നാഥാ... നിൻെറ പ്രകാശം ഊതിക്കെടുത്താൻ ശ്രമിക്കുന്നവരുടെ വാദ മുഖങ്ങൾക്ക് മറുപടി പറയുവാനുള്ള കരുത്തും അറിവും നൽകി ഞങ്ങളെ നീ അനുഗ്രഹിക്കേണമേ *(ആമീൻ).*

ഈ പുസ്തകം രചിക്കുവാൻ എന്നെ സഹായിച്ച ചെറിയമുണ്ടം അബ്ദുൽ ഹമീദ് മദനി - അദ്ദേഹമാണ് ഈ രചനക്കു പിന്നിലുള്ള ചാലകശക്തി. പല വിഷയങ്ങളിലും സംശയം തീർത്തു തന്നത് അദ്ദേഹമാണ്. അവസാനം അവതാരിക എഴുതിത്തന്ന് ഇതിനെ ധന്യമാക്കുകയും ചെയ്തു. നാഥാ... ദീനീ ദഅ്‌വത്തിൻെറ രംഗത്ത് കൂടുതൽ സംഭാവനകളർപ്പിക്കുവാൻ അദ്ദേഹത്തിന് ആയുസ്സും കഴിവും നൽകേണമേ *(ആമീൻ).*

പുസ്തകത്തിന്റെ രണ്ടാം പതിപ്പ് വായിച്ച ശേഷം ചില സുഹൃത്തുക്കൾ ഏതാനും തിരുത്തുകൾ നിർദേശിക്കുകയുണ്ടായി. കൈകാര്യം ചെയ്യുന്ന വിഷയത്തിന്റെ ഗഹനത പരിഗണിച്ചുകൊണ്ട് വായനക്കാരിലുണ്ടാകാൻ സാധ്യതയുള്ള ചെറിയ തെറ്റിദ്ധാരണകൾക്കു പോലും ഇടം നൽകുന്ന പദപ്രയോഗങ്ങളും ശൈലിയും ഉപേക്ഷിക്കുകയാണ് നല്ലതെന്ന് പുസ്തകം സൂക്ഷ്മപരിശോധനയ്ക്ക് വിധേയമാക്കിയ ശേഷം അഭിപ്രായപെട്ട പണ്ഡിത സുഹൃത്തുക്കൾ. വിശേഷിച്ചും ജ: സുബൈർ മങ്കടയുടെ നിർദേശങ്ങൾ ഏറെ പ്രയോജപ്രദമായി. അവരുടെയെല്ലാം നിർദേശങ്ങൾ പരിഗണിച്ച് ആവശ്യമായ മിനുക്കുപണികൾ നടത്തിയാണ് ഈ മൂന്നാം പതിപ്പ് പ്രസിദ്ധീകരിക്കുന്നത്. ഈ പുസ്തകത്തെ പരമാവധി കുറ്റമറ്റതാക്കുവാൻ സഹായിച്ചവരൊന്നും ആരുടെയും നന്ദിവാക്കുകൾക്കു വേണ്ടിയല്ലല്ലോ ഇതൊന്നും ചെയ്തത്. നാം പ്രാർത്ഥിക്കുക. നാഥാ... ദീനീ ദഅ്‌വത്തിന്റെ രംഗത്ത് പരസ്പരം സഹായിക്കുവാനും അതുവഴി പരമാവധി പേർക്ക് സത്യസന്ദേശം കലർപ്പില്ലാതെ എത്തിക്കുവാനും അങ്ങനെ മരണാനന്തരം സ്വർഗത്തിൽ ഒരുമിച്ചു കൂടുവാനും ഞങ്ങളെയെല്ലാം നീ അനീഗ്രഹിക്കേണമേ.... *(ആമീൻ).*

എന്നെ ദീൻ പഠിക്കാൻ പ്രേരിപ്പിച്ച, പ്രബോധന രംഗത്തേക്ക് കൈപിടിച്ച് നടത്തിക്കൊണ്ടുപോയ എൻെറ ഉപ്പ -മേലേവീട്ടിൽ അബ്ദുറഹിമാൻ -നാഥാ... നിൻെറയടുത്തെത്തിക്കഴിഞ്ഞ എൻെറ ഉപ്പാക്ക് നീ സ്വർഗം നൽകി ആദരിക്കേണമേ *(ആമീൻ).*

അല്ലാഹുവേ... ഇതൊരു പ്രതിഫലാർഹമായ പ്രവർത്തനമായി സ്വീകരിക്കേണമേ *(ആമീൻ).*

**എം.എം. അക്ബർ**

# താളുകളിൽ

## I ഖുർആനിനെക്കുറിച്ച് 23

1. എന്താണ് ഖുർആൻ?
2. 'വേദഗ്രന്ഥം' എന്നതുകൊണ്ടുള്ള വിവക്ഷയെന്താണ്?
3. എന്തിനാണ് വേദഗ്രന്ഥങ്ങൾ?
4. ഖുർആനിനു മുമ്പുള്ള വേദഗ്രന്ഥങ്ങളെക്കുറിച്ച് ഖുർആൻ എന്തു പറയുന്നു?
5. തൗറാത്ത്, സബൂർ, ഇഞ്ചീൽ, തുടങ്ങിയവ ഇന്ന് ബൈബിളിൽ കാണുന്ന തോറ (പഞ്ചപുസ്തകങ്ങൾ) സങ്കീർത്തനങ്ങൾ സുവിശേഷങ്ങൾ എന്നിവയാണോ?
6. ഹൈന്ദവ വേദങ്ങളെക്കുറിച്ച് ഖുർആൻ എന്ത് പറയുന്നു?
7. ഖുർആനിൻെറ പ്രമേയമെന്താണ്?
8. ഖുർആനിലെ പ്രതിപാദന ശൈലി...?
9. ഖുർആനിലെ വാക്യങ്ങൾ അധ്യായങ്ങൾ എന്നിവയെപ്പറ്റി...?
10. ഖുർആൻ ദൈവിക ഗ്രന്ഥമാണെന്നതിന് എന്താണ് തെളിവ്?

## II ഖുർആനിൻെറ അവകാശവാദം 33

11. ഖുർആൻ സ്വയം ദൈവികമാണെന്ന് അവകാശപ്പെടുന്നുണ്ടോ?
12. മറ്റു വേദങ്ങളും ദൈവികമാണെന്ന് അവകാശപ്പെടുന്നില്ലേ?
13. തിമോത്തെയോസ് 3:16-ൽ ബൈബിൾ ദൈവവചനമാണെന്ന് പറയുന്നുണ്ടല്ലോ?
14. ദൈവികമാണെന്ന സ്വയം അവകാശവാദം കൊണ്ടുമാത്രം ഒരു ഗ്രന്ഥം ദൈവികമാകുമോ?

## III ഖുർആനിൻെറ രചന 36

15. മുഹമ്മദ് നബി(സ)യുടെ രചനയാണ് ഖുർആൻ എന്നു വാദിച്ചുകൂടെ?
16. താൻ ദൈവദൂതനാണെന്ന് വരുത്തിത്തീർത്ത് ലഭിക്കുന്ന ഭൗതിക നേട്ടങ്ങളായിക്കൂടെ ഖുർആനിൻെറ രചനയ്ക്കുപിന്നിൽ മുഹമ്മദ് നബി(സ)ൻെറ ലക്ഷ്യം?
17. അധികാരമായിരുന്നു മുഹമ്മദ്(സ) ലക്ഷ്യമാക്കിയിരുന്നതെന്ന് കരുതുന്നതിലെന്താണ് തെറ്റ്?
18. അസംഘടിതരായിരുന്ന അറബികളെ സംഘടിപ്പിക്കുകയും ഉന്നതിയിലേക്ക് നയിക്കുകയും ചെയ്യുകയെന്ന ലക്ഷ്യത്തോടെ മുഹമ്മദ്(സ) നിർമിച്ചെടുത്ത ഗ്രന്ഥമാണ് ഖുർആനെന്ന് കരുതിക്കൂടെ?

19. അധാർമികതയിൽ മുങ്ങിക്കുളിച്ചിരുന്ന സമൂഹത്തെ ധാർമികതയിലേക്ക് നയിക്കുവാൻ വേണ്ടി മുഹമ്മദ് രചിച്ച കൃതിയാണ് ഖുർആൻ എന്ന് പറഞ്ഞാൽ അത് നിഷേധിക്കുവാൻ കഴിയുമോ?
20. മുഹമ്മദി(സ)ന് ഉന്മാദരോഗ ( )മായിരുന്നുവെന്നും വെളിപാടുകൾ വരുന്നതുപോലെയുള്ള തോന്നൽ പ്രസ്തുത രോഗത്തിന്റെ ലക്ഷണമാണെന്നും വന്നുകൂടെ? സമകാലികരാൽ അദ്ദേഹം ഭ്രാന്തനെന്ന് അധിക്ഷേപിക്കപ്പെടുകയും ചെയ്തിട്ടുണ്ടല്ലോ?
21. മുഹമ്മദിന് (സ) വെളിപാടുകൾ വന്നിരിക്കാം. എന്നാൽ, അവ പൈശാചിക വെളിപാടുകൾ ആയിക്കൂടെ?

## ഖുർആനും സാഹിത്യവും 56

22. ഖുർആൻ ഒരു അമാനുഷിക ദൃഷ്ടാന്തമാണെന്ന് പറയുമ്പോൾ എന്താണ് അർഥമാക്കുന്നത്?
23. ഖുർആനിനെ അമാനുഷിക ദൃഷ്ടാന്തമാക്കുന്നതെന്താണ്?
24. ഖുർആനിനെ അതുല്യവും അനുകരണാതീതമാവുമാക്കുന്നതെന്തെല്ലാം?
25. സാഹിത്യം സാർഥകമാകുന്നത് ശ്രോതാവിന്റെ മനസ്സിൽ മാറ്റങ്ങളുടെ കൊടുങ്കാറ്റ് വീശുമ്പോഴാണെന്ന് പറയാറുണ്ട്. ഈ പരിപ്രേക്ഷ്യത്തിൽ ഖുർആൻ ഒരു ഉത്തമമായ കൃതിയാണെന്ന് പറയാനാകുമോ?
26. ഒരു ഉന്നതമായ സാഹിത്യകൃതിയാണെന്ന് എന്നതുകൊണ്ടുമാത്രം ഖുർആൻ ദൈവികമാണെന്ന് പറയാനാകുമോ?
27. വിവിധ ഭാഷകളിൽ ഉണ്ടായിട്ടുള്ള അദ്വിതീയമായ സാഹിത്യകൃതികളെപ്പോലെ ഒരു സാഹിത്യസൃഷ്ടി മാത്രമല്ലേ ഖുർആൻ. അത്തരം സാഹിത്യകൃതികൾക്ക് തുല്യമായ ഒരു കൃതിയുണ്ടാക്കാൻ നടത്തുന്ന വെല്ലുവിളിയെപ്പോലെ വ്യർഥമല്ലേ ഖുർആനിലെ വെല്ലുവിളിയും?

## V ഖുർആൻ ക്രോഡീകരണം 73

28. ഖുർആൻ, ദൈവത്തിൽനിന്ന് മുഹദി(സ)ന് ക്രോഡീകൃത ഗ്രന്ഥമായി ലഭിച്ചതാണോ?
29. മനുഷ്യർക്ക് സന്മാർഗദർശനം നൽകുന്നതിനായി ദൈവം തമ്പുരാൻ അവതരിപ്പിപ്പിച്ച ഗ്രന്ഥമാണ് ഖുർആനെങ്കിൽ അത് മുഴുവനായി ഒരു ഗ്രന്ഥരൂപത്തിൽ അവതരിപ്പിച്ചു കൂടായിരുന്നില്ലേ?
30. വ്യത്യസ്ത സമയങ്ങളിൽ അവതരിപ്പിക്കപ്പെട്ട ഖുർആൻ സൂക്തങ്ങളെല്ലാം ഒന്നായി ക്രോഡീകരിക്കപ്പെട്ടത് എന്നായിരുന്നു?
31. മുഹമ്മദി(സ)ന്റെ കാലത്ത് ഖുർആൻ ഒരു ഗ്രന്ഥമായി ക്രോഡീകരിക്കപ്പെട്ടിരുന്നുവോ?
32. ഖുർആൻ രണ്ടു പുറം ചട്ടകൾക്കുള്ളിൽ, ഒരൊറ്റ ഗ്രന്ഥമായി ക്രോഡീകരിക്കപ്പെട്ടത് എന്നായിരുന്നു? ഏത് സാഹചര്യത്തിൽ?
33. യേശുവിനുശേഷം അനുയായികൾ സുവിശേഷങ്ങൾ എഴുതി; മുഹമ്മദി(സ)ന് ശേഷം അനുയായികൾ ഖുർആൻ എഴുതി; ഇവ തമ്മിൽ എന്തെങ്കിലും വ്യത്യാസമുണ്ടോ?
34. അബൂബക്കറി(റ)ന്റെ കാലത്ത് ക്രോഡീകരിക്കപ്പെട്ട ഖുർആൻ കോപ്പി ഇന്ന് നിലനിൽക്കുന്നുണ്ടോ? ഇല്ലെങ്കിൽ എന്തുകൊണ്ട്?
35. 'ക്രിസ്താബ്ദം 325-ൽ ചേർന്ന നിഖിയാ കൗൺസിൽ കാനോനികമായി അംഗീകരിച്ച കൃതികൾ മാത്രം നിലനിർത്തി ബാക്കി എല്ലാ ക്രൈസ്തവ ഗ്രന്ഥങ്ങളും ചുട്ടുകരിക്കുവാൻ സഭ ആഹ്വാനം നൽകി. ഉസ്മാൻ (റ)തന്റെ നിർദേശപ്രകരം തയാർ ചെയ്യപ്പെട്ട ഖുർആൻ പ്രതികൾ മാത്രം നിലനിർത്തി ബാക്കിയുള്ളവയെല്ലാം ചുട്ടുകരിക്കാൻ കൽപിച്ചു. ഉസ്മാൻ ചെയ്തതും നിഖിയാ കൗൺസിൽ ചെയ്തതും തമ്മിൽ എന്തു വ്യത്യാസമാണുള്ളത്?

## VI ഖുർആനും സാന്മാർഗിക സംവിധാനവും 84

36. ഖുർആൻ ദൈവികമാണെന്നതിന് അത് പ്രദാനം ചെയ്യുന്ന സാന്മാർഗിക സംവിധാനം തെളിവാകുന്നതെങ്ങനെ?
37. ഖുർആൻ പ്രദാനം ചെയ്യുന്ന സാന്മാർഗികക്രമം കിടയറ്റതാണെന്ന് ഖുർആൻ സ്വയം അവകാശപ്പെടുന്നുണ്ടോ?
38. എന്ത് അർഥത്തിലാണ് ഖുർആൻ അവതരിപ്പിക്കുന്ന സാന്മാർഗികക്രമം കിടയറ്റതാണെന്ന് പറയുന്നത്?
39. മറ്റു മതഗ്രന്ഥങ്ങളും മാതൃകായോഗ്യമായ സാന്മാർഗിക സംവിധാനത്തെക്കുറിച്ച് പ്രതിപാദിക്കുന്നില്ലേ?
40. പ്രവാചകന്മാർ ചെയ്തതായി ബൈബിളിൽ പറയുന്ന പാപങ്ങളിൽ പലതും മുസ്‌ലിം ഗ്രന്ഥങ്ങളും ശരിവെച്ചുകൊണ്ട് ഉദ്ധരിക്കുന്നുണ്ടല്ലോ. അവർ പാപം ചെയ്തുവെന്ന് മുസ്‌ലിംകളും അംഗീകരിക്കുന്നുവെന്നല്ലേ ഇതിൽനിന്നും മനസ്സിലാക്കേണ്ടത്?
41. പ്രവാചകന്മാർക്കൊന്നും യാതൊരു അബദ്ധവും വന്നുഭവിക്കുകയില്ലെന്നാണോ ഖുർആൻ പഠിപ്പിക്കുന്നത്?
42. മുഹമ്മദ്(സ) ഒരുപാട് പാപങ്ങൾ ചെയ്തിരുന്നുവെന്നാണല്ലോ ഖുർആനിലെ ചില പരാമർശങ്ങളിൽനിന്ന് മനസ്സിലാക്കാൻ കഴിയുന്നത്?

## VII ഖുർആനും സ്ത്രീകളും 99

43. പുരുഷാധിപത്യത്തിലധിഷ്ഠിതമായ ഒരു ധാർമിക വ്യവസ്ഥയാണ് ഖുർആൻ അവതരിപ്പക്കുന്നതെന്ന ആരോപണത്തിൽ എന്തുമാത്രം കഴമ്പുണ്ട്?
44. സ്ത്രീയെക്കുറിച്ച ഖുർആനിക സങ്കൽപമെന്താണ്?
45. പെണ്ണിനോട് ബാധ്യതകളെക്കുറിച്ചും ആണിനോട് അവകാശങ്ങളെക്കുറിച്ചും സംസാരിക്കുന്നവയാണ് ആൺകോയ്മ ( ) വ്യവസ്ഥിതികൾ. ഖുർആനിലും ഇതു തന്നെയല്ലേ കാണാൻ കഴിയുന്നത്?
46. സ്ത്രീ പൂജിക്കപ്പെടുന്നിടത്താണ് ദേവതകൾ പ്രസാദിക്കുന്നതെന്ന് പഠിപ്പിക്കുന്ന ഹൈന്ദവ ദർശനമല്ലേ ഖുർആനിനേക്കാൾ സ്ത്രീകൾക്ക് സ്വീകാര്യമായി അനുഭവപ്പെടുന്നത്?
47. പാശ്ചാത്യലോകത്തെ സ്ത്രീകൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന സ്വാതന്ത്ര്യത്തിന്റെ അടിസ്ഥാനം ക്രൈസ്തവ ദർശനമാണല്ലോ. ആ നിലയ്ക്ക് ക്രിസ്തുമതത്തിന്റെ വീക്ഷണമല്ലേ ഖുർആനിക വീക്ഷണത്തെക്കാൾ സ്ത്രീക്ക് നല്ലത്?
48. പുരുഷനെയും സ്ത്രീയെയും അധ്വാനിക്കുന്ന വർഗത്തിലെ തുല്യതയുള്ള രണ്ട്

അംഗങ്ങളായിക്കാണുന്ന മാർക്സിസത്തിൻെറ വീക്ഷണമല്ലേ ഖുർആനിക ദർശനത്തേക്കാൾ സ്ത്രീക്ക് അഭികാമ്യം?

49. ആധുനിക ജനാധിപത്യത്തിന് കീഴിലുള്ള സ്ത്രീപുരുഷ സമത്വമല്ലേ ഖുർആനിക വീക്ഷണത്തേക്കാൾ കരണീയമായിട്ടുള്ളത്?
50. പുരുഷനു സ്ത്രീക്കുമേലുള്ള അധീശത്വം അനുവദിച്ചുകൊടുക്കുന്ന സൂക്തങ്ങൾ ഖുർആനിലുണ്ടല്ലോ. പുരുഷമേധാവിത്വത്തിൻെറ സൃഷ്ടിയാണ് ഖുർആൻ എന്നല്ലേ ഇവ വ്യക്തമാക്കുന്നത്?
51. സ്ത്രീകളെ കൃഷിസ്ഥലത്തോട് ഉപമിക്കുന്ന ഖുർആൻ അവരെ കേവലം ഉൽപാദനയന്ത്രമായിട്ടല്ലേ കാണുന്നത്?
52. ബഹുഭാര്യത്വമനുവദിക്കുക വഴി ഖുർആൻ സ്ത്രീയുടെ അവകാശങ്ങളെ ഹനിക്കുകയല്ലേ ചെയ്തിരിക്കുന്നത്?
53. പുരുഷന് ബഹുഭാര്യത്വമനുവദിക്കുന്ന ഖുർആൻ എന്തുകൊണ്ട് സ്ത്രീക്ക് ബഹുഭർതൃത്വം അനുവദിക്കുന്നില്ല?
54. അനന്തര സ്വത്തിൽ പുരുഷന് സ്ത്രീയുടേതിൻെറ ഇരട്ടി അവകാശമുണ്ടെന്നാണല്ലോ ഖുർആൻ അനുശാസിക്കുന്നത്. ഇത് വ്യക്തമായ വിവേചനമല്ലേ?
55. ഒരു പുരുഷനു പകരം രണ്ടു സ്ത്രീകൾ സാക്ഷികളായി ഉണ്ടാവണമെന്നാണല്ലോ ഖുർആനിൻെറ അനുശാസന. ഇതു സ്ത്രീയോടു ചെയുന്ന വ്യക്തമായ ഒരു അനീതിയല്ലേ?
56. അടിമത്തത്തിൻെറ അടയാളമായ മൂടുപടം (പർദ) അണിയാൻ സ്ത്രീകളോടു കൽപിക്കുക വഴി അവളെ പാരതന്ത്ര്യത്തിൻെറ വൻമതിലുകൾക്കകത്ത് തളച്ചിടുകയല്ലേ ഖുർആൻ ചെയ്യുന്നത്?
57. സ്ത്രീയെ അടിക്കുവാൻ പുരുഷന് ഖുർആൻ അനുവാദം നൽകുന്നുണ്ടല്ലോ. ഇത് അവളോടുള്ള അവഹേളനമല്ലേ?
58. വിവാഹമോചനം അനുവദിക്കുക വഴി നിരാലംബരായ സ്ത്രീകളെയും കുട്ടികളെയും സൃഷ്ടിക്കുവാൻ കൂട്ടുനിൽക്കുകയല്ലേ ഖുർആൻ ചെയ്യുന്നത്?
59. മൂന്നു പ്രാവശ്യം 'ത്വലാഖ്' എന്നുപറഞ്ഞ് പിരിച്ചയക്കാവുന്ന വസ്തുവായിട്ടല്ലേ ഖുർആൻ ഭാര്യയെ കാണുന്നത്?
60. സ്ത്രീക്ക് പുരുഷനെപ്പോലെ വിവാഹമോചനത്തിന് അവകാശമുണ്ടോ? എന്താണ് ഈ രംഗത്തെ ഖുർആനിക നിർദേശം?
61. വിധവയായിത്തീരുന്ന സ്ത്രീ സമൂഹത്തിൽനിന്ന് അകന്ന് നാലുമാസത്തിലധികം ദുഃഖമാചരിക്കണമെന്ന് ഖുർആൻ നിർദേശിക്കുന്നുണ്ടല്ലോ? ഇത് സ്ത്രീയെ പ്രയാസപ്പെടുത്തുന്നതല്ലേ?

## VIII ഖുർആനും അനന്തരാവകാശപ്രശ്നങ്ങളും 178

62. പരേതന്ന് പുത്രനുള്ളപ്പോൾ അനാഥ പൗത്രൻ അനന്തരാവകാശിയാവുകയില്ലെന്നാണോ ഖുർആനിക നിയമം. ഇത് അന്യായവും അനാഥരോടുള്ള അനീതിയുമല്ലേ?
63. അനാഥ പൗത്രന് സ്വത്തവകാശം നൽകുവാൻ നിയമമില്ലാത്തതിനാൽ അവനെ വഴിയാധാരമാക്കണമെന്നാണോ ഇസ്ലാം വിവക്ഷിക്കുന്നത്? ഈ പ്രശ്നത്തിൽ ഇസ്ലാമിൻെറ പരിഹാരമെന്താണ്?
64. ഒരു മകൻ മാത്രം അനന്തരാവകാശിയാവുകയാണെങ്കിൽ അയാൾക്ക് പിതൃസ്വത്ത് മുഴുവനായി ലഭിക്കുമെന്നിരിക്കെ മകൾ മാത്രമാണ് അനന്തരാവകാശിയെങ്കിൽ അവൾക്ക് പകുതി മാത്രവും ഒന്നിലധികം പെൺമക്കളുണ്ടെങ്കിൽ അവർക്കെല്ലാം കൂടി പിതൃസ്വത്തിൻെറ മൂന്നിൽ രണ്ടു ഭാഗം മാത്രവുമാണ് ലഭിക്കുകയെന്ന ഖുർആനിക നിയമം വ്യക്തമായ അനീതിയല്ലേ?
65. മരണപ്പെട്ട വ്യക്തിയുടെ മൂന്ന് പുത്രിമാരും മാതാപിതാക്കളും ഭാര്യയും ജീവിച്ചിരിപ്പുണ്ടെങ്കിൽ ഖുർആനിക വിധിപ്രകാരം മക്കൾക്കെല്ലാംകൂടി അനന്തരസ്വത്തിൻെറ 2/3 ഭാഗവും (ഖുർആൻ 4:11) മാതാപിതാക്കൾക്ക് 1/3 ഭാഗവും (4:11) നൽകിക്കഴിഞ്ഞാൽ പിന്നെ സ്വത്തൊന്നും ബാക്കിയുണ്ടാവുകയില്ലല്ലോ. പിന്നെ ഭാര്യക്ക് ലഭിക്കേണ്ട 1/8 ഭാഗം സ്വത്ത് (4:12) എവിടെനിന്നാണ് കൊടുക്കുക? ഖുർആനിലെ അനന്തരാവകാശ നിയമങ്ങൾ അപ്രായോഗികമാണെന്നല്ലേ ഇത് കാണിക്കുന്നത്?

## IX ഖുർആനും അടിമത്തവും 191

66. അടിമത്തത്തോടുള്ള ഖുർആനിൻെറ സമീപനമെന്താണ്?
67. അടിമത്വ നിർമാർജനത്തിന് ഖുർആൻ സ്വീകരിച്ച നടപടിക്രമങ്ങൾ എന്തൊക്കെയാണ്?
68. അടിമസ്ത്രീകളുമായി ലൈംഗിക ബന്ധത്തിലേർപ്പെടാൻ യജമാനനെ അനുവദിക്കുന്ന ഖുർആൻ യഥാർഥത്തിൽ വ്യഭിചാരത്തെ നിയമാനുസൃതമാക്കുകയല്ലേ ചെയ്തിരിക്കുന്നത്?
69. അടിമസ്ത്രീയുമായി ബന്ധപ്പെടുവാൻ ഖുർആൻ എന്തുകൊണ്ടാണ് വിവാഹം നിർബന്ധമാക്കാതിരുന്നത്?
70. അടിമസ്ത്രീകളുടെ എണ്ണം ഇസ്ലാം പരിമിതപ്പെടുത്താതിരുന്നതെന്തുകൊണ്ടാണ്?
71. എന്തുകൊണ്ടാണ് അടിമത്തത്തെ പൂർണമായി നിരോധിക്കാൻ ഖുർആൻ സന്നദ്ധമാകാതിരുന്നത്?

## X ഖുർആനിൻെറ പ്രായോഗികത 213

72. എല്ലാ അർഥത്തിലും പ്രായോഗികമായ ഒരു ഗ്രന്ഥമാണ് ഖുർആൻ എന്നുപറയാൻ പറ്റുമോ?
73. ഖുർആൻ പ്രായോഗികമാണെന്നതിന് എന്താണ് തെളിവ്?
74. മറ്റു മതഗ്രന്ഥങ്ങളും പ്രായോഗികമായ നിയമനിർദേശങ്ങൾതന്നെയല്ലേ പ്രദാനം ചെയ്യുന്നത്?

## XI ഖുർആനും ദുർബലപ്പെടുത്തലുകളും 218

75 ഖുർആനിലെ ചില വിധികൾ ദുർബലപ്പെടുത്തപ്പെട്ടതായി (മൻസൂഖ്) പറയപ്പെടുന്നുണ്ടല്ലോ? എന്താണ് ഈ ദുർബലപ്പെടുത്തൽ?
76. ഖുർആനിൽ ആദ്യം അവതരിപ്പിക്കപ്പെട്ട ചില വിധികൾ പിന്നീട് മാറ്റേണ്ടിവന്നുവെന്ന് പറയുന്നത് അതിൻെറ ദൈവികതയെ ബാധിക്കുകയില്ലേ? സർവജ്ഞനായ ദൈവത്തിൽ നിന്നുള്ളതായിരുന്നു ഖുർആനെങ്കിൽ ഇത്തരം മാറ്റങ്ങളുടെ ആവശ്യമുണ്ടാകുമായിരുന്നില്ലല്ലോ?
77. ദുർബലപ്പെടുത്തപ്പെട്ട വിധികളുൾക്കൊള്ളുന്ന സൂക്തങ്ങൾ ഇന്നും ഖുർആനിൽ അവശേഷിക്കുന്നുണ്ടല്ലോ? എന്തിനാണിത്?

78. ഖുർആനിൽ ദുർബലപ്പെടുത്തപ്പെട്ട വചനങ്ങൾ തീരെയില്ലെന്ന് അഭിപ്രായമുണ്ടല്ലോ. അത് ശരിയാണോ?

79. ഖുർആനിൽ ഇരുന്നൂറോളം സൂക്തങ്ങൾ ദുർബലപ്പെടുത്തപ്പെട്ടതായി പറയുന്നുണ്ടല്ലേ. ഇതു ശരിയാണോ?

## XII ഖുർആനിലെ ശിക്ഷാനിയമങ്ങൾ 226

80. ഗോത്രവർഗ സമൂഹങ്ങളിൽ മാത്രം പ്രായോഗികമായ ഖുർആനിക ശിക്ഷാനിയമങ്ങൾ ആധുനിക ജനാധിപത്യ സമ്പ്രദായത്തിലും പ്രസക്തമാണെന്ന വാദം അടിസ്ഥാനരഹിതമല്ലേ?

81. ഖുർആനിലെ ശിക്ഷാ നിയമങ്ങൾ ഏതു തരത്തിലുള്ളവയാണ്? വ്യക്തി കേന്ദ്രീകൃതമോ, സമൂഹ കേന്ദ്രീകൃതമോ?

82. ഏതു തരം മൂല്യങ്ങളുടെ അടിത്തറയിലാണ് ഖുർആനിക ശിക്ഷാനിയമങ്ങൾ സ്ഥാപിതമായിരിക്കുന്നത്?

83. ഖുർആനിലെ ശിക്ഷാനിയമങ്ങൾ പ്രായോഗികമാണെന്ന് എങ്ങനെ പറയാനാകും?

84. മറ്റു മതഗ്രന്ഥങ്ങളിലും ശിക്ഷാനിയമങ്ങൾ വിശദീകരിക്കുന്നുണ്ടല്ലോ. അവയിൽനിന്ന് വ്യത്യസ്തമായ എന്തു സവിശേഷതയാണ് ഖുർആനിലെ ശിക്ഷാനിയമങ്ങൾക്കുള്ളത്?

85. കുറ്റങ്ങൾ ഇല്ലാതെയാകുകയാണല്ലോ ശിക്ഷാവിധികളുടെ ലക്ഷ്യം. കുറ്റവാളികളെ വീണ്ടും കുറ്റം ചെയ്യുന്നതിൽനിന്ന് തടഞ്ഞുനിർത്തുന്ന രീതിയിൽ കാരാഗൃഹത്തിലടക്കുന്ന ആധുനിക സമ്പ്രദായമല്ലേ ഖുർആനിലെ ക്രൂരമായ ശിക്ഷാവിധികളേക്കാൾ കരണീയം?

86. കുറ്റവാളികളോട് സഹതാപപൂർണമായ സമീപനമാണാവശ്യമെന്ന ആധുനിക കുറ്റാന്വേഷണ ശാസ്ത്രത്തിന്റെ നിലപാടുമായി ഖുർആൻ വിയോജിക്കുന്നതെന്തുകൊണ്ടാണ്?

87. പട്ടിണികൊണ്ട് വലഞ്ഞ് കളവു നടത്തിയവന്റെ കരച്ഛേദം നടത്തുവാൻ വിധിക്കുന്ന ഖുർആൻ അയാളെ ആശ്രയിച്ചുകഴിയുന്ന കുടുംബത്തെ വഴിയാധാരമാക്കുകയല്ലേ ചെയ്യുന്നത്?

88. രണ്ട് വ്യക്തികൾ ലൈംഗികമായി ബന്ധപ്പെടണമെന്ന് ആഗ്രഹിക്കുന്നുവെങ്കിൽ അതിൽ എന്താണ് തെറ്റ്? അതിന് ക്രൂരമായ ശിക്ഷകൾ വിധിക്കുന്നത് അനീതിയല്ലേ?

89. ഖുർആനിൽ വിവരിക്കുന്ന ശിക്ഷകൾ കൊണ്ട് വിവാഹേതര ലൈംഗികബന്ധങ്ങൾ ഇല്ലാതെയാക്കുവാൻ കഴിയുമോ?

90. വ്യഭിചാരത്തിന് രണ്ടുതരം ശിക്ഷകൾ ഇസ്‌ലാം വിധിക്കുന്നുണ്ടല്ലോ? എന്തു കൊണ്ടാണിത്?

91. വ്യഭിചാരാരോപണം ഉന്നയിച്ച് ആരെയും നശിപ്പിക്കാൻ സാധിക്കുന്ന ഒരു അവസ്ഥ സംജാതമാവുകയല്ലേ ഖുർആനിലെ ശിക്ഷാനിയമങ്ങൾ നടപ്പിലാക്കിയാൽ ഉണ്ടാവുക?

92. അപരിഷ്കൃതമെന്ന് ആധുനിക ക്രിമിനോളജിസ്റ്റുകൾ വിധിച്ചിരിക്കുന്ന കൊലയ്ക്ക് കൊലയെന്ന നിയമം ഖുർആനിൽ പറഞ്ഞുവെന്നതുകൊണ്ടു മാത്രം ന്യായീകരിക്കുന്നതിൽ എന്തർഥമാണുള്ളത്?

93. കൊലയാളിയെ തിരിച്ചുകൊല്ലുന്നതുകൊണ്ട് കൊല്ലപ്പെട്ടവന്റെ കുടുംബത്തിന് എന്തു കിട്ടുവാനാണ്? അനാഥമായിത്തീരുന്ന കൊല്ലപ്പെട്ടവന്റെ കുടുംബത്തെ സംരക്ഷിക്കുവാൻ എന്തു നിർദേശമാണ് ഖുർആൻ സമർപ്പിക്കുന്നത്?

## XIII ഖുർആനും അമുസ്‌ലിംകളും 249

94. അമുസ്‌ലിംകളെ ഖുർആനിൽ അഭിസംബോധന ചെയ്തിരിക്കുന്നത് 'കാഫിർ' എന്നാണല്ലോ. അതൊരു അസഭ്യപദപ്രയോഗമായാണ് പലപ്പോഴും മനസ്സിലാക്കപ്പെടുന്നത്. എന്താണ് ഈ പദം വിവക്ഷിക്കുന്നത്?

95. അമുസ്‌ലിംകളെ നിർബന്ധിച്ച് മതപരിവർത്തനം ചെയ്യിക്കണമെന്നല്ലേ ഖുർആൻ അനുശാസിക്കുന്നത്?

96. വിഗ്രഹാരാധനയെ ശക്തമായി വിലക്കുന്ന ഖുർആൻ അന്യമതസ്ഥരുടെ ആരാധനാമൂർത്തികളെ നശിപ്പിക്കുവാനല്ലേ മുസ്‌ലിംകളെ പ്രേരിപ്പിക്കുന്നത്?

97. അമുസ്‌ലിംകളുമായി സ്നേഹബന്ധം സ്ഥാപിക്കാൻ പാടില്ലെന്നും അവരെ മിത്രങ്ങളാക്കാൻ പാടില്ലെന്നും ഖുർആൻ അനുശാസിക്കുന്നുണ്ടല്ലോ. അത് വർഗീയതയല്ലേ?

98. ഇസ്‌ലാമിനോടോ മുസ്‌ലിംകളോടോ ശത്രുത പ്രകടിപ്പിക്കാത്ത അമുസ്‌ലിംകളുമായി മൈത്രിബന്ധം സ്ഥാപിക്കുന്നതിനെക്കുറിച്ച ഖുർആനിക വിധിയെന്താണ്?

99. വിമതസ്ഥരുമായുള്ള വൈവാഹികബന്ധം ഖുർആൻ വിലക്കുന്നുണ്ടല്ലോ. ഇത് വർഗീയതയല്ലേ?

100. വേദക്കാരിയെ വിവാഹം ചെയ്യാൻ ഖുർആൻ പുരുഷന് അനുവാദം നൽകുന്നുണ്ട്. എന്നാൽ വേദക്കാരെ വിവാഹം ചെയ്യാൻ മുസ്‌ലിം സ്ത്രീയെ അനുവദിക്കുന്നുമില്ല. ഇത് വ്യക്തമായ അനീതിയല്ലേ?

101. മുസ്‌ലിംകളാകാത്തവർക്കെതിരെ നടത്തുന്ന പോരാട്ടത്തിനാണല്ലോ ജിഹാദ് എന്നു പറയുന്നത്. ജിഹാദിന് മുസ്‌ലിംകളെ പ്രേരിപ്പിക്കുന്ന ഖുർആൻ അന്യമതവിരോധമല്ലേ പ്രചരിപ്പിക്കുന്നത്?

# അവതാരിക

സത്യവും അസത്യവും തമ്മിലുള്ള വ്യത്യാസം രണ്ട് ഉപമകളിലൂടെ വിശുദ്ധ ഖുർആൻ വ്യക്തമാക്കിയിട്ടുണ്ട്. 'അവൻ (അല്ലാഹു) ആകാശത്തു നിന്ന് വെള്ളം ചൊരിഞ്ഞു. എന്നിട്ട് താഴ്വരകളിലൂടെ അവയുടെ (വലുപ്പത്തിൻെറ) തോതനുസരിച്ച് വെള്ളമൊഴുകി. അപ്പോൾ ആ ഒഴുക്ക് പൊങ്ങിനിൽക്കുന്ന നുരയെ വഹിച്ചുകൊണ്ടാണ് വന്നത്. വല്ല ആഭരണമോ ഉപകരണമോ ഉണ്ടാക്കാൻ ആഗ്രഹിച്ചുകൊണ്ട് അവർ തീയിലിട്ടു കത്തിക്കുന്ന ലോഹത്തിൽനിന്നും അതുപോലുള്ള നുരയുണ്ടാകുന്നു. അതുപോലെയാകുന്നു അല്ലാഹു സത്യത്തെയും അസത്യത്തെയും ഉപമികുന്നത്. എന്നാൽ, ആ നുര ചവറായിപ്പോകുന്നു. മനുഷ്യർക്ക് ഉപകാരമുള്ളതാകട്ടെ ഭൂമിയിൽ തങ്ങിനിൽക്കുന്നു. അപ്രകാരം അല്ലാഹു ഉപമകൾ വിവരിക്കുന്നു' (വി.ഖു 13.17)

ജീവിതത്തെയും ലോകത്തെയും സംബന്ധിച്ച ഒരു മൗലിക സത്യമാണ് ഈ വചനത്തിലൂടെ അനാവൃതമാകുന്നത്. എവിടെയും എപ്പോഴും മുകൾപ്പരപ്പിൽ കാണപ്പെടുന്നത് നുരയും കീടനുമായിരിക്കും. ഉപരിപ്ലവമായി വീക്ഷിക്കുന്നവർ അതുതന്നെയാണ് യാഥാർഥ്യമെന്ന് കരുതി മൗലികമായ പ്രയോജനമില്ലാത്ത പവറായി മാറും. ഉൾക്കാഴ്ചയുള്ളവർ ആദ്യമേ മനസ്സിലാക്കും; അടിയിൽ തങ്ങിനിൽക്കുന്ന ശുദ്ധജലവും ശുദ്ധലോഹവുമാണ് മൗലികമായിട്ടുള്ളതെന്ന്.

ആശയങ്ങൾക്കും ഗ്രന്ഥങ്ങൾക്കുമെല്ലാം ഈ തത്ത്വം ബാധകമാകുന്നു. ഉപരിപ്ലവമായ ചവറ് ആശയങ്ങളും അഗാധതയുള്ള മൗലിക ആശയങ്ങളുമുണ്ട്. കേവലം നുരയും പതയും കാണിച്ച് വായനക്കാരെ ഭ്രമിപ്പിക്കുന്ന ഗ്രന്ഥങ്ങളും മൗലിക സത്യങ്ങളിലേക്ക് മനുഷ്യമനസ്സുകളെ ആനയിക്കുന്ന ഗ്രന്ഥങ്ങളുമുണ്ട്. അവസാനം പറഞ്ഞ വിഭാഗത്തിലാണ് എം.എം. അക്ബറിൻെറ 'ഖുർആനിൻെറ മൗലികത' എന്ന കൃതി ഉൾപ്പെടുന്നത്.

ചവറ് ആശയങ്ങളിൽ ഭ്രമിച്ചുപോയ ആളുകൾക്ക് വിശുദ്ധ ഖുർആനിലെ മൗലിക സത്യങ്ങൾ കണ്ടെത്താൻ കഴിയില്ല. അത്തക്കാർ കഴിഞ്ഞ പതിനാലു നൂറ്റാണ്ടുകളിൽ ഉടനീളം ദൈവിക ഗ്രന്ഥത്തെ വിമർശിച്ചുപോന്നിട്ടുണ്ട്. അതിനിടയിൽതന്നെ വിവിധ കാലങ്ങളിൽ വ്യത്യസ്ത നാഗരികതകളിലെ വിവേകികളും പക്വമതികളും ഋജുമനസ്കരുമായ ധാരാളം

നല്ല മനുഷ്യർ വിശുദ്ധ ഖുർആനിൻെറയും അതിലെ ആശയങ്ങളുടെയും മൗലിക കണ്ടെത്തുകയും സഹൃദയർക്ക് അത് വ്യക്തമാക്കിക്കൊടുക്കുയും ചെയ്തിട്ടുണ്ട്. നബി(സ)യുടെയും സഹാബികളുടെയും കാലത്തുതന്നെ ഗ്രീക്ക്, റോമൻ, ഈജിപ്ഷ്യൻ, പേർഷ്യൻനാഗരികതകളിൽനിന്ന് ജനലക്ഷങ്ങൾ വിശുദ്ധ ഖുർആനിൻെറ മൗലികതയിലേക്ക് ആകൃഷ്ടരാവുകയുണ്ടായി. അവരിൽ പണ്ഡിതരും ചിന്തകരും വൈദികരും ദാർശനികരുമെല്ലാം ഉൾപ്പെട്ടിരുന്നു. പിൽക്കാലത്ത് മുസ്‌ലിംലോകത്ത് അഭൂതപൂർവകമായ വൈജ്ഞാനിക വികാസം ഉണ്ടായപ്പോൾ കുറേ മുസ്‌ലിം ബുദ്ധിജീവികൾ ഗ്രീക്കോ-റോമൻ ദർശനങ്ങളുടെ സ്വാധീനവലയത്തിൽ അകപ്പെട്ടുവെങ്കിലും ആ ധാർഷണിക പ്രഭാവത്തിനെല്ലാം അതീതമായി ഖുർആനിക ആശയങ്ങളുടെ മൗലികത ഉയർത്തിപ്പിടിക്കാൻ ഗസ്സാലി(റ)യെയും ഇബ്നുതൈമിയ(റ)യെയും പോലുള്ള യുഗപ്രഭാവരായ ജ്ഞാനികൾക്ക് സാധിക്കുകയുണ്ടായി. ശാസ്ത്രം ദൈവത്തെ തോൽപിച്ചുവെന്ന് കൊട്ടിഘോഷിക്കപ്പെട്ടപ്പോഴും മാർക്സിസം മത നിരാസത്തിൻെറ കൊടി ഉയർത്തിയപ്പോഴും ചില മുസ്‌ലിം ബുദ്ധിജീവികൾക്ക് ചാഞ്ചാട്ടമുണ്ടായെങ്കിലും ഖുർആനിക ആശയങ്ങളുടെ സമകാലിക പ്രസക്തി ആധുനിക ലോകത്തിന് തെളിയിച്ചുകൊടുക്കുന്നതിൽ പരിണത പ്രജ്ഞരായ ഇസ്‌ലാമിക ചിന്തകർ ഇതിനകം വിജയം കണ്ടെത്തിയിട്ടുണ്ട്. വ്യത്യസ്ത ദർശനങ്ങളെ സംബന്ധിച്ച് നന്നായി പഠിച്ച ശേഷം ഇസ്‌ലാമിനെയും വിശുദ്ധ ഖുർആനിനെയും കണ്ടെത്തിയ പാശ്ചാത്യ പ്രതിഭകൾ ഈ വിഷയത്തിൽ വഹിച്ച പങ്ക് പ്രത്യേകം സ്മരണീയമാകുന്നു.

ആത്യന്തികസത്യം അന്വേഷിക്കുന്ന നിഷ്പക്ഷമതികളെ സംബന്ധിച്ചേടത്തോളം വിശുദ്ധ ഖുർആനിൻെറ അമാനുഷികതക്കും അതിലെ പ്രതിപാദ്യങ്ങളുടെ ആധികാരികതക്കും ഏറെ തെളിവുകൾ നൽകേണ്ടതില്ല. മനുഷ്യോൽപത്തിയെയും മനുഷ്യജീവിതത്തിൻെറ ജയാപജയങ്ങളെയും സംബന്ധിച്ച ഖുർആനിലെ പരാമർശങ്ങൾ സൂക്ഷ്മമായി വിലയിരുത്തിയാൽ തന്നെ സർവജ്ഞനായ ദൈവമാണ് അത് അവതരിപ്പിച്ചതെന്നും പതിനാലു നൂറ്റാണ്ട് മുമ്പത്തെ ഒരു അറേബ്യൻ മരുഭൂവാസിക്ക് അത് രചിക്കുക സാധ്യമല്ലെന്നും ബോധ്യമാകും.

എന്നാൽ, ചവറു സാഹിത്യങ്ങളിൽ ഭ്രമിച്ചുപോയവരും വസ്തുക്കളുടെയും ഉപരിതലങ്ങളിൽ മാത്രം ശ്രദ്ധയൂന്നുന്നവരുമായ ഒട്ടേറെ ആളുകൾ എക്കാലത്തും എല്ലായിടത്തും ഉണ്ടാകും. അവരിൽ പലരുടെയും ചിന്തയെ അഗാധ സത്യങ്ങളിലേക്ക് ആനയിക്കുക ദുഷ്കരമായിരിക്കും. ആശയക്കുഴപ്പങ്ങളിൽ ചെറുതായി മനസ്സ് ഉടക്കിപ്പോയവരായിരിക്കും കുറെ പേർ. ചില സംശയങ്ങൾ ദുരീകരിച്ചുകൊടുത്താൽ അവരെ മൗലിക യാഥാർഥ്യങ്ങളിലേക്ക് തിരിച്ചുവിടാൻ വലിയപ്രയാസമുണ്ടാവില്ല. അവരെ സംബന്ധിച്ചേടത്തോളം പ്രയോജനകരമത്രെ 'ഖുർആനിൻെറ മൗലികത'.

വളരെ വിപുലമായ പ്രപോധന യത്നങ്ങൾ നമ്മുടെ നാട്ടിൽ നടന്നിട്ടും, ഇസ്‌ലാം മുഹമ്മദ്(സ) സ്ഥാപിച്ച മതമാണെന്നും, ഖുർആൻ അദ്ദേഹം എഴുതിയ ഗ്രന്ഥമാണെന്നും, ഖുർആനിൽ സ്ത്രീകളോട് അനീതി കാണിക്കുന്ന നിയമങ്ങളുണ്ടെന്നും ഖുർആൻ നിർദേശിക്കുന്ന ശിക്ഷകൾ കിരാതമാണെന്നും കരുതിപ്പോരുന്ന വളരെയധികം ആളുകളുണ്ട്. വൈവിധ്യമാർന്ന ജീവിതമേഖലകളിലേക്ക് വിശുദ്ധ ഖുർആൻ നൽകുന്ന മാർഗദർശനത്തിൻെറ മൗലികത മനസ്സിലാക്കാത്തവർ മുസ്‌ലിംകൾക്കിടയിൽ പോലും വളരെയേറെയുണ്ട്. ഇത്തരമാളുകൾക്ക് വസ്തുതകൾ വേണ്ടതുപോലെ വ്യക്തമാക്കിക്കൊടുക്കുന്ന ധാരാളം ലേഖനങ്ങളും ശ്രദ്ധേയമായ ചില ഗ്രന്ഥങ്ങളും രചിച്ചുകൊണ്ട് യുവചിന്തകനും വാഗ്മിയുമായ എം.എം. അക്ബർ ഇസ്‌ലാമിക പ്രബോധനരംഗത്ത് വിലപ്പെട്ട സംഭാവനകളാണ് അർപ്പിച്ചിട്ടുള്ളത്. ഇസ്‌ലാമിക വിജയങ്ങളിലും സമകാലീന വിജ്ഞാനീയങ്ങളിലും അവഗാഹം നേടിയിട്ടുള്ള അക്ബറുടെ രചനകൾ ഉള്ളടക്കത്തിലും ശൈലിയിലും മൗലകത പുലർത്തുന്നു.

ഇസ്‌ലാമിക പ്രബോധകരുടെ മുമ്പിൽ ഉന്നയിക്കപ്പെടുന്ന സംശയങ്ങൾക്ക് തൃപ്തികരമായ മറുപടി നൽകുകയും ആരോപണങ്ങളുടെ പൊള്ളത്തരങ്ങൾ തുറന്നുകാണിക്കുയും ചെയ്യുന്ന ഈ കൃതി അവർക്ക് അത്യന്തം സഹായകമത്രെ. ഓരോ വിഷയത്തെക്കുറിച്ചും ബൈബിളും വേദോപനിഷത്തുകളും ഭൗതിക ദർശനങ്ങളും എന്തു പറയുന്നു എന്ന് പരിശോധിക്കുന്നതോടൊപ്പം വിശുദ്ധ ഖുർആൻ ആ വിഷയത്തിലേക്ക് എങ്ങനെ വെളിച്ചം വീശുന്നു എന്ന് വ്യക്തമാക്കുന്നത് മതങ്ങളെയും സംസ്കാരങ്ങളെയും സംബന്ധിച്ച് താരതമ്യപഠനം നടത്തുന്നവർക്ക് വളരെ പ്രയോജനകരമാകുന്നു.

**ചെറിയമുണ്ടം അബ്ദുൽഹമീദ്**

# ഒന്ന്

## ഖുർആനിനെക്കുറിച്ച്...

***എന്താണ് ഖുർആൻ?***

സ്രഷ്ടാവും സംരക്ഷകനുമായ തമ്പുരാനിൽനിന്ന് മാനവരാശിക്ക് അവതരിപ്പിക്കപ്പെട്ട അവസാനത്തെ വേദഗ്രന്ഥമാണ് ഖുർആൻ. അന്തിമ പ്രവാചകനായ മുഹമ്മദി(സ)ലൂടെയാണ് അത് ലോകം ശ്രവിച്ചത്. അവസാനത്തെ മനുഷ്യൻ വരെ സകലരും സ്വീകരിക്കേണ്ട ദൈവിക ഗ്രന്ഥമാണത്.

'ഖുർആൻ' എന്ന പദത്തിന് 'വായന' എന്നും 'വായിക്കപ്പെടേണ്ടത്' എന്നും 'വായിക്കപ്പെടുന്നത്' എന്നും അർഥമുണ്ട്. 'വായിക്കപ്പെടുന്ന രേഖ' എന്ന അർഥത്തിൽ ഖുർആനിൽതന്നെ ഈ പദം പ്രയോഗിക്കപ്പെട്ടിട്ടുണ്ട്. (13:31) മുമ്പുള്ള വേദഗ്രന്ഥങ്ങളെപ്പോലെ നിയമസംഹിതയോ (തൗറാത്ത്) സങ്കീർത്തനങ്ങളോ (സബൂർ), സുവിശേഷ വർത്തമാനങ്ങളോ (ഇൻജീൽ) മാത്രമല്ല ഖുർആൻ. അതിലെ ഓരോ പദവും അന്ത്യനാളുവരെയുള്ള കോടിക്കണക്കിന് സത്യവിശ്വാസികളാൽ ആവർത്തിച്ച് വായിക്കപ്പെടുകയും അവരുടെ ഹൃദയാന്തരാളങ്ങളിൽ കൊത്തിവെച്ച് സ്വജീവിതം അതനു

സരിച്ച് വാർക്കപ്പെടുകയും ചെയ്യേണ്ടതുള്ളതിനാലായിരിക്കാം അന്തിമവേദം ഖുർആൻ എന്ന് നാമകരണം ചെയ്യപ്പെട്ടത്. യഥാർഥ കാരണം അത് അവതരിപ്പിച്ച നാഥന് മാത്രമേ അറിയൂ.

ഒരു സത്യവിശ്വാസിയെ സംബന്ധിച്ചിടത്തോളം സത്യാസത്യ വിവേചനത്തിനുള്ള മാനദണ്ഡമാണ് ഖുർആൻ. അതിൽ കൽപിച്ചതെല്ലാം നന്മയും അതിൽ നിരോധിച്ചതെല്ലാം തിന്മയുമാണെന്ന് അവൻ മനസ്സിലാക്കുന്നു. ഖുർആൻ സ്വയം പരിചയപ്പെടുത്തുന്നത് 'ഫുർഖാൻ' എന്നാണ് (2:53, 2:185, 3:4, 25:1) 'സത്യാസത്യവിവേചകം' എന്നർഥം.

കിതാബ് (ഗ്രന്ഥം), ദിക്ർ (ഉദ്ബോധനം), നൂർ (പ്രകാശം), ഹുദാ (സന്മാർഗം), ബുർഹാൻ (തെളിവ്), ശിഫാ (ശമനം), ഖയ്യിം (അവക്രമായത്), മുഹൈമിൻ(പൂർവവേദങ്ങളിലെ അടിസ്ഥാനാശയങ്ങളെ സംരക്ഷിക്കുന്നത്) തുടങ്ങിയ വിശേഷണങ്ങളിലൂടെയും ഖുർആൻ സ്വയം പരിചയപ്പെടുത്തുന്നുണ്ട്. ഇവയിലൂടെ ഖുർആനിൻെറ ധർമത്തെക്കുറിച്ച വ്യക്തമായ ചിത്രം അനുവാചകനു ലഭിക്കുന്നുണ്ട്.

### *'വേദഗ്രന്ഥം' എന്നതുകൊണ്ടുള്ള വിവക്ഷയെന്താണ്?*

'വേദം' ഒരു സംസ്കൃത പദമാണ്. അറിവ്, വിദ്യ എന്നൊക്കെയാണ് ഈ പദത്തിനർഥം. വേദാന്തദർശന പ്രകാരം വേദം ശ്രുതിയാണ്. പടച്ചതമ്പുരാനിൽനിന്ന് ഋഷിമാർ ശ്രവിച്ച വചനങ്ങളാണ് വേദത്തിൻെറ ഉള്ളടക്കമെന്നാണ് വിശ്വാസം. 'പരമപുരുഷനിൽനിന്നാണ് വേദം ഉൽപന്നമായത്' എന്നാണ് ഋഗ്വേദം (10:90:9) പറയുന്നത്. ഏതായിരുന്നാലും ദൈവികഗ്രന്ഥം എന്ന അർഥത്തിലാണ് 'വേദം' എന്ന പദം ഇന്ത്യയിൽ വ്യവഹരിക്കപ്പെട്ടുപോന്നിട്ടുള്ളത്. ഇന്ത്യയിൽ പ്രചരിപ്പിക്കപ്പെട്ട സെമിറ്റിക് മതങ്ങളുടെ അനുയായികളും കാലാന്തരത്തിൽ തങ്ങളുടെ മതഗ്രന്ഥങ്ങളെ വേദങ്ങൾ എന്നു വിശേഷിപ്പിക്കുകയാണുണ്ടായത്.

വേദഗ്രന്ഥം എന്ന അർഥത്തിൽ ഖുർആൻ പ്രയോഗിക്കുന്നത് 'അൽ കിതാബ്' എന്ന പദമാണ്. ഗ്രന്ഥം (the scripture) എന്നർഥം. പ്രവാചകന്മാർക്ക് പടച്ചതമ്പുരാൻ അവതരിപ്പിച്ച ദിവ്യവെളിപാടുകളാണ് വേദഗ്രന്ഥത്തിൻെറ ഉള്ളടക്കമെന്നാണ് ഖുർആനിക വീക്ഷണം. ദിവ്യ വെളിപാടുകൾക്കാണ് 'വഹ്യ്' എന്നു പറയുന്നത്. വേദഗ്രന്ഥത്തിൽ 'വഹ്യ്' മാത്രമേയുണ്ടാവൂ. എന്നാൽ, ഒരു പ്രവാചകന് ലഭിക്കുന്ന എല്ലാ വഹ്‌യും വേദഗ്രന്ഥത്തിൽ ഉൾക്കൊള്ളിക്കണമെന്നില്ല. വേദഗ്രന്ഥത്തിൽ ഉൾക്കൊള്ളിക്കണമെന്ന നിർദേശത്തോടെ ലഭിക്കുന്ന 'വഹ്യ്' ആണ് അതിൽ ഉൾക്കൊള്ളിക്കുന്നത്.





### എന്തിനാണ് വേദഗ്രന്ഥങ്ങൾ?

മനുഷ്യരെ ഒന്നിപ്പിക്കുകയാണ് വേദഗ്രന്ഥത്തിൻെറ പരമപ്രധാനമായ ധർമമെന്നാണ് ഖുർആനിക വീക്ഷണം. വിശുദ്ധ ഖുർആൻ സൂചിപ്പിക്കുന്നതു കാണുക: 'മനുഷ്യർ ഒരൊറ്റ സമുദായമായിരുന്നു. അനന്തരം (അവർ ഭിന്നിച്ചപ്പോൾ വിശ്വാസികൾക്ക്) സന്തോഷവാർത്ത അറിയിക്കുവാനും, (നിഷേധികൾക്ക്) താക്കീത് നൽകുന്നതിനും വേണ്ടി അല്ലാഹു പ്രവാചകന്മാരെ നിയോഗിച്ചു. അവർ ഭിന്നിച്ച വിഷയത്തിൽ ദൈവികമായ തീർപ്പുകൽപിക്കുന്നതിനായി അവരുടെ കൂടെ സത്യവേദവും അവൻ അയച്ചുകൊടുത്തു' (2:213).

മനുഷ്യർ ഭിന്നിച്ച വിഷയത്തിൽ ദൈവികമായ തീർപ്പുകൽപിക്കുന്നതിനുവേണ്ടിയാണ് വേദഗ്രന്ഥങ്ങൾ അവതരിപ്പിക്കപ്പെട്ടതെന്നാണല്ലോ ഇതിൽനിന്ന് മനസ്സിലാവുന്നത്. മനുഷ്യരെ ഭിന്നതയിൽനിന്ന് കരകയറ്റുവാൻ വേണ്ടിയാണ് ഖുർആനിൻെറയും അവതരണമെന്ന് അത് പ്രഖ്യാപിക്കുന്നുണ്ട്. 'അവർ ഏതൊരു കാര്യത്തിൽ ഭിന്നിച്ചുപോയിരിക്കുന്നുവോ, അതവർക്ക് വ്യക്തമാക്കിക്കൊടുക്കാൻ വേണ്ടിയും വിശ്വസിക്കുന്ന ജനങ്ങൾക്ക് മാർഗദർശനവും കാരുണ്യവും ആയിക്കൊണ്ടും മാത്രമാണ് ഞാൻ നിനക്ക് വേദഗ്രന്ഥം അവതരിപ്പിച്ചുതന്നത്' (16:64).

വേദഗ്രന്ഥത്തിൻെറ ആളുകളെന്ന് സ്വയം അഭിമാനിച്ചിരുന്നവർ ഭിന്നിച്ചതുപോലെ അഭിപ്രായഭിന്നതകൾ രൂപമെടുത്ത് ഛിന്നഭിന്നമാകാതിരിക്കാൻ അന്തിമവേദഗ്രന്ഥമായ ഖുർആനും അതിൻെറ പ്രായോഗിക ജീവിതമാതൃകയായ നബിചര്യയും മുറുകെ പിടിക്കുകയാണ് വേണ്ടതെന്ന് ഖുർആൻ വിശ്വാസികളെ ആഹ്വാനം ചെയ്യുന്നു. 'നിങ്ങളൊന്നിച്ച് അല്ലാഹുവിൻെറ കയറിൽ മുറുകെ പിടിക്കുക. നിങ്ങൾ ഭിന്നിച്ചുപോകരുത്' (3:103). ഇവിടെ അല്ലാഹുവിൻെറ കയറുകൊണ്ടുള്ള വിവക്ഷ വിശുദ്ധ ഖുർആനും നബിചര്യയുമാണെന്ന് വ്യാഖ്യാതാക്കൾ വ്യക്തമാക്കിയിട്ടുണ്ട്.

ചുരുക്കത്തിൽ, വേദഗ്രന്ഥത്തിൻെറ പരമപ്രധാനമായ ധർമം ജനങ്ങളെ സത്യത്തിലേക്ക് നയിച്ചുകൊണ്ട് അവർക്കിടയിലുള്ള ഭിന്നിപ്പും സ്പർധയും ഇല്ലാതെയാക്കുകയാകുന്നു.

### ഖുർആനിനു മുമ്പുള്ള വേദഗ്രന്ഥങ്ങളെക്കുറിച്ച് ഖുർആൻ എന്തു പറയുന്നു?

ഖുർആനിനുമുമ്പ് അവതരിപ്പിക്കപ്പെട്ട വേദഗ്രന്ഥങ്ങളെയെല്ലാം അത് അംഗീകരിക്കുന്നു. ആകെ എത്ര വേദഗ്രന്ഥങ്ങൾ അവതരിപ്പിക്കപ്പെട്ടുവെന്ന് ഖണ്ഡിതമായി ഖുർആൻ പ്രസ്താവിക്കുന്നില്ല. നാല് വേദഗ്രന്

ഥങ്ങളുടെ പേര് മാത്രമാണ് ഖുർആനിൽ പരാമർശിക്കപ്പെട്ടിരിക്കുന്നത്. മൂസാ നബി(അ)ക്ക് അവതരിപ്പിക്കപ്പെട്ട തൗറാത്തും ദാവൂദ് നബി(അ)ക്ക് അവതരിപ്പിക്കപ്പെട്ട സബൂറും ഈസാനബി(അ)ക്ക് അവതരിപ്പിക്കപ്പെട്ട ഇൻജീലും മുഹമ്മദ്(സ)ക്ക് അവതരിപ്പിക്കപ്പെട്ട ഖുർആനുമാണവ. ഈ നാലു വേദഗ്രന്ഥങ്ങൾക്കുപുറമെയും എഴുതപ്പെട്ട രേഖകൾ പടച്ചതമ്പുരാനിൽനിന്ന് അവതരിപ്പിക്കപ്പെട്ടിട്ടുണ്ടെന്നാണ് ഖുർആൻ നൽകുന്ന സൂചന.

'നിങ്ങൾ പറയുക: അല്ലാഹുവിലും അവങ്കൽനിന്ന് ഞങ്ങൾക്ക് അവതരിപ്പിച്ചു കിട്ടിയതിലും ഇബ്റാഹീമിനും ഇസ്മായിലിനും ഇസ്ഹാഖിനും യഅ്ഖൂബിനും യഅ്ഖൂബ് സന്തതികൾക്കും അവതരിപ്പിച്ചുകൊടുത്തതിലും മൂസാ, ഈസാ എന്നിവർക്ക് നൽകപ്പെട്ടതിലും സർവപ്രവാചകന്മാർക്കും അവരുടെ രക്ഷിതാവിങ്കൽനിന്ന് നൽകപ്പെട്ടതിലും ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു' (2:136)

'തീർച്ചയായും ഇത് ആദ്യത്തെ ഏടുകളിൽതന്നെയുണ്ട്, അഥവാ ഇബ്റാഹീമിൻെറയും മൂസായുടെയും ഏടുകളിൽ (87:18, 19).

മുമ്പുള്ള വേദങ്ങളെ മുഴുവൻ ഖുർആൻ സത്യപ്പെടുത്തുന്നു: 'അവൻ ഈ വേദഗ്രന്ഥത്തെ മുൻവേദങ്ങളെ ശരിവെക്കുന്നതായിക്കൊണ്ട് സത്യവുമായി നിനക്ക് അവതരിപ്പിച്ചു തന്നിരിക്കുന്നു. മനുഷ്യർക്ക് മാർഗദർശനത്തിനായി ഇതിനുമുമ്പ് അവൻ തൗറാത്തും ഇൻജീലും അവതരിപ്പിച്ചു. ഫുർഖാനും അവൻ അവതരിപ്പിച്ചിരിക്കുന്നു' (3:3).

അല്ലാഹുവിൽനിന്ന് അവതരിപ്പിക്കപ്പെട്ട വേദഗ്രന്ഥങ്ങളിലെല്ലാം വിശ്വസിക്കേണ്ടത് മുസ്‌ലിമിൻെറ നിർബന്ധബാധ്യതയാണ്. മുമ്പ് അവതരിപ്പിക്കപ്പെട്ട വേദഗ്രന്ഥങ്ങളിലേതെങ്കിലും ദൈവികമല്ലെന്ന് വിശ്വസിക്കുന്നത് വലിയൊരു അപരാധമായിട്ടാണ് ഖുർആൻ കാണുന്നത്.

'സത്യവിശ്വാസികളേ, അല്ലാഹുവിലും അവൻെറ ദൂതനിലും അവൻെറ ദൂതന് അവൻ അവതരിപ്പിച്ച ഗ്രന്ഥത്തിലും അവൻ മുമ്പ് അവതരിപ്പിച്ച ഗ്രന്ഥത്തിലും നിങ്ങൾ വിശ്വസിക്കുവിൻ. അല്ലാഹുവിലും അവൻെറ മലക്കുകളിലും അവൻെറ ഗ്രന്ഥങ്ങളിലും അവൻെറ ദൂതന്മാരിലും അന്ത്യദിനത്തിലും വല്ലവനും അവിശ്വസിക്കുന്ന പക്ഷം തീർച്ചയായും അവൻ ബഹുദൂരം പിഴച്ചുപോയിരിക്കുന്നു' (4:136).

**തൗറാത്ത്, സബൂർ, ഇൻജീൽ തുടങ്ങിയവ ഇന്ന് ബൈബിളിൽ കാണുന്ന തോറ (പഞ്ചപുസ്തകങ്ങൾ), സങ്കീർത്തനങ്ങൾ, സുവിശേഷങ്ങൾ എന്നിവയാണോ?**





മൂസാ(അ)ക്ക് നൽകപ്പെട്ട വേദഗ്രന്ഥമാണ് തൗറാത്ത്. ഇതേപോലെ ദാവൂദി(അ)നും ഈസാ(അ)ക്കും നൽകപ്പെട്ട വേദഗ്രന്ഥങ്ങളാണ് സബൂർ, ഇൻജീൽ എന്നിവ. പടച്ച തമ്പുരാൻ പ്രവാചകന്മാർക്ക് അവതരിപ്പിച്ച ഗ്രന്ഥങ്ങളായിട്ടാണ് വേദഗ്രന്ഥങ്ങളെ ഖുർആൻ പരിചയപ്പെടുത്തുന്നത്. 'തീർച്ചയായും നാം തന്നെയാണ് തൗറാത്ത് അവതരിപ്പിച്ചിരിക്കുന്നത്. അതിൽ മാർഗദർശനവും പ്രകാശവുമുണ്ട് (5:44).

'ദാവൂദിന് നാം 'സബൂർ' നൽകുകയും ചെയ്തിരിക്കുന്നു' (17:55)

'സന്മാർഗനിർദേശവും സത്യപ്രകാശവുമടങ്ങിയ ഇൻജീലും നാം അദ്ദേഹത്തിന് (ഈസാക്ക്) നൽകി' (5:46).

ഇവയിൽനിന്ന് ദൈവം തമ്പുരാൻ പ്രവാചകന്മാർക്ക് അവതരിപ്പിച്ച ഗ്രന്ഥങ്ങളാണിവയെന്ന് സുതരാം വ്യക്തമാണ്. എന്നാൽ ബൈബിൾ പുസ്തകങ്ങളുടെ സ്ഥിതി ഇതല്ല. പ്രവാചകന്മാർക്ക് ശേഷം പതിറ്റാണ്ടുകൾ കഴിഞ്ഞ് രചിക്കപ്പെട്ട ഗ്രന്ഥങ്ങളാണവ. ദൈവദൂതന്മാർക്ക് അവതരിപ്പിക്കപ്പെട്ട ഗ്രന്ഥങ്ങളാണെന്ന് ഖണ്ഡിതമായി പറയാവുന്ന ഒരു പുസ്തകവും ബൈബിളിലില്ല. പഞ്ചപുസ്തകങ്ങൾ (തോറാ) മോശെ രചിച്ചുവെന്നാണ് പരമ്പരാഗത യഹൂദ വിശ്വാസം; ദൈവം അവതരിപ്പിച്ച ഗ്രന്ഥമാണെന്നല്ല. മോശെ രചിച്ചതാണ് പഞ്ചപുസ്തകങ്ങളെന്ന പരമ്പരാഗത വിശ്വാസം അടിസ്ഥാന രഹിതമാണെന്നാണ് ആധുനിക ഗവേഷണങ്ങൾ വ്യക്തമാക്കുന്നത്. മോശെയുടെ മരണവും മരണാനന്തര സംഭവങ്ങളുമെല്ലാം പഞ്ചപുസ്തകത്തിൽ വിവരിക്കപ്പെട്ടിട്ടുള്ളതിനാൽ (ആവർത്തനം 34:5-10) അതൊരിക്കലും മോശെ രചിച്ചതായിരിക്കാനിടയില്ലെന്നാണ് പണ്ഡിതാഭിപ്രായം. സങ്കീർത്തനങ്ങളുടെ സ്ഥിതിയും തഥൈവ. ദാവീദ് രചിച്ചതാണെന്ന് ഖണ്ഡിതമായി പറയാവുന്ന ഒരു സങ്കീർത്തനം പോലുമില്ലെന്നതാണ് വാസ്തവം. സുവിശേഷങ്ങളിൽ യേശു പ്രസംഗിച്ച ദൈവത്തിൻെറ സുവിശേഷത്തെക്കുറിച്ച സൂചനകളുണ്ടെങ്കിലും (മാർക്കോസ് 1:14,15) പ്രസ്തുത സുവിശേഷത്തെക്കുറിച്ച വ്യക്തമായൊരു ചിത്രം നാലു സുവിശേഷങ്ങളും നൽകുന്നില്ല. പുതിയ നിയമത്തിലുള്ള സുവിശേഷങ്ങളാകട്ടെ യേശുവിന് അഞ്ചു പതിറ്റാണ്ടുകളെങ്കിലും കഴിഞ്ഞ് രചിക്കപ്പെട്ടതാണ്. യേശുവിൻെറ ജീവിതത്തെയും സന്ദേശത്തെയും കുറിച്ച് വ്യത്യസ്തവും വിരുദ്ധവുമായ ചിത്രങ്ങളാണ് സുവിശേഷങ്ങൾ നൽകുന്നത്. ഇവയൊന്നുംതന്നെ യേശുവിന് അവതരിപ്പിക്കപ്പെട്ട വേദഗ്രന്ഥമല്ലെന്ന് വ്യക്തമാണല്ലോ. ചുരുക്കത്തിൽ തൗറാത്തിലെയും സബൂറിലെയും ഇൻജീലിലെയും പല ആശയങ്ങളും ബൈബിളിലെ വ്യത്യസ്ത പുസ്തകങ്ങളിൽ ഉദ്ധരിക്കപ്പെട്ടിട്ടുണ്ടെങ്കിലും അവയൊ

ന്നും പൂർണമായി ബൈബിളിൽ ഉണ്ടെന്ന് പറയാൻ കഴിയില്ല.

**ഹൈന്ദവ വേദങ്ങളെക്കുറിച്ച് ഖുർആൻ എന്തുപറയുന്നു?**

എല്ലാ ജനസമൂഹങ്ങളിലേക്കും പ്രവാചകന്മാർ നിയോഗിക്കപ്പെട്ടിട്ടുണ്ട്. 'ഒരു താക്കീതുകാരൻ കഴിഞ്ഞുപോകാത്ത ഒരു സമുദായവുമില്ല' (35:24) എന്നാണ് ഖുർആൻ അർഥശങ്കക്കിടയില്ലാത്തവിധം വ്യക്തമാക്കുന്നത്. അപ്പോൾ ചിരപുരാതനമായ ഒരു സംസ്കാരം നിലനിന്നിരുന്ന പ്രദേശമെന്ന നിലയ്ക്ക് ഇന്ത്യയിലും പ്രവാചകന്മാർ വന്നിട്ടുണ്ടാവണം. ആ പ്രവാചകന്മാരിൽ ചിലർക്ക് വേദഗ്രന്ഥങ്ങളും നൽകപ്പെട്ടിരിക്കണം. ഈ പ്രവാചകന്മാരെയോ വേദഗ്രന്ഥങ്ങളെയോ ഇകഴ്ത്തുകയോ അവമതിക്കുകയോ ചെയ്യാൻ മുസ്‌ലിമിന് പാടില്ല. പ്രവാചകന്മാർക്കിടയിൽ വിവേചനം കൽപിക്കുന്നതിനെതിരെ ഖുർആൻ ശക്തമായി താക്കീത് നൽകുന്നുണ്ട് (4:150). അപ്പോൾ ഇന്ത്യയിലേക്കുവന്ന പ്രവാചകന്മാർ നിയോഗിക്കപ്പെട്ടിട്ടുണ്ടെങ്കിൽ അവരെയും അവർക്ക് അവതരിപ്പിക്കപ്പെട്ട വേദഗ്രന്ഥങ്ങളെയും ഖുർആൻ ആദരിക്കുന്നു. അംഗീകരിക്കുന്നു.

എന്നാൽ, ഇന്നുനിലനിൽക്കുന്ന ശ്രുതി ഗ്രന്ഥങ്ങളിലേതെങ്കിലും (വേദസംഹിതകൾ, ബ്രാഹ്മണങ്ങൾ, ആരണ്യകങ്ങൾ, ഉപനിഷത്തുകൾ) പടച്ചതമ്പുരാൻ പ്രവാചകന്മാർക്ക് അവതരിപ്പിച്ച ഗ്രന്ഥങ്ങളാണെന്ന് പറയാൻ കഴിയുമോ? ഇവ ദൈവത്തിങ്കൽനിന്ന് ശ്രവിക്കപ്പെട്ടതിനാലാണ് ശ്രുതിയെന്നു വിളിക്കുന്നതെന്നാണ് വിശ്വാസം.

ദൈവത്തിങ്കൽനിന്ന് മനുഷ്യർക്ക് പ്രത്യേകമായ സന്ദേശങ്ങൾ അവതരിപ്പിക്കപ്പെടുന്നുവെന്ന വിശ്വാസം ഹിന്ദുക്കൾക്കിടയിൽ നിലനിന്നിരുന്നുവെന്ന് ശ്രുതി സങ്കൽപം വ്യക്തമാക്കുന്നു. നടേ പറഞ്ഞ ഗ്രന്ഥങ്ങളെല്ലാം ശ്രുതികളായി വ്യവഹരിക്കപ്പെടുന്നുണ്ടെങ്കിലും അവയിൽ ഏതെല്ലാം പ്രാമാണികമാണെന്ന കാര്യത്തിൽ അഭിപ്രായാന്തരങ്ങളുണ്ട്. ആര്യസാമ്രാജ്യസ്ഥാപകനായ സ്വാമി ദയാനന്ദസരസ്വതി നാല് വേദസംഹിതകൾക്കു മാത്രമാണ് അപ്രമാദിത്വമുള്ളതെന്ന് വാദിക്കുമ്പോൾ സ്വാമി വിവേകാനന്ദനെ പോലുള്ളവർ ഉപനിഷത്തുകൾക്കാണ് പ്രഥമ പ്രാധാന്യം നൽകുന്നത്.

അടിസ്ഥാന ശ്രുതിഗ്രന്ഥങ്ങൾക്കുപോലും തെറ്റുകൾപറ്റാമെന്ന് അഭിപ്രായപ്പെട്ട ഹിന്ദുമത പണ്ഡിതന്മാരുണ്ട്.'വേദങ്ങൾ തെറ്റു പറ്റാത്തവയോ സർവതും ഉൾക്കൊള്ളുന്നവയോ അല്ല' (Indian Religions page 22) എന്ന ഡോ. രാധാകൃഷ്ണന്റെ വീക്ഷണവും 'വേദങ്ങളിൽ യുക്തിയുമായി പൊരുത്തപ്പെടുന്നിടത്തോളം ഭാഗങ്ങൾ ഞാൻ സ്വീകരിക്കുന്നു. വേദങ്ങളിലെ





ചില ഭാഗങ്ങൾ പ്രഥമ ദൃഷ്ടിയിൽ പരസ്പരവിരുദ്ധങ്ങളാണ്'. (വിവേകാനന്ദ സാഹിത്യ സർവസ്വം വാല്യം-4, പുറം-55) എന്ന സ്വാമി വിവേകാനന്ദന്റെ നിലപാടും വേദങ്ങൾ നൂറുശതമാനം ദൈവിക വചനങ്ങളാണുൾക്കൊള്ളുന്നതെന്ന വാദഗതിയുടെ മുനയൊടിക്കാൻ പോന്നതാണ്.

പൊതുവെ പറഞ്ഞാൽ, ഇന്ത്യയിൽ നിലനിന്നിരുന്ന വിശ്വാസങ്ങളെയും ആചാരങ്ങളെയും കുറിച്ച വ്യക്തമായ ചിത്രം നൽകുന്ന ഗ്രന്ഥങ്ങളാണ് ശ്രുതികൾ. ഇന്ത്യയിലേക്ക് നിയുക്തരായ പ്രവാചകന്മാർ പ്രബോധനം ചെയ്ത ആശയങ്ങളുടെ ശകലങ്ങൾ ഇവയിൽ കാണാനാവുമായിരിക്കണം. എന്നാൽ, ഇവ പൂർണമായും ദൈവികമാണെന്ന വാദം അടിസ്ഥാനരഹിതമാണ്.

**ഖുർആനിന്റെ പ്രമേയമെന്താണ്?**

മനുഷ്യന്റെ വിജയമാണ് ഖുർആനിന്റെ പ്രമേയം. സ്വതന്ത്രമായ കൈകാര്യകർതൃത്വത്തിന് സാധിക്കുന്ന ഏകജീവിയെന്ന നിലയ്ക്ക് മനുഷ്യന്റെ നിലനിൽപിനും പുരോഗതിക്കും അവൻ ചില നിയമങ്ങൾ അനുസരിക്കേണ്ടതുണ്ട്. പ്രപഞ്ചത്തിലെ എല്ലാ വസ്തുക്കളും സ്വമേധയാ ദൈവിക നിയമങ്ങൾ അനുസരിച്ചുകൊണ്ടിരിക്കുന്നു. പ്രസ്തുത അനുസരണത്തിൽനിന്ന് വ്യതിചലിക്കുവാൻ അവയ്ക്ക് കഴിയില്ല. മനുഷ്യശരീരത്തിലെ വ്യവസ്ഥകളും നിർബന്ധപൂർവം ദൈവിക നിയമങ്ങളനുസരിക്കുന്നു. എന്നാൽ, പരിമിതമായ ചില മേഖലകളിൽ മനുഷ്യന് സ്വതന്ത്രമായ കൈകാര്യകർതൃത്വം നൽകിയിട്ടുണ്ട്. അവിടെയും ദൈവികമായ വിധിവിലക്കുകൾ അനുസരിക്കുന്നതിലൂടെ മാത്രമേ അവന് വിജയം വരിക്കാനാവൂ.

മനുഷ്യരോടാണ് ഖുർആൻ സംസാരിക്കുന്നത്. അവന്റെ വിജയത്തിലേക്കാണ് അത് മനുഷ്യരെ ക്ഷണിക്കുന്നത്. പടച്ചതമ്പുരാന്റെ അസ്തിത്വത്തെക്കുറിച്ച് പ്രകൃതിയിലെ വ്യത്യസ്തങ്ങളായ പ്രതിഭാസങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ട് അത് അവനെ തെര്യപ്പെടുത്തുന്നു. ഇഹലോകജീവിതത്തിന്റെ നശ്വരതയെയും ഇവിടത്തെ സുഖഭോഗങ്ങൾക്കുപിന്നിൽ ഓടി ജീവിതം തുലയ്ക്കുന്നതിന്റെ അർഥമില്ലായ്മയെയുംകുറിച്ച് അത് അവനോട് സംസാരിക്കുന്നു. മരണാനന്തരമുള്ള അനശ്വരജീവിതത്തിൽ സ്വർഗ പ്രവേശത്തിന് അർഹരാവുകയും നരകയാതനകളിൽനിന്ന് രക്ഷപ്രാപിക്കുകയും ചെയ്യുന്ന അനുഗ്രഹീതരിൽ ഉൾപ്പെടുവാൻ എന്തു മാർഗം സ്വീകരിക്കണമെന്ന് അവന് വ്യക്തമാക്കിക്കൊടുക്കുന്നു. ഭൗതിക ജീവിതത്തിലെ സുഖസൗകര്യങ്ങൾക്കുവേണ്ടി നരകം വിലയ്ക്കെടുത്തവരുടെ ചരിത്രത്തിലേക്ക് അവന്റെ ശ്രദ്ധ ക്ഷണിക്കുന്നു. വിശുദ്ധമായ ജീവിതം

നയിച്ച് സ്വര്‍ഗപ്രവേശത്തിന് അനുമതി നല്‍കപ്പെട്ടവരെക്കുറിച്ച് അവന് പറഞ്ഞുകൊടുക്കുന്നു.

ചുരുക്കത്തില്‍, ദൈവിക വിധിവിലക്കുകള്‍ അനുസരിച്ചുകൊണ്ട് ഇഹപരവിജയം കരസ്ഥമാക്കുവാന്‍ മനുഷ്യരെ സജ്ജമാക്കുകയാണ് ഖുര്‍ആന്‍ ചെയ്യുന്നത്.

**ഖുര്‍ആനിന്‍െറ പ്രതിപാദന ശൈലി...?**

പടച്ചതമ്പുരാന്‍െറ വചനങ്ങളാണ് ഖുര്‍ആനിലുള്ളത്. മനുഷ്യരാണ് അതിന്‍െറ സംബോധിതര്‍. സാധാരണ ഗ്രന്ഥങ്ങളുടെ പ്രതിപാദനശൈലിയല്ല ഖുര്‍ആന്‍ സ്വീകരിച്ചിരിക്കുന്നത്. വൈജ്ഞാനിക ഗ്രന്ഥങ്ങളുടേതുപോലെ സമര്‍ഥനത്തിന്‍െറ ശൈലിയോ ചരിത്രഗ്രന്ഥങ്ങളിലേതുപോലെ പ്രതിപാദനത്തിന്‍െറ ശൈലിയോ സാഹിത്യ ഗ്രന്ഥങ്ങളിലേതുപോലെ കഥനത്തിന്‍െറ ശൈലിയോ അല്ല ഖുര്‍ആനില്‍ സ്വീകരിക്കപ്പെട്ടിരിക്കുന്നത്. ഈ ശൈലികളെല്ലാം ഖുര്‍ആന്‍ സ്വീകരിക്കുന്നുണ്ടുതാനും. നിര്‍ണയിക്കപ്പെട്ട ഒരു കേന്ദ്ര വിഷയത്തിന്‍െറ ശാഖകളും ഉപശാഖകളും വിശദീകരിച്ചുകൊണ്ട് ഉദ്ദേശിച്ച കാര്യം സമര്‍ഥിക്കുകയല്ല ഖുര്‍ആന്‍ ചെയ്യുന്നത്. വിഷയങ്ങള്‍ നിര്‍ണയിച്ച് അതിന്‍െറ അടിസ്ഥാനത്തില്‍ അധ്യായങ്ങളും ശീര്‍ഷകങ്ങളും തരംതിരിക്കുകയെന്ന ശൈലിയല്ല ഖുര്‍ആനില്‍ സ്വീകരിക്കപ്പെട്ടിരിക്കുന്നത്. വ്യത്യസ്ത വിഷയങ്ങള്‍ കൂടിക്കുഴഞ്ഞ രീതിയിലാണ് അതില്‍ പ്രതിപാദിക്കപ്പെട്ടിട്ടുള്ളത്.

പ്രബോധിതരോട് സമര്‍ഥമായി സംവദിക്കുന്ന ശൈലിയാണ് ഖുര്‍ആനില്‍ സ്വീകരിക്കപ്പെട്ടിട്ടുള്ളത് എന്ന് പറയാം. മനുഷ്യരെ രക്ഷാമാര്‍ഗം പഠിപ്പിക്കുകയാണ് ഖുര്‍ആന്‍ ചെയ്യുന്നത്. അതിനത് ശാസ്ത്രത്തെയും ചരിത്രത്തെയുമെല്ലാം ഉപയോഗപ്പെടുത്തുന്നുണ്ട്. സദ്‌വര്‍ത്തമാനങ്ങളും അതോടൊപ്പം താക്കീതും അതിന്‍െറ സൂക്തങ്ങള്‍ക്കിടക്ക് കടന്നുവരുന്നു. സത്യമാര്‍ഗം സ്വീകരിച്ചാല്‍ ലഭിക്കാന്‍ പോകുന്ന പ്രതിഫലത്തെയും തിരസ്കരിച്ചാലുള്ള ഭവിഷ്യത്തുകളെയും കുറിച്ച് അത് ബോധ്യപ്പെടുത്തുന്നുണ്ട്. മനുഷ്യന്‍െറ ബുദ്ധിയെയും യുക്തിയെയും തട്ടിയുണര്‍ത്തിക്കൊണ്ട് തന്‍െറ ചുറ്റുപാടുകളിലേക്ക് കണ്ണോടിക്കുവാനും അങ്ങനെ പ്രതിപാദിക്കപ്പെടുന്ന കാര്യങ്ങളുടെ സത്യതയെക്കുറിച്ച് സ്വയം ബോധ്യപ്പെടുത്താനും അത് ആവശ്യപ്പെടുന്നു. ഇതെല്ലാം കൂടിക്കുഴഞ്ഞുകൊണ്ടാണ് കടന്നുവരുന്നത്.

പ്രബോധിതരുടെ താല്‍പര്യം പരിഗണിച്ച് പടച്ചതമ്പുരാന്‍ സ്വീകരിച്ചതാണ് ഈ ശൈലി. ബുദ്ധിജീവികളും സാധാരണക്കാരുമെല്ലാം ഉള്‍





പ്പെടുന്ന മനുഷ്യസമൂഹത്തിന്‍െറ മൊത്തം ബോധവത്കരണത്തിന് ഉതകുന്നതത്രേ ഈ ശൈലി. ഖുര്‍ആനിന്‍െറ സവിശേഷമായ ഈ പ്രതിപാദനശൈലിയെക്കുറിച്ച് മനസ്സിലാക്കാതെ ഒരു വൈജ്ഞാനിക ഗ്രന്ഥത്തെയോ ചരിത്രപുസ്തകത്തെയോ സമീപിക്കുന്ന രീതിയില്‍ ഖുര്‍ആനിനെ സമീപിക്കുന്നത് അതിനെ വേണ്ടവിധത്തില്‍ മനസ്സിലാക്കുന്നതിന് വിഘാതമാവും.

**ഖുര്‍ആനിലെ വാക്യങ്ങള്‍, അധ്യായങ്ങള്‍ എന്നിവയെപ്പറ്റി...?**

ഖുര്‍ആനില്‍ 114 അധ്യായങ്ങളാണുള്ളത്. അധ്യായത്തിന് 'സൂറത്ത്' എന്ന് പേര്. ഓരോ സൂറത്തുകള്‍ക്കും വ്യത്യസ്തങ്ങളായ പേരുകള്‍ നല്‍കപ്പെട്ടിട്ടുണ്ട്. ചില അധ്യായങ്ങളുടെ പ്രാരംഭശബ്ദങ്ങള്‍ അവയുടെ നാമങ്ങളായി നിശ്ചയിക്കപ്പെട്ടിരിക്കുന്നു. മറ്റു ചില സൂറത്തുകള്‍ക്ക് അവയുടെ മധ്യത്തില്‍ പരാമര്‍ശിക്കപ്പെട്ട ഏതെങ്കിലും കാര്യങ്ങളാണ് പേരുകളായി നല്‍കപ്പെട്ടിരിക്കുന്നത്. പ്രതിപാദിക്കപ്പെട്ട പ്രധാന വിഷയങ്ങളെ സൂചിപ്പിക്കുന്ന നാമങ്ങള്‍ നല്‍കപ്പെട്ട സൂറത്തുകളുമുണ്ട്. മറ്റു ചില സൂറത്തുകളുടെ പേരുകളാവട്ടെ അതില്‍ പ്രതിപാദിക്കപ്പെട്ട അടിസ്ഥാന വിഷയങ്ങളെ ദ്യോതിപ്പിക്കുന്നവയാണ്.

സൂറത്തുകളുടെ വലിപ്പത്തിലും വലിയ അന്തരമുണ്ട്. മൂന്നു വാചകങ്ങള്‍ മാത്രമുള്ള ചെറിയ അധ്യായങ്ങള്‍ മുതല്‍ മുന്നൂറോളം വചനങ്ങളുള്ള ദീര്‍ഘമായ സൂറത്തുകള്‍ വരെയുണ്ട്.

സൂറത്തുകളിലെ ഓരോ വാക്യങ്ങള്‍ക്കാണ് 'ആയത്തു'കളെന്ന് പറയുക. ആയത്തുകളുടെ വലിപ്പത്തിലും ഗണ്യമായ അന്തരമുണ്ട്. ഏതാനും ശബ്ദങ്ങള്‍ മാത്രം ചേര്‍ന്ന ആയത്തുകള്‍ മുതല്‍ ഒരുപാട് ദീര്‍ഘമായ ആയത്തുകള്‍ വരെയുണ്ട്. പല ആയത്തുകളും സമ്പൂര്‍ണ വാക്യങ്ങളാണ്. എന്നാല്‍, ഏതാനും ആയത്തുകള്‍ ചേര്‍ന്നാല്‍ മാത്രം പൂര്‍ണവാക്യമായിത്തീരുന്നവയുമുണ്ട്. അതുപോലെതന്നെ കുറേ പൂര്‍ണവാക്യങ്ങള്‍ ചേര്‍ന്ന ആയത്തുകളുമുണ്ട്. ആയത്തുകളുടെ ഘടനയും ദൈര്‍ഘ്യവുമെല്ലാം നിശ്ചയിച്ചിരിക്കുന്നത് ദൈവംതമ്പുരാനാണ്.

**ഖുര്‍ആന്‍ ദൈവിക ഗ്രന്ഥമാണെന്നതിന് എന്താണ് തെളിവ്?**

ഖുര്‍ആന്‍ ദൈവിക ഗ്രന്ഥമാണെന്നതിനുള്ള ചില തെളിവുകള്‍ താഴെപ്പറയുന്നു:

1. അത് സ്വയം ദൈവിക ഗ്രന്ഥമാണെന്ന് പ്രഖ്യാപിക്കുന്നു.
2. അത് അന്ത്യനാളുവരെ മാറ്റമില്ലാതെ നിലനില്‍ക്കുന്നു.

3. അത് പ്രദാനം ചെയ്യുന്ന സാന്മാർഗികക്രമം കിടയറ്റതാണ്.
4. അത് പ്രായോഗികമാണ്.
5. അത് പഠിപ്പിക്കുന്ന ചരിത്രം കളങ്കരഹിതവും സത്യസന്ധവുമാണ്.
6. അതിൻെറ സാഹിത്യം നിസ്തുലമാണ്.
7. അത് നടത്തിയ പ്രവചനങ്ങൾ സത്യസന്ധമായി പുലർന്നിട്ടുണ്ട്.
8. ദൈവത്തിൻെറ ദൃഷ്ടാന്തങ്ങൾ എന്ന നിലയിൽ പ്രാപഞ്ചിക പ്രതിഭാസങ്ങളെപ്പറ്റി അതിൽ നടത്തിയ പരാമർശങ്ങൾ പ്രമാദമു

ക

തമാകുന്നു.
9. അതിൽ അശാസ്ത്രീയമായ യാതൊരു പരാമർശവുമില്ല.
10. അതിൽ യാതൊരു വൈരുധ്യവുമില്ല.
11. അതിലേതുപോലെയുള്ള ഒരു അധ്യായമെങ്കിലുംകൊണ്ടുവരാൻ മനുഷ്യരോട് അത് നടത്തിയ വെല്ലുവിളിക്ക് മറുപടി നൽകാൻ ഇതു



വരെ ആർക്കും കഴിഞ്ഞിട്ടില്ല.

12. അതുമായി ലോകത്തു നിയുക്തനായ വ്യക്തി സത്യസന്ധനും നിസ്വാർഥനുമാണ്.

# രണ്ട്

# ഖുർആനിൻെറ അവകാശവാദം

**ഖുർആൻ സ്വയം ദൈവികമാണെന്ന് അവകാശപ്പെടുന്നുണ്ടോ?**

അതെ. വിശുദ്ധ ഖുർആൻ സ്വയംതന്നെ ദൈവികമാണെന്ന വസ്തുത ആവർത്തിച്ച് വ്യക്തമാക്കുന്നുണ്ട്.

“ഈ ഗ്രന്ഥത്തിൻെറ അവതരണം സർവലോക രക്ഷിതാവിങ്കൽനിന്നാകുന്നു. ഇതിൽ യാതൊരു സംശയവുമില്ല” (32:2).

“തീർച്ചയായും ഇത് ലോക രക്ഷിതാവ് അവതരിപ്പിച്ചതുതന്നെയാകുന്നു” (26:192)

"പ്രതാപിയും കരുണാനിധിയുമായിട്ടുള്ളവൻ അവതരിപ്പിച്ചതത്രേ ഇത്" (36:5)

**മറ്റു വേദങ്ങളും ദൈവികമാണെന്ന് അവകാശപ്പെടുന്നില്ലേ?**

ഇല്ല. മറ്റു വേദഗ്രന്ഥങ്ങളൊന്നുംതന്നെ സ്പഷ്ടവും വ്യക്തവുമായി അവ ദൈവികമാണെന്ന് സ്വയം പ്രഖ്യാപിക്കുന്നില്ല.

***2. തിമോത്തെയോസ് 3:16-ൽ ബൈബിൾ ദൈവവചനമാണെന്ന് പറയുന്നുണ്ടല്ലോ. ഇതിൻെറ വിവക്ഷയെന്താണ്?***

"യേശുക്രിസ്തുവിലുള്ള ഈ വിശ്വാസത്തിലൂടെ രക്ഷപ്രാപിക്കാൻ നിന്നെ പ്രബോധിപ്പിക്കുന്ന വിശുദ്ധ ലിഖിതങ്ങൾ ബാല്യം മുതലേ നിനക്കു പരിചയമുണ്ടല്ലോ. വിശുദ്ധ ലിഖിതങ്ങളെല്ലാം ദൈവനിവേശിതമാണ്; പഠിപ്പിക്കാനും ശാസിക്കാനും തെറ്റുതിരുത്താനും നീതിയിലുള്ള പരിശീലനത്തിനും അത് ഉപകരിക്കുന്നു" (2 തിമൊത്തെയോസ് 3:15-16).

ഇവിടെ, പൗലോസ് വിശുദ്ധ ലിഖിതങ്ങളെന്ന് പറഞ്ഞത് ബൈബിൾ പുസ്തകങ്ങളെക്കുറിച്ചാണെങ്കിൽ മാത്രമേ ബൈബിൾ ദൈവനിവേശിതമാണെന്ന് അതുതന്നെ അവകാശവാദം ഉന്നയിച്ചുവെന്ന് പറയാനാകൂ. എന്നാൽ, വസ്തുത അതല്ല. ബൈബിൾ പുതിയ നിയമത്തിൽ സ്വീകരിക്കപ്പെട്ടിരിക്കുന്ന ഇരുപത്തിയേഴ് പുസ്തകങ്ങളിൽ ആദ്യമായി രചിക്കപ്പെട്ടവ പൗലോസിൻെറ ലേഖനങ്ങളാണ്. ക്രിസ്താബ്ദം 40-നും 60-നുമിടയിലാണ് അവ രചിക്കപ്പെട്ടതെന്നാണ് പണ്ഡിതാഭിപ്രായം. പൗലോസിൻെറ ലേഖനങ്ങളൊഴിച്ച് മറ്റു പുതിയ നിയമഗ്രന്ഥങ്ങളെല്ലാം രചിക്കപ്പെട്ടിരിക്കുന്നത് ക്രിസ്താബ്ദം 65-നും 150-നുമിടക്കാണ്. മുകളിൽ ഉദ്ധരിച്ചിരിക്കുന്ന വചനം ശ്രദ്ധിക്കുക. പൗലോസ് ഇവിടെ പരാമർശിക്കുന്നത് തിമൊത്തെയോസിന് പരിചയമുള്ള ഏതോ വിശുദ്ധ ലിഖിതങ്ങളെയാണ്. ആ ലിഖിതങ്ങൾ പൗലോസിൻെറ ലേഖനങ്ങൾക്കുമുമ്പേ പ്രചാരത്തിലുള്ളവയാണെന്നാണ് അദ്ദേഹത്തിൻെറ ശൈലിയിൽനിന്ന് മനസ്സിലാവുന്നത്. പുതിയ നിയമത്തിലാവട്ടെ, പൗലോസിൻെറ ലേഖനത്തിന് മുമ്പ് രചിക്കപ്പെട്ട ഒരു ലിഖിതവുമില്ലെന്നുറപ്പാണ്. അപ്പോൾ പിന്നെ, ദൈവനിവേശിതമായ വിശുദ്ധ ലിഖിതങ്ങൾ എന്നു പൗലോസ് പരിചയപ്പെടുത്തിയത് ബൈബിളിലുള്ള ഏതെങ്കിലും പുസ്തകത്തെയാണെന്ന് കരുതുന്നതിൽ ന്യായമില്ല. ബൈബിളിലെ പുതിയനിയമപുസ്തകങ്ങൾ രചിക്കപ്പെടുന്നതിനു മുമ്പ് നിലനിന്നിരുന്ന ഏതോ ലിഖിതങ്ങളെയാണ് പൗലോസ് ഇവിടെ പരാമർശിക്കുന്നത് എന്നുറപ്പാണ്. അപ്പോൾ ഈ വചനമെങ്ങനെ ദൈവികമാണെന്ന ബൈബിളിൻെറ അവകാശവാദമാകും? ഇത് ബൈബിളിൻെറ





അവകാശവാദമല്ല. ബൈബിളിലില്ലാത്ത ഏതോ ലിഖിതങ്ങളെക്കുറിച്ച പൗലോസിൻെറ പരാമർശം മാത്രമാണത്. പ്രസ്തുത ലിഖിതങ്ങളാകട്ടെ ഇന്ന് ഉപലബ്ധമല്ലതാനും.

**ദൈവികമാണെന്ന സ്വയം അവകാശവാദം കൊണ്ടുമാത്രം ഒരു ഗ്രന്ഥം ദൈവികമാകുമോ?**

ഇല്ല. ദൈവികമാണെന്ന് അവകാശപ്പെടുന്ന ഏതൊരു ഗ്രന്ഥവും അതിൻെറ ദൈവികത തെളിയിക്കേണ്ടതുണ്ട്. എന്നാൽ, ഒരു ഗ്രന്ഥം ദൈവികമാണെങ്കിൽ അത് സ്വയമോ അതല്ലെങ്കിൽ അതുമായി വന്ന പ്രവാചകനോ പ്രസ്തുത വാദം ഉന്നയിക്കേണ്ടതുണ്ടെന്നത് പ്രാഥമികമായ ഒരു കാര്യമാകുന്നു. ഗ്രന്ഥം സ്വയമോ അതുമായി വന്ന വ്യക്തിയോ അത് ദൈവികമാണെന്ന അവകാശവാദം ഉന്നയിക്കാത്തിടത്തോളം മറ്റാർക്കും ആ വാദം ഉന്നയിക്കാൻ അവകാശമില്ലെന്നതാണ് യാഥാർഥ്യം. ഗ്രന്ഥത്തിൻെറ അനുയായികൾ അത് ദൈവികമാണെന്നു പറയുമ്പോൾ ആ ഗ്രന്ഥമോ അതുമായി വന്ന വ്യക്തിയോ ഉന്നയിച്ച വാദത്തിനുള്ള സാക്ഷ്യം മാത്രമേ ആകുന്നുള്ളൂ. വാദം നിലനിൽക്കുന്നില്ലെങ്കിൽ സാക്ഷ്യം അപ്രസക്തമാണല്ലോ.

ഖുർആനൊഴിച്ച് മറ്റു വേദഗ്രന്ഥങ്ങളുടെയെല്ലാം സ്ഥിതിയിതാണ്. അവയൊന്നും സ്വയം ദൈവികമാണെന്ന് അവകാശപ്പെടുന്നില്ല. അവയുടെ അനുയായികൾ അവയിൽ ദൈവികത ആരോപിക്കുകയാണ് ചെയ്യുന്നത്. തർക്കശാസ്ത്ര പ്രകാരം തികഞ്ഞ അസംബന്ധമാണിത്. വിവരമുള്ളവരുടെ പരിഗണനക്കുപോലും വരേണ്ടതില്ലാത്ത സംഗതി. വാദമില്ലാത്ത

കേസിൽ പ്രത്യക്ഷപ്പെടുന്ന സാക്ഷികളെപ്പോലെ അവഗണിക്കപ്പെടേണ്ട കാര്യം മാത്രമാണിത്.

ഖുർആനിൻെറ അവസ്ഥ ഇതല്ല. അത് സ്വയം ദൈവികമാണെന്ന് പ്രഖ്യാപിക്കുന്നു. അതിനാൽ ഒരു വാദം നിലനിൽക്കുന്നു. ഇനി ഈ വാദത്തിൽ എത്രത്തോളം കഴമ്പുണ്ട് എന്നു പരിശോധിക്കപ്പെടണം. പ്രസ്തുത പരിശോധനക്ക് ഒരു അർഥമുണ്ട്. സ്വയം ദൈവികമാണെന്ന് പറയാത്ത ഗ്രന്ഥങ്ങളുടെ ദൈവികത പരിശോധിക്കുന്നതുപോലെ നിരർഥകമല്ല അത്.

# മൂന്ന്

## ഖുർആനിൻെറ രചന

**മുഹമ്മദ് നബി(സ)യുടെ രചനയാണ് ഖുർആൻ എന്നു വാദിച്ചുകൂടെ?**

മുഹമ്മദ് നബി(സ) ജീവിച്ചത് ചരിത്രത്തിൻെറ വെളിച്ചത്തിലാണ്. അദ്ദേഹത്തിലൂടെയാണ് ലോകം ഖുർആൻ ശ്രവിച്ചത്. അതുകൊണ്ടുതന്നെ ഖുർആനിൻെറ ദൈവികത അംഗീകരിക്കാത്തവരെ സംബന്ധിച്ചിടത്തോളം അവർക്ക് പറയാനുള്ളത് ഇത് മുഹമ്മദി(സ)ൻെറ രചനയാണെന്നാണ്. ഈ വാദം വിശദമായി ചർച്ച ചെയ്യേണ്ടതാണ്. ചർച്ചയുടെ ആമുഖമായി





നാം മനസ്സിലാക്കേണ്ട ചില വസ്തുതകളുണ്ട്. അവയുടെ അടിത്തറയിൽ നിന്നുകൊണ്ടായിരിക്കണം മുഹമ്മദ് നബി(സ)യിൽ ഖുർആനിൻെറ കർതൃത്വം ആരോപിക്കുന്നത്.

ഒന്ന്: നാൽപതു വയസ്സുവരെ അറബികൾക്കിടയിൽ സുസമ്മതനായ വ്യക്തിയായിരുന്നു മുഹമ്മദ്(സ). ഖുർആൻ ദൈവികമാണെന്നും അതിലെ വിധിവിലക്കുകൾ അനുസരിക്കേണ്ടതുണ്ടെന്നും പ്രബോധനം ചെയ്തതുകൊണ്ടാണ് അദ്ദേഹം വെറുക്കപ്പെട്ടവനായത്; ബഹിഷ്കരിക്കപ്പെട്ടത്; ജനിച്ച് വളർന്ന നാട്ടിൽ നിന്ന് പലായനം ചെയ്യേണ്ടിവന്നത്.

രണ്ട്: സത്യസന്ധനായിരുന്നു മുഹമ്മദ്(സ) എന്ന കാര്യത്തിൽ അദ്ദേഹത്തിൻെറ കഠിന ശത്രുക്കൾക്കുപോലും അഭിപ്രായവ്യത്യാസമുണ്ടായിരുന്നില്ല. നാൽപതു വയസ്സുവരെ സത്യസന്ധനായി ജീവിച്ച അദ്ദേഹം ഒരു ദിവസം പടച്ചതമ്പുരാൻെറ പേരിൽ ഒരു പച്ചക്കള്ളം പറഞ്ഞുവെന്നും അത് പ്രചരിപ്പിക്കുന്നതിനുവേണ്ടി സ്വന്തം ജീവൻ തൃണവത്ഗണിച്ചുവെന്നും വിശ്വസിക്കുക പ്രയാസമാണ്.

മൂന്ന്: സാഹിത്യകാരന്മാർക്ക് അറേബ്യയിൽ ഉന്നതമായ സ്ഥാനം നൽകപ്പെട്ടിരുന്നു. ഖുർആൻ അത്യുന്നതമായ ഒരു സാഹിത്യ സൃഷ്ടിയാണെന്ന കാര്യത്തിൽ ആർക്കും ഭിന്നാഭിപ്രായമുണ്ടായിരുന്നില്ല. അത് തൻേറതാണ് എന്ന് അവകാശപ്പെട്ടിരുന്നുവെങ്കിൽ അദ്ദേഹത്തിന് അറബികൾക്കിടയിൽ ഉന്നതമായ സ്ഥാനമാനങ്ങൾ ലഭിക്കുമായിരുന്നു.

നാല്: മുഹമ്മദി(സ)ൻെറ ചില നടപടികളെ വിമർശിക്കുന്ന വാക്യങ്ങൾ ഖുർആനിലുണ്ട്.

അഞ്ച്: മുഹമ്മദി(സ)നെ ശക്തമായി താക്കീത് ചെയ്യുന്ന വചനങ്ങളും ഖുർആനിലുണ്ട്.

ഈ വസ്തുതകൾ മുന്നിൽ വെച്ചുകൊണ്ടാണ് ഖുർആൻ മുഹമ്മദി(സ)ൻെറ സൃഷ്ടിയാണ് എന്ന വാദത്തിലെ ശരിയും തെറ്റും പരിശോധിക്കേണ്ടത്.

സാഹിത്യമൂല്യമുള്ള ഒരു സൃഷ്ടി നടത്തി അത് ദൈവത്തിൻെറ പേരിൽ ആരോപിച്ചതാണെങ്കിൽ അതിനു പിന്നിൽ സ്വാർഥമായ വല്ല ലക്ഷ്യങ്ങളുമുണ്ടാവണമല്ലോ. അതെന്തായിരുന്നുവെന്നാണ് വിമർശകർ ആദ്യം വ്യക്തമാക്കേണ്ടത്. അതിൻെറ അടിസ്ഥാനത്തിലാണ് ഈ വാദത്തിൻെറ സത്യത പരിശോധിക്കപ്പെടേണ്ടത്.

**താൻ ദൈവദൂതനാണെന്ന് വരുത്തിത്തീർത്തിട്ട് ലഭിക്കുന്ന**

**ഭൗതിക നേട്ടങ്ങളായിക്കൂടെ ഖുർആനിൻെറ രചനക്കു പിന്നിൽ മുഹമ്മദി(സ)ൻെറ ലക്ഷ്യം?**

അനാഥനായി വളർന്ന മുഹമ്മദ്(സ) ചെറുപ്പത്തിൽ ഒരുപാട് കഷ്ടപ്പാടുകൾ അനുഭവിച്ചിരിക്കാം. എന്നാൽ, തൻെറ 25-ാം വയസ്സിൽ നാൽപതുകാരിയായ കച്ചവടക്കാരി ഖദീജ(റ)യെ വിവാഹം ചെയ്തതിനുശേഷം അദ്ദേഹത്തിൻെറ ജീവിതനിലവാരം സ്വാഭാവികമായും മെച്ചപ്പെട്ടതായി മാറിയിരിക്കണം. അത്യാവശ്യം നല്ല സാമ്പത്തിക ശേഷിയുണ്ടായിരുന്ന ഖദീജ(റ)യുടെ ഭർത്താവായിരുന്ന അദ്ദേഹം സാമ്പത്തിക ക്ലേശങ്ങൾ അനുഭവിച്ചിരിക്കാനുള്ള സാധ്യത വിരളമാണ്. ഖദീജയുമായുള്ള മുഹമ്മദി(സ)ൻെറ വിവാഹം നടന്നത് പ്രവാചകത്വം ലഭിക്കുന്നതിന് 15 വർഷങ്ങൾക്കുമുമ്പാണ്. പതിനഞ്ച് വർഷം സാമ്പത്തികക്ലേശം കൂടാതെ ജീവിച്ചതിനുശേഷമാണ് താൻ പ്രവാചകനാണെന്നും ഖുർആൻ ദൈവവചനമാണെന്നുമുള്ള അവകാശവാദങ്ങളുമായി മുഹമ്മദ്(സ) രംഗപ്രവേശം ചെയ്യുന്നതെന്നർഥം. ഖുർആൻ ദൈവികമാണെന്ന് വാദിക്കുക വഴി ഭൗതികലാഭമാണ് അദ്ദേഹം ഇച്ഛിച്ചതെങ്കിൽ ഈ വാദം ഉന്നയിച്ചതിനുശേഷം അദ്ദേഹത്തിൻെറ സാമ്പത്തിക സ്ഥിതി മെച്ചപ്പെട്ടിരിക്കണമല്ലോ. എന്നാൽ, എന്തായിരുന്നു സ്ഥിതി?

പ്രവാചകപത്നി ആഇശ(റ) പറയുന്നു: "ഞങ്ങളുടെ വീട്ടിൽ ഒന്നും പാചകം ചെയ്യാനില്ലാത്തതിനാൽ അടുപ്പു പുകയാതെ ഒന്നോ രണ്ടോ മാസങ്ങൾ കഴിഞ്ഞുപോകാറുണ്ടായിരുന്നു. ഈത്തപ്പഴവും വെള്ളവുമായിരുന്നു ഞങ്ങളുടെ ഉപജീവനം. ചിലപ്പോൾ മദീനത്തുകാർ കൊണ്ടുവന്ന ആട്ടിൻപാലും ഈത്തപ്പഴത്തോടു കൂടെയുണ്ടാവും".

ആഇശ(റ) ഒരാളോട് പഴയകാര്യങ്ങൾ പറഞ്ഞുകൊണ്ടിരിക്കുകയാണ്. മദീനയിലേക്കുള്ള പലായനത്തിനുശേഷം പ്രവാചകനും കുടുംബവും സഹിച്ച പ്രയാസങ്ങളാണ് പ്രതിപാദ്യം. ഒരു രാത്രി തപ്പിത്തടഞ്ഞുകൊണ്ട് വീട്ടുജോലികൾ ചെയ്തകാര്യം അവർ പറഞ്ഞു. അയാൾ ചോദിച്ചു: "വിളക്കില്ലായിരുന്നുവോ? അവർ പ്രതിവചിച്ചു: "വിളക്കു കത്തിക്കാനുള്ള എണ്ണ ഞങ്ങളുടെ പക്കലുണ്ടായിരുന്നുവെങ്കിൽ വിശപ്പ് മാറ്റാൻ അത് കുടിക്കുമായിരുന്നു; കത്തിക്കുന്നതിനു പകരം".

ഇത് പ്രവാചകൻെറ ആദ്യകാലത്തെ മാത്രം അവസ്ഥയല്ല. മുഹമ്മദ്(സ) ശക്തമായ ഒരു സാമ്രാജ്യത്തിൻെറ ഭരണാധികാരിയായിരുന്നപ്പോഴും അദ്ദേഹത്തിൻെറ അവസ്ഥ ഇതിൽനിന്ന് ഒട്ടും മെച്ചമായിരുന്നില്ല. ഇസ്ലാമിക സാമ്രാജ്യത്തിൻെറ അധിപൻെറ അന്തപുരത്തെക്കുറിച്ച്





അദ്ദേഹത്തിൻെറ സഹചാരിയായിരുന്ന ഉമർ(റ)തന്നെ പറയട്ടെ:

"പ്രവാചകൻെറ മുറിയിൽ ഊറക്കിട്ട മൂന്ന് തോൽകഷ്ണങ്ങളും ഒരു മൂലയിൽ അൽപം ബാർലിയുമല്ലാതെ മറ്റൊന്നുംതന്നെ ഞാൻ കണ്ടില്ല. ഞാൻ കരഞ്ഞുപോയി. പ്രവാചകൻ ചോദിച്ചു: 'എന്തിനാണ് താങ്കൾ കരയുന്നത്?' ഞാൻ പറഞ്ഞു: 'അല്ലാഹുവിൻെറ ദൂതരേ! ഞാനെങ്ങനെ കരയാതിരിക്കും? താങ്കളുടെ ശരീരത്തിൽ ഈത്തപ്പനയോലകളുടെ പാട് ഞാൻ കാണുന്നു. ഈ മുറിയിൽ എന്തെല്ലാമുണ്ടെന്നും ഞാനറിയുന്നു. അല്ലാഹുവിൻെറ ദൂതരേ! സമൃദ്ധമായ വിഭവങ്ങൾക്കുവേണ്ടി അല്ലാഹുവിനോട് പ്രാർഥിച്ചാലും. അവിശ്വാസികളും അല്ലാഹുവിൽ പങ്കുചേർക്കുന്നവരുമായ പേർഷ്യക്കാരുടെയും റോമാക്കാരുടെയും രാജാക്കന്മാർ-സീസറും കൈസറുമെല്ലാം-അരുവികൾ ഒഴുകുന്ന തോട്ടങ്ങളിൽ വസിക്കുമ്പോൾ അല്ലാഹുവിൻെറ തെരഞ്ഞെടുക്കപ്പെട്ട പ്രവാചകൻ ജീവിക്കുന്നത് ദാരുണമായ പട്ടിണിയിൽ!' എൻെറ ഈ സംസാരം കേട്ടപ്പോൾ തലയിണയിൽ വിശ്രമിക്കുകയായിരുന്ന പ്രവാചകൻ എഴുന്നേറ്റിരുന്നു. എന്നിട്ടു പറഞ്ഞു: 'ഉമർ! താങ്കൾ ഈ വിഷയത്തിൽ ഇനിയും സംശയാലുവാണോ? ഭൗതിക ജീവിതത്തിലെ സുഖസൗകര്യങ്ങളേക്കാൾ നല്ലത് മരണാനന്തര ജീവിതത്തിലെ സുഖസൗകര്യങ്ങളാണ്. അവിശ്വാസികൾ അവരുടെ നന്മയുടെ വിഹിതം ഈ ജീവിതത്തിൽ ആസ്വദിക്കുന്നു. നമ്മുടേതാകട്ടെ, മരണാനന്തര ജീവിതത്തിലേക്കുവേണ്ടി ബാക്കിവെച്ചിരിക്കുകയാണ്'. ഞാൻ അദ്ദേഹത്തോട് അപേക്ഷിച്ചു: 'ദൈവദൂതരെ! എനിക്കുവേണ്ടി മാപ്പിനപേക്ഷിച്ചാലും. എനിക്കു തെറ്റിപ്പോയി".

ഖുർആൻ ഭൗതിക ലാഭങ്ങൾക്കുവേണ്ടി പടച്ചുണ്ടാക്കിയ മുഹമ്മദി(സ)ൻെറ കൃതിയാണെന്ന വാദമാണിവിടെ തകരുന്നത്. ആകെ സ്വത്തായി ബാക്കിയുണ്ടായിരുന്ന ഏഴു ദീനാർ മരണത്തിനുമുമ്പ് ദാനം ചെയ്യുകയും യഹൂദന് തൻെറ പടച്ചട്ട പണയം വെച്ചുകൊണ്ട് മരണപ്പെടുകയും ചെയ്ത മനുഷ്യൻ ധനമോഹിയായിരുന്നുവെന്ന് പറയുന്നത് അടിസ്ഥാനരഹിതമാണ്. ഖുർആനിൻെറ രചനക്കുപിന്നിൽ ധനമോഹമായിരുന്നുവെന്ന വാദം അടിസ്ഥാന രഹിതമാണെന്ന് ദി ന്യൂ കാത്തോലിക് എൻസൈക്ലോപീഡിയപോലും സമ്മതിച്ചിട്ടുണ്ട്. "മുഹമ്മദി(സ)ൻെറ മതവിപ്ലവത്തിനു പിന്നിൽ ധനമോഹമായിരുന്നുവെന്ന ഒരു ധാരണ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. വ്യക്തമായി അറിയപ്പെടുന്ന വസ്തുതകൾ ഈ ധാരണക്കെതിരാണ്" (The New Catholic Encyclopedia Vol IX, Page 1001).

**അധികാരമായിരുന്നു മുഹമ്മദ്(സ) ലക്ഷ്യമാക്കിയിരുന്നതെന്ന് കരുതുന്നതിലെന്താണ് തെറ്റ്?**

അധികാരമോഹമെന്നാൽ എന്താണ്? രാജ്യത്തിൻെറ അധികാരം കൈക്കലാക്കി സുഖസമൃദ്ധമായ ജീവിതം നയിക്കാനുള്ള ആഗ്രഹം. പതിമൂന്ന് വർഷത്തെ കഷ്ടപ്പാടുകൾക്കും പീഡനങ്ങൾക്കും ശേഷം പലായനം ചെയ്തു മദീനയിലെത്തിയ പ്രവാചകന് അധികാരം ലഭിച്ചുവെന്നത് നേരാണ്. എന്നാൽ, അദ്ദേഹത്തിന് അധികാരം സുഖലോലുപതയ്ക്കുള്ള മാർഗമായിരുന്നില്ല. ഭരണാധികാരിയായിരിക്കുമ്പോഴും ഈത്തപ്പനപ്പായയിൽ അന്തിയുറങ്ങുകയും വസ്ത്രങ്ങൾ സ്വയം അലക്കുകയും പാദരക്ഷകൾ തുന്നുകയും ആടിനെ കറക്കുകയും ചെയ്യുന്ന മനുഷ്യനെ അധികാരമോഹിയെന്നു വിളിക്കാൻ ആർക്കാണ് സാധിക്കുക?

അധികാരത്തിൻെറ പേരിൽ ജനങ്ങളാൽ ആദരിക്കപ്പെടുകയും അവരിൽനിന്ന് ഉയർന്നുനിൽക്കുകയും ചെയ്യാൻ ആഗ്രഹിക്കുന്നവരാണ് അധികാരം മോഹിക്കുക. പ്രവാചക(സ)നാവട്ടെ ജനങ്ങളെ സേവിച്ച് ജനങ്ങളോടൊപ്പം ജീവിച്ചയാളായിരുന്നു. ഒരിക്കൽ ഒരു സദസ്സിലേക്ക് പ്രവാചകൻ കടന്നുവന്നപ്പോൾ എല്ലാവരും എഴുന്നേറ്റു നിന്നു. പ്രവാചകൻ (സ) ഇത് വിലക്കി. അദ്ദേഹം പറഞ്ഞു: "പേർഷ്യക്കാരിൽ ചിലർ ചിലരെ ബഹുമാനിക്കുവാൻ വേണ്ടി ചെയ്യുന്നതുപോലെ നിങ്ങൾ എന്നെ ബഹുമാനിച്ചു കൊണ്ട് എഴുന്നേറ്റ് നിൽക്കരുത്".

അദ്ദേഹം ഉപദേശിച്ചു: "ക്രിസ്ത്യാനികൾ മർയമിൻെറ പുത്രനായ യേശുവിനെ പുകഴ്ത്തിയതുപോലെ എന്നെ നിങ്ങൾ പുകഴ്ത്തരുത്" ഇതെല്ലാം തന്നെ മുഹമ്മദ് (സ) ഒരു അധികാര മോഹിയായിരുന്നില്ലെന്ന് വ്യക്തമാക്കുന്നു.

മാത്രവുമല്ല, തൻെറ പ്രബോധന പ്രവർത്തനങ്ങൾ നിർത്തിവെക്കുകയാണെങ്കിൽ, മക്കയിലെ പ്രയാസപൂർണമായ ആദ്യനാളുകളിൽതന്നെ അധികാരം നൽകാമെന്ന് അദ്ദേഹം വാഗ്ദാനം ചെയ്യപ്പെട്ടിരുന്നു. സമൂഹത്തിലെ നേതാക്കന്മാരെല്ലാംകൂടി ഒരു ദിവസം മുഹമ്മദി(സ)ൻെറ അടുത്തു ചെന്ന് അദ്ദേഹത്തെ വശീകരിക്കാനായി ശ്രമിച്ചു. അവർ പറഞ്ഞു: "നീ സമ്പത്താണ് കൊതിക്കുന്നതെങ്കിൽ നിനക്ക് ആവശ്യമുള്ളത്ര ധനം ഞങ്ങൾ തരാം. അധികാരമാണ് ആഗ്രഹിക്കുന്നതെങ്കിൽ ഈ പ്രദേശത്തെ രാജാവായി നിന്നെ ഞങ്ങൾ വാഴിക്കാം. സൗന്ദര്യമാണ് മോഹിക്കുന്നതെങ്കിൽ നിനക്കിഷ്ടപ്പെട്ട സുന്ദരിയെ വിവാഹം ചെയ്യാനുള്ള അവസരമുണ്ടാക്കിത്തരാം". ആരും വീണുപോകുന്ന വാക്കുകൾ! ആശിച്ചുപോകുന്ന പ്രലോഭനങ്ങൾ! ഒരൊറ്റ വാക്കു പറഞ്ഞാൽ മതി, താൻ ഈ പ്രദേശത്തെ ഏറ്റവും വലിയ ധനവാനാകും. നാട്ടാർ മുഴുവൻ തൻെറ രാജധാനിയിലെത്തി തനിക്ക് പാദസേവ ചെയ്യും. സൗന്ദര്യധാമങ്ങൾ തനിക്കുമുന്നിൽ നൃത്തമാടും. പക്ഷേ, പ്രവാചകൻ പറഞ്ഞതിങ്ങനെയാണ്: "അധികാരമോ കവർച്ചമുതലോ എനിക്കാവശ്യമില്ല. മനുഷ്യർക്കുള്ള മുന്നറിയിപ്പുകാരനായിട്ടാണ് പടച്ചതമ്പുരാൻ എന്നെ നിയോഗിച്ചിരിക്കുന്നത്. അവൻെറ സന്ദേശമാണ് ഞാൻ നിങ്ങൾക്ക് എത്തിച്ചുതരുന്നത്. അത് സ്വീകരിക്കുന്നവർക്ക് ഇഹലോകത്ത് സുഖവും സമാധാനവും പരലോകത്ത് ശാശ്വത വിജയവും കരസ്ഥമാക്കാം. ദൈവിക സന്ദേശം സ്വീകരിക്കാത്തവർക്കിടയിൽ തീർപ്പുകൽപിക്കുന്നത് അവൻതന്നെയാണ്".





മക്കയിലെ പ്രബോധന പ്രവർത്തനങ്ങളുടെ ആദ്യനാളുകളിലായിരുന്നു ഈ സംഭവം. ഖുർആൻ രചിച്ചുകൊണ്ട് താൻ ദൈവദൂതനാണെന്ന് വരുത്തിത്തീർത്ത് അധികാരം കൈക്കലാക്കുകയായിരുന്നു പ്രവാചക(സ)ൻെറ ലക്ഷ്യമെങ്കിൽ പ്രയാസങ്ങൾ ഏറെയൊന്നും സഹിക്കാതെ അധികാരം തൻെറ കാൽക്കീഴിൽ വന്ന സമയത്ത് അദ്ദേഹം അത് സ്വീകരിക്കുവാൻ വൈമനസ്യം കാണിച്ചതെന്തിനാണ്? മുഹമ്മദ്(സ) അധികാരം കാംക്ഷിച്ചിരുന്നില്ലെന്ന് ഇതിൽനിന്ന് സുതരാം വ്യക്തമാണ്. ഖുർആൻ രചിച്ചതിനു പിന്നിൽ അധികാരമോഹമായിരുന്നില്ലെന്ന് സാരം.

**അസംഘടിതരായിരുന്ന അറബികളെ സംഘടിപ്പിക്കുകയും ഉന്നതിയിലേക്ക് നയിക്കുകയും ചെയ്യുകയെന്ന ലക്ഷ്യത്തോടെ മുഹമ്മദ്(സ) നിർമിച്ചെടുത്ത ഗ്രന്ഥമാണ് ഖുർആനെന്ന് കരുതിക്കൂടെ?**

അറബികളെ ഐക്യപ്പെടുത്തുകയും പുരോഗതിയിലേക്ക് നയിക്കുകയുമായിരുന്നു ഖുർആൻ രചിച്ചതിനു പിന്നിലുള്ള ലക്ഷ്യമെങ്കിൽ അതിലെ പ്രതിപാദനങ്ങളിൽനിന്ന് ഇക്കാര്യം വ്യക്തമാവുമായിരുന്നു. എന്നാൽ, ഖുർആൻ ഒരാവർത്തി വായിച്ച ഒരാൾക്ക് അതിൽ അറബി ദേശീയതയുടെ ഉയിർത്തെഴുന്നേൽപ്പ് ഒരു വിഷയമായി വരുന്നേയില്ലെന്ന വസ്തുത വ്യക്തമാവുന്നതാണ്. അറബികളുടെ നവോത്ഥാനമായിരുന്നു ഖുർആൻ രചനക്കുപിന്നിലുള്ള ഉദ്ദേശ്യമെന്ന വാദം താഴെ പറയുന്ന വസ്തുതകൾക്കുമുന്നിൽ അടിസ്ഥാന രഹിതമായിത്തീരുന്നു.

ഒന്ന്: അറബികളുടെ നവോത്ഥാനത്തെയോ ഐക്യത്തെയോ പ്രോൽസാഹിപ്പിക്കുന്ന രീതിയിലുള്ള ഒരു വചനംപോലും ഖുർആനിലില്ല.

രണ്ട്: ദേശീയമായ അതിർവരമ്പുകളില്ലാത്ത ആദർശസമൂഹമെന്ന സങ്കൽപമാണ് ഖുർആൻ മുന്നോട്ടുവെക്കുന്നത്. 'ഉമ്മത്ത്' എന്ന സാങ്കേതിക സംജ്ഞയാൽ വിശേഷിപ്പിക്കപ്പെട്ടിരിക്കുന്ന ആദർശസമൂഹത്തിൽ സത്യവിശ്വാസം സ്വീകരിച്ച ഏവരും ദേശീയതയുടെയോ പ്രാദേശികത്വത്തിൻെറയോ വർഗത്തിൻെറയോ ജാതീയതയുടെയോ അതിർവരമ്പുകളില്ലാതെ അംഗങ്ങളാണ്. അറബിദേശീയതയെന്ന സങ്കൽപംതന്നെ ഖുർആനിന്

അന്യമാണ്.

മൂന്ന്: അറബികളുടെ നവോത്ഥാനമായിരുന്നു മുഹമ്മദി(സ)ൻെറ ലക്ഷ്യമെങ്കിൽ അധികാരം വാഗ്ദാനം ചെയ്യപ്പെട്ടപ്പോൾ അത് സ്വീകരിക്കുകയും ശക്തിയും പാടവവുമുപയോഗിച്ച് അവരെ ഐക്യപ്പെടുത്തുകയും പുരോഗതിയിലേക്ക്  നയിക്കുകയും ചെയ്യാൻ അദ്ദേഹം ശ്രമിക്കുമായിരുന്നു. എന്നാൽ, അതുണ്ടായില്ല. അധികാരം സ്വീകരിച്ചുകൊണ്ട് നവോത്ഥാനത്തിന് ശ്രമിക്കുന്നതിന് പകരം അത് നിരസിക്കുകയാണ് അദ്ദേഹം ചെയ്തത്.

നാല്: അധികാരം ലഭിച്ചതിനുശേഷവും അദ്ദേഹം അറബികളുടെ ഏതെങ്കിലും തരത്തിലുള്ള ഔന്നത്യത്തിനുവേണ്ടി വാദിച്ചിട്ടില്ല. തൻെറ അന്തിമപ്രസംഗത്തിൽ അദ്ദേഹം അർഥശങ്കക്കിടയില്ലാത്ത വണ്ണം പ്രഖ്യാപിച്ചു: "അറബിക്ക് അനറബിയേക്കാളോ അനറബിക്ക്  അറബിയേക്കാളോ യാതൊരു ശ്രേഷ്ഠതയുമില്ല; ധർമനിഷ്ഠയുടെ പേരിലല്ലാതെ". ഇത് അറബ് ദേശീയതയുടെ നവോത്ഥാനത്തിനുവേണ്ടി ശ്രമിച്ച ഒരു വ്യക്തിയുടെ വാക്കുകളാകുമോ?

അഞ്ച്: സത്യവിശ്വാസികൾക്ക് മാതൃകയായി ഖുർആനിൽ പരാമർശിക്കപ്പെട്ടിട്ടുള്ളത് രണ്ടു വനിതകളാണ്. ഒന്ന്, ഫറോവയുടെ പത്നി. രണ്ട്, യേശുവിൻെറ മാതാവ് (66:11, 12). രണ്ടു പേരും അറബികളല്ല.  അറബ് ദേശീയതക്കുവേണ്ടി ഗ്രന്ഥമെഴുതിയ വ്യക്തി ലോകത്തിന് മാതൃകയായി എടുത്തുകാണിക്കുന്നത് അറബികളുടെ എതിരാളികളെയാകുമോ? മർയമിനെക്കുറിച്ച് ഖുർആൻ പറയുന്നതിങ്ങനെയാണ്: "മലക്കുകൾ ഇപ്രകാരം പറഞ്ഞ സന്ദർഭം: മർയമേ, തീർച്ചയായും അല്ലാഹു നിന്നെ പ്രത്യേകം തെരഞ്ഞെടുക്കുകയും നിനക്ക് പരിശുദ്ധി നൽകുകയും ലോകത്തുള്ള സ്ത്രീകളിൽ വെച്ച് ഉൽകൃഷ്ടയായി നിന്നെ തെരഞ്ഞെടുക്കുകയും ചെയ്തിരിക്കുന്നു" (3:42). ബൈബിളിലൊരിടത്തും ഇത്ര ബഹുമാനത്തോടുകൂടി മർയമിനെക്കുറിച്ച് പരാമർശിക്കപ്പെട്ടിട്ടില്ല എന്നുകൂടി ഓർക്കുക. ലോക വനിതകളിൽ ഉൽകൃഷ്ടയായി ഖുർആൻ എടുത്തുകാണിക്കുന്നത് മുഹമ്മദി(സ)ൻെറ  മാതാവിനെയോ ഭാര്യയെയോ മറ്റേതെങ്കിലും അറബ് സ്ത്രീയെയോ അല്ല; ഇസ്രായേൽ വനിതയായ മർയമിനെയാണ്. അറബ് ദേശീയതയുടെ വക്താവിൽനിന്ന് ഇത്തരമൊരു പരാമർശം പ്രതീക്ഷിക്കുവാൻ പറ്റുമോ?

ആറ്: അറബ് ദേശീയതയുടെ  നവോത്ഥാനത്തിനുവേണ്ടി പണിയെടുക്കുന്ന ഒരു വ്യക്തി അറബികളുടെ അഹംബോധത്തെ ഉദ്ദീപിക്കുവാനായിരിക്കും തൻെറ രചനയിൽ ശ്രമിക്കുക. അറബികളുടെ ശ്രേഷ്ഠതയെക്കുറിച്ചായിരിക്കും അയാൾ സംസാരിക്കുക. എന്നാൽ ഖുർആൻ ഇസ്രായേല്യർക്ക് നൽകിയ ശ്രേഷ്ഠതയെക്കുറിച്ചാണ് സംസാരിക്കുന്നത്. "ഇസ്രായേൽ സന്തതികളേ, നിങ്ങൾക്ക് ഞാൻ ചെയ്തുതന്നിട്ടുള്ള അനുഗ്രഹവും മറ്റു ജനവിഭാഗങ്ങളേക്കാൾ നിങ്ങൾക്ക് ഞാൻ ശ്രേഷ്ഠത നൽകിയതും നിങ്ങളോർക്കുക" (2:47).





**അധാർമികതയിൽ മുങ്ങിക്കുളിച്ചിരുന്ന സമൂഹത്തെ ധാർമികതയിലേക്ക് നയിക്കുവാൻ വേണ്ടി മുഹമ്മദ്(സ) രചിച്ച കൃതിയാണ് ഖുർആൻ എന്നു പറഞ്ഞാൽ അതു നിഷേധിക്കുവാൻ കഴിയുമോ?**

ജനങ്ങളെ ധാർമികതയിലേക്ക് നയിക്കുന്ന ഗ്രന്ഥമാണ് ഖുർആൻ. മദ്യത്തിലും മദിരാക്ഷിയിലും യുദ്ധങ്ങളിലും സായൂജ്യമടഞ്ഞിരുന്ന ഒരു സമൂഹത്തെ കേവലം 23 വർഷക്കാലം കൊണ്ട് ധാർമികതയുടെ പ്രയോക്താക്കളും പ്രചാരകരുമാക്കിയ ഗ്രന്ഥമെന്ന ഖ്യാതി ഖുർആനിനു മാത്രം അവകാശപ്പെട്ടതാണ്. എന്നാൽ ധാർമിക നവോത്ഥാനത്തിനുവേണ്ടി മുഹമ്മദ് (സ) രചിച്ചുകൊണ്ട് ദൈവത്തിൽ ആരോപിച്ച ഗ്രന്ഥമാണ് ഖുർആൻ എന്ന വാദഗതി അടിസ്ഥാന രഹിതമാണെന്ന് അത് ഒരാവർത്തി വായിക്കുന്ന ഏവർക്കും ബോധ്യമാവും. താഴെപ്പറയുന്ന വസ്തുതകൾ ശ്രദ്ധിക്കുക.

ഒന്ന്: സത്യസന്ധനായിരുന്നു മുഹമ്മദ്(സ) എന്ന കാര്യത്തിൽ പക്ഷാന്തരമില്ല. അത്തരമൊരാൾ ധാർമിക നവോത്ഥാനത്തിനുവേണ്ടി ദൈവത്തിൻെറ പേരിൽ ഒരു പച്ചക്കള്ളം  പറഞ്ഞുവെന്നു കരുതുന്നത് യുക്തിസഹമല്ല. ധാർമിക നവോത്ഥാനത്തിനുവേണ്ടി  ആത്മാർഥമായി പരിശ്രമിക്കുന്ന ഒരു വ്യക്തി അക്കാര്യത്തിനുവേണ്ടി സ്വന്തമായി ഒരു വലിയ അധർമം  ചെയ്യുകയെന്നത് അവിശ്വസനീയമാണ്. ദൈവത്തിൻെറ പേരിൽ കളവ് പറയുന്നതിനേക്കാൾ വലിയ പാപമെന്താണ്?

രണ്ട്: പടച്ചതമ്പുരാൻെറ പേരിൽ കളവു പറയുകയും സ്വയം കൃതരചനകൾ ദൈവത്തിൻേറതാണെന്ന് വാദിക്കുകയും ചെയ്യുന്നവനാണ് ഏറ്റവും വലിയ അക്രമിയെന്നാണ് ഖുർആൻ പറയുന്നത്. "അല്ലാഹുവിൻെറ പേരിൽ കള്ളം കെട്ടിച്ചമയ്ക്കുകയോ, തനിക്ക് യാതൊരു ബോധനവും നൽകപ്പെടാതെ 'എനിക്ക് ബോധനം ലഭിച്ചിരിക്കുന്നു' എന്ന് പറയുകയോ ചെയ്തവനേക്കാളും അല്ലാഹു അവതരിപ്പിച്ചതുപോലെയുള്ളത് ഞാനും അവതരിപ്പിക്കാമെന്ന് പറഞ്ഞവനേക്കാളും വലിയ അക്രമി ആരുണ്ട്?" (6:93). ഖുർആൻ മുഹമ്മദി(സ)ൻെറ രചനയാണെങ്കിൽ ഈ സൂക്തത്തിൽ പറഞ്ഞ 'ഏറ്റവും വലിയ അക്രമി'  അദ്ദേഹം തന്നെയായിരിക്കു

മല്ലോ. തന്നെത്തന്നെ 'ഏറ്റവും വലിയ അക്രമി'യെന്ന് വിളിക്കുവാനും അതു രേഖപ്പെടുത്തുവാനും അദ്ദേഹം തയാറാകുമായിരുന്നുവോ?

മൂന്ന്: സ്വയംകൃത രചനകൾ നടത്തി അത് ദൈവത്തിൽ ആരോപിക്കുന്നവരെ ഖുർആൻ ശപിക്കുന്നുണ്ട്. "എന്നാൽ സ്വന്തം കൈകൾ കൊണ്ട് ഗ്രന്ഥം എഴുതിയുണ്ടാക്കുകയും എന്നിട്ട് അത് അല്ലാഹുവിൽനിന്ന് ലഭിച്ചതാണെന്ന് പറയുകയും ചെയ്യുന്നവർക്ക് നാശം!" (2:79) ഖുർആൻ മുഹമ്മദി(സ)ൻെറ സൃഷ്ടിയാണെങ്കിൽ ഈ ശാപം അദ്ദേഹത്തിനുകൂടി ബാധകമാണല്ലോ. സ്വന്തമായി ഒരു രചന നിർവഹിക്കുക. ആ രചനയിൽ സ്വന്തത്തെത്തന്നെ ശപിക്കുക. ഇത് വിശ്വസനീയമാണോ?

നാല്: ഖുർആൻ ഒന്നിച്ച് അവതരിപ്പിക്കപ്പെട്ട ഗ്രന്ഥമല്ല. നീണ്ട ഇരുപത്തിമൂന്ന് വർഷങ്ങൾക്കിടയിൽ വ്യത്യസ്ത സാഹചര്യങ്ങളിലാണ് ഖുർആൻ സൂക്തങ്ങൾ അവതരിപ്പിക്കപ്പെട്ടത്. ഓരോ വിഷയങ്ങളിലും ജനങ്ങളുടെ ചോദ്യങ്ങൾക്കുള്ള മറുപടിയായിട്ടാണ്, ചില സന്ദർഭങ്ങളിൽ , ഖുർആൻ സൂക്തങ്ങൾ അവതരിപ്പിച്ചിരിക്കുന്നത്. ഖുർആനിൽ പതിനഞ്ചോളം സ്ഥലങ്ങളിൽ 'അവർ നിന്നോട്...നെക്കുറിച്ചു ചോദിക്കുന്നു. പറയുക: ...' എന്ന ശൈലിയിലുള്ള സൂക്തങ്ങളുണ്ട്. ഓരോ വിഷയങ്ങളിലും പ്രവാചകനോട് അവർ ചോദിച്ച സമയത്ത് അദ്ദേഹത്തിന് ഉത്തരം നൽകാൻ സാധിച്ചില്ലെന്നും പിന്നീട് ഖുർആൻ വാക്യം അവതരിപ്പിച്ചതിനുശേഷം മാത്രമാണ് അത് സാധിച്ചതെന്നുമാണല്ലോ ഇതിൽനിന്ന് മനസ്സിലാവുന്നത്. ധാർമിക നവോത്ഥാനം ലക്ഷ്യമാക്കിക്കൊണ്ടുള്ള പ്രവാചക(സ)ൻെറ രചനയായിരുന്നു ഖുർആനെങ്കിൽ ജനം ചോദിച്ചപ്പോൾ ഉടൻതന്നെ അദ്ദേഹത്തിന് മറുപടി പറയാൻ കഴിയുമായിരുന്നു. ഉദാഹരണത്തിന്, മദ്യത്തിൽനിന്നും ചൂതാട്ടത്തിൽനിന്നും ജനങ്ങളെ രക്ഷിക്കണമെന്നായിരുന്നു പ്രവാകൻെറ ഉദ്ദേശ്യമെങ്കിൽ അവയെക്കുറിച്ച് ചോദിച്ച ഉടൻതന്നെ അവ പാപമാണ് എന്ന് അദ്ദേഹം മറുപടി പറയുമായിരുന്നു. എന്നാൽ, അദ്ദേഹം ചെയ്തത് അതല്ല; സ്വയം മറുപടി പറയാതെ ദൈവിക വെളിപാട് പ്രതീക്ഷിക്കുകയായിരുന്നു. ദൈവവചനങ്ങൾ വെളിപ്പെട്ടതിനുശേഷമാണ് ഈ തിന്മകൾക്കെതിരെയുള്ള നടപടികൾ അദ്ദേഹം സ്വീകരിച്ചത്.

അഞ്ച്: മുഹമ്മദ് നബി(സ)യെ തിരുത്തുന്ന ചില ഖുർആൻ സൂക്തങ്ങളുണ്ട്. ഖുറൈശി പ്രമുഖരുമായി സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ കടന്നുവന്ന അന്ധനായ അബ്ദുല്ലാഹിബ്നുഉമ്മിമക്തൂമിനെ പ്രസന്നതയോടെ സ്വീകരിക്കാതിരുന്ന പ്രവാചക(സ)ൻെറ നടപടിയെ തിരുത്തിയ ഖുർആൻ സൂക്തങ്ങൾ (80:1-10) സുവിദിതമാണ്. മറ്റൊരു സം





ഭവം: മുസ്‌ലിംകൾക്ക് ഏറെ നാശനഷ്ടങ്ങൾ വിതച്ച ഉഹ്ദ് യുദ്ധത്തിൽ പ്രവാചകൻെറ ശരീരത്തിലും ഒരുപാട് മുറിവുകൾ ഉണ്ടായി. യുദ്ധശേഷം അദ്ദേഹം അവിശ്വാസികളിൽ ചിലരെ ശപിക്കുകയും 'അവരുടെ പ്രവാചകനെ മുറിപ്പെടുത്തിയ സമൂഹമെങ്ങനെയാണ് നന്നാവുക?' എന്ന് ആത്മഗതം നടത്തുകയും ചെയ്തു. ഉടൻ ഖുർആൻ സൂക്തമവതരിച്ചു; പ്രവാചക(സ)നെ തിരുത്തിക്കൊണ്ട്. "(നബിയേ), കാര്യത്തിൻെറ തീരുമാനത്തിൽ നിനക്ക് യാതൊരവകാശവുമില്ല. അവൻ (അല്ലാഹു) ഒന്നുകിൽ അവരുടെ പശ്ചാത്താപം സ്വീകരിച്ചേക്കാം. അല്ലെങ്കിൽ അവരെ അവൻ ശിക്ഷിച്ചേക്കാം. തീർച്ചയായും അവർ അക്രമികളാകുന്നു" (3:128). ഇതെന്നും പ്രവാചകനിൽ ബോധപൂർവ്വം വന്ന തെറ്റുകളല്ല. താൻ സ്വീകരിച്ച നിലപാടുകളിലുണ്ടായ അബദ്ധം മാത്രം. എന്നിട്ടും അവ തിരുത്തുന്ന വചനങ്ങൾ ഖുർആനിലുണ്ടായി. ജനങ്ങളെ ധർമനിഷ്ഠരാക്കുവാൻ വേണ്ടി പ്രവാചകൻ(സ) പടച്ച ഗ്രന്ഥമായിരുന്നു ഖുർആനെങ്കിൽ അദ്ദേഹത്തിൻെറ നടപടികളെ വിമർശിക്കുന്ന സൂക്തങ്ങൾ ഖുർആനിലുണ്ടാവുമായിരുന്നുവോ?

### മുഹമ്മദി(സ)ന് ഉന്മാദരോഗമായിരുന്നുവെന്നും വെളിപാടുകൾ വരുന്നതുപോലെയുള്ള തോന്നൽ പ്രസ്തുത രോഗത്തിൻെറ ലക്ഷണമാണെന്നും വന്നു കൂടെ? സമകാലികരാൽ അദ്ദേഹം ഭ്രാന്തനെന്ന് അധിക്ഷേപിക്കപ്പെടുകയും ചെയ്തിട്ടുണ്ടല്ലോ?

യുക്തിവാദികളായ വിമർശകന്മാർ പ്രധാനമായും ഉന്നയിക്കുന്ന ആരോപണമാണ് മുഹമ്മദ്(സ) നബിക്ക് ഉന്മാദരോഗ (Schizophrenia) മായിരുന്നുവെന്നത്. ദൈവത്തിൻെറ അസ്തിത്വം അംഗീകരിക്കാത്തവരെ സംബന്ധിച്ചിടത്തോളം അവർക്ക് വെളിപാടുകളുടെ സത്യതയെക്കുറിച്ച് എത്രതന്നെ പറഞ്ഞാലും ഉൾക്കൊള്ളാൻ കഴിയില്ല. അതുകൊണ്ടുതന്നെ നിരീശ്വരവാദികളോടുള്ള ചർച്ച തുടങ്ങേണ്ടത് ദൈവാസ്തിത്വത്തെക്കുറിച്ച് സംസാരിച്ചുകൊണ്ടാണ്. പടച്ചതമ്പുരാൻെറ അസ്തിത്വംതന്നെ അംഗീകരിക്കാത്തവരെ അവനിൽനിന്നുള്ള വെളിപാടുകൾ സത്യസന്ധമാണെന്ന് സമ്മതിപ്പിക്കുന്നതെങ്ങനെ?

ചോദ്യത്തിൻെറ രണ്ടാം ഭാഗമാണ് ആദ്യമായി ചർച്ച ചെയ്യപ്പെടേണ്ടത്. സമകാലികരാൽ മുഹമ്മദ് (സ) ഭ്രാന്തനെന്നു വിളിക്കപ്പെട്ടിരുന്നുവോ? ഉണ്ടെങ്കിൽ ഭ്രാന്തിൻെറ എന്തെല്ലാം ലക്ഷണങ്ങളുടെ അടിസ്ഥാനത്തിലാണ് അവർ ഈ ആരോപണം ഉന്നയിച്ചത്?

നാൽപതു വയസ്സുവരെ സത്യസന്ധനും സർവരാലും അംഗീകരിക്കപ്പെട്ട വ്യക്തിത്വത്തിൻെറ ഉടമയുമായിരുന്നു മുഹമ്മദ്. സുദീർഘമായ

ഈ കാലഘട്ടത്തിനിടയ്ക്ക് ആരെങ്കിലും അദ്ദേഹത്തിൽ ഏതെങ്കിലും തരത്തിലുള്ള മാനസിക വിഭ്രാന്തി ആരോപിച്ചിട്ടില്ല. പ്രവാചകത്വത്തിന് ശേഷം അദ്ദേഹം ഭ്രാന്തനെന്ന് ആരോപിക്കപ്പെട്ടിരുന്നുവെന്നത് ശരിയാണ്. ഭ്രാന്തനെന്ന് മാത്രമല്ല മുഹമ്മദ് (സ) അധിക്ഷേപിക്കപ്പെട്ടത്; ജ്യോൽസ്യൻ, മാരണക്കാരൻ, മാരണം ബാധിച്ചവൻ, കവി എന്നിങ്ങനെയുള്ള അധിക്ഷേപങ്ങളെല്ലാം അദ്ദേഹത്തിനുനേരെ ഉന്നയിക്കപ്പെട്ടിരുന്നു. അദ്ദേഹത്തിൻെറ വ്യക്തിത്വത്തിലോ മാനസിക സംതുലനത്തിലോ വല്ല വ്യത്യാസവും പ്രകടമായതുകൊണ്ടാണോ അവർ അങ്ങനെ അധിക്ഷേപിച്ചത്? ആണെന്ന് അവരാരുംതന്നെ വാദിച്ചിട്ടില്ല. അവരുടെ പ്രശ്നം ഖുർആനും അതുൾക്കൊള്ളുന്ന ആശയങ്ങളുമായിരുന്നു. തങ്ങളുടെ പാരമ്പര്യ വിശ്വാസങ്ങൾക്കെതിരെയാണ് മുഹമ്മദ്(സ) സംസാരിക്കുന്നത്. അദ്ദേഹം ദൈവികമാണെന്ന് പറഞ്ഞുകൊണ്ട് ഓതിക്കേൾപ്പിക്കുന്ന ഖുർആനിലേക്ക് ജനങ്ങൾ ആകൃഷ്ടരാവുകയും ചെയ്യുന്നു. മുഹമ്മദി(സ)നെ സ്വഭാവഹത്യ നടത്താതെ ജനങ്ങളെ അദ്ദേഹത്തിൽനിന്ന് അകറ്റാൻ മറ്റു മാർഗങ്ങളൊന്നുമില്ലെന്ന് കണ്ട പാരമ്പര്യമതത്തിൻെറ കാവൽക്കാർ ബോധപൂർവം കെട്ടിച്ചമച്ച സ്വഭാവഹത്യയായിരുന്നു ഇവയെല്ലാം.

മുഹമ്മദ് (സ) പ്രവാചകത്വം പരസ്യമായി പ്രഖ്യാപിച്ചകാലം. ഹജ്ജ് മാസം ആസന്നമായി. അറേബ്യയുടെ വിവിധ ഭാഗങ്ങളിൽനിന്നും ഹജ്ജിനു വരുന്നവരോട് മുഹമ്മദ് (സ) മതപ്രബോധനം നടത്തുമെന്നും ഖുർആനിൻെറ വശ്യതയിൽ അവർ ആകൃഷ്ടരാവുമെന്നും മക്കയിലെ പ്രമാണിമാർ ഭയന്നു. അവർ യോഗം ചേർന്നു. ഹജ്ജിന് എത്തിച്ചേരുന്നവരോട് ആദ്യമേതന്നെ മുഹമ്മദി(സ)നെതിരെ പ്രചാരവേലകൾ നടത്താൻ തീരുമാനിച്ചു. മുഹമ്മദി(സ)നെ എങ്ങനെ വിശേഷിപ്പിക്കണം, എന്നതായി പിന്നീടുള്ള ചർച്ച. പലരും പല രൂപത്തിൽ പറയുന്നത് തങ്ങളുടെ വിശ്വാസ്യത തകർക്കും. എല്ലാവർക്കും ഒരേ രൂപത്തിൽ പറയാൻ പറ്റുന്ന ആരോപണമെന്ത്? ചിലർ പറഞ്ഞു: "നമുക്ക് മുഹമ്മദ് ഒരു ജ്യോൽസ്യനാണെന്ന് പറയാം''. പൗരപ്രമുഖനായ വലീദുബ്നുമുഗീറ പറഞ്ഞു: "പറ്റില്ല, അല്ലാഹുവാണ് സത്യം അവൻ ജ്യോൽസ്യനല്ല. ജ്യോൽസ്യന്മാരെ നാം കണ്ടിട്ടുണ്ട്. മുഹമ്മദിൻെറ വാക്കുകൾ ജ്യോൽസ്യന്മാരുടെ പ്രവചനങ്ങളല്ല". മറ്റു ചിലർ പറഞ്ഞു: "നമുക്ക് അവൻ ഭ്രാന്തനാണെന്ന് പറയാം". വലീദ് പറഞ്ഞു: "അവൻ ഭ്രാന്തനല്ല. ഭ്രാന്തന്മാരെ നാം കണ്ടിട്ടുണ്ട്. അവരുടെ ഭ്രാന്തമായ സംസാരങ്ങളോ ഗോഷ്ഠികളോ പിശാചുബാധയോ ഒന്നും അവനില്ല". അവർ പറഞ്ഞു: " എങ്കിൽ അവൻ കവിയാണെന്ന് പറയാം". വലീദ് പ്രതിവചിച്ചു: "അവൻ കവിയല്ല. കവിതയുടെ എല്ലാ ഇനങ്ങളും





നമുക്കറിയാം. അവൻ പറയുന്നത് കവിതയല്ല". ജനം പറഞ്ഞു: "എങ്കിൽ അവൻ മാരണക്കാരനാണെന്ന് പറയാം' വലീദ് പ്രതികരിച്ചു: "അവൻ മാരണക്കാരനുമല്ല. മാരണക്കാരെ നമുക്കറിയാം. അവരുടെ കെട്ടുകളോ, ഊത്തുകളോ ഒന്നും അവൻ പ്രയോഗിക്കുന്നില്ല".

അവർ ചോദിച്ചു: "പിന്നെ എന്താണ് നിങ്ങളുടെ നിർദേശം?" അദ്ദേഹം പറഞ്ഞു: "തീർച്ചയായും അവൻെറ വചനങ്ങളിൽ മാധുര്യമുണ്ട്. അതിൻെറ മൂല്യം വിസ്തൃതവും ശാഖകൾ ഫലസമൃദ്ധവുമാണ്. നിങ്ങൾ അവനെപ്പറ്റി എന്തു പറഞ്ഞാലും അതു നിരർഥകമാണെന്നു തെളിയും. പിതാവിനും മക്കൾക്കുമിടയിലും ഭാര്യക്കും ഭർത്താവിനുമിടയിലും ജ്യേഷ്ഠനും അനുജനുമിടയിലും പിളർപ്പുണ്ടാക്കുവാൻ വേണ്ടി വന്ന ജാലവിദ്യക്കാരനാണ് അവനെന്ന് പറയുന്നതാണ് നല്ലത്!" ജനം ഇതംഗീകരിച്ചു. അവർ പ്രചാരണം തുടങ്ങി.

ഈ സംഭവം മനസ്സിലാക്കിത്തരുന്ന വസ്തുതയെന്താണ്? പ്രവാചകപ്രബോധനങ്ങളിൽനിന്ന് ജനങ്ങളെ പിന്തിരിപ്പിക്കുവാൻ വേണ്ടി ശത്രുക്കൾ മെനഞ്ഞെടുത്ത പലതരം ദുഷ്പ്രചാരണങ്ങളിലൊന്നു മാത്രമാണ് അദ്ദേഹം ഭ്രാന്തനാണെന്ന ആരോപണം. ഈ പ്രചാരണം നടത്തിയിരുന്നവർക്കുതന്നെ അതിൽ വിശ്വാസമുണ്ടായിരുന്നില്ല. അതുകൊണ്ടുതന്നെ, അവരുടെ പ്രചാരണത്തെ ഒരു തെളിവായി സ്വീകരിക്കുന്നത് അബദ്ധമാണ്.

പ്രവാചകൻ ജീവിച്ചത് പതിനാലു നൂറ്റാണ്ടുകൾക്കുമുമ്പാണ്. അദ്ദേഹത്തിന് ഉന്മാദരോഗമുണ്ടായിരുന്നുവോയെന്ന് വസ്തുനിഷ്ഠമായി പരിശോധിക്കുവാൻ ഇപ്പോൾ അദ്ദേഹം നമ്മുടെ മുന്നിൽ ജീവിച്ചിരിക്കാത്തതിനാൽ ഇന്ന് നമുക്ക് കഴിയില്ല. അദ്ദേഹത്തിനുണ്ടായ വെളിപാടുകളും സ്വപ്നദർശനങ്ങളുമാണ് മുഹമ്മദ് (സ) ഉന്മാദരോഗിയായിരുന്നുവെന്ന് വാദിക്കുന്നവർക്കുള്ള തെളിവ്. വെളിപാടുകൾ സ്വീകരിക്കുമ്പോൾ പ്രവാചകനിൽ കാണപ്പെട്ട ഭാവവ്യത്യാസങ്ങളെയും വഹ്യ് എങ്ങനെയാണെന്നുള്ള പ്രവാചകൻെറ വിവരങ്ങളെയും വിശദീകരിക്കുന്ന ഹദീസുകളുടെ വെളിച്ചത്തിലാണ് വിമർശകന്മാർ ഈ വാദമുന്നയിക്കുന്നത്. ഉന്മാദരോഗത്തിൻെറ ലക്ഷണങ്ങൾ പ്രവാചകനിൽ കാണപ്പെട്ടിരുന്നുവോയെന്ന് വസ്തുനിഷ്ഠമായി പരിശോധിച്ചാൽ ഈ വാദത്തിൽ യാതൊരു കഴമ്പുമില്ലെന്ന് സുതരാം വ്യക്തമാവും.

ഒന്ന്: ഉന്മാദരോഗികളുടെ സ്വഭാവം നിരന്തരം മാറിക്കൊണ്ടിരിക്കും. മറ്റുള്ളവരോടുള്ള പെരുമാറ്റത്തിലും സംസാരത്തിലുമെല്ലാം ഈ വൈരുധ്യം പ്രകടമായിരിക്കും.

മുഹമ്മദി(സ)ൻെറ ജീവിതവും സംസാരങ്ങളും പരിശോധിക്കുക.

യാതൊരു രീതിയിലുള്ള സ്വഭാവ വൈരുദ്ധ്യങ്ങളും അദ്ദേഹത്തിൽ നമുക്ക് കാണാൻ കഴിയില്ല. മാറിക്കൊണ്ടിരിക്കുന്ന പെരുമാറ്റ രീതികളുടെയും പൂർവാപരബന്ധമില്ലാത്ത സംസാരത്തിൻെറയും ഉടമസ്ഥനായിരുന്നു മുഹമ്മദ് നബി (സ)യെങ്കിൽ അദ്ദേഹത്തിന് പരശ്ശതം അനുയായികളുണ്ടായതെങ്ങനെ? സാധാരണയായി നാം മനസ്സിലാക്കുന്ന 'ദിവ്യൻ'മാരുടെ അനുയായികളെപ്പോലെയായിരുന്നില്ല മുഹമ്മദി(സ)ൻെറ അനുചരന്മാർ. അദ്ദേഹത്തിൻെറ ഉപദേശങ്ങൾ പ്രാവർത്തികമാക്കുന്നതിനു വേണ്ടി മൽസരിക്കുകയായിരുന്നു അവർ. ഒരു ഉന്മാദരോഗിയുടെ വാക്കുകൾ അനുസരിക്കുവാൻ വേണ്ടി ജനസഹസ്രങ്ങൾ മൽസരിച്ചുവെന്ന് പറഞ്ഞാൽ അത് വിശ്വസിക്കാനാവുമോ?

രണ്ട്: ഉന്മാദരോഗികളുടെ പ്രതികരണങ്ങൾ വൈരുധ്യാത്മകമായിരിക്കും. സന്തോഷവേളയിൽ പൊട്ടിക്കരയുകയും സന്താപവേളയിൽ പൊട്ടിച്ചിരിക്കുകയും ചെയ്യും. വെറുതെ ചിരിക്കുകയും കരയുകയും ചെയ്യുന്ന സ്വഭാവവും കണ്ടുവരാറുണ്ട്.

മുഹമ്മദ്(സ)യുടെ പ്രതികരണങ്ങൾ സമചിത്തതയോടുകൂടിയുള്ളതായിരുന്നു. ഒരു സംഭവം: പ്രവാചകൻ (സ) ഒരു മരത്തണലിൽ വിശ്രമിക്കുകയാണ്. പെട്ടെന്ന് ഊരിപ്പിടിച്ച വാളുമായി മുന്നിൽ ഒരു കാട്ടാളൻ പ്രത്യക്ഷപ്പെട്ടു. അയാൾ ചോദിച്ചു: "എന്നിൽനിന്ന് നിന്നെ ഇപ്പോൾ ആര് രക്ഷിക്കും?" പ്രവാചകൻ അക്ഷോഭ്യനായി മറുപടി പറഞ്ഞു: 'അല്ലാഹു'. ഈ മറുപടിയുടെ ദൃഢത കേട്ട് കാട്ടാളൻെറ കൈയിൽനിന്ന് വാൾ വീണുപോയി.

ഒരു ഉന്മാദരോഗിയിൽനിന്ന് ദൃഢചിത്തതയോടുകൂടിയുള്ള ഇത്തരം പെരുമാറ്റങ്ങൾ പ്രതീക്ഷിക്കുവാൻ കഴിയുമോ?

മൂന്ന്: ഉന്മാദരോഗികൾ അന്തർമുഖരായിരിക്കും. പുറമെയുള്ള ലോകത്ത് നടക്കുന്ന സംഭവങ്ങളിലൊന്നും അവർക്ക് യാതൊരു താൽപര്യവും കാണുകയില്ല.

മുഹമ്മദ് നബി (സ) അന്തർമുഖനായിരുന്നില്ല. തൻെറ ചുറ്റുപാടും നടക്കുന്ന സംഭവങ്ങൾ അതീവ താൽപര്യത്തോടെ നിരീക്ഷിക്കുകയും തൻെറ പങ്ക് ആവശ്യമെങ്കിൽ നിർവഹിക്കുകയും ചെയ്തിരുന്ന വ്യക്തിയാണദ്ദേഹം. ജനങ്ങൾക്ക് ധാർമിക നിർദേശങ്ങൾ നൽകുക മാത്രമല്ല, അവർക്ക് മാതൃകയായി ജീവിച്ച് കാണിച്ചുകൊടുക്കുകകൂടി ചെയ്ത വ്യക്തിയായിരുന്നു അദ്ദേഹം.

ലാമാർട്ടിൻ എഴുതി: 'തത്ത്വജ്ഞാനി, പ്രസംഗകൻ, ദൈവദൂതൻ,





നിയമനിർമാതാവ്, പോരാളി, ആശയങ്ങളുടെ ജേതാവ്, അബദ്ധ സങ്കൽപങ്ങളിൽനിന്ന് മുക്തമായ ആചാര വിശേഷങ്ങളുടെയും യുക്തിബന്ധുരമായ വിശ്വാസപ്രമാണങ്ങളുടെയും പുനഃസ്ഥാപകൻ, ഇരുപത് ഭൗതിക സാമ്രാജ്യങ്ങളുടെ സ്ഥാപകൻ –അതായിരുന്നു മുഹമ്മദ്. മനുഷ്യത്വത്തിൻെറ എല്ലാ മാനദണ്ഡങ്ങളും വെച്ച് പരിഗണിക്കുമ്പോൾ നാം വ്യക്തമായും ചോദിച്ചേക്കാം. മുഹമ്മദിനേക്കാൾ മഹാനായ മറ്റു വല്ല മനുഷ്യനുമുണ്ടോ?"(Historie De La turquie., Vol, 2 Page 277)-

അന്തർമുഖനായ ഒരു ഉന്മാദരോഗിയെക്കുറിച്ച വിലയിരുത്തലാണോ ഇത്?

നാല്: ഉന്മാദരോഗികൾക്ക് നിർണിതമായ എന്തെങ്കിലും ലക്ഷ്യത്തിനു വേണ്ടി വ്യവസ്ഥാപിതമായി പ്രവർത്തിക്കാൻ കഴിയില്ല. കാര്യമായി യാതൊന്നും ചെയ്യാനാവാത്ത ഇവർ ശാരീരികമായും മാനസികമായും തളർന്നവരായിരിക്കും.

മുഹമ്മദ് നബി(സ) ജനങ്ങളെ സത്യമാർഗത്തിലേക്ക് നയിക്കുന്നതിനുവേണ്ടി അയക്കപ്പെട്ട ദൈവദൂതന്മാരിൽ അന്തിമനായിരുന്നു. തന്നിലേൽപിക്കപ്പെട്ട ഉത്തരവാദിത്തം രണ്ടു ദശാബ്ദത്തിലധികം ഭംഗിയായി നിർവഹിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞു. ചിട്ടയോടുകൂടിയുള്ള പ്രബോധന പ്രവർത്തനങ്ങൾ വഴി ജനസഹസ്രങ്ങളെ ദൈവികമതത്തിലേക്ക് ആകർഷിക്കുവാൻ മുഹമ്മദി(സ)ന് സാധിച്ചു. സാംസ്കാരിക രംഗത്ത് വട്ടപ്പൂജ്യത്തിലായിരുന്ന ഒരു ജനവിഭാഗത്തെ ലോകത്തിന് മുഴുവൻ മാതൃകയാക്കി പരിവർത്തിപ്പിക്കുവാൻ വേണ്ടിവന്നത് കേവലം ഇരുപത്തിമൂന്ന് വർഷങ്ങൾ മാത്രം. ലോകചരിത്രത്തെ ഏറ്റവുമധികം സ്വാധീനിച്ച വ്യക്തിയാണ് മുഹമ്മദ്(സ) എന്ന് ചരിത്രത്തെ നിഷ്പക്ഷമായി നോക്കിക്കണ്ടവരെല്ലാം അഭിപ്രായപ്പെട്ടിട്ടുണ്ട്.

ഇതെല്ലാം ഒരു ഉന്മാദരോഗിക്ക് കഴിയുന്നതാണെന്ന് പ്രസ്തുത രോഗത്തെക്കുറിച്ച് അൽപമെങ്കിലും അറിയുന്നവരാരെങ്കിലും സമ്മതിക്കുമോ?

അഞ്ച്: ഉന്മാദരോഗി അശരീരികൾ കേൾക്കുകയും (Auditory Hallucination) മിഥ്യാഭ്രമത്തിലായിരിക്കുകയും (Delusion) മായാദൃശ്യങ്ങൾ കാണുകയും (Hallucination) ചെയ്യും. ഈ അശരീരികളും മായാദൃശ്യങ്ങളും യാഥാർഥ്യവുമായി യാതൊരു ബന്ധവുമുള്ളതായിരിക്കില്ല.

മുഹമ്മദ് നബി(സ)ക്കുണ്ടായ വെളിപാടുകളും ദർശനങ്ങളും ഈ ഗണത്തിൽ പെടുത്തിക്കൊണ്ടാണ് വിമർശകർ അദ്ദേഹത്തിൽ ഉന്മാദരോഗം ആരോപിക്കുന്നത്. ഉന്മാദരോഗത്തിൻെറ മറ്റു ലക്ഷണങ്ങളൊന്നും

നബിയിൽ ഉണ്ടായിരുന്നില്ലെന്ന് നാം മനസ്സിലാക്കി. അപ്പോൾ ഈ വെളിപാടുകളുടെ മാത്രം വെളിച്ചത്തിൽ അദ്ദേഹം ഉന്മാദരോഗിയാണെന്ന് പറയുന്നതെങ്ങനെ? ഉന്മാദരോഗിക്കുണ്ടാവുന്ന 'വെളിപാടു'കൾ അയാളുടെ രോഗത്തിൻെറ ലക്ഷണമാണ്. ഈ വെളിപാടുകൾ അയാളുടെ വൈയക്തിക മേഖലകളുമായി മാത്രം ബന്ധപ്പെട്ടതായിരിക്കും. എന്നാൽ, മുഹമ്മദി(സ)നുണ്ടായ വെളിപാടുകളോ? ആ വെളിപാടുകൾ ഒരു ഉത്തമ സമൂഹത്തെ പടിപടിയായി വാർത്തെടുക്കുകയായിരുന്നു. ആദ്യം ദൈവബോധവും പരലോകചിന്തയും ജനങ്ങളിൽ വളർത്തി. ഘട്ടം ഘട്ടമായി സമൂഹത്തെ മുച്ചൂടും ബാധിച്ചിരുന്ന എല്ലാ തിന്മകളുടെയും അടിവേരറുത്തു. അങ്ങനെ ഒരു മാതൃകാ സമൂഹത്തിൻെറ സൃഷ്ടിക്ക് നിമിത്തമാകുവാൻ മുഹമ്മദി(സ)ന് ലഭിച്ച വെളിപാടുകൾക്ക് കഴിഞ്ഞു. അത് സൃഷ്ടിച്ച വിപ്ലവം മഹത്തരമാണ്. ചരിത്രകാലത്ത് അതിനു തുല്യമായ മറ്റൊരു വിപ്ലവം നടന്നിട്ടില്ല.

ഉന്മാദരോഗി കേൾക്കുന്ന അശരീരികൾക്ക് ഒരു മാതൃകാ സമൂഹത്തിൻെറ സൃഷ്ടിക്കോ നിസ്തുലമായ ഒരു വിപ്ലവത്തിനോ നിമിത്തമാകുവാൻ കഴിയുമോ?

മുഹമ്മദി(സ)ന് ഉന്മാദരോഗമായിരുന്നുവെന്നും അദ്ദേഹം ശ്രവിച്ച അശരീരികളാണ് ഖുർആനിലുള്ളതെന്നുമുള്ള വാദം പരിഗണനപോലും അർഹിക്കാത്ത ആരോപണം മാത്രമാണെന്നാണ് ഇതിൽനിന്നെല്ലാം വ്യക്തമാകുന്നത്.

**മുഹമ്മദി(സ)ന് വെളിപാടുകൾ വന്നിരിക്കാം. എന്നാൽ അവ പൈശാചിക വെളിപാടുകൾ ആയിക്കൂടെ?**

ക്രൈസ്തവ വിമർശകരാണ് മുഹമ്മദ് നബിക്ക് ലഭിച്ച വെളിപാടുകൾ പിശാചിൽനിന്നാണെന്ന ആരോപണം ഉന്നയിക്കുന്നത്. മുഹമ്മദി(സ)ന് ലഭിച്ച വെളിപാടുകൾ പിശാചുബാധയുടെ ഫലമായുണ്ടായതാണെന്ന് വരുത്തിത്തീർക്കാനാണ് സി.ഡി. ഫാണ്ടർ, ക്ലേയ്ർ ടിസ്ഡാൽ, ജോഷ്മാക് ഡവൽ, ജോൺജിൽ ക്രിസ്റ്റ്, ജി. നെഹ്ൽസ് തുടങ്ങിയ ക്രൈസ്തവ ഗ്രന്ഥകാരന്മാരെല്ലാം ശ്രമിച്ചിരിക്കുന്നത്. യേശുക്രിസ്തുവിൻെറ ക്രൂശീകരണത്തെയും അതുമൂലമുള്ള പാപപരിഹാരത്തെയും നിഷേധിച്ചുകൊണ്ട് മനുഷ്യരാശിയെ പാപത്തിൻെറ ഗർത്തത്തിൽതന്നെ തളച്ചിടുവാനുള്ള പിശാചിൻെറ പരിശ്രമമാണ് ഖുർആനിൻെറ രചനക്കു പിന്നിലുള്ളതെന്ന് അവർ വാദിക്കുന്നു. മനുഷ്യശരീരത്തിൽ പിശാച് കയറിക്കൂടുമോ? പിശാചുബാധകൊണ്ട് ഒരാൾക്ക് രോഗങ്ങളുണ്ടാവുമോ? പിശാചുബാധിച്ച ഒരാൾക്ക് വെളിപാടുണ്ടാവുമോ? തുടങ്ങിയ ചർച്ചകൾ ഇവിടെ





അപ്രസക്തമാണ്. ബൈബിൾ പ്രകാരം പിശാചുബാധിച്ച ഒരാളിൽ കാണപ്പെടുന്ന അസുഖങ്ങൾ എന്തെല്ലാമാണെന്ന് പരിശോധിക്കുക.

1. ബുദ്ധിഭ്രമത്താൽ അലറി വിളിക്കൽ (മാർക്കോസ് 1:24, ലൂക്കോസ് 9:39, യോഹന്നാൻ 10:20)
2. സ്വയം നശീകരണ പ്രവണത (മത്തായി 55:9, 18: 17, 15:32, മർക്കോസ് 5: 13, ലൂക്കോസ്, 8:33)
3. നഗ്നമായി നടക്കുന്നതിനുള്ള പ്രവണത (ലൂക്കോസ് 8:2, 8:35)
4. പിശാചിനാൽ തള്ളയിടപ്പെടുക (മത്തായി 17:15, മർക്കോസ് 1: 26, 9:18, 9:20, 9:26)
5. മൂകത (മർക്കോസ് 9:25, 9:32, 12:22, ലൂക്കോസ് 11:14)
6. ബധിരത (മർക്കോസ് 9: 25)
7. അന്ധത (മത്തായി 12:22)
8. മറ്റാരും കാണാത്തത് കാണുകയും അറിയുകയും ചെയ്യുക (മർക്കോസ് 1:24, ലൂക്കോസ് 4:3, മത്തായി 8:29)

പിശാചുബാധിതനിൽ കാണപ്പെടുന്നതെന്ന് ബൈബിൾ ഉദ്ഘോഷിക്കുന്ന ലക്ഷണങ്ങളൊന്നും മുഹമ്മദി(സ)ൽ ഉണ്ടായിരുന്നതായി നമുക്ക് കാണാൻ കഴിയുന്നില്ല. ദൈവിക വെളിപാടുകൾ ലഭിക്കുമ്പോൾ അവ ഒരു മണിനാദം പോലെ തനിക്ക് അനുഭവപ്പെടാറുണ്ടെന്നും അതാണ് ഏറ്റവും പ്രയാസകരമായ വെളിപാടു രീതിയെന്നും മുഹമ്മദ് (സ) പറഞ്ഞതാണ് അദ്ദേഹത്തെ പിശാചുബാധിച്ചിരുന്നുവെന്നും പൈശാചിക വെളിപാടുകളാണ് ഖുർആനെന്നും വാദിക്കുന്നവരുടെ ഒരു തെളിവ്. വെളിപാട് ലഭിച്ചുകൊണ്ടിരുന്ന അതിശൈത്യമുള്ള ഒരു ദിവസം പ്രവാചകൻെറ നെറ്റിയിൽ വിയർപ്പുതുള്ളിയുണ്ടായിരുന്നതായി ഞാൻ കണ്ടുവെന്ന പ്രവാചകപത്നി ആഇശ(റ)യുടെ നിവേദനമാണ് മറ്റൊരു തെളിവ്. ഇവിടെ പ്രസക്തമായ ഒരു ചോദ്യമുണ്ട്. പിശാചുബാധിതന് ചെവിയിൽ മണിയടിക്കുന്നതുപോലെ തോന്നുമെന്നോ അവൻെറ നെറ്റിത്തടം അതിശൈത്യമാണെങ്കിലും വിയർപ്പുതുള്ളികളാൽ നിറയുമെന്നോ ബൈബിളിൽ എവിടെയെങ്കിലുമുണ്ടോ? ഇല്ലെങ്കിൽ, പ്രവാചക(സ)നിൽ പിശാചുബാധ ആരോപിക്കുവാൻ ബൈബിളിൻെറ അനുയായികൾക്ക് എന്തടിസ്ഥാനമാണുള്ളത്?

പ്രവാചകന് ലഭിച്ച ദൈവിക സന്ദേശങ്ങൾ പിശാചുബാധയുടെ ഉൽപന്നങ്ങളാണെന്ന് പറയുന്നവർ തങ്ങളുടെതന്നെ വിശുദ്ധന്മാരാണ് പിശാ

ചുബാധയേറ്റവരെന്ന് പറയാൻ നിർബന്ധിതരാവുമെന്നതാണ് വാസ്തവം.

യേശുവിൻെറ ജീവിതകാലമത്രയും അദ്ദേഹത്തെയും അദ്ദേഹം പഠിപ്പിച്ച ആശയങ്ങളെയും നശിപ്പിക്കുവാൻ വേണ്ടി അഹോരാത്രം പരിശ്രമിക്കുകയും (അപ്പോസ്തല പ്രവൃത്തികൾ 9:1, 26:10, 8:1) അദ്ദേഹത്തിനുശേഷം ക്രിസ്തു തനിക്ക് വെളിപ്പെട്ടിട്ടുണ്ടെന്ന് അവകാശവാദമുന്നയിക്കുകയും ചെയ്തയാളാണ് 'വിശുദ്ധ പൗലോസ്'. അദ്ദേഹത്തിന് ക്രിസ്തുദർശനം ലഭിച്ച രീതിയെക്കുറിച്ച് ബൈബിൾ വിവരിക്കുന്നത് കാണുക: "പിന്നെ അയാൾ യാത്ര പുറപ്പെട്ട് ഡമാസ്കസിനെ സമീപിച്ചപ്പോൾ, പെട്ടെന്ന് ആകാശത്തുനിന്ന് ഒരു പ്രകാശം അയാളുടെ ചുറ്റും മിന്നലൊളി പരത്തി. സാവൂൾ നിലം പതിച്ചു. 'സാവൂൾ, സാവൂൾ നീ എന്നെ പീഡിപ്പിക്കുന്നത് എന്തിന്? എന്ന് തന്നോട് ചോദിക്കുന്ന ഒരു സ്വരം കേൾക്കായി. അപ്പോൾ അയാൾ ചോദിച്ചു: 'പ്രഭോ നീ ആരാണ്? അവൻ പറഞ്ഞു: നീ പീഡി പ്പ ി ക്ക ു ന്ന യേശുവാണ് ഞാൻ. എഴുന്നേറ്റ് നഗരത്തിൽ ചെല്ലുക. നീ ചെയ്യേണ്ടത് എന്തെന്ന് അവിടെ വെച്ച് നിനക്ക് അറിവ് കിട്ടും'. 'അയാളോടൊപ്പം യാത്ര ചെയ്തിരുന്ന ആളുകൾ സ്വരം കേട്ടെങ്കിലും ആരെയും കാണായ്കയാൽ വിസ്മയ സ്തബ്ധരായി നിന്നുപോയി. വീണുകിടന്നിടത്തുനിന്ന് സാവൂൾ എഴുന്നേറ്റു. കണ്ണുതുറന്നിട്ടും അയാൾക്ക് ഒന്നും കാണാൻ കഴിഞ്ഞില്ല. അതിനാൽ അവർ അയാളെ കൈക്കുപിടിച്ച് ഡമാസ്കസിലേക്കു കൊണ്ടുപോയി. മൂന്നു ദിവസത്തേക്ക് അയാൾക്ക് കാഴ്ചയില്ലായിരുന്നു; അയാൾ തിന്നുകയോ കുടിക്കുകയോ ചെയ്തതുമില്ല" (അപ്പോസ്തല പ്രവൃത്തികൾ 9:3–9)

നിലംപതിക്കുന്നതും കൂടെയുള്ളവർ കാണാത്തത് കാണുന്നതും കേൾക്കാത്തത് കേൾക്കുന്നതും കണ്ണു കാണാതാവുന്നതുമെല്ലാം പിശാചുബാധയുടെ ലക്ഷണങ്ങളായി സുവിശേഷങ്ങളിൽ സൂചിപ്പിക്കപ്പെട്ടിട്ടുള്ളത് നാം കണ്ടു. ക്രിസ്തുവിനെ താൻ കണ്ടുവെന്ന് പൗലോസ് അവകാശപ്പെട്ട സംഭവത്തിൽ ഇതെല്ലാം അദ്ദേഹം അനുഭവിക്കുന്നുമുണ്ട്. പൗലോസിന് പിശാചുബാധയാണ് ഉണ്ടായതെന്ന് വാദിച്ചാൽ അത് അംഗീകരിക്കാൻ ക്രൈസ്തവ സമൂഹം സന്നദ്ധമാവുമോ? മുഹമ്മദി(സ)ന് പിശാചുബാധയായിരുന്നുവെന്ന് സമർഥിക്കുവാൻ ബൈബിളിൽനിന്ന് ഒരു തെളിവെങ്കിലുമുദ്ധരിക്കാൻ ക്രൈസ്തവ വിമർശകർക്ക് കഴിയില്ല. അതേസമയം, നിലവിലുള്ള ക്രിസ്തുമതത്തിൻെറ സ്ഥാപകനായ പൗലോസിന് പിശാചുബാധയാണ് അനുഭവപ്പെട്ടതെന്ന് ബൈബിൾ ഉപയോഗിച്ചു കൊണ്ട് സ്ഥാപിക്കാൻ ഒരാൾക്ക് കഴിയും. അപ്പോൾ ആർക്കാണ് പിശാചുബാധ?





ഇനി, മുഹമ്മദ് നബി(സ)ക്ക് പിശാച് ബാധിച്ചതുകൊണ്ടാണ് ഖുർആൻ എഴുതിയുണ്ടാക്കിയതെന്ന ക്രൈസ്തവവാദത്തിൻെറ ആണിക്കല്ല് പരിശോധിക്കുക. യേശുക്രിസ്തുവിൻെറ കുരിശുമരണത്തിലൂടെയുള്ള പാപപരിഹാരം എന്ന ആശയത്തെ വിമർശിക്കുന്നതുമൂലമാണല്ലോ ഖുർആൻ പിശാചിൻെറ സൃഷ്ടിയാണെന്ന് വാദിക്കുന്നത്.

എന്നാൽ, യാഥാർഥ്യമെന്താണ്? യേശുക്രിസ്തു പരിശുദ്ധനായിരുന്നുവെന്ന് മുസ്‌ലിംകളും ക്രൈസ്തവരും വിശ്വസിക്കുന്നു. അദ്ദേഹം സർവശക്തനാൽ നിയുക്തനായ വ്യക്തിയാണെന്ന് ഇരുകൂട്ടരും സമ്മതിക്കുന്നു. അദ്ദേഹത്തിന് പിശാചുബാധയുണ്ടായിട്ടില്ലെന്ന് ഇരുകക്ഷികളും പറയുന്നു. എങ്കിൽ, മുഹമ്മദ് നബി(സ)ക്കോ പൗലോസിനോ ആർക്കാണ് പിശാചിൽനിന്ന് വെളിപാടുണ്ടായതെന്ന് പരിശോധിക്കാൻ നമുക്കെന്തുകൊണ്ട് യേശുക്രിസ്തുവിൻെറ ഉപദേശങ്ങളുമായി അവരുടെ ഉപദേശങ്ങളെ താരതമ്യം ചെയ്തുകൂടാ? പിശാചിൽനിന്ന് വെളിപാടുണ്ടായ വ്യക്തി യേശുവിൻെറ ശത്രുവായിരിക്കുമല്ലോ. ഒരു ദൈവദൂതൻെറ ശത്രു അയാൾ പ്രബോധനം ചെയ്യുന്ന ആശയങ്ങളുടെ ശത്രുവായിരിക്കും എന്നോർക്കുക.

യേശു പറഞ്ഞു: നിയമത്തെ (തോറ)യോ പ്രവാചകന്മാരെയോ റദ്ദാക്കാനല്ല ഞാൻ വന്നത്' (മത്തായി 5:17).

ഖുർആൻ പറയുന്നു: 'തീർച്ചയായും നാം തന്നെയാണ് തൗറാത്ത് അവതരിപ്പിച്ചിരിക്കുന്നത്, അതിൽ മാർഗദർശനവും പ്രകാശവുമുണ്ട്' (5:44).

'മർയമിൻെറ മകൻ ഈസ പറഞ്ഞ സന്ദർഭം: ഇസ്രായേൽ സന്തതികളേ, എനിക്കുമുമ്പുള്ള തൗറാത്തിനെ സത്യപ്പെടുത്തുന്നവനായിക്കൊണ്ടും എനിക്ക് ശേഷം വരുന്ന അഹ്മദ് എന്നു പേരുള്ളൊരു ദൂതനെപ്പറ്റി സന്തോഷവാർത്ത അറിയിക്കുന്നവനായിക്കൊണ്ടും നിങ്ങളിലേക്ക് അല്ലാഹുവിൻെറ ദൂതനായി നിയോഗിക്കപ്പെട്ടവനാകുന്നു ഞാൻ' (61:6).

പൗലോസ് എഴുതി: 'നിയമാനുഷ്ഠാനങ്ങളെ (തോറ) ആശ്രയിക്കുന്നവരെല്ലാം ശാപഗ്രസ്തരാണ് (ഗലാത്തിയക്കാർ 3:10).

'ക്രിസ്തു നിയമത്തിൻെറ ശാപത്തിൽനിന്നു നമ്മെ മോചിപ്പിച്ചിരിക്കുന്നു' (ഗലാത്തിയക്കാർ 3:13).

'അവൻ (യേശു) തൻെറ ശരീരത്തിൽ, നിയമത്തെ അതിൻെറ കൽപനകളോടും അനുശാസനങ്ങളോടുംകൂടി റദ്ദാക്കി' (എഫേസോസുകാർ 2:15)

ഞാൻ നിയമത്തെ റദ്ദാക്കാനല്ല വന്നതെന്ന് യേശു, ഖുർആനും അതു തന്നെ പറയുന്നു. പൗലോസാകട്ടെ യേശു നിയമത്തിൽനിന്ന് ലോകത്തെ

രക്ഷിക്കാനാണ് വന്നത് എന്നു സമർഥിക്കുന്നു. ആർക്കാണ് പിശാചിൻെറ വെളിപാട്?

യേശുക്രിസ്തു താൻ ദൈവമാണെന്ന് പഠിപ്പിച്ചില്ല (മർക്കോസ് 12:29, മത്തായി 4:10) ഇക്കാര്യം ഖുർആൻ അർഥശങ്കക്കിടയില്ലാത്തവണ്ണം വ്യക്തമാക്കുന്നു (3:51), എന്നാൽ പൗലോസ് പറഞ്ഞതാകട്ടെ 'പ്രകൃത്യാതന്നെ ദൈവമായിരുന്നിട്ടും ദൈവത്തോടു തനിക്കുള്ള തുല്യതയെ, മുറുകെപ്പിടിച്ചുകൊണ്ടിരിക്കേണ്ട ഒരു കാര്യമായി അവൻ പരിഗണിച്ചില്ല? (ഫിലിപ്പിയർ 2:6). 'അവൻ അദൃശ്യനായ ദൈവത്തിൻെറ പ്രതിരൂപമാണ്; സർവസൃഷ്ടികളിലും ആദ്യജാതൻ' (കൊളോസിയക്കാർ 1:15) എന്നിങ്ങനെയാണ്. യേശുക്രിസ്തുവിന് സ്വയം താൻ ദൈവമാണെന്ന വെളിപാട് ലഭിച്ചിട്ടില്ല. അങ്ങനെ ലഭിച്ചിരുന്നുവെങ്കിൽ അദ്ദേഹം അത് പറയുമായിരുന്നു. എന്നാൽ, പൗലോസിന് യേശു ദൈവമായിരുന്നുവെന്ന് വെളിപാട് കിട്ടി. പ്രസ്തുത വെളിപാട് എവിടെനിന്നായിരിക്കണം?

അബ്രഹാമിനോട് ദൈവം ചെയ്ത ഉടമ്പടിയായിട്ടാണ് പരിച്ഛേദനാ കർമത്തെ ബൈബിൾ പരിചയപ്പെടുത്തുന്നത്. 'നീയും നിനക്കു ശേഷം തലമുറയായി നിൻെറ സന്തതികളും പാലിക്കേണ്ട ഉടമ്പടി'യെന്നു പറഞ്ഞുകൊണ്ടാണ് അബ്രഹാമിനോട് കർത്താവ് പരിച്ഛേദന ചെയ്യുന്നതിനുള്ള കൽപന നൽകുന്നത് (ഉൽപത്തി 17:9–14) കർത്താവ് മോശയോടു പറഞ്ഞതായി ബൈബിൾ ഉദ്ധരിക്കുന്നു: 'എട്ടാം ദിവസം ശിശുവിൻെറ പരിച്ഛേദനം നടത്തണം (ലേവിയർ 12:3) ഈ ദൈവിക കൽപന യേശുവും അനുസരിച്ചിരുന്നു. 'എട്ടു ദിവസം പൂർത്തിയായപ്പോൾ ശിശുവിന് പരിച്ഛേദനം നടത്തി' (ലൂക്കോസ് 2:21). പരിച്ഛേദനം ചെയ്യേണ്ടതില്ലെന്ന് യേശു ആരോടും പറഞ്ഞില്ല. കാരണം അദ്ദേഹത്തിന് അത്തരത്തിലുള്ള ഒരു ബോധനം ലഭിച്ചിരുന്നില്ല. എന്നാൽ പൗലോസ് പറയുന്നത് കാണുക: 'പരിച്ഛേദനം സ്വീകരിക്കുന്നുവെങ്കിൽ നിങ്ങൾക്ക് ക്രിസ്തുവിനെക്കൊണ്ട് നേട്ടമില്ല' (ഗലാത്തിയക്കാർ 5:2). ഈ വെളിപാട് പൗലോസിന് എവിടെനിന്ന് കിട്ടി? ദൈവത്തിൽ നിന്നാകാൻ വഴിയില്ല. പിന്നെയോ?

പിശാചിൽനിന്നാണ് മുഹമ്മദി(സ)ന് വെളിപാടുണ്ടായത് എന്നുപറയാനുള്ള പ്രധാനപ്പെട്ട കാരണം കുരിശുമരണത്തെയും പാപപരിഹാരബലിയെയും ഖുർആൻ നിഷേധിക്കുന്നുവെന്നതാണല്ലോ. യേശുവിനെയും മാതാവിനെയും പുകഴ്ത്തുകയും ആദരിക്കുകയും ചെയ്യുന്ന ഒട്ടനവധി സൂക്തങ്ങൾ ഖുർആനിലുണ്ട്. ഖുർആനിൽ പേരു പരാമർശിക്കപ്പെട്ട ഏക വനിത മർയമാണെന്നോർക്കുക. യേശു ചെയ്തതായി ബൈബിളിൽ





പറയാത്ത കളിമൺപക്ഷികളിൽ ഊതി അവയ്ക്ക് ജീവനിടുക തുടങ്ങിയ അത്ഭുതങ്ങളെക്കുറിച്ച് ഖുർആൻ പ്രതിപാദിക്കുന്നുമുണ്ട് (3:49). തൊട്ടിലിൽ വെച്ച് ഉണ്ണിയേശു സംസാരിച്ചതായുള്ള ഖുർആനിക പരാമർശം (19:30) ബൈബിളിലൊരിടത്തും കാണുവാൻ സാധ്യമല്ല. യേശുവിൻെറ വിശുദ്ധ വ്യക്തിത്വത്തിൽ കളങ്കമുണ്ടാക്കുന്ന യാതൊന്നും ഖുർആനിലില്ല. യോഹന്നാൻെറ സുവിശേഷ പ്രകാരം ക്രിസ്തുവിൻെറ ആദ്യത്തെ അത്ഭുതം കാനായിലെ കല്യാണവിരുന്നിൽ വെച്ച് മദ്യം നിർമിച്ചു നൽകിയതാണെന്ന കാര്യം പ്രത്യേകം പ്രസ്താവ്യമാണ് (യോഹന്നാൻ 2:1–11). ഖുർആനിൽ ഇത്തരം യാതൊരു പരാമർശവുമില്ല.

'മരത്തിൽ തൂക്കിക്കൊല്ലപ്പെടുന്നവൻ ദൈവത്താൽ ശപിക്കപ്പെട്ടവനാണ്' (ആവർത്തനം 21:23)എന്നാണ് ബൈബിളിൻെറ സിദ്ധാന്തം. കുരിശിൽ തറക്കുക വഴി യേശുവിനെ ശപിക്കപ്പെട്ടവനായി മുദ്രയടിക്കുകയാണ് തങ്ങൾ ചെയ്തതെന്നാണ് യഹൂദർ കരുതിയത്. പൗലോസ് പറയുന്നതും മറ്റൊന്നല്ല. 'മരത്തിൽ തൂക്കപ്പെടുന്നവരെല്ലാം ശപിക്കപ്പെട്ടവർ എന്ന് എഴുതിയിരിക്കുന്നതുപോലെ ക്രിസ്തു നമുക്കുവേണ്ടി ശാപമായിത്തീരുന്നു' (ഗലാത്യർ 3:13). അപ്പോൾ ക്രൂശീകരണം യേശുവിനെ ശപിക്കപ്പെട്ടവനാക്കുകയാണ് ചെയ്യുന്നത്. ലോകത്തിനുവേണ്ടി യേശു ശാപമായിത്തീർന്നുവെന്ന വാദം ഖുർആൻ അംഗീകരിക്കുന്നില്ല. ശാപത്തിൻെറ മരക്കുരിശിൽനിന്ന് തന്നെ രക്ഷിക്കേണമേയെന്ന ക്രിസ്തുവിൻെറ പ്രാർഥന (മത്തായി 26:39) ദൈവം കേട്ടില്ലെന്നു കരുതുന്നത് ദൈവിക കാരുണ്യത്തിൻെറ നിഷേധമല്ലാതെ മറ്റെന്താണ്? ശപിക്കപ്പെട്ട മരക്കുരിശിൽനിന്ന് ചടച്ചതമ്പുരാൻ യേശുവിനെ രക്ഷിച്ചുകൊണ്ട് യഹൂദന്മാരുടെ ഗൂഢാലോചനയെ തകർക്കുകയാണ് ചെയ്തത് എന്നാണ് ഖുർആൻ പഠിപ്പിക്കുന്നത് (4:157, 158).

മരക്കുരിശിൽ ക്രൂശിക്കുക വഴി യേശുവിനെ ശപിക്കപ്പെട്ടവനാക്കിയെന്ന് യഹൂദന്മാർ.

മരക്കുരിശിൽ മരിച്ച് യേശു ശപിക്കപ്പെട്ടവനായിത്തീർന്നുവെന്ന് പൗലോസ്.

മരക്കുരിശിൽനിന്ന് പരിശുദ്ധനായ യേശുവിനെ ദൈവം രക്ഷിച്ചുവെന്ന് ഖുർആൻ.

ഏതാണ് പിശാചിൻെറ വെളിപാട്? യേശുവിനെ മഹത്വപ്പെടുത്തുന്നതോ അതല്ല ശാപഗ്രസ്തനാക്കുന്നതോ?

ചുരുക്കത്തിൽ, ഖുർആൻ പൈശാചിക വെളിപാടാണെന്ന് സമർഥി

# നാല്

## ഖുർആനും സാഹിത്യവും

**ഖുർആൻ ഒരു അമാനുഷിക ദൃഷ്ടാന്തമാണെന്ന് പറയുമ്പോൾ എന്താണ് അർഥമാക്കുന്നത്?**

സർവശക്തനായ സ്രഷ്ടാവിനാൽ നിയുക്തരാവുന്ന പ്രവാചകന്മാർക്ക് തങ്ങളുടെ പ്രവാചകത്വത്തിൻെറ സത്യത ജനങ്ങളെ ബോധ്യപ്പെടുത്തുന്നതിനായി ചില അമാനുഷിക ദൃഷ്ടാന്തങ്ങൾ ദൈവം നൽകിയിരുന്നതായി വേദഗ്രന്ഥങ്ങളിൽനിന്ന് മനസ്സിലാക്കാൻ കഴിയും. അവർ ജീവിച്ചിരുന്ന സമൂഹത്തിലെ ജനങ്ങൾക്ക് അവരുടെ പ്രവാചകത്വത്തെക്കുറിച്ച അവകാശവാദം ശരിതന്നെയാണെന്ന് ബോധ്യപ്പെടുത്തുകയായിരുന്നു പ്രസ്തുത ദൃഷ്ടാന്തങ്ങളുടെ ഉദ്ദേശ്യം. മൂസാ നബി(അ)ക്ക് നൽകപ്പെട്ട സർപ്പമായി മാറുന്ന വടി ഒരുദാഹരണം. ഇതുപോലുള്ള അത്ഭുതങ്ങൾ മുഹമ്മദ് നബി(സ)യിലൂടെയും വെളിപ്പെട്ടിട്ടുണ്ട്. ചന്ദ്രനെ പിളർത്തിയത് ഒരു ഉദാഹരണം മാത്രം.

ഇത്തരം അത്ഭുതങ്ങൾ പ്രവാചകന്മാരുടെ ജീവിതകാലത്ത് മാത്രം നിലനിന്നിരുന്നവയാണ്. അവർക്കുശേഷം ആ അത്ഭുതങ്ങളൊന്നും നിലനിന്നിട്ടില്ല; നിലനിൽക്കുകയുമില്ല. അന്തിമ പ്രവാചകനിലൂടെ വെളിപ്പെട്ട ഏറ്റവും പ്രധാനപ്പെട്ട അത്ഭുതത്തിൻെറ സ്ഥിതിയിതല്ല. അത് അദ്ദേഹത്തിൻെറ ദൗത്യം പോലെതന്നെ അവസാനനാൾ വരെ നിലനിൽക്കുന്നതാണ്. ഖുർആനാണ് പ്രസ്തുത അമാനുഷിക ദൃഷ്ടാന്തം. അവസാനനാൾ വരെ ആർക്കും ഖുർആൻ പരിശോധിക്കാം. അതിലെ അത്ഭുതങ്ങൾ ആസ്വദിക്കാം. അങ്ങനെ മുഹമ്മദ് നബി (സ)യുടെ പ്രവാചകത്വം സത്യമാണോയെന്ന് തീർച്ചപ്പെടുത്താം. ഒരേസമയം, വേദഗ്രന്ഥവും അമാനുഷിക ദൃഷ്ടാന്തവുമായ ഖുർആൻ അവസാനനാൾ വരെ നിലനിൽക്കുന്ന അത്ഭുതങ്ങളുടെ അത്ഭുതമാണ്.

**ഖുർആനിനെ അമാനുഷിക ദൃഷ്ടാന്തമാക്കുന്നത് എന്താണ്?**

ഖുർആനിലെ ആശയങ്ങളും ശൈലിയും ഭാഷയുമെല്ലാം അത്ഭുതം തന്നെയാണ്. അറബി സാഹിത്യത്തിലെ അതികായന്മാർക്കിടയിലേക്കാ

ണ് ഖുർആനിൻെറ അവതരണം. പതിനാലു നൂറ്റാണ്ടു മുമ്പത്തെ കവിതകൾ അറബ് സാഹിത്യത്തിലെ മാസ്റ്റർപീസുകളാണിന്നും. അവർക്കിടയിൽ ജനിച്ചുവളർന്ന ഒരു നിരക്ഷരനിലൂടെയാണ് ഖുർആൻ ലോകം ശ്രവിക്കുന്നത്. അദ്ദേഹമാകട്ടെ നാൽപതു വയസ്സുവരെ യാതൊരുവിധ സാഹിത്യാഭിരുചിയും കാണിക്കാത്ത വ്യക്തിയും. ഖുർആനിൻെറ സാഹിത്യമേന്മയെ സംബന്ധിച്ച് അത് അവതരിപ്പിക്കപ്പെട്ട സമൂഹത്തിൽ അഭിപ്രായവ്യത്യാസമൊന്നുമുണ്ടായിരുന്നില്ല. വിശ്വാസികളും അവിശ്വാസികളുമായ അറബികളെല്ലാം ഖുർആനിൻെറ ഉന്നതമായ സാഹിത്യമൂല്യം അംഗീകരിക്കുന്നവരായിരുന്നു. അത് മാരണമാണെന്നും പൈശാചികവചനങ്ങളാണെന്നും പറഞ്ഞ്, അതിൻെറ ദൈവികത അംഗീകരിക്കാതെ മാറിനിൽക്കുകയായിരുന്നു അവിശ്വാസികൾ ചെയ്തതെന്നു മാത്രം.

ഖുറൈശി നേതാവും അറബി സാഹിത്യത്തിലെ അജയ്യനുമായിരുന്ന വലീദുബ്നു മുഗീറയോട് ഖുർആനിനെതിരെ പരസ്യപ്രസ്താവന നടത്തണമെന്നാവശ്യപ്പെട്ട അബൂജഹ്ലിന് അദ്ദേഹം നൽകിയ മറുപടി ശ്രദ്ധേയമാണ്. 'ഞാനെന്താണ് പറയേണ്ടത്? ഗദ്യത്തിലും പദ്യത്തിലും ജിന്നുകളുടെ കാവ്യങ്ങളിലും അറബി ഭാഷയുടെ മറ്റേതൊരു സാഹിത്യ ശാഖയിലും നിങ്ങളേക്കാൾ എനിക്ക് അറിവുണ്ട്. അല്ലാഹുവാണ് സത്യം! ഈ മനുഷ്യൻ സമർപ്പിക്കുന്ന വചനങ്ങൾക്ക് അവയിൽ ഒന്നിനോടും സാദൃശ്യമില്ല. അല്ലാഹുവാണെ, അവൻെറ വചനങ്ങൾക്ക് വിസ്മയാവഹമായ ഒരു മാധുര്യവും പ്രത്യേകമായൊരു ഭംഗിയുമുണ്ട്. അതിൻെറ കൊമ്പുകളും ചില്ലകളും ഫലങ്ങൾ നിറഞ്ഞതും മുരട് പശിമയാർന്ന മണ്ണിൽ ഊന്നിനിൽക്കുന്നതുമാണ്. തീർച്ചയായും അത് സർവവചനങ്ങളേക്കാളും ഉന്നതമാണ്. അതിനെ താഴ്ത്തിക്കാണിക്കാൻ മറ്റൊരു വചനത്തിനും സാധ്യമല്ല. അതിൻെറ കീഴിൽ അകപ്പെടുന്ന സകലതിനെയും അത് തകർത്തുകളയും, തീർച്ച!

ഇത് ഒരു അമുസ്ലിമിൻെറ പ്രസ്താവനയാണെന്ന് നാം ഓർക്കണം. ഖുർആനിൻെറ സാഹിത്യമൂല്യത്തെക്കുറിച്ച് ഇതിനേക്കാൾ നല്ല ഒരു സർട്ടിഫിക്കറ്റ് ആവശ്യമില്ല.

അനുകരിക്കാനാകാത്ത ശൈലിയാണ് ഖുർആനിൻെറത്. ഇക്കാര്യം ആധുനികരായ മുസ്ലിംകളല്ലാത്ത അറബി പണ്ഡിതന്മാർ പോലും അംഗീകരിച്ചിട്ടുള്ളതാണ്. ഓറിയൻറലിസ്റ്റായ ജി. സെയ്ൽ എഴുതുന്നത് കാണുക:

The style of the Quran is beautiful, it is adorned with bold figures





after the Eastern taste, enlivened with florid and sententions expressions and in many places where the Majesty and attributes of God are described, sublime and magnificient (G. Sale, The Koran: Commonly called Al-Quran, with a preliminery discourse, London 1899 vol 1 page 47)

(പൗരസ്ത്യാസ്വാദനത്തിൻെറ വ്യക്തമായ ബിംബങ്ങളാൽ അലംകൃതമാക്കപ്പെടുകയും ഉപമാലങ്കാരങ്ങളാലും അർഥ സമ്പുഷ്ടമായ പദപ്രയോഗങ്ങളാലും ചൈതന്യവത്താക്കപ്പെടുകയും ചെയ്തിട്ടുള്ള ഖുർആനിൻെറ ശൈലി അതിസുന്ദരമാണ്. ദൈവിക ഗുണങ്ങളെയും പ്രതാപത്തെയും കുറിച്ച് പ്രതിപാദിക്കുമ്പോൾ അതിൻെറ ഭാഷ പ്രൗഢവും ഗംഭീരവുമായിത്തീരുന്നു).

മറ്റൊരു ഓറിയൻറലിസ്റ്റായ എ.ജെ. ആർബറി എഴുതുന്നു:

"The complex prosody, a rich repertory of subtle and complicated rhymes had been completely perfected. A vocabulary of themes, images and figures extensive but nevertheless circumscribed, was firmly established" (A.J. Arberry, The Quran interpreted, London 1955 page 11)

(ഗഹനവും സങ്കീർണവുമായ കാവ്യശകലങ്ങളുടെ ഒരു സമ്പന്നമായ കലവറ സരളമല്ലാത്ത പദ്യരചനാരീതിയിൽ പൂർണമായി കുറ്റമറ്റതാക്കപ്പെട്ടിരിക്കുന്നു. പ്രമേയങ്ങളുടെയും ബിംബങ്ങളുടെയും രൂപങ്ങളുടെയും വിപുലമല്ലെങ്കിലും ക്ലിപ്തമായ പദസഞ്ചയത്തിൽ അവ ബലിഷ്ഠമായി സ്ഥാപിക്കപ്പെടുകയും ചെയ്തിരിക്കുന്നു)

ഖുർആനിൻെറ ശൈലിയും ഭാഷയും സാഹിത്യവുമെല്ലാം അതുല്യമാണ്. അനുകരണത്തിന് അതീതമാണ്. അതിസുന്ദരമാണ്. അറബിയറിയാവുന്ന എല്ലാവർക്കും മനസ്സിലാക്കാവുന്നതാണിത്. ഖുർആനിലെ ഓരോ സൂക്തവും അത്യാകർഷകവും ശ്രോതാവിൻെറ മനസ്സിൽ മാറ്റത്തിൻെറ വേലിയേറ്റമുണ്ടാക്കുന്നതുമാണ്. ഇത് അറബിയറിയാവുന്ന ആധുനികരും പൗരാണികരുമായ വിമർശകരെല്ലാം സമ്മതിച്ചിട്ടുള്ളതാണ്.

ഒരു കാര്യം അമാനുഷിക ദൃഷ്ടാന്തമാകുന്നത് അത് അജയ്യമാകുമ്പോഴാണ്. മോശെ പ്രവാചകൻ തൻെറ വടി നിലത്തിട്ടപ്പോൾ അത് ഉഗ്ര സർപ്പമായി മാറി. പ്രസ്തുത ദൈവിക ദൃഷ്ടാന്തത്തോട് മൽസരിക്കാനായി വന്ന മാന്ത്രികന്മാരുടെ വടികളെയും കയറുകളയുമെല്ലാം പ്രസ്തുത സർപ്പം

വിഴുങ്ങി. ഇത് ഖുർആനിലും ബൈബിളിലുമെല്ലാം വിവരിക്കുന്നുണ്ട്.

ഖുർആൻ അവകാശപ്പെടുന്നത് അതിൻെറ ശൈലിയും ഘടനയും ആശയാലേഖനവും സാഹിത്യവുമെല്ലാം അജയ്യമാണെനും അതിന് തുല്യമായ ഒരു രചന നടത്തുവാൻ സൃഷ്ടികൾക്കൊന്നും സാധ്യമല്ലെന്നുമാണ്. 'നമ്മുടെ ദാസന് നാം അവതരിപ്പിച്ചുകൊടുത്തതിനെപ്പറ്റി നിങ്ങൾ സംശയാലുക്കളാണെങ്കിൽ അതിൻേറത് പോലെയുള്ള ഒരു അധ്യായമെങ്കിലും നിങ്ങൾ കൊണ്ടുവരിക. അല്ലാഹുവിന് പുറമെ നിങ്ങൾക്കുള്ള സഹായികളെയും വിളിച്ചുകൊള്ളുക. നിങ്ങൾ സത്യവാന്മാരാണെങ്കിൽ! നിങ്ങൾക്കത് ചെയ്യാൻ കഴിഞ്ഞില്ലെങ്കിൽ – നിങ്ങൾക്ക് ഒരിക്കലും അതു ചെയ്യാൻ കഴിയുകയില്ല–മനുഷ്യരും കല്ലുകളും ഇന്ധനമായി കത്തിക്കപ്പെടുന്ന നരകാഗ്നിയെ നിങ്ങൾ കാത്തുസൂക്ഷിച്ചുകൊള്ളുക. സത്യനിഷേധികൾക്കുവേണ്ടി ഒരുക്കിവെക്കപ്പെട്ടതാകുന്നു അത്' (2:23, 24). ഇത് സത്യമാണെന്ന് ഭാഷാ പരിജ്ഞാനമുള്ളവരെല്ലാം സമ്മതിക്കുന്നു.

ഖുർആനിലേതിന് തുല്യമായ ഒരു അധ്യായമെങ്കിലും കൊണ്ടുവരാനുള്ള അതിൻെറ വെല്ലുവിളിക്ക് ഉത്തരം നൽകുവാൻ അറബ് സാഹിത്യരംഗത്തുള്ള ആർക്കുംതന്നെ ഇതുവരെ കഴിഞ്ഞിട്ടുമില്ല. ഖുർആൻ മുഹമ്മദ് നബി(സ)ക്ക് അവതരിപ്പിക്കപ്പെട്ട അമാനുഷിക ദൃഷ്ടാന്തമാണെന്ന വാദത്തെ പരിഹസിക്കുവാനല്ലാതെ പ്രതിരോധിക്കുവാനോ മറുപടി നൽകുവാനോ അതിലെ ഏതെങ്കിലുമൊരു അധ്യായത്തിന് തുല്യമായ അധ്യായം കൊണ്ടുവരാനോ അറബിയറിയാവുന്ന വിമർശകന്മാർക്ക് പോലും കഴിയുന്നില്ലെന്നതാണ് വാസ്തവം.

**ഖുർആനിനെ അതുല്യവും അനുകരണാതീതവുമാക്കുന്നതെന്തെല്ലാം?**

ഖുർആനിൽ ഉപയോഗിക്കപ്പെട്ടിരിക്കുന്ന ഭാഷാശൈലിയും അതിലെ വിവരണരീതിയുമെല്ലാം മാനുഷിക രചനകളിൽനിന്നു തികച്ചും വ്യത്യസ്തമാണ്. ഏതാനും സവിശേഷതകൾ താഴെ:

1. ഖുർആനിലെ വചനങ്ങളെല്ലാം വിവരിക്കപ്പെട്ട വിഷയങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ഹ്രസ്വവും അമിതവികാര പ്രകടനം ഉൾക്കൊള്ളാത്തവയുമാണ്.

മാനുഷിക വചനങ്ങൾ എപ്പോഴും വ്യക്തിയുടെ മാനസികാവസ്ഥയെ ആശ്രയിച്ചാണ് പ്രകടമാക്കപ്പെടുന്നത്. കോപത്തിലിരിക്കുന്ന ഒരാളുടെ വാക്കുകളിൽ കോപം പ്രകടമായിരിക്കും. അന്നേരം ദയവും പ്രശംസയും ആ വാക്കുകളിലുണ്ടാവുകയില്ല. സന്തോഷാവസ്ഥയിലും സ്ഥിതി തഥൈവ!





കോപത്തിൻെറയും സന്തോഷത്തിൻെറയും തീവ്രമായ അവസ്ഥകളിൽ പ്രകടിപ്പിക്കപ്പെടുന്ന പദങ്ങളെ പ്രസ്തുത വികാരം നിലനിൽക്കുന്ന അവസ്ഥകളുടെ അടിസ്ഥാനത്തിൽ മാത്രമേ വ്യാഖ്യാനിക്കുവാനാകൂ. പ്രസ്തുത പദങ്ങളിൽ വികാരങ്ങളുടെ അമിതപ്രകടനം കാണാനാവും. ഏതുസാഹിത്യകാരന്മാരുടെയും കൃതികളിൽ ഈ അമിതവികാരപ്രകടനം കാണാം. കാരണം അവർ വികാരങ്ങളുള്ള മനുഷ്യരാണെന്നതുതന്നെ!

ഖുർആനിലെ വചനങ്ങൾ സന്തോഷവാർത്ത അറിയിക്കുന്നതാകട്ടെ, മുന്നറിയിപ്പ് നൽകുന്നതാകട്ടെ, നിയമങ്ങൾ വിശദീകരിക്കുന്നതാകട്ടെ, ദൈവാനുഗ്രഹങ്ങളെക്കുറിച്ച് സംസാരിക്കുന്നതാകട്ടെ, എവിടെയും അമിതമായ വികാര പ്രകടനങ്ങൾ കാണുക സാധ്യമല്ല. വികാരങ്ങൾക്കതീതനായ പടച്ചതമ്പുരാനിൽനിന്ന് അവതരിപ്പിക്കപ്പെട്ടതുകൊണ്ടാണിത്.

2. ഖുർആൻ ഏതു വിഷയത്തെക്കുറിച്ച് വിശദീകരിക്കുമ്പോഴും അതിൻെറ വാഗ്മിതയും രചനാസൗഷ്ടവവും നിലനിർത്തുന്നു.

വ്യക്തികളുടെ രചനാ സൗഷ്ടവം ചില പ്രത്യേക വിഷയങ്ങളോട് ബന്ധപ്പെട്ടായിരിക്കും പ്രകടമാക്കപ്പെടുക. പ്രസ്തുത വിഷയങ്ങളിൽ അവരുടെ രചനകൾ ഉന്നത നിലവാരം ഉൾക്കൊള്ളുന്നതാകാം. എന്നാൽ, അവർതന്നെ മറ്റു വിഷയങ്ങളിൽ രചന നടത്തിയാൽ അവ പലപ്പോഴും ശരാശരി നിലവാരം പോലും പുലർത്തുകയില്ല. രചയിതാവിൻെറ മാനസിക ഘടന, കുടുംബാന്തരീക്ഷം, വികാരവിചാരങ്ങൾ, സമൂഹത്തിൻെറ അവസ്ഥ എന്നിവയെല്ലാം അയാളുടെ താൽപര്യത്തെ സ്വാധീനിക്കും.

ഖുർആനിലെ വചനങ്ങൾ പ്രകൃതിയെക്കുറിച്ച് വിവരിക്കുമ്പോഴും പരലോകത്തെക്കുറിച്ച് സംസാരിക്കുമ്പോഴും ഒരേ വാഗ്മിത പ്രകടിപ്പിക്കുന്നു. ദൈവമഹത്വത്തെ പ്രകീർത്തിക്കുമ്പോഴും നിയമനിർദേശങ്ങൾ അവതരിപ്പിക്കുമ്പോഴും ഒരേ രചനാസൗഷ്ടവമാണ് അവയ്ക്കുള്ളത്. സ്ഥലകാലങ്ങൾക്ക് അതീതനായ സ്രഷ്ടാവിൽനിന്ന് അവതരിപ്പിക്കപ്പെട്ടതുകൊണ്ടാണിത്.

3. ഖുർആൻ വചനങ്ങൾ ഉയർന്ന സാഹിത്യനിലവാരം പുലർത്തുന്നതോടൊപ്പം സൂക്ഷ്മതയും സത്യസന്ധതയും പുലർത്തുന്നവയുമാണ്.

സാഹിത്യം സുന്ദരമാകുന്നത്, ഇല്ലാത്തത് വിവരിക്കുമ്പോഴാണല്ലോ. അർധസത്യങ്ങളുടെയും അസത്യങ്ങളുടെയും മേമ്പൊടിയില്ലാതെ സാഹിത്യത്തെ സൗന്ദര്യവത്കരിക്കാൻ കഴിയില്ലെന്ന് പറയാറുണ്ട്. കവിത നന്നാകണമെങ്കിൽ കളവ് പറയണമെന്നാണല്ലോ ആപ്തവാക്യം. സത്യസന്ധമായ വിവരങ്ങൾ മാത്രം നൽകുന്ന സാഹിത്യകൃതികൾ വിരസവും വരണ്ടതുമായിരിക്കും. അതുകൊണ്ടുതന്നെ സത്യം പറയണമെന്നാഗ്രഹി

ക്കുന്ന സാഹിത്യകാരന്മാർക്കുപോലും അസത്യത്തിൻെറ മേമ്പൊടിയോടുകൂടി മാത്രമേ പ്രസ്തുത സത്യം അവതരിപ്പിക്കുവാനാകൂ. പൊടിപ്പും തൊങ്ങലുമില്ലാതെ മനുഷ്യമനസ്സിൻെറ വൈകാരികതലങ്ങളെ സംതൃപ്തമാക്കാൻ കഴിയുകയില്ലെന്ന ധാരണയാണ് ഇതിനു കാരണം.

ഖുർആൻ വചനങ്ങൾ ഈ പൊതുധാരയിൽനിന്ന് തികച്ചും വ്യത്യസ്തമാണ്. വസ്തുതകൾ മാത്രമാണ് അതിലെ പ്രതിപാദ്യം. പക്ഷേ, ഉന്നതമായ സാഹിത്യനിലവാരം നിലനിർത്തുവാനും മനുഷ്യമനസ്സുകളെ സംതൃപ്തമാക്കുവാനും അവയ്ക്ക് സാധിക്കുന്നു. മനസ്സിനെക്കുറിച്ച് ശരിയ്ക്കറിയാവുന്ന സർവജ്ഞനിൽനിന്ന് അവതരിപ്പിക്കപ്പെട്ടതുകൊണ്ടാണിത്.

4. ഖുർആൻ തുടക്കം മുതൽ ഒടുക്കം വരെ ഉന്നതമായ സാഹിത്യനിലവാരം പുലർത്തുന്നു.

ഒരു കവിത മനോഹരമാണെന്ന് നാം വിധിയെഴുതുന്നത് അതിലെ ഏതാനും വരികളുടെ സൗന്ദര്യത്തിൻെറ അടിസ്ഥാനത്തിലായിരിക്കും. പ്രസ്തുത കവിതയിലെതന്നെ എല്ലാ വരികളും അതേനിലവാരം പുലർത്തിക്കൊള്ളണമെന്നില്ല. ഒരു സാഹിത്യകാരനെ ഉന്നത നിലവാരമുള്ളവനെന്ന് വിളിക്കുന്നത് അയാളുടെ ഏതാനും ചില കൃതികളുടെ അടിസ്ഥാനത്തിലുമായിരിക്കും അയാളുടെ തന്നെ മറ്റു രചനകൾ പ്രസ്തുത നിലവാരം പുലർത്തിക്കൊള്ളണമെന്നില്ല. ഓരോരുത്തർക്കും ഉന്നതമായരചനകൾ നിർവഹിക്കപ്പെടുന്ന ചില പ്രത്യേക പ്രായവും സന്ദർഭവുമെല്ലാം ഉണ്ടായിരിക്കും. പ്രായം, ചുറ്റുപാട്, അന്തരീക്ഷം തുടങ്ങിയവ രചയിതാവിനെ സ്വാധീനിക്കുന്നതുകൊണ്ടാണിത്.

ഖുർആൻ വചനങ്ങൾ മുഴുവനും ഉന്നതമായ സാഹിത്യനിലവാരം പുലർത്തുന്നവയാണ്. ആറായിരത്തിലധികം സൂക്തങ്ങളിൽ ഒന്നുപോലും നിലവാരം കുറഞ്ഞതാണെന്ന് പറയാൻ ആർക്കും സാധ്യമല്ല. നീണ്ടു ഇരുപത്തിമൂന്ന് വർഷക്കാലത്തെ പ്രവാചകദൗത്യത്തിനിടയിൽ വ്യത്യസ്ത സന്ദർഭങ്ങളിലായിരുന്നു ഖുർആൻ അവതരിപ്പിക്കപ്പെട്ടുകൊണ്ടിരുന്നത്. അത് പ്രവാചക രചനയായിരുന്നുവെങ്കിൽ അവതരണസന്ദർഭങ്ങളിലെ പ്രവാചകൻെറ മാനസികാവസ്ഥകൾക്ക് അനുസൃതമായി അവയുടെ നിലവാരത്തിൽ മാറ്റമുണ്ടാകേണ്ടതായിരുന്നു. എന്നാൽ, ഖുർആനിലെ ഓരോ സൂക്തവും മറ്റുള്ളവയോട് കിടപിടിക്കുന്നവയാണ്. സർവശക്തനായ തമ്പുരാനിൽനിന്നായതുകൊണ്ടാണിത്.

5. ഒരേ സംഗതിതന്നെ ഒന്നിലധികം തവണ വിവരിക്കുമ്പോഴും ഖുർആൻ ഉന്നതമായ സാഹിത്യനിലവാരം പുലർത്തുന്നു.





ഒരേ കാര്യംതന്നെ ഒന്നിലധികം തവണ വിവരിക്കുമ്പോൾ സാധാരണ സാഹിത്യകൃതികളിൽ ആദ്യത്തെ വിവരണം പോലെ മനോഹരമാവുകയില്ല രണ്ടാമത്തെ വിവരണം. ആവർത്തന വിരസത രചയിതാവിൻെറ വചനങ്ങളിലും ആസ്വാദകൻെറ മനസ്സിലും രൂപപ്പെടുന്നതു കാണാം. മനുഷ്യൻ, അവൻ എത്ര ഉന്നതനായ സാഹിത്യകാരനാണെങ്കിലും അടിസ്ഥാനപരമായ പരിമിതികൾ ഉൾക്കൊള്ളുന്നവനായതുകൊണ്ടാണിത്.

ഖുർആനാകട്ടെ പല വിഷയങ്ങളും പല തവണ ആവർത്തിക്കുന്നുണ്ട്. സൃഷ്ടി, മരണം, മരണാനന്തര ജീവിതം, ദൈവ മഹത്വത്തെക്കുറിച്ച വിവരണങ്ങൾ, അവനെ മാത്രം ആരാധിക്കേണ്ടതിൻെറ ആവശ്യകത തുടങ്ങിയ വിഷയങ്ങൾ ഖുർആനിൽ ആവർത്തിച്ചു പ്രതിപാദിക്കുന്നുണ്ട്. എന്നാൽ, ഓരോ തവണ വിവരിക്കുമ്പോഴും ശ്രോതാവിന് അത് പുതുമയുള്ളതായി അനുഭവപ്പെടുകയും അവൻെറ മനസ്സിൽ മാറ്റത്തിൻെറ ആന്ദോളനങ്ങൾ സൃഷ്ടിക്കപ്പെടുകയും ചെയ്യുന്നു. പരിമിതികൾക്ക് അതീതനായ പരമോന്നതനിൽനിന്ന് അവതരിപ്പിക്കപ്പെട്ടതുകൊണ്ടാണിത്.

6. സാഹിത്യകൃതികൾക്ക് വഴങ്ങാത്ത വിഷയങ്ങളാണ് ഖുർആനിൽ പ്രതിപാദിക്കപ്പെടുന്നതെങ്കിലും പ്രസ്തുത വിവരണങ്ങളിലെല്ലാം അത് ഉന്നതമായ നിലവാരം പുലർത്തുകയും മനോഹാരിത കാത്തുസൂക്ഷിക്കുകയും ചെയ്യുന്നു.

മരണാനന്തര ജീവിതം, ദൈവാസ്തിത്വം, അനുഷ്ഠാനമുറകൾ, നിയമനിർദേശങ്ങൾ, വിധിവിലക്കുകൾ, നന്മചെയ്യുവാനുള്ള പ്രേരണ, സത്യസന്ധമായ ചരിത്രം തുടങ്ങിയവയെല്ലാം സാഹിത്യകാരൻെറ ദൃഷ്ടിയിൽ വരണ്ട വിഷയങ്ങളാണ്. അതുകൊണ്ടുതന്നെ പ്രസ്തുത വിഷയങ്ങളിൽ രചന നിർവഹിച്ചാൽ സാഹിത്യം സുന്ദരമാവുകയില്ലെന്നാണ് പൊതുവേയുള്ള ധാരണ. അവ ഭാവനയ്ക്ക് വഴങ്ങുന്ന വിഷയങ്ങളല്ല. അതിനാൽ ഇത്തരം വിഷയങ്ങളെടുത്തുകൊണ്ട് നിർവഹിക്കപ്പെട്ട രചനകളിൽ ഒന്നും തന്നെ ലോകോത്തര കൃതികളായി അറിയപ്പെടുന്നില്ല. മനുഷ്യൻെറ പരിമിതിയാണ് ഇവിടെയും പ്രകടമാവുന്നത്.

ഖുർആനിലെ പ്രതിപാദ്യങ്ങളാകട്ടെ, മിക്കവാറും ഇത്തരം വിഷയങ്ങളാണ് ഉൾക്കൊള്ളുന്നത്. എന്നാൽ, അവയെല്ലാം ഉന്നതമായ സാഹിത്യനിലവാരം പുലർത്തുകയും ആസ്വാദകൻെറ മനസ്സിനെ സംതൃപ്തമാക്കുകയും ചെയ്യുന്നു. പദാർഥാതീതനായ പടച്ചതമ്പുരാനിൽനിന്ന് അവതരിപ്പിക്കപ്പെട്ടതുകൊണ്ടാണിത്!

7. ഒരു വിഷയത്തിൽനിന്ന് മറ്റൊന്നിലേക്ക് മാറുമ്പോഴും സാഹിത്യ ഭംഗി ചോർന്നുപോകാതെ സൂക്ഷിക്കുവാൻ ഖുർആനിന് കഴിയുന്നു.

ഒരൊറ്റ സാഹിത്യകൃതിയിൽതന്നെ ഒരു വിഷയത്തിൽനിന്ന് മറ്റൊന്നിലേക്ക് മാറുമ്പോൾ അതുവരെ പുലർത്തിപ്പോന്ന നിലവാരം പുലർത്താൻ പലപ്പോഴും കഴിയാറില്ല. ഒരു വിഷയത്തെക്കുറിച്ച് വിവരിക്കുന്ന സാഹിത്യകാരൻെറ മനസ്സിൽ രൂപപ്പെടുന്ന ബിംബങ്ങളുടെ ചാരുത അടുത്ത വിഷയത്തെക്കുറിച്ച് സംസാരിക്കാനാരംഭിക്കുമ്പോൾ മങ്ങുകയും പുതിയ ബിംബങ്ങൾ പ്രശോഭിക്കുവാൻ സമയമെടുക്കുകയും ചെയ്യുന്നതുകൊണ്ടാണിത്. വിദഗ്ധമായി ജോലി നിർവഹിച്ചുകൊണ്ടിരിക്കുന്ന ഒരാളെ പെട്ടെന്ന് മറ്റൊരു ജോലിയിൽ ഏൽപിക്കുന്നതുപോലെയാണിത്. ഇതും മനുഷ്യൻെറ പൊതുവായ പരിമിതിയാണ്.

ഖുർആനിലുടനീളം വിഷയങ്ങളിൽനിന്ന് വിഷയങ്ങളിലേക്കുള്ള ചാട്ടം കാണാം. എന്നാൽ ഈ ചാട്ടങ്ങളിലൊന്നുംതന്നെ അതിൻെറ ചാരുതക്ക് ഭംഗംവരുകയോ മനോഹാരിതക്ക് ഹാനി സംഭവിക്കുകയോ ചെയ്യുന്നില്ല. സർവശക്തനിൽനിന്നായതുകൊണ്ടാണിത്.

8. ഏതാനും പദങ്ങൾ മാത്രമുപയോഗിച്ച്, മനോഹാരിതയും സ്ഫുടതയും നഷ്ടപ്പെടാത്ത രൂപത്തിൽ, അർഥഗംഭീരമായ ആശയം പ്രകടിപ്പിക്കുന്ന ഗ്രന്ഥമാണ് ഖുർആൻ.

സാധാരണ സാഹിത്യകൃതികളിൽ പദങ്ങളുടെ സമുദ്രമാണുണ്ടാവുക; പ്രസ്തുത സമുദ്രത്തിൽ ആശയങ്ങളുടെ മുത്തുകൾ തുലോം പരിമിതവും. പ്രൗഢമായ ആശയങ്ങൾ പ്രകടിപ്പിക്കുന്നതിനുവേണ്ടി രചിക്കപ്പെട്ട കൃതികളിലാകട്ടെ പദങ്ങളുടെ വേലിയേറ്റം തന്നെ കാണാനാവും. താൻ ഉദ്ദേശിക്കുന്ന ആശയങ്ങൾ ആസ്വാദകനിലെത്തുവാൻ എന്തൊക്കെ രീതിയിലാണ് പദപ്രയോഗം നടത്തേണ്ടതെന്നതിനെക്കുറിച്ച് ഓരോ രചയിതാവിനും അയാളുടേതായ വീക്ഷണമുണ്ടായിരിക്കും. പ്രസ്തുത വീക്ഷണം അയാളുടേതായതുകൊണ്ടുതന്നെ ആസ്വാദകന് അയാളുടെ പദപ്രയോഗങ്ങളിൽ പലതും അനാവശ്യമായാണ് അനുഭവപ്പെടുക. ഒരു ആസ്വാദകന് അനാവശ്യമെന്നു തോന്നുന്ന പദങ്ങൾ മറ്റൊരാളുടെ വീക്ഷണത്തിൽ അനിവാര്യമാകാം. അതുകൊണ്ടുതന്നെ എല്ലാവരെയും സംതൃപ്തരാക്കുന്നതിനുവേണ്ടി പദങ്ങൾ ഒരുപാട് പ്രയോഗിക്കുവാൻ അയാൾ നിർബന്ധിതനായിരിക്കും. അന്യരുടെ മനസ്സുകൾ വായിക്കുവാനുള്ള മനുഷ്യരുടെ കഴിവില്ലായ്മയാണ് ഇതിന് കാരണം.





ഖുർആനിലാകട്ടെ, അനിവാര്യമായ പദങ്ങൾ മാത്രമേ ഉപയോഗിച്ചിട്ടുള്ളൂ. പാരായണം ചെയ്യുന്നവന് അത് ഉദ്ദേശിക്കുന്ന ആശയം പകർന്നു നൽകുവാൻ ഈ പദങ്ങൾ കൊണ്ടുതന്നെ സാധിക്കുന്നു. പ്രൗഢമായ ആശയങ്ങൾ അനിവാര്യമായ പദങ്ങൾ മാത്രമുപയോഗിച്ച് പ്രകടിപ്പിക്കുകയും അത് മനോഹരമായി അവതരിപ്പിച്ച് എല്ലാത്തരം വായനക്കാരെയും സംതൃപ്തരാക്കുകയും ചെയ്യുന്ന ഗ്രന്ഥമാണ് ഖുർആൻ. മനുഷ്യമനസ്സിൻെറ സൂക്ഷ്മ തലങ്ങളെക്കുറിച്ച് വ്യക്തമായി അറിയാവുന്നവനിൽ നിന്ന് അവതരിപ്പിക്കപ്പെട്ടതുകൊണ്ടാണിത്.

9. സാഹിത്യത്തിൻെറ ഏതു മാനത്തിലൂടെ നോക്കിയാലും ഖുർആൻ ഒരു ഉന്നതമായ സാഹിത്യ കൃതിയാണ്.

സാഹിത്യ കൃതികളെല്ലാം മനുഷ്യരുടെ ഏതെങ്കിലുമൊരു വികാരത്തെ ഉത്തേജിപ്പിക്കുവാൻ വേണ്ടിയുള്ളതായിരിക്കും. ദുഃഖം, സന്തോഷം, ദയ, കാരുണ്യം, വെറുപ്പ്, പ്രതിഷേധം എന്നിങ്ങനെ. അതുപോലെതന്നെ പ്രഭാവം, മാധുര്യം, സൗന്ദര്യം, ചാരുത തുടങ്ങിയവയെല്ലാം ഒരേ സാഹിത്യകൃതിയിൽതന്നെ കണ്ടെത്തുക പ്രയാസമാണ്. സാഹിത്യത്തിൻെറ ഏതെങ്കിലും പ്രത്യേകമായ മാനങ്ങളിലൂടെ നോക്കിയാൽ മാത്രമേ സാഹിത്യകൃതികളെ ആസ്വദിക്കുവാനും വിലയിരുത്തുവാനും കഴിയൂ. എല്ലാ അംശങ്ങളെയും ഒരേപോലെ ഉൾക്കൊണ്ടു കൊണ്ട് ഒരു രചന നടത്തുക സാധ്യമല്ല. ഇതും മനുഷ്യൻെറ പരിമിതിയാണ്.

ഖുർആനാകട്ടെ മനുഷ്യവികാരത്തിൻെറ എല്ലാ തലങ്ങളെയും സ്പർശിക്കുന്നു. മനുഷ്യനെ സന്തോഷിപ്പിക്കുവാനും ദുഃഖിപ്പിക്കുവാനും ദയയും കാരുണ്യവും പ്രകടിപ്പിക്കുന്നവനാക്കിത്തീർക്കുവാനും വെറുപ്പും പ്രതിഷേധവും ഉത്തേജിപ്പിക്കുവാനുമെല്ലാം കഴിയുന്ന വരികളാണ് അതിലുള്ളത്. അതോടൊപ്പംതന്നെ അത് മനുഷ്യബുദ്ധിയെ പ്രവർത്തനക്ഷമമാക്കുകയും ചെയ്യുന്നു. പ്രഭാവം, മാധുര്യം, സൗന്ദര്യം, ചാരുത തുടങ്ങിയ ആസ്വാദക പ്രധാനമായ സാഹിത്യത്തിൻെറ സവിശേഷതകൾ ഖുർആനിക വചനങ്ങളിൽ സമഞ്ജസമായി സമ്മേളിക്കുകയും ചെയ്തിരിക്കുന്നു. സാഹിത്യത്തിൻെറ ഏതു മാനത്തിലൂടെ നോക്കിയാലും അത് ഉന്നതമായ നിലവാരം പുലർത്തുന്നതാണെന്ന് കാണാം.

10. ഖുർആനിൽ മറ്റാരുടെയെങ്കിലും ശൈലിയോ പ്രയോഗങ്ങളോ രീതിയോ ആശയങ്ങളോ കടമെടുക്കപ്പെട്ടിട്ടില്ല.

സാഹിത്യകൃതികൾ എത്രതന്നെ മൗലികങ്ങളാണെങ്കിലും മറ്റു സാഹിത്യകാരന്മാരുടെ ശൈലികളും പ്രയോഗങ്ങളുമെല്ലാം അതിൽ സ്വാധീ

നം ചെലുത്തിയിട്ടുണ്ടാകും. അത് സ്വാഭാവികമാണ്. മുൻഗാമികളുടെ രചനകളുടെ സ്വാധീനമുൾക്കൊള്ളാതെ ഒരാൾക്കും സാഹിത്യകൃതികൾ രചിക്കുക സാധ്യമല്ല. നേരിട്ടുള്ള കോപ്പിയടിയല്ല ഇവിടെ വിവക്ഷിക്കപ്പെട്ടിരിക്കുന്നത്. ശൈലികളുടെയും ബിംബങ്ങളുടെയും സ്വാധീനമാണ്. അതില്ലാതെ രചന നടത്തുവാൻ കഴിയില്ല. ഇത് മനുഷ്യമനസ്സിൻെറ പരിമിതിയാണ്. മുൻഗാമിയിൽനിന്ന് പഠിക്കുകയും അത് വികസിപ്പിച്ചെടുക്കുകയും ചെയ്യുന്നവനാണല്ലോ മനുഷ്യൻ.

ഖുർആൻ ഇത്തരം കടമെടുക്കലുകളിൽനിന്ന് തികച്ചും മുക്തമാണ്. അറബ് സാഹിത്യ രംഗത്തുണ്ടായിരുന്ന ആരുടെയും ശൈലിയോ രൂപമോ രീതിയോ ആശയങ്ങളോ ഖുർആൻ കടമെടുത്തിട്ടില്ല. ആരുടെ കൃതിയുടെയും യാതൊരു സ്വാധീനവും ഖുർആനിൽ ഇല്ല താനും. എല്ലാ നിലയ്ക്കും ഒരു മൗലിക കൃതിയാണ് ഖുർആൻ. പരിധികളോ പരിമിതിയോ ഇല്ലാത്ത അറിവിൻെറ ഉടമസ്ഥനിൽനിന്ന് അവതരിപ്പിക്കപ്പെട്ടതിനാലാണ് ഇത്.

**സാഹിത്യം സാർഥകമാകുന്നത് ശ്രോതാവിൻെറ മനസ്സിൽ മാറ്റങ്ങളുടെ കൊടുങ്കാറ്റ് വീശുമ്പോഴാണെന്ന് പറയാറുണ്ട്. ഈ പരിപ്രേക്ഷ്യത്തിൽ ഖുർആൻ ഒരു ഉത്തമമായ സാഹിത്യകൃതിയാണെന്ന് പറയാനാകുമോ?**

സാമൂഹ്യമാറ്റത്തിന് നിമിത്തമാകുന്ന രീതിയിൽ വ്യക്തിയെ പരിവർത്തിപ്പിക്കുവാൻ കഴിയുന്നതാകണം സാഹിത്യമെന്ന വീക്ഷണത്തിൻെറ അളവുകോൽ ഉപയോഗിച്ച് പരിശോധിച്ചാൽ ഖുർആൻ ഒരു കുറ്റമറ്റ സാഹിത്യകൃതിയാണെന്ന് പറയാൻ കഴിയും. ശ്രോതാവിൻെറ ബുദ്ധിക്ക് തൃപ്തിയും മനസ്സിന് സമാധാനവും നൽകുന്നതോടൊപ്പം അവൻെറ ഹൃദയത്തിൽ മാറ്റങ്ങൾ സൃഷ്ടിക്കുകയും കൂടി ചെയ്യുന്നവയാണ് ഖുർആൻ സൂക്തങ്ങൾ. മനുഷ്യമനസ്സുകളെ സ്വാധീനിക്കുവാനും അവയിൽ പരിവർത്തനത്തിൻെറ ആന്ദോളനങ്ങൾ സൃഷ്ടിക്കുവാനുമുള്ള ഖുർആനിൻെറ കഴിവ് അതിനെ അതുല്യമാക്കുന്ന പല സവിശേഷതകളിലൊന്നാണ്.

മുഹമ്മദ് നബി(സ) ഒരിക്കൽ കഅ്ബയുടെ സമീപം വെച്ച് ഖുർആൻ പാരായണം ചെയ്യുകയാണ്. ശ്രോതാക്കളിൽ മുസ്ലിംകളും അമുസ്ലിംകളുമെല്ലാം ഉണ്ട്. സൂറത്തുന്നജ്മിലെ സാഷ്ടാംഗത്തിൻെറ സൂക്തം ഓതിക്കൊണ്ടിരിക്കെ അല്ലാഹുവിൻെറ കൽപന പ്രകാരം നബി(സ) സാഷ്ടാംഗം ചെയ്തു. അവിടെ കൂടിയിരുന്ന മുഴുവൻ ആളുകളും, മുസ്ലിം - അമുസ്ലിം വ്യത്യാസമില്ലാതെ നബിയോടൊപ്പം സാഷ്ടാംഗം ചെയ്തു





പോയി. ഉമയ്യത്തുബ്നു ഖലഫ് എന്ന അഹങ്കാരിയൊഴികെ. ഖുർആനിൻെറ സ്വാധീനശക്തി! അതിൻെറ കഠിന വിരോധികൾ പോലും അതിൻെറ ആജ്ഞയനുസരിച്ച് സാഷ്ടാംഗം ചെയ്യുന്ന അവസ്ഥ!!

ലബീദുബ്നു റബീഅഃ നബി(സ)യുടെ കാലത്തെ അറേബ്യയിലെ അതിപ്രഗത്ഭനായ സാഹിത്യകാരനായിരുന്നു. അദ്ദേഹത്തിൻെറ അതിസുന്ദരമായ ഒരു കവിത കഅ്ബയുടെ വാതിലിന്മേൽ പറ്റിച്ചുവെച്ചിരുന്നു. അങ്ങനെ വെക്കുന്നത് ഒരു വെല്ലുവിളിയാണ്. പ്രസ്തുത കവിതയെ വെല്ലുവാൻ ആർക്കെങ്കിലും കഴിയുമോയെന്നാണ് വെല്ലുവിളി. അവിടെയുണ്ടായിരുന്ന ഒരു കവിക്കും അതിനടുത്ത് മറ്റൊരു കവിതയൊട്ടിച്ച് വെക്കാനുള്ള ധൈര്യം വന്നില്ല. അത്രക്ക് മനോഹരമായിരുന്നു ആ കവിത. എന്നാൽ അതിനടുത്തുതന്നെ ഏതാനും ഖുർആൻ സൂക്തങ്ങൾ എഴുതിത്തൂക്കുവാൻ പ്രവാചകാനുചരന്മാർ തയാറായി. തൻെറ വെല്ലുവിളിക്ക് ഉത്തരം നൽകിയവനെ പരിഹസിക്കുവാനുള്ള വെമ്പലോടെ ലബീദ് ഖുർആൻ വചനങ്ങൾ വായിച്ചു. ഏതാനും വചനങ്ങൾ വായിച്ചതേയുള്ളൂ; അദ്ദേഹം ഖുർആനിൻെറ വശ്യതയിൽ ആകൃഷ്ടനായി ഇസ്ലാം സ്വീകരിച്ചു. പുച്ഛത്തോടെ നോക്കുന്നവൻെറ മനസ്സിൽപോലും മാറ്റം സൃഷ്ടിക്കുവാനുള്ള ഖുർആനിൻെറ കഴിവാണ് ഇവിടെ പ്രകടമായത്.

ഉമറുബ്നുൽ ഖത്താബിൻെറ ഇസ്ലാം ആശ്ലേഷം ചരിത്ര പ്രസിദ്ധമാണ്. മുഹമ്മദ് നബി(സ)യുടെ തലയെടുക്കുവാനായി ഊരിയ വാളും കൊണ്ട് പുറപ്പെട്ട ഉമറി(റ)ൻെറ മനസ്സുമാറ്റിയത് സഹോദരിയിൽനിന്നും ലഭിച്ച ഫലകത്തിലെ ഖുർആൻ വചനങ്ങളുടെ വശ്യതയും ആശയ ഗാംഭീര്യവുമായിരുന്നു.

ജുബൈറുബ്നു മക്തൂം എന്ന ബഹുദൈവ വിശ്വാസി ഒരിക്കൽ വഴിയിലൂടെ നടന്നുപോവുകയാണ്. മുഹമ്മദ് നബി(സ) മഗ്രിബ് നമസ്കാരത്തിൽ സൂറത്തു ത്വൂർ ഓതിക്കൊണ്ടിരിക്കുന്നത് അദ്ദേഹം കേട്ടു. അതിലെ ഓരോ പദവും അദ്ദേഹത്തിൻെറ ഹൃദയത്തിൽ പതിഞ്ഞു. അതിൻെറ മനോഹാരിത അദ്ദേഹത്തെ ആകർഷിച്ചു. അതിൻെറ സ്വാധീനത്തിൽ അദ്ദേഹം അതിശയിച്ചു. അവിടെ വെച്ചുതന്നെ അദ്ദേഹം ഇസ്ലാം സ്വീകരിച്ചു. ഇങ്ങനെ എത്രയെത്ര സംഭവങ്ങൾ!

ഖുർആനിൻെറ മനോഹരവും വശ്യവുമായ ശൈലിയെപ്പറ്റി മക്കാ മുശ്രിക്കുകൾ ബോധവാന്മാരായിരുന്നു. പ്രസ്തുത മനോഹാരിതയാണ് പാരമ്പര്യമതത്തിൽനിന്ന് ജനങ്ങൾ കൊഴിഞ്ഞുപോകാൻ ഇടയാക്കുന്നത് എന്ന് അവർക്ക് അറിയാമായിരുന്നു. നാടുവിടാനൊരുങ്ങിയ അബൂബക്ക

റി(റ)നെ തിരിച്ചുകൊണ്ടുവന്ന ഇബ്നുദുഗ്നയോട് മക്കാനിവാസികൾ പറഞ്ഞത് ഇപ്രകാരമായിരുന്നു: 'അബൂബക്കർ ഖുർആൻ ഉറക്കെ പാരായണം ചെയ്യുകയും ഞങ്ങളുടെ സ്ത്രീകളും കുട്ടികളും അത് കേൾക്കുവാൻ ഇടവരികയും ചെയ്യരുത്. എങ്കിൽ മാത്രമേ ഇവിടെ താമസിക്കുവാൻ അബൂബക്കറിനെ ഞങ്ങൾ അനുവദിക്കുകയുള്ളൂ.

ഖുർആനിൻെറ ഈ സ്വാധീനശക്തിയാണല്ലോ ജനങ്ങളെ ഇസ്‌ലാമിലേക്ക് ആകർഷിച്ചത്. കേവലം 23 വർഷക്കാലം കൊണ്ട് അന്ധകാരത്തിൻെറ അഗാധ ഗർത്തങ്ങളിൽ ജീവിച്ചിരുന്ന ഒരു സമൂഹത്തെ ലോകത്തിന് മുഴുവൻ മാതൃകായോഗ്യരായ സമുദായമാക്കിയതിനു പിന്നിൽ പ്രവർത്തിച്ചത് ഖുർആനിൻെറ ഈ അമാനുഷികതയായിരുന്നുവെന്നതാണ് സത്യം. ആർ.വി.സി ബോഡ്‌ലി എഴുതിയത് അതാണല്ലോ.

This book transformed the simple shepherds, the merchants and nomads of Arabia into warriors and empire builders (R.V.C Bodley: The Messenger, The Life of Mohammed- Newyork (1943:page239)

'അറേബ്യയിലെ ആട്ടിടയന്മാരും കച്ചവടക്കാരും അലഞ്ഞുനടക്കുന്നവരുമായിരുന്ന സാധാരണക്കാരെ പടയാളികളും സാമ്രാജ്യ സ്ഥാപകരുമാക്കിത്തീർത്തത് ഈ ഗ്രന്ഥമാണ്'.

ഖുർആനിൻെറ സ്വാധീനശക്തിയെക്കുറിച്ച് മോർഗൻ എഴുതി:

The Qur'an succeeded so well in captiving the mind of the audience that several of the oppenents thought it the effect of witch craft and enchantment (K.W. Morgan: Islam interpreted by Muslims, London (1958 page:27)

'ശ്രോതാവിൻെറ മനസ്സിനെ സ്വാധീനിക്കുന്നതിലുള്ള ഖുർആനിൻെറ അത്യപാരമായ ശേഷിയാൽ അത് മാരണമാണെന്നും ആഭിചാരമാണെന്നുമാണ് അതിൻെറ എതിരാളികൾ കരുതിയത്'.

**ഒരു ഉന്നതമായ സാഹിത്യകൃതിയാണ് എന്നതുകൊണ്ടുമാത്രം ഖുർആൻ ദൈവികമാണെന്ന് പറയാനാകുമോ?**

ഉന്നതമായ സാഹിത്യകൃതിയാണ് എന്നതുകൊണ്ടുമാത്രം ഒരു ഗ്രന്ഥവും ദൈവികമാണെന്ന് പറയുക സാധ്യമല്ല; വടി നിലത്തിട്ട് സർപ്പമാക്കി കാണിക്കുന്നവരെയെല്ലാം ദൈവ പ്രവാചകന്മാരായി അംഗീകരിക്കാൻ പറ്റാത്തതുപോലെ. ദൈവിക ദൃഷ്ടാന്തവും മാനുഷിക വിദ്യകളും തമ്മിൽ അടിസ്ഥാനപരമായ ഒരു അന്തരമുണ്ട്. ദൃഷ്ടാന്തങ്ങൾ മനുഷ്യരുടെ കഴിവുകളെ മുഴുവൻ വെല്ലുവിളിക്കുന്നതായിരിക്കുമെന്നതാണത്. അതിനു മുകളിൽ നിൽക്കുവാൻ മാനുഷിക വിദ്യകൾക്കൊന്നിനും കഴിയില്ല. അവ എത്ര സാർഥമാണെന്നിരിക്കിലും. മോശെയുടെ സർപ്പം മാന്ത്രികന്മാരുടെ സർപ്പങ്ങളെ മുഴുവൻ വിഴുങ്ങിയതുപോലെ ദൈവിക ദൃഷ്ടാന്തങ്ങൾ മാനുഷിക വിദ്യകളെ മുഴുവൻ വെല്ലുവിളിച്ചുകൊണ്ട് നിലനിൽക്കും; തീർച്ച.





ഖുർആൻ ഉന്നതമായ സാഹിത്യനിലവാരം പുലർത്തുകയും മനുഷ്യമനസ്സുകളെ സ്വാധീനിക്കുകയും ചെയ്യുന്നു. അതോടൊപ്പം അത് മാനവരാശിയോട് ഒരു അത്യുജ്ജ്വലമായ വെല്ലുവിളി നടത്തുകയും ചെയ്യുന്നു. അതിനു സമാന്തരമായി ഒരു രചന നിർവഹിക്കുവാനാണ് പ്രസ്തുത വെല്ലുവിളി. ഈ വെല്ലുവിളിക്കുമുമ്പിൽ മറ്റു സാഹിത്യ കൃതികളെല്ലാം മോശെയുടെ സർപ്പത്തിനു മുന്നിലെ മാന്ത്രികപ്പാമ്പുകളെപ്പോലെ നിസ്സഹായരായി നിൽക്കുകയാണ്.

ഖുർആൻ ആദ്യം വെല്ലുവിളിച്ചത് അതുപോലൊരു ഗ്രന്ഥം കൊണ്ടുവരുവാനാണ്. ഖുർആൻ പറഞ്ഞു: "പറയുക: ഈ ഖുർആൻ പോലൊന്ന് കൊണ്ടുവരുന്നതിനായി മനുഷ്യരും ജിന്നുകളും ഒന്നിച്ചു ചേർന്നാലും തീർച്ചയായും അതുപോലൊന്ന് അവർ കൊണ്ടുവരികയില്ല. അവരിൽ ചിലർ ചിലർക്ക് പിന്തുണ നൽകുന്നവരായാൽ പോലും'' (17:88).

ഖുർആനിന് തുല്യമായ ഒരു ഗ്രന്ഥം കൊണ്ടുവരുന്നതിനുവേണ്ടിയുള്ള വെല്ലുവിളിക്കു മുമ്പിൽ അറബി സാഹിത്യകാരന്മാരെല്ലാം മുട്ടുമടക്കി. എങ്കിലും ഖുർആൻ കെട്ടിച്ചമച്ചതാണെന്നും മാരണമാണെന്നും വാദിക്കുന്നവരോട് അത് വീണ്ടും വെല്ലുവിളിച്ചു: "അതല്ല, അദ്ദേഹം അത് കെട്ടിച്ചമച്ചുവെന്നാണോ അവർ പറയുന്നത്? എന്നാൽ ഇതുപോലുള്ള പത്ത് അധ്യായങ്ങൾ ചമച്ചുണ്ടാക്കിയത് നിങ്ങൾ കൊണ്ടുവരൂ. അല്ലാഹുവിന് പുറമെ നിങ്ങളെ സഹായിക്കുന്നവരെയെല്ലാം നിങ്ങൾ വിളിച്ചുകൊള്ളുകയും ചെയ്യുക. നിങ്ങൾ സത്യവാന്മാരാണെങ്കിൽ" (10:13)

ഖുർആനിലെ പത്ത് അധ്യായങ്ങൾക്ക് തുല്യമായ അധ്യായങ്ങളെങ്കിലും രചിച്ചുകൊണ്ട് അത് മനുഷ്യനിർമിതമാണെന്ന വാദം സ്ഥാപിക്കുവാനുള്ള ഖുർആനിൻെറ വെലുവിളിക്ക് ഉത്തരം നൽകാൻ സമകാലികരായ മനുഷ്യർക്കൊന്നും കഴിഞ്ഞില്ല. എന്നാൽ, അവിശ്വാസികൾ ഖുർആൻ വചനങ്ങൾ മുഹമ്മദി(സ)ൻെറ രചനയാണെന്ന പ്രചാരണം നിർത്തിയതുമില്ല. അപ്പോൾ ഖുർആൻ വീണ്ടും പറഞ്ഞു: "അതല്ല, അദ്ദേഹം അതുകെട്ടിച്ചമച്ചുവെന്നാണോ നിങ്ങൾ പറയുന്നത്? പറയുക: എന്നാൽ,

അതിനു തുല്യമായ ഒരു അധ്യായം നിങ്ങൾ കൊണ്ടുവരൂ. അല്ലാഹുവിന് പുറമെ നിങ്ങൾക്ക് സാധിക്കുന്നവരെയെല്ലാം വിളിച്ചുകൊള്ളുകയും ചെയ്യുക; നിങ്ങൾ സത്യവാന്മാരാണെങ്കിൽ" (10:38)

ഈ വെല്ലുവിളികൾക്കൊന്നിനും മറുപടി നൽകുവാൻ അന്നു ജീവിച്ചിരുന്ന സാഹിത്യകാരന്മാർക്കൊന്നും കഴിഞ്ഞില്ല. അവരിൽ പലരും അതിനു ശ്രമിച്ചുവെങ്കിലും പരാജയപ്പെട്ടു പിൻവാങ്ങേണ്ടിവന്നു. ഖുർആൻ അവസാന നാളുവരെയുള്ള മുഴുവൻ മനുഷ്യർക്കുള്ള ദൃഷ്ടാന്തമാണല്ലോ. അതുകൊണ്ടുതന്നെ മുഴുവൻ മാനവസമൂഹത്തോടുമായി ഈ വെല്ലുവിളി അത് ഒരിക്കൽകൂടി ആവർത്തിച്ചു: "നമ്മുടെ ദാസന് നാം അവതരിപ്പിച്ചു കൊടുത്തതിനെപ്പറ്റി നിങ്ങൾ സംശയാലുക്കളാണെങ്കിൽ അതിൻേറതുപോലുള്ള ഒരു അധ്യായമെങ്കിലും നിങ്ങൾ കൊണ്ടുവരിക. അല്ലാഹുവിനു പുറമെ നിങ്ങൾക്കുള്ള സഹായികളെയും വിളിച്ചുകൊള്ളുക; നിങ്ങൾ സത്യവാന്മാരാണെങ്കിൽ. നിങ്ങൾക്കത് ചെയ്യാനായില്ലെങ്കിൽ- നിങ്ങൾക്കത് ഒരിക്ക ലും ചെയ്യാൻ കഴിയുകയില്ല -മനുഷ്യരും കല്ലുകളും ഇന്ധനമായി കത്തിക്കപ്പെടുന്ന നരകാഗ്നിയെ നിങ്ങൾ കാത്തു സൂക്ഷിച്ചുകൊള്ളുക. സത്യനിഷേധികൾക്കു വേണ്ടി ഒരുക്കപ്പെട്ടതാകുന്നു അത്" (2:23, 24).

ദൈവമൊഴിച്ചുള്ള മുഴുവൻ പേരും ഒരുമിച്ചു കൂടിയാൽ പോലും ഖുർആനിലെ ഏറ്റവും ചെറിയ അധ്യായതിനു തുല്യമായ ഒരു രചനപോലും കൊണ്ടുവരാൻ കഴിയില്ലെന്നതാണ് വെല്ലുവിളി. ഈ വെല്ലുവിളിക്ക് ഉത്തരം നൽകാൻ അറേബ്യൻ സാഹിത്യത്തറവാട്ടിലെ കാരണവന്മാർക്ക് കഴിഞ്ഞില്ല. ഇന്നും ആ വെല്ലുവിളി ലോകത്തിനു മുന്നിൽ സ്പഷ്ടമായി നിലനിൽക്കുന്നു. മാനവരാശിയുടെ കർണപുടങ്ങളിൽ ഖുർആനിൻെറ വെല്ലുവിളി അലച്ചുകൊണ്ടിരിക്കുന്നു. മറ്റു വേദഗ്രന്ഥങ്ങളുടെ ഭാഷകളെപ്പോലെ ഖുർആനിൻെറ ഭാഷ ഒരു നിർജീവ ഭാഷയല്ല. അത് സജീവമായൊരു സംസാരഭാഷയാണ്. അറബി സംസാരിക്കുന്നവരായ ഒരുപാട് അമുസ്ലിംകളുണ്ട്. ഇസ്ലാമിൻെറ കഠിന വിരോധികളായ കുറെ അറബി സാഹിത്യകാരന്മാരുമുണ്ട്. അവർക്കൊന്നുംതന്നെ ഖുർആനിൻെറ ഈ വെല്ലുവിളിക്കു മറുപടി നൽകാൻ കഴിഞ്ഞിട്ടില്ല; ഇനിയൊട്ട് കഴിയുകയുമില്ല.

ഖുർആൻ കേവലമായ ഒരു മാനുഷിക രചനയിയിരുന്നെങ്കിൽ ഇത്തരമൊരു വെല്ലുവിളി നടത്താൻ അതിന് സാധിക്കുമായിരുന്നില്ല. മനുഷ്യർ മുഴുവൻ ഒന്നിച്ചു ചേർന്നാൽ പോലും തൻെറ രചനയിലെ ഒരു അധ്യായത്തിനു തുല്യമായ ഒരെണ്ണം കൊണ്ടുവരാൻ കഴിയില്ലെന്ന് പറയാൻ ഒരു





മനുഷ്യന് ധൈര്യം വരുന്നതെങ്ങനെ? ഖുർആനിൻെറ അമാനുഷികത പ്രകടമാക്കപ്പെടുന്നത് ഈ വെല്ലുവിളിയിലാണ്. ഈ വെല്ലുവിളിയില്ലായിരുന്നുവെങ്കിൽ, ഖുർആനിക സാഹിത്യത്തിന് മാത്രമായി അമാനുഷികതയുണ്ടെന്ന് പറയാൻ കഴിയുകയില്ലായിരുന്നുവെന്നർഥം; മറ്റേത് ഉന്നതമായ സാഹിത്യ കൃതിയെയുംപോലെ.

**വിവിധ ഭാഷകളിൽ ഉണ്ടായിട്ടുള്ള അദ്വിതീയമായ സാഹിത്യകൃതികളെപ്പോലെ ഒരു സാഹിത്യ സൃഷ്ടി മാത്രമല്ലേ ഖുർആൻ. അത്തരം സാഹിത്യ കൃതികൾക്ക് തുല്യമായ ഒരു കൃതിയുണ്ടാക്കാൻ നടത്തുന്ന വെല്ലുവിളിപോലെ വ്യർഥമല്ലേ ഖുർആനിലെ വെല്ലുവിളിയും?**

ഇംഗ്ലീഷിൽ ഷെയ്ക്സ്പിയറെ വെല്ലുന്ന ഒരു നാടകകൃത്തല്ല. ജർമൻ ഭാഷയിലാണെങ്കിൽ ഗോയ്ഥേയും ഷില്ലറും അവരുടെ നാടകരചനയിൽ അത്യുന്നതന്മാരാണ്. പേർസ്യനിൽ ഹാഫിളും റൂമിയും അദ്വിതീയരാണ്. സംസ്കൃതത്തിൽ ഋഗ്വേദം അതുല്യമായ രചനയാണ്. ഓരോ ഭാഷയിലും ഉന്നതമായ സാഹിത്യ സൃഷ്ടികളുണ്ടായിട്ടുണ്ട്. ഇതുപോലെ അറബിയിലും മനോഹരമായ രചനകളുണ്ടായിട്ടുണ്ട്. ഈ രചനകളിൽനിന്നെല്ലാം തികച്ചും വ്യത്യസ്തമാണ് ഖുർആനിൻെറ രൂപവും ശൈലിയും ഉള്ളടക്കവുമെല്ലാം. ഷേക്സ്പിയറുടെ നാടങ്ങളും ഗോയ്ഥേയുടെയും ഹോമറുടെയും കൃതികളുമെല്ലാം കഥനങ്ങളും ആസ്വാദനത്തിനു വേണ്ടിയുള്ളയതുമാണ്. അവ മാനുഷിക വികാരത്തെ മാത്രം സംതൃപ്തമാക്കാനുതകുന്നതാണ്.

ഖുർആനിക വചനങ്ങൾ ആസ്വാദനം നൽകുന്നതോടൊപ്പം പരിവർത്തനങ്ങളുണ്ടാക്കുകയും ചെയ്യുന്നു. സന്തോഷത്തോടൊപ്പം ശാന്തിയും നൽകുന്നു. കഥനങ്ങളോടൊപ്പം പാഠങ്ങളും പഠിപ്പിക്കുന്നു. മനുഷ്യരെ ഒന്നും പുറത്തുനിന്ന് അടിച്ചേൽപിക്കുകയല്ല ഖുർആൻ ചെയ്യുന്നത്. അവന് അകത്തുനിന്നുതന്നെ കർമങ്ങൾക്കുള്ള പ്രചോദനമുണ്ടാക്കുകയാണ്. ബുദ്ധിക്ക് സംതൃപ്തിയും വികാരങ്ങൾക്ക് പൂർത്തീകരണവും നൽകിക്കൊണ്ട് ആളുകളെ പ്രവർത്തന നിരതമാക്കുകയാണ് അവ ചെയ്യുന്നത്. മദ്യം നിരോധിച്ചുകൊണ്ടുള്ള സൂക്ത(5:90,91)ങ്ങൾ ഉദാഹരണം. പ്രസ്തുത സൂക്തങ്ങളിലെ കൽപന സ്വയമേവ നിറവേറ്റുകയാണ് അത് കേട്ടവർ ചെയ്തത്. മദീനാ തെരുവിലൂടെ മദ്യച്ചാലുകൾ ഒഴുകിയതിന് കാരണമതായിരുന്നു. മനുഷ്യവിരചിതമായ ഒരു സാഹിത്യ സൃഷ്ടിക്കും സാധിക്കാത്ത ഒരു കാര്യമാണിത്. ഒരാളുടെയല്ല, ഒരായിരം പേരുടെയുമല്ല; ലക്ഷങ്ങളുടെ ഹൃദയങ്ങൾക്കകത്തേക്ക് തുളച്ചുകയറി ഒരേ രൂപത്തിലുള്ള കർമങ്ങൾ

ചെയ്യുന്നവരായി മാറ്റിയെടുക്കുകയെന്നത് മനുഷ്യകഴിവിന്നതീതമാണ്. മനുഷ്യമനസ്സിൻെറ സ്പന്ദതാളങ്ങളെയും ലയത്തെയും കുറിച്ച് വ്യക്തമായി അറിയാവുന്ന പടച്ചതമ്പുരാനു മാത്രമേ അത്തരമൊരു രചന സാധ്യമാകൂ.

ഏതു ഭാഷയിലെയും സാഹിത്യകൃതികളെടുത്ത് പരിശോധിക്കുക. അവയുടെ സാഹിത്യമൂല്യത്തെക്കുറിച്ച് നാം സംസാരിക്കുന്നത് അത് എഴുതപ്പെട്ട കാലത്തെ ഭാഷയുടെയും അറിവിൻെറയും ഭൂമികയിൽനിന്നുകൊണ്ടാണ്. അവയിലൊന്നിൻെറയും ഭാഷകൾ ഇപ്പോൾ ജീവൽ ഭാഷകളേയല്ല. ഷേക്സ്പിയറുടെ ഇംഗ്ലീഷും ഋഗ്വേദത്തിൻെറ സംസ്കൃതവുമൊന്നും ഇന്ന് ജീവിച്ചിരിക്കുന്ന ഭാഷകളല്ല. ഈ ഭാഷകളെല്ലാം ഒട്ടനവധി പരിണാമ പ്രക്രിയകൾക്ക് വിധേയമായി. ഖുർആനിൻെറ ഭാഷയും സൗന്ദര്യവും ഇവയിൽനിന്ന് തികച്ചും വ്യത്യസ്തമാണ്. ഖുർആൻ അവതരിപ്പിക്കപ്പെട്ട് പതിനാല് നൂറ്റാണ്ട് കഴിഞ്ഞിട്ടും ഖുർആനിക അറബിതന്നെയാണ് ഇന്നും അറബികൾക്ക് ആധാരഭാഷ(standard language)യായി നിലനിൽക്കുന്നത്. ദൈവിക നിയമങ്ങളെപോലെത്തന്നെ ദൈവിക ഗ്രന്ഥത്തിൻെറ ഭാഷക്കും ഗണ്യമായ മൗലികമാറ്റങ്ങളൊന്നും കൂടാതെ പതിനാലു നൂറ്റാണ്ടുകാലം നിലനിൽക്കുവാൻ കഴിഞ്ഞുവെന്നതുതന്നെ ഒരു അമാനുഷിക ദൃഷ്ടാന്തമാണ്. ഭാഷാ പരിണാമത്തെയും കഴിഞ്ഞ പതിനാലു നൂറ്റാണ്ടുകൾക്കിടയിൽ മറ്റു ഭാഷകൾക്കുണ്ടായ മാറ്റങ്ങളെയും കുറിച്ച് പഠിച്ചവർക്കേ ഖുർആനിൻെറ മാത്രമായ ഈ സവിശേഷത വ്യക്തമായി മനസ്സിലാവൂ.

സത്യത്തിൽ, മറ്റു സാഹിത്യ കൃതികൾ ഖുർആനുമായി താരതമ്യം ചെയ്യാനേ അർഹമല്ലാത്തവയാണ്. അവയെല്ലാം ഓരോ പ്രത്യേക സാഹചര്യങ്ങളുടെ സൃഷ്ടി; ആ സാഹചര്യങ്ങളുമായി പൊരുത്തപ്പെട്ട സംഭവങ്ങളുമായി മാത്രം ബന്ധപ്പെട്ടവ; ജനങ്ങളെ ആസ്വദിപ്പിക്കുകയെന്ന ഉദ്ദേശ്യത്തോടുകൂടി മാത്രം രചിക്കപ്പെട്ടവ. ഖുർആനാകട്ടെ ജനങ്ങളെ അഭ്യസിപ്പിക്കുവാനുള്ളതാണ്. അത്തരമൊരു ഗ്രന്ഥം ആസ്വാദനം നൽകുകയെന്നത് വളരെ വിരളമാണ്. ഖുർആനിക സൂക്തങ്ങൾ ഒരേസമയംതന്നെ അത് അവതരിപ്പിക്കപ്പെട്ട കാലത്തെ സാഹചര്യങ്ങളോടും മറ്റു കാലങ്ങളിലെ തത്തുല്യമായ സാഹചര്യങ്ങളോടും പൊത്തപ്പെടുന്നവയാണ്. ബാഹ്യമായി ആസ്വദിപ്പിക്കുക ഖുർആനിൻെറ ലക്ഷ്യമേയല്ല. എന്നാൽ ഖുർആനിക വചനങ്ങൾ മനസ്സിന് സംതൃപ്തിയും കുളിർമയും നൽകുകയും അതിൻെറ മനോഹാരിതയിൽ മനസ്സ് പകച്ചുനിന്നുപോവുകയും ചെയ്യുന്നു.



മറ്റു ഗ്രന്ഥങ്ങളിൽനിന്നെല്ലാം ഖുർആനിനെ വ്യതിരിക്തമാക്കുന്ന അതിൻെറ സുപ്രധാനമായ പ്രത്യേകത അത് മുന്നോട്ട് വെക്കുന്ന വെല്ലുവിളിയാണ്. മറ്റുകൃതികളുടെയൊന്നും രചയിതാക്കൾക്ക് തങ്ങളുടെ ഗ്രന്ഥത്തിനു തുല്യമായ ഒരു ഗ്രന്ഥം കൊണ്ടുവരാനായി വെല്ലുവിളിക്കുവാനുള്ള ധൈര്യമുണ്ടായിട്ടില്ല; ധൈര്യമുണ്ടാവുകയുമില്ല. മറ്റൊരാളുടെ കഴിവ് എത്ര മാത്രമുണ്ടെന്ന് മനസ്സിലാക്കാൻ ആർക്കാണ് സാധിക്കുക? അതിന് ഒരാൾക്കും സാധിക്കുയില്ലെന്നതുകൊണ്ടുതന്നെ അത്തരമൊരു വെല്ലുവിളി നടത്താൻ സർവശക്തനായ സ്രഷ്ടാവിനല്ലാതെ ഒരാൾക്കും കഴിയുകയില്ല. ലോകോത്തര സാഹിത്യകൃതികളൊന്നുംതന്നെ അത്തരമൊരു വെല്ലുവിളി നടത്തുന്നുമില്ല.

ചുരുക്കത്തിൽ, ഖുർആനുമായി താരതമ്യത്തിനുപോലും മറ്റു സാഹിത്യഗ്രന്ഥങ്ങളൊന്നും അർഹമല്ലെന്നതാണ് വാസ്തവം.

# അഞ്ച്

## ഖുർആൻ ക്രോഡീകരണം

**ഖുർആൻ, ദൈവത്തിൽനിന്ന് മുഹമ്മദ് നബി(സ)ക്ക് ക്രോഡീകൃത ഗ്രന്ഥമായി ലഭിച്ചതാണോ?**

അല്ല. വിശുദ്ധ ഖുർആൻ പൂർണമായും ഒറ്റപ്രാവശ്യമായിട്ടല്ല, അൽപാൽപമായിട്ടാണ് അവതരിപ്പിക്കപ്പെട്ടത്. നീണ്ട ഇരുപത്തിമൂന്ന് വർഷങ്ങൾക്കിടയ്ക്കായി വ്യത്യസ്ത സാഹചര്യങ്ങളിലായിട്ടാണ് അതിലെ സൂക്തങ്ങളുടെ അവതരണം നടന്നത്. പ്രവാചകന് ലഭിച്ചുകൊണ്ടിരുന്ന ദിവ്യബോധനത്തിന് നിർണിതമായ ഇടവേളകളൊന്നുമുണ്ടായിരുന്നില്ല. ഒരു ദിവസംതന്നെ ഒന്നിലധികം തവണ ദിവ്യബോധനം ലഭിച്ച സന്ദർഭങ്ങളുണ്ട്. ചിലപ്പോൾ ചില വചനങ്ങൾ മാത്രമാണ് അവതരിപ്പിക്കപ്പെടുക. ഏതെങ്കിലുമൊരു അധ്യായത്തിൽ പ്രത്യേക ഭാഗത്ത് ചേർക്കുവാൻ വേണ്ടി നിർദേശിക്കപ്പെട്ട വചനങ്ങൾ മുഴുവനായി ഒറ്റസമയംതന്നെ അവതരിപ്പിക്കപ്പെട്ട അധ്യായങ്ങളുമുണ്ട്. അവസരങ്ങൾക്കും സന്ദർഭങ്ങൾക്കുമനുസരിച്ച് അവതരിപ്പിക്കപ്പെട്ട ഒരുപാട് സൂക്തങ്ങളുടെ സമുച്ചയമാണ് ഖുർആൻ.

**മനുഷ്യർക്ക് സന്മാർഗദർശനം നൽകുന്നതിനായി ദൈവംതമ്പുരാൻ അവതരിപ്പിച്ച ഗ്രന്ഥമാണ് ഖുർആനെങ്കിൽ അത് മുഴുവനായി ഒരു ഗ്രന്ഥ രൂപത്തിൽ അവതരിപ്പിച്ചുകൂടാമായിരുന്നുവോ?**





മുഹമ്മദി(സ)ൻെറ കാലത്തുതന്നെ അവിശ്വാസികൾ ചോദിച്ചിരുന്ന ഒരു ചോദ്യമായിരുന്നു ഇത്. ഖുർആൻ പറയുന്നതു കാണുക: "സത്യനിഷേധികൾ പറഞ്ഞു. ഇദ്ദേഹത്തിന് ഖുർആൻ ഒറ്റത്തവണയായി ഇറക്കപ്പെടാത്തതെന്താണെന്ന്. അത് അപ്രകാരം (ഘട്ടങ്ങളിലായി അവതരിപ്പിക്കുക)തന്നെയാണ് വേണ്ടത്. അതുകൊണ്ട് നിൻെറ ഹൃദയത്തെ ഉറപ്പിച്ചുനിർത്താൻവേണ്ടിയാകുന്നു. ശരിയായ സാവകാശത്തോടെ നാമത് പാരായണം ചെയ്ത് കേൾപിക്കുകയും ചെയ്തിരിക്കുന്നു" (25:32).

"നീ ജനങ്ങൾക്ക് സാവകാശത്തിൽ ഓതിക്കൊടുക്കേണ്ടതിനായി ഖുർആനെ നാം (പല ഭാഗങ്ങളായി) വേർതിരിച്ചിരിക്കുന്നു. നാം അതിനെ ക്രമേണയായി ഇറക്കുകയും ചെയ്തിരിക്കുന്നു" (17:106).

ഈ സൂക്തങ്ങളിൽനിന്ന് എന്തുകൊണ്ടാണ് ഖുർആൻ ഒന്നിച്ച് ഗ്രന്ഥരൂപത്തിൽ അവതരിപ്പിക്കാതിരുന്നതെന്ന് നമുക്ക് മനസ്സിലാകുന്നു. അവസാന നാളുവരെയുള്ള മുഴുവൻ മനുഷ്യർക്കും മാർഗദർശനം നൽകേണ്ട വേദഗ്രന്ഥമാണ് ഖുർആൻ. അതു തോറയെപ്പോലെ കേവലം കുറെ നിയമങ്ങളുടെ സംഹിതയല്ല. വിശ്വാസ പരിവർത്തനത്തിലൂടെ ഒരു സമൂഹത്തെ എങ്ങനെ വിമലീകരിക്കാമെന്ന് പ്രായോഗികമായി കാണിച്ചുതരുന്ന ഗ്രന്ഥമാണത്. ഖുർആനിൻെറ അവതരണത്തിനനുസരിച്ച് പരിവർത്തിതമായിക്കൊണ്ടിരുന്ന ഒരു സമൂഹത്തിൻെറ ചിത്രം നമ്മുടെ മുന്നിലുണ്ട്. ഈ ചിത്രംകൂടി ഉപയോഗിച്ചുകൊണ്ടാണ് ഓരോ സൂക്തത്തിൻെറയും പൂർണമായ ഉദ്ദേശ്യം നാം മനസ്സിലാക്കുന്നത്. ഒറ്റയടിക്കാണ് ഖുർആൻ അവതരിപ്പിക്കപ്പെട്ടതെങ്കിൽ ഈ രൂപത്തിൽ നമുക്ക് അത് മനസ്സിലാക്കുവാൻ കഴിയുകയില്ലായിരുന്നു. അത് നൂറുശതമാനം പ്രായോഗികമായ ഒരു ഗ്രന്ഥമാണെന്ന് പറയുവാനും സാധിക്കുമായിരുന്നില്ല. വളർന്നുകൊണ്ടിരുന്ന ഒരു സമൂഹത്തിന് ഘട്ടങ്ങളായി നൽകിയ മാർഗനിർദേശങ്ങളെന്ന നിലയ്ക്ക് –പ്രസ്തുത മാർഗനിർദേശങ്ങൾക്കൊപ്പം ആ സമൂഹം മാറിക്കൊണ്ടിരുന്നു –അത് പൂർണമായും പ്രായോഗികമാണെന്ന് നമുക്ക് ഉറപ്പിച്ചുപറയുവാനാകും.

ഖുർആൻ ഘട്ടങ്ങളായി അവതരിപ്പിക്കപ്പെട്ടതുകൊണ്ടുള്ള ഗുണങ്ങളെ ഇങ്ങനെ സംഗ്രഹിക്കാം.

1. ദീർഘകാലമായി സമൂഹത്തിൽ നിലനിന്നിരുന്ന ദുരാചാരങ്ങളും അധാർമികതകളും ഒറ്റയടിക്ക് നിർത്തലാക്കുക പ്രയാസകരമാണ്. ഘട്ടങ്ങളായി മാത്രമേ അവ നിർത്തൽ ചെയ്യാനാകൂ. താൽക്കാലിക നിയമങ്ങൾ വഴി പ്രസ്തുത പ്രവർത്തനങ്ങളിൽനിന്ന് ജനങ്ങളെ ക്രമേണ അക

റ്റിക്കൊണ്ട് അവസാനം സ്ഥിരമായ നിയമങ്ങൾ നടപ്പിൽവരുത്തുകയാണ് പ്രായോഗികം. ഇതിന് ഘട്ടങ്ങളായുള്ള അവതരണം സൗകര്യം നൽകുന്നു.

2. ജനങ്ങളിൽനിന്നും ഉയർന്നുവരുന്ന സംശയങ്ങൾക്കും അപ്പപ്പോഴുണ്ടാവുന്ന പ്രശ്നങ്ങൾക്കും തദവസരത്തിൽതന്നെ പരിഹാരമുണ്ടാവുന്ന രീതിയിൽ ദൈവിക സന്ദേശങ്ങൾ ലഭിക്കുന്നത് പ്രബോധിത ജനതയിൽ കൂടുതൽ ഫലപ്രദമായ പരിവർത്തനങ്ങളുണ്ടാവുന്നതിന് നിമിത്തമാകുന്നു.

3. ഒറ്റപ്രാവശ്യമായി അവതരിപ്പിക്കപ്പെടുന്ന പക്ഷം അതിലെ നിയമനിർദേശങ്ങൾ ഒരൊറ്റ ദിവസംതന്നെ നടപ്പിലാക്കേണ്ടതായി വരും. അത് പ്രയാസകരമാണെന്ന് പറയേണ്ടതില്ലല്ലോ. ഘട്ടങ്ങളായുള്ള അവതരണം വഴി ഈ പ്രയാസം ഇല്ലാതാക്കുവാനും ക്രമേണ പൂർണമായി വിമലീകരിക്കപ്പെട്ട ഒരു സമൂഹത്തെ വളർത്തിയെടുക്കുവാനും സാധിക്കുന്നു.

4. ഇടയ്ക്കിടക്ക് ദൈവിക ബോധനം ലഭിക്കുന്നത് പ്രവാചകന് മനഃസമാധാനവും ഹൃദയദാർഢ്യവുമുണ്ടാവുന്നതിന് കാരണമാവുന്നു.

5. നിരക്ഷരനായ മുഹമ്മദി(സ)ന് ഖുർആൻ പഠിക്കുവാനും മനഃപാഠമാക്കുവാനും ഘട്ടങ്ങളായുള്ള അവതരണം സൗകര്യം നൽകുന്നു. മറവിയോ അബദ്ധങ്ങളോ ഇല്ലാതിരിക്കുന്നതിനും ഇത് അവസരമൊരുക്കുന്നു.

6. പ്രവാചകൻെറ അനുയായികൾക്ക് ഖുർആൻ മനഃപാഠമാക്കുന്നതിനും അതിലെ വിഷയങ്ങൾ വ്യക്തമായി പഠിക്കുന്നതിനും അതനുസരിച്ച് ജീവിതം ക്രമപ്പെടുത്തുന്നതിനും കുറേശ്ശെയുള്ള അവതരണം വഴി സാധിക്കുന്നു.

## വ്യത്യസ്ത സമയങ്ങളിൽ അവതരിപ്പിക്കപ്പെട്ട ഖുർആൻ സൂക്തങ്ങളെല്ലാം ഒന്നായി ക്രോഡീകരിക്കപ്പെട്ടത് എന്നായിരുന്നു?

ഖുർആൻ അവതരണത്തോടൊപ്പംതന്നെ ക്രോഡീകരണവും നടന്നിരുന്നു. വിശുദ്ധ ഖുർആൻ അവതരിപ്പിച്ച പടച്ചതമ്പുരാൻതന്നെ അതിൻെറ ക്രോഡീകരണം തൻെറ ബാധ്യതയായി ഏറ്റെടുത്തിരിക്കുന്നുവെന്നതാണ് വാസ്തവം. അല്ലാഹു പറയുന്നു: "തീർച്ചയായും അതിൻെറ (ഖുർആൻെറ) സമാഹരണവും അത് ഓതിത്തരലും നമ്മുടെ ബാധ്യതയാകുന്നു. അങ്ങനെ നാം അത് ഓതിത്തന്നാൽ ആ ഓത്ത് നീ പിന്തുടരുക" (75:17, 18).

മുഹമ്മദി(സ)ന് ഓരോ സൂക്തവും അവതരിപ്പിക്കപ്പെടുമ്പോൾ അത് എത്തിച്ചുകൊടുക്കുന്ന ജിബ്രീൽ(അ)തന്നെ അത് ഏത് അധ്യായത്തിൽ





എത്രാമത്തെ വാക്യമായി ചേർക്കേണ്ടതാണെന്നുകൂടി അദ്ദേഹത്തെ അറിയിച്ചിരുന്നു. ഖുർആൻ എഴുതിവെക്കുന്നതിനുവേണ്ടി സന്നദ്ധരായ പ്രവാചകാനുചരന്മാർ 'കുത്താബുൽ വഹ്‌യ് (ദിവ്യബോധനത്തിൻെറ എഴുത്തുകാർ) എന്നാണ് അറിയപ്പെട്ടിരുന്നത്. അൻസാറുകളിൽപെട്ട ഉബയ്യ്ബ്നു കഅ്ബ്, മുആദുബ്നു ജബൽ, സൈദുബ്നുസാബിത്ത്, അബൂസൈദ്(റ) എന്നിവരായിരുന്നു അവരിൽ പ്രധാനികൾ. തുകൽ കഷ്ണങ്ങളിലായിരുന്നു അവർ പ്രധാനമായും ഖുർആൻ എഴുതിവെച്ചിരുന്നത്. പ്രവാചക(സ)ന്ന് ഏതെങ്കിലും സൂക്തം അവതരിപ്പിക്കപ്പെട്ടാൽ അദ്ദേഹം ഈ എഴുത്തുകാരെ വിളിക്കും. ജിബ്രീൽ അദ്ദേഹത്തോട് നിർദേശിച്ച ക്രമം അദ്ദേഹം എഴുത്തുകാരോട് പറയും. അഥവാ ഈ സൂക്തങ്ങൾ ഏത് അധ്യായത്തിൽ എത്രാമത്തെ വചനങ്ങളായി ചേർക്കണമെന്നും നിർദേശം നൽകും. ഇതു പ്രകാരം അവർ എഴുതിവെക്കും. ഇങ്ങനെ, പ്രവാചക(സ)ൻെറ കാലത്തുതന്നെ -ഖുർആൻ അവതരണത്തോടൊപ്പംതന്നെ -അതിൻെറ ക്രോഡീകരണവും നടന്നിരുന്നുവെന്നതാണ് വാസ്തവം.

ഇവ്വിഷയകമായി നിവേദനം ചെയ്യപ്പെട്ട ഏതാനും ഹദീസുകൾ കാണുക: ഉസ്മാൻ (റ) നിവേദനം ചെയ്യുന്നു: "ദൈവദൂതന് (സ) ഒരേ അവസരത്തിൽ വിവിധ അധ്യായങ്ങൾ അവതരിക്കാറുണ്ടായിരുന്നു. അങ്ങനെ അവതരിപ്പിക്കപ്പെട്ടാൽ അദ്ദേഹം എഴുത്തുകാരെ വിളിച്ച് ഈ ആയത്തുകൾ ഇന്ന വിഷയം പ്രതിപാദിക്കുന്ന ഇന്ന സൂറത്തിൽ രേഖപ്പെടുത്തുകയെന്ന് കൽപിക്കുമായിരുന്നു" (തുർമുദി).

"ജിബ്രീൽ എല്ലാ വർഷവും പ്രവാചക(സ)ന് ഒരു പ്രാവശ്യം ഖുർആൻ കേൾപ്പിക്കാറുണ്ടായിരുന്നു. അദ്ദേഹം മരണപ്പെട്ട വർഷത്തിലാകട്ടെ രണ്ടു പ്രാവശ്യം കേൾപ്പിക്കുകയുണ്ടായി" (ബുഖാരി).

ഓരോ സൂക്തവും അവതരിപ്പിക്കപ്പെടുമ്പോൾതന്നെ അത് ഏത് സൂറത്തിലെ എത്രാമത്തെ വാക്യമാണെന്ന ദൈവിക നിർദേശമുണ്ടാവുന്നു. അത് പ്രകാരം എഴുതിവെക്കാൻ പ്രവാചകൻ(സ) എഴുത്തുകാരോട് നിർദേശിക്കുന്നു. എല്ലാ വർഷവും ജിബ്രീൽ(അ) വന്ന് അതുവരെ അവതരിപ്പിക്കപ്പെട്ട സൂക്തങ്ങൾ ക്രമത്തിൽ ഓതികേൾപ്പിക്കുന്നു. അത് പ്രവാചകൻ (സ) കേൾക്കുന്നു. ശേഷം പ്രവാചകൻ ജിബ്രീലിനെ ഓതികേൾപ്പിക്കുന്നു. അങ്ങനെ ഖുർആനിൻെറ ക്രമത്തിൻെറ കാര്യത്തിലുള്ള ദൈവിക നിർദേശം പൂർണമായി പാലിക്കാൻ പ്രവാചക(സ)ന് സാധിച്ചിരുന്നു. 'തീർച്ചയായും അതിൻെറ സമാഹരണവും പാരായണവും നമ്മുടെ ബാധ്യതയാകുന്നു"(75:17)വെന്ന ദൈവിക സൂക്തത്തിൻെറ സത്യസന്ധമായ പുലർച്ചയാണ് നമുക്കിവിടെ കാണാൻ കഴിയുന്നത്.

**മുഹമ്മദി(സ)ൻെറ കാലത്ത് ഖുർആൻ ഒരു ഗ്രന്ഥമായി ക്രോഡീകരിക്കപ്പെട്ടിരുന്നുവോ?**

ഈ ചോദ്യത്തിന് 'അതെ'യെന്നും 'ഇല്ല'യെന്നും ഉത്തരം പറയാം. ഒരു ഗ്രന്ഥം ക്രോഡീകരിക്കുകയെന്നു പറയുമ്പോൾ എന്താണ് അർഥമാക്കുന്നത് എന്നതിനെ ആശ്രയിച്ചിരിക്കുന്നു ഈ ചോദ്യത്തിൻെറ ഉത്തരം. ആദ്യം മുതൽ അവസാനം വരെയുള്ള അധ്യായങ്ങൾ ഏതെല്ലാമാണെന്നും അവയിലെ വാക്യങ്ങൾ ഏതെല്ലാമാണെന്നും വ്യക്തമായി പറഞ്ഞു കൊടുക്കുകും അതുപ്രകാരം തൻെറ അനുയായികളിൽ നല്ലൊരു ശതമാനത്തെക്കൊണ്ട് മനഃപാഠമാക്കിക്കുകയും ചെയ്യുന്നതുകൊണ്ട് ഒരു ഗ്രന്ഥം ക്രോഡീകരിക്കപ്പെട്ടുവെന്ന് പറയാമെങ്കിൽ മുഹമ്മദി(സ)ൻെറ കാലത്തുതന്നെ ഖുർആൻ ക്രോഡീകരിക്കപ്പെട്ടുവെന്ന് പറയാവുന്നതാണ്. എന്നാൽ, രണ്ടു പുറംചട്ടകൾക്കുള്ളിൽ ഗ്രന്ഥത്തിലെ എല്ലാ അധ്യായങ്ങളും തുന്നിച്ചേർത്തുകൊണ്ട് പുറത്തിറക്കുകയാണ് ക്രോഡീകരണം കൊണ്ടുള്ള വിവക്ഷയെങ്കിൽ ഖുർആൻ മുഹമ്മദി(സ)ൻെറ ജീവിതകാലത്ത് ക്രോഡീകരിക്കപ്പെട്ടിട്ടില്ല എന്നും പറയാവുന്നതാണ്.

പ്രവാചകൻെറ ജീവിതകാലത്തിനിടയിൽ ഖുർആൻ ക്രോഡീകരിക്കുക അസാധ്യമായിരുന്നുവെന്നതാണ് വാസ്തവം. ഖുർആൻ അവതരണത്തിൻെറ ശൈലി നമുക്കറിയാം.'ജിബ്രീൽ വരുന്നു. ഖുർആൻ സൂക്തങ്ങൾ ഓതികേൾപ്പിക്കുന്നു. അത് ഏത് അധ്യായത്തിൽ എത്രാമത്തെ വാക്യമായി ചേർക്കണമെന്ന് നിർദേശിക്കുന്നു'. ഇതായിരുന്നുവല്ലോ രൂപം. വിവിധ സന്ദർഭങ്ങളിൽ അവതരിപ്പിക്കപ്പെട്ട സൂക്തങ്ങൾ കാലഗണനനയനുസരിച്ചല്ല അധ്യായങ്ങളായി സമാഹരിക്കപ്പെട്ടിരിക്കുന്നത് എന്നതിനാൽ അവസാനത്തെ സൂക്തം കൂടി അവതരിപ്പിച്ചു കഴിഞ്ഞതിനുശേഷമേ അവസാനമായി ഖുർആൻ ക്രോഡീകരിച്ച് ഗ്രന്ഥമാക്കുവാൻ കഴിയുമായിരുന്നുള്ളൂ. പ്രവാചകൻെറ വിയോഗത്തിന് ഒമ്പത് ദിവസങ്ങൾക്കുമുമ്പാണ് അവസാനത്തെ ഖുർആൻ സൂക്തം അവതരിപ്പിക്കപ്പെട്ടത്. ഈ ഒമ്പത് ദിവസങ്ങൾക്കിടക്ക് അത് ഗ്രന്ഥരൂപത്തിലാക്കുക പ്രയാസകരമാണെന്ന് പറയേണ്ടതില്ലല്ലോ. ഖുർആൻ പൂർണമായും മനഃപാഠമാക്കിയ ഒട്ടനവധി അനുചരന്മാർ ഉണ്ടായിരുന്നതുകൊണ്ടും തുകൽ ചുരുളുകളിലും മറ്റു പല വസ്തുക്കളിലുമായി ഖുർആൻ മുഴുവനായി എഴുതിവെച്ചിരുന്നുവെന്നതുകൊണ്ടും ഖുർആനിനെ സംരക്ഷിക്കുകയെന്നത് പടച്ചതമ്പുരാൻതന്നെ ഒരു ബാധ്യതയായി ഏറ്റെടുത്തതുകൊണ്ടും അതൊരു പുസ്തക രൂപത്തിലാക്കാതിരുന്നത് ഒരു വലിയ പ്രശ്നമായി പ്രവാചകൻ (സ) കരുതിയിരുന്നില്ല എന്നുപറയുന്നതാവും ശരി.





**ഖുർആൻ രണ്ടു പുറംചട്ടകൾക്കുള്ളിൽ, ഒരൊറ്റ ഗ്രന്ഥമായി ക്രോഡീകരിക്കപ്പെട്ടത് എന്നായിരുന്നു? ഏത് സാഹചര്യത്തിൽ?**

ഒന്നാം ഖലീഫ അബൂബക്കറി(റ)ൻെറ കാലത്താണ് രണ്ടു പുറം ചട്ടകൾക്കുള്ളിൽ ഒരൊറ്റ ഗ്രന്ഥമായി ഖുർആൻ ക്രോഡീകരിക്കപ്പെട്ടത്.

മുഹമ്മദി(സ)ൻെറ ജീവിതകാലത്തുതന്നെ തുകൽചുരുളുകളിലും മറ്റുമായി ഖുർആൻ രേഖപ്പെടുത്തപ്പെട്ടിരുന്നുവെങ്കിലും ഖുർആൻ പഠനത്തിനുള്ള സമൂഹത്തിൻെറ പ്രധാനപ്പെട്ട ആശ്രയം പ്രസ്തുത ഏടുകളായിരുന്നില്ല. പ്രത്യുത, ഖുർആൻ ഹൃദിസ്ഥമാക്കിയവരുടെ സേവനമായിരുന്നു. പ്രവാചക(സ)ൻെറ വിയോഗാനന്തരം ഇസ്‌ലാമിക രാഷ്ട്രത്തിൻെറ നായകത്വം അബൂബക്കർ (റ) ഏറ്റെടുത്തു. വ്യാജ പ്രവാചകൻ മുസൈലിമ അബൂബക്കറി(റ)നെതിരെ പ്രബലമായ തൻെറ ഗോത്രത്തെ-ബനൂഹനീഫ-അണിനിരത്തിയപ്പോൾ യുദ്ധം നടന്നു. യുദ്ധത്തിൽ മുസ്‌ലിംകൾ വിജയിച്ചു. ഖുർആൻ പൂർണമായി ഹൃദിസ്ഥമാക്കിയിരുന്ന എഴുപതുപേരുടെ രക്തസാക്ഷിത്വമായിരുന്നു മുസ്‌ലിംകൾക്കുണ്ടായ വലിയ നഷ്ടം.

ഈ സംഭവം ഖുർആനിൻെറ സംരക്ഷണത്തെക്കുറിച്ച് ചിന്തിക്കുവാൻ പ്രവാചക സഖാക്കളിൽ പ്രമുഖനായ ഉമറി(റ)ന് പ്രചോദനമേകി. അതിനാവശ്യമായ നടപടികളെക്കുറിച്ച് അദ്ദേഹം ഖലീഫ അബൂബക്കറുമായി ചർച്ച ചെയ്തു. ഖുർആൻ ക്രോഡീകരിച്ച് ഗ്രന്ഥരൂപത്തിലാക്കേണ്ടത് ആവശ്യംതന്നെയാണെന്ന് ഖലീഫക്ക് ബോധ്യമായി. പ്രവാചകൻെറ എഴുത്തുകാരനും ഖുർആൻ രേഖപ്പെടുത്തിവെച്ചവരിൽ പ്രമുഖനുമായിരുന്ന സൈദുബ്നു സാബിത്തിനെ ഖുർആൻ ഏകഗ്രന്ഥത്തിലായി സമാഹരിക്കുകയെന്ന ചുമതല ഏൽപിച്ചു.

സൈദുബ്നു സാബിത്തിന് ഖുർആൻ മനഃപാഠമുണ്ടായിരുന്നു. എന്നാൽ, തൻെറ ഓർമശക്തിയെ മാത്രം ആശ്രയിച്ചുകൊണ്ടല്ല അദ്ദേഹം ഖുർആൻ സമാഹരണം നടത്തിയത്. അന്ന് വ്യത്യസ്ത വ്യക്തികളുടെ കൈവശമുണ്ടായിരുന്ന ഖുർആൻ ഏടുകളെല്ലാം അദ്ദേഹം പരിശോധിച്ചു. ഏടുകൾ കൈവശമുള്ളവർ പ്രത്യക്ഷപ്പെടുമ്പോൾ അവ തൻെറ കൈവശമുള്ള രേഖകളുമായി ഒത്തുനോക്കിയും മനഃപാഠവുമായി താരതമ്യം ചെയ്തുകൊണ്ടും അദ്ദേഹം രേഖപ്പെടുത്തിക്കൊണ്ടിരുന്നു. അങ്ങനെ ഖുർആൻ മുഴുവനായി സൈദുബ്നു സാബിത്ത് രണ്ടു ചട്ടകൾക്കുള്ളിലുള്ള ഏടുകളിലാക്കി. രണ്ടു ചട്ടകൾക്കള്ളിൽ സമാഹരിക്കപ്പെട്ട

രേഖകൾക്കാണ് 'മുസ്ഹഫ്' എന്നു പറയുന്നത്. അബൂബക്കറി (റ)ൻെറ ഭരണകാലത്ത് സൈദുബ്നു സാബിത്താണ് ഖുർആൻ പൂർണമായി ഉൾക്കൊള്ളുന്ന ആദ്യത്തെ മുസ്ഹഫ് തയാറാക്കിയതെന്ന് സാരം.

**യേശുവിനു ശേഷം അനുയായികൾ സുവിശേഷങ്ങൾ എഴുതി; മുഹമ്മദി(സ)നു ശേഷം അനുയായികൾ ഖുർആൻ എഴുതി; ഇവ തമ്മിൽ എന്തെങ്കിലും വ്യത്യാസമുണ്ടോ?**

വളരെ വലിയ വ്യത്യാസങ്ങളുണ്ട്. അവ ഇങ്ങനെ ക്രോഡീകരിക്കാം.

1. യേശു 'സുവിശേഷം' പ്രസംഗിച്ചു(മാർക്കോസ് 1:14,15,8:35, 14:9, 10:29, മത്തായി 4: 23)വെന്ന് ബൈബിളിൽ പറയുന്നുണ്ടെങ്കിലും അദ്ദേഹത്തിൻെറ കാലത്ത് 'സുവിശേഷം' ഏതെങ്കിലും രൂപത്തിൽ രേഖപ്പെടുത്തപ്പെട്ടിരുന്നതായി യാതൊരു തെളിവുമില്ല. ഖുർആനാകട്ടെ മുഹമ്മദി(സ)ൻെറ കാലത്തുതന്നെ രേഖപ്പെടുത്തപ്പെട്ടിരുന്നു. വ്യത്യസ്ത ഏടുകളിലായി.

2. യേശു പ്രസംഗിച്ച 'സുവിശേഷം' അദ്ദേഹത്തിൻെറ സമകാലികരിൽ ആരെങ്കിലും പദാനുപദം മനഃപാഠമാക്കിവെച്ചിരുന്നില്ല. ഖുർആൻ മനഃപാഠമാക്കിയ നൂറുകണക്കിന് അനുചരന്മാരുണ്ടായിരുന്നു.

3. മത്തായിയോ, മാർക്കോസോ, ലൂക്കോസോ, യോഹന്നാനോ എഴുതിയത് യേശു പ്രസംഗിച്ച സുവിശേഷമല്ല. യേശുവിൻെറ ജീവിതത്തെക്കുറിച്ച് തങ്ങൾ അറിഞ്ഞ കാര്യങ്ങളാണ് (ലൂക്കോസ് 1:1-4) ഖുർആൻ മുഹമ്മദി(സ)ൻെറ ജീവചരിത്രമല്ല, അദ്ദേഹത്തിന് പടച്ചതമ്പുരാൻ അവതരിപ്പിച്ച വേദഗ്രന്ഥമാണ്.

4. സമൂഹത്തിൻെറ പ്രതിനിധിയായ ഖലീഫ ഉത്തരവാദപ്പെടുത്തിയതിനനുസരിച്ച് സൂക്ഷ്മമായി പരിശോധിച്ചുകൊണ്ടാണ് ഖുർആൻ സമാഹാരണം നടന്നത്. സമാഹർത്താവായിരുന്ന സൈദുബ്നു സാബിത്തിൻെറ വാക്കുകളിൽ പ്രസ്തുത സമാഹരണത്തിൻെറ സൂക്ഷ്മത വ്യക്തമായി പ്രതിഫലിക്കുന്നുണ്ട്. "ഏതെങ്കിലുമൊരു പർവതത്തെ അതിൻെറ സ്ഥാനത്തുനിന്ന് മാറ്റാനാണ് അബൂബക്കർ എന്നോട് ആവശ്യപ്പെട്ടിരുന്നതെങ്കിൽ അതായിരുന്നു എനിക്ക് ഇതിനേക്കാൾ നിസ്സാരം". സുവിശേഷങ്ങളാവട്ടെ, ഓരോരുത്തർ തങ്ങളുടെ ഇച്ഛപ്രകാരം രചിച്ച ഗ്രന്ഥങ്ങളാണ്. അവരുടെ ലക്ഷ്യമാകട്ടെ, തങ്ങളുടെ മുന്നിലുള്ള സമൂഹത്തിന് ക്രിസ്തുവിനെ പരിചയപ്പെടുത്തുക മാത്രമായിരുന്നു. (Raymond E. Brown: Responses to 101 Questions on the Bible, Page 57-58)

5. യേശുവിന് ശേഷം അഞ്ചു പതിറ്റാണ്ടെങ്കിലും കഴിഞ്ഞാണ് സുവിശേഷങ്ങൾ എഴുതപ്പെട്ടത്. ഹിജ്റ പന്ത്രണ്ടാം വർഷത്തിലാണ് -പ്രവാ





ചക നിര്യാണത്തിന് രണ്ടു വർഷങ്ങൾക്കുശേഷം -ഖുർആൻ സമാഹരണത്തിനു തുടക്കം കുറിക്കപ്പെട്ടത്.

6. യേശുവിൻെറ ശിഷ്യന്മാരല്ല സുവിശേഷങ്ങൾ രചിച്ചിട്ടുള്ളത്. മുഹമ്മദി(സ)ൻെറ ശിഷ്യന്മാരാണ് ഖുർആൻ സമാഹരിച്ചത്.

7. സുവിശേഷങ്ങളുടെ രചനക്ക് ആധാരം യേശുവിനെ സംബന്ധിച്ച കേട്ടുകേൾവികൾ മാത്രമായിരുന്നു. ഖുർആൻ ക്രോഡീകരണത്തിന് പ്രവാചകൻ(സ) തന്നെ പറഞ്ഞുകൊടുത്ത് എഴുതിപ്പിടിപ്പിച്ച ഏടുകളും പ്രവാചകനിൽനിന്ന് നേരിട്ട് ഖുർആൻ കേട്ടു മനഃപാഠമാക്കിയ നൂറുകണക്കിന് അനുചരന്മാരുമായിരുന്നു അവലംബം.

**അബൂബക്കറി(റ)ൻെറ കാലത്ത് ക്രോഡീകരിക്കപ്പെട്ട ഖുർആൻ കോപ്പി ഇന്ന് നിലനിൽക്കുന്നുണ്ടോ? ഇല്ലെങ്കിൽ എന്തുകൊണ്ട്?**

ഇല്ല. സൈദുബ്നു സാബിത്ത് (റ) ക്രോഡീകരിച്ച മുസ്ഹഫ് ഖലീഫയായിരുന്ന അബൂബക്കറി(റ)ൻെറ കൈവശമായിരുന്നു ഉണ്ടായിരുന്നത്. അദ്ദേഹത്തിൻെറ മരണശേഷം രണ്ടാം ഖലീഫ ഉമറി(റ)ൻെറ കൈവശമായി. ഉമറി(റ)ൻെറ കാലശേഷം അദ്ദേഹത്തിൻെറ പുത്രിയും മുഹമ്മദി(സ)ൻെറ പത്നിയുമായിരുന്ന ഹഫ്സ(റ)യുടെ കൈവശമായി മുസ്ഹഫിൻെറ സൂക്ഷിപ്പ്. ആദ്യം മുതലെ ഹഫ്സ(റ)യുടെ കൈവശമായിരുന്നു ഈ കോപ്പിയെന്നും അഭിപ്രായമുണ്ട്. പ്രസ്തുത പതിപ്പിന് ഖുർആനിൻെറ ഔദ്യോഗിക പതിപ്പിൻെറ സ്ഥാനമുണ്ടായിരുന്നുവെങ്കിലും മറ്റു പല വ്യക്തികളുടെ കൈവശവും ഖുർആൻെറ ഏടുകളുണ്ടായിരുന്നു. പ്രവാചകൻെറ കാലത്ത് എഴുതപ്പെട്ടവയും ശേഷം പകർത്തിയെഴുതിയതുമായ ഏടുകൾ. എന്നാൽ, ഈ രേഖകളെയൊന്നുമായിരുന്നില്ല സാധാരണ ജനങ്ങൾ പൊതുവായി തങ്ങളുടെ പഠനത്തിനും പാരായണത്തിനും ആശ്രയിച്ചിരുന്നത്. അവർ അവർക്കിടയിലുണ്ടായിരുന്ന മനഃപാഠമാക്കിയ വ്യക്തികളെയും അവരിൽനിന്ന് പകർത്തിയെഴുതിയ സ്വകാര്യ ഏടുകളെയുമായിരുന്നു ആശ്രയിച്ചിരുന്നത്.

മൂന്നാം ഖലീഫ ഉസ്മാനി(റ)ൻെറ ഭരണകാലം. ഹിജ്റ 23-ാം വർഷമായപ്പോഴേക്ക് ഇസ്ലാം കൂടുതൽ പ്രചരിക്കുകയും പുതിയ ഭൂപ്രദേശങ്ങൾ ഇസ്ലാമിക സാമ്രാജ്യത്തിൻെറ വരുതിക്കുള്ളിൽ വരികയും ചെയ്തു. അറബികളും അനറബികളുമായ ആയിരക്കണക്കിനാളുകൾ ഇസ്ലാമിലേക്ക് കടന്നുവന്നു. അറബിഭാഷ അറിയാത്തവരുടെ ഇസ്ലാം ആശ്ലേഷം ഖുർആൻ പാരായണത്തിൽ ചില പ്രശ്നങ്ങളുണ്ടാക്കുന്നതായി ചിലർ ഉസ്മാൻെറ(റ) ശ്രദ്ധയിൽ പെടുത്തി. അർമീനിയ, അസർബൈജാൻ എന്നി

വിടങ്ങളിലുണ്ടായ യുദ്ധങ്ങളുടെ അവസരത്തിൽ പ്രസ്തുത പ്രദേശങ്ങളിലെ ജനങ്ങൾ ഒരുമിച്ചു കൂടിയപ്പോൾ ഖുർആൻ പാരായണത്തിൻെറ രീതിയിലും ഉച്ചാരണക്രമത്തിലും അവർ വമ്പിച്ച വ്യത്യാസം വരുത്തുന്നത് കണ്ട് പ്രവാചകാനുചരൻ ഹുദൈഫ(റ)യായിരുന്നു ഈ പ്രശ്നം ഖലീഫയുടെ ശ്രദ്ധയിൽപെടുത്തിയ ആദ്യ വ്യക്തികളിൽ ഒരാൾ. ഈ രൂപത്തിൽ മുന്നോട്ടുപോയാൽ ഖുർആനിനെ സംബന്ധിച്ച് മുസ്ലിംകൾക്കിടയിൽ സാരമായ ഭിന്നിപ്പ് ഉടലെടുക്കാൻ കാരണമായേക്കുമെന്ന് ദീർഘദർശികളായ പ്രവാചകാനുചരന്മാർ ശ്രദ്ധയിൽപെടുത്തി. അനിവാര്യമായ നടപടികളുണ്ടാവണമെന്ന് അവർ ഖലീഫയോട് ആവശ്യപ്പെട്ടു.

ഉസ്മാൻ (റ) ഹഫ്സ(റ)യുടെ കൈവശമുണ്ടായിരുന്ന ഔദ്യോഗിക ഖുർആൻ പ്രതി കൊണ്ടുവരാൻ കൽപിച്ചു. ഇതിൻെറ പകർപ്പുകൾ ശരിയായ ഖുറൈശി ഉച്ചാരണ രീതി പ്രകാരം തയാറാക്കുന്നതിനായി സൈദുബ്നു സാബിത്തി(റ)ൻെറതന്നെ നേതൃത്വത്തിലുള്ള നാലംഗ സംഘത്തെ ചുമലപ്പെടുത്തി. അറബിയുടെ ആധാര ഉച്ചാരണ രീതി (standard pronunciation) യാണ് ഖുറൈഷി രീതി. അബ്ദുല്ലാഹിബ്നുസുബൈർ, സൈദുബ്നുൽ ആസ്വി, അബ്ദുറഹ്മാനുബ്നു ഹിശാം തുടങ്ങിയവരായിരുന്നു മറ്റ് അംഗങ്ങൾ. ഹഫ്സ(റ)യുടെ കൈവശമുണ്ടായിരുന്ന ഔദ്യോഗിക മുസ്ഹഫിൻെറ ആധാര ഉച്ചാരണരീതി പ്രകാരമുള്ള പതിപ്പുകൾ തയാറാക്കുകയായിരുന്നു ഇവരുടെ ഉത്തരവാദിത്തം. അവർ ഈ ഉത്തരവാദിത്തം ഭംഗിയായി നിർവഹിച്ചു. ഹഫ്സയുടെ കൈവശമുണ്ടായിരുന്ന ഔദ്യോഗിക ഖുർആൻ പ്രതി സമാഹരിച്ച സൈദുബ്നുസാബിത്തുതന്നെ ഈ ഉത്തരവാദിത്ത നിർവഹണത്തിന് നേതൃത്വം നൽകിയിരുന്നതിനാൽ അബദ്ധങ്ങളൊന്നും പിണയാതെ സൂക്ഷ്മതയോടെ കൈകാര്യം ചെയ്യാൻ പ്രത്യേകം സാധിച്ചുവെന്ന് പറയാവുന്നതാണ്.

ഇങ്ങനെ തയാറാക്കിയ പ്രതികൾ ഈജിപ്ത്, ബസറ, കൂഫ, മക്ക, സിറിയ, യമൻ, ബഹ്റൈൻ തുടങ്ങിയ നാടുകളിലേക്ക് അയച്ചുകൊടുത്തു. അതിനുശേഷം വ്യക്തികൾ സൂക്ഷിച്ചിരുന്ന എല്ലാ ഏടുകളും കത്തിച്ചുകളയാൻ ഖലീഫ ഉത്തരവ് നൽകി. ഈ ആധികാരിക കോപ്പികൾ പ്രകാരം മാത്രമേ ഖുർആൻ പാരായണം പാടുള്ളൂവെന്നും കൽപന നൽകി. ഉസ്മാൻ(റ) കോപ്പികളെടുത്തു നൽകിയ മുസ്ഹഫുകളുടെ പകർപ്പുകളാണ് ഇന്ന് ലോക വ്യാപകമായി പ്രസിദ്ധീകരിക്കപ്പെട്ടുകൊണ്ടിരിക്കുന്നത്. പ്രസ്തുത ഒറിജിനൽ കോപ്പികൾ ഇന്നും നിലവിലുണ്ട്.

**ക്രിസ്താബ്ദം 325-ൽ ചേർന്ന നിഖിയാ കൗൺസിൽ കാനോനികമായി**





**അംഗീകരിച്ച കൃതികൾ മാത്രം നിലനിർത്തി ബാക്കി എല്ലാ ക്രൈസ്തവ ഗ്രന്ഥങ്ങളും ചുട്ടുകരിക്കുവാൻ സഭ ആഹ്വാനം നൽകി. ഉസ്മാൻ(റ) തൻെറ നിർദേശപ്രകാരം തയാർ ചെയ്യപ്പെട്ട ഖുർആൻ പ്രതികൾ മാത്രം നിലനിർത്തി ബാക്കിയുള്ളവയെല്ലാം ചുട്ടുകരിക്കാൻ കൽപിച്ചു. ഉസ്മാൻ ചെയ്തതും നിഖിയാ കൗൺസിൽ ചെയ്തതും തമ്മിൽ എന്തു വ്യത്യാസമാണുള്ളത്?**

ഇവിടെ പരാമർശിക്കപ്പെട്ട സംഭവങ്ങളിൽ 'കത്തിക്കുക'യെന്ന ക്രിയയാണ് ഇരുകൂട്ടരും ചെയ്തതെന്ന കാര്യമൊഴിച്ച് ബാക്കിയെല്ലാം തികച്ചും വ്യത്യസ്തമാണ്. രണ്ടു സംഭവങ്ങളും തമ്മിലുള്ള വ്യത്യാസങ്ങൾ ഇങ്ങനെ സംഗ്രഹിക്കാം.

1. യേശുവിന് ശേഷം മൂന്നു നൂറ്റാണ്ടുകൾക്കിടക്ക് പലരാലും രചിക്കപ്പെട്ട യേശുവിൻെറ ജീവിതത്തെയും സന്ദേശത്തെയും സംബന്ധിച്ച നാൽപതിലധികം ഗ്രന്ഥങ്ങളാണ് നിഖിയാ സൂനഹദോസ് കത്തിച്ചുകളഞ്ഞത്. മുഹമ്മദി(സ)നു ശേഷം രണ്ടു പതിറ്റാണ്ടിനിടക്ക് പലരും പകർത്തിയെഴുതിയ ഒരേ ഖുർആനിൻെറ വിവിധ ഏടുകളിൽ ഉച്ചാരണ വ്യത്യാസത്തിന് ഇടയാക്കുന്നവയാണ് ഉസ്മാൻ (റ) കത്തിച്ചുകളയാൻ ആവശ്യപ്പെട്ടത്.

2. നിഖിയ കൗൺസിൽ കാനോനികമായി പ്രഖ്യാപിച്ച നാലു സുവിശേഷങ്ങളിലും അപ്പോസ്തല പ്രവർത്തനങ്ങളിലും ഇരുപത്തിയൊന്നു ലേഖനങ്ങളിലും വെളിപാടു പുസ്തകത്തിലുമുള്ള പരാമർശങ്ങൾക്ക് വിരുദ്ധമായ പല പരാമർശങ്ങളുമുള്ളതുകൊണ്ടും അവ നൽകുന്ന യേശുചിത്രത്തിൽനിന്ന് തുലോം വ്യത്യസ്തമായ യേശുചിത്രമാണ് അവതരിപ്പിക്കുന്നത് എന്നതുകൊണ്ടുമാണ് അപ്പോക്രിഫാ പുസ്തകങ്ങൾ കരിച്ചുകളയുവാൻ ആവശ്യപ്പെട്ടത്. വ്യത്യസ്ത ഉച്ചാരണരീതികളുള്ള പ്രാദേശികമൊഴികളിൽ എഴുതപ്പെട്ട ഏടുകൾ തലമുറകളിലേക്ക് കൈമാറ്റം ചെയ്യപ്പെടുമ്പോൾ സാരമായ വൈകല്യങ്ങൾക്ക് നിമിത്താമാകാമെന്ന ഭയമാണ് ഉസ്മാനെ (റ) ഔദ്യോഗിക കൈയെഴുത്തുപ്രതികൾ തയാറാക്കാനും സ്വകാര്യ ഏടുകൾ നശിപ്പിക്കാനും പ്രേരിപ്പിച്ചത്.

3. കരിച്ചുകളഞ്ഞ അപ്പോക്രിഫാ ഗ്രന്ഥങ്ങളിലെ ആശയങ്ങൾ അവ കരിച്ചുകളഞ്ഞതോടുകൂടി വിസ്മൃതമായി. സ്വകാര്യ ഏടുകളിൽ എഴുതപ്പെട്ട ഖുർആൻ സൂക്തങ്ങൾതന്നെയായിരുന്നു ഔദ്യോഗിക പ്രതികളിലുമുണ്ടായിരുന്നത്. ഉച്ചാരണഭേദങ്ങൾ ഒഴിവാക്കാൻ വേണ്ടി സ്വകാര്യ ഏടുകൾ കത്തിച്ചുകളഞ്ഞുവെങ്കിലും അവയിലുണ്ടായിരുന്ന സൂക്തങ്ങൾ അതേ രീതിയിൽതന്നെ ഇന്നുള്ള ഖുർആൻ കോപ്പികളിലുമുണ്ട്.

ലേക്ക് പ്രേഷണം ചെയ്യപ്പെട്ടു. പതിനാറാം നൂറ്റാണ്ടിൽ നടന്ന തെന്ത്രോസ് സൂനഹദോസാണ് ഇക്കാര്യത്തിൽ അന്തിമ തീർപ്പുകൽപിച്ചത്. 1540 ഏപ്രിൽ എട്ടാം തീയതി നടന്ന സൂനഹദോസിൻെറ നാലാം സമ്മേളനം 'കാനോനിക ഗ്രന്ഥങ്ങളെക്കുറിച്ച്' എന്ന ഡിക്രിയിലൂടെ പഴയനിയമത്തിൽ 45-ഉം പുതിയനിയമത്തിൽ 27-ഉം പുസ്തകങ്ങളാണ് ഉള്ളതെന്ന് പ്രഖ്യാപിച്ചു. ഇതാണ് കാനോനിക ഗ്രന്ഥങ്ങളെക്കുറിച്ച സഭയുടെ അവസാനത്തെ വാക്ക്. എന്നാൽ, ഉസ്മാൻ (റ) ഔദ്യോഗികമായി ഖുർആൻെറ കോപ്പികളെടുത്ത് സ്വകാര്യ ഏടുകൾ നശിപ്പിച്ചതിനുശേഷം ഇന്നുവരെ പ്രസ്തുത കോപ്പികളിൽനിന്നാണ് മുസ്ഹഫ് പകർത്തപ്പെടുന്നത്. അതിൽ ആരും വ്യത്യസ്തത പുലർത്തുന്നില്ല.

5. യേശുവിനെക്കുറിച്ച് എഴുതപ്പെട്ട കാനോനികമല്ലാത്ത ഗ്രന്ഥങ്ങൾ കരിച്ചുകളയണമെന്ന് കൽപിച്ച നിഖിയാ സുനഹദോസിൻെറ അധ്യക്ഷൻ അന്നുവരെ യേശുവിൽ വിശ്വസിക്കാത്ത കോൺസ്റ്റൻൈറൻ ചക്രവർത്തിയായിരുന്നു. സ്വകാര്യ കൈയെഴുത്തുപ്രതികൾ നശിപ്പിക്കുവാനും ഖുർആനിൻെറ ഔദ്യോഗിക പ്രതികളെ മാത്രം ആശ്രയിച്ച് പാരായണം ചെയ്യാനും നിർദേശിച്ച ഉസ്മാൻ (റ) കറകളഞ്ഞ ഭക്തനും മുഹമ്മദി(സ) ൻെറ ജാമാതാവും അദ്ദേഹത്തോടൊപ്പം വിശ്വാസ സംരക്ഷണത്തിനുവേണ്ടി നിരവധി യുദ്ധങ്ങളിൽ പങ്കെടുത്ത വ്യക്തിയുമായിരുന്നു.





# ആറ്

# ഖുർആനും സാന്മാർഗിക സംവിധാനവും

## ഖുർആൻ ദൈവികമാണെന്നതിന് അത് പ്രദാനം ചെയ്യുന്ന സാന്മാർഗിക സംവിധാനം തെളിവാകുന്നതെങ്ങനെ?

പ്രകൃതിയും സമൂഹവുമായുള്ള ബന്ധങ്ങളിൽ സ്വതന്ത്രമായ കൈകാര്യകർതൃത്വത്തിന് കഴിവ് നൽകപ്പെട്ട ഏക ജീവിയാണ് മനുഷ്യൻ. അവൻെറ പ്രവർത്തനങ്ങൾ വളരെ ഗുണകരമാവാനും വളരെ ദോഷകരമാവാനും സാധ്യതയുണ്ട്. അവൻെറ സാമൂഹികവും വൈയക്തികങ്ങളുമായ നിലനിൽപിനും പുരോഗതിക്കും മറ്റു ജീവികളിൽനിന്നു വ്യത്യസ്തമായി -എല്ലാ ജീവികളും ജനിതക വസ്തുവിൽ രേഖപ്പെടുത്തപ്പെട്ട നിയമങ്ങൾ നിർബന്ധമായും അനുസരിച്ച് അവയുടെ ജീവിത സാഫല്യം നേടുന്നു- ചില നിയമനിർദേശങ്ങൾ അനുസരിക്കേണ്ടതുണ്ട്. ഈ നിയമനിർദേശങ്ങൾ പാലിക്കുന്നത് അവൻെറ ഔന്നത്യത്തിലേക്കും അവ

അതിലംഘിക്കുന്നത് അവന്റെ നാശത്തിലേക്കും നയിക്കുമെന്നുറപ്പാണ്.

ഏതെല്ലാമാണ് ആ നിയമനിർദേശങ്ങൾ? മനുഷ്യാസ്തിത്വത്തെ പ്രഭാപൂരിതമാക്കുന്ന വിധിവിലക്കുകൾ എന്തൊക്കെയാണ്? ഇത് ജനങ്ങളെ പഠിപ്പിക്കുന്നതിനു വേണ്ടിയാണ് പ്രവാചകന്മാർ നിയോഗിക്കപ്പെട്ടത്. ദൈവിക വിധിവിലക്കുകൾ പാലിക്കുക വഴി വിമലീകരിക്കപ്പെട്ട സ്വന്തം ജീവിതത്തെ അവർ ജനങ്ങൾക്ക് മുമ്പിൽ സമർപ്പിച്ചു. അതോടൊപ്പംതന്നെ ദൈവിക വിധിവിലക്കുകൾ അടങ്ങുന്ന വേദഗ്രന്ഥവും അവരിലൂടെ അവതരിപ്പിക്കപ്പെട്ടു. ഈ വേദഗ്രന്ഥങ്ങളും അവയുമായി ജനങ്ങൾക്ക് മുന്നിൽ പ്രത്യക്ഷപ്പെട്ട പ്രവാചകന്മാരുമാണ് മനുഷ്യർക്ക് നന്മതിന്മകളെപ്പറ്റി തെറ്റുപറ്റാ ത്ത അറിവ് നൽകിയത്. ലോകത്ത് ജനസമൂഹങ്ങൾ നിലനിൽക്കുന്നിടങ്ങളിലെല്ലാം ദൈവദൂതന്മാർ വന്നിട്ടുണ്ട്. അതുകൊണ്ടാണ് വ്യത്യസ്ത ദേശങ്ങളിൽ ജീവിക്കുന്നവരുടെ ധാർമിക സങ്കൽപങ്ങളുടെ അടിസ്ഥാനം ഒന്നുതന്നെയായിരിക്കുന്നത്.

അഹങ്കാരമാണ് ഏറ്റവും നികൃഷ്ടമായ പൈശാചിക ഗുണം. അഹങ്കാരത്തിൽനിന്നാണ് സ്വാർഥത ഉടലെടുക്കുന്നത്. തന്റെ ചുറ്റുമുള്ള എന്തിനെയും സ്വന്തം താൽപര്യങ്ങൾക്ക് അനുഗുണമാക്കി മിനുക്കിയെടുക്കുവാൻ മനുഷ്യൻ സമർഥനാണ്. ആത്മീയവും ഭൗതികവുമായ കാര്യങ്ങളൊന്നും ഇതിൽനിന്ന് മുക്തമല്ല. വേദഗ്രന്ഥങ്ങളുടെ കാര്യത്തിലും സംഭവിച്ചത് ഇതുതന്നെ. പ്രവാചകന്മാർ ദൈവികബോധന പ്രകാരം വേദഗ്രന്ഥത്തെ വ്യാഖ്യാനിച്ചു. പിൻഗാമികൾ ചെയ്യേണ്ടത് പ്രവാചകന്മാരെ പിൻപറ്റുകയാണ്. എന്നാൽ പ്രവാചകന്മാരുടെ സ്വന്തക്കാരായി പ്രത്യക്ഷപ്പെട്ട പിൽക്കാല പുരോഹിതന്മാർ വേദഗ്രന്ഥങ്ങളിലും പ്രവാചക കഥനങ്ങളിലും തന്നിഷ്ടം കുത്തിച്ചെലുത്തിക്കൊണ്ട് തങ്ങളുടെ താൽപര്യങ്ങൾ സംരക്ഷിക്കാനാണ് ധൃഷ്ടരായത്. വേദനിയമങ്ങൾ അവർ മാറ്റിയെഴുതി. പ്രവാചക കഥനങ്ങളെ സ്വന്തം താൽപര്യങ്ങൾക്കനുസരിച്ച് വികലമാക്കി. അതുകൊണ്ടുതന്നെ വേദഗ്രന്ഥങ്ങൾ പിൻപറ്റുക പ്രയാസകരമായിത്തീർന്നു. പ്രവാചകന്മാർ മാതൃകാപുരുഷന്മാരല്ലാതായി ചിത്രീകരിക്കപ്പെട്ടു. അതുകൊണ്ടാണ് വേദഗ്രന്ഥങ്ങളുടെ പുറംചട്ടയുമായി പ്രത്യക്ഷപ്പെടുന്ന പുസ്തകങ്ങളിലെ നിയമനിർദേശങ്ങൾ അപ്രായോഗികമായി ഇന്ന് നമുക്ക് അനുഭവപ്പെടുന്നത്.

മനുഷ്യരെ വിമലീകരിക്കാനുതകുന്നതും നൂറുശതമാനം പ്രായോഗികവുമായ നിയമനിർദേശങ്ങളവതരിപ്പിക്കുവാൻ ദൈവിക മാർഗദർശനത്തിനു മാത്രമേ കഴിയൂ. ഭൗതിക പ്രത്യയശാസ്ത്രങ്ങൾ പരാജയപ്പെടുന്നത് ഇവിടെയാണ്. മനുഷ്യരുടെ സകലമാന പ്രശ്നങ്ങൾക്കുമുള്ള പരിഹാര





നിർദേശങ്ങളുമായിക്കൊണ്ടാണ് അവ രംഗത്തുവരാറുള്ളത്. അവയുടെ നിർദേശങ്ങൾ പലപ്പോഴും ഏടുകളിൽ സുന്ദരമായിരിക്കുകയും ചെയ്യും. എന്നാൽ, പ്രായോഗിക രംഗത്തേക്ക് കടന്നുവരുമ്പോൾ അവയെല്ലാം തികഞ്ഞ അസംബന്ധങ്ങളായിത്തീരുന്നു. മനുഷ്യനെ സൃഷ്ടിച്ചവനു മാത്രമേ അവനെ വിമലീകരിക്കുവാനുതകുന്ന പ്രായോഗിക നിയമങ്ങൾ നിർദേശിക്കുവാൻ കഴിയൂവെന്ന വസ്തുതയാണ് ഇവിടെ അനാവൃതമാവുന്നത്.

ഇരുപതാം നൂറ്റാണ്ടിന്റെ പ്രതീക്ഷയായി കടന്നുവന്ന കമ്യൂണിസം ഈ നൂറ്റാണ്ടിന്റെ അന്ത്യപാദത്തിലെത്തിയപ്പോഴേക്ക് തത്ത്വശാസ്ത്രങ്ങളുടെ ചവറ്റുകൊട്ടയിൽ വിശ്രമിക്കാനായി വിധിക്കപ്പെട്ടത് ഈയൊരു പരിമിതികൊണ്ടായിരുന്നു. എത്രതന്നെ താത്ത്വികമായ അടിത്തറയിൽ സ്ഥാപിക്കപ്പെട്ടതാണെങ്കിലും ഭൗതികദർശനങ്ങൾക്ക് മനുഷ്യരെ വിമലീകരിക്കാനുതകുന്ന സാന്മാർഗിക സംവിധാനം പ്രദാനം ചെയ്യാനാവില്ലെന്ന വസ്തുത മനസ്സിലാക്കുകയാണ് ഈ പതനത്തിൽനിന്ന് പാഠമുൾക്കൊണ്ടവർ ചെയ്യേണ്ടത്.

ഇതോടൊപ്പംതന്നെ നമുക്ക് മനസ്സിലാക്കുവാൻ കഴിയുന്ന മറ്റൊരു യാഥാർഥ്യമുണ്ട്. നൂറുശതമാനം പ്രായോഗികവും മനുഷ്യരെ വിമലീകരിക്കുവാനുതകുന്നതുമായ നിയമനിർദേശങ്ങൾ നൽകുന്ന ഗ്രന്ഥം ദൈവികമായിരിക്കുമെന്ന വസ്തുതയാണത്. വിശുദ്ധ ഖുർആൻ പ്രദാനം ചെയ്യുന്ന സാന്മാർഗിക സംവിധാനം അതിന്റെ ദൈവികതക്കുള്ള തെളിവാണെന്ന് പറയുന്നത് ഇതുകൊണ്ടാണ്. ഖുർആൻ മുന്നോട്ടുവെക്കുന്ന വിധിവിലക്കുകൾ മനുഷ്യരെ ധാർമികബോധമുള്ളവരും സന്മാർഗനിഷ്ഠരുമാക്കുമെന്ന കാര്യത്തിൽ പക്ഷാന്തരമില്ല. തികഞ്ഞ ഭൗതികവാദികൾപോലും സമ്മതിക്കുന്ന യാഥാർഥ്യമാണത്. മനുഷ്യരെ നേർവഴിയിലേക്ക് നയിക്കുകയാണ് വേദഗ്രന്ഥത്തിന്റെ ധർമമെങ്കിൽ ഖുർആനിനെപ്പോലെ വേദഗ്രന്ഥമെന്ന് വിളിക്കപ്പെടുവാൻ ഒരു ഗ്രന്ഥവും അർഹമല്ലെന്ന വസ്തുത വസ്തുനിഷ്ഠമായി പഠനം നടത്തിയ ഏത് നിഷ്പക്ഷമതിയും അംഗീകരിക്കുന്നതാണ്.

***ഖുർആൻ പ്രദാനം ചെയ്യുന്ന സാന്മാർഗിക ക്രമം കിടയറ്റതാണെന്ന് ഖുർആൻ സ്വയം അവകാശപ്പെടുന്നുണ്ടോ?***

അതെ. ഏറ്റവും ശരിയായ പാതയിലേക്ക് ജനങ്ങളെ നയിക്കുന്ന ഗ്രന്ഥമാണ് ഖുർആനെന്ന് അത് സ്വയം അവകാശപ്പെടുന്നുണ്ട്.

'തീർച്ചയായും ഈ ഖുർആൻ ഏറ്റവും ശരിയായതിലേക്ക് വഴി കാണിക്കുന്നു' (17:9).

മനുഷ്യർക്ക് അവതരിപ്പിക്കപ്പെട്ട അവസാനത്തെ വേദഗ്രന്ഥമാണ് ഖുർ ആൻ. അവസാന മനുഷ്യൻ വരെയുള്ളവർക്ക് സത്യാസത്യ വിവേചനത്തി നുള്ള മാനദണ്ഡവും മാർഗദർശകഗ്രന്ഥവും ഖുർആനാണ്. ഇക്കാര്യവും ഖുർആൻ സ്വയം പ്രഖ്യാപിക്കുന്നുണ്ട്.

“ജനങ്ങൾക്ക് മാർഗദർശനമായിക്കൊണ്ടും നേർവഴി കാട്ടുന്നതും സത്യവും അസത്യവും വേർതിരിച്ച് കാണിക്കുന്നതുമായ സുവ്യക്ത തെളി വുകളായിക്കൊണ്ടും വിശുദ്ധ ഖുർആൻ അവതരിപ്പിക്കപ്പെട്ട മാസമാകുന്നു റമദാൻ” (2:185).

ജന്തുസഹജമായ വ്യഗ്രതയോടെ ഭൗതികസുഖങ്ങൾ വാരിക്കൂട്ടാൻ ശ്രമി ക്കുന്നവർക്ക് ഖുർആൻ ശക്തമായ താക്കീത് നൽകുന്നുണ്ട്. ഭൗതിക ജീവി തം നശ്വരമാണെന്നും ഇവിടത്തെ സുഖങ്ങളും ദുഃഖങ്ങളും താൽക്കാലി കം മാത്രമാണെന്നും ഇഹലോക സുഖത്തിനുവേണ്ടി അനശ്വരമായ പരലോകജീവിതത്തിലെ ദുരിതങ്ങൾ വാങ്ങരുതെന്നുമുള്ള താക്കീത്. ഈ താക്കീത് ശ്രവിച്ചുകൊണ്ട് ദൈവിക വിധിവിലക്കുകൾ സ്വീകരിക്കുവാൻ സന്നദ്ധരാവുന്നവർക്ക് മാർഗദർശനം നൽകുന്ന ഗ്രന്ഥമാണ് ഖുർആൻ എന്നുകൂടി അത് സ്വയം അവകാശപ്പെടുന്നു.

ധാർമികതയുടെ ചട്ടക്കൂടിൽ ജീവിതത്തെ ക്രമീകരിക്കുന്നതാണ് മനു ഷ്യമഹത്വത്തിൻെറ നിദാനമെന്ന് മനസ്സിലാക്കാത്തവരെ സംബന്ധിച്ചി ടത്തോളം ഖുർആൻെറ വിധിവിലക്കുകൾ യാതൊരു വിധത്തിലും പ്രസക് തിയുള്ളതായി അനുഭവപ്പെടുകയില്ല. എന്നാൽ മനുഷ്യത്വത്തിൻെറ ഉദാ ത്തീകരണത്തിലൂടെയാണ് ജീവിത സാക്ഷാത്കാരം നേടേണ്ടത് എന്ന് കരുതുന്നവരെ സംബന്ധിച്ചിടത്തോളം ഖുർആനിലെ വിധിവിലക്കുകൾ ഓരോന്നും അമൂല്യങ്ങളാണ്; അവയിലൊന്നുപോലും അപമാനവീ കരണത്തിന് നിമിത്തമാവുകയില്ലെന്ന് അവർ അറിയുന്നു. അവർക്ക് എല്ലാ അർഥത്തിലുമുള്ള മാർഗനിർദേശക ഗ്രന്ഥമാണ് ഖുർആൻ. ഖുർആൻ അവകാശപ്പെടുന്നതും അതുതന്നെയാണ്. ‘ഇതാകുന്നു ഗ്രന്ഥം. അതിൽ സംശയമേയില്ല. സൂക്ഷ്മത പാലിക്കുന്നവർക്ക് നേർവഴി കാണിക്കുന്നതത്രേ അത് (2:2).

***എന്ത് അർഥത്തിലാണ് ഖുർആൻ അവതരിപ്പിക്കുന്ന സാന്മാർഗി കക്രമം കിടയറ്റതാണെന്ന് പറയുന്നത്?***

ഖുർആൻ ഒരു മതഗ്രന്ഥമാണ്. ദൈവികമതത്തിൻെറ വേദഗ്രന്ഥമാ ണത്. ഇസ്‌ലാമിൻെറ വിശ്വാസപരമായ അടിത്തറകളെക്കുറിച്ച് അത് വിശദീകരിക്കുന്നുണ്ട്. അതോടൊപ്പം ആചാരവിധികളെ സംബന്ധിച്ച





അനുശാസനകളും അതുൾക്കൊള്ളുന്നു. എന്നാൽ, കേവലം ചില പ്രാർ ഥനാ സങ്കീർത്തനങ്ങളും പൂജാമുറകളും മാത്രം ഉൾക്കൊള്ളുന്ന ഗ്രന്ഥമല്ല അത്. ദൈവിക മാർഗനിർദേശങ്ങൾ പ്രകാരം ജീവിച്ചുകൊണ്ട് ഒരാൾക്ക് എങ്ങനെ ഒരു പൂർണമനുഷ്യനാകാമെന്ന് അത് വരച്ചുകാണിക്കുന്നു. ജീ വിതത്തിൻെറ എല്ലാ മേഖലകളിലും പിന്തുടരേണ്ട വിധിവിലക്കു കളെന്തെല്ലാമാണെന്ന് അത് പറഞ്ഞുതരുന്നു. പ്രസ്തുത വിധിവിലക്കു കൾ അനുസരിച്ചുകൊണ്ട് ജീവിച്ച് മാനവികതയുടെ ഉദാത്തീകരണം സാധിച്ച പ്രവാ ചകന്മാരുടെ മാതൃകയുൾക്കൊള്ളുവാൻ ആഹ്വാനം ചെയ്യു ന്നു.

മനുഷ്യനെന്ന നിലയിൽ ഒരാളിലുണ്ടായിരിക്കേണ്ട എല്ലാ നന്മകളെക്കു റിച്ചും ഖുർആനും അതിൻെറ വിശദീകരണമായ പ്രവാചക ജീവിതവും പറഞ്ഞുതരുന്നുണ്ട്. മനുഷ്യരോടെല്ലാം കാരുണ്യത്തോടെ പെരുമാറണം; ദുരിതമനുഭവിക്കുന്നവരെ സഹായിക്കണം; അനാഥകൾക്കും അഗതി കൾക്കും താങ്ങും തണലുമായി വർത്തിക്കണം; അന്യരെപ്പറ്റി നല്ലതു മാത്രം പറയണം; വിനയത്തോടുകൂടി പെരുമാറണം. മാതാപിതാക്കളോടുള്ള പെരു മാറ്റം മാന്യമായിരിക്കണം; കുഞ്ഞുങ്ങളോട് കാരുണ്യവും വാൽസല്യവും കാണിക്കണം; ഭാര്യാഭർത്താക്കന്മാർ പരസ്പരം സ്നേഹിക്കുകയും ബഹു മാനിക്കുകയും അവകാശങ്ങൾ അനുവദിച്ചുകൊടുക്കുകയും ചെയ്യണം; വൈവാഹിക ജീവിതത്തിൻെറ വിശുദ്ധി കാത്തുസൂക്ഷിക്കണം; മാന്യമായി വേഷം ധരിക്കണം; ഔദ്യോഗിക രംഗത്ത് നീതി നിർവഹിക്കണം; സാമ്പത്തി ക രംഗത്ത് വിശുദ്ധിയോടുകൂടി പെരുമാറണം; കച്ചവടത്തിൽ സത്യസന് ധതയുണ്ടായിരിക്കണം -ഇങ്ങനെ പോകുന്നു നിർദേശങ്ങൾ; ഇവയിലൊ ന്നെങ്കിലും മനുഷ്യമഹത്വത്തിന് നിരക്കാത്തതാണെന്ന് ചൂണ്ടിക്കാണിക്കു വാൻ ആർക്കെങ്കിലും കഴിയുമോ?

ഖുർആനിലെ വിലക്കുകൾ പരിശോധിച്ചാലും സ്ഥിതി ഇതു തന്നെയെന്ന് നമുക്ക് ബോധ്യമാവും. മദ്യപിക്കരുത്; വ്യഭിചരിക്കരുത്; മോ ഷ്ടിക്കരുത്; കള്ളം പറയരുത്; വഞ്ചിക്കരുത്; ചൂതാട്ടം നടത്തരുത്; പലി ശ വാങ്ങുകയും കൊടുക്കുകയും അരുത്; ധൂർത്തടിക്കരുത്; അന്യായമാ യി ഒരു തുള്ളി രക്തംപോലും ചിന്തരുത്; ചാരിത്രവതികളെക്കുറിച്ച് അപവാ ദം പറയരുത്; അനാഥരുടെ ധനം അന്യായമായി ഭക്ഷിക്കരുത്; തെറി പറയരുത്; ആരുടെയും അവകാശങ്ങൾ ഹനിക്കരുത്; മായം ചേർക്കരുത് ; അളവിലും തൂക്കത്തിലും കൃത്രിമം കാണിക്കരുത്; അസൂയയും വിദ്വേ ഷവും വെച്ചുപുലർത്തരുത്; ഏഷണിയും പരദൂഷണവും പാടില്ല; സ്വ ജനപക്ഷപാതം പാടില്ല, ഇങ്ങനെയുള്ളവയാണ് വിലക്കുകൾ. ഈ വിലക്കു

കളിലേതെങ്കിലും മനുഷ്യപുരോഗതിക്കുമുമ്പിൽ വിലങ്ങുതടിയായി നിൽക്കുമെന്ന് പറയാൻ ആരെങ്കിലും ധൈര്യപ്പെടുമോ?

സാന്മാർഗിക നിർദേശങ്ങളോടൊപ്പം പ്രായോഗിക പദ്ധതികൂടി ഖുർആൻ അവതരിപ്പിക്കുന്നു എന്നതാണ് അതിനെ അതുല്യമാക്കുന്ന ഒട്ടനവധി സവിശേഷതകളിലൊന്ന്. തിന്മകൾക്ക് മരണാനന്തരം ലഭിക്കുവാനിരിക്കുന്ന ദൈവിക ശിക്ഷകളെക്കുറിച്ച് മുന്നറിയിപ്പ് നൽകികൊണ്ട് കുറ്റകൃത്യങ്ങൾ ഇല്ലാതാക്കുന്നതിനാവശ്യമായ മാനസികാവസ്ഥ സൃഷ്ടിക്കുന്നതോടൊപ്പംതന്നെ കുറ്റവാളികൾക്ക് ഭരണകൂടം നൽകേണ്ട ഭൗതിക ശിക്ഷയെക്കുറിച്ചും ഖുർആൻ വിവരിക്കുന്നു. സുദൃഢമായ ഒരു കരാറെന്ന നിലയിൽ വൈവാഹികബന്ധം പ്രശ്നരഹിതമായി മുന്നോട്ടു നീക്കുവാനാവശ്യമായ ധാർമിക നിർദേശങ്ങളൊടൊപ്പം വല്ല കുടുംബപ്രശ്നങ്ങളുമുണ്ടാവുകയാണെങ്കിൽ രമ്യമായി പരിഹരിക്കുന്നതിനാവശ്യമായ നടപടിക്രമങ്ങളെക്കുറിച്ചും ഖുർആൻ പരാമർശിക്കുന്നുണ്ട്. സാമ്പത്തിക ഇടപാടുകൾ വിശ്വസ്തതയോടെ നടത്തുവാനാവശ്യമായ ധാർമിക മാർഗനിർദേശങ്ങൾ നൽകുന്നതോടൊപ്പം അവയിൽ തർക്കങ്ങൾ ഉടലെടുക്കുകയാണെങ്കിൽ എങ്ങനെ പരിഹരിക്കണമെന്നതിനെക്കുറിച്ച പ്രായോഗികനിർദേശങ്ങും ഖുർആൻ ഉൾക്കൊള്ളുന്നു.

ഉപദേശങ്ങളും നിർദേശങ്ങളും മാത്രം നൽകിക്കൊണ്ട് പിൻവാങ്ങുകയല്ല പ്രത്യുത, അത് പ്രദാനം ചെയ്യുന്ന സാന്മാർഗിക ക്രമം പ്രായോഗികമാണെന്ന് വിശുദ്ധമായ ഒരു സമൂഹത്തിൻെറ സൃഷ്ടി സാധിച്ചുകൊണ്ട് തെളിയിക്കുകയാണ് ഖുർആൻ ചെയ്തിട്ടുള്ളത്. കിടയറ്റ ഒരു സാന്മാർഗിക ക്രമം അവതരിപ്പിക്കുക മാത്രമല്ല, അത് പ്രായോഗികമാണെന്ന് തെളിയിക്കുക കൂടി ചെയ്ത ഗ്രന്ഥമാണ് ഖുർആൻ എന്നർഥം.

***<u>മറ്റു മതഗ്രന്ഥങ്ങളും മാതൃകായോഗ്യമായ സാന്മാർഗിക സംവിധാനത്തെക്കുറിച്ച് പ്രതിപാദിക്കുന്നില്ലേ?</u>***

എല്ലാ മതഗ്രന്ഥങ്ങളും ചില ധാർമിക നിർദേശങ്ങൾ നൽകുന്നുണ്ടെന്നത് ശരിയാണ്. പ്രവാചകന്മാർ പ്രബോധനം ചെയ്ത ആദർശത്തിൻെറ അവശിഷ്ടങ്ങൾ സ്ഥിതി ചെയ്യുന്ന മതഗ്രന്ഥങ്ങളിലെ ധാർമിക നിർദേശങ്ങളിൽ ചിലവ ഖുർആനികാധ്യാപനങ്ങളുമായി പൊരുത്തപ്പെടുന്നുണ്ടെന്നതും നേരാണ്. എന്നാൽ, ഖുർആനിലെ ധാർമിക നിർദേശങ്ങൾക്ക് മറ്റു മതഗ്രന്ഥങ്ങളുടേതിൽനിന്ന് അടിസ്ഥാനപരമായ ചില അന്തരങ്ങളുണ്ട്. അവ ഇങ്ങനെ സംഗ്രഹിക്കാം.

ഒന്ന്: ഖുർആനിൽ ദൈവികമായ വിധിവിലക്കുകൾ മാത്രമേയുള്ളൂ. മറ്റു മതഗ്രന്ഥങ്ങളിൽ ദൈവികമായ വിധിവിലക്കുകൾ പരാമർശിക്കുന്നുണ്ടെങ്കിലും അതോടൊപ്പംതന്നെ പുരോഹിതന്മാർ നിർമിച്ച നിയമങ്ങളും ഉൾക്കൊള്ളുന്നുണ്ട്. ഇവ രണ്ടും ഏതൊക്കെയാണെന്ന് വേർതിരിച്ച് മനസ്സിലാക്കാൻ കഴിയാത്തവണ്ണം അവ കൂടിക്കുഴഞ്ഞാണിരിക്കുന്നത്.






രണ്ട്: ഖുർആനിലെ വിധിവിലക്കുകൾ നൂറുശതമാനം മാനവികമാണ്. മറ്റു പല മതഗ്രന്ഥങ്ങളിലും മാനവികമല്ലാത്ത വിധിവിലക്കുകൾ ഉൾക്കൊള്ളുന്നു. ഉദാഹരണത്തിന് ബൈബിളിൽ കൊറിന്തോസുകാർക്കെഴുതിയ ഒന്നാം ലേഖനത്തിൽ പൗലോസ് എഴുതുന്നു: 'സ്ത്രീയെ സ്പർശിക്കാതിരിക്കുന്നതാണ് പുരുഷന് നല്ലത്' (1 കൊരി:1). 'വിവാഹത്തിൽനിന്നുതന്നെ ഒഴിഞ്ഞുനിൽക്കുന്നത് ഏറെ നല്ലത്' (7:38). മനുഷ്യർ മുഴുവൻ ഏറ്റവും വലിയ ഈ 'നന്മ' സ്വീകരിച്ചിരുന്നുവെങ്കിൽ മനുഷ്യകുലംതന്നെ ഏതാനും പതിറ്റാണ്ടുകൾക്കുള്ളിൽ നാമാവശേഷമാകുമായിരുന്നു. ഇത്തരം ഉപദേശങ്ങളൊന്നും ഖുർആനിൽ കാണുക സാധ്യമല്ല.

മൂന്ന്: ഖുർആനിലെ വിധിവിലക്കുകളിൽ അക്രമത്തിനോ അനീതിക്കോ വേണ്ടിയുള്ള കൽപനകളൊന്നും ഉൾക്കൊള്ളുന്നില്ല. മറ്റു ചില മതഗ്രന്ഥങ്ങളിൽ അക്രമത്തിനും അനീതിക്കുംവേണ്ടിയുള്ള ആഹ്വാനങ്ങൾ കാണാം. ഉദാഹരണത്തിന് കൗഷീതകി ബ്രാഹ്മണോപനിഷത്തിൽ ഇന്ദ്രൻ പറയുന്നതായി ഉദ്ധരിക്കുന്നു. 'ന മാതൃവധേന ന പിതൃവധേന ന സ്തേയേന ന ഭ്രൂണഹത്യയോ നാസ്യ പാപം ചന ചകൃഷോ മുഖാന്നീലം വേതീതി' (3:1)

(മാതൃവധം, പിതൃവധം, മോഷണം, ഭ്രൂണഹത്യ തുടങ്ങിയ പാപങ്ങൾ ചെയ്താലും ചെയ്തുകൊണ്ടിരുന്നാലും എൻെറ ആളുകൾക്ക് യാതൊരു ശങ്കയുമുണ്ടാവരുത്. അവൻെറ മുഖഭാവത്തിന് യാതൊരു വാട്ടവുമുണ്ടാവരുത്)

നാല്: ഖുർആനിലെ നിയമനിർദേശങ്ങളിൽ യാതൊരു രീതിയിലുള്ള ഉച്ചനീചത്വങ്ങളുമില്ല. മറ്റു ചില മതഗ്രന്ഥങ്ങളിലെ നിയമങ്ങളിൽ ഉയർന്ന ജാതിക്കാരനും താഴ്ന്ന ജാതിക്കാരനുമെന്ന വേർതിരിവ് പ്രകടമാണ്. ഉദാഹരണത്തിന് ആക്ഷേപത്തിന് മനുസ്മൃതി വിധിച്ചിട്ടുള്ള ശിക്ഷകൾ ശ്രദ്ധിക്കുക: 'ബ്രാഹ്മണനെ ശകാരിക്കുന്ന ക്ഷത്രിയന് നൂറു പണവും വൈശ്യന് ഇരുന്നൂറ് പണവും ശൂദ്രന് ചാട്ടവാറടിയുമാണ് ശിക്ഷ. ബ്രാഹ്മണൻ ക്ഷത്രിയനെ ശകാരിച്ചാൽ അമ്പത് പണവും വൈശ്യനാണെങ്കിൽ ഇരുപത്തിയഞ്ച് പണവും ശൂദ്രനാണെങ്കിൽ പന്ത്രണ്ടു പണവുമാണ് ശിക്ഷ' (മനുസ്മൃതി 8:267, 268).

അഞ്ച്: ഖുർആനിൽ അപ്രായോഗികമായ വിധിവിലക്കുകൾ ഒന്നും തന്നെയില്ല. മറ്റു ചില മതഗ്രന്ഥങ്ങളിലെ വിധിവിലക്കുകളിൽ ചിലവ അപ്രാ



യോഗികങ്ങളാണ്. വിവാഹമോചനത്തെക്കുറിച്ച ബൈബിളിലെ കൽപന കാണുക: 'തൻെറ ഭാര്യയുമായി വിവാഹമോചനം നടത്തി മറ്റൊരുവളെ വിവാഹം ചെയ്യുന്നവൻ വ്യഭിചരിക്കുന്നു' (ലൂക്കോസ് 16:18).

വിവാഹമോചനം പാടില്ലെന്ന ബൈബിളിലെ ഈ നിയമം അപ്രായോഗികമാണെന്ന് ഇന്ന് ക്രൈസ്തവസഭകൾതന്നെ സമ്മതിക്കുന്നുവെന്നതാണ് വാസ്തവം. വിവാഹമോചനം അനുവദിക്കുന്നതിനുവേണ്ടി സഭകൾ നടത്തുന്ന നിയമനിർമാണം അതാണല്ലോ കാണിക്കുന്നത്.

ആറ്: ഖുർആൻ വിവരിച്ചു കാണിക്കുന്ന സാന്മാർഗിക ക്രമത്തിൻെറ പ്രയോക്താക്കളാവുക വഴി വിശുദ്ധരായിത്തീർന്ന പ്രവാചകന്മാരുടെ ചരിത്രമാണ് അത് വിവരിക്കുന്നത്. മറ്റു മതഗ്രന്ഥങ്ങൾ പ്രവാചകന്മാർ വിശുദ്ധരായിരുന്നുവെന്ന് അവകാശപ്പെടുന്നുണ്ടെങ്കിലും അവരുടെ ജീവിതം വിവരിക്കപ്പെട്ടിരിക്കുന്നത് വളരെ മോശമായ രീതിയിലാണ്. മദ്യപിച്ച് നഗ്നനാവുന്ന നോഹും (ഉൽപത്തി 9:20-23) മദ്യപിച്ച് പുത്രിമാരുമായി ശയിക്കുന്ന ലോത്തും (ഉൽപത്തി 19:31-36) ചതിയനായ യാക്കോബും (ഉൽപത്തി 27:1-36) അന്യസ്ത്രീകളെ സ്വന്തം കിടപ്പറയിലേക്ക് നയിക്കുന്ന ദാവീദും (2ശാമുവേൽ11:1-20) മാതൃകാ യോഗ്യരാണോ? ഹൈന്ദവ പുരാണങ്ങളിൽ മഹത്വ്യക്തികളെപ്പറ്റി വിവരിച്ചിട്ടുള്ളതും തഥൈവ. ശംബുകനെന്ന ശൂദ്രനെ വധിക്കുകയും (വാൽമീകി രാമായണം യുദ്ധകാണ്ഡം), പൂർണഗർഭിണിയായ ഭാര്യയെ കാട്ടിൽ ഉപേക്ഷിക്കുകയും (ഉത്തരകാണ്ഡം) ചെയ്ത ശ്രീരാമനെയും ഗോപികാ വസ്ത്രാപഹരണം മുതൽ യുദ്ധത്തിൽ അക്രമവും വഞ്ചനയും സ്വീകരിക്കുക വരെ ചെയ്ത ശ്രീകൃഷ്ണനെയുമാണ് നാം പുരാണങ്ങളിൽ കാണുന്നത്. ഈ നിലയിൽ ഇവർ ധർമ സംസ്ഥാപകരായിരുന്നുവെന്ന് പറയാനാകുമോ? വിശുദ്ധ ഖുർആനാകട്ടെ എല്ലാ പ്രവാചകരും വിശുദ്ധരും മാതൃകായോഗ്യരുമായിരുന്നുവെന്നാണ് പഠിപ്പിക്കുന്നത്. ഖുർആൻ മുന്നോട്ടുവെക്കുന്ന ചരിത്രം ഇതിനു സാക്ഷിയുമാണ്.

***<u>പ്രവാചകന്മാർ ചെയ്തതായി ബൈബിളിൽ പറയുന്ന പാപങ്ങളിൽ പലതും മുസ്‌ലിം ഗ്രന്ഥങ്ങളും ശരിവെച്ചുകൊണ്ട് ഉദ്ധരിക്കുന്നുണ്ടല്ലോ. അവർ പാപം ചെയ്തുവെന്ന് മുസ്‌ലിംകളും അംഗീകരിക്കുന്നുവെന്നല്ലേ ഇതിൽനിന്നും മനസ്സിലാക്കേണ്ടത്?</u>***

ഇസ്‌ലാമിൻെറ ഏറ്റവും പ്രധാനപ്പെട്ട പ്രമാണം വിശുദ്ധ ഖുർആനാണ്; അതിന് ശേഷം പ്രവാചകചര്യയും. മുഹമ്മദ് നബി(സ)ക്കു ശേഷം മതവിഷയത്തിൽ ആരു പറഞ്ഞാലും ഖുർആനിൻെറയും പ്രവാചകചര്യയുടെയും അടിസ്ഥാനത്തിൽ മാറ്റുരച്ചുനോക്കി അവയുമായി സമരസപ്പെടുന്നു





വെങ്കിൽ മാത്രമേ അത് അംഗീകരിക്കേണ്ടതുള്ളൂ. പ്രവാചകന്മാരെല്ലാം മാതൃകാ പുരുഷന്മാരാണെന്നാണ് ഖുർആൻ വ്യക്തമാക്കുന്നത്. പ്രവാചകന്മാരുടെ വിശുദ്ധിയെക്കുറിച്ച് പ്രതിപാദിക്കുന്ന ഒട്ടനവധി നബിമൊഴികളുമുണ്ട്. പിൽക്കാലത്ത് മുസ്‌ലിംകൾ രചിച്ച ചില ഗ്രന്ഥങ്ങളിൽ ബൈബിൾ കഥകളും ഇസ്രായീലി പുരാണങ്ങളും കടന്നുകൂടിയിട്ടുണ്ടെന്നത് ശരിയാണ്. അവയൊന്നും പ്രാമാണികമായി യഥാർഥ മുസ്‌ലിംകൾ കരുതുന്നില്ല. ദൈവദൂതന്മാരെല്ലാം മാതൃകാ പുരുഷന്മാരായിരുന്നുവെന്നാണ് മുസ്‌ലിംകൾ വിശ്വസിക്കുന്നത്.

***<u>പ്രവാചകന്മാർക്കൊന്നും യാതൊരു അബദ്ധവും വന്നുഭവിക്കുകയില്ലെന്നാണോ ഖുർആൻ പഠിപ്പിക്കുന്നത്?</u>***

അല്ല. പ്രവാചകന്മാരെല്ലാം പച്ചയായ മനുഷ്യരായിരുന്നു. ആ നിലയ്ക്ക് മാനുഷികമായ എന്തെങ്കിലും അബദ്ധങ്ങൾ അവരിൽനിന്ന് വന്നു ഭവിക്കാവുന്നതാണ്. എന്നാൽ തെറ്റു ചെയ്യുകയും അതിൽതന്നെ ഉറച്ചുനിൽക്കുകയും ചെയ്യുകയെന്നത് ഒരു ദൈവദൂതനും സംഭവിച്ചുകൂടാത്തതാണ്. അത്തരം തെറ്റുകളെയാണല്ലോ പാപം എന്നു പറയുന്നത്.

മ്ലേഛമായ ഏതെങ്കിലുമൊരു ദുർവൃത്തി ചെയ്യുന്നതിനുവേണ്ടി ആസൂത്രണം ചെയ്യുകയും അതു നടപ്പിലാക്കുകയും ചെയ്യുകയെന്നത് ഏറ്റവും വലിയ പാപമാണ്. പരിശുദ്ധ പ്രവാചകനായിരുന്ന ദാവീദിൻെറമേൽ ബൈബിൾ ആരോപിച്ചിരിക്കുന്നത് അതീവ ഗുരുതരമായ ഈ പാപമാണ്. 'തൻെറ പടയാളിയായ ഊറിയാവിൻെറ ഭാര്യയുടെ സൗന്ദര്യം കണ്ട് ദാവീദ് ഭ്രമിക്കുന്നു; ബത്ശേബയെ തൻെറ കിടപ്പറയിലേക്ക് അദ്ദേഹം വരുത്തുന്നു; ദാവീദ് അവളോടൊപ്പം ശയിക്കുന്നു. അവൾ ഗർഭിണിയാവുന്നു. ഗർഭത്തിൻെറ ഉത്തരവാദിത്തം ഊറിയാവിൽ കെട്ടിവെയ്ക്കാൻ ശ്രമിക്കുന്നു; പരാജയപ്പെടുന്നു; യുദ്ധമുഖത്തുവെച്ച് ഊറിയാവിനെ ചതിച്ചുകൊല്ലാൻ ദാവീദ് കൽപിക്കുന്നു; ഊറിയാവ് കൊല്ലപ്പെടുന്നു; ശേഷം ദാവീദ് ബത്ശേബയെ വിവാഹം കഴിക്കുന്നു (2 ശാമുവേൽ 11-ാം അധ്യായം). ഇതുപോലെയാണ് ബൈബിളിലെ പ്രവാചക കഥകളിലധികവും.

ഖുർആനാകട്ടെ പ്രവാചകന്മാർക്ക് അബദ്ധങ്ങൾ പിണയാനുള്ള സാധ്യത അംഗീകരിച്ചുകൊണ്ടുതന്നെ അങ്ങനെ സംഭവിക്കുമ്പോൾ പടച്ചതമ്പുരാൻ അവരെ തിരുത്തുകയും അങ്ങനെ അവർ പശ്ചാതാപവിവശരായി ദൈവത്തോട് മാപ്പപേക്ഷിക്കുകയും ചെയ്തിരുന്നതായി വ്യക്തമാക്കുകയാണ് ചെയ്യുന്നത്.

വലിയൊരു മാതൃകാപുരുഷനായി ഖുർആൻ അവതരിപ്പിക്കുന്ന ഇബ്

റാഹീമി(അ)ൻെറ ജീവിതത്തിൽ മാതൃകായോഗ്യമല്ലാത്ത ഒരു സംഭവമുണ്ടായത് ഖുർആൻ എടുത്തുദ്ധരിക്കുന്നുണ്ട്. വിഗ്രഹാരാധകനും സത്യനിഷേധിയുമായ പിതാവിനുവേണ്ടി പാപമോചനത്തിനുവേണ്ടി പ്രാർഥിച്ചതാണ് അദ്ദേഹം ചെയ്ത തെറ്റ് (ഖുർആൻ 60:4). ആദർശപ്രബോധകനിൽ മാതാപിതാക്കളോടുള്ള സ്നേഹം പോലും ദൈവികവിധിയുടെ ഉല്ലംഘനത്തിന് നിമിത്തമായിക്കൂടെന്നിരിക്കെ ഇബ്റാഹീമിൽ (അ) വന്നത് ഒരു അബദ്ധമായി ചൂണ്ടിക്കാണിക്കുകയും അതിൽ സത്യവിശ്വാസികൾക്ക് മാതൃകയില്ലെന്ന് തുറന്നു പറയുകയുമാണ് ഖുർആൻ ചെയ്യുന്നത്. ഇതുപോലെ മറ്റു ചില പ്രവാചകന്മാരുടെ ജീവിതത്തിലും അബദ്ധങ്ങളുണ്ടായിട്ടുണ്ടെന്ന് വ്യക്താക്കുകയും പ്രസ്തുത അബദ്ധങ്ങളിൽനിന്ന് വിശ്വാസികൾ പഠിക്കേണ്ട പാഠമെന്തെന്ന് വ്യക്തമാക്കുകയും ചെയ്യുന്നുണ്ട്, ഖുർആൻ.

മുഹമ്മദി(സ)ൻെറ സമീപനങ്ങളിലുണ്ടായ ചില അബദ്ധങ്ങളെയും ദൈവം തമ്പുരാൻ വിമർശിക്കാതെ വിട്ടിട്ടില്ല. താൻ ഖുറൈശി പ്രമുഖരുമായി ആശയവിനിമയം നടത്തിക്കൊണ്ടിരിക്കെ അറിവ് അന്വേഷിച്ചുകൊണ്ട് കടന്നുവന്ന ഒരു അന്ധനുനേരെ അസന്തുഷ്ടമായി ഒന്നുനോക്കിപ്പോയ പ്രവാചകനെ ഖുർആൻ വിമർശിക്കുന്നുണ്ട് (80:1-10) ഉഹ്ദ് യുദ്ധത്തിൽ സ്വശരീരത്തിൽ മുറിവുകളുണ്ടാവുകയും അനുചരന്മാരിൽ പലരും വധിക്കപ്പെടുകയും ചെയ്തതിൽ ഖിന്നനായിക്കൊണ്ട് അവിശ്വാസികൾ ഒരിക്കലും നന്നാവുകയില്ലെന്ന മട്ടിൽ മുഹമ്മദ്(സ) സംസാരിച്ചപ്പോൾ അതും ശരിയായില്ലെന്ന് ഖുർആൻ തിരുത്തുന്നുണ്ട്. (3:128).

നിസ്സാരമെന്ന് നാം കരുതുന്ന ഈ രൂപത്തിലുള്ള അബദ്ധങ്ങൾപോലും പ്രവാചകന്മാരുടെ ജീവിതത്തിൽ ഉണ്ടാകുവാൻ പാടില്ലെന്നതാണ് ഖുർആനിക വീക്ഷണം. അതുകൊണ്ടാണല്ലോ ഇത്തരം അബദ്ധങ്ങളുണ്ടായപ്പോൾ ദൈവം തമ്പുരാൻ തന്നെ അവ വിമർശിക്കുകയും തിരുത്തുകയും ചെയ്തത്. ആ നിലയ്ക്ക് വ്യഭിചാരം പോലെയുള്ള പാപങ്ങൾ പ്രവാചകന്മരുടെ ജീവിതത്തിലുണ്ടായി എന്ന വാദം ഖുർആൻ ഒരു നിലയ്ക്കും അംഗീകരിക്കുന്നില്ലെന്ന് പറയാനാവും.

***മുഹമ്മദ്(സ) ഒരുപാട് പാപങ്ങൾ ചെയ്തിരുന്നുവെന്നാണല്ലോ ഖുർആനിലെ ചില പരാമർശങ്ങളിൽനിന്ന് മനസ്സിലാക്കാൻ കഴിയുന്നത്?***

മനുഷ്യർ മുഴുവനും പാപികളാണെന്ന ക്രൈസ്തവവാദം സമർഥിക്കുവാൻ പാടുപെടുന്ന മിഷനറിമാർ ഉന്നയിക്കാറുള്ള ഒരു വാദമാണിത്. ഖുർആനിലെ ചില സൂക്തങ്ങൾ സന്ദർഭത്തിൽനിന്ന് അടർത്തിയെടുത്തുകൊണ്ട് മുഹമ്മദ് (സ) പാപിയായിരുന്നുവെന്നും പാപം ചെയ്യാത്തവനായി യേശുക്രിസ്തു മാത്രമേ ഉണ്ടായിരുന്നുള്ളൂവെന്നും മനുഷ്യരെ പാപത്തിൽ നിന്നു രക്ഷിക്കുവാൻ പാപിയല്ലാത്ത ക്രിസ്തുവിന് മാത്രമേ കഴിയുകയുള്ളൂവെന്നും വാദിക്കുകയാണ് അവർ ചെയ്യാറുള്ളത്.





യേശുക്രിസ്തുവടക്കം മുഴുവൻ പ്രവാചകന്മാരും മാതൃകായോഗ്യരും പാപം ചെയ്യാത്തവരുമായിരുന്നുവെന്നാണ് ഖുർആനിൻെറ നിലപാട്. എന്നാൽ ബൈബിൾ കഥകളിലൂടെ കടന്നുപോകുന്ന ഒരാൾക്ക് മുൻ പ്രവാചകന്മാരെപ്പോലെതന്നെ യേശുവും പാപിയായിരുന്നുവെന്നും മാതൃകായോഗ്യനായിരുന്നില്ല എന്നുമാണ് തോന്നുക. ദുരിതത്തിൻെറയും ദുഃഖത്തിൻെറയും കലഹത്തിൻെറയും ദാരിദ്ര്യത്തിൻെറയും നിമിത്തമെന്ന് സോളമൻ വിശേഷിപ്പിച്ച (സുഭാഷിതങ്ങൾ 23:21-32) വീഞ്ഞ് നിർമിച്ച് ജനങ്ങൾക്ക് വിതരണം ചെയ്യുന്നത് പാപമാണെങ്കിൽ യേശു പാപിയാണെന്ന് പറയേണ്ടിവരും. കാനായിലെ കല്യാണവിരുന്നിൽ വെച്ച് ക്രിസ്തു ചെയ്തത് അതാണല്ലോ (യോഹന്നാൻ 2:1-10) പെറ്റു വളർത്തിയ സ്വന്തം മാതാവിനെ അവഹേളിക്കുകയും അവമതിക്കുകയും ചെയ്യുന്നത് പാപമാണെങ്കിൽ ക്രിസ്തു പാപിയാണെന്ന് സമ്മതിക്കേണ്ടിവരും. 'സ്ത്രീയെ... എനിക്കും നിനക്കും എന്ത്? എന്ന് മാതാവിനോട് ചോദിക്കുന്ന ക്രിസ്തു (യോഹ 2:5) മാതൃബഹുമാനമുള്ളവനായിരുന്നുവെന്ന് പറയാൻ കഴിയുമോ? പ്രബോധിത സമൂഹത്തെ 'അണലിസന്തതികൾ' (മത്തായി 12:39) തുടങ്ങിയ അഭിസംബോധനകളിലൂടെ അഭിമുഖീകരിക്കുന്നത് പാപമാണെങ്കിൽ യേശുവീണ്ടും പാപിയായിത്തീരും. സ്വന്തം കോപം അടക്കിവെക്കാനാവാതെ ഒരു മിണ്ടാപ്രാണിയെ അതിൻേറതല്ലാത്ത കുറ്റത്തിന് നശിപ്പിക്കുന്നത് പാപമാണെങ്കിൽ ക്രിസ്തു വീണ്ടും പാപിയായിത്തീരും. പാവം അത്തിമരത്തെ യേശുക്രിസ്തു ഉണക്കിയത് അതിൻേറതല്ലാത്ത കുറ്റത്തിനായിരുന്നുവല്ലോ (മത്തായി 21:10-19). യഥാർഥത്തിൽ യേശുക്രിസ്തു പാപിയല്ലെങ്കിലും ബൈബിൾ ആ മഹാ പ്രവാചകനെ പാപിയാക്കിത്തീർക്കുന്നു എന്നർഥം.

മുഹമ്മദ് നബി(സ)യുടെ ജീവിതത്തിൽ ഇതുപോലെയുള്ള യാതൊരു സംഭവവും നമുക്ക് കാണാൻ കഴിയില്ല. അദ്ദേഹം ഏതെങ്കിലും അർഥത്തിൽ പാപങ്ങൾ ചെയ്തിരുന്നുവെന്ന് അദ്ദേഹത്തിൻെറ ബദ്ധവൈരികൾക്കു പോലും അഭിപ്രായമുണ്ടായിരുന്നില്ലെന്ന് ചരിത്രം സാക്ഷീകരിക്കുന്നു. അബൂജഹ്ലിനെപ്പോലുള്ള ഇസ്ലാമിൻെറ ബദ്ധവൈരികൾ പോലും മുഹമ്മദി(സ)ൻെറ സത്യസന്ധതയും വിശുദ്ധിയും അംഗീകരിച്ചിരുന്നുവെന്ന് വ്യക്തമാക്കുന്ന ഒട്ടനവധി സംഭവങ്ങളുണ്ട്. റോമൻ ചക്രവർത്തി

യായ ഹിരാക്ലിയസിനു മുമ്പിൽ ഇസ്‌ലാമിൻെറ ബദ്ധവൈരിയായിരുന്ന അബൂസുഫ്‌യാൻ നൽകിയ മൊഴി അവയിലൊന്നുമാത്രം.

അവസാനത്തെ നാളുവരെയുള്ള സകല മനുഷ്യർക്കും മാതൃകയാക്കുവാനുള്ള വ്യക്തിയാണ് മുഹമ്മദ് (സ). അദ്ദേഹത്തിൻെറ ജീവിതത്തിൽ ഒരുപാപം പോലും ആരോപിക്കുവാൻ ആർക്കും കഴിയുകയില്ലെന്നതാണ് സത്യം. എന്നാൽ വിശുദ്ധ ഖുർആൻ അദ്ദേഹത്തെ ഒന്നിലധികം തവണ തിരുത്തുന്നുണ്ട്. അന്ധനെ അവഗണിച്ച സംഭവവും, തന്നെയും അനുചരന്മാരെയും അപായപ്പെടുത്തിയവർ ഒരിക്കലും മോക്ഷം നേടുകയില്ലെന്ന് പറഞ്ഞ സംഭവവും അവയിൽ ചിലതാണ്. സാധാരണ വിശകലനത്തിൽ വലിയ തെറ്റുകളായി തോന്നാത്ത കാര്യങ്ങളാണിവ. എന്നാൽ സത്യമത പ്രബോധകനായ പ്രവാചകൻെറ പെരുമാറ്റങ്ങളിൽ അങ്ങനെയുണ്ടാവുന്നത് ക്ഷന്തവ്യമല്ലെന്നാണ് ഖുർആനിൻെറ വീക്ഷണം. അന്ത്യദിനം വരെയുള്ള പ്രബോധകർക്ക് മാതൃകയായ ഒരാളിലുണ്ടാവുന്ന ഇത്തരം അബദ്ധങ്ങൾ ഗൗരവമുള്ളതാണെന്നും തിരുത്തപ്പെടേണ്ടതാണെന്നും തന്നെയാണ് ഖുർആൻ പഠിപ്പിക്കുന്നത്. ഈ അബദ്ധങ്ങൾ ഖുർആൻ തിരുത്തിയിട്ടില്ലായിരുന്നുവെങ്കിൽ അങ്ങനെ പെരുമാറുന്നതും പറയുന്നതും തെറ്റല്ലെന്നാണ് വരിക. അതുകൊണ്ടാണ് ഖുർആൻ ശക്തമായ ഭാഷയിൽ തന്നെ പ്രവാചകനെ തിരുത്തുന്നത്.

മുഹമ്മദ് (സ) പാപിയായിരുന്നുവെന്ന് വരുത്തുന്നതിനുവേണ്ടി ദുർവ്യാഖ്യാനം ചെയ്യപ്പെടുന്നത് പ്രധാനമായും മൂന്ന് ഖുർആൻ സൂക്തങ്ങളാണ് അവ വസ്തുനിഷ്ഠമായി പരിശോധിച്ചാൽ പ്രവാചകൻെറ വ്യക്തിത്വം കൂടുതൽ പ്രശോഭിതമാവുകയാണ് ചെയ്യുക.

1. 'തീർച്ചയായും താങ്കൾക്ക് നാം സ്പഷ്ടമായ ഒരു വിജയം നൽകിയിരിക്കുന്നു. താങ്കളുടെ മുമ്പത്തേതും പിന്നത്തേതുമായ തെറ്റുകളൊക്കെയും പൊറുത്തു തരുന്നതിനും അവൻെറ അനുഗ്രഹം താങ്കൾക്ക് അവൻ പൂർത്തിയാക്കുന്നതിനും നേർവഴിയിൽ താങ്കളെ നയിക്കുന്നതിനും അന്തസ്സാർ ന്ന ഒരു സഹായം അല്ലാഹു താങ്കൾക്ക് നൽകുന്നതിനും വേണ്ടി' (48:1-3).

ഇവിടെ 'തെറ്റ്' എന്ന് പരിഭാഷപ്പെടുത്തിയിരിക്കുന്നത് 'ദൻബ്' എന്ന അറബി പദത്തെയാണ്. തെറ്റ്, കുറ്റം, പാപം തുടങ്ങിയ അർഥങ്ങളുണ്ട് ഈ പദത്തിന്. മുഹമ്മദ് നബി(സ)ക്കുറിച്ച് 'താങ്കളുടെ മുമ്പത്തേതും പിമ്പത്തേതുമായ തെറ്റുകളൊക്കെയും പൊറുത്തുതരുന്നതിന്' എന്ന് പ്രയോഗിച്ചതിനാൽ അദ്ദേഹം പാപങ്ങൾ ചെയ്തിരുന്നുവെന്ന് ഖുർആൻ പോലും സമ്മതിക്കുന്നുവെന്നാണ് വാദം.





ഇവിടെ പ്രവാചകൻ(സ) ചെയ്തുവെന്ന് പറയുന്ന തെറ്റുകൾ എന്താണെന്ന് ഇതിൻെറ അവതരണ പശ്ചാത്തലത്തിൽനിന്ന് സുതരാം വ്യക്തമാണ്. ഹുദൈബിയാ സന്ധി കഴിഞ്ഞ് മടങ്ങുമ്പോൾ വഴിമദ്ധ്യേ വെച്ച് അവതരിപ്പിക്കപ്പെട്ട അധ്യായത്തിൻെറ ആദ്യസൂക്തങ്ങളാണിവ. സന്ധിയിൽ പ്രത്യക്ഷത്തിൽ പരാജയമാണെന്നും അടിയറവ് പറഞ്ഞതാണെന്നും തോന്നിയേക്കാവുന്ന നിബന്ധനകളുണ്ടായിരുന്നു. പ്രസ്തുത സന്ധിയാണ് സ്പഷ്ടമായ വിജയമായി ഇവിടെ വിശേഷിപ്പിക്കപ്പെട്ടിരിക്കുന്നത്. ഖുർആൻ ദീർഘദർശനം ചെയ്ത പോലെതന്നെ അതൊരു വൻ വിജയമായിരുന്നുവെന്ന് ഏതാനും വർഷങ്ങൾക്കുള്ളിൽ പ്രവാചകാനുചരന്മാർക്ക് അനുഭവബോധ്യം വരികയും ചെയ്തു. ഹിജ്റ ആറാം വർഷത്തിലാണ് ഹുദൈബിയാ സന്ധി നടന്നത്. കഴിഞ്ഞ പത്തൊമ്പത് വർഷമായി പ്രവാചകൻ നടത്തിവന്ന പ്രബോധനങ്ങൾക്കിടയിൽ അദ്ദേഹത്തിന് സംഭവിച്ച പിശകുകളാണ് ഇവിടെ തെറ്റുകളെന്ന് പറഞ്ഞതുകൊണ്ട് വിവക്ഷിക്കുന്നത്. നടേപറഞ്ഞ അബദ്ധങ്ങൾ ഉദാഹരണം.

കുറ്റകരമോ ശിക്ഷാർഹമോ ആയ ദുഷ്കർമങ്ങളല്ല ഈ ആയത്തിൽ 'തെറ്റ്' എന്ന പദം കൊണ്ട് വിവക്ഷിക്കപ്പെട്ടിരിക്കുന്നത്;മനുഷ്യസഹജമായ വീഴ്ചകളും വൈകല്യങ്ങളും മാത്രമാണ്. ദൈവദൂതന്മാരുടെ ഉന്നത പദവി പരിഗണിക്കുമ്പോൾ പ്രസ്തുത പദവിക്ക് അനുയോജ്യമല്ലാത്തതായി ഗണിക്കപ്പെടുന്ന അബദ്ധങ്ങളോ മര്യാദ കുറവുകളോ മാത്രമാണ് ഇവിടെ ഉദ്ദേശിക്കപ്പെടുന്നത്.

ഇവിടെ ഒരു കാര്യം പ്രത്യേകം ശ്രദ്ധേയമാണ്. വിമർശകരുടെ വാദപ്രകാരം മുഹമ്മദി(സ)ൻെറ രചനയാണ് ഖുർആൻ. അപ്പോൾ അദ്ദേഹംതന്നെയാണ് തനിക്ക് അബദ്ധങ്ങൾ സംഭവിച്ചിട്ടുണ്ടെന്ന് ഖുർആനിലൂടെ തുറന്നു സമ്മതിച്ചതെന്നല്ലേ വരിക? ഇത് എങ്ങനെയാണ് വിശദീകരിക്കുവാൻ കഴിയുക? ഒരാളെക്കുറിച്ച് എതിരാളികളടക്കം സമൂഹത്തിലുള്ള സർവരും മാതൃകായോഗ്യനും സത്യസന്ധനുമെന്ന് വിധിയെഴുതുക. അയാൾതന്നെ 'തൻെറ താൽപര്യങ്ങൾക്ക് വേണ്ടി രചിച്ച ഗ്രന്ഥത്തിൽ തനിക്ക് തെറ്റ് പറ്റിയിട്ടുണ്ടെന്ന് സമ്മതിക്കുക. ഇത് എങ്ങനെയാണ് ശരിയാവുക? ഖുർആൻ പ്രവാചക രചനയല്ലെന്ന വസ്തുതയാണ് ഒരിക്കൽ കൂടി ഇവിടെ അനാവൃതമാവുന്നത്.

മുഹമ്മദി(സ)ന് അബദ്ധങ്ങൾ പിണഞ്ഞിട്ടുണ്ടെന്നും അവ പൊറുത്തു കൊടുത്തിട്ടുണ്ടെന്നും പറയുന്നത് യഥാർഥത്തിൽ പടച്ചതമ്പുരാനാണ്. തന്നിൽ വന്നുപോയ അബദ്ധങ്ങൾ പൊറുത്തു തന്ന കരുണാവാരിധിയോട് കൂടുതൽ നന്ദിയുള്ളവനാവുകയാണ് പ്രവാചക(സ) ചെയ്തത്. കാലു

'ഞാനൊരു നന്ദിയുള്ള ദാസനായിരിക്കേണ്ടതില്ലയോ'എന്നായിരുന്നു പ്രവാചക(സ)ൻെറ പ്രതികരണം.

2. 'അതിനാൽ നീ ക്ഷമിക്കുക. തീർച്ചയായും അല്ലാഹുവിൻെറ വാഗ്ദാനം സത്യമാകുന്നു. നിൻെറ പാപത്തിന് നീ മാപ്പുതേടുകയും വൈകുന്നേരവും രാവിലെയും നിൻെറ രക്ഷിതാവിനെ സ്തുതിക്കുന്നതോടൊപ്പം പ്രകീർത്തിക്കുകയും ചെയ്യുക'.

3. 'ആകയാൽ അല്ലാഹുവല്ലാതെ യാതൊരു ആരാധ്യനുമില്ലന്ന് നീ മനസ്സിലാക്കുക. നിൻറ പാപത്തിന് നീ പാപമോചനം തേടുക. സത്യവിശ്വാസികൾക്കും വിശ്വാസിനികൾക്കുവേണ്ടിയും പാപമോചനം തേടുക നിങ്ങളുടെ പോക്കുവരവും നിങ്ങളുടെ താമസവും അല്ലാഹു അറിയുന്നുണ്ട്' (47:19).

ദൈവികമതത്തിനുവേണ്ടി പരമാവധി പരിശ്രമിക്കേണ്ടത് ഓരോ വിശ്വാസിയുടെയും ബാധ്യതയാണ്. ഈ രംഗത്തും അവന് മാതൃക പ്രവാചകനാണ്. എനിക്ക് സാധിക്കുന്നിടത്തോളം ഞാൻ ചെയ്തുവെന്ന് പറഞ്ഞ് പിന്മാറുന്നവനായിക്കൂടാ ഒരു മുസ്ലിം. പടച്ചതമ്പുരാൻ എന്നിലർപ്പിച്ച ഉത്തരവാദിത്തങ്ങൾ ഇനിയും പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ലെന്ന വിചാരമാണ് എപ്പോഴും അവനിൽ ഉണ്ടായിരിക്കേണ്ടത്. തനിക്ക് വീഴ്ചകൾ പറ്റുവാനുള്ള സാധ്യത അംഗീകരിച്ചുകൊണ്ട് 'നാഥാ, നിൻെറ മാർഗത്തിൽ എൻെറ ഭാഗത്തുനിന്ന് വന്നുപോയ വീഴ്ചകൾ പൊറുത്തു തരേണമേ'യെന്ന പ്രാർഥന അവൻെറ ചുണ്ടുകളിൽ എപ്പോഴും ഉണ്ടായിരിക്കണം. ഇത് അവൻെറ വിനയത്തിൻെറ പ്രകടനമാണ്. ഇതിലൂടെ അവൻ ചെയ്യുന്നത് തൻെറ മനസ്സിൽ അഹങ്കാരത്തിൻെറ ലാഞ്ചനയെങ്കിലുമുണ്ടെങ്കിൽ അത് നിർമൂലനം ചെയ്യുകയാണ്.

പ്രവാചകനോട് 'നീ പാപമോചനം തേടുക' എന്ന് പറഞ്ഞതിൻെറ വിവക്ഷയിതാണ്: എല്ലാവരേക്കാളും അധികമായി ദൈവികമാർഗത്തിൽ പരിശ്രമിച്ചിരുന്ന പ്രവാചകനുപോലും തൻെറ കർമങ്ങളുടെ പേരിൽ അഹങ്കാരത്തിന് യാതൊരു അർഹതയുമില്ല. ദൈവമാർഗത്തിലുള്ള പരിശ്രമത്തിനിടക്കും അദ്ദേഹം പോലും തൻെറ നാഥൻെറ മുമ്പിൽ വീഴ്ചകളേറ്റു പറഞ്ഞ് മാപ്പ് തേടേണ്ട അവസ്ഥയാണുള്ളത്. അപ്പോൾ മറ്റുള്ളവരുടെ സ്ഥിതിയോ? വിനയം പഠിപ്പിക്കുകയാണ് ഈ വചനങ്ങൾ ചെയ്യുന്നത്. അല്ലാതെ മുഹമ്മദ് (സ) പാപം ചെയ്തുവെന്ന് ഈ വചനങ്ങൾ സൂചിപ്പിക്കുന്നേയില്ല. അതുകൊണ്ടാണല്ലോ 'ഞാൻ ഓരോ ദിവസവും നൂറു





വട്ടം അല്ലാഹുവിനോട് പാപമോചനത്തിന് അപേക്ഷിക്കുന്നു'വെന്ന് പ്രവാചകൻ (സ) പറഞ്ഞത്. ദിനേന പ്രവാചകൻ നൂറു പാപങ്ങൾ ചെയ്തിരുന്നുവെന്ന് ഇതിനർഥമുണ്ടെന്ന് ആരും പറയുകയില്ലല്ലോ.

# ഏഴ്

## ഖുർആനും സ്ത്രീകളും

**പുരുഷാധിപത്യത്തിലധിഷ്ഠിതമായ ഒരു ധാർമിക വ്യവസ്ഥയാണ് ഖുർആൻ അവതരിപ്പിക്കുന്നതെന്ന ആരോപണത്തിൽ എന്തുമാത്രം കഴമ്പുണ്ട്?**

അടിസ്ഥാനരഹിതമായ ഒരു ആരോപണമാണിത്. പുരുഷൻെറയും സ്ത്രീയുടെയും സ്രഷ്ടാവിനാണല്ലോ അവരുടെ പ്രകൃതിയെക്കുറിച്ച് നന്നായറിയുക. ദൈവംതമ്പുരാൻ നിർദേശിക്കുന്ന ധാർമിക വ്യവസ്ഥ ഒരിക്കലുംതന്നെ ഒരു വിഭാഗത്തിൻെറ ആധിപത്യത്തിനും മറ്റേ വിഭാഗത്തിൻെറ അധഃസ്ഥിതത്വത്തിനും നിമിത്തമാവുകയില്ലെന്ന് അൽപം ചിന്തിച്ചാൽ ബോധ്യമാവും. അപ്പോൾ പ്രശ്നം ധാർമിക വ്യവസ്ഥയുടേതല്ല. മറിച്ച്, അതിനെ അളക്കാനുപയോഗിക്കുന്ന അളവുകോലിൻേറതാണ്.

പുരുഷന്റെയും സ്ത്രീയുടെയും സഹകരണവും പാരസ്പര്യവുമാണ് കുടുംബമെന്ന സ്ഥാപനത്തിൻെറ നിലനിൽപിന് ആധാരമെന്നാണ് ഖുർആൻ പഠിപ്പിക്കുന്നത്. ധാർമിക വ്യവസ്ഥ നിലനിൽക്കണമെങ്കിൽ കുടുംബമെന്ന സ്ഥാപനം കെട്ടുറപ്പോടുകൂടി നിലനിൽക്കണമെന്ന അടിത്തറയിൽനിന്നുകൊണ്ടാണ് ഖുർആൻ നിയമങ്ങളാവിഷ്കരിച്ചിരിക്കുന്നത്. കുടുംബംതന്നെ തകരേണ്ടതാണെന്ന തത്ത്വശാസ്ത്രത്തിൽ വിശ്വസിക്കുന്നവർക്ക് ഖുർആനിക നിയമങ്ങൾ അസ്വീകാര്യമായി അനുഭവപ്പെട്ടേക്കാം. എന്നാൽ, ധാർമികതയിൽ അധിഷ്ഠിതമായ മനുഷ്യ സമൂഹത്തിൻെറ നിലനിൽപിനെക്കുറിച്ച് ചിന്തിക്കുന്നവർക്കൊന്നും തന്നെ ഏതെങ്കിലുമൊരു ഖുർആനിക നിയമം പുരുഷാധിപത്യത്തിൽ അധിഷ്ഠിതമാണെന്ന് പറയാൻ കഴിയില്ല.

കുടുംബമെന്ന സ്ഥാപനത്തിൻെറ കെട്ടുറപ്പും ഭദ്രതയും ഉറപ്പുവരുത്തുന്നതിന് സ്ത്രീക്കും പുരുഷനും അവരുടേതായ പങ്കുവഹിക്കാനുണ്ടെന്നാണ് ഖുർആൻ പഠിപ്പിക്കുന്നത്. അവരുടെ അവകാശങ്ങളെയും ഉത്തരവാദിത്തങ്ങളെയും ബാധ്യതകളെയും കുറിച്ച ഖുർആനിക നിയമങ്ങൾ ഈ അടിത്തറയിൽനിന്നുകൊണ്ടുള്ളതാണ്. സ്ത്രീയെയും പുരുഷനെയും സംബന്ധിച്ച ഖുർആനിക വീക്ഷണത്തെ ഇങ്ങനെ സംഗ്രഹിക്കാം:

ഒന്ന്-സ്ത്രീയും പുരുഷനും ഒരേ ആത്മാവിൽനിന്നുണ്ടായവരാണ്. ഒരു നാണയത്തിൻെറ രണ്ടു വശങ്ങൾപോലെയാണവർ. രണ്ടുപേരും സ്വതന്ത്രരാണെങ്കിലും ഇരുവരുടെയും പാരസ്പര്യമാണ് രണ്ടുപേർക്കും പൂർണത നൽകുന്നത്.

രണ്ട്-സ്ത്രീ പുരുഷനോ പുരുഷൻ സ്ത്രീയോ അല്ല. ഇരുവർക്കും തികച്ചും വ്യത്യസ്തവും അതേസമയം പരസ്പര പൂരകവുമായ അസ്തിത്വമാണുള്ളത്.

മൂന്ന്- സ്ത്രീക്കും പുരുഷനും അവകാശങ്ങളുണ്ട്. ഈ അവകാശങ്ങൾ നേടിയെടുക്കേണ്ടത് സംഘട്ടനത്തിലൂടെയല്ല, പാരസ്പര്യത്തിലൂടെയാണ്.





നാല്-രണ്ടു കൂട്ടർക്കും ബാധ്യതകളുണ്ട്. ഈ ബാധ്യതകൾ നിർവഹിക്കുന്നതിലൂടെ മാത്രമേ വ്യഷ്ടിക്കും സമഷ്ടിക്കും നിലനിൽക്കാൻ കഴിയൂ.

അഞ്ച്-സ്ത്രീ പുരുഷധർമം നിർവഹിക്കുന്നതും പുരുഷൻ സ്ത്രീ ധർമം നിർവഹിക്കുന്നതും പ്രകൃതിയുടെ താൽപര്യത്തിനെതിരാണ്. ഓരോരുത്തരും അവരവരുടെ ധർമങ്ങൾ നിർവഹിക്കുകയാണ് വേണ്ടത്.

ആറ്-ഓരോരുത്തരും അവരവരുടെ ധർമം നിർവഹിക്കുന്നതും അവകാശങ്ങൾ അനുഭവിക്കുന്നതും അപരൻെറ അവകാശങ്ങളെ ഹനിച്ചുകൊണ്ടായിക്കൂടാ.

**സ്ത്രീയെക്കുറിച്ച ഖുർആനിക സങ്കൽപമെന്താണ്?**

വളരെ പ്രസക്തമായ ഒരു ചോദ്യമാണിത്. ഏതൊരു പ്രസ്ഥാനമായിരുന്നാലും അതിൻെറ അടിസ്ഥാന സങ്കൽപത്തിൻെറ പ്രതിഫലനമായിരിക്കും നിയമങ്ങളിലും നിർദേശങ്ങളിലും നമുക്ക് കാണാനാവുക. സ്ത്രീയെ സംബന്ധിച്ച ഇസ്ലാമിക നിർദേശങ്ങളുടെ വേര് സ്ഥിതി ചെയ്യുന്നത് അവൾ ആരാണെന്ന പ്രശ്നത്തിന് ഖുർആൻ നൽകുന്ന ഉത്തരത്തിലാണ്.

പുരുഷനെപ്പോലെതന്നെ സ്ത്രീയും പടച്ചതമ്പുരാൻെറ സവിശേഷ സൃഷ്ടിയാണെന്നാണ് ഖുർആനികാധ്യാപനം.

“മനുഷ്യരേ, നിങ്ങളെ ഒരേ ആത്മാവിൽനിന്ന് സൃഷ്ടിക്കുകയും അതിൽനിന്നുതന്നെ അതിൻെറ ഇണയെയും സൃഷ്ടിക്കുകയും അവർ ഇരുവരിൽനിന്നുമായി ധാരാളം പുരുഷന്മാരെയും സ്ത്രീകളെയും വ്യാപിപ്പിക്കുകയും ചെയ്തവനായ നിങ്ങളുടെ രക്ഷിതാവിനെ നിങ്ങൾ സൂക്ഷിക്കുവിൻ” (4:1)

ഇവിടെ പുരുഷനും സ്ത്രീയും ഒരേ ആത്മാവിൽനിന്നാണ് സൃഷ്ടിക്കപ്പെട്ടിട്ടുള്ളതെന്ന വസ്തുതയാണ് ഖുർആൻ സൂചിപ്പിക്കുന്നത്; പുരുഷനും സ്ത്രീയും ഒരേ ആത്മാവിൻെറ രണ്ട് അംശങ്ങളാണെന്ന വസ്തുത. ഈ രണ്ട് അംശങ്ങളും കൂടിച്ചേരുമ്പോഴാണ് അതിന് പൂർണത കൈവരുന്നത്. അഥവാ സ്ത്രീയുടെയും പുരുഷൻെറയും പാരസ്പര്യത്തിലാണ് ജീവിതം പൂർണമാവുന്നത്. സ്ത്രീ-പുരുഷബന്ധത്തിലെ സ്നേഹത്തിൻെറയും കാരുണ്യത്തിൻെറയുമെല്ലാം ഉറവിടം ഈ പാരസ്പര്യമാണ്. ദമ്പതികൾ തമ്മിൽ നിലനിൽക്കുന്ന കരുണയും സ്നേഹവുമെല്ലാം ദൈവിക ദൃഷ്ടാന്തങ്ങളാണെന്നാണ് ഖുർആനിക കാഴ്ചപ്പാട്. ‘നിങ്ങൾക്ക് സമാധാനപൂർവം ഒത്തുചേരേണ്ടതിനായി നിങ്ങളിൽനിന്നുതന്നെ നിങ്ങൾക്ക് ഇണകളെ സൃഷ്ടിക്കുകയും, നിങ്ങൾക്കിടയിൽ സ്നേഹവും കാരുണ്യവും ഉണ്ടാക്കുകയും ചെയ്തതും അവൻെറ ദൃഷ്ടാന്തങ്ങളിൽ പെട്ടതത്രേ.

തീർച്ചയായും അതിൽ ചിന്തിക്കുന്ന ജനങ്ങൾക്ക് ദൃഷ്ടാന്തങ്ങളുണ്ട്" (30:21).

ലിംഗത്തിൻെറ അടിസ്ഥാനത്തിലുള്ള വിവേചനത്തെ ഖുർആൻ അംഗീകരിക്കുന്നില്ല. സ്ത്രീ-പുരുഷ സമത്വമെന്ന ആശയത്തെ അത് നിരാകരിക്കുകയും ചെയ്യുന്നു. സ്ത്രീ, പുരുഷന് സമമോ പുരുഷൻ, സ്ത്രീക്ക് സമമോ ആവുക അസാധ്യമാണെന്നാണ് അതിൻെറ വീക്ഷണം. അങ്ങനെ ആക്കുവാൻ ശ്രമിക്കുന്നത് പ്രകൃതി വിരുദ്ധമാണ്. സ്ത്രീയെയും പുരുഷനെയും പ്രകൃതി അവർക്കനുവദിച്ച സ്ഥാനങ്ങളിൽതന്നെ നിർത്തുകയാണ് ഖുർആൻ ചെയ്യുന്നത്. പ്രകൃതി സ്ത്രീക്കും പുരുഷനും നൽകിയ സ്ഥാനങ്ങൾ തന്നെയാണ് പ്രകൃതിമതമായ ഇസ്ലാമും അവർക്ക് നൽകുന്നത്.

**പെണ്ണിനോട് ബാധ്യകളെക്കുറിച്ചും ആണിനോട് അവകാശങ്ങളെക്കുറിച്ചും സംസാരിക്കുന്നവയാണ് ആൺകോയ്മ *(patriarchic)* വ്യവസ്ഥിതികൾ. ഖുർആനിലും ഇതുതന്നെയല്ലേ കാണാൻ കഴിയുന്നത്?**

അല്ല. ഖുർആൻ ആണിനോടും പെണ്ണിനോടും തങ്ങളുടെ ബാധ്യതകളെയും അവകാശങ്ങളെയുംകുറിച്ച് സംസാരിക്കുന്നുണ്ട്.

"സ്ത്രീകൾക്ക് ബാധ്യതകൾ ഉള്ളതുപോലെതന്നെ ന്യായമായ അവകാശങ്ങളുമുണ്ട്" (2.228) എന്നാണ് ഖുർആൻ അസന്നിഗ്ധമായി പ്രഖ്യാപിക്കുന്നത്. ഈ പ്രഖ്യാപനമുൾക്കൊള്ളുന്ന ഖുർആൻ ആൺകോയ്മാ വ്യവസ്ഥിതിയുടെ സൃഷ്ടിയാണെന്ന് പറയുന്നതെങ്ങനെ? സ്ത്രീയുടെ അവകാശങ്ങളെക്കുറിച്ച് ഖുർആനിനെപ്പോലെ വ്യക്തവും വിശദവുമായി പ്രതിപാദിക്കുന്ന മറ്റൊരു മതഗ്രന്ഥവുമില്ലെന്നതാണ് വാസ്തവം.

സ്ത്രീക്ക് ഇസ്ലാം അനുവദിച്ച-അല്ല, നേടിക്കൊടുത്ത-അവകാശങ്ങളുടെ മഹത്വമറിയണമെങ്കിൽ അതിൻെറ അവതരണകാലത്തുണ്ടായിരുന്ന പെണ്ണിൻെറ പദവിയെന്തായിരുന്നുവെന്ന് മനസ്സിലാക്കണം. യവനന്മാർ പിശാചിൻെറ പ്രതിരൂപമായിട്ടായിരുന്നു പെണ്ണിനെ കണ്ടിരുന്നത്. പത്നിയെ അറുകൊല നടത്താൻ പോലും പുരുഷന് സ്വാതന്ത്ര്യം നൽകുന്നതായിരുന്നു റോമൻ നിയമവ്യവസ്ഥ. ഭർത്താവിൻെറ ചിതയിൽ ചാടി മരിക്കണമെന്നതായിരുന്നുവല്ലോ ഭാരതീയ സ്ത്രീയോടുള്ള മതോപദേശം. പാപം കടന്നുവരാൻ കാരണക്കാരിയായ (?) പെണ്ണിനു നേരെയുള്ള യഹൂദന്മാരുടെ പെരുമാറ്റം ക്രൂരമായിരുന്നു. യഹൂദമതത്തിൻെറ പിന്തുടർച്ചയായി വന്ന ക്രിസ്തുമതത്തിലെ സ്ഥിതിയും മെച്ചപ്പെട്ടതായിരുന്നില്ല. സ്





ത്രീകൾക്ക് ആത്മാവുണ്ടോ എന്നതായിരുന്നു പതിനാറാം നൂറ്റാണ്ടിൽ പോലും പാതിരിമാരുടെ ചർച്ചാവിഷയം. മുഹമ്മദ് നബി(സ)ക്ക് മുമ്പ് അറേബ്യയിലെ പെണ്ണിൻെറ സ്ഥിതിയും ഇതിനേക്കാളെല്ലാം കഷ്ടമായിരുന്നു. അവൾക്ക് ജീവിക്കാനുള്ള അവകാശം പോലും നിഷേധിക്കപ്പെട്ടു. പ്രസവിക്കപ്പെട്ടത് പെൺകുഞ്ഞാണെന്നറിഞ്ഞാൽ ജീവനോടെ കുഴിച്ചുമൂടാൻ സന്നദ്ധരായിരുന്ന ജനങ്ങളുൾക്കൊള്ളുന്ന സമൂഹം. ഇത്തരമൊരു സാമൂഹിക സാഹചര്യത്തിലാണ് സ്ത്രീകളുടെ അവകാശങ്ങളെക്കുറിച്ച് ഖുർആൻ സംസാരിക്കുവാനാരംഭിച്ചത്.

പെണ്ണിന് ഖുർആൻ നൽകിയ അവകാശങ്ങളെ ഇങ്ങനെ സംഗ്രഹിക്കാം: 1. ജീവിക്കാനുള്ള അവകാശം: ഭാര്യ പ്രസവിച്ചത് പെൺകുഞ്ഞാണെന്ന് മനസ്സിലാക്കിയാൽ അതിനെ കൊന്നുകളയുന്നതിനെക്കുറിച്ച് ചിന്തിച്ചിരുന്നവരായിരുന്നു അറബികൾ (ഖുർആൻ 16:59). ആധുനിക സാങ്കേതിക വിദ്യകളുപയോഗിച്ച് ഭ്രൂണത്തിൻെറ ലിംഗം നിർണയിക്കുകയും പ്രസവിക്കാൻ പോകുന്നത് പെൺകുഞ്ഞാണെന്നറിഞ്ഞാൽ അതിനെ ഭ്രൂണാവസ്ഥയിൽതന്നെ നശിപ്പിക്കാനൊരുമ്പെടുകയും ചെയ്യുന്ന സമകാലീന സമൂഹത്തിൻെറ ധാർമിക നിലവാരം അന്തരാളകാലത്തെ അറബികളിൽ നിന്ന് അൽപം പോലും ഉയർന്നതല്ല. പെണ്ണിനെ ജീവിക്കുവാൻ അനുവദിക്കാത്ത കുടിലതയെ ഖുർആൻ വിമർശിക്കുന്നു (16:59, 81:9) പുരുഷനെപ്പോലെ അവൾക്കും ജനിക്കുവാനും ജീവിക്കാനും അവകാശമുണ്ടെന്ന് അത് പ്രഖ്യാപിക്കുന്നു.

2. സ്വത്തവകാശം: പുരുഷനെപ്പോലെ സമ്പാദിക്കാനുള്ള അവകാശം ഖുർആൻ സ്ത്രീക്ക് നൽകുന്നു. സ്വന്തമായി ഉണ്ടാക്കിയതോ അനന്തരമായി ലഭിച്ചതോ ആയ സമ്പാദ്യങ്ങളെല്ലാം അവളുടേത് മാത്രമാണ് എന്നാണ് ഖുർആനിൻെറ കാഴ്ചപ്പാട്. സ്ത്രീയുടെ സമ്പാദ്യത്തിൽനിന്ന് അവളുടെ സമ്മതമില്ലാതെ യാതൊന്നും എടുക്കുവാൻ ഭർത്താവിന് പോലും അവകാശമില്ല. "പുരുഷന്മാർക്ക് അവർ സമ്പാദിച്ചതിൻെറ വിഹിതവും സ്ത്രീകൾക്ക് അവർ സമ്പാദിച്ചതിൻെറ വിഹിതവുമുണ്ട് (ഖുർആൻ 4:32).

3. അനന്തരാവകാശം: മാതാപിതാക്കളുടെ സ്വത്തിൽ പുത്രിമാർക്കും ഓഹരിയുണ്ടെന്നാണ് ഖുർആനിൻെറ അധ്യാപനം. മറ്റൊരു മതഗ്രന്ഥവും സ്ത്രീക്ക് അനന്തരസ്വത്തിൽ അവകാശമുണ്ടെന്ന് പ്രഖ്യാപിക്കുന്നില്ലെന്നതാണ് വാസ്തവം. പരിഷ്കൃതമെന്നറിയപ്പെടുന്ന യൂറോപ്പിൽ പോലും വനിതകൾക്ക് അനന്തരസ്വത്തിൽ അവകാശമുണ്ടെന്ന നിയമം കൊണ്ടുവന്നത് ഏതാനും പതിറ്റാണ്ടുകൾക്കു മുമ്പാണ്. ഖുർആനാകട്ടെ,

പതിനാലു നൂറ്റാണ്ടുകൾക്കുമുമ്പുതന്നെ സ്ത്രീകൾക്ക് അനന്തരസ്വത്തിൽ അവകാശമുണ്ടെന്ന് പ്രഖ്യാപിക്കുകയും അത് നടപ്പാക്കുകയും ചെയ്തിട്ടുണ്ട്. “മാതാപിതാക്കളും അടുത്ത ബന്ധുക്കളും വിട്ടേച്ചുപോയ സ്വത്തിൽ പുരുഷന്മാർക്ക് ഓഹരിയുണ്ട്. മാതാപിതാക്കളും അടുത്ത ബന്ധുക്കളും വിട്ടേച്ചുപോയ സ്വത്തിൽ സ്ത്രീകൾക്കും ഓഹരിയുണ്ട്” (ഖുർആൻ 4:7).

4. ഇണയെ തെരഞ്ഞെടുക്കുവാനുള്ള അവകാശം: വിവാഹാലോചനാ വേളയിൽ സ്ത്രീയുടെ ഇഷ്ടാനിഷ്ടങ്ങൾ പരിഗണിക്കപ്പെടണമെന്നാണ് ഇസ്ലാമിൻെറ ശാസന. ഒരു സ്ത്രീയെ അവൾക്കിഷ്ടമില്ലാത്ത ഒരാൾക്ക് വിവാഹം ചെയ്തുകൊടുക്കുവാൻ ആർക്കും അവകാശമില്ല; സ്വന്തം പിതാവിനുപോലും. മുഹമ്മദ് നബി(സ) പറഞ്ഞു: “വിധവയോട് അനുവാദം ചോദിക്കാതെ അവളെ വിവാഹം ചെയ്തുകൊടുക്കരുത്. കന്യകയോട് സമ്മതമാവശ്യപ്പെടാതെ അവളെയും കല്യാണം കഴിച്ചുകൊടുക്കാൻ പാടില്ല. മൗനമാണ് കന്യകയുടെ സമ്മതം” (ബുഖാരി, മുസ്ലിം).

5. പഠിക്കുവാനും ചിന്തിക്കുവാനുമുള്ള അവകാശം: സ്ത്രീകൾക്ക് പഠിക്കുവാനും ചിന്തിക്കുവാനും അവകാശമുണ്ടെന്നാണ് ഖുർആനിൻെറ കാഴ്ചപ്പാട്. ഇത് കേവലം ഉപദേശങ്ങളിലൊതുക്കുകയല്ല, പ്രായോഗികമായി കാണിച്ചുതരികയാണ് പ്രവാചകൻ (സ) ചെയ്തത്. പ്രവാചകാനുചരകളായ വനിതകൾ വിജ്ഞാന സമ്പാദനത്തിൽ പ്രകടിപ്പിച്ചിരുന്ന ശുഷ്കാന്തി സുവിദിതമാണ്. പ്രവാചകൻെറയും പത്നിമാരുടെയും അടുക്കൽ വിജ്ഞാന സമ്പാദനത്തിനായി വനിതകൾ സദാ എത്താറുണ്ടായിരുന്നുവെന്ന് ചരി ത്രത്തിൽ കാണാനാവും. അവരുമായി വിജ്ഞാന വിനിമയം നടത്താനായി പ്രവാചകൻ (സ) ഒരു ദിവസം നീക്കിവെച്ചിരുന്നുവെന്ന് ഇമാം ബുഖാരി റിപ്പോർട്ട് ചെയ്ത ഹദീസിൽ കാണാം.

6. വിമർശിക്കുവാനുള്ള അവകാശം: വിമർശിക്കുവാനും ചോദ്യം ചെയ്യുവാനുമുള്ള അവകാശം ഇസ്ലാം സ്ത്രീകൾക്കു നൽകുന്നുണ്ട്. പുരുഷൻ സ്ത്രീക്കു നൽകേണ്ട വിവാഹമൂല്യം ക്രമാതീതമായി ഉയർന്നതു കാരണം പ്രയാസമനുഭവിക്കുന്ന പുരുഷന്മാരെ രക്ഷപ്പെടുത്തുന്നതിനായി മഹർ നിയന്ത്രിക്കാനൊരുങ്ങിയ ഖലീഫാ ഉമറിനെ, ഖുർആൻ സൂക്തം ഉദ്ധരിച്ചുകൊണ്ട് ഒരു വനിത വിമർശിക്കുകയും ഉടൻതന്നെ സ്വയം തിരുത്തിക്കൊണ്ട് ‘എല്ലാവർക്കും -ഒരു വൃദ്ധക്കുപോലും- ഉമറിനേക്കാൾ നന്നായി അറിയാം’ എന്ന് ഖലീഫ പ്രസ്താവിക്കുകയും ചെയ്ത ചരിത്രം സുവിദിതമാണ്. ജാഹിലിയ്യാ കാലത്ത് നിലനിന്നിരുന്ന ‘ളിഹാർ’ എന്ന സമ്പ്രദായത്തെക്കുറിച്ച് പ്രവാചകനോട് തർക്കിച്ച സഹാബിവനിതയുടെ ചോദ്യങ്ങൾക്കുള്ള ഉത്തരമായാണ് മുജാദിലഃ (തർക്കിക്കുന്നവൾ) എന്ന സൂക്





തത്തിലെ ആദ്യവചനങ്ങൾ അവതരിപ്പിക്കപ്പെട്ടത്. പ്രവാചകൻെറ മുമ്പിൽ പോലും സ്ത്രീകൾക്ക് അവകാശങ്ങൾക്ക് വേണ്ടി സംവദിക്കാനുള്ള അവകാശം അനുവദിക്കപ്പെട്ടിരുന്നുവെന്നാണല്ലോ ഇത് വ്യക്തമാക്കുന്നത്. ഈ സൂക്തത്തിലെവിടെയും സഹാബി വനിതയുടെ തർക്കത്തെ വിമർശിച്ചിട്ടില്ലെന്ന കാര്യം പ്രത്യേകം ശ്രദ്ധേയമാണ്.

7. സാമൂഹ്യപ്രവർത്തനങ്ങളിൽ പങ്കെടുക്കുന്നതിനുള്ള അവകാശം: രാഷ്ട്രകാര്യങ്ങളിൽ സംബന്ധിക്കുന്നത് സ്വാഭാവികമായും പുരുഷന്മാരാണെങ്കിലും സ്ത്രീകൾക്കും രാഷ്ട്രസംബന്ധമായ കാര്യങ്ങളിൽ പങ്കുവഹിക്കാൻ ഇസ്ലാം സ്വാതന്ത്ര്യം നൽകിയിട്ടുണ്ട്. വിശ്വാസ സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള സമരത്തിൽ നേരിട്ട് സംബന്ധിക്കുന്നതിന് ഇസ്ലാം സ്ത്രീകളെ നിർബന്ധിക്കുന്നില്ല. എന്നാൽ, യുദ്ധരംഗത്തും മറ്റും പടപൊരുതുന്നവർക്ക് സഹായികളായി വർത്തിക്കുവാൻ മുസ്ലിം വനിതകൾ രംഗത്തുണ്ടായിരുന്നു. പുരുഷന്മാരൊടൊപ്പം യുദ്ധത്തിന് പുറപ്പെടുകയും അവർക്ക് ഭക്ഷണം പാകം ചെയ്യുകയും പാനീയങ്ങൾ വിതരണം നടത്തുകയും മുറിവേറ്റവരെ ശുശ്രൂഷിക്കുകയും ചെയ്തിരുന്ന സ്വഹാബി വനിതകളെക്കുറിച്ച് ചരിത്രം നമുക്ക് വിവരിച്ചുതരുന്നുണ്ട്. സന്നിഗ്ധ ഘട്ടങ്ങളിൽ സമരമുഖത്തിറങ്ങാൻ വരെ സന്നദ്ധത കാണിച്ചിരുന്ന മഹിളാ രത്നങ്ങളുണ്ടായിട്ടുണ്ട്, ഇസ്ലാമിക ചരിത്രത്തിൽ. പ്രവാചക പത്നിയായിരുന്ന ആയിശ(റ)യായിരുന്നു ഖലീഫ ഉസ്മാൻെറ ഘാതകരെ ശിക്ഷിക്കാതെ അലി(റ)യെ ഖലീഫയായി തെരഞ്ഞെടുക്കരുതെന്ന അഭിപ്രായത്തിൽ നിന്ന് ഉരുണ്ടുകൂടിയ ജമൽ യുദ്ധത്തിന് നേതൃത്വം വഹിച്ചത്.

8. വിവാഹമൂല്യത്തിനുള്ള അവകാശം: വിവാഹം ചെയ്യപ്പെടുന്ന സ്ത്രീയുടെ അവകാശമാണ് ‘മഹർ’ ലഭിക്കുകയെന്നത്. തനിക്ക് ആവശ്യമുള്ള ‘മഹർ’ തൻെറ കൈകാര്യകർത്താവ് മുഖേന ആവശ്യപ്പെടുവാൻ സ്ത്രീക്ക് അവകാശമുണ്ട്. ഈ വിവാഹമൂല്യം നൽകേണ്ടത് പുരുഷൻെറ ബാധ്യതയാണ്. നൽകപ്പെടുന്ന വിവാഹമൂല്യം സ്ത്രീയുടെ സമ്പത്തായാണ് പരിഗണിക്കപ്പെടുന്നത്. അവളുടെ സമ്മതമില്ലാതെ ആർക്കും അതിൽനിന്നും ഒന്നും എടുക്കാനാവില്ല. “സ്ത്രീകൾക്ക് അവരുടെ വിവാഹമൂല്യങ്ങൾ മനഃസംതൃപ്തിയോടുകൂടി നിങ്ങൾ നൽകുക” (4:4) എന്നാണ് ഖുർആനിൻെറ കൽപന.

9. വിവാഹമോചനത്തിനുള്ള അവകാശം: ഭർത്താവിനോടൊപ്പം ജീവിക്കുവാൻ സാധ്യമല്ലാത്ത അവസ്ഥയിൽ വിവാഹമോചനം നേടാൻ സ്ത്രീക്ക് അവകാശമുണ്ട്. ‘ഖുൽഅ്’, ‘ഫസ്ഖ്’ എന്നീ രണ്ട് സാങ്കേതിക ശബ്ദങ്ങളിലാണ് സ്ത്രീകളുടെ വിവാഹമോചനം വ്യവഹരിക്കപ്പെടുന്നത്.

വിവാഹമൂല്യം തിരിച്ചുനൽകിക്കൊണ്ടുള്ള മോചനമാണ് ഒന്നാമത്തേത്. തിരിച്ചുനൽകാതെയുള്ളതാണ് രണ്ടാമത്തേത്. ഏതായിരുന്നാലും താനിഷ്ടപ്പെടാത്ത ഒരു ഭർത്താവിനോടൊപ്പം പൊറുക്കാൻ ഇസ്‌ലാം സ്ത്രീയെ നിർബന്ധിക്കുന്നില്ല. അവൾക്ക് അനിവാര്യമായ സാഹചര്യത്തിൽ വിവാഹമോചനം നേടാവുന്നതാണ്.

**സ്ത്രീ പൂജിക്കപ്പെടുന്നിടത്താണ് ദേവതകൾ പ്രസാദിക്കുന്നതെന്ന് പഠിപ്പിക്കുന്ന ഹൈന്ദവ ദർശനമല്ലേ ഖുർആനിനേക്കാൾ സ്ത്രീകൾക്ക് സ്വീകാര്യമായി അനുഭവപ്പെടുന്നത്?**

മനുസ്മൃതി മൂന്നാം അധ്യായത്തിലെ 56-ാം വാക്യത്തിൻെറ അടിസ്ഥാനത്തിലാണ് ഇത്തരമൊരു വാദമുന്നയിക്കപ്പെടാറുള്ളത്. പ്രസ്തുത വാക്യം ഇങ്ങനെയാണ്.

യത്ര നാര്യസ്തു പൂജന്ത്യേ രാമന്തേ തത്ര ദേവതാം

യത്രൈ താസ്തുന പൂജന്ത്യേ സർവാ സ്തത്രാ ഫലാഃ ക്രിയാഃ

(എവിടെ സ്ത്രീകൾ പൂജിക്കപ്പെടുന്നുവോ അവിടെ എല്ലാ ദേവതകളും സന്തോഷത്തോടെ വസിക്കുന്നു. എവിടെ അപ്രകാരം പൂജിക്കപ്പെടുന്നില്ലയോ അവിടെ ചെയ്യുന്ന പ്രവർത്തികളെല്ലാം നിഷ്ഫലങ്ങളായിത്തീരുന്നു)

മനുസ്മൃതിയിൽ സ്ത്രീപൂജകൊണ്ട് വിവക്ഷിക്കുന്നതെന്താണെന്ന് ചർച്ച ചെയ്യുന്നതിനുമുമ്പ് സ്ത്രീയെക്കുറിച്ച ഹൈന്ദവ സങ്കൽപമെന്തായിരുന്നുവെന്നാണ് പരിശോധിക്കപ്പെടേണ്ടത്. പ്രസ്തുത സങ്കൽപത്തിൽ നിന്നാണല്ലോ അവളെക്കുറിച്ച നിയമങ്ങളുണ്ടാവുന്നത്.

സ്ത്രീയെക്കുറിച്ച് ഋഗ്വേദകാലത്തുണ്ടായിരുന്ന വീക്ഷണം വളരെ വികലമായിരുന്നു. അവൾ വിശ്വസിക്കാൻ കൊള്ളാത്തവളും കഴുതപ്പുലിയുടെ ഹൃദയമുള്ളവളുമാണെന്നായിരുന്നു അന്നത്തെ സങ്കൽപം. അപ്സരസ്സായിരുന്ന ഉർവശി തൻെറ കാമുകനായിരുന്ന പുരുരവസ്സിനോട് പറയുന്നതിങ്ങനെയാണ്: 'പുരുരവസ്സ്, മരിക്കരുത്, ഓടിപ്പോകരുത്; ക്രോധം പൂണ്ട ചെന്നായ്ക്കൾ നിങ്ങളെ കടിച്ചു കീറാതിരിക്കട്ടെ. സത്യമായും സ്ത്രീകളുമായി ചങ്ങാത്തം പാടില്ല. കഴുതപ്പുലിയുടെ ഹൃദയമാണവരുടേത്. സ്ത്രീകളുമായി ചങ്ങാത്തമില്ലതന്നെ. വീട്ടിലേക്ക് മടങ്ങിപ്പോകൂ' (ഋഗ്വേദീയ ശതപഥ ബ്രാഹ്മണം 11:15, 1:10 ഡി.ഡി കൊസാംബി ഉദ്ധരിച്ചത് Myth and reality page 105)

ഋഗ്വേദ സംഹിതയിലും ഇക്കാര്യം പറയുന്നുണ്ട്.

പുരുരവോ യാമൃഥാമാ പ്രപപ്തോ





മാത്വാ വൃകാസോ അശിവാസ ഉക്ഷൻ

നവൈസ്ത്രൈണാ നി സഖ്യാ നിസന്തി

സാലാവ കാണാം ഹൃദയാന്യേതാ (ഋഗ്വേദം 10:95:15)

ഉപനിഷത്തുകളാകട്ടെ സ്ത്രീയെക്കുറിച്ച് തികച്ചും പ്രതിലോമകരമായ വീക്ഷണമാണ് വെച്ചു പുലർത്തുന്നത്. ലോകത്തുള്ള സകലവിധ ദുഃഖത്തിൻെറയും കാരണം സ്ത്രീയാണ്. സർവദോഷങ്ങളുടെയും പേടകമായ നാരി നരകാഗ്നിയിലെ ഇന്ധനമാണ്. യാജ്ഞവൽക്യോപനിഷത്തിലെ ഏതാനും സൂക്തങ്ങൾ കാണുക.

ജ്വലനാ അതി ദൂര്യോപി സരസാ അപി നീരസാഃ

സ്ത്രീയോ ഹി നരകാഗ്നീനാ മിന്ധനം ചാരുദാരുണാം

(ശ്ലോകം16)

(വളരെ ദൂരെ വെച്ചുതന്നെ ദഹിപ്പിക്കുന്നവളും സരസയാണെന്നു തോന്നുമെങ്കിലും രാസഹീനയും നരകാഗ്നിയിലെ ഇന്ധനവുമായ സ്ത്രീ സുന്ദരിയാണെങ്കിലും ഭയാനകമാണ്).

കാമനാമ്നാ കിരാതേന വികീർണാ മുഗ്ധ ചേതസഃ

നാര്യോ നരവിഹം ഗാനാമംഗ ബന്ധനവാഗുരാഃ (ശ്ലോകം 17)

കാമദേവനാകുന്ന കിരാതൻ മനുഷ്യനാകുന്ന പക്ഷികളെ അകപ്പെടുത്താൻ വീശിയ വലയാണ് മുഗ്ധചേതസ്സുകളായ നാരിമാർ)

സർവേഷാം ദോഷരത്നാനാം സുസമുദ്ഗികയാനയാ

ദുഃഖ ശൃംഖലയാ നിത്യമലമസ്തു മ മസ്ത്രീയാ (ശ്ലോകം 19)

(സർവ ദോഷരത്നങ്ങളുടെ പേടകവും ദുഃഖമാകുന്ന ശൃംഖലയുമായ സ്ത്രീയിൽനിന്ന് ഭഗവാൻ നിന്നെ രക്ഷിക്കട്ടെ)

ഭഗവദ്ഗീതയും സ്ത്രീകളെ അധമകളായാണ് ഗണിച്ചിരിക്കുന്നത്.

മാംഹി പാർഥ വ്യാപാശ്രിത്യ യേള പിസ്യൂഃ പാപയോനയഃ

സ്ത്രീയോ വൈശ്യാസ്തഥാ ശൂദ്രസ്തേള പിയാന്തി പരാം ഗതിം (9:32).

(അർജുനാ, സ്ത്രീകൾ, വൈശ്യർ, ശൂദ്രർ എന്നിങ്ങനെ പാപയോനിയിൽ ജനിച്ചവരായിരുന്നാലും എന്നെ ശരണം പ്രാപിച്ചാൽ പരമഗതി പ്രാപിക്കുന്നു)

സ്ത്രീ പൂജിക്കപ്പെടണമെന്ന് പഠിപ്പിച്ച മനുസ്മൃതിയുടെ ഉപദേശം

അവൾക്ക് ഒരു കാരണവശാലും യാതൊരു രീതിയിലുമുള്ള സ്വാതന്ത്ര്യം നൽകരുത് എന്നായിരുന്നു.

പിതാരക്ഷതി കൗമാരേ ഭർത്താരക്ഷതി യൗവനേ

രക്ഷന്തി സ്ഥാവിരേ പുത്രാ നഃ സ്ത്രീ സ്വാതന്ത്ര്യ മർതി (9:3)

(കൗമാരത്തിൽ പിതാവിനാലും യൗവനത്തിൽ ഭർത്താവിനാലും വാർധ്യകൃത്തിൽ പുത്രനാലും സംരക്ഷിക്കപ്പെടുന്ന സ്ത്രീ ഒരു കാലത്തും സ്വാതന്ത്ര്യം അർഹിക്കുന്നില്ല).

ഏത് അവസ്ഥയിലാണെങ്കിലും സ്ത്രീ സംരക്ഷിക്കപ്പെടേണ്ടവളാണെന്ന് പഠിപ്പിക്കുകയാണ് മനുസ്മൃതി ചെയ്യുന്നതെന്ന് ഈ സൂക്തത്തെ വ്യാഖ്യാനിച്ചു കൊണ്ട് വാദിക്കപ്പെടാറുണ്ട്. ഈ വചനത്തിന് തൊട്ടുമുമ്പുള്ള ശ്ലോകം ഈ സംശയം തീർക്കാൻ പര്യാപ്തമാണ്.

അസ്വാതന്ത്രാഃ സ്ത്രീയഃ കാര്യാഃ പുരുഷൈർ സ്വൈർദിവാനിശം

വിഷയേഷു ച സജ്ജന്ത്യാഃ സ്സംസ്ഥാപ്യാ ആത്മനോ വശേ (9:2)

(ഭർത്താവ് തുടങ്ങിയ ബന്ധുക്കൾ രാവും പകലും ഒരു കാര്യത്തിലും സ്ത്രീക്ക് സ്വാതന്ത്ര്യം കൊടുക്കരുതാത്തതാകുന്നു. അവർ ദുർവിഷയികളായിരുന്നാലും തങ്ങളുടെ സ്വാധീനത്തിൽ അധിവസിച്ചുകൊള്ളേണ്ടതാകുന്നു).

പുരുഷൻെറ ഭോഗയന്ത്രം മാത്രമായി സ്ത്രീയെ കാണുന്ന രീതിയിലുള്ളവയാണ് മനുസ്മൃതിയിലെ നിയമങ്ങൾ. അഞ്ചാം അധ്യായത്തിലും ഒമ്പതാം അധ്യായത്തിലും വിവരിക്കപ്പെട്ടിരിക്കുന്ന നിയമങ്ങൾ വായിച്ചാൽ ആർക്കും ബോധ്യമാവുന്നതാണിത്.

അപ്പോൾ പിന്നെ സ്ത്രീ പൂജിക്കപ്പെടെണ്ടതാണെന്ന് മനു പറഞ്ഞതിൻെറ പൊരുളെന്താണ്? ഇത് പറഞ്ഞിരിക്കുന്നത് മനുസ്മൃതി മൂന്നാം അധ്യായം 56-ാം വാകൃത്തിലാണെന്ന് നാം കണ്ടുവല്ലോ. എന്താണ് ഇവിടെ പൂജകൊണ്ട് വിവക്ഷിക്കപ്പെട്ടതെന്ന് മനസ്സിലാക്കാൻ 55 മുതൽ 62 വരെയുള്ള ഈരടികൾ ശ്രദ്ധാപൂർവം വായിച്ചാൽ മതി. പ്രസ്തുത വാക്യങ്ങളുടെ സാരം ഇങ്ങനെയാണ്:

“അച്ഛരൻ, സഹോദരൻ, വരൻ, ദേവരൻ ഇവർ കന്യകയുടെ ക്ഷേമം ഇച്ഛരിക്കുന്നതായാൽ അവളെ കല്യാണകാലത്തും ശേഷവും ഭൂഷണം മുതലായവകൊണ്ട് ഉപചരിച്ച് സന്തോഷപ്പെടുത്തേണ്ടതാകുന്നു. എവിടെ സ്ത്രീകൾ ഭൂഷണം മുതലായവകൊണ്ട് സന്തോഷം പ്രാപിക്കുന്നുവോ അവിടെ എല്ലാ ദേവതകളും സന്തോഷത്തോടെ വസിക്കുന്നു. എവിടെ സ്ത്രീകളെ പൂജിക്കുന്നില്ലയോ അവിടെ ചെയ്യുന്ന കാര്യങ്ങളെല്ലാം നിഷ്ഫലമായിരിക്കും. ഏതു കുലത്തിൽ സഹോദരി മുതലായവർ വസ്ത്രങ്ങളില്ലാതെ വിഷമിക്കുന്നുവോ ആ കുലം നശിച്ചുപോകും. ഏതു കുലത്തിൽ അവർ അപ്രകാരം വ്യസനിക്കുന്നില്ലയോ ആ കുലം വൃദ്ധി പ്രാപിക്കും. സ്ത്രീകൾ വേണ്ടവിധം ഉപചരിക്കപ്പെടാത്തതിനാൽ ‘ഈ വംശം നശിക്കട്ടെ’യെന്ന് ശപിച്ചാൽ ആ വംശം നിശ്ശേഷം നശിക്കും. അതിനാൽ ക്ഷേമത്തെ ഇച്ഛരിക്കുന്നവർ സൽക്കാര ഉൽസവ കാലങ്ങളിൽ സ്ത്രീകളെ അന്നവസ്ത്രാഭരണങ്ങളാൽ സന്തോഷിപ്പിക്കണം. പത്നി വസ്ത്രാഭരണങ്ങളെക്കൊണ്ട് സന്തുഷ്ടയാകാതിരുന്നാൽ വരനെ സന്തോഷിപ്പിക്കുകയില്ല. വരൻ സന്തോഷിക്കാതിരുന്നാൽ വധുവിനെ പ്രാപിക്കുകയില്ല. അങ്ങനെയാവുമ്പോൾ സന്താനാഭിവൃദ്ധിയുണ്ടാവുകയില്ല. സ്ത്രീ വസ്ത്രാഭരണങ്ങളാൽ ശോഭിതയായിരുന്നാൽ ഭർതൃസംയോഗത്താൽ ആ കുലം വൃദ്ധിയെ പ്രാപിക്കുന്നു. പത്നിയിൽ വരൻ അനുരാഗഹീനനായിരുന്നാൽ അവൾ പരപുരുഷസംഗിയായി ഭവിക്കും. തന്നിമിത്തം ആ കുലം ഹീനമാകും”.

എങ്ങനെയാണ് സ്ത്രീ പൂജിക്കപ്പെടേണ്ടതെന്ന് ഈ വചനങ്ങളിൽനിന്ന് വ്യക്തമാവുന്നു. വസ്ത്രങ്ങളും ആഭരണങ്ങളും ഭക്ഷണവും നൽകിക്കൊണ്ടാണ് സ്ത്രീ പൂജിക്കപ്പെടേണ്ടത്. എന്തിനാണിവ നൽകുന്നത്? ഭക്ഷണം നൽകി സ്ത്രീശരീരം മാംസളമാക്കണം; പുരുഷൻ അവളിൽ അനുരക്തനാവുന്നതിനുവേണ്ടി. വസ്ത്രങ്ങളും ആഭരണങ്ങളുമണിയിച്ച് സ്ത്രീ ശരീരം സുന്ദരമാക്കണം. പുരുഷൻ അവളിൽ ആകൃഷ്ടനാവുന്നതിനുവേണ്ടി. പുരുഷൻെറ കിടപ്പറയുടെ അലങ്കാരമാക്കുന്ന രീതിയിൽ സ്ത്രീ പൂജിക്കപ്പെടണം. ഇതാണ് മനുവിൻെറ വിധി. സ്ത്രീയുടെ അവകാശങ്ങളെക്കുറിച്ച് മനുവിന് ഒന്നും പറയാനില്ല.

കുടുംബബന്ധങ്ങളുടെ ചങ്ങലക്കെട്ടുകളാൽ ബന്ധിക്കപ്പെട്ട് വീർപ്പുമുട്ടിക്കഴിയേണ്ട, യാതൊരു അവകാശങ്ങളുമില്ലാത്ത വ്യക്തിയായാണ് മനുസ്മൃതിയിലെ നിയമങ്ങൾ സ്ത്രീയെ കണക്കാക്കുന്നത്. അഞ്ചാം അധ്യായത്തിലെ 147 മുതൽ 169 വരെയുള്ള സൂക്തങ്ങൾ സ്ത്രീയെക്കുറിച്ചുള്ളതാണ്. യൗവനപ്രായത്തിൽതന്നെ വിധവയായാൽ പോലും പുനർവിവാഹത്തിനവൾക്ക് അർഹതയില്ല. ഭർത്താവ് ജാരവൃത്തി ചെയ്യുന്നവനാണെങ്കിലും സ്ത്രീ അയാളെ ദൈവതുല്യം പരിഗണിക്കണം. എന്നാൽ, ജാരവൃത്തിയിലേർപ്പെടുന്ന സ്ത്രീയെ പരസ്യമായി പട്ടികൾക്ക് കടിച്ചുകീറാനായി എറിഞ്ഞുകൊടുക്കണം. സ്ത്രീക്ക് കുടുംബസ്വത്തിലവകാശമില്ല. അവളുടെ അധ്വാനത്തിൻെറ കൂലി പുരുഷൻേറതിൻെറ പകുതിയായി

രിക്കും. ഇങ്ങനെ പോകുന്നു, സ്ത്രീയെക്കുറിച്ച മനുസ്മൃതി നിയമങ്ങൾ.

ഇന്ത്യയിൽ നിലനിന്നിരുന്ന ക്രൂരവും അതിനികൃഷ്ടവുമായ ഒരു ആചാരമാണ് ദേവദാസീ സമ്പ്രദായം. അഥർവ വേദകാലഘട്ടത്തിൽതന്നെ സപ്തസിന്ധുവിൽ ദേവദാസീ സമ്പ്രദായമാരംഭിച്ചിരുന്നുവെന്നതിന് തെളിവുകളുണ്ട്. ദേവന്മാരുടെ ദാസികളായി ക്ഷേത്രങ്ങളിലേക്ക് അർപ്പിക്കപ്പെടുന്ന ശൂദ്രസ്ത്രീകളാണ് ദേവദാസികൾ. ദേവന്മാരുടെ ഭൂമിയിലെ പ്രതിനിധികളായിരുന്ന സവർണരുടെ ലൈംഗികാവശ്യങ്ങൾ നിർവഹിക്കുകയായിരുന്നു ദേവദാസികളുടെ ധർമം. ക്ഷേത്രങ്ങളിലെ വേശ്യകളായിരുന്നു ഇവരെന്നർഥം.

ആർഷഭാരതീയ സമൂഹത്തിൽ ദേവദാസികൾ ഒരു അവിഭാജ്യ ഘടകമായിരുന്നുവെന്ന് രാമായണവും മഹാഭാരതവും ഒരാവൃത്തി വായിച്ചാൽ മനസ്സിലാവും. ദശരഥൻ ശ്രീരാമനുവേണ്ടി സജ്ജമാക്കിയ പടയിൽ സൗന്ദര്യം ഉപജീവനമാർഗമാക്കിയ മങ്കമാരെകൂടി ഉൾക്കൊള്ളിച്ചിരുന്നു. കുരുക്ഷേത്രയുദ്ധത്തിന് പോകുമ്പോൾ പാണ്ഡവപക്ഷത്തെയും കൗരവപക്ഷത്തെയും ദേവദാസികളെ നിറച്ച കുതിരവണ്ടികൾ അനുഗമിച്ചിരുന്നു. വനവാസം കഴിഞ്ഞ് തിരിച്ചെത്തിയ ശ്രീരാമനെ സ്വീകരിക്കാൻ ദേവദാസികൾ മുന്നിൽതന്നെയുണ്ടായിരുന്നു. കഠിനമായ സഹനപരീക്ഷണത്തിനുശേഷം തലസ്ഥാനനഗരിയിലേക്ക് തിരിച്ചെത്തിയ കൗഷികമഹാരാജാവിനെ സ്വീകരിക്കാനെത്തിയതും ദേവദാസി സമൂഹമായിരുന്നു. തത്ത്വജ്ഞാനിയായ ജനകവിദഹനെ സന്ദർശിച്ചപ്പോൾ ശുകനെ എതിരേറ്റത്, കണ്ടാൽതന്നെ ചോരത്തിളപ്പുള്ള അമ്പതു പെൺകുട്ടികളായിരുന്നുവെന്നാണ് മഹാഭാരതം പറയുന്നത്. പെണ്ണിനെ ജീവിതകാലം കാണാത്ത ഋഷ്യശൃംഗനിൽ വികാരത്തിൻെറ വേലിയേറ്റം സൃഷ്ടിച്ച് തൻെറ കാര്യം നേടുവാനായി അനുഗമഹാരാജാവ് നിശ്ചയിച്ചതും ഒരു ദേവദാസിയെയായിരുന്നു.

സ്ത്രീകളെ അപഹരിച്ചുകൊണ്ടുവന്ന് വിവാഹം ചെയ്യുന്ന സമ്പ്രദായവും ആർഷഭാരതത്തിൽ നിലനിന്നിരുന്നു. ഇത്തരം വിവാഹത്തിന് രാക്ഷസം എന്നാണ് പേര്. ക്ഷത്രിയന് രാക്ഷസവിവാഹം ധർമമാണെന്നാണ് മനുസ്മൃതിയുടെ വിധി (3:23,24). പുരാണങ്ങളിൽ പലരും ഇങ്ങനെ വിവാഹം ചെയ്തതായി കാണാൻ കഴിയും. ശ്രീകൃഷ്ണൻെറ ആദ്യവിവാഹംതന്നെ നോക്കുക. വിദർഭയിലെ രാജാവായിരുന്ന ഭീഷ്മകൻെറ മകളായ രുഗ്മിണിയാണല്ലോ കൃഷ്ണൻെറ ആദ്യഭാര്യ. അവളെ ശ്രീകൃഷ്ണൻെറ മച്ചുനനായ ശിശുപാലന് വിവാഹം ചെയ്തുകൊടുക്കാനുള്ള ഒരുക്കങ്ങൾക്കിടയിൽ വിവാഹത്തിൻെറ തലേദിവസമാണ് ശ്രീകൃഷ്ണൻ





തട്ടിക്കൊണ്ടുപോയി വിവാഹം കഴിച്ചത്.

ഭാരതത്തിൽ നിലനിന്നിരുന്ന ക്രൂരമായ മറ്റൊരാചാരമായിരുന്നു സതി. ഭർത്താക്കന്മാർ മരിച്ചാൽ അവരുടെ ചിതയിൽ ചാടി വിധവകൾ മരിക്കണമെന്നായിരുന്നു സതി നിയമം. സതിയനുഷ്ഠിച്ച സ്ത്രീ സതീദേവിയായി ബഹുമാനിക്കപ്പെട്ടിരുന്നു.

ബ്രിട്ടീഷ് സർക്കാർ സതിയെ നിയന്ത്രിച്ചില്ല. അവർ ഹിന്ദുപുരോഹിതന്മാരെ വെറുപ്പിക്കാനിഷ്ടപ്പെട്ടില്ല. വിധവകൾ തങ്ങളുടെ ഭർത്താക്കന്മാരോടൊപ്പം ചിതയിൽ ചാടി മരിക്കുന്നത് ഹിന്ദുക്കളുടെ മതപരമായ സങ്കൽപങ്ങളെ അടിസ്ഥാനമാക്കിയുള്ള ആചാരമാണെന്നും അത് അംഗീകൃത നിയമങ്ങളിൽ വ്യക്തമാക്കിയിട്ടുണ്ടെന്നും അതുകൊണ്ടുതന്നെ അത് നിരോധിക്കുന്നത് ഹിന്ദുമതത്തിന്മേലുള്ള കൈയേറ്റമാവുമെന്നുമായിരുന്നു ബ്രിട്ടീഷുകാർ പറഞ്ഞിരുന്നത്. ഇതിനെതിരെ ശക്തമായ പ്രക്ഷോഭങ്ങൾ സംഘടിപ്പിച്ചയാളാണ് രാജാറാം മോഹൻറായ്. സ്വന്തം സഹോദരൻെറ പത്നി ചിതയിൽ ചാടി മരിക്കുന്നതിൽനിന്നും തടയാൻ നടത്തിയ അദ്ദേഹത്തിൻെറ ശ്രമം നിഷ്ഫലമാവുകയും അവർ ചിതയിൽ എരിഞ്ഞടങ്ങുന്ന ക്രൂരകൃത്യം സ്വന്തം കണ്ണുകൊണ്ട് കാണേണ്ടിവരികയും ചെയ്ത ശേഷമാണ് അദ്ദേഹം സതിവിരോധിയായി മാറിയത്. ദീർഘകാലം നീണ്ടുനിന്ന സതിവിരുദ്ധ പ്രക്ഷോഭങ്ങൾക്കുശേഷമാണ് 1929-ൽ വില്യം ബെൻറിക് പ്രഭുവിൻെറ ഭരണകാലത്ത് സതി നിയമവിരുദ്ധമായി പ്രഖ്യാപിക്കപ്പെട്ടത്.

സതിയെപ്പോലെയുള്ള സാമൂഹിക ദുരാചാരങ്ങൾ വീണ്ടും പുനരുജ്ജീവിപ്പിക്കുവാനുള്ള കൊണ്ടുപിടിച്ച ശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുന്നുണ്ടിന്ന്. രാജസ്ഥാനിലെ ദേവ്രാലാ ഗ്രാമത്തിൽ ചിതയിലെറിയപ്പെട്ട രൂപ്കൻവാറിനെക്കുറിച്ച് നാം വായിച്ചറിഞ്ഞിട്ട് കാലം കൂടുതൽ കഴിഞ്ഞിട്ടില്ല.

സതി അനുഷ്ഠിക്കാത്ത വിധവകൾ തലമൊട്ടയടിച്ച് സമൂഹത്തിൽ ഒറ്റപ്പെട്ടു കഴിയണമെന്നായിരുന്നു ആർഷഭാരതത്തിൽ നിലനിന്നിരുന്ന മറ്റൊരു നിയമം. ശൈശവ വിവാഹത്തിനുശേഷം വിധവകളാവുന്ന ആറും ഏഴും വയസ്സുള്ള പെൺകിടാങ്ങൾ പോലും തലമൊട്ടയടിച്ച് ജീവിതകാലം മുഴുവൻ വിധവകളായി കഴിഞ്ഞുകൂടണമായിരുന്നു. ഭിക്ഷുണികളായി മാറുന്ന ഇവർക്ക് അനുവദിക്കപ്പെട്ടിരുന്നത് ഒരു നേരത്തെ ഭക്ഷണം മാത്രമായിരുന്നു. വാവു ദിവസങ്ങളിൽ രാപ്പകലുകൾ മുഴുവൻ പച്ചവെള്ളം പോലും കഴിക്കാതെ അവർ ഉപവസിക്കേണ്ടതുണ്ടായിരുന്നു. ഈ

നരകത്തേക്കാൾ നല്ലത് ആത്മഹത്യ ചെയ്യുകയാണെന്ന് കരുതി ചിതയിലേക്കെടുത്തു ചാടിയവരായിരിക്കണം സ്വമേധയാ സതി തെരഞ്ഞെടുത്തവരെന്ന് ഉദ്ഘോഷിക്കപ്പെടുന്ന സതീദേവികൾ.

ഒരു ഭാഗത്ത് സ്ത്രീപീഡനം നിലനിന്നപ്പോൾതന്നെ ആർഷഭാരതത്തിൽ ദേവീപൂജയും നിലനിന്നിരുന്നതായി കാണാൻ കഴിയും. ദേവീപൂജയെ ചൂണ്ടിക്കാണിച്ചുകൊണ്ട്, സ്ത്രീയെ പൂജിക്കണമെന്ന് പഠിപ്പിക്കുന്ന മഹത്തായ ഹൈന്ദവ ദർശനത്തിൽ വനിതകൾക്ക് സമുന്നത സ്ഥാനമാണുണ്ടായിരുന്നതെന്ന് വാദിക്കപ്പെടാറുണ്ട്. ഈ വാദത്തിൽ കഴമ്പില്ല. കഴുതപ്പുലിയുടെ ഹൃദയമുള്ളവളാണ് സ്ത്രീയെന്ന വൈദിക സങ്കൽപത്തിൽനിന്ന് വ്യത്യസ്തമായി ഉന്നത രൂപത്തിൽ സ്ത്രീ പരിഗണിക്കപ്പെട്ടതിന് തെളിവില്ല. ദേവിയായി പൂജിക്കപ്പെടുന്നുവെന്നതുകൊണ്ടു മാത്രം സ്ത്രീകൾക്ക് ഉന്നത സ്ഥാനമുണ്ടായിരുന്നുവെന്ന് കരുതുന്നത് ഭോഷ്കാണ്. സ്ത്രീ പീഡനത്തിന്റെ ക്രൂരവും മൂർത്തവുമായ രൂപമാണല്ലോ സതി. സതിയനുഷ്ഠിച്ച സ്ത്രീയും സതീദേവിയായിട്ടാണ് അറിയപ്പെടുന്നതെന്ന വസ്തുത ഇതാണ് വ്യക്തമാക്കുന്നത്.

ദേവീപൂജയുടെ ഉൽപ്പത്തി അന്ധവും വികലവുമായ ലൈംഗിക സങ്കൽപങ്ങളിൽനിന്നാണ്. "ദേവിയെ വിശേഷിപ്പിക്കാൻ സുഭഗാ, ഭഗാരാധ്യാ, ഭഗമാലിനി തുടങ്ങിയ നാമങ്ങൾ ഉപയോഗിക്കാറുണ്ട്. ഭഗത്തിന് യോനിയെന്നർഥമുണ്ട്. മുകളിൽ പറഞ്ഞ വിശേഷണങ്ങളുടെ സാരം യഥാക്രമം ശോഭനമായ ഭഗത്തോടുകൂടിയവൾ, ഭഗത്തിൽ ആരാധിക്കപ്പെടുന്നവൾ, ഭഗത്തെ ധരിക്കുന്നവൾ എന്നിങ്ങനെയാണ്. ലളിതാ സഹസ്രനാമത്തിൽ പ്രഗത്ഭാ, വിദഗ്ദാ തുടങ്ങിയ നാമങ്ങളും ദേവിയെ വിശേഷിപ്പിക്കാനായുപയോഗിച്ചിട്ടുണ്ട്. 'പ്രായപൂർത്തി വന്നവളും ഭർത്താവിനെ രമിപ്പിക്കുന്നവളും സംഭോഗകർമത്തിൽ അതിനിപുണയുമായവൾ' എന്നാണ് പ്രഗത്ഭക്കർഥം. കാമക്രീഡയിൽ തീരെയും ലജ്ജയില്ലാത്തവളും വിവിധ രീതിയിലുള്ള രതിക്രീഡയിൽ നൈപുണ്യം സിദ്ധിച്ചവളും എന്നാണ് വിദഗ്ദയുടെ വിവക്ഷ. നിഖില സ്ത്രീരൂപത്വം ഹേതുവായി സ്വരമണന്മാരിൽ ക്രീഡയിൽ താൽപര്യമുള്ളവൾ എന്ന അർഥത്തിൽ രമണലമ്പടായെന്നും ഭക്തന്മാരെ രമിപ്പിക്കുന്നവൾ എന്ന അർഥത്തിൽ രമണീയെന്നും ദേവി അറിയപ്പെടുന്നു" (വി.സി. ശ്രീജൻ: യാ ദേവി സർവഭൂതേഷു പുറം 19).

സ്ത്രീക്ക് സ്വതന്ത്രമായ ഒരു അസ്തിത്വമുണ്ടെന്നും അവൾക്ക് മാന്യമായ അവകാശങ്ങളുണ്ടെന്നും പ്രഖ്യാപിക്കുകയും വീടിന്റെ വിളക്കും സമൂഹത്തിന്റെ മാതാവുമായി അവളെ കാണുകയും ചെയ്ത ഖുർആനിക ദർശനമെവിടെ? പുരുഷന്റെ കിടപ്പറയിലെ അലങ്കാരമാക്കുവാൻ വേണ്ടി





സ്ത്രീ പൂജിക്കപ്പെടണമെന്ന് പറഞ്ഞ മനുസ്മൃതിയിലെ വീക്ഷണമെവിടെ? ഇവ രണ്ടും താരതമ്യത്തിനുപോലും അർഹമല്ലാത്ത അന്തരം പുലർത്തുന്നുവെന്നതാണ് വാസ്തവം.

**പാശ്ചാത്യ ലോകത്തെ സ്ത്രീകൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന സ്വാതന്ത്ര്യത്തിന്റെ അടിസ്ഥാനം ക്രൈസ്തവ ദർശനമാണല്ലോ. ആ നിലയ്ക്ക് ക്രിസ്തുമതത്തിന്റെ വീക്ഷണമല്ലേ ഖുർആനിക ശിക്ഷണത്തേക്കാൾ സ്ത്രീകൾക്ക് നല്ലത്?**

പാശ്ചാത്യ ലോകത്തെ സ്ത്രീകൾ അനുഭവിക്കുന്ന വഴിവിട്ട സ്വാതന്ത്ര്യം ആ സമൂഹത്തെ നാശത്തിലാണ് എത്തിച്ചിട്ടുള്ളതെന്നതാണ് വസ്തുത. ക്രൈസ്തവ ശിക്ഷണങ്ങൾ സൃഷ്ടിച്ച ദുസ്സഹമായ അവസ്ഥയോടുള്ള പ്രതിഷേധമാണ് അവിടെ നടമാടുന്നത്. അവരുടെ സ്വാതന്ത്ര്യത്തിനു കാരണം ക്രൈസ്തവദർശനമാണെന്ന് പറയാൻ തീവ്രവാദികളായ മിഷനറി പ്രവർത്തകർ പോലും സന്നദ്ധരാവില്ല. പാശ്ചാത്യ സംസ്കാരത്തെ അധാർമികതയുടെ ഗർത്തത്തിൽനിന്ന് എങ്ങനെ കരകയറ്റാനാവുമെന്നാണ് ക്രിസ്ത്യൻ ബുദ്ധിജീവികൾ ഇപ്പോൾ ചിന്തിച്ചുകൊണ്ടിരിക്കുന്നത്. കുരിശുമരണത്തിലൂടെയുള്ള പാപപരിഹാരം എന്ന ആശയത്തിന് പ്രായോഗിക തലത്തിൽ ജനങ്ങളെ പാപവിമുക്തരാക്കാൻ കഴിയുന്നില്ലെന്ന വസ്തുത അവർ അംഗീകരിക്കുന്നു. അപ്പോൾ പാശ്ചാത്യ സ്ത്രീയുടെ സ്വാതന്ത്ര്യം ക്രൈസ്തവ ദർശനത്തിന്റെ ഉൽപന്നമല്ലെന്ന് അവർതന്നെ സമ്മതിക്കുന്നുവെന്നർഥം. ക്രൈസ്തവ സന്യാസത്തിന്റെ ജീവിത നിഷേധത്തോടുള്ള പ്രതിഷേധ പ്രതികരണമായിട്ടാണ് പാശ്ചാത്യ ജനത മൂല്യങ്ങളിൽനിന്ന് അകലാൻ തുടങ്ങിയതെന്നുള്ളതാണ് യാഥാർഥ്യം.

യഹൂദമതത്തിന്റെ തുടർച്ചയാണ് ക്രിസ്തുമതം. യേശുക്രിസ്തു എന്തെങ്കിലും പുതിയ വിശ്വാസങ്ങളോ കർമങ്ങളോ ധർമസംഹിതയോ പഠിപ്പിച്ചതായി കാണാൻ കഴിയുന്നില്ല. ഇസ്രായേൽ ഭവനത്തിലെ കാണാതെ പോയ ആടുകളുടെ അടുത്തേക്ക് അയക്കപ്പെട്ട ഒരു പ്രവാചകനാണ് താൻ എന്നാണ് ക്രിസ്തു അവകാശപ്പെട്ടത് (മത്തായി 15:25). പഴയ നിയമത്തിന്റെ പൂർത്തീകരണത്തിനുവേണ്ടിയാണ് താൻ അയക്കപ്പെട്ടിരിക്കുന്നത് എന്നാണ് അദ്ദേഹം പറഞ്ഞത് (മത്തായി 5:17). ഇസ്രായേല്യരെ ദൈവികമാർഗത്തിലൂടെ നയിക്കുവാൻ നിയുക്തനായ പ്രവാചകനായിരുന്നു അദ്ദേഹമെന്നർഥം. മോശയിലൂടെ അവതരിപ്പിക്കപ്പെട്ട നിയമങ്ങൾ പിന്തുടരുവാനാണ് അദ്ദേഹം ജനങ്ങളെ ഉപദേശിച്ചത്. ആദ്യ നൂറ്റാണ്ടുകളിലൊന്നുംതന്നെ സഭക്ക് യഹൂദരുടേതിൽനിന്ന് ഏതെങ്കിലും വിധത്തിൽ

വ്യത്യസ്തമായ യാതൊരു കർമങ്ങളുമുണ്ടായിരുന്നില്ല; നിയമങ്ങളുമുണ്ടായിരുന്നില്ല.

മനുഷ്യർക്കിടയിലേക്ക് പാപം കടന്നുവരാൻ കാരണം സ്ത്രീയാണെന്നാണ് യഹൂദവീക്ഷണം. വിലക്കപ്പെട്ട കനി സ്വയം തിന്നുകയും തന്റെ ഇണയെക്കൊണ്ട് തീറ്റിക്കുകയും ചെയ്തവളാണ് സ്ത്രീ (ഉൽപത്തി 3:12). ദൈവത്തെ ധിക്കരിക്കുക മാത്രമല്ല ധിക്കരിക്കുവാൻ പ്രേരിപ്പിക്കുക കൂടി ചെയ്ത പാപിയാണവൾ. ഇതായിരുന്നു സ്ത്രീയെക്കുറിച്ച യഹൂദ വീക്ഷണം. അത് ക്രൈസ്തവ തലത്തിലെത്തിയപ്പോൾ പാപത്തിന് വാതിൽ തുറന്നുകൊടുക്കുക വഴി ദൈവപുത്രൻെറ കഷ്ടാനുഭവങ്ങളിലൂടെയുള്ള ക്രൂശീകരണത്തിനുള്ള ആത്യന്തികമായ കാരണക്കാരിയെന്ന പാപഭാരംകൂടി വഹിക്കുവാൻ അവൾ വിധിക്കപ്പെട്ടവളായിത്തീർന്നു.

'ബാൽ' എന്ന എബ്രായ പദത്തിനർഥം ഉടമസ്ഥൻ എന്നാണ്. ബൈബിൾ പഴയനിയമത്തിൽ പുരുഷനെക്കുറിക്കുവാൻ ബാൽ എന്നാണ് പ്രയോഗിക്കപ്പെട്ടിരിക്കുന്നത്. സ്ത്രീയുടെ മുകളിൽ എല്ലാ അർഥത്തിലുമുള്ള ഉടമാവകാശമുണ്ടായിരുന്നവനാണ് പഴയനിയമത്തിലെ കൽപനകളിൽ പുരുഷനെ നമുക്ക് കാണാൻ കഴിയുന്നത്. സ്ത്രീകളെ വിൽക്കുവാൻ വരെ-സ്വന്തം പുത്രിമാരെ വരെ-പുരുഷന് ബൈബിൾ അനുവാദം നൽകുന്നുണ്ട് (പുറപ്പാട് 21:7). കടം വീട്ടുവാനായി സ്വന്തം പുത്രിമാരെ അടിമച്ചന്തയിൽ കൊണ്ടുപോയി വിൽക്കുന്ന സമ്പ്രദായം പോലും യഹൂദന്മാർക്കിടയിൽ നിലനിന്നിരുന്നു (നെഹമ്യാ 5:5). മതപരമായ അനുഷ്ഠാനങ്ങളിൽപോലും സ്ത്രീക്ക് സ്വന്തമായ ഇച്ഛയ്ക്കനുസൃതമായി പ്രവർത്തിക്കുവാനുള്ള സ്വാതന്ത്ര്യം യഹൂദന്മാർ നൽകിയിരുന്നില്ല. തൻെറ മകളോ ഭാര്യയോ എടുക്കുന്ന നേർച്ചകൾതന്നെയും ദുർബലപ്പെടുത്താൻ പുരുഷന് അധികാരമുണ്ടെന്നാണ് സംഖ്യാപുസ്തകത്തിലെ (30:12) വിധി. പത്തുകൽപനകളിൽ ഭാര്യയെപ്പറ്റി പ്രതിപാദിച്ചിരിക്കുന്നത് അടിമകളുടെയും വളർത്തുമൃഗങ്ങളുടെയും കൂടെയാണെന്നതിൽനിന്ന് (പുറപ്പാട് 20:17, ആവർത്തനം 5:21) യഹൂദന്മാർക്കിടയിൽ സ്ത്രീകൾക്കുണ്ടായിരുന്ന സ്ഥാനമെന്തായിരുന്നുവെന്ന് ഊഹിക്കാൻ കഴിയും.

പെൺകുഞ്ഞിനെ പ്രസവിക്കുന്നതിനെ പുച്ഛത്തോടുകൂടിയായിരുന്നു യഹൂദന്മാർ നോക്കിയിരുന്നത്. പ്രസവിക്കപ്പെടുന്നത് പെൺകുഞ്ഞാണെങ്കിൽ ആൺകുഞ്ഞിനെ പ്രസവിക്കുന്നതിൻെറ ഇരട്ടികാലം മാതാവ് അശുദ്ധയായിരിക്കുമെന്നാണ് നിയമം (ലേവ്യ 12:15). പുരുഷൻെറ വിലയുടെ പകുതിമൂല്യം മാത്രമേ സ്ത്രീക്ക് ഉള്ളൂവെന്നതാണ് പഴയ നിയമത്തിലെ (ലേവ്യ27:3-7) വിധി.





ബഹുഭാര്യത്വം പഴയനിയമകാലത്ത് സാർവത്രികമായിരുന്നു. അതിന് യാതൊരു നിയന്ത്രണവും ന്യായപ്രമാണം കൽപിക്കുന്നില്ല. സോളമന് എഴുന്നൂറ് ഭാര്യമാരും മുന്നൂറ് വെപ്പാട്ടിമാരുമുണ്ടായിരുന്നുവത്രേ! (1 രാജാക്കന്മാർ 11:3). വിവാഹമോചനത്തിന്, പഴയ നിയമപ്രകാരം, പുരുഷനു മാത്രമേ അവകാശമുള്ളൂ. ഏതു ചെറിയ കാരണമുണ്ടായാലും പുരുഷന് സ്ത്രീയെ വിവാഹമോചനം ചെയ്യാം. മോചനപത്രമെഴുതി അവളുടെ കൈയിൽ കൊടുക്കണമെന്നുമാത്രം. എന്നാൽ ക്രൂരനായ ഒരു ഭർത്താവിൻെറ പിടിയിൽനിന്നുപോലും വിടുതൽ നേടുവാൻ സ്ത്രീക്ക് എന്തെങ്കിലും മാർഗങ്ങളുള്ളതായി ബൈബിളിലൊരിടത്തും പ്രസ്താവിച്ചു കാണുന്നില്ല (ആവർത്തനം 24:1-4).

യേശുവിൻെറ ആഗമനകാലത്ത് യഹൂദ സമുദായത്തിലെ സ്ത്രീകളുടെ അവസ്ഥ അത്യന്തം പരിതാപകരമായിരുന്നു. പ്രഭാത പ്രാർഥനയായ 'ഷേമാ' ചൊല്ലാൻ സ്ത്രീകൾക്കോ കുട്ടികൾക്കോ അടിമകൾക്കോ അനുവാദമുണ്ടായിരുന്നില്ല. 'സ്ത്രീയായി എന്നെ സൃഷ്ടിക്കാത്തതിൽ ഞാൻ ദൈവത്തെ സ്തുതിക്കുന്നു'വെന്ന ഒരു പ്രാർഥനതന്നെ യഹൂദദിനചര്യയിലുണ്ടായിരുന്നു. തോറ പഠിക്കുവാൻ സ്ത്രീകൾക്ക് അനുവാദമുണ്ടായിരുന്നില്ല. തോറ സ്ത്രീകളെ പഠിപ്പിക്കുന്നതിലും ഭേദം ചുട്ടുകരിക്കലാണ് എന്നാണ് ക്രിസ്താബ്ദം തൊണ്ണൂറാമാണ്ടിൽ ജീവിച്ച ഏലിയാസർ എന്ന യഹൂദറബ്ബി അഭിപ്രായപ്പെട്ടിരിക്കുന്നത്.

ഈയൊരു അവസ്ഥക്ക് മാറ്റമുണ്ടാക്കുന്നതിനുവേണ്ടി ക്രിസ്തു ആത്മാർഥമായി പരിശ്രമിച്ചതായി കാണാനാവും. തൻെറ ശിഷ്യഗണത്തിൽ അദ്ദേഹം സ്ത്രീകൾക്കുകൂടി സ്ഥാനം നൽകി. അപ്പോസ്തലന്മാരിൽ സ്ത്രീകളൊന്നുമില്ലെങ്കിലും ക്രിസ്തുവിൻെറ പരസ്യപ്രബോധനവേളയിൽ അദ്ദേഹത്തെ അനുഗമിച്ചിരുന്ന അനേകം സ്ത്രീകളെ നമുക്ക് കാണാനാകും. മഗ്ദലനമറിയ, യോഹന്ന, സൂസന്ന... ഇങ്ങനെ പോകുന്നു അവരുടെ പട്ടിക. സ്ത്രീ-പുരുഷ വ്യത്യാസമില്ലാതെ എല്ലാ ജനങ്ങളിലും അദ്ദേഹം സുവിശേഷ പ്രചാരണം നടത്തി (യോഹന്നാൻ 4:1-24). മതപരമായ വിഷയങ്ങളിൽ സ്ത്രീക്ക് യാതൊന്നും ചെയ്യാനില്ലെന്ന് നിഷ്കർഷിക്കപ്പെട്ടിരുന്ന യഹൂദ സമുദായത്തിൽ ഇവയെല്ലാംതന്നെ വിപ്ലവാത്മകമായ നടപടികളായിരുന്നു. സ്ത്രീയും പുരുഷനും ദൈവത്തിങ്കൽ തുല്യരാണെന്ന് ക്രിസ്തു പഠിപ്പിക്കുകയായിരുന്നു, ഈ പ്രവർത്തനത്തിലൂടെ.

യേശുവിനുശേഷം വിശ്വാസ കാര്യങ്ങളിൽ സഭ പിഴച്ചുപോയതുപോലെതന്നെ സ്ത്രീകൾക്കു നൽകിയിരുന്ന സ്ഥാനത്തിൻെറ കാര്യത്തിലും

പിഴവുകൾ സംഭവിച്ചുതുടങ്ങി. പഴയ യഹൂദ സമുദായത്തിൽ നിലനിന്ന നിയമങ്ങൾതന്നെ സ്ത്രീയുടെ വിഷയത്തിൽ ക്രൈസ്തവർ പിൻതുടരാനാരംഭിച്ചു. പൗലോസ് സഭാ നേതൃത്വമേറ്റെടുത്തതോടെ സ്ഥിതി കൂടുതൽ വഷളായി. യവന സമുദായത്തിൽനിന്ന് ക്രൈസ്തവ സമൂഹത്തിലേക്ക് ജനങ്ങൾ വന്നതോടെ യഹൂദരുടെയും യവനരുടെയും നിയമങ്ങളിൽ പറഞ്ഞ സ്ത്രീയുടെ പതിതാവസ്ഥകളുടെ സങ്കലനമാണ് ക്രൈസ്തവ സമൂഹത്തിലുണ്ടായത്. യവന സമുദായത്തിലെ സ്ത്രീകളുടെ നില വളരെ മോശമായിരുന്നു. 'മൗനമായിരിക്കുന്നതാണ് സ്ത്രീകളെ സംബന്ധിച്ചിടത്തോളം മഹത്വത്തിന്റെ ലക്ഷണം' എന്നാണ് സോഫാക്ലീസ് എന്ന യവന തത്ത്വചിന്തകൻ പറഞ്ഞിട്ടുള്ളത്. സ്ത്രീക്ക് യാതൊരു അവകാശവും വകവെച്ചുകൊടുക്കാൻ യവനന്മാർ സന്നദ്ധരായിരുന്നില്ല. പിശാചിന്റെ പ്രതിരൂപമാണ് പെണ്ണ് എന്നായിരുന്നു അവരുടെ ആപ്തവാക്യം. വീടുകളിൽ ഭക്ഷണമേശയിൽപോലും സ്ത്രീക്ക് സ്ഥാനമുണ്ടായിരുന്നില്ല. അവൾക്കായി പ്രത്യേകം തിരിക്കപ്പെട്ട അന്തഃപുരങ്ങളിൽ അവൾ കഴിയണമായിരുന്നു. മതത്തിന്റെ പേരിൽ അവൾ ശരിക്കും ചൂഷണം ചെയ്യപ്പെട്ടിരുന്നു. ക്ഷേത്രങ്ങളിലേക്ക് സ്ത്രീകളെ ദാനം ചെയ്യുന്ന പതിവുണ്ടായിരുന്നു യവനന്മാർക്ക്. ഇങ്ങനെ ദാനം ചെയ്യപ്പെടുന്നവർ ക്ഷേത്രവുമായി ബന്ധപ്പെട്ട വ്യഭിചാരകർമങ്ങളിലേർപ്പെടുവാൻ വിധിക്കപ്പെട്ടവരായിരുന്നു; ഇന്ത്യയിലെ ദേവദാസികളെപ്പോലെ. കൊരിന്തിയിലെ അഫ്രോഡൈറ്റ് ദേവന്റെ അമ്പലത്തിൽ ഇത്തരം ആയിരത്തോളം ദേവദാസികളുണ്ടായിരുന്നതായി രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട്. യവനരിൽനിന്നും യഹൂദരിൽനിന്നും മതനിയമങ്ങൾ സ്വീകരിച്ച ക്രൈസ്തവ സഭ സ്വാഭാവികമായും സ്ത്രീകളെ പീഡിപ്പിക്കുന്ന നിയമങ്ങളാണ് നടപ്പാക്കിയത്.

പൗലോസിന്റെ ലേഖനങ്ങളിലാണ് സ്ത്രീവിരുദ്ധതയുടെ ക്രൈസ്തവ ബീജങ്ങൾ നമുക്ക് കാണാൻ കഴിയുന്നത്. തന്റെ ആശയങ്ങൾക്ക് യവന തത്ത്വചിന്തയുടെ അടിത്തറ സ്വീകരിച്ചപ്പോൾ സ്വാഭാവികമായി ഉണ്ടായതായിരുന്നു പൗലോസിന്റെ ലേഖനങ്ങളിലെ സ്ത്രീ വിരുദ്ധത. 'ചെകുത്താന്റെ പ്രതിരൂപമാണ് പെണ്ണ്' എന്ന യവന ചിന്തയുടെ സ്വാധീനമാണ് 'സ്ത്രീയെ സ്പർശിക്കാതിരിക്കുകയാണ് പുരുഷന് നല്ലത്' (1.കൊരിന്ത്യർ 7:1) എന്ന പൗലോസിന്റെ വചനങ്ങളിൽ നമുക്ക് കാണാൻ കഴിയുന്നത് 'സ്ത്രീ മൗനം പാലിക്കുന്നതാണ് മഹത്തരം' എന്നു പറഞ്ഞ സോഫാക്ലീസിന്റെ ആശയങ്ങൾതന്നെയാണ് 'സഭകളിൽ സ്ത്രീകൾ മൗനം പാലിക്കണം' (1 കൊരിന്ത്യർ 14:34-3) എന്നു പറഞ്ഞ പൗലോസിന്റെ വചനങ്ങളിലുമുള്ളത്.





സംരക്ഷണം ആവശ്യപ്പെടുന്നവളാണ് സ്ത്രീ. അവളുടെ പ്രകൃതിതന്നെ അങ്ങനെയുള്ളതാണ്. ഗർഭധാരണവും പ്രസവവുമെല്ലാം നടക്കുമ്പോഴാണ് സ്ത്രീത്വം അതിന്റെ ഉന്നതാവസ്ഥയിലെത്തിച്ചേരുന്നത്. വിവാഹത്തിലൂടെയാണ് സ്ത്രീക്ക് തന്റെ സ്വാഭാവികമായ ഇത്തരം ചോദനകളെ പൂർത്തീകരിക്കാവാൻ കഴിയുന്നത്. 'സ്ത്രീയെ സ്പർശിക്കാതിരിക്കുന്നതാണ് പുരുഷന് നല്ലത്' (1 കൊരി 7:1) എന്നു പഠിപ്പിക്കുന്നതിലൂടെ പൗലോസ് തികച്ചും സ്ത്രീ വിരുദ്ധമായ ആശയമാണ് പ്രബോധനം ചെയ്യുന്നത്. വിവാഹത്തെ നിരുൽസാഹപ്പെടുത്തുകയാണ് പൗലോസ് തന്റെ ലേഖനങ്ങളിൽ ചെയ്തിരിക്കുന്നത്.

'നീ അവിവാഹിതനാണോ എങ്കിൽ വിവാഹം കഴിക്കാൻ മുതിരരുത്' (1 കൊരി 7:27)

'അവിവാഹിതരോടും വിധവകളോടും ഞാൻ പറയുന്നു: എന്നെപ്പോലെ ഒറ്റക്കു കഴിയുന്നതാണ് അവർക്ക് നല്ലത്. (1 കൊരി 7:8)

'പ്രതിശ്രുത വധുവിനെ വിവാഹം കഴിക്കുന്നത് നല്ലത്. വിവാഹത്തിൽ നിന്നുതന്നെ ഒഴിഞ്ഞുനിൽക്കുന്നത് ഏറെ നല്ലത് (1 കൊരി 7:38)

സ്ത്രീയെ സ്പർശിക്കാതിരിക്കുകയെന്ന നന്മ ചെയ്യാൻ ലോകത്തിലെ മുഴുവൻ പുരുഷന്മാരും സന്നദ്ധരായിരുന്നുവെങ്കിൽ ഒരു നൂറ്റാണ്ടുകൊണ്ട് മനുഷ്യരാശി പൂർണമായി നശിച്ചുപോയേനെ. ഈ ക്രൈസ്തവ വീക്ഷണം മാനവികതക്കുതന്നെ വിരുദ്ധമാണെന്ന് പറയുന്നത് അതുകൊണ്ടാണ്.

പൗലോസിന്റെ ഈ വചനങ്ങളുടെ അടിസ്ഥാനത്തിലാണ് ക്രൈസ്തവ സന്യാസം രൂപപ്പെട്ടത്. യേശു ക്രിസ്തുവിന്റെ വചനങ്ങളിലൊന്നുംതന്നെ വിവാഹത്തെ നിരുൽസാഹപ്പെടുത്തുന്ന യാതൊരു പരാമർശവും കാണാൻ നമുക്ക് കഴിയുന്നില്ല. എന്നാൽ, സന്യാസത്തെ പ്രോൽസാഹിപ്പിക്കുകയും അതിനെ ക്രൈസ്തവ സദാചാരത്തിന്റെതന്നെ അടിത്തറയാക്കിത്തീർക്കുകയും ചെയ്യുന്നതാണ് ക്രിസ്തുവിന് ശേഷം ഏതാനും പതിറ്റാണ്ടുകൾക്കുള്ളിൽതന്നെ ക്രൈസ്തവ ചരിത്രത്തിൽ നാം കാണുന്നത്. യവനന്മാർക്കിടയിൽ നിലനിന്നിരുന്ന ദേവദാസീ സമ്പ്രദായത്തിന്റെ സ്വാധീനവും ക്രൈസ്തവ സന്യാസത്തിന്റെ രൂപീകരണത്തിൽ ഉണ്ടായിരുന്നിരിക്കണം. സന്യാസം പുരുഷനേക്കാൾ പ്രതികൂലമായിത്തീരുന്നത് സ്ത്രീക്കാണ്. സ്ത്രീത്വത്തിന്റെ പൂർത്തീകരണവും പ്രകടനവും നടക്കുന്നത് വിവാഹത്തിലൂടെയാണല്ലോ.

സ്ത്രീകൾക്കെതിരായ പൗലോസിന്റെ വീക്ഷണത്തിന്റെ സ്വാധീനമാ

ണ് മധ്യകാലസഭയുടെ വർത്തനങ്ങളിൽ നാം കാണുന്നത്. സ്ത്രീക്ക് ആത്മാവുണ്ടോയെന്നതായിരുന്നുവല്ലോ സഭയുടെ അക്കാലത്തെ പ്രധാനപ്പെട്ട ചർച്ചാവിഷയം. സന്യാസത്തിൻെറ പേരിൽ നടന്ന ക്രൂരതകൾക്ക് കൈയും കണക്കുമില്ല. സ്വയം പീഡനത്തിലൂടെ ദൈവികതയിലെത്തിച്ചേരുന്നതിനു വേണ്ടിയായിരുന്നല്ലോ പ്രസ്തുത പേക്കൂത്തുകളെല്ലാം അരങ്ങേറിയത്.

സ്ത്രീക്കും മനുഷ്യരുടെ സ്വാഭാവിക വാഞ്ഛയായ ലൈംഗികവികാരത്തിൻെറ പൂർത്തീകരണത്തിനുമെതിരായി സഭ നിലകൊണ്ടപ്പോൾ അതിനെതിരെയുണ്ടായ പ്രതികരണമാണ് പാശ്ചാത്യലോകത്തെ മൂല്യച്യുതിക്ക് അസ്തിവാരമിട്ടത്. ഖുർആനാകട്ടെ ദാമ്പത്യത്തെ ഒരു ദൈവിക ദൃഷ്ടാന്തമായാണ് അവതരിപ്പിക്കുന്നത്. അതിൻെറ പൂർത്തീകരണം മനുഷ്യജീവിയുടെ സ്വാഭാവികമായ തേട്ടങ്ങളിലൊന്നാണ്. ദൈവിക വിധിവിലക്കുകൾക്കനുസൃതമായി ലൈംഗികതൃഷ്ണ ശമിപ്പിക്കുന്നത് ഒരു പുണ്യകർമമാണെന്നാണ് പ്രവാചകൻ (സ) പഠിപ്പിച്ചത്. പ്രസ്തുത പുണ്യകർമത്തിലെ പങ്കാളിയാണ് പുരുഷനെ സംബന്ധിച്ചിടത്തോളം സ്ത്രീ. ലൈംഗികത പാപമാണെന്ന ക്രൈസ്തവ വീക്ഷണപ്രകാരം സ്ത്രീയെ പാപിയായിക്കാണുക സ്വാഭാവികമാണ്. ഖുർആനാകട്ടെ സ്ത്രീയെ ഇണയും തുണയുമായാണ് പരിചയപ്പെടുത്തുന്നത്.

**പുരുഷനെയും സ്ത്രീയെയും അധ്വാനിക്കുന്ന വർഗത്തിലെ തുല്യതയുള്ള രണ്ട് അംഗങ്ങളായിക്കാണുന്ന മാർക്സിസത്തിൻെറ വീക്ഷണമല്ലേ ഖുർആനിക ദർശനത്തേക്കാൾ സ്ത്രീക്ക് അഭികാമ്യം?**

സ്വകാര്യ സ്വത്താണ് സകലവിധ തിന്മകൾക്കും കാരണമെന്ന അടിസ്ഥാനത്തിൽനിന്നുകൊണ്ടാണ് മാർക്സിസ്റ്റ് ആചാര്യന്മാർ തങ്ങളുടെ സിദ്ധാന്തങ്ങൾക്ക് രൂപം നൽകിയത്. സ്ത്രീ-പുരുഷബന്ധത്തെയും ഈ അടിസ്ഥാനത്തിലാണ് കമ്യൂണിസം വിലയിരുത്തുന്നത്. 'മുതലാളിത്ത വ്യവസ്ഥിതിയിൽ സ്ത്രീ-പുരുഷബന്ധം ചൂഷണാധിഷ്ഠിതമാണ്. ഏകപത്നീസമ്പ്രദായത്തിൻെറ ആരംഭംതന്നെ സ്വകാര്യ സ്വത്ത് സംരക്ഷണത്തിനുവേണ്ടിയായിരുന്നു. സ്വകാര്യ സ്വത്ത് ഉന്മൂലനം ചെയ്യപ്പെടുന്നതോടെ മനുഷ്യർ സകലവിധ തിന്മകളിൽനിന്നും മുക്തമാവും'. ഇതാണ് കമ്യൂണിസത്തിൻെറ വിലയിരുത്തൽ. സോഷ്യലിസ്റ്റ് വ്യവസ്ഥിതിയിൽ വരാൻ പോകുന്ന കുടുംബബന്ധത്തിൻെറ അവസ്ഥയെക്കുറിച്ച് മാർക്സിസ്റ്റ് വിലയിരുത്തലിൽനിന്ന് സ്ത്രീയെക്കുറിച്ച കമ്യൂണിസ്റ്റ് വീക്ഷണമെന്തെന്ന് നമുക്ക് മനസ്സിലാവും.

'ഹിന്ദു മുസ്‌ലിം ക്രിസ്ത്യനാദി വ്യത്യാസമില്ലാതെ സ്ത്രീ-പുരുഷന്മാരെല്ലാം അവരവർക്ക് പറ്റുന്ന ജോലിയിലും ഉദ്യോഗത്തിലും ഏർപ്പെടുക, അവരവർക്ക് ഇഷ്ടമുള്ള ഇണയെ തെരഞ്ഞെടുത്ത് ഇഷ്ടമുള്ള കാലത്തോളം ദാമ്പത്യജീവിതം നയിക്കുക, ദമ്പതിമാരിൽ ആർക്കെങ്കിലും ഇഷ്ടമില്ലാതെ വന്നാൽ വിവാഹമോചനം നടത്തുക, ഇഷ്ടമുണ്ടെങ്കിൽ പുതിയ ഇണയെ കണ്ടെത്തി മറ്റൊരു ദാമ്പത്തിലേർപ്പെടുക ഈ സ്ഥിതി കൈവരുത്തുന്നതിനുവേണ്ടിയാണ് ആധുനിക ജനാധിപത്യവും അതിൻെറ ഉന്നതരൂപമായ സോഷ്യലിസവും പ്രവർത്തിക്കുന്നത്' (ഇ.എം.എസ്: ചോദ്യങ്ങൾക്ക് മറുപടി, ചിന്ത വാരിക 1983 നവംബർ 25)





ഉൽപാദന ബന്ധങ്ങളുടെ മാത്രം അടിസ്ഥാനത്തിൽ മനുഷ്യനെ വിലയിരുത്തുന്ന മാർക്സിസ്റ്റ് സമ്പ്രദായം കുടുംബവ്യവസ്ഥയെയും ധാർമിക മൂല്യങ്ങളെയുമെല്ലാം ചൂഷണവ്യവസ്ഥയുടെ ഉപോൽപന്നമായാണ് ഗണിക്കുന്നത്. സ്ത്രീയും പുരുഷനും എല്ലാ നിലയ്ക്കും സ്വതന്ത്രരായ, യാതൊരു രീതിയിലുമുള്ള പാരസ്പര്യവുമില്ലാത്ത രണ്ടു വ്യക്തികളാണെന്ന വീക്ഷണത്തിൽനിന്നാണ് മുകളിൽ പറഞ്ഞ കമ്യൂണിസ്റ്റ് കാഴ്ചപ്പാടിൻെറ ഉൽപത്തി. സമൂഹത്തിൽ നിലനിൽക്കൽ അനിവാര്യമായ സ്ഥാപനമാണ് കുടുംബമെന്ന വസ്തുത മാർക്സിസ്റ്റ് ധൈഷണികന്മാർ പരിഗണിച്ചിട്ടേയില്ല. കുടുംബത്തിൽ സ്ത്രീയുടെയും പുരുഷൻെറയും ധർമങ്ങൾ വ്യത്യസ്തവും അതേസമയം, പരസ്പരം പൂരകവുമാണെന്ന വസ്തുതയും അവർ കാണാൻ കൂട്ടാക്കുന്നില്ല. സംഘട്ടത്തിലൂടെ പുരോഗതിയെന്ന മാർക്സിസ്റ്റ് വൈരുധ്യാത്മകതയുടെ ആദർശത്തിനെതിരാണല്ലോ സ്ത്രീ-പുരുഷ പാരസ്പര്യമെന്ന ആശയം. സ്ത്രീയെ പുരുഷനെപ്പോലെ ജോലി ചെയ്യുന്നവളാക്കുന്നതും രണ്ടുപേരുടെയും ഇഷ്ടങ്ങൾക്കനുസരിച്ച് ഇണകൾ മാറിവരണമെന്ന് സിദ്ധാന്തിക്കുന്നതും ഈയൊരു കാഴ്ചപ്പാടിൻെറ പരിമിതികൊണ്ടാണ്.

പ്രകൃത്യാതന്നെയുള്ള സ്ത്രീ-പുരുഷ വ്യത്യാസമോ വികാരങ്ങളിലുള്ള വ്യതിരിക്തതയോ പരിഗണിക്കാൻ മാർക്സിസത്തിന് കഴിയുന്നില്ല. തൊഴിലിൻെറ അടിസ്ഥാനത്തിലാണ് അത് സ്ത്രീയെ അളക്കുന്നത്. അവളിലെ അമ്മയെ കാണാൻ അത് കൂട്ടാക്കുന്നേയില്ല. അവളുടെ അബലതകളെയും പ്രയാസങ്ങളെയും അതു പരിഗണിക്കുന്നില്ല. അവൾക്ക് താങ്ങായി വർത്തിക്കേണ്ടവനാണ് പുരുഷനെന്ന വസ്തുത അതിന് ഉൾക്കൊള്ളാനാവുന്നില്ല.

ചുരുക്കത്തിൽ, സ്ത്രീയുടെ പേശീബലത്തിൻെറ അടിസ്ഥാനത്തിലാണ് മാർക്സിസം അവളെ അളക്കുന്നത്. അതിനു കാരണമുണ്ട്. രണ്ടു പുരുഷന്മാരുടെ മസ്തിഷ്കത്തിൽനിന്ന് ഉയിർക്കൊണ്ട ദർശനമാണല്ലോ അത്.

(മാർക്സിൻെറ ഭാര്യ ജെന്നിയുടെയോ വെപ്പാട്ടി ഹെലനയുടെയോ സ്വാധീനം അൽപം പോലും മാക്സിസ്റ്റ് ദർശനത്തിൻെറ രൂപീകരണത്തിലുണ്ടായിട്ടില്ല). അവരാണെങ്കിൽ ഉൽപാദനബന്ധങ്ങളുടെ അടിസ്ഥാനത്തിൽ മാത്രം ലോകത്തെ എല്ലാ കാര്യങ്ങളെയും നോക്കിക്കണ്ടവരുമാണ്. അതുകൊണ്ടുതന്നെ സ്ത്രീയെക്കുറിച്ച മാർക്സിസ്റ്റ് വീക്ഷണത്തിന് പത്തൊമ്പതാം നൂറ്റാണ്ടിലെ ആൺകോയ്മാ വ്യവസ്ഥയുടെ ചുവയുണ്ടെന്നതാണ് വാസ്തവം. പെണ്ണിൻെറ മാത്രം പ്രത്യേകതകളെ കാണാൻ അത് തീരെ കൂട്ടാക്കുന്നില്ല.

ഇസ്‌ലാമാകട്ടെ സ്ത്രീയെക്കുറിച്ച് പറയുമ്പോൾ അവളുടെ മാതൃത്വത്തെയാണ് ആദ്യമായി പരിഗണിക്കുന്നത്. 'മാതാക്കളുടെ പാദങ്ങൾക്കടിയിലാണ് സ്വർഗം' എന്നാണ് പ്രവാചകൻ (സ) പഠിപ്പിച്ചത്. അവളുമായി നല്ല നിലയിൽ വർത്തിക്കണമെന്നാണ് പുരുഷനോടുള്ള അദ്ദേഹത്തിൻെറ ഉപദേശം. 'നിങ്ങളിൽ ഏറ്റവും ഉത്തമൻ നിങ്ങളുടെ ഭാര്യമാർക്ക് പ്രിയങ്കരനാകുന്നു'. 'സ്ത്രീകളോട് നല്ല നിലയിൽ വർത്തിക്കണമെന്ന എൻെറ ഉപദേശം നിങ്ങൾ സ്വീകരിക്കുക'. സ്ത്രീയുടെ മഹത്വമളക്കേണ്ടത് അവളുടെ പേശീബലം നോക്കിയിട്ടല്ല. അവളുടെ പെരുമാറ്റരീതിയുടെ അടിസ്ഥാനത്തിലാണെന്നാണ് മുഹമ്മദി(സ)ൻെറ ഉൽബോധനം. 'മനുഷ്യൻെറ ഏറ്റവും മികച്ച വിഭവമാണ് സദ്‌വൃത്തയായ സ്ത്രീ'യെന്ന് അദ്ദേഹം പറയുകയുണ്ടായി. കുടുംബത്തിൻെറ നായികയും സമൂഹത്തിൻെറ മാതാവുമാണ് സ്ത്രീ. അവൾക്ക് താങ്ങും തണലുമായിത്തീരുകയാണ് പുരുഷൻ വേണ്ടത്. അവളുടെ അബലതകളെ അറിയുകയും അവളുടെ താങ്ങായിത്തീരാൻ പുരുഷനെ സജ്ജമാക്കുകയും ചെയ്യുന്നവയാണ് ഖുർആനിലെ നിയമങ്ങൾ. 'സ്തീകൾക്ക് ബാധ്യതകളുള്ളതുപോലെതന്നെ ന്യായപ്രകാരമുള്ള അവകാശങ്ങളുമുണ്ട്' (2:228) എന്ന ഖുർആനിക പ്രസ്താവന ഇക്കാര്യങ്ങളെല്ലാം ദ്യോതിപ്പിക്കുന്നതാണ്. പ്രസ്തുത പ്രസ്താവനയാണ് ഇസ്‌ലാമിലെ കുടുംബനിയമങ്ങളുടെയെല്ലാം അടിസ്ഥാനം.

### ആധുനിക ജനാധിപത്യത്തിന് കീഴിലുള്ള സ്ത്രീപുരുഷ സമത്വമല്ലേ ഖുർആനിക വീക്ഷണത്തേക്കാൾ കരണീയമായിട്ടുള്ളത്?

മനുഷ്യരക്ഷയ്ക്കുതകുന്ന ശാശ്വതമൂല്യങ്ങൾ നൽകുവാൻ ജനാധിപത്യം ശക്തമാണോ? ഭൂരിപക്ഷത്തിൻെറ ആധിപത്യമാണ് പ്രായോഗിക തലത്തിൽ ജനാധിപത്യം എന്നതാണ് വസ്തുത. ഒരു സമൂഹത്തിലെ ഭൂരിപക്ഷത്തിന് ജനജീവിതത്തിൽ പാലിക്കപ്പെടേണ്ട നിയമങ്ങളാവിഷ്കരിക്കാൻ കഴിയുമോ? വിവാഹത്തിന് മുമ്പുതന്നെ യുവതീയുവാക്കന്മാർ പരസ്പരം അടുത്തറിയുകയും അടുത്തിടപഴകുകയും അടുത്തുറങ്ങുക





യും ചെയ്യുന്ന ഡേറ്റിംഗ് (dating) സമ്പ്രദായം യൂറോപ്പിലെയും അമേരിക്കയിലെയും അധിക ജനങ്ങളും അംഗീകരിക്കുന്നു. പ്രസ്തുത അംഗീകാരത്തിൻെറ അതിരുകവിച്ചിലാണല്ലോ ആ സമൂഹത്തെ എയ്ഡ്സ് പോലെയുള്ള മാരകരോഗങ്ങൾക്കും ഒട്ടനവധി മാനസികപ്രശ്നങ്ങൾക്കും അടിമയാക്കിയത്. പാശ്ചാത്യമൂല്യങ്ങൾ പിൻതുടർന്നുകൊണ്ടിരിക്കുന്ന ഇന്ത്യയെപ്പോലെയുള്ള മൂന്നാം ലോകരാഷ്ട്രങ്ങളിൽ വളർന്നുവന്നുകൊണ്ടിരിക്കുന്ന കുറ്റകൃത്യങ്ങളുടെയും ലൈംഗിക രോഗങ്ങളുടെയും കാരണം സാന്മാർഗിക ദർശനത്തിന് ജനാധിപത്യത്തെ ആശ്രയിച്ചതാണെന്നുള്ളതാണ് വാസ്തവം. മനുഷ്യർ എങ്ങനെ ജീവിക്കണമെന്ന് പഠിപ്പിക്കേണ്ടത് മനുഷ്യനെ സൃഷ്ടിച്ച ദൈവംതമ്പുരാൻതന്നെയാണെന്നുള്ള വസ്തുതയാണ് ഇവിടെ വ്യക്തമാകുന്നത്.

ആധുനിക ജനാധിപത്യമെന്നു പറഞ്ഞാൽ എന്താണ്? മുതലാളിത്തത്തിന് (capitalism)- കൊടുത്ത ഒരു പുതിയ പേരല്ലാതെ മറ്റൊന്നുമല്ല അത്. മുതലാളിത്ത ലോകത്ത് സ്ത്രീയും പുരുഷനും തുല്യമല്ലേ? ഓഫീസുകളിലെ സ്ത്രീ-പുരുഷ അനുപാതം മാത്രം നോക്കിക്കൊണ്ട് മറുപടി പറയുന്നവർക്ക് 'അതെ'യെന്ന് ഉത്തരം പറയാനായേക്കും. പക്ഷേ, സ്ത്രീയിൽനിന്ന് പ്രകൃതി ആവശ്യപ്പെടുന്ന കാര്യങ്ങൾ നിർവഹിക്കുന്നതിൽ നിന്ന് മുതലാളിത്തം അവളെ തടഞ്ഞുനിർത്തുന്നുവെന്ന വസ്തുത കാണാൻ അവർ കൂട്ടാക്കുന്നില്ല. പുരുഷനോടൊപ്പം പണിയെടുക്കുവാനും ശമ്പളം വാങ്ങുവാനും അങ്ങാടിയിലിറങ്ങി നടക്കുവാനും ആധുനിക ജനാധിപത്യത്തിന് സ്ത്രീയോട് പറയാൻ കഴിയും. എന്നാൽ, സ്ത്രീയെപ്പോലെ ഗർഭം ധരിക്കുവാനും പ്രസവിക്കുവാനും മുലയൂട്ടുവാനും പുരുഷനോട് പറയുവാൻ ആർക്കാണ് കഴിയുക? പിതാവാരെന്നറിയാത്ത കുഞ്ഞിനെ പേറുന്ന പെണ്ണിന് ചെലവുകൊടുക്കാൻ രാഷ്ട്രത്തോടാവശ്യപ്പെടാൻ മുതലാളിത്തത്തിന് കഴിഞ്ഞേക്കും. വയറ്റിൽ കിടക്കുന്ന കുഞ്ഞിൻെറ പിതാവിൻെറ തലോടലേൽക്കാൻ കൊതിക്കുന്ന പെണ്ണിന് സാന്ത്വനമേകാൻ ഏതു തത്ത്വശാസ്ത്രത്തിനാണ് കഴിയുക? തന്തയും തള്ളയുമില്ലാത്ത കുഞ്ഞുങ്ങൾക്ക് 'ബേബിഫുഡു'കൾ നൽകാൻ ഉപഭോഗസംസ്കാരത്തിനാകുമായിരിക്കും. മാതാവിൻെറ ലാളനയും പിതാവിൻെറ സംരക്ഷണവും കൊതിക്കുന്ന കുരുന്നു മനസ്സുകളെ സംതൃപ്തമാക്കാൻ ഏതു ടെലിവിഷൻ പരസ്യത്തിനാണ് സാധിക്കുക?

സ്ത്രീ-പുരുഷസമത്വം ഒരു മിഥ്യയാണ്; ആധുനിക ജനാധിപത്യം മീഡിയ ഉപയോഗിച്ച് മനുഷ്യമനസ്സുകളിൽ സന്നിവേശിപ്പിച്ച ഒരു മിഥ്യ. സ്ത്രീക്ക് പുരുഷനെപ്പോലെയാകാൻ കഴിയില്ല; പുരുഷന് സ്ത്രീയെപ്പോ

ലെയും. പുരുഷനെപ്പോലെയാകണമെന്ന് പെണ്ണിനെ പഠിപ്പിക്കുന്ന പാശ്ചാത്യ ജനാധിപത്യം സ്ത്രീജീവിതം ദുഃസഹമാക്കുകയാണ് ചെയ്യുന്നത്. അതിലൂടെ കുടുംബത്തെ അത് തകർക്കുന്നു; സമൂഹത്തിൻെറ ധാർമിക നിലവാരത്തെയും.

മുതലാളിത്തം ലോകത്തെ എന്തിനെയും കാണുന്നത് ഉപഭോഗവസ്തുവായിട്ടാണ്. സ്ത്രീയും പുരുഷനുമൊന്നും അതിൽനിന്ന് വ്യത്യസ്തരല്ല. അവരുടെ വികാരങ്ങളോ പ്രശ്നങ്ങളോ അതിന് പ്രശ്നമല്ല. അങ്ങാടികളിലേക്കാണ് അത് നോക്കുന്നത്. അവിടത്തെ ക്രയവിക്രയത്തെ സ്നിഗ്ധമാക്കുന്ന വസ്തുക്കളെക്കുറിച്ചു മാത്രമേ അത് ചിന്തിക്കുന്നുള്ളൂ. പെണ്ണിന് മുതലാളിത്തത്തിലുള്ള സ്ഥാനമിതാണ്. അവൾ മോഡലാണ്, കാൾഗേളാണ്, സ്റ്റെനോ ആണ്, സെക്രട്ടറിയാണ്, നർത്തകിയാണ്, നായികയാണ്, പക്ഷേ, അവളെ ഒരിക്കലും അമ്മയാകാൻ മുതലാളിത്തം സമ്മതിക്കില്ല. അമ്മയാകുമ്പോൾ അവളുടെ 'അങ്ങാടി നിലവാരം' (market value) നഷ്ടപ്പെടുമല്ലോ! പിന്നെയവൾ വൃദ്ധയായി, വൃദ്ധസദനത്തിലെ അന്തേവാസിയായി മരണത്തിലേക്കുള്ള ദിവസങ്ങൾ എണ്ണിക്കഴിയാൻ വിധിക്കപ്പെട്ടവൾ.

ഖുർആൻ ഒരു പ്രായോഗിക ധാർമിക വ്യവസ്ഥിതിയാണ് അവതരിപ്പിക്കുന്നത്. മനുഷ്യ പ്രകൃതിയുമായി സദാസമരസപ്പെട്ടുപോകുന്ന ഒരു പ്രായോഗിക വ്യവസ്ഥിതി. തുടുത്ത കവിളും ചുളിയാത്ത തൊലിയുള്ളവൾ മാത്രമല്ല അതിൻെറ വീക്ഷണത്തിൽ മനുഷ്യൻ. ഗർഭസ്ഥശിശുവിനെ മുതൽ കുഴിയിലേക്ക് കാലുനീട്ടിയിരിക്കുന്നവരെ (?) വരെ അതു പരിഗണിക്കുന്നു. ശവശരീരത്തോടുപോലും അനീതി ചെയ്യാൻ പാടില്ലെന്നാണ് അതിൻെറ നിർദേശം.

മുതലാളിത്തത്തിൻെറ ഉപഭോഗക്ഷമതാവാദവുമായി (utilitarianism)- ഖുർആൻ പൊരുത്തപ്പെടുന്നില്ല. സ്ത്രീയെക്കുറിച്ച ഖുർആനിക വീക്ഷണം ആധുനിക ജനാധിപത്യത്തിൻെറ കാഴ്ചപ്പാടുമായി അന്തരം പുലർത്തുന്ന പ്രധാനപ്പെട്ട ബിന്ദു ഇവിടെയാണ് സ്ഥിതി ചെയ്യുന്നത്. ഖുർആൻ സ്ത്രീയെ ഒരു സാമ്പത്തിക സ്രോതസ്സായി കാണുന്നേയില്ല. അവളെ ഒരു കച്ചവടവസ്തുവായി വീക്ഷിക്കുവാനും അത് സന്നദ്ധമാവുന്നില്ല; അവൾ മനുഷ്യാത്മാവിൻെറ പാതിയാണ്; സമൂഹത്തിൻെറ മാതാവും. അവളുടെ മാതൃത്വമാണ് ഇസ്‌ലാം പ്രഥമമായി പരിഗണിക്കുന്നത്. സമൂഹത്തിൽ നിലനിൽക്കേണ്ട ധാർമികതയുടെ അടിസ്ഥാന സ്ഥാപനമായ കുടുംബത്തിൻെറ കെട്ടുറപ്പ് സ്ഥിതിചെയ്യുന്നത് മാതാവിൻെറ മടിത്തട്ടിലാണെന്ന് അത് മനസ്സിലാക്കുന്നു. മാതാവാകുന്ന സ്ത്രീയുടെ പ്രയാസങ്ങ





ളെയും പരിമിതികളെയും കുറിച്ച് ഖുർആൻ അവതരിപ്പിച്ചിരിക്കുന്ന പടച്ചതമ്പുരാനറിയാം. അവ ഖുർആൻ പരിഗണിക്കുന്നു. കന്യകാത്വത്തിനാണ് -കപടകന്യകാത്വം!-അങ്ങാടി നിലവാരം കൂടുതലുള്ളതെന്നാണ് മുതലാളിത്തത്തിൻെറ കാഴ്ചപ്പാട്. ഇസ്‌ലാമിൻെറയും മുതലാളിത്തത്തിൻെറയും മൂല്യ സങ്കൽപങ്ങളുടെ അടിസ്ഥാന വ്യത്യാസവും ഇതുതന്നെയാണ്.

**<u>പുരുഷനു സ്ത്രീക്കുമേലുള്ള അധീശത്വം അനുവദിച്ചുകൊടുക്കുന്ന സൂക്തങ്ങൾ ഖുർആനിലുണ്ടല്ലോ. പുരുഷമേധാവിത്വത്തിൻെറ സൃഷ്ടിയാണ് ഖുർആൻ എന്നല്ലേ ഇവ വ്യക്തമാക്കുന്നത്?</u>**

പുരുഷന്മാർ സ്ത്രീകളുടെമേൽ നിയന്ത്രണാധികാരമുള്ളവരാകുന്നു' (4:34).

'പുരുഷന്മാർക്ക് അവരേക്കാളുപരി ഒരു പദവിയുണ്ട്' (2:228).

വിശുദ്ധ ഖുർആനിൽ പുരുഷമേധാവിത്തമാരോപിക്കുന്നവർ ഉദ്ധരിക്കാറുള്ള സൂക്തങ്ങളാണിവ. ഈ സൂക്തങ്ങൾ അറബികളുടെ ആൺകോയ്മാവ്യവസ്ഥിതിയുടെ ഉൽപന്നമാണ് ഖുർആൻ എന്ന് വ്യക്തമാക്കുന്നതായി വാദിക്കപ്പെടുന്നു. എന്നാൽ, വസ്തുതയെന്താണ്?

ആദ്യം ഉദ്ധരിക്കപ്പെട്ട സൂക്തത്തിൽ സ്ത്രീ, പുരുഷൻെറ മേൽ 'ഖവ്വാം' ആണ് എന്നാണ് ഖുർആൻ പറയുന്നത്. ഒരാളുടെയോ സ്ഥാപനത്തിൻെറയോ കാര്യങ്ങൾ യഥോചിതം കൊണ്ടുനടത്തുകയും മേൽനോട്ടം വഹിക്കുകയും അതിനാവശ്യമായത് സജ്ജീകരിക്കുകയും ചെയ്യുന്ന വ്യക്തിക്കാണ് അറബിയിൽ 'ഖവ്വാം' എന്നും 'ഖയ്യിം' എന്നുമെല്ലാം പറയുന്നത്. അത് ഒരു അവകാശത്തേക്കാളധികം ഉത്തരവാദിത്തത്തെയാണ് ദ്യോതിപ്പിക്കുന്നത്. സ്ത്രീയും കുട്ടികളും അടങ്ങുന്ന കുടുംബമെന്ന സ്ഥാപനത്തിൻെറ നിയന്ത്രണാധികാരം, അതല്ലെങ്കിൽ നിയന്ത്രണത്തിനുള്ള ഉത്തരവാദിത്തം പുരുഷനിലാണ് നിക്ഷിപ്തമായിരിക്കുന്നത് എന്നാണ് പ്രസ്തുത സൂക്തത്തിൻെറ സാരം.

കുടുംബം ഒരു സ്ഥാപനമാണ്. ആത്മാവിൻെറ ഇരുപാതികൾക്കും ശാന്തിയും സമാധാനവും സായൂജ്യവും പ്രദാനം ചെയ്യുന്ന മഹത്തായ സ്ഥാപനം. സാമൂഹിക സ്ഥാപനങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് കുടുംബമെന്നുള്ളതാണ് വാസ്തവം. ഏതൊരു സ്ഥാപനത്തിനും അതിൻെറ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ഉയർച്ചക്കും വളർച്ചക്കും വേണ്ടി യത്നിക്കുന്നതിനും ഒരു മേലധികാരി ഉണ്ടായിരിക്കണമെന്ന കാര്യം ആരും അംഗീകരിക്കുന്നതാണ്. എത്രതന്നെ ആത്മാർഥമായ സംരംഭമാണെന്നി

രിക്കിലും ഒരു നിയന്ത്രണാധികാരിയുടെ അഭാവത്തിൽ അത് മുരടിച്ചു
പോവുമെന്നത് കാര്യനിർവഹണശാസ്ത്രത്തിൻെറ (മറാശിശ്യൈമശേ്ല
രെശലിരല) ബാലപാഠമെങ്കിലും മനസ്സിലാക്കിയിട്ടുള്ളവർക്ക് അറിയാവു
ന്നതാണ്. അപ്പോൾ പിന്നെ സമൂഹത്തിൻെറ ധാർമികാടിത്തറയുടെ രൂ
പീകരണം നടക്കുന്ന കുടുംബത്തിന് ഒരു മേലധികാരി ആവശ്യമില്ലേ?
സ്ത്രീയും പുരുഷനും ചേർന്നുണ്ടാവുന്ന കൂട്ടുസ്ഥാപനമായ കുടുംബ
ത്തിൻെറയും അതിൽ വളർന്നുവരുന്ന സന്താനങ്ങളുടെയും അവയോട
നുബന്ധിച്ചുണ്ടാവുന്ന ഉത്തരവാദിത്തങ്ങളുടെയും നടത്തിപ്പിന് ഒരു മേൽ
നോട്ടക്കാരൻ അത്യാവശ്യമാണ്. അല്ലാത്തപക്ഷം അരാജകത്വവും സർ
വത്ര വിനാശവുമായിരിക്കും ഫലം.

കുടുംബത്തിന് നായകത്വം വഹിക്കുവാൻ ഒരാൾ വേണമെന്ന് വ്യക്
തം. ആർക്കാണിതിന് അർഹതയുള്ളത് എന്നു ചോദിക്കുന്നതിനേക്കാൾ
ആർക്കാണതിന് സാധിക്കുകയെന്ന് പരതുന്നതാവും ശരി. ഒന്നുകിൽ ര
ണ്ടുപേരും കൂടി നായകത്വം വഹിക്കുക. അല്ലെങ്കിൽ സ്ത്രീ കുടുംബത്തി
ൻെറ നായകത്വമേറ്റെടുക്കുക. ഇവ രണ്ടും പ്രായോഗികമല്ലെങ്കിൽ മാത്രം
പുരുഷനെ ആ ചുമതല ഏൽപിക്കുക എന്ന പൊതുധാരണയുടെ അടി
സ്ഥാനത്തിൽ നാം പ്രശ്നത്തെ സമീപിക്കുക; നിഷ്കളങ്കതയോടുകൂടി.

ഒരു സ്ഥാപനത്തിന് മേലധികാരിയില്ലാതിരിക്കുന്നതിനേക്കാൾ അപ
കടമാണ് അതിന് രണ്ടു നായകന്മാരുണ്ടാവുകയെന്നത്. സ്ഥാപനങ്ങൾ
നോക്കിനടത്തിയിരുന്ന അച്ഛൻ മരിച്ചാൽ ഉടൻ അവ വിഭജിച്ചെടുക്കു
കയോ അല്ലെങ്കിൽ മക്കളിൽ ആരെങ്കിലുമൊരാളെ നിയന്ത്രണാധികാരം
ഏൽപിക്കുകയോ ചെയ്യാതിരുന്നാലുണ്ടാവാറുള്ള പ്രശ്നങ്ങളിൽ പലപ്പോ
ഴും സ്ഥാപനങ്ങൾ തന്നെ തകർന്ന് നാശമാകാറാണ് പതിവ്. ഒന്നിലധി
കം നായകന്മാരുള്ള സ്ഥാപനങ്ങളിൽ നായകത്വത്തിന് വേണ്ടിയുള്ള കി
ടമൽസരങ്ങളും പ്രശ്നങ്ങളും കാരണം അതു തകരും. തകരാതെ നില
നിൽക്കുന്നുവെങ്കിൽതന്നെ അതിൻെറ 'ഉൽപന്നങ്ങൾ'ക്ക് എന്തെങ്കിലും
വൈകല്യങ്ങളുണ്ടാവും. കുടുംബത്തിൻെറ അവസ്ഥയും ഇതുതന്നെ. ര
ണ്ടുപേരെയും നായകന്മാരാക്കിയാൽ പ്രശ്നങ്ങളിലുള്ള സമീപനത്തെക്കു
റിച്ച സംഘട്ടനങ്ങളുണ്ടാവും. ഇതു നേതൃത്വത്തിനുവേണ്ടിയുള്ള മൽസ
രത്തിൽ കലാശിക്കും. അശാന്തമായ കുടുംബാന്തരീക്ഷമായിരിക്കും ഇ
തിൻെറ ഫലം. അത്തരമൊരു കുടുംബാന്തരീക്ഷത്തിൽ വളരുന്ന കുഞ്ഞു
ങ്ങളിൽ മാനസിക സംഘർഷങ്ങളും വൈകാരിക താളപ്പിഴകളുമുണ്ടാവും.
അത് അടുത്ത തലമുറയിൽ ധാർമികത്തകർച്ചക്ക് നിമിത്തമാകും.





കുടുംബത്തിൻെറ നിയന്ത്രണാധികാരം സ്ത്രീക്ക് ഏറ്റെടുക്കുവാൻ പറ്റു
മോ? അതല്ല പുരുഷനിലാണോ ആ ഉത്തരവാദിത്തം ഏൽപിക്കേണ്ടത്?
ഈ ചോദ്യത്തിനുള്ള ഉത്തരം 'കുടുംബത്തിൻെറ നിയന്ത്രണത്തിനാവ
ശ്യം വിചാരമോ അതല്ല വികാരമോ?, എന്ന മറുചോദ്യമാണ്.വിചാരമെ
ന്നാണ് ഉത്തരമെങ്കിൽ പുരുഷനെയാണ് കുടുംബത്തിൻെറ നിയന്ത്രണ
മേൽപിക്കേണ്ടത്, വികാരമെന്നാണെങ്കിൽ സ്ത്രീയെയും.

സ്ത്രീയുടെയും പുരുഷൻെറയും ശരീരപ്രകൃതിയും മാനസികാവസ്
ഥയും അവരേറ്റെടുക്കേണ്ട ധർമത്തിനനുസൃതമായ രീതിയിലാണ് സം
വിധാനിക്കപ്പെട്ടിരിക്കുന്നത്. ശാരീരിക പ്രകൃതിയെന്നു പറയുമ്പോൾ കേ
വലം ബാഹ്യമായ വ്യത്യാസങ്ങൾ മാത്രമല്ല വിവക്ഷിക്കുന്നത്. അസ്ഥി
വ്യവസ്ഥ മുതൽ പേശീവ്യവസ്ഥ വരെയുള്ള ആന്തരിക വ്യവസ്ഥകൾ
പോലും ഓരോരുത്തർക്കും പ്രകൃത്യാ നിശ്ചയിക്കപ്പെട്ട ധർമത്തിനനു
സൃതമായ രീതിയിലാണുള്ളത്. പ്രസിദ്ധ ലൈംഗികശാസ്ത്രജ്ഞനായ
ഹാവ്ലോക്ക് എല്ലിസിൻെറ 'ആണ് തൻെറ കൈവിരൽ തുമ്പുവരെ പുരു
ഷനും സ്ത്രീ തൻെറ കാൽവിരൽ തുമ്പുവരെ പെണ്ണുമാണ്' എന്ന പ്രസി
ദ്ധമായ അഭിപ്രായം നൂറുശതമാനം ശരിയാണെന്നുള്ളതാണ് വസ്തുത.

പുരുഷൻെറ എല്ലുകൾ അധ്വാനത്തിനു പറ്റിയ രീതിയിലുള്ളവയാണെ
ങ്കിൽ സ്ത്രീയുടേത് ഗർഭധാരണത്തിന് അനുയോജ്യമായതാണ്. കഠിനാ
ധ്വാനത്തിനാവശ്യമായ പേശികളാണ് പുരുഷനുള്ളതെങ്കിൽ മാംസളത
യും മിനുസവും നൽകുന്ന കൊഴുപ്പാണ് സ്ത്രീ ശരീരത്തിലുള്ളത്. അ
ധ്വാനത്തിന് പറ്റിയ രീതിയിലുള്ള ആണിൻെറ കൈകൾ! ആലിംഗനത്തി
ന് പറ്റുന്ന പെണ്ണിൻെറ കൈകൾ...! ഇങ്ങനെ പോകുന്നു ശാരീരിക വ്യ
ത്യാസങ്ങൾ.

മാതൃത്വത്തിന് പറ്റിയ രീതിയിൽ സ്ത്രീ ശരീരവും അധ്വാനത്തിന് സാ
ധിക്കുന്ന രൂപത്തിൽ പുരുഷശരീരവും സംവിധാനിക്കപ്പെട്ടപ്പോൾ അവ
രവരുടെ ധർമത്തിന് അനുഗുണമായ മാനസിക ഗുണങ്ങളും അതിനോട
നുബന്ധിച്ച് നൽകപ്പെട്ടിരിക്കുമല്ലോ. ദയയും വാൽസല്യവും ക്ഷിപ്രവൈ
കാരികതയുമാണ് സ്ത്രീ മനസ്സിൻെറ പ്രത്യേകതകൾ. അത് വികാരപ്ര
ധാനമാണ്. ശൈശവത്തിലും ബാല്യത്തിലും പെൺകുട്ടികൾ കാണിക്കു
ന്ന ബൗദ്ധിക കഴിവുകൾ പോലും കൗമാരത്തോടെ മന്ദീഭവിക്കുന്നുവെ
ന്നാണ് പഠനങ്ങൾ കാണിക്കുന്നത്. മാതൃത്വത്തിന് തയാറാകുമ്പോൾ മ
നസ്സും അതിനൊത്ത് മാറുന്നുവെന്നർഥം. സ്ത്രീയുടെ മനസ്സിനെക്കുറി
ച്ച് വ്യവഹരിക്കുമ്പോൾ നമ്മുടെ മനസ്സിലോടിയെത്തുന്നതെന്താണ്? അ
ലിവാർന്ന ഹൃദയം, അതിലോലമായ മനസ്സ്, പെട്ടെന്ന് പ്രതികരിക്കുന്ന

പ്രകൃതം, നിരന്തരം നിർഗളിക്കുന്ന സ്നേഹവായ്പ്, നുരഞ്ഞുപൊങ്ങുന്ന വൈകാരികത...ഇതെല്ലാംതന്നെ സ്ത്രീമനസ്സ് വികാരപ്രധാനമാണെന്ന് വ്യക്തമാക്കുന്നു. എന്നാൽ, പുരുഷമനസ്സിൻെറ അവസ്ഥയോ? ചിന്തിച്ചുള്ള പ്രതികരണം, പാരുഷ്യത്തോടെയുള്ള പെരുമാറ്റം, അവധാനതയോടുകൂടിയുള്ളപ്രത്യുത്തരം, ആലോചനയോടെയുള്ള പ്രവർത്തനം. ഇവയാണ് പുരുഷമനസ്സിൻെറ പ്രതിബിംബം. ഇവ വിചാരപ്രധാനമാണ്. അധ്വാനത്തിന് പറ്റിയ രീതിയിൽ പുരുഷമനസ്സ് സംവിധാനിക്കപ്പെട്ടിരിക്കുന്നവെന്ന് സാരം.

(ഇത് പൊതുവായ വിലയിരുത്തലാണ്. ഭരിക്കാനും നീതിന്യായം നടത്താനും യുദ്ധം നയിക്കാനും ഭാരം ചുമക്കാനും കഠിനാധ്വാനം ചെയ്യാനും കഴിയുന്ന സ്ത്രീകളില്ലേ? പാചകത്തിനും വാൽസല്യത്തോടെ ശിശുക്കളെ പോറ്റുവാനും കുടുംബഭരണത്തിനും പറ്റിയ പുരുഷന്മാരില്ലേ? 'ഉണ്ട്' എന്നുതന്നെയാണുത്തരം. ഇത് ചില അപവാദങ്ങൾ മാത്രമാണ്. അവർ പലപ്പോഴും ലൈംഗികമായി മാത്രമേ തങ്ങളുടെ ലിംഗത്തിലുള്ളവരിൽ ഉൾപ്പെടുകയുള്ളൂ. പെരുമാറ്റത്തിലും രീതിയിലും ധർമനിർവഹണത്തിലും എതിർലിംഗത്തിലുള്ളവരോടായിരിക്കും അവർക്ക് അടുപ്പം)

കുടുംബത്തിൻെറ രക്ഷാധികാരത്തിന് പുരുഷനെ പ്രാപ്തനാക്കുന്നത് വിചാരത്തോടുകൂടി കാര്യങ്ങൾ കൈകാര്യം ചെയ്യാനുള്ള അവൻെറ കഴിവാണ്. അവൻെറ ശാരീരിക ഘടന അവനിൽ അടിച്ചേൽപിച്ച ധർമത്തിൻെറ നിർവഹണമാണത്. അവൻ അധ്വാനിക്കണം, കുടുംബത്തെ പോറ്റുവാനുള്ള സമ്പത്തുണ്ടാക്കണം -അവനിലാണ് കുടുംബത്തിൻെറ കൈകാര്യകർതൃത്വം ഏൽപിക്കപ്പെട്ടിരിക്കുന്നത്. ആ സ്ഥാപനത്തിൻെറയും അതിലുൾപ്പെട്ടവരുടെയും ജീവിതച്ചെലവിനുവേണ്ടിയുള്ള ആസൂത്രണവും ആ മാർഗത്തിലുള്ള സാമ്പത്തിക മേൽനോട്ടവും അവൻെറ ബാധ്യതയാക്കിത്തീർക്കുകയാണ് ഈ കൈകാര്യകർതൃത്വം ചെയ്യുന്നത്. അതുകൊണ്ടാണ് 'പുരുഷന്മാർ സ്ത്രീകളുടെമേൽ നിയന്ത്രണാധികാരമുള്ളവരാകുന്നു'വെന്ന് പറഞ്ഞതോടൊപ്പംതന്നെ അതിൻെറ കാരണമായി 'മനുഷ്യരിൽ ഒരു വിഭാഗത്തിന് മറുവിഭാഗത്തേക്കാൾ അല്ലാഹു കൂടുതൽ കഴിവ് നൽകിയതിലും അവരുടെ ധനം ചെലവഴിച്ചതിനാലുമാണിത്' (4:34) എന്ന് ഖുർആൻ എടുത്തുപറഞ്ഞത്. കുടുംബത്തിൻെറ നിയന്ത്രണാധികാരം നൽകുക വഴി പുരുഷനുമേൽ ഒരു വലിയ ഉത്തരവാദിത്തമേൽപിക്കുകയാണ് ഖുർആൻ ചെയ്യുന്നതെന്ന് പറയാൻ ഇതാണ് കാരണം.

സ്ത്രീയുടെ മേലും ഗൃഹഭരണത്തിൻമേലും പുരുഷൻ ഏകാധിപതി





യായിരിക്കണമെന്നല്ല അവന്ന് നിയന്ത്രണാധികാരം നൽകിയതുകൊണ്ട് വിവക്ഷിക്കുന്നത്. പരസ്പര സഹകരണവും കൂടിയാലോചനയുമുണ്ടാവുമ്പോഴേ നായകത്വം ജീവസ്സുറ്റതാവൂ. 'സ്ത്രീകളുമായി നന്മയിൽ വർത്തിക്കണം' എന്ന ഖുർആനിക നിർദേശവും, 'നിങ്ങളുടെ വീട്ടുകാരോട് നന്നായി പെരുമാറുന്നവനാണ് നിങ്ങളിൽ ഉത്തമൻ' എന്ന പ്രവാചകൻെറ ഉപദേശവും നായകത്വമേൽപിക്കപ്പെട്ട പുരുഷൻ സ്വീകരിക്കുമ്പോഴാണ് സംതൃപ്തമായ കുടുംബജീവിതം സംജാതമാവുക.

'പുരുഷന്മാർക്ക് സ്ത്രീകളേക്കാൾ ഒരു പദവിയുണ്ട്. (2:228) എന്നു ഖുർആൻ പറഞ്ഞതും ഈ അടിസ്ഥാനത്തിലാണ്. കുടുംബത്തിൻെറ സാമ്പത്തിക ഭാരമേറ്റെടുക്കുന്നതിലൂടെ കൈവരുന്ന പദവിയാണിത്. കുടുംബത്തിൻെറ രക്ഷാകർതൃത്വമാണ് ആ പദവി.

ഉയർന്ന ശമ്പളമുള്ള ഒരു വനിതക്ക് കുടുംബത്തിൻെറ നായകത്വം നൽകിയെന്നുവെക്കുക. വൈവാഹിക ജീവിതത്തിൻെറ ആദ്യനാളുകളിൽ കുടുംബസംരക്ഷണമെന്ന ഉത്തരവാദിത്വം തലയിലെത്തുന്നതിന് മുമ്പ് അത് അവൾക്കൊരു പ്രയാസമായി അനുഭവപ്പെടുകയില്ലായിരിക്കാം. എന്നാൽ, അവൾ ഗർഭിണിയും അമ്മയുമാവുമ്പോൾ നായകത്വത്തിൻെറ ഭാരം ചുമക്കാൻ അവൾക്ക് കഴിയില്ല. പുരുഷനിൽ കുടുംബനായകത്വമേൽപിക്കുന്നതിലൂടെ ഖുർആൻ സ്ത്രീക്ക് തണലേകുകയാണ് ചെയ്തിട്ടുള്ളതെന്ന് സാരം. സ്ത്രൈണതയെക്കുറിച്ചറിയുന്നവരൊന്നും ഇക്കാര്യത്തിൽ ഖുർആനിന് എതിര് നിൽക്കുകയില്ല.

### സ്ത്രീകളെ കൃഷിസ്ഥലത്തോട് ഉപമിക്കുന്ന ഖുർആൻ അവരെ കേവലം ഉൽപാദനയന്ത്രമായിട്ടല്ലേ കാണുന്നത്?

'നിങ്ങളുടെ ഭാര്യമാർ നിങ്ങളുടെ കൃഷിയിടമാകുന്നു. അതിനാൽ നിങ്ങൾ ഇച്ഛിക്കുംവിധം നിങ്ങൾക്ക് നിങ്ങളുടെ കൃഷിയിടത്തിൽ ചെല്ലാവുന്നതാണ്' (2:223) എന്ന ഖുർആൻ സൂക്തമാണ് ഇവിടെ വിമർശിക്കപ്പെട്ടിരിക്കുന്നത്. ഭാര്യയെ കൃഷിയിടത്തോടുപമിക്കുന്ന ഖുർആൻ അവളെ വെറുമൊരു ഉൽപാദനോപകരണം മാത്രമാക്കിയെന്നാണ് ആക്ഷേപം.

ഖുർആനിൽ ഒരുപാട് ഉപമാലങ്കാരങ്ങളുണ്ട്. സ്ത്രീയെ കൃഷിയിടത്തോടും വസ്ത്രത്തോടും ഉപമിക്കുന്നത് അവയിൽ ചിലതുമാത്രം. ഉപമകൾക്ക് ഒരു പ്രത്യേകതയുണ്ട്. ഓരോരുത്തർക്കും അവരുടെ മനോഗതംപോലെ അവയെ വ്യാഖ്യാനിക്കാൻ കഴിയും. പ്രസ്തുത വ്യാഖ്യാനങ്ങൾ വ്യാഖ്യാതാവിൻെറ മനസ്സിൻെറ നിമ്നോന്നതികളെയാണ് പ്രതിഫലിപ്പിക്കുക. കൃഷിസ്ഥലത്തോട് ഭാര്യയെ ഉപമിച്ചതിനാൽ കൃഷിയിടം ചവിട്ടി

മെതിക്കുന്നതുപോലെ അവളെ ചവിട്ടിമെതിക്കാമെന്നും അത് വിൽക്കുന്നതുപോലെ സ്ത്രീയെ ഏതു സമയത്തും വിൽപന നടത്താമെന്നും അതിനെ ഉഴുതുമറിക്കുന്നതുപോലെ അവളെ ഉഴുതുമറിക്കാമെന്നുമാണ് ഖുർആൻ പറയുന്നതെന്ന് ഒരാൾക്ക് വാദിക്കാം. ഭാര്യയെ വസ്ത്രത്തോടുപമിച്ചതിൽനിന്ന് അവളെ വസ്ത്രം മാറുന്നതുപോലെ മാറ്റുവാനാണ് ഖുർആൻ കൽപിക്കുന്നതെന്ന് വ്യാഖ്യാനിക്കാനും സാധിക്കും. പക്ഷേ, ഈ വ്യാഖ്യാനങ്ങളെല്ലാം വ്യാഖ്യാതാക്കളുടെ മനോഗതിയെയും മുൻധാരണകളെയുമല്ലാതെ മറ്റൊന്നിനെയും പ്രതിഫലിപ്പിക്കുന്നില്ല എന്നല്ലോ മനഃശാസ്ത്ര മതം.

ഏതൊരു ഗ്രന്ഥത്തിലെയും ഉപമാലങ്കാരങ്ങളെ വ്യാഖ്യാനിക്കുവാൻ ആ ഗ്രന്ഥത്തിൻെറ ഇതിവൃത്തത്തെയും അത് പ്രഖ്യാപിക്കുന്ന ആദർശത്തെയും അത് മുന്നോട്ടുവെക്കുന്ന സാമൂഹികസംവിധാനത്തെയും കുറിച്ച അടിസ്ഥാന വസ്തുതകൾ അറിയേണ്ടതുണ്ട്. 'സ്ത്രീകൾക്ക് ബാധ്യതയുള്ളപോലെ അവകാശങ്ങളുമുണ്ട്' (2:228) എന്ന ഖുർആൻ സൂക്തം സ്ത്രീപുരുഷബന്ധത്തെക്കുറിച്ച അതിൻെറ വീക്ഷണത്തെ സംബന്ധിച്ച അടിസ്ഥാനപരമായ അറിവ് നൽകുന്നുണ്ട്. 'ഭൂമിയിലെ വിഭവങ്ങളിൽ ഉത്തമമാണ് സദ്വൃത്തയായ സ്ത്രീ' എന്ന പ്രവാചക വചനം ഇതിന് അനുബന്ധമായി സ്ഥിതി ചെയ്യുന്നു. ഈ അടിത്തറയിൽനിന്നുകൊണ്ട് സ്ത്രീയെക്കുറിച്ച ഉപമകൾ മനസ്സിലാക്കിയാലേ പ്രസ്തുത ഉപമകളുടെ സൗന്ദര്യം ആസ്വദിക്കാനാവൂ.

സ്ത്രീയെ വസ്ത്രത്തോടുപമിച്ച ഖുർആൻ എന്താണ് അർഥമാക്കുന്നത്? ശരീരവുമായി ഒട്ടിച്ചേർന്നുനിൽക്കുന്ന ഭൗതികമായി ഏറ്റവും അടുത്ത വസ്തുവാണ് വസ്ത്രം. അത് അന്യൻ കാണാതിരിക്കേണ്ട ശരീരഭാഗങ്ങളെ മറച്ചുവെക്കുന്നു. കാലാവസ്ഥയുടെ അസുഖകരമായ അവസ്ഥകളിൽനിന്ന് ശരീരത്തെ സംരക്ഷിക്കുന്നത് വസ്ത്രമാണ്. മനുഷ്യൻെറ അന്തസ്സിൻെറ പ്രകടനവും വസ്ത്രത്തിൽ കുടികൊള്ളുന്നു. സൗന്ദര്യവും ആനന്ദവും വർധിപ്പിക്കുന്നതിനും വസ്ത്രം ഉപയോഗിക്കുന്നു. സർവോപരി ഒരാളുടെ സംസ്കാരത്തിൻെറ പ്രകടനമാണ് വസ്ത്രം. ഖുർആൻ സ്ത്രീയെ പുരുഷൻെറ വസ്ത്രമായി മാത്രമല്ല പറഞ്ഞിട്ടുള്ളതെന്ന കാര്യം പ്രത്യേകം പ്രസ്താവ്യമാണ്. 'അവർ നിങ്ങൾക്കൊരു വസ്ത്രമാണ്, നിങ്ങൾ അവർക്കും ഒരു വസ്ത്രമാണ്' (2:187) എന്നാണ് ഖുർആൻ പറയുന്നത്. ഖുർആനിൻെറ ഉപമ എത്ര സുന്ദരം! കൃത്യം. പരസ്പരം വസ്ത്രമാകാതിരിക്കുന്നതല്ലേ ഇന്നത്തെ കുടുംബപ്രശ്നങ്ങളുടെ പ്രധാനപ്പെട്ട കാരണം?

സ്ത്രീയെ കൃഷിയിടത്തോടും പുരുഷനെ കൃഷിക്കാരനോടും ഉപമി





ച്ച ഖുർആൻ എന്താണ് അർഥമാക്കിയിരിക്കുന്നത്? കൃഷിയിടവും കൃഷിക്കാരനും തമ്മിലുള്ള ബന്ധമറിയാൻ കൃഷിക്കാരനോടുതന്നെ ചോദിക്കണം. കൃഷിയിടത്തിനുവേണ്ടി മരിക്കാൻ സന്നദ്ധനാണവൻ. മണ്ണെന്ന് കേൾക്കുമ്പോൾ അയാൾ വികാരതരളിതനാവും. കൃഷിഭൂമിയുടെ നിയമത്തെക്കുറിച്ച് അറിയുന്നവനാണവൻ. സ്വന്തം കൃഷിയിടത്തിൽ അന്യനെ വിത്തിടാൻ അയാൾ അനുവദിക്കുകയില്ല. അപരൻെറ കൃഷി സ്ഥലത്ത് വിത്തിറക്കാൻ അയാളൊട്ട് മുതിരുകയുമില്ല. കൃഷിഭൂമി പാഴാക്കരുത്. തരിശിടരുത്. വളമിടണം. ജലസേചനം ചെയ്യണം. മണ്ണിൻെറ ഗുണം കൂട്ടണം. മണ്ണൊലിപ്പ് തടയണം. 'നിങ്ങളുടെ ഭാര്യമാർ നിങ്ങളുടെ കൃഷിയിടമാണ്' (2:223) എന്ന ഖുർആനികാധ്യാപനം ശ്രവിക്കുന്ന കർഷകന് പെണ്ണിനെ കേവലം ഒരു ഉൽപാദനയന്ത്രമായി കാണാൻ കഴിയില്ല. കൃഷിയിടവും കർഷകനും തമ്മിലുള്ള ബന്ധത്തിൻെറ ആന്തരികമായ ആഴമറിയാത്തവർക്ക് ഈ ഉപമ ആസ്വദിക്കാൻ കഴിയില്ല. എന്നാൽ കൃഷിക്കാരൻെറ സ്ഥിതി അതല്ല. അവൻ പ്രസ്തുത ഉപമയുടെ അർഥം മനസ്സിലാക്കുന്നു. സൗന്ദര്യമുൾക്കൊള്ളുന്നു. ഖുർആൻ സംസാരിക്കുന്നത് പച്ചയായ മനുഷ്യരോടാണ്; സാങ്കൽപിക ലോകത്ത് ബുദ്ധി വ്യായാമം ചെയ്യുന്ന 'ജീവി'കളോടല്ലെന്ന കാര്യം പ്രത്യേകം പ്രസ്താവ്യമാണ്.

സ്ത്രീയെ കൃഷിയിടത്തോടുപമിച്ച ഖുർആനിക സൂക്തത്തിൻെറ അവതരണ പശ്ചാത്തലംകൂടി മനസ്സിലാക്കുന്നത് നന്നായിരിക്കും. സ്ത്രീകളുമായി ലൈംഗികബന്ധം പുലർത്തുന്നത് ചില പ്രത്യേക രീതികളിലായിരുന്നാൽ അത് പാപമാണെന്നും ജനിക്കുന്ന കുഞ്ഞിൻെറ കണ്ണിനു തകരാറുണ്ടാവുമെന്നുമുള്ള അന്ധവിശ്വാസങ്ങൾ മദീനയിലെ യഹൂദർക്കിടയിൽ പ്രചരിച്ചിരുന്നു. ഇതിനെക്കുറിച്ച് അനുചരന്മാർ പ്രവാചകനോട് (സ) ചോദിച്ചു: അപ്പോഴാണ് ഈ സൂക്തം അവതരിപ്പിക്കപ്പെട്ടതെന്നാണ് പല ഖുർആൻ വ്യാഖ്യാതാക്കളുടെയും അഭിപ്രായം. 'നിങ്ങളുടെ ഭാര്യമാർ നിങ്ങളുടെ കൃഷിസ്ഥലമാകുന്നു. അതിനാൽ നിങ്ങൾ ഇച്ഛിക്കുന്ന വിധം നിങ്ങളുടെ കൃഷിസ്ഥലത്തു ചെല്ലുക' എന്ന സൂക്തത്തിൻെറ വിവക്ഷ ഈ പശ്ചാത്തലം വെച്ചുകൊണ്ട് മനസ്സിലാക്കുന്നത് തെറ്റിദ്ധാരണ നീങ്ങാൻ സഹായകമാവും. കൃഷിയിടത്തിലേക്ക് പല മാർഗങ്ങളുപയോഗിച്ച് കടന്നുചെല്ലുന്ന കൃഷിക്കാരനെപ്പോലെ ലൈംഗികബന്ധത്തിൽ വ്യത്യസ്ത മാർഗങ്ങളുപയോഗിക്കുന്നതുകൊണ്ട് കുഴപ്പമില്ലെന്നാണ് ഖുർആൻ ഇവിടെ പഠിപ്പിക്കുന്നത്. കൃഷി സ്ഥലത്തുതന്നെയാണ് വിത്തുവിതക്കുന്നതെന്ന് ഉറപ്പുവരുത്തണമെന്നുമാത്രം. ലൈംഗികബന്ധം കേവലം വൈകാരികാനുഭൂതി മാത്രം ലക്ഷ്യം വെച്ചുകൊണ്ടുള്ളത

ല്ല എന്നും മനുഷ്യവംശത്തിൻെറ നിലനിൽപിനുതന്നെ നിദാനമായിട്ടുള്ള പ്രത്യുൽപാദനം അതിൻെറ പ്രധാനപ്പെട്ട ലക്ഷ്യമാണെന്നുകൂടി പഠിപ്പിക്കുകയാണ് ഖുർആൻ ഈ സൂക്തത്തിലൂടെ ചെയ്യുന്നത്.

**ബഹുഭാര്യത്വമനുവദിക്കുക വഴി ഖുർആൻ സ്ത്രീയുടെ അവകാശങ്ങളെ ഹനിക്കുകയല്ലേ ചെയ്തിരിക്കുന്നത്?**

ബഹുഭാര്യത്വത്തെക്കുറിച്ച് പറയുമ്പോൾ പ്രഥമമായി മനസ്സിലാക്കേണ്ടത് അത് ഖുർആനോ ഇസ്‌ലാമോ കൊണ്ടുവന്ന ഒരു സമ്പ്രദായമല്ലെന്ന വസ്തുതയാണ്. പുരാതന സംസ്കാരങ്ങളിൽ പൊതുവായി കാണപ്പെട്ടിരുന്ന ഒരു സമ്പ്രദായമാണത്. എൻസൈക്ലോപീഡിയ ബ്രിട്ടാണിക്ക എഴുതുന്നത് കാണുക: 'പൗരാണിക നാഗരികതയിൽ അധിക സമൂഹങ്ങളിലും ബഹുഭാര്യത്വമോ വെപ്പാട്ടികളെ ഉപയോഗിക്കുന്ന സമ്പ്രദായമോ നിലനിന്നതായി കാണാൻ കഴിയും. നിയമാനുസൃതമായ ഭാര്യക്കു പുറമെ അനവധി സ്ത്രീകളെ വെച്ചുകൊണ്ടിരിക്കുന്ന സമ്പ്രദായം നിലനിന്നിരുന്ന ചൈനയിൽ അത് സദാചാരത്തിനോ മാന്യതയ്ക്കോ വിരുദ്ധമായി കണക്കാക്കപ്പെട്ടിരുന്നില്ല. വെപ്പാട്ടിമാരെ ഉപയോഗിക്കുന്ന സമ്പ്രദായം ജപ്പാനിൽ 1880 വരെ നിലനിന്നിരുന്നു. പുരാതന ഈജിപ്തിൽ ബഹുഭാര്യത്വത്തിന് അനുമതിയുണ്ടായിരുന്നുവെങ്കിലും അത് സർവസാധാരണമായിരുന്നില്ല. രാജാക്കന്മാർക്കിടയിൽ അത് പതിവായിരുന്നു താനും" (vol. xviii page 188)-

റോമക്കാർക്കിടയിൽ ഒരു പ്രത്യേക കാലഘട്ടത്തിലൊഴിച്ച് എല്ലാ പൗരാണിക സമൂഹങ്ങളിലും ബഹുഭാര്യത്വം സാർവത്രികമായിരുന്നുവെന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. മധ്യാഫ്രിക്കയിലും ആസ്ട്രേലിയയിലുള്ള ചില സമൂഹങ്ങളിൽ ധനികരായവർ വിവാഹപ്രായമെത്തിയ പെൺകുട്ടികളെ സ്വന്തം ഭാര്യമാരാക്കാൻ മൽസരിച്ചിരുന്നുവത്രേ. അവിടങ്ങളിലെ യുവാക്കൾ ഇക്കാരണത്താൽ വിവാഹം ചെയ്യാനാവാതെ പ്രയാസപ്പെട്ടിരുന്നുവെന്നും പിതാവിൻെറ മരണശേഷം അദ്ദേഹത്തിൻെറ പത്നിമാരെ വിവാഹം കഴിക്കുകയായിരുന്നു പലരും ചെയ്തിരുന്നതെന്നുമാണ് മനസ്സിലാക്കാൻ കഴിയുന്നത്. സിംബാബ്‌വേയിലെ മോണോമട്ടാവോ രാജാക്കന്മാർക്ക് മൂവായിരത്തോളം ഭാര്യമാരുണ്ടായിരുന്നുവത്രേ. സൈരേയിലെ ബകുബാ, ബകേത്തേ വർഗങ്ങളുടെ തലവന്മാർക്കായിരുന്നു ഏറ്റവും കൂടുതൽ ഭാര്യമാരുണ്ടായിരുന്നത് എന്നാണ് ഗിന്നസ് ബുക്കിൻെറ വിലയിരുത്തൽ. അവർക്ക് നൂറുകണക്കിന് ഭാര്യമാരുണ്ടായിരുന്നുവത്രെ!

ബൈബിൾ പഴയനിയമത്തിലെ പല പ്രവാചകന്മാർക്കും ഒന്നിലധികം





ഭാര്യമാരുണ്ടായിരുന്നു. യഹൂദ സമുദായത്തിൻെറ ആദർശപിതാവ് എന്നു വിശേഷിപ്പിക്കപ്പെടുന്ന അബ്രഹാമിന് സാറായ്, ഹാഗാർ എന്നീ രണ്ടു ഭാര്യമാർ ഉണ്ടായിരുന്നുവെന്ന് ഉൽപത്തി പുസ്തകം (16:1-3) വ്യക്തമാക്കുന്നു. സാറയുടെ മരണശേഷം അദ്ദേഹം കെതൂറയെന്നവളെയും വിവാഹം കഴി ച്ചുവെന്നും ഇതുകൂടാതെ അനേകം ഉപഭാര്യമാരും അദ്ദേഹത്തിനുണ്ടായിരുന്നുവെന്നും ബൈബിളിൽ കാണാം (ഉൽപത്തി 25:1-6) . ഇസ്രായേൽ ഗോത്രത്തിൻെറ പിതാവായിരുന്ന യാക്കോബിന് ലേയാ (ഉൽപത്തി 29:21), ലാബാൻ (29:29), ബിൽഹാ (30:4), സിൽവാ (30:9) എന്നീ നാലു ഭാര്യമാരുണ്ടായിരുന്നു. സങ്കീർത്തനകർത്താവായി അറിയപ്പെടുന്ന ദാവീദിനാവട്ടെ മീകൽ (1 ശാമുവേൽ 18:28), ബത്ശേബ (2 ശാമുവേൽ 11:27), അബീനോവം (2 ശാമുവേൽ 3:3) അബിഗായാൽ, മാക്യ്, ഹഗ്ഗീതി, അബീതാൽ, എഗ്ലായ്, (2 ശാമുവേൽ 3:4-5) തുടങ്ങി അനേകം ഭാര്യമാരുണ്ടായിരുന്നതായി കാണാൻ കഴിയും. അദ്ദേഹത്തിൻെറ പുത്രനും സുഭാഷിതങ്ങളുടെ കർത്താവുമായ സോളമനാകട്ടെ എഴുന്നൂറു ഭാര്യമാരും മുന്നൂറു ഉപഭാര്യമാരുമുണ്ടായിരുന്നുവത്രേ! (1 രാജാക്കന്മാർ 11: 3) പലരുടെയും മഹത്വമായി പഴയ നിയമം പറയുന്നത് തന്നെ 'അവർക്ക് അനേകം ഭാര്യമാരും പുത്രന്മാരുമുണ്ടായിരുന്നു'വെന്നാണ് (1 ദിനവൃത്താന്തം 7:3). പഴയ നിയമകാലത്ത് ബഹുഭാര്യത്വം സർവസാധാരണമായിരുന്നുവെന്നാണല്ലോ ഇവ കാണിക്കുന്നത്.

യഹൂദമതത്തിൻെറ തുടർച്ചയായി വന്ന ക്രിസ്തുമതവും ബഹുഭാര്യത്വം നിഷിദ്ധമാണെന്ന് വിധിച്ചതായി ആദ്യകാല രേഖകളിലൊന്നും കാണുന്നില്ല. സുവിശേഷങ്ങളിലോ പ്രവൃത്തി പുസ്തകത്തിലോ വെളിപാടു പുസ്തകത്തിലോ അജപാലക ലേഖനങ്ങളിലോ പൗലോസിൻെറ എഴുത്തുകളിൽ പോലുമോ ബഹുഭാര്യത്വത്തെ നിരോധിക്കുന്ന ഒരു വചനം പോലും കാണാൻ കഴിയില്ല. എന്നാൽ, പൗലോസിൻെറ ലേഖനങ്ങളിൽ പൊതുവെ വിവാഹത്തെ തന്നെ പ്രോൽസാഹിപ്പിക്കാത്ത നിലപാടാണുള്ളത്. 'വിവാഹം കഴിക്കാതിരിക്കുന്നുവെങ്കിൽ ഏറെ നല്ലത്' (1 കൊരിന്ത്യർ 7:38) എന്നു പഠിപ്പിച്ച പൗലോസിൻെറ അനുയായികൾ സന്യാസത്തിന് പ്രേരിപ്പിക്കുകയും അതു സാധ്യമല്ലാത്തവർ ഒരൊറ്റ ഭാര്യയെ മാത്രം വേൾക്കട്ടെയെന്ന തത്ത്വത്തിലെത്തിച്ചേരുകയുമാണുണ്ടായത്.

എന്നാൽ, ഇതിനെതിരെയുള്ള നീക്കങ്ങളും ക്രൈസ്തവ സമൂഹത്തിലുണ്ടായിട്ടുണ്ട്. അമേരിക്കയിലെ മെർമോണുകൾ ബഹുഭാര്യത്വത്തിനനുകൂലമായി വാദിച്ചവരായിരുന്നു. യേശുക്രിസ്തു വിവാഹം ചെയ്തിരുന്നുവെന്നും അദ്ദേഹത്തിന് അനേകം ഭാര്യമാരുണ്ടായിരുന്നുവെന്നും അവർ

വാദിച്ചു. ഉയിർത്തെഴുന്നേൽപിനുശേഷം മഗ്ദലനമറിയം, സലോമി തുടങ്ങിയ സ്ത്രീകൾക്കാണ് ക്രിസ്തു പ്രത്യക്ഷപ്പെട്ടതെന്നും തൻെറ അപ്പോസ്തലന്മാരെക്കാൾ അദ്ദേഹത്തിന് അടുപ്പമുണ്ടായിരുന്നത് ഈ സ്ത്രീകളോടായിരുന്നുവെന്നാണ് ഇതു കാണിക്കുന്നതെന്നും അവർ യേശുവിൻെറ ഭാര്യമാരായിരിക്കാനാണ് സാധ്യതയെന്നുമാണ് അവർ സമർഥിച്ചത്. ആദ്യകാലത്ത് ബഹുഭാര്യത്വം അനുവദനീയമാണെന്നുതന്നെയായിരുന്നു ക്രൈസ്തവ വീക്ഷണം. എൻസൈക്ളോപീഡിയ ബ്രിട്ടാണിക്കയിൽ ഇക്കാര്യം സൂചിപ്പിച്ചിട്ടുണ്ട്. 'ബഹുഭാര്യത്വം മധ്യകാലത്ത് ക്രൈസ്തവസഭയിൽ അംഗീകരിക്കപ്പെട്ടിരുന്നു. നിയമാനുസൃതമായി അത് നിലനിന്നിരുന്നു. പതിനാറാം നൂറ്റാണ്ടിൻെറ നടുവിൽവരെ മതവും രാജ്യവും അനുവദിച്ചതിനാൽ നിയമാനുസൃതമായിത്തന്നെ പലയിടങ്ങളിലും അത് നിലനിന്നിരുന്നു. (Vol XIV page:950)

ഭാരതത്തിലാകട്ടെ ഋഗ്വേദകാലം മുതൽതന്നെ ഒന്നിലലധികം സ്ത്രീകളെ ഭാര്യമാരായിവെക്കുന്ന സമ്പ്രദായം നിലനിന്നിരുന്നതായി കാണാൻ കഴിയും. ഋഗ്വേദത്തിലെ പ്രധാന ദേവനായ ഇന്ദ്രന് ഒന്നിലധികം ഭാര്യമാരുണ്ടായിരുന്നുവെന്നാണ് മനസ്സിലാവുന്നത്. ഇന്ദ്രപത്നിമാരിൽ പ്രധാനിയായിരുന്ന ഇന്ദ്രാണിയുടേതായി ഒരു സൂക്തമുണ്ട് (ഋഗ്വേദം 10-ാം മണ്ഡലം 17-ാം സൂക്തം). പ്രസ്തുത സൂക്തത്തിലെ പ്രധാന പ്രതിപാദ്യം സപത്നീമർദനത്തിനുള്ള മന്ത്രമാണ്. സപത്നിയോട് രാജാവിനുള്ള പ്രേമം നശിപ്പിച്ച് തന്നിലേക്ക് ആകർഷിക്കാനുള്ള മന്ത്രമാണത്. ഇതിൽ നിന്ന് വേദകാലത്ത് ബഹുഭാര്യത്വം സാർവത്രികമായിരുന്നുവെന്ന് മനസ്സിലാക്കാനാവും.

ഇതിഹാസകാലത്തും ബഹുഭാര്യത്വം നിലവിലുണ്ടായിരുന്നു. രാമായണത്തിലെ നായകനായ ശ്രീരാമൻെറ പിതാവായിരുന്ന ദശരഥന് കൗസല്യ, കൈകേയി, സുമിത്ര എന്നീ മൂന്നു ഭാര്യമാരുണ്ടായിരുന്ന കാര്യം സുവിദിതമാണല്ലോ. മഹാഭാരതത്തിലെ നായകനായ ശ്രീകൃഷ്ണനാകട്ടെ പതിനാറായിരത്തി എട്ട് ഭാര്യമാരുണ്ടായിരുന്നുവെന്നാണ് പുരാണങ്ങൾ പറയുന്നത്. രുക്മിണി, ജാംബവതി, സത്യഭാമ, കാളിന്ദി, മിത്രവന്ദ, സരസ്വതി, കൈകേയി, ലക്ഷ്മണ എന്നീ എട്ടുപേരും നാരകാസുരൻെറ പതിനാറായിരം പുത്രിമാരുമായിരുന്നു ശ്രീകൃഷ്ണ ഭാര്യമാർ.

സ്മൃതികാലമായപ്പോഴേക്കും ബഹുഭാര്യത്വ സമ്പ്രദായവും ജാതീയമായ അടിസ്ഥാനത്തിലായി മാറി. ബ്രാഹ്മണന് മൂന്നും ക്ഷത്രിയന് രണ്ടും വൈശ്യനും ശൂദ്രനും ഓരോന്നും ഭാര്യമാരാകാമെന്നാണ് യാജ്ഞവൽക്യസ്മൃതിയുടെ നിയമം.





തിസ്രോവർണാനു പൂർവ്യേണ ദ്വോ തഥൈകാ യഥാക്രമം

ബ്രാഹ്മണ ക്ഷത്രിയ വിശാം ഭാര്യാ സ്വാ ശൂദ്രജന്മനഃ

(യാജ്ഞവൽക്യസ്മൃതി 1:57)

(വർണക്രമമനുസരിച്ച് ബ്രാഹ്മണന് മൂന്നും ക്ഷത്രിയന് രണ്ടും വൈശ്യന് ഒന്നും ഭാര്യമാരാകാം. ശൂദ്രന് സ്വജാതിയിൽ നിന്നുമാത്രമേ വിവാഹം പാടുള്ളൂ)

ഏകപത്നീവ്രതം നിലനിൽക്കുന്നുവെന്നവകാശപ്പെടുന്ന ആധുനിക സമൂഹങ്ങളിലും ഒന്നിലധികം സ്ത്രീകളുമായി ലൈംഗികവേഴ്ചയിലേർപ്പെടുന്ന സമ്പ്രദായം സാർവത്രികമാണെന്നതാണ് വസ്തുത. അതിന് പലവിധ ഓമനപ്പേരുകൾ നൽകുന്നുവെന്നു മാത്രമെയുള്ളൂ. 'പബ്ലിക് റിലേഷൻസി'ൽ ഏർപ്പെട്ടിരിക്കുന്ന കാൾഗേളുകളിൽ പണക്കാരൻ ലൈംഗികദാഹം ശമിപ്പിക്കുമ്പോൾ വേശ്യാതെരുവുകളിലാണ് സാധാരണക്കാരൻ സമാധാനം കണ്ടെത്തുന്നത് എന്ന വ്യത്യാസമേയുള്ളൂ. പലതരം പേരുകളിൽ വിളിക്കപ്പെടുന്ന അഭിസാരികകളെ ഒരു പ്രാവശ്യമെങ്കിലും സമീപിക്കാത്തവർ ആധുനിക സമൂഹത്തിൽ വളരെ വിരളമാണെന്നാണ് പഠനങ്ങൾ കാണിക്കുന്നത്. അതൊരു തെറ്റായി ആധുനിക സമൂഹം കാണുന്നേയില്ല. ഇവ കൂടാതെതന്നെ സമൂഹത്തിലെ ഉന്നതരിൽ നടക്കുന്ന ഭാര്യാവിക്രയം (wife swaping), സംഘരതി (group sex or daisy chain) തുടങ്ങിയ ലൈംഗിക വൈകൃതങ്ങളും വർധിച്ചുവരികയാണെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ബഹുഭാര്യത്വത്തിനെതിരെ ശക്തമായി സംസാരിക്കുന്നവരിൽ പലരും ഇത്തരം ലൈംഗികബന്ധങ്ങളുടെ അടിമകളാണെന്നതാണ് വാസ്തവം.

ഭാര്യയായ ജെന്നിയെ കൂടാതെ ഹെലനയെന്ന വെപ്പാട്ടിയുമായി മാർക്സ് പുലർത്തിയിരുന്ന ലൈംഗികബന്ധം ഒരു യാദൃശ്ചിക സംഭവമായി കാണുന്ന രീതി ശരിയല്ല. യുക്തിവാദി ദാർശനികനായിരുന്ന ബെർട്രൻഡ് റസ്സലിന് നാലു ഭാര്യമാരുണ്ടായിരുന്നുവെന്നും മകൻെറ ഭാര്യയായ സൂസനടക്കം മറ്റു പല സ്ത്രീകളുമായും ബന്ധം ഉണ്ടായിരുന്നുവെന്നുമുള്ള വസ്തുതകൾ നൽകുന്ന പാഠത്തോട് മുഖം തിരിഞ്ഞുനിൽക്കുന്നതുകൊണ്ട് കാര്യമില്ല. അവ തെളിയിക്കുന്ന യാഥാർഥ്യത്തോട് ക്രിയാത്മകവും വസ്തുനിഷ്ഠവുമായി സംവദിക്കാൻ നമുക്കു കഴിയണം. അപ്പോൾ മനസ്സിലാവും, ഏകഭാര്യത്വം ചില വ്യക്തികളുടെയെങ്കിലും സ്വാഭാവികവും പ്രകൃതിപരവുമായ ദാഹം തീർക്കാൻ പര്യാപ്തമായ സമ്പ്രദായമല്ലെന്ന്. ഈ സത്യത്തിന് നേരെ കണ്ണടച്ചുകൊണ്ട് ബഹുഭാര്യത്വമെന്ന പ്രശ്നം

ചർച്ച ചെയ്യുന്നത് വെറുതെയാണ്.

ഖുർആൻ ബഹുഭാര്യത്വം അനുവദിക്കുന്നു. പ്രസ്തുത അനുവാദത്തിന്റെ സൂക്തം ഇങ്ങനെയാണ്:

"അനാഥകളുടെ കാര്യത്തിൽ നിങ്ങൾക്ക് നീതിപാലിക്കാനാവില്ലെന്ന് നിങ്ങൾ ഭയപ്പെടുകയാണെങ്കിൽ നിങ്ങൾക്കിഷ്ടമുള്ള സ്ത്രീകളിൽനിന്ന് രണ്ടോ മൂന്നോ നാലോ പേരെ വിവാഹം ചെയ്തുകൊള്ളുക. എന്നാൽ, നീതി പുലർത്താനാവില്ലെന്ന് നിങ്ങൾ ആശങ്കിക്കുന്നുവെങ്കിൽ ഒന്നേ പാടുള്ളൂ" (4:3).

ലോകത്തെ മറ്റു സമൂഹങ്ങളിലേതുപോലെതന്നെ, പലപ്പോഴും മറ്റു സമൂഹങ്ങളെ കവച്ചുവെക്കുന്ന രീതിയിൽ ബഹുഭാര്യത്വം അറേബ്യയിൽ നിലവിലുണ്ടായിരുന്നു. അനിയന്ത്രിതമായ അനുവാദമായിരുന്നു ഇക്കാര്യത്തിൽ അറബികൾക്കിടയിൽ നിലനിന്നിരുന്നത്. ഇതിനൊരു നിയന്ത്രണമുണ്ടാക്കുകയും നാലിൽ പരിമിതിപ്പെടുത്തുകയുമാണ് ഖുർആൻ ചെയ്തത്. പല പ്രവാചകാനുചരന്മാർക്കും ഇസ്ലാം ആശ്ലേഷിക്കുന്നതിനു മുമ്പ് ഒരുപാട് ഭാര്യമാരുണ്ടായിരുന്നുവെന്ന വസ്തുത അറേബ്യൻ സമൂഹത്തിൽ ഭാര്യമാരുടെ എണ്ണത്തിന് യാതൊരു പരിധിയുമുണ്ടായിരുന്നില്ലെന്ന് വ്യക്തമാക്കുന്നതാണ്. ഗീലാനുബ്നു സൽമത്തുസ്സക്കഫിക്ക് പത്തുഭാര്യമാരുണ്ടായിരുന്നു. അമീറത്തുൽ അസദിക്ക് എട്ട് ഭാര്യമാരും നൗഫലുബ്നു മുആവിയത്തുദ്ദയ്ലമിക്ക് അഞ്ച് ഭാര്യമാരുമുണ്ടായിരുന്നു ഇസ്ലാം സ്വീകരിക്കുന്ന സമയത്ത് ഇഷ്ടമുള്ള നാലു ഭാര്യമാരെ നിലനിർത്തി ബാക്കിയുള്ളവരെ ഒഴിവാക്കാനാണ് പ്രവാചകൻ (സ) അവരോടാവശ്യപ്പെട്ടത്. കൈയും കണക്കുമില്ലാതെ എത്രയും ഭാര്യമാരെ വെച്ചുകൊണ്ടിരിക്കാമെന്ന അവസ്ഥ നിലനിന്നിരുന്ന സമൂഹത്തിലാണ് നീതി പുലർത്താനാവുമെങ്കിൽ നാലു വരെ ആകാമെന്നും അതിനാവില്ലെങ്കിൽ ഒന്നു മാത്രം മതിയെന്നുമുള്ള നിയമം കൊണ്ടുവന്നതെന്ന് സാരം.

അനിവാര്യമെന്നു തോന്നുന്നുവെങ്കിൽ ഒന്നിലധികം ഭാര്യമാരെ സ്വീകരിക്കാൻ ഖുർആൻ അനുവാദം നൽകുന്നു. അവർക്കിടയിൽ നീതി പാലിക്കണമെന്ന നിബന്ധനയോടെ.

ഒന്നിലധികം ഭാര്യമാരെ സ്വീകരിക്കുന്നതിനെ ആധുനികത വിലക്കുന്നു. നിയമാനുസൃതം ഒരു ഭാര്യ മാത്രമേ പാടുള്ളുവെന്ന് വിലക്കുമ്പോൾ തന്നെ കാൾഗേളുകളുമായോ മറ്റോ ബന്ധം പുലർത്തുന്നതിൽ അത് യാതൊരു തെറ്റും കാണുന്നില്ല.





ഏതാണ് സ്ത്രീകൾക്ക് ഹിതകരമായ നിയമം?

വിവാഹേതര ബന്ധങ്ങൾ, അതിന് എന്ത് പേരിട്ട് വിളിച്ചാലും ഇസ്ലാം അംഗീകരിക്കുന്നില്ല-വെറുക്കുന്നു എന്ന വസ്തുതയുടെ അടിത്തറയിൽനിന്നുകൊണ്ടാണ് നാം ഈ പ്രശ്നത്തെ പരിശോധിക്കേണ്ടത്. ഇസ്ലാമികമായ ഭരണക്രമം നിലനിൽക്കുന്ന രാഷ്ട്രത്തിലാണെങ്കിൽ വ്യഭിചരിച്ചവർക്ക്-നാല് ദൃക്സാക്ഷികളുടെ സാക്ഷ്യം കൊണ്ട് കുറ്റം തെളിഞ്ഞാൽ-വിവാഹിതരല്ലെങ്കിൽ നൂറ് അടിയും വിവാഹിതരെങ്കിൽ മരണം വരെ കല്ലേറും ലഭിക്കും. വിവാഹത്തിന് പുറത്തുള്ള ലൈംഗിക ബന്ധത്തെ ഇസ്ലാം എന്തുമാത്രം വെറുക്കുന്നുവെന്ന് ഈ ശിക്ഷകൾ വ്യക്തമാക്കുന്നു. സമൂഹത്തിന്റെ അടിസ്ഥാന സ്ഥാപനമായ കുടുംബത്തിന്റെ തകർച്ചക്കും അതുവഴി ധാർമിക തകർച്ചക്കും വ്യഭിചാരം നിമിത്തമാവുമെന്നാണ് ഇസ്ലാമിന്റെ വീക്ഷണം. അതുകൊണ്ടുതന്നെ സദാചാര നിഷ്ഠമായ ഒരു സമൂഹത്തിന്റെ സൃഷ്ടിക്കുവേണ്ടി ശ്രമിക്കുന്ന ഒരു ദർശനത്തിന് അത് പൂർണമായി ഇല്ലാതാക്കുവാനാശ്യമായ നിയമങ്ങൾ ആവിഷ്കരിക്കേണ്ടിവരുന്നത് സ്വാഭാവികമാണ്. അതോടൊപ്പം മനുഷ്യപ്രകൃതിക്ക് ഇണങ്ങുന്ന നിയമങ്ങളിൽ വികാരപൂർത്തീകരണമെന്ന ജൈവിക ആവശ്യം നിർവഹിക്കുവാനുള്ള മാർഗങ്ങൾ ഉണ്ടാകുകയും വേണം. ഇവിടെയാണ് ഇസ്ലാം ബഹുഭാര്യത്വം അനുവദിച്ചതിലെ യുക്തി മനസ്സിലാക്കാനാവുന്നത്.

സദാചാരനിഷ്ഠമായ ഒരു സമൂഹത്തിൽ ബഹുഭാര്യത്വം അനിവാര്യമാകുന്ന വൈയക്തികവും സാമൂഹികവുമായ അവസ്ഥകളുണ്ട്. വ്യക്തിപരമായ അവസ്ഥകളെ ഇങ്ങനെ സംക്ഷേപിക്കാം:

ഒന്ന്-പുരുഷന്റെ ലൈംഗികാസക്തി: ചില പുരുഷന്മാർക്കെങ്കിലും തങ്ങളുടെ ലൈംഗികാവശ്യങ്ങൾക്ക് ഒരു സ്ത്രീ മതിയാകാതെ വരുന്ന സാഹചര്യങ്ങളുണ്ടെന്നത് നിഷേധിക്കാനാവാത്ത വസ്തുതയാണ്. സ്ത്രീയുടെ ആർത്തവകാലം, പ്രസവകാലം തുടങ്ങിയ കാലയളവുകളിൽ ലൈംഗികബന്ധം അസാധ്യമാണല്ലോ. ഇത്തരം അവസ്ഥകളിൽ ലൈംഗിക വികാരം നിയന്ത്രിക്കാൻ കഴിയാത്തവരുണ്ടാകാം. ബഹുഭാര്യത്വം അല്ലെങ്കിൽ വ്യഭിചാരമാണ് അത്തരം ആളുകൾക്ക് മുന്നിലുള്ള മാർഗം.

രണ്ട്-ഭാര്യയുടെ ലൈംഗികശേഷിയില്ലായ്മ: സ്ത്രീകളിലെ ലൈംഗികശേഷിക്കുറവ് ചിലപ്പോൾ ചികിൽസിച്ചുമാറ്റാൻ കഴിയാത്തതാവാം. ഏതുതരം ശേഷിക്കുറവാണെങ്കിലും അതു നിലനിൽക്കുന്ന കാലയളവിൽ പുരുഷന് വികാരശമനത്തിന് മാർഗം വേണമെന്നാണ് പ്രകൃതിയുടെ താൽപര്യം. ഒന്നുകിൽ ബഹുഭാര്യത്വം അല്ലെങ്കിൽ വ്യഭിചാരം. അതുമല്ലെങ്കിൽ

വിവാഹമോചനം. ഇങ്ങനെ മൂന്നു മാർഗങ്ങളുണ്ട് പുരുഷനു മുമ്പിൽ. വ്യഭിചാരം അധാർമികമാണ്. വിവാഹമോചനം അനുവദനീയമെങ്കിലും കഴിയുന്നത്ര ഒഴിവാക്കാൻ ശ്രമിക്കേണ്ട കാര്യമാണ്. ഇത്തരം ഒരവസ്ഥയിൽ ബഹുഭാര്യത്വമാണ് ഏറ്റവും കരണീയമായിട്ടുള്ളത്.

മൂന്ന്-ഭാര്യയുടെ വന്ധ്യത: ഭാര്യ വന്ധ്യയാണെങ്കിൽ പുരുഷനു മുമ്പിൽ മൂന്നു മാർഗങ്ങളുണ്ട്. ഒന്ന്. ജീവിതകാലം മുഴുവൻ കുട്ടികളില്ലാതെ ജീവിക്കുക. രണ്ട്. വന്ധ്യയായ സ്ത്രീയെ വിവാഹമോചനം ചെയ്തുകൊണ്ട് മറ്റൊരുത്തിയെ വേൾക്കുക. മൂന്ന്. വന്ധ്യയായ സ്ത്രീയെ നിലനിർത്തിക്കൊണ്ടുതന്നെ മറ്റൊരുത്തിയെ വിവാഹം ചെയ്യുക.

ഒന്നാമത്തെ പരിഹാരം സ്വന്തത്തോടുചെയ്യുന്ന ക്രൂരതയാണ്. രണ്ടാമത്തേത് ഭാര്യയോടുള്ള ക്രൂരതയും: അവർ ചെയ്ത തെറ്റുകൊണ്ടല്ലോ അവർ വന്ധ്യയായിത്തീർന്നത്. മൂന്നാമത്തെ നിർദേശമാണ് മാനവികം. അതുവഴി ഭർത്താവിൻെറ കുഞ്ഞുങ്ങളെ തൻേറതെന്നവണ്ണം വളർത്തിക്കൊണ്ട് സായൂജ്യമണിയാൻ വന്ധ്യയായ സ്ത്രീക്കും അവസരം ലഭിക്കുന്നു. അങ്ങനെ മാതൃത്വത്തിൻെറ ദാഹം ശമിപ്പിക്കുവാൻ അവൾക്കും സാധിക്കുന്നു.

നാല്-ഭാര്യയുടെ മാറാവ്യാധി: ചില രോഗങ്ങൾ ലൈംഗികബന്ധത്തെയും ഗർഭധാരണത്തെയും വിലക്കുന്നവയായുണ്ട്. അത്തരം രോഗമുള്ള സ്ത്രീകളുടെ ഭർത്താക്കന്മാർ എന്തുചെയ്യണം? മാറാരോഗം കാരണം ഗാർഹികജോലികൾ ചെയ്യാൻ പ്രയാസപ്പെടുന്നവരുമുണ്ടാകും. ഇവിടെയെല്ലാം പരിഹാരമായി നിർദേശിക്കപ്പെടുന്നത് വ്യഭിചാരമോ വിവാഹമോചനമോ ബഹുഭാര്യത്വമോ ആണ്. മാറാവ്യാധി പിടിപെട്ട സ്ത്രീയെ മോചിപ്പിക്കുന്നതിലൂടെ അവളെ വഴിയാധാരമാക്കുകയാണ് ചെയ്യുന്നത്. ഇവിടെയും മാനവികമായ മാർഗം ബഹുഭാര്യത്വംതന്നെയാണ്.

മുകളിൽ പറഞ്ഞ സാഹചര്യങ്ങളിൽ വിവാഹമോചനമാണ് ചില മതഗ്രന്ഥങ്ങൾ ശുപാർശ ചെയ്യുന്നത്. മനുസ്മൃതിയുടെ കൽപന കാണുക :

വന്ധ്യാഷ്ട മേധി വേദ്യാബ്ദേ ദേശമേതുമൃതപ്രജാ

ഏകാ ദശേ സ്ത്രീ ജനനീ സത്യസ്ത്വപ്രിയ വാദിനീ (മനുസ്മൃതി 9:81)

(വന്ധ്യയായ ഭാര്യയെ എട്ടു വർഷം കഴിഞ്ഞും, ചാപിള്ള പ്രസവിക്കുന്നവളെ പത്തുവർഷം കഴിഞ്ഞും, പെണ്ണുമാത്രം പ്രസവിക്കുന്നവളെ പതിനൊന്നുവർഷം കഴിഞ്ഞും, അപ്രിയം പറയുന്നവളെ ഉടനെയും ഉപേക്ഷിച്ച് വേറെ വിവാഹം ചെയ്യേണ്ടതാണ്. ഈ സ്ത്രീകൾക്ക് സന്തോഷ





ത്തിനായി യാതൊന്നും കൊടുക്കേണ്ടതില്ല).

യുക്തിവാദത്തിൻെറ പരിഹാരവും വിവാഹമോചനംതന്നെ. നിരീശ്വരത്വത്തിൻെറ ഏറ്റവും വലിയ തത്ത്വജ്ഞാനിയായി അറിയപ്പെടുന്ന ബർട്രൻഡ് റസ്സൽ നിർദേശിക്കുന്ന പരിഹാരം കാണുക:

'സന്താനങ്ങളില്ലാത്ത വൈവാഹിക ജീവിതത്തിൽ, ഇരുകൂട്ടരും നന്നായി പെരുമാറുവാൻ പരമാവധി പരിശ്രമിക്കുന്നുണ്ടെന്നുവരികിലും, വിവാഹമോചനംതന്നെയാണ് ഏറ്റവും നല്ല പരിഹാരം' (Marriage and Morals, Page:96)

ഇത്തരം അവസരങ്ങളിൽ ബഹുഭാര്യത്വമോ വിവാഹമോചനമോ വ്യഭിചാരമോ ഏതാണ് ഒരു സ്ത്രീ ഭർത്താവിൽനിന്ന് ആഗ്രഹിക്കുക? സന്മാർഗനിഷ്ഠയും സ്നേഹവതിയുമായ സ്ത്രീ തീർച്ചയായും കാംക്ഷിക്കുന്നത് ബഹുഭാര്യത്വമായിരിക്കും. ഇസ്‌ലാം ബഹുഭാര്യത്വം അനുവദിച്ചിരിക്കുന്നത് സ്ത്രീകളുടെകൂടി രക്ഷ കണക്കിലെടുത്തുകൊണ്ടാണ്. ഖുർആനിക ദർശനം മാനവികമാണെന്ന വസ്തുതയാണ് നമുക്കിവിടെ കാണാൻ കഴിയുന്നത്.

ബഹുഭാര്യത്വം സാമൂഹികമായ അനിവാര്യതയായിത്തീരുന്ന സന്ദർഭങ്ങളുമുണ്ട്. അവയെ ഇങ്ങനെ സംക്ഷേപിക്കാം:

ഒന്ന്- സ്ത്രീ-പുരുഷ അനുപാതത്തിലുണ്ടാവുന്ന വ്യത്യാസം: ഇതു രണ്ടു രൂപത്തിൽ സംഭവിക്കാം, സ്വാഭാവികമായും യുദ്ധത്തിൻെറ ഫലമായും. ചരിത്രം പരിശോധിച്ചാൽ നമുക്ക് കാണാൻ കഴിയുന്ന ഒരു യാഥാർഥ്യമുണ്ട്. ഏതാണ്ട് എല്ലാ സമൂഹങ്ങളിലും എല്ലാ കാലഘട്ടങ്ങളിലും സ്ത്രീകളുടെ എണ്ണം പുരുഷന്മാരുടേതിനേക്കാൾ കൂടുതലായിരുന്നുവെന്ന വസ്തുതയാണത്. ആധുനിക ശാസ്ത്രം ഈ അവസ്ഥക്ക് വിശദീകരണം നൽകുന്നുണ്ട്. മനുഷ്യരുടെ ജനിതക നിലപ്രകാരം ഗർഭസ്ഥ ശിശുക്കളുടെ ലിംഗവ്യത്യാസം ഏതാണ്ട് സമമായിരിക്കുമെങ്കിലും പെൺഭ്രൂണത്തിന് ആൺഭ്രൂണത്തെക്കാൾ രോഗപ്രതിരോധ ശേഷി കൂടുതലായതിനാൽ ജനിക്കുന്ന കുഞ്ഞുങ്ങളിൽ കൂടുതൽ പെൺകുട്ടികളായിരിക്കുമത്രേ. ആയിരം ആൺകുട്ടികൾക്ക് ഏകദേശം ആയിരത്തിപത്ത് പെൺകുട്ടികൾ എന്ന നിരക്കിലായിരിക്കും ഈ വ്യത്യാസമെന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്.

യുദ്ധത്തിന് ശേഷമുണ്ടാകുന്ന അവസ്ഥയാണ് മറ്റൊന്ന്. സ്വാഭാവികമായും യുദ്ധത്തിൽ പങ്കെടുക്കുന്നത് പുരുഷന്മാരായിരിക്കും. അങ്ങനെ സ്ത്രീ-പുരുഷ അനുപാതത്തിൽ വലിയ വ്യത്യാസമുണ്ടാവും. രണ്ടാം ലോകമഹായുദ്ധത്തിൽ ജർമനിയിലെ അമ്പത് ലക്ഷം പുരുഷന്മാരാണ് മ

രിച്ചുവീണത്. യുദ്ധത്തിന് മുമ്പ് അവിടത്തെ സ്ത്രീ-പുരുഷ അനുപാതം സമമായിരുന്നുവെങ്കിൽ യുദ്ധശേഷം അമ്പത് ലക്ഷം സ്ത്രീകൾ അധികമായി ഭവിച്ചു. ഭർത്താക്കന്മാരെ നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് ജപ്പാനിലെയും ജർമനിയിലെയും സ്ത്രീകൾ പ്രകടനം നടത്തി. അവരുടെ വീടുകൾക്കു മുമ്പിൽ 'ഒരു സായാഹ്ന അതിഥിയെ ആവശ്യമുണ്ട് (Wanted an evening guest-) എന്ന ബോർഡുകൾ പ്രത്യക്ഷപ്പെട്ടു. ഇത് ജർമനിയുടെ മാത്രം അവസ്ഥയല്ല. യുദ്ധം കഴിഞ്ഞാൽ ഏതു സമൂഹത്തിലുമുണ്ടാവുന്ന സ്വാഭാവികമായ സ്ഥിതിവിശേഷമാണ്.

സമൂഹത്തിൽ സ്ത്രീകളുടെ എണ്ണം പുരുഷന്മാരുടേതിനേക്കാൾ വർധിക്കുമ്പോൾമൂന്നു പ്രതിവിധികളാണ് സമൂഹത്തിന് സ്വീകരിക്കുവാൻ കഴിയുക.

1. ഓരോ പുരുഷനും ഓരോ സ്ത്രീയെ മാത്രം വിവാഹം ചെയ്യുക. ബാക്കിയുള്ള സ്ത്രീകൾ ലൈംഗികതൃഷ്ണ ഒതുക്കിക്കൊണ്ട് ജീവിക്കുക.

2. ഓരോ പുരുഷനും ഓരോ സ്ത്രീയെ വിവാഹം ചെയ്യുക. ബാക്കിയുള്ള സ്ത്രീകൾ വ്യഭിചാരത്തിലേർപ്പെടുക.

3. പ്രാപ്തരും ഭാര്യമാരോട് നീതിയിൽ വർത്തിക്കുവാൻ കഴിയുമെന്ന് തോന്നുന്നവരുമായ പുരുഷന്മാർ ഒന്നിലധികം ഭാര്യമാരെ സ്വീകരിക്കുക.

ഈ മൂന്നു പരിഹാരങ്ങളിൽ ഏതാണ് മാനവികം? പുരുഷനോടൊത്ത് ജീവിക്കുവാൻ കഴിയാത്ത സ്ത്രീകളെ പരിഗണിക്കുമ്പോൾ ഒന്നാമത്തെ പ്രതിവിധി ക്രൂരവും പ്രകൃതിവിരുദ്ധവുമാണ്. രണ്ടാമത്തെ പ്രതിവിധിയാകട്ടെ ധാർമിക വ്യവസ്ഥയെ തകർക്കുന്നതിലൂടെ സമൂഹത്തെ നശിപ്പിക്കാൻ പോന്നതാണ്. മൂന്നാമത്തെ പ്രതിവിധിതന്നെയാണ് സദാചാരനിഷ്ഠമായ സമൂഹത്തിന്റെ നിലനിൽപ് കാംക്ഷിക്കുന്നവർ തെരഞ്ഞെടുക്കുക. അതുകൊണ്ടാണല്ലോ 1948-ൽ മ്യൂണിക്കിൽ സമ്മേളിച്ച ലോക യുവജനസംഘടന ജർമനിയുടെ പ്രശ്നത്തിന് പരിഹാരമായി ബഹുഭാര്യത്വം നിർദേശിച്ചത്. ഇസ്ലാം നിർദേശിക്കുന്ന പരിഹാരവും ഇതുതന്നെ . ഒരു പരിഹാരം, ലോക യുവജനസംഘടന നിർദേശിക്കുമ്പോൾ മാനവികവും ഇസ്ലാം നിർദേശിക്കുമ്പോൾ അപരിഷ്കൃതവുമാകുന്നതെങ്ങനെയാണ്?

ഇത്തരമൊരു പ്രതിസന്ധിക്ക്, പരിശുദ്ധാത്മാവ് സകലസത്യത്തിലും വഴി നടത്തുന്നുവെന്ന് വിശ്വസിക്കപ്പെടുന്ന ക്രൈസ്തവസഭക്ക് നിർദേശിക്കുവാൻ കഴിയുന്ന പ്രതിവിധിയെന്താണ്? അധികം വരുന്ന സ്ത്രീകളെ





എന്തു ചെയ്യണമെന്നാണ് അവർക്ക് പറയാനുള്ളത്? അവരെയെല്ലാം കർത്താവിന്റെ മണവാട്ടികളാണെന്ന മിഥ്യാബോധത്തിൽ കുരുക്കി കന്യാസ്ത്രീകളാക്കാമെന്ന് സഭ കരുതുന്നുവോ? അതല്ല, ധാർമികതയുടെ അതിരുകൾ അതിലംഘിച്ച് വേശ്യാവൃത്തിയിലേക്ക് നയിക്കപ്പെടുവാൻ സഭ അവർക്ക് കൂട്ടുനിൽക്കുമോ? സത്യത്തിൽ, ഏകഭാര്യാവ്രതമാണ് തങ്ങളുടെ മതത്തിന്റെ അനുശാസനയെന്ന് വീരവാദം മുഴക്കുന്നവരുടെ കൈയിൽ സ്ത്രീകളുടെ എണ്ണം വർധിക്കുന്ന സാമൂഹികസാഹചര്യത്തിൽ സ്വീകരിക്കേണ്ടത് എന്തു നിലപാടാണെന്നതിനെക്കുറിച്ച യാതൊരു ധാരണയുമില്ലെന്നതാണ് യാഥാർഥ്യം.

ബഹുഭാര്യത്വത്തെ അപരിഷ്കൃതമായി കാണുന്ന യുക്തിവാദികളുടെ കെയിൽ ഈ സാമൂഹിക സാഹചര്യത്തിനുള്ള പരിഹാരം വ്യഭിചാരമാണ്. ഗർഭനിരോധന മാർഗങ്ങൾ യഥേഷ്ടം ഉപയോഗിച്ചുകൊണ്ടുള്ള വ്യഭിചാരം! ബർട്രാൻഡ് റസ്സൽ എഴുതുന്നു:

'മുകളിൽ പറഞ്ഞ സാഹചര്യങ്ങളിൽ സാമ്പത്തിക കാരണങ്ങളാൽ പുരുഷന്മാരിൽ മിക്കവരും നേരത്തേ വിവാഹിതരാവുന്നത് അസാധ്യമായി കരുതുകയും അതേസമയം സ്ത്രീകളിൽ കുറേപേർക്ക് വിവാഹിതരാവാൻതന്നെ കഴിയാതെ വരികയും ചെയ്യുന്ന സാഹചര്യങ്ങൾ നിലനിൽക്കുന്നിടത്തോളം കാലം സ്ത്രീ-പുരുഷന്മാർ തമ്മിലുള്ള തുല്യാവകാശം സ്ത്രീകളുടെ ചാരിത്രത്തെ സംബന്ധിച്ച പരമ്പരാഗത സങ്കൽപത്തിൽ ഒരു മാറ്റം ആവശ്യപ്പെടുന്നു. ലൈംഗികബന്ധം അനുവദിക്കപ്പെടുന്നുവെങ്കിൽ (സത്യത്തിൽ അത് നിലനിൽക്കുന്നുണ്ട്) സ്ത്രീകൾക്കും അത് അനുവദിക്കപ്പെടണം. സ്ത്രീകൾ മിച്ചം വരുന്ന നാടുകളിൽ അവിവാഹിതരായി കഴിയുന്ന സ്ത്രീകളെയെല്ലാം ലൈംഗികാനുഭൂതിയിൽനിന്ന് ഒഴിച്ചുനിർത്തുന്നത് വ്യക്തമായ അനീതിയാണ്. വനിതാ പ്രസ്ഥാനങ്ങളുടെ ആദ്യകാല വക്താക്കൾക്ക് ഇക്കാര്യങ്ങൾ കാണാൻ കഴിഞ്ഞിരുന്നില്ലെങ്കിലും അവരുടെ ആധുനികരായ അനുയായികൾ ഇവ വ്യക്തമായി നോക്കിക്കാണുന്നുണ്ട്. ഈ അഭിപ്രായങ്ങളെ അനുകൂലിക്കാത്തവർ സ്ത്രീ ലൈംഗികതയോട് നീതി ചെയ്യുന്നതിന് എതിരാണെന്ന് പറയേണ്ടിവരും (Marriage and morals, Page 59)-

സ്വതന്ത്ര ലൈംഗികത അനുവദിക്കപ്പെടുന്ന സമൂഹത്തിൽ സന്താനോൽപാദനം വിവാഹവൃത്തിയിൽ മാത്രം ഒതുക്കണമെന്നും വിവാഹബാഹ്യമായ ലൈംഗികവേഴ്ചകളെല്ലാം ഗർഭനിരോധന മാർഗങ്ങളുപയോഗിച്ചുകൊണ്ടുള്ളതായിരിക്കണമെന്നും റസ്സൽ നിർദേശിക്കുന്നുണ്ട്.

സ്ത്രീ-പുരുഷ അനുപാതത്തിൽ വ്യത്യാസമുണ്ടാവുന്ന സാമൂഹിക

സാഹചര്യങ്ങളിൽ സാധിക്കുന്ന പുരുഷന്മാർ ഒന്നിലധികം സ്ത്രീകളെ ഭാര്യമാരാക്കിവെച്ചുകൊണ്ട് അവർക്കിടയിൽ നീതിയോടുകൂടി വർത്തിക്കണമെന്ന ഖുർആനിക നിർദേശമോ അധികം വരുന്ന സ്ത്രീകൾ വ്യഭിചാരത്തിലേർപ്പെടണമെന്ന യുക്തിവാദ നിർദേശമോ ഏതാണ് മാനവികം? സ്ത്രീയോട് നീതി ചെയ്യുന്നത് ഏത് നിർദേശമാണ്?

അവിഹിതബന്ധം മൂലം സ്ത്രീ ക്രൂരമായി വഞ്ചിക്കപ്പെടുന്നുവെന്നതല്ലേ സത്യം! ഏതു നിമിഷവും അവളെ പുറംതള്ളാം. ഈ ബന്ധത്തിൽ ജനിക്കുന്ന കുഞ്ഞിനെ-ഒരു ഗർഭ നിരോധനമാർഗവും നൂറുശതമാനം കുറ്റമറ്റതല്ലെന്നോർക്കുക- അതിൻെറ പിതാവിനോട് ചേർക്കാൻ പോലും അവൾക്ക് അവകാശമില്ല. അവളുടെ മാംസളത കുറയുകയും തൊലി ചുളിയുകയും ചെയ്താൽ പിന്നെ അവളെ ആരും തിരിഞ്ഞുനോക്കുകയില്ല. അവകാശങ്ങളുള്ള അധികൃതമായ ഭാര്യ എന്ന പദവിയോ വേശ്യ എന്ന പേരോ ഏതാണ് അഭികാമ്യം? ഒന്നാമത്തെതായിരുന്നാലും നാലാമത്തെതായിരുന്നാലും അവകാശങ്ങളുള്ള അധികൃത ഭാര്യ എന്ന പദവിയും പെരുമാറ്റവും ലഭിക്കുവാൻ ഏതു സ്ത്രീക്കും അവകാശമുണ്ടെന്നാണ് ഇസ്ലാമിൻെറ കാഴ്ചപ്പാട്. സപത്നിയായി ജീവിച്ച് തൻെറയും സന്താനങ്ങളുടെയും ചെലവുകൾ കണക്കുതീർത്തു വാങ്ങുകയും ഭർത്താവിൻെറ മരണശേഷം താനും കുട്ടികളും സ്വത്തിൽ അവകാശികളുമായിത്തീരുകയും ചെയ്യുന്നതോ, ഒരു അവകാശവുമില്ലാതെ വേശ്യയായി ജീവിക്കുകയും അവസാനം നരകിച്ച് സമൂഹത്തിന് ഭാരമായിത്തീരുന്നതോ ഏതാണ് സ്ത്രീക്ക് അഭിമാനകരമായിട്ടുള്ളത്?

രണ്ട്- വിധവളുടെയും അനാഥകളുടെയും സംരക്ഷണം: വിധവകളെയും അനാഥകളെയും സംരക്ഷിക്കേണ്ടത് സമൂഹത്തിൻെറ ബാധ്യതയാണ്. ഈ ബാധ്യത യഥോചിതം നിർവഹിക്കുന്നതിന് ബഹുഭാര്യത്വം ചിലപ്പോൾ അനിവാര്യമായിത്തീരുമെന്ന് കാണാനാവും. യുദ്ധങ്ങളിലും പൊതുജീവിതത്തിലെ അത്യാഹിതങ്ങളിലുമെല്ലാം കൂടുതൽ മരണപ്പെടുന്നത് പുരുഷന്മാരാണല്ലോ. അപ്പോൾ വിധവകളും അവരുടെ അനാഥരായ മക്കളും കൂടുതലായുണ്ടാവുകയും അവരുടെ സംരക്ഷണം സമൂഹത്തിൻെറ ബാധ്യതയായിത്തീരുകയും ചെയ്യുന്നു.

വിധവകളുടെ സംരക്ഷണമെന്നു പറയുമ്പോൾ കേവലം ഭക്ഷണസാമഗ്രികളോ പാർപ്പിടമോ നൽകിയതുകൊണ്ട് അത് പൂർത്തിയാവുമെന്ന് പറയാൻ വയ്യ. പലപ്പോഴും വിധവകളായിത്തീരുന്നത് യുവതികളായിരിക്കും. അവർക്ക് ഒന്നോ രണ്ടോ കുട്ടികളുണ്ടെങ്കിലും മജ്ജയും മാംസവുമുള്ള മനുഷ്യരെന്ന നിലക്ക് ലൈംഗിക വികാരവുമുണ്ടാകും. ഭക്ഷണവും





വസ്ത്രവും പാർപ്പിടവും ലഭിക്കുന്നതുകൊണ്ട് ലൈംഗികതൃഷ്ണ ശമിപ്പിക്കപ്പെടുകയില്ലല്ലോ. അവരെ അങ്ങനെ വിടുന്നത് അസാന്മാർഗിക വൃത്തികളിലേക്ക് ചായുന്നതിന് കാരണമാകും. സമൂഹത്തിൻെറ ധാർമികതയെതന്നെ തകർക്കുന്ന നടപടിയാണത്. അപ്പോൾ അവർ പുനർവിവാഹം ചെയ്യപ്പെടണം. അതാണ് വിധവകളെ സംരക്ഷിക്കുന്നതിനുള്ള യഥാർഥ മാർഗം.

ആരാണ് വിധവകളെ സംരക്ഷിക്കുന്നതിന് സന്നദ്ധരാവുക? വിശേഷിച്ചും ഒന്നോ രണ്ടോ കുഞ്ഞുങ്ങളുള്ള വിധവകളാണെങ്കിൽ പൊതുവേ പുരുഷന്മാർ ആദ്യഭാര്യമാരായി വിധവകളെ സ്വീകരിക്കാൻ മടിക്കും. ഈ മടി സ്വാഭാവികമായതിനാൽ അവർ അക്കാര്യത്തിൽ വിമർശിക്കപ്പെടുന്നത് നീതിയല്ല. ഇവിടെയാണ് ബഹുഭാര്യത്വം വിധവകളുടെ സംരക്ഷണത്തിനെത്തുന്നത്. ഒരു പുരുഷൻെറ രണ്ടാമത്തെയോ മൂന്നാമത്തെയോ ഭാര്യയായിത്തീരാൻ അവൾ സന്നദ്ധയാണെങ്കിൽ മാനുഷികമായ എല്ലാ അവകാശങ്ങളും അനുഭവിക്കാൻ അവൾക്ക് സാധിക്കും.

അനാഥകൾക്കും അമ്മയുടെ രണ്ടാം വിവാഹം ആശ്വാസവും സംരക്ഷണവുമാണ് നൽകുക. അനാഥാലയങ്ങളിൽ എന്തൊക്കെ സൗകര്യങ്ങളുണ്ടായാലും ഒരു കുടുംബത്തിൻെറ സാഹചര്യമുണ്ടാവുകയില്ലല്ലോ. ചെറുപ്പത്തിൽതന്നെ അമ്മയിൽനിന്നു പറിച്ചെടുക്കപ്പെട്ട് അനാഥാലയത്തിൽ അയക്കപ്പെടുന്ന കുഞ്ഞുങ്ങളുടെ മനോനിലയെ അത് കുറച്ചൊന്നുമല്ല ബാധിക്കുക. അമ്മയുടെ മടിയിൽ വളരേണ്ട കാലത്ത് അവർ അവിടെതന്നെ വളരണം. ഒരു കുടുംബാന്തരീക്ഷത്തിൽതന്നെ ജീവിക്കുവാൻ അവർക്ക് അവസരം ലഭിക്കണം. ഇതിനുള്ള അവസരമൊരുക്കാൻ വിധവയുടെ രണ്ടാം വിവാഹത്തിന് സാധിക്കുന്നു. ധാർമികബോധവും മതനിഷ്ഠയുമുള്ളയാളാണ് അമ്മയുടെ പുതിയ ഭർത്താവെങ്കിൽ പിതാവിൻേറതിന് തുല്യമായ പെരുമാറ്റവും സംതൃപ്തമായ കുടുംബാന്തരീക്ഷവും ആ അനാഥകൾക്ക് ലഭിക്കുന്നു. അനാഥാലയത്തിലെ ജീവിതത്തെക്കാൾ എത്രയോ ഉത്തമമാണ് ഇതെന്നുള്ളതാണ് സത്യം.

വിധവകൾക്ക് നിത്യദുഃഖമാണ് പല മതങ്ങളും നിഷ്കർഷിക്കുന്നത്. മനുസ്മൃതിയുടെ വിധി നോക്കുക.

ആ സീതാ മരണാൽക്ഷാന്താ നിയതാ ബ്രഹ്മചാരിണീ

യോ ധർമ്മ ഏക പത്നി നാം കാംക്ഷന്തി നമനുത്തമം (5:158)

(ഭർത്താവു മരിച്ചശേഷം സ്ത്രീ ജീവാവസാനം വരെ സഹനശീലയാ

യും പരിശുദ്ധയായും ബ്രഹ്മധ്യാനമുള്ളവളായും മദ്യ-മാംസഭക്ഷണം ചെ
യ്യാത്തവളായും ഉൽകൃഷ്ടയായ പതിവ്രതയുടെ ധർമത്തെ ആഗ്രഹിക്കു
ന്നവളായും ഇരിക്കേണ്ടതാകുന്നു)

ഇത്തരം നിയമങ്ങളിൽനിന്നാണ് കാലക്രമേണ ഭർത്താവിൻെറ ചിത
യിൽ ഭാര്യയും മരിക്കണമെന്ന സതി സമ്പ്രദായം ഉടലെടുത്തത്. ഇസ്
ലാമാകട്ടെ വിധവകളുടെ പ്രശ്നങ്ങളെ തൊട്ടറിയുകയും അതിനുള്ള പ
രിഹാരങ്ങൾ നിർദേശിക്കുകയും ചെയ്യുന്നു. ബഹുഭാര്യത്വം വഴി പരിഹ
രിക്കാൻ കഴിയുന്ന പ്രശ്നങ്ങൾക്ക് നടുവിൽനിന്ന് കണ്ണടച്ച് ഇരുട്ടാക്കു
വാൻ അത് ആരോടും ആവശ്യപ്പെടുന്നില്ല. അത്തരം അവസരങ്ങളിൽ ഒ
ന്നിലധികം ഭാര്യമാരെ സ്വീകരിക്കുവാൻ അത് അനുവാദം നൽകുന്നു.
വിധവകളുടെയും അനാഥകളുടെയും സംരക്ഷണത്തിനുതകുന്ന തികച്ചും
മാനവികമായ ഒരു സംവിധാനമാണത്. അതുകൊണ്ടുതന്നെ ഇത്തരം ഒ
ട്ടനവധി അവസരങ്ങളിൽ ബഹുഭാര്യത്വം സ്ത്രീയുടെ സംരക്ഷണത്തി
നെത്തുന്നതായാണ് നമുക്ക് കാണാൻ കഴിയുന്നത്.

ബഹുഭാര്യത്വമനുവദിക്കുന്നതിലൂടെ ഇസ്ലാം സ്ത്രീകളെ തരംതാഴ്
ത്തിയെന്ന ആരോപണത്തിൽ കഴമ്പില്ലെന്ന വസ്തുതയാണിവിടെ വ്യക്
തമാവുന്നത്. സദാചാരനിഷ്ഠമായ ഒരു സാമൂഹിക സംവിധാനം കാം
ക്ഷിക്കുന്നവർക്കൊന്നുംതന്നെ ബഹുഭാര്യത്വത്തെ അപ്പടി അധിക്ഷേപി
ക്കുവാൻ കഴിയില്ല.

**പുരുഷന് ബഹുഭാര്യത്വമനുവദിക്കുന്ന ഖുർആൻ എന്തുകൊണ്ട് സ്
ത്രീക്ക് ബഹുഭർതൃത്വം അനുവദിക്കുന്നില്ല?**

പല പുരാതന സമൂഹങ്ങളിലും ബഹുഭർതൃത്വം നിലനിന്നിരുന്നുവെ
ന്നത് നേരാണ്. ടിബറ്റ്, സിലോൺ, സൈബീരിയ തുടങ്ങിയ സ്ഥലങ്ങളി
ലെല്ലാം ഒരു രൂപത്തിലല്ലെങ്കിൽ മറ്റൊരു രൂപത്തിൽ ബഹുഭർതൃത്വം നി
ലനിന്നിരുന്നു. ഇന്ത്യയിലാകട്ടെ ഇതിഹാസകാലത്ത് ഈ സമ്പ്രദായം നി
ലനിന്നിരുന്നുവെന്ന് മനസ്സിലാവുന്നുണ്ട്. വേദകാലത്ത് ബഹുഭർതൃത്വം
നിലനിന്നിരുന്നതായി യാതൊരു സൂചനകളുമില്ല. ഐതരേയ ബ്രാഹ്മ
ണത്തിലും തൈത്തിരീയ സംഹിതയിലും ബഹുഭാര്യത്വത്തെക്കുറിച്ച സൂ
ചനകളുണ്ടെങ്കിലും ബഹുഭർതൃത്വത്തെക്കുറിച്ച യാതൊരു പരാമർശവു
മില്ലെന്ന വസ്തുത വേദകാലത്ത് ആ സമ്പ്രദായം നിലനിന്നിരുന്നില്ലെന്നാ
ണ് വ്യക്തമാക്കുന്നത്. എന്നാൽ മഹാഭാരതത്തിലെ പാഞ്ചാലിയുടെ ക
ഥയിൽനിന്ന് ഇവിടെ ഇതിഹാസകാലമായപ്പോഴേക്ക് ബഹുഭർതൃത്വ സ
മ്പ്രദായം നിലവിൽ വന്നിരുന്നുവെന്ന് മനസ്സിലാക്കാവുന്നതാണ്. അടുത്ത
കാലം വരെയും കേരളത്തിൽ ബഹുഭർതൃത്വം നിലനിന്നിരുന്നു. കൊല്ല





ന്മാർക്കിടയിലും ആശാരിമാർക്കിടയിലും അനേകം സഹോദരന്മാർക്ക് ഒ
രു ഭാര്യയെന്ന സമ്പ്രദായമാണുണ്ടായിരുന്നത്. ഈഴവന്മാർക്കിടയിലും നാ
യന്മാർക്കിടയിലുമെല്ലാം ഇതു നിലനിന്നിരുന്ന പ്രദേശങ്ങളുണ്ടായിരുന്നു.
മലബാറിലും തിരുവിതാംകൂറിലും നായന്മാർക്കിടയിൽ നിലനിന്നിരുന്ന
സംബന്ധം പ്രസിദ്ധമാണല്ലോ. സുന്ദരികളായ സ്ത്രീകൾക്ക് നാലും അ
ഞ്ചും സംബന്ധക്കാരുണ്ടായിരുന്നുവത്രേ.

എന്തുകൊണ്ട് ഇസ്ലാം ബഹുഭർതൃത്വം അനുവദിക്കുന്നില്ല? മനുഷ്യ
പ്രകൃതി ബഹുഭർതൃത്വത്തെ അംഗീകരിക്കുന്നില്ലെന്നതാണ് ഇതിന് കാ
രണം. ധാർമിക നിലവാരമുള്ള ഒരു സമൂഹത്തിൻെറ സൃഷ്ടിക്കുമുമ്പിൽ
ബഹുഭർതൃത്വം ഒരു വിലങ്ങായി മാത്രമേ നിൽക്കൂവെന്നതാണ് വസ്തുത.

ബഹുഭാര്യത്വം പോലെ ഒരു അവകാശമല്ല ബഹുഭർതൃത്വം. ബഹുഭാ
ര്യത്വത്തിലൂടെ സ്ത്രീ സംരക്ഷിക്കപ്പെടുകയും സാമൂഹികമായ ചില പ്രശ്
നങ്ങൾക്ക് പരിഹാരമുണ്ടാവുകയും ചെയ്യുമ്പോൾ ബഹുഭർതൃത്വം മുഖേ
ന സ്ത്രീയുടെയോ പുരുഷൻെറയോ ഒരു അവകാശവും നിറവേറ്റപ്പെടു
കയോ സാമൂഹികമായ മറ്റെന്തെങ്കിലും പ്രശ്നങ്ങൾ പരിഹരിക്കപ്പെടുക
യോ ചെയ്യുന്നില്ല. ബഹുഭർതൃത്വം ഒന്നിനും ഒരു പരിഹാരമല്ല. മറിച്ച് ഒരു
പാട് പ്രശ്നങ്ങൾ സൃഷ്ടിക്കുന്ന ഒരു പ്രശ്നം മാത്രമാണ്. കുടുംബജീവി
തം തകരാറിലാവുകയും സാമൂഹിക ഭദ്രത തകരുകയുമാണ് ഇതിൻെറ
ഫലം. വൈവാഹിക ജീവിതത്തിൻെറ അടിസ്ഥാനപരമായ ഉദ്ദേശ്യങ്ങളി
ലൊന്നുപോലും ബഹുഭർതൃത്വം മുഖേന നിറവേറ്റപ്പെടുന്നില്ല. സ്ത്രീയു
ടെ നിലവാരം ഇടിയുകയും അവൾ അടിമയായി ആപതിക്കുകയും ചെയ്യു
കയാണ് ബഹുഭർതൃത്വത്തിൻെറ പ്രായോഗിക പരിണതി.

ബഹുഭർതൃത്വം സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ നിരവധിയാണ്.

ഒന്ന്: ലൈംഗികബന്ധത്തിൻെറ കാര്യത്തിൽ വിവിധ ഭർത്താക്കന്മാർ
ക്കിടയിൽ പെരുമാറ്റച്ചട്ടം ആവശ്യമായി വരുന്നു. മഹാഭാരതത്തിൽ ബ
ഹുഭർതൃത്വം സ്വീകരിച്ച ദ്രൗപതിയുടെ ജീവിതത്തിൽനിന്നുള്ള ഒരു സം
ഭവം ഇതിന് തെളിവാണ്. പഞ്ചപാണ്ഡവരിൽ ഓരോരുത്തർക്കും രണ്ടര
മാസക്കാലം വീതം പാഞ്ചാലി വീതിച്ചുനൽകിയിരുന്നുവത്രേ. ഒരാളോ
ടൊപ്പം ശയനമുറിയിലിരിക്കുമ്പോൾ മറ്റുള്ളവരൊന്നും കടന്നുവരരുതെ
ന്നായിരുന്നു അവർ തമ്മിലുണ്ടായിരുന്ന കരാർ. ഒരിക്കൽ യുധിഷ്ഠിരനും
പാഞ്ചാലിയുംകൂടി ശയനമുറിയിലായിരിക്കുമ്പോൾ അർജുനൻ അങ്ങോ
ട്ട് കടന്നുചെന്നുകൊണ്ട് കരാർ ലംഘിച്ചു. ഇതിനുള്ള പ്രായശ്ചിത്തമാ
യി അർജുനന് പന്ത്രണ്ട് വർഷത്തെ വനവാസത്തിനു പോകേണ്ടിവന്നു

എന്നാണ് കഥ. ലൈംഗികബന്ധത്തിന്റെ കാര്യത്തിൽ പെരുമാറ്റച്ചട്ടമുണ്ടാക്കുന്നതിന്റെ അപ്രായോഗികത ഈ കഥയിൽനിന്ന് സുതരാം വ്യക്തമാവുന്നുണ്ട്. വിവിധ ഭർത്താക്കന്മാർ തമ്മിലുള്ള സംഘട്ടനത്തിനും പ്രശ്നങ്ങൾക്കും അതു നിമിത്തമാകുന്നു.

രണ്ട്: ഗർഭധാരണത്തിനുശേഷമുണ്ടാകുന്ന പ്രശ്നങ്ങൾ: ഒന്നിലധികം ഭർത്താക്കന്മാരുള്ള സ്ത്രീ ഗർഭിണിയായാൽ ആരാണ് പ്രസ്തുത ഗർഭത്തിന് ഉത്തരവാദിയെന്നു തീരുമാനിക്കാനാവില്ല. ഗർഭകാലത്ത് സ്ത്രീകൾക്ക് ലഭിക്കേണ്ട ശുശ്രൂഷയെയും പരിചരണത്തെയും ഇത് പ്രതികൂലമായി ബാധിക്കും. ഗർഭിണിക്ക് അസ്വസ്ഥതയും കഷ്ടതയും മാത്രമായിരിക്കും ഇത്തരമൊരു അവസ്ഥയിലുണ്ടാവുക. ഗർഭസ്ഥശിശു ആരുടേതാണെന്ന് അറിയാത്തതിനാൽ ആരുംതന്നെ ആത്മാർഥമായ ശുശ്രൂഷക്ക് തയാറാവുകയില്ല. സ്നേഹം മനസ്സിനകത്തുനിന്ന് സ്വമേധയാ നിർഗളിക്കുന്നതാണ്. യാന്ത്രികമായി നിർമിച്ചെടുക്കാവതല്ല. ഗർഭിണികളുടെ ശുശ്രൂഷയും മറ്റു പരിചരണങ്ങളും സ്നേഹത്തിൽനിന്ന് ഉയിർകൊള്ളുന്നതാണ്; ആവണം. അല്ലാത്തപക്ഷം അത് യാന്ത്രികമായിരിക്കും. ഭർത്താവിൽനിന്നും പരിചാരികയിൽനിന്നും ലഭിക്കുന്ന ശുശ്രൂഷകൾ തമ്മിൽ അത്തരം അവസ്ഥയിൽ വ്യത്യാസമൊന്നുമുണ്ടാവുകയില്ല. ഗർഭിണി ആഗ്രഹിക്കുന്നത് അതല്ല. ഗർഭത്തിന്റെ ഉത്തരവാദിയിൽനിന്നുള്ള സ്നേഹോഷ്മളമായ പരിചരണമാണ് അവൾക്കാവശ്യം. അത് ആരാണെന്നറിയാത്തതിനാൽ അത്തരമൊരു പരിചരണം ലഭിക്കാതെ പോകുന്നു. അതുകൊണ്ടുതന്നെ ബഹുഭർതൃത്വം സ്ത്രൈണ പ്രകൃതിയോടുതന്നെ ചെയ്യുന്ന അനീതിയായി ഭവിക്കും.

മൂന്ന്: കുട്ടികളുടെ പിതൃത്വത്തിന്റെ പ്രശ്നം: ബഹുഭർതൃത്വത്തിലൂടെ ഉണ്ടാവുന്ന കുട്ടികളുടെ പിതാക്കൾ ആരൊക്കെയാണെന്ന് മനസ്സിലാക്കാൻ കഴിയില്ല. പിതാക്കളിൽനിന്നു ലഭിക്കേണ്ട സ്നേഹം കുട്ടികൾക്കു ലഭിക്കാതിരിക്കുന്നതിന് ഇതു കാരണമാകുന്നു. കുട്ടികളുടെ സംരക്ഷണം മാതാക്കളുടെ ബാധ്യതയായിത്തീരുന്നു. അത് അവർക്ക് പ്രശ്നങ്ങളുണ്ടാക്കുന്നു. രക്തപരിശോധനയിലൂടെയും 'ഡി.എൻ.എ-വിരലടയാള' പരിശോധനയിലൂടെയും യഥാർഥ പിതാവിനെ കണ്ടുപിടിക്കാ'മല്ലോയെന്നുവേണമെങ്കിൽ വാദിക്കാമെന്നത് ശരിയാണ്. പക്ഷേ, ഒരു കുഞ്ഞിന് പിതൃവാൽസല്യം ലഭിക്കണമെങ്കിൽ ലാബോറട്ടറി റിസൽട്ട് കാത്തിരിക്കണമെന്ന സാഹചര്യം എന്തുമാത്രം വലിയ അനീതിയല്ല! വൈദ്യപരിശോധനയിലൂടെ തെളിയിക്കപ്പെട്ട പിതൃത്വത്തിന് തന്റെ സന്താനങ്ങളോട് എത്രത്തോളം





വൈകാരികമായ ബന്ധമുണ്ടാവുമെന്ന് ഊഹിച്ചാൽ മനസ്സിലാക്കാവുന്നതാണ്. ചുരുക്കത്തിൽ പിതൃ-പുത്രബന്ധത്തിന് പ്രകൃതി നിശ്ചയിച്ച വൈകാരിക ഭാവങ്ങൾക്ക് വിരുദ്ധമാണ് ബഹുഭർതൃത്വമെന്ന സമ്പ്രദായം.

നാല്: അനന്തരാവകാശത്തിന്റെ പ്രശ്നം: പിതാവിനെ തിരിച്ചറിയാതിരിക്കുന്നതുമൂലം വന്നുഭവിക്കുന്ന ഒരു പ്രശ്നമാണിത്. ബഹുഭർതൃത്വത്തിലൂടെ ജനിച്ച കുഞ്ഞിന് ഏത് ഭർത്താവിന്റെ സ്വത്താണ് നൽകുക? കുഞ്ഞുങ്ങൾക്കെല്ലാം തുല്യമായി വീതിക്കാമെന്ന് കരുതാൻ കഴിയില്ല. ഒരു ഭർത്താവ് പണക്കാരനും മറ്റെയാൾ പാവപ്പെട്ടവനുമായിരിക്കാനുള്ള സാധ്യതയുണ്ടല്ലോ. അത്തരം അവസരങ്ങളിൽ ഏതൊക്കെ മക്കൾക്ക് ആരുടെയൊക്കെ സ്വത്താണ് വീതിക്കുക? ഏതെങ്കിലും ഒരു ഭർത്താവ് മരണപ്പെട്ടാൽ എല്ലാ മക്കൾക്കും സ്വത്ത് നൽകണമോ? അതല്ല അയാളുടെ മക്കൾക്ക് മാത്രം നൽകണമോ? ഇങ്ങനെ ഒട്ടനവധി പ്രശ്നങ്ങളുണ്ട്.

അഞ്ച്: വാർധക്യത്തിലെ സംരക്ഷണത്തിന്റെ പ്രശ്നം: ഒന്നിലധികം ഭർത്താക്കന്മാരുള്ള സ്ത്രീയെ ആരാണ് സംരക്ഷിക്കുക? വാർധക്യത്തിൽ അവരുടെ തുണക്ക് ആരാണുണ്ടാവുക? അവളുടെ സംരക്ഷണ ഉത്തരവാദിത്തം ഭർത്താക്കന്മാർ പങ്കിട്ടെടുത്തുവെന്ന് കരുതുക. അത്തരമൊരവസ്ഥയിൽ ഈ സംരക്ഷണം തികച്ചും യാന്ത്രികമായിരിക്കും. സ്നേഹത്തിൽനിന്നുണ്ടാവുന്ന സംരക്ഷണമല്ല അപ്പോൾ ലഭിക്കുക. സംരക്ഷണത്തിന്റെ കാര്യത്തിൽ ഭർത്താക്കന്മാർ തമ്മിൽ കലഹമുണ്ടാവാനും അങ്ങനെ സ്ത്രീ അരക്ഷിതയായിത്തീരുവാനുള്ള സാധ്യതയുമുണ്ട്. സ്ത്രീയുടെ സംരക്ഷണത്തിനുവേണ്ടി ജഗന്നിയന്താവ് നിശ്ചയിച്ച സംവിധാനങ്ങളെ നിഷേധിക്കുന്നവർക്കു മാത്രമേ ബഹുഭർതൃത്വം കരണീയമായി തോന്നൂ.

ആറ്: പുരുഷന്മാർ തമ്മിലുള്ള കലഹം: ഭാര്യയെച്ചൊല്ലി ഭർത്താക്കന്മാർക്കിടയിൽ കലഹമുണ്ടാകുവാൻ സാധ്യതയേറെയാണ്. ലൈംഗികബന്ധത്തിന്റെയും കുഞ്ഞിന്റെയും കുഞ്ഞിന്റെ പിതൃത്വത്തിന്റെയുമെല്ലാം പേരിൽ കലഹങ്ങളുണ്ടാവാം. ഈ കലഹങ്ങൾ കുടുംബസംവിധാനത്തിന്റെ തകർച്ചക്കും സ്ത്രീയുടെ നാശത്തിനും നിമിത്തമാകും.

പ്രകൃതിമതമായ ഇസ്‌ലാം ബഹുഭർതൃത്വം അനുവദിക്കാത്തത് അത് തീർത്തും പ്രകൃതി വിരുദ്ധമായതുകൊണ്ടാണെന്ന് കാണാൻ കഴിയും.

ബഹുഭാര്യത്വമനുവദിച്ച ഇസ്‌ലാം എന്തുകൊണ്ടാണ് ബഹുഭർതൃത്വമനുവദിക്കാത്തത് എന്നാണല്ലോ ചോദ്യം. ബഹുഭാര്യത്വം പല പ്രശ്നങ്ങൾക്കുള്ള പരിഹാരമാണ്. ബഹുഭർതൃത്വമാകട്ടെ ഒരു പ്രശ്നം മാത്രമാ

ണ്. ഒന്നിനുമുള്ള പരിഹാരമല്ല. 'ബഹുഭാര്യത്വം സ്വീകരിക്കുവാൻ പുരുഷനെ നിർബന്ധിക്കുന്ന സാഹചര്യങ്ങൾക്ക് സമാനമായ സാഹചര്യങ്ങൾ സ്ത്രീകൾക്കുണ്ടായാൽ അവർക്ക് എന്തു പരിഹാരമാണുള്ളത്?' എന്ന ചോദ്യമുയരാം. പ്രസ്തുത പ്രശ്നങ്ങൾ പരിശോധിക്കുക:

ഒന്ന്: വൈയക്തികമായ പ്രശ്നങ്ങൾ: സ്ത്രീയുടെ ലൈംഗിക സംതൃപ്തിക്കുവേണ്ടി ഒന്നിലധികം പുരുഷന്മാരെ ആവശ്യമായി വരുന്ന സന്ദർഭങ്ങൾ തീരെയില്ലെന്നുതന്നെ പറയാം. ആരോഗ്യവാനായ ഒരു പുരുഷൻ തന്നെ സ്ത്രീക്ക് തൻെറ ലൈംഗിക ആവശ്യത്തിന് ധാരാളമാണ്. സ്ത്രീയുടെ ആർത്തവം, പ്രസവം തുടങ്ങിയ അവസ്ഥകളിൽ ലൈംഗികാസക്തനായ പുരുഷൻ പ്രയാസപ്പെടുന്നതുപോലെ സ്ത്രീയുമായിബന്ധത്തിന് തടസ്സം നിൽക്കുന്ന അവസ്ഥകളൊന്നും സാധാരണ നിലയിൽ പുരുഷനില്ല. അതുകൊണ്ടുതന്നെ സ്ത്രീക്ക് ലൈംഗിക സംതൃപ്തിക്ക് വേണ്ടി ഒന്നിലധികം പുരുഷന്മാരെ ഭർത്താക്കന്മാരാക്കേണ്ട ആവശ്യം വരുന്നില്ല.

പുരുഷൻെറ ലൈംഗികശേഷിയില്ലായ്മ, വന്ധ്യത എന്നിവയാണ് മറ്റു മുഖ്യപ്രശ്നങ്ങൾ. പുരുഷനിൽ വന്ധ്യതക്കുള്ള കാരണങ്ങൾ ബീജരാഹിത്യം, ബീജങ്ങളുടെ ചലനശേഷിയില്ലായ്മ, ശുക്ലത്തിലെ ബീജങ്ങളുടെ എണ്ണത്തിലുള്ള കുറവ്, ഉൽപാദന ഗ്രന്ഥികളുടെ തകരാറുകൾ എന്നിവയാണ്. ഇവയൊന്നും സ്ഥിരമായ വന്ധ്യതക്കുള്ള കാരണമല്ല. എല്ലാം ഫലപ്രദമായ ചികിൽസകൊണ്ട് മാറ്റാവുന്നതാണ്. പുരുഷന് ലൈംഗിക ശേഷിയില്ലെങ്കിൽ സ്ത്രീക്ക് അയാളിൽനിന്ന് വിവാഹമോചനം നേടാവുന്നതാണ്. ലൈംഗികശേഷിയില്ലാത്ത ഒരു പുരുഷനോടൊപ്പം ജീവിക്കുവാൻ ഇസ്ലാം സ്ത്രീയെ നിർബന്ധിക്കുന്നില്ല. അത്തരം അവസ്ഥയിൽ വിവാഹമോചനംതന്നെയാണ് യുക്തമായ പരിഹാരം; ബഹുഭർതൃത്വമല്ല.

രണ്ട്: സാമൂഹികമായ പ്രശ്നങ്ങൾ: പുരുഷന്മാരുടെ എണ്ണം സ്ത്രീകളുടേതിനേക്കാൾ കൂടുന്ന അവസ്ഥയിൽ ബഹുഭർതൃത്വമനുവദിച്ചുകൂടേയെന്ന് ചോദിക്കാവുന്നതാണ്. ഇത്തരമൊരവസ്ഥ സാധാരണഗതിയിൽ സംജാതമാവുകയില്ല എന്നതാണ് അതിനുള്ള ഉത്തരം. സാധാരണ നടക്കുന്ന പ്രസവങ്ങളിൽ പുരുഷന്മാരുടെഎണ്ണം വർധിക്കുവാനുള്ള സാധ്യത തീരെയില്ല. യുദ്ധങ്ങളിലോ മറ്റോ സ്ത്രീകൾ കൂടുതലായി കൊല്ലപ്പെടുകയും സ്ത്രീകളേക്കാൾ അധികം പുരുഷന്മാർ ഉണ്ടാവുകയും ചെയ്യുന്ന അവസ്ഥയും ഉണ്ടാവുകയില്ല. അപ്പോൾ സ്ത്രീ-പുരുഷ അനുപാത





ത്തിൽ പുരുഷന്മാരുടെ എണ്ണം വർധിക്കുകയെന്നത് ഇല്ലാത്ത പ്രശ്നമാണ്. അതുകൊണ്ടുതന്നെ അതിനുള്ള പരിഹാരമായി ബഹുഭർതൃത്വം നിർദേശിക്കുന്നത് വ്യർഥമാണ്.

ഇന്ത്യയെപ്പോലെയുള്ള രാജ്യങ്ങളിൽ ഈ അടുത്ത കാലത്തെ ജനസംഖ്യാ കണക്കെടുപ്പിൽ പുരുഷന്മാരുടെ എണ്ണമാണ് സ്ത്രീകളേക്കാൾ കൂടുതലെന്ന വസ്തുത ഈ വാദത്തിനെതിരിൽ ചൂണ്ടിക്കാണിക്കാവുന്നതാണ്. അതിനുള്ള കാരണമെന്താണ്? സ്ത്രീ ഭ്രൂണഹത്യ. ഗർഭസ്ഥ ശിശുവിൻെറ ലിംഗ നിർണയം നടത്തി പിറക്കാൻ പോകുന്നത് പെൺകുഞ്ഞാണെങ്കിൽ അതിനെ ഗർഭത്തിൽവെച്ചുതന്നെ നശിപ്പിക്കുന്ന ക്രൂരമായ ഏർപ്പാടിൻെറ പരിണത ഫലമാണിത്. പെൺകുഞ്ഞുങ്ങളെ കൊല്ലുന്ന പ്രാകൃത സമ്പ്രദായത്തിൻെറ പുനരാഗമനത്തിൻെറ ഫലം. ഇത് ഖുർആൻ ശക്തിയായി വിമർശിച്ചിട്ടുള്ളതാണ് (16:59, 6:137, 17:31, 81:9). അതുകൊണ്ടുതന്നെ ഒരു ഇസ്ലാമിക സമൂഹത്തിൽ പെൺഭ്രൂണഹത്യകളോ ആൺഭ്രൂണഹത്യകളോ ഉണ്ടാവില്ല. സ്വാഭാവികമായ പ്രസവം നടക്കുന്ന ഒരു സമൂഹത്തിൽ സ്ത്രീകളുടെ എണ്ണമാണ് കൂടുതലുണ്ടാവുക. പ്രകൃതിയിലെ സംവിധാനം അങ്ങനെയുള്ളതാണ്.

ഇനി ഒരു രാജ്യത്ത് സ്ത്രീകളുടെ എണ്ണം പുരുഷന്മാരുടേതിനേക്കാൾ കുറവാണെങ്കിൽതന്നെ അവിടെ ജീവിക്കുന്ന പുരുഷന്മാർക്ക് അയൽനാടുകളിൽപോയി ഭാര്യമാരെ കണ്ടെത്താവുന്നതാണ്. പുറംനാടുകളിൽ സഞ്ചരിക്കുവാനും അവിടെ ഇണകളെ കണ്ടെത്തുന്നതിനും സ്ത്രീകളേക്കാൾ സാധിക്കുക പുരുഷന്മാർക്കാണ്. അധികം വരുന്ന സ്ത്രീകളോട് പുറംനാടുകളിൽനിന്ന് ഭർത്താക്കന്മാരെ കണ്ടെത്തുവാൻ പറയുന്നത് തീരെ പ്രായോഗികമല്ല. പുരുഷന്മാരുടെ സ്ഥിതി അതല്ല. തങ്ങൾ ജീവിക്കുന്ന പ്രദേശത്ത് സ്ത്രീകൾ കുറവാണെങ്കിൽ അവർക്ക് അന്യനാടുകളിൽനിന്ന് ഇണകളെ കണ്ടെത്തുക അത്രതന്നെ പ്രയാസകരമാവുകയില്ല. സാധാരണഗതിയിൽ ഇത്തരമൊരവസ്ഥ ഉണ്ടാവുകയില്ലെങ്കിലും അഥവാ ഉണ്ടായാൽ അതിനുള്ള പരിഹാരവുമുണ്ട് എന്നതാണ് വാസ്തവം. ബഹുഭർതൃത്വം അനിവാര്യമായിത്തീരുന്ന യാതൊരു സാഹചര്യങ്ങളുമില്ലാത്തതിനാലാണ് ഇസ്ലാം അത് അനുവദിക്കാത്തത് എന്നർഥം.

**അനന്തര സ്വത്തിൽ പുരുഷന് സ്ത്രീയുടേതിൻെറ ഇരട്ടി അവകാശമുണ്ടെന്നാണല്ലോ ഖുർആൻ അനുശാസിക്കുന്നത്. ഇത് വ്യക്തമായ വിവേചനമല്ലേ?**

സത്യത്തിൽ, സ്ത്രീകൾക്ക് അനന്തരസ്വത്ത് നൽകുവാൻ ആഹ്വാനം

ചെയ്യുന്ന ഏക മതഗ്രന്ഥമാണ് ഖുർആൻ. പരിഷ്കൃതമെന്നു വിശേഷിപ്പിക്കപ്പെടുന്ന പല രാജ്യങ്ങളും ഇരുപതാം നൂറ്റാണ്ടിൽ മാത്രമാണ് സ്ത്രീക്ക് അനന്തര സ്വത്തിൽ അവകാശം നൽകിയത്. ഖുർആനാകട്ടെ ഏഴാം നൂറ്റാണ്ടിൽതന്നെ അസന്നിഗ്ധമായി പ്രഖ്യാപിച്ചു. “മാതാപിതാക്കളും അടുത്ത ബന്ധുക്കളും വിട്ടേച്ചുപോയ സ്വത്തിൽ പുരുഷന്മാർക്ക് ഓഹരിയുണ്ട്. മാതാപിതാക്കളും അടുത്ത ബന്ധുക്കളും വിട്ടേച്ചുപോയ സ്വത്തിൽ സ്ത്രീകൾക്കും അവകാശമുണ്ട്” (4:7).

ബൈബിൾ പഴയനിയമപ്രകാരം പുത്രന്മാരുണ്ടെങ്കിൽ അവർക്കു മാത്രമാണ് അനന്തര സ്വത്തിൽ അവകാശമുള്ളത്. മരിച്ചയാളുടെ സ്വത്തുക്കൾ മക്കൾക്കാണ് ഭാഗിച്ചുകൊടുക്കപ്പെടുന്നതെന്ന് സൂചിപ്പിക്കുന്ന വചനങ്ങൾ കാണാനാവും (ആവർത്തനം 21:15-17). പുത്രന്മാരില്ലെങ്കിൽ പുത്രിമാർക്ക് അവകാശം നൽകണമെന്ന് നിർദേശമുണ്ട്. “പുത്രനില്ലാതെ ജനിക്കുന്നയാളുടെ പിന്തുടർച്ചാവകാശം പുത്രിക്കു ലഭിക്കുമാറാകണം” (സംഖ്യ 27:8). വിധവയ്ക്കുപോലും ഭർത്താവിന്റെ സ്വത്തിൽ അവകാശമുണ്ടായിരുന്നില്ല (റവ. എ.സി. ക്ലെയ്റ്റൺ: ബൈബിൾ നിഘണ്ടു, പുറം 113).

ബൈബിൾ പുതിയ നിയമത്തിലാകട്ടെ ദായക്രമത്തെക്കുറിച്ച് പുതിയ നിയമങ്ങളൊന്നുംതന്നെ കാണാൻ കഴിയുന്നില്ല. ക്രൈസ്തവസഭ പൊതുവെ ഇക്കാര്യത്തിൽ പഴയ നിയമത്തിലെ കൽപനകൾ അനുസരിക്കുകയായിരുന്നു ചെയ്തിരുന്നത്. അതുകൊണ്ടുതന്നെ ക്രൈസ്തവ ഭൂരിപക്ഷ പ്രദേശങ്ങളിൽ ഈ അടുത്ത കാലംവരെ അനന്തരാവകാശം മാത്രമല്ല, സ്വത്തു സമ്പാദിക്കുവാൻ വരെ സ്ത്രീകൾക്ക് അവകാശം നൽകപ്പെട്ടിരുന്നില്ല. സ്വന്തം പേരിൽ സ്വത്ത് സമ്പാദിക്കാൻ ന്യൂയോർക്കിലെ സ്ത്രീകളെ അനുവദിക്കുന്നത് 1848-ലാണ്. 1850-ലാണ് അമേരിക്കയിലെ എല്ലാ സംസ്ഥാനങ്ങളിലും സ്ത്രീകൾക്ക് അനന്തരാവകാശം നൽകുന്ന നിയമം പ്രാബല്യത്തിലായത്.

പുരുഷന്റെ സ്വകാര്യ സ്വത്തായി സ്ത്രീയെ കണക്കാക്കുകയും അതുപ്രകാരമുള്ള നിയമങ്ങളാവിഷ്കരിക്കുകയും ചെയ്യുന്ന ഹൈന്ദവഗ്രന്ഥങ്ങൾ അവളെ അനന്തര സ്വത്തിൽ പങ്കാളിയാക്കുന്നതിനെക്കുറിച്ച് പരാമർശിക്കുന്നുപോലുമില്ല. ഭർത്താവിനുദാനം ചെയ്യാനും വിൽക്കാനും ഉപയോഗിക്കുവാനുമെല്ലാം അവകാശമുള്ള സ്വകാര്യ സ്വത്താണ് ഭാര്യ എന്നാണ് ഇതിഹാസകഥകൾ വായിച്ചാൽ നമുക്ക് ബോധ്യപ്പെടുക. അതിഥി പൂജക്കുവേണ്ടി സ്വന്തം ഭാര്യയെ നൽകുന്ന സുദർശനനും (മഹാഭാരതം അനുശാസനപർവം) ഭാര്യയെ വസിഷ്ഠന് നൽകുന്ന മിത്രസഹ





നും (ശാന്തിപർവം) നൽകുന്ന സൂചനയിതാണ്. പിതാവിന്റെ സ്വത്തിൽ പെൺമക്കൾക്ക് അവകാശമുള്ളതായി സൂചിപ്പിക്കുന്ന വചനങ്ങളൊന്നും ഹിന്ദുമതഗ്രന്ഥങ്ങളിൽ കാണാൻ കഴിയില്ല. പുത്രന്മാരാണ് അനന്തര സ്വത്തിൽ അവകാശികളായിട്ടുള്ളവരെന്നാണ് മനുസ്മൃതിയുടെ നിയമം.

ഊർദ്ധ്വം പിതുശ്ച മാതുശ്ച സമേത്യ ഭ്രാതരഃ സ്സമം

ഭജേരൻ പൈതൃകം രിക്ഥമനീശാസ്തേ ഹി ജീവതൊ (9:104)

(മാതാപിതാക്കൾ രണ്ടുപേരും മരിച്ചശേഷം പുത്രന്മാരെല്ലാം ഒന്നുചേർന്ന് അവരുടെ സമ്പാദ്യം വിഭജിച്ച് എടുക്കണം. എന്തുകൊണ്ടെന്നാൽ മാതാപിതാക്കന്മാർ ഇരിക്കുമ്പോൾ അവരുടെ ധനം പുത്രന്മാർക്കു സ്വാധീനമല്ല).

മാതാപിതാക്കളുടെ സ്വത്തിൽ പുത്രന്മാർക്കും പുത്രിമാർക്കുമുള്ള അവകാശം ഖുർആൻ അംഗീകരിക്കുന്നു. പുത്രന്മാർക്കും പുത്രിമാർക്കും മാത്രമല്ല, മാതാപിതാക്കൾക്കും ഭാര്യാഭർത്താക്കന്മാർക്കും സഹോദരീസഹോദരന്മാർക്കുമെല്ലാം മരണപ്പെട്ടയാളുടെ സ്വത്തിലുള്ള അവകാശം എത്രയാണെന്നും എങ്ങനെയാണെന്നുമെല്ലാം ഖുർആൻ വ്യക്തമായി പ്രതിപാദിക്കുന്നുണ്ട്. ഇതിന്റെ ഭാഗം മാത്രമാണ് പുത്രന്റെയും പുത്രിയുടെയും അവകാശം. അനന്തരാവകാശത്തെക്കുറിച്ച് വിശദമായി വിവരിക്കുന്ന ഖുർആൻ സൂക്തങ്ങളുടെ (4:11, 12) തുടക്കം ഇങ്ങനെയാണ്: “നിങ്ങളുടെ സന്താനങ്ങളുടെ കാര്യത്തിൽ അല്ലാഹു നിങ്ങൾക്ക് നിർദേശം നൽകുന്നു. ആണിന് രണ്ട് പെണ്ണിന്റേതിന് തുല്യമായ ഓഹരിയാണുള്ളത്” (4:11) മരിച്ചയാളുടെ പുത്രന് പുത്രിക്കു ലഭിക്കുന്നതിന്റെ ഇരട്ടി സ്വത്ത് അനന്തരമായി ലഭിക്കുമെന്ന് സാരം.

ഇത് സ്ത്രീകളോടുള്ള അവഗണനയാണോ? പുരുഷപക്ഷപാതം പ്രകടിപ്പിക്കുന്ന നിയമമാണോ? വിധി പറയുന്നതിനുമുമ്പ് താഴെ പറയുന്ന വസ്തുതകൾ മനസ്സിലാക്കുക.

ഒന്ന്: സ്ത്രീക്ക് സ്വത്ത് സമ്പാദിക്കുവാനുള്ള അവകാശം ഖുർആൻ അംഗീകരിക്കുന്നു. എത്ര വേണമെങ്കിലും സമ്പാദിക്കാം. പ്രസ്തുത സമ്പാദ്യത്തിൽ പുരുഷന് യാതൊരു അവകാശവുമില്ല. അവളുടെ സമ്പാദ്യം അവളുടേതു മാത്രമാണ്.

രണ്ട്: സ്ത്രീയുടെയോ കുട്ടികളുടെയോ മാതാപിതാക്കളുടെയോ സംരക്ഷണത്തിനുള്ള ഉത്തരവാദിത്തം ഒരു പരിസ്ഥിതിയിലും സ്ത്രീയുടെ ബാധ്യതയായിത്തീരുന്നില്ല. എത്രതന്നെ സമ്പത്തുള്ളവളായിരുന്നാലും ത

ൻെറയും മക്കളുടെയും മാതാപിതാക്കളുടെയും ഭർത്താവിൻെറയും ചെലവ് വഹിക്കാൻ സ്ത്രീക്ക് ബാധ്യതയില്ലെന്നർഥം.

മൂന്ന്: വിവാഹാവസരത്തിൽ വരനിൽനിന് വിവാഹമൂല്യം നേടിയെടുക്കുവാൻ സ്ത്രീക്ക് അവകാശമുണ്ട്. പ്രസ്തുത വിവാഹമൂല്യം (മഹ്ർ) അവളുടെ സമ്പത്തായാണ് ഗണിക്കപ്പെടുന്നത്.

നാല്: കുടുംബത്തിൻെറ സംരക്ഷണം പുരുഷൻെറ ബാധ്യതയാണ്. ഭാര്യയുടെയും കുട്ടികളുടെയും ചെലവുകൾ വഹിക്കാൻ പുരുഷൻ ബാധ്യസ്ഥനാണ്. മാതാപിതാക്കളെയും അടുത്ത ബന്ധുക്കളെയും സംരക്ഷിക്കേണ്ട ബാധ്യതയും പുരുഷൻെറതുതന്നെ. എല്ലാവിധ സാമ്പത്തിക ബാധ്യതയും പുരുഷനാണുള്ളതെന്നർഥം.

അഞ്ച്: ഭാര്യ എത്രതന്നെ വലിയ പണക്കാരിയാണെങ്കിലും അവളുടെ സ്വത്തിൽനിന്ന് അവളുടെ അനുവാദമില്ലാതെ ഒന്നും എടുത്തുപയോഗിക്കുവാൻ ഭർത്താവിന് അവകാശമില്ല.

ഇനി പറയൂ, സ്ത്രീയോട് നീതി പുലർത്തുകയാണോ അതല്ല വിവേചനം കാണിക്കുകയാണോ എന്താണ് ഖുർആൻ ചെയ്തിട്ടുള്ളത്?

സ്ത്രീക്ക് ലഭിക്കുന്ന അനന്തരസ്വത്ത് അവളുടേത് മാത്രമാണ്. മറ്റാർക്കും അതിൽ യാതൊരു പങ്കുമില്ല. പുരുഷന് ലഭിക്കുന്നതോ? അവൻ വിവാഹമൂല്യം നൽകണം, സ്ത്രീയുടെ സംരക്ഷണം ഏറ്റെടുക്കണം, അവൾക്കും കുട്ടികൾക്കുമുള്ള ചെലവുകൾ വഹിക്കണം. എല്ലാം പുരുഷൻെറ ഉത്തരവാദിത്തം. അപ്പോൾ സ്ത്രീയെയാണോ പുരുഷനെയാണോ ഖുർആൻ കൂടുതൽ പരിഗണിച്ചിരിക്കുന്നത്?

സാമ്പത്തിക ബാധ്യതകൾ പുരുഷനിൽ നിക്ഷിപ്തമാക്കുന്ന മറ്റു മതഗ്രന്ഥങ്ങളെല്ലാം പ്രസ്തുത ബാധ്യതകൾക്കു പകരമായി അനന്തരാവകാശം പുരുഷനിൽ പരിമിതപ്പെടുത്തുകയാണ് ചെയ്തിരിക്കുന്നത്. ഖുർആനാകട്ടെ എല്ലാ സാമ്പത്തിക ബാധ്യതകളും പുരുഷനാണെന്ന് പഠിപ്പിക്കുന്നതോടൊപ്പംതന്നെ സ്ത്രീക്ക് അനന്തരാവകാശം നൽകുകയും ചെയ്യുന്നു. പുരുഷൻെറ പകുതി അനന്തരസ്വത്ത് നൽകിക്കൊണ്ട് അത് അവളെ ബഹുമാനിക്കുകയാണ് ചെയ്തിരിക്കുന്നത്.

ഖുർആനിൻെറതല്ലാത്ത ഏത് നിർദേശമാണ് ഈ രംഗത്ത് വിമർശകരുടെ കൈവശമുള്ളത്? രണ്ട് നിർദേശങ്ങൾ ഉന്നയിക്കപ്പെടാം.

1. സ്ത്രീക്ക് പുരുഷൻെറ ഇരട്ടി സ്വത്ത് നൽകുക. സാമ്പത്തിക ബാധ്യതകൾ സ്ത്രീയിൽ നിക്ഷപ്തമാക്കുക.





2. സ്ത്രീക്കും പുരുഷനും സ്വത്തിൽ തുല്യാവകാശം നൽകുക. സാമ്പത്തിക ബാധ്യതകൾ തുല്യമായി വീതിച്ചെടുക്കുക.

ഈ രണ്ട് നിർദേശങ്ങളിലും സാമ്പത്തിക ബാധ്യതകൾ സ്ത്രീയിൽ കെട്ടിയേൽപിക്കുകയാണ് ചെയ്യുന്നത്. സ്ത്രൈണപ്രകൃതിക്ക് വിരുദ്ധമായ ഒരു ആശയമാണിത്. ഗർഭകാലത്തും പ്രസവകാലത്തുമെല്ലാം പുരുഷൻെറ പരിരക്ഷയും സഹായവുമാണ് അവൾ കാംക്ഷിക്കുന്നത്. സാമ്പത്തിക ബാധ്യതകൾ ഒരു നിയമമെന്ന നിലയിൽ സ്ത്രീയുടെ ചുമലിൽ വെക്കുന്നത് ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾക്കു കാരണമാകും. അതുകൊണ്ട് സ്ത്രീക്ക് ഏറ്റവും അനുഗുണമായ നിയമംതന്നെയാണ് സ്വത്തവകാശത്തിൻെറ വിഷയത്തിൽ ഖുർആൻ മുന്നോട്ടുവെച്ചിരിക്കുന്നത്.

**ഒരു പുരുഷനു പകരം രണ്ടു സ്ത്രീകൾ സാക്ഷികളായി ഉണ്ടാവണമെന്നാണല്ലോ ഖുർആനിൻെറ അനുശാസന. ഇതു സ്ത്രീയോടു ചെയ്യുന്ന വ്യക്തമായ ഒരു അനീതിയല്ലേ?**

കടമിടപാടുകളെ സംബന്ധിച്ച് പ്രതിപാദിക്കുന്നിടത്ത് ഖുർആൻ പറയുന്നു:

“നിങ്ങളിൽപെട്ട രണ്ടു പുരുഷന്മാരെ നിങ്ങൾ സാക്ഷിനിർത്തുക. ഇനി ഇരുവരും പുരുഷന്മാരായില്ലെങ്കിൽ നിങ്ങളിഷ്ടപ്പെടുന്ന സാക്ഷികളിൽ നിന്ന് ഒരു പുരുഷനും രണ്ടു സ്ത്രീകളും ആയാലും മതി. അവരിൽ ഒരുവൾക്ക് തെറ്റുപറ്റിയാൽ മറ്റവൾ അവളെ ഓർമിപ്പിക്കുവാൻ വേണ്ടി” (2: 283).

പല മതഗ്രന്ഥങ്ങളും സ്ത്രീ, സാക്ഷ്യത്തിനുതന്നെ അയോഗ്യയാണെന്നാണ് വിധിച്ചിരിക്കുന്നത്. ഉദാഹരണത്തിന്, യാജ്ഞവൽക്യസ്മൃതിയുടെ വിധി കാണുക:

സ്ത്രീ ബാലവൃദ്ധ കിവത മത്തോൻമത്താഭിശസ്തകാഃ

രംഗാവതാരി പാഖണ്ഡി കുടകൃദ്വിലേന്ദ്രിയഃ

പതിതാപതാർത്ഥ സംബന്ധി സഹായരി പുതസ്കരാഃ

സാഹസീ ദൃഷ്ട ദോഷശ്ച നിർദ്ധുതാദ്യാസ്ത്വ സാക്ഷിണഃ

(2:70, 71).

(സ്ത്രീ, ബാലൻ, വൃദ്ധൻ ചൂതുകളിക്കാരൻ, മത്തനായവൻ, ഉന്മാദമുള്ളവൻ, ബ്രഹ്മഹത്യ തുടങ്ങിയ പാപമുള്ളവൻ, ചാരണൻ (ഗായകൻ, നടൻ തുടങ്ങിയവർ), പാഖണ്ഡി (നാസ്തികൻ), വ്യാജരേഖ ചമക്കുന്ന

വൻ, വികലാംഗൻ, പതിതൻ, സുഹൃത്ത്, പണം കൊടുക്കുന്നവൻ, സഹായി, ശത്രു, കള്ളൻ, സാഹസി (പിടിച്ചുപറിക്കാരൻ), പ്രത്യക്ഷമായ ദോഷമുള്ളവൻ, ബന്ധുക്കൾ ഉപേക്ഷിച്ചവൻ തുടങ്ങിയവർ സാക്ഷികളാവാൻ യോഗ്യരല്ല)

എന്തുകൊണ്ടാണ് സ്ത്രീകളെ സാക്ഷ്യത്തിനു പറ്റാത്തത്? മനുസ്മൃതിയുടെ വിശദീകരണം ഇങ്ങനെയാണ്:

ഏകോലുബ്ധസ്തു സാക്ഷീസ്യാൽ ബഹ്വ്യശ്ശൂ ച്യോപിന സ്ത്രീയഃ

സ്ത്രീ ബുദ്ധേര സ്ഥിരത്വാത്തു ദോഷൈശ്ചാന്യോപിയേ വൃതാഃ

(8:77)

(നിഷ്കാമനായ ഒരുത്തനെ സാക്ഷിയായി സ്വീകരിക്കാം. സ്ത്രീകൾ വളരെപ്പേരായാലും അവരുടെ ബുദ്ധിക്കു സ്ഥൈര്യമില്ലാത്തതിനാലും അവരെയും മുൻപറഞ്ഞ ദോഷികളെയും കടം മുതലായ വിഷയത്തിൽ സാക്ഷിത്വേന സ്വീകരിക്കരുത്).

സ്ത്രീയെ സാക്ഷ്യത്തിനേ കൊള്ളുകയില്ലെന്ന നിലപാടുമായി ഇസ്ലാം വിയോജിക്കുന്നു. അവളെ സാക്ഷിയാക്കാമെന്നുതന്നെയാണ് ഇസ്ലാമിൻെറ നിലപാട്. എന്നാൽ, അവളുടെ സാക്ഷ്യത്തിന് വ്യത്യസ്ത തലങ്ങളുണ്ട്. വിവാഹമോചനത്തെയും മരണസമയത്തെ വസ്വിയത്തിനെയും കുറിച്ച് പ്രതിപാദിക്കുമ്പോൾ ഖുർആൻ അവക്ക് രണ്ടു സാക്ഷികൾ വേണമെന്ന് നിഷ്കർഷിക്കുന്നുണ്ട് (65:2, 5:106). ഇവിടെയെല്ലാം സ്ത്രീയായിരുന്നാലും പുരുഷനായിരുന്നാലും രണ്ടു സാക്ഷികളാണ് വേണ്ടതെന്ന അഭിപ്രായക്കാരാണ് പ്രമുഖരായ ഇസ്ലാമിക പണ്ഡിതന്മാർ. അതുപോലെതന്നെ ആർത്തവം, പ്രസവം തുടങ്ങിയ കാര്യങ്ങളുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ സ്ത്രീകളുടെ സാക്ഷ്യം മാത്രമേ സ്വീകാര്യമാകൂ എന്ന കാര്യത്തിൽ ഇസ്ലാമിക പണ്ഡിതന്മാർക്കിടയിൽ അഭിപ്രായാന്തരങ്ങളൊന്നുമില്ല. സദാചാരലംഘനം ആരോപിക്കപ്പെടുന്ന ഘട്ടങ്ങളിൽ സത്യം ചെയ്യുകയും സ്വയം സാക്ഷ്യം വഹിക്കുകയും ചെയ്യേണ്ടിവരുമ്പോഴും സ്ത്രീ-പുരുഷ വ്യത്യാസങ്ങളൊന്നുമില്ലെന്നതാണ് ഖുർആനിക നിലപാട്. (ഖുർആൻ 24:6-9). എന്നാൽ, കടമിടപാടുകളുടെ സ്ഥിതി ഇതിൽനിന്ന് വ്യത്യസ്തമാണ്. സാക്ഷ്യത്തിനുതന്നെ സ്ത്രീകളെ കൊള്ളുകയില്ലായെന്ന 'മത' വീക്ഷണം പുലർത്തുന്ന കാലത്താണ് സ്ത്രീയെ സാക്ഷ്യത്തിന് കൊള്ളുമെന്നും കടമിടപാടുകളുടെ കാര്യത്തിൽ രണ്ടു സ്ത്രീകൾ ഒരു പുരുഷനു പകരം സാക്ഷ്യം വഹിച്ചാൽ മതിയെന്നുമുള്ള





നിയമം ഖുർആൻ പ്രഖ്യാപിക്കുന്നത്. എന്തുകൊണ്ട് ഒരു പുരുഷനുപകരം രണ്ട് സ്ത്രീകൾ വേണം? ഉത്തരവും ഖുർആൻ തന്നെ പറയുന്നുണ്ട്: "അവരിൽ ഒരുവൾക്ക് തെറ്റു പറ്റിയാൽ മറ്റവൾ അവളെ ഓർമിപ്പിക്കുവാൻ വേണ്ടി".

സത്യത്തിൽ ഈ ഖുർആനിക നിർദേശം അതിൻെറ ദൈവികത മനസ്സിലാക്കിത്തരികയാണ് ചെയ്യുന്നത്; സ്ത്രീയെയും പുരുഷനെയും വ്യക്തമായി അറിയാവുന്ന സ്രഷ്ടാവിൻെറ നിയമസംഹിതയാണ് ഖുർആൻ എന്ന വസ്തുത. സ്ത്രീയെ തരം താഴ്ത്തുകയല്ല പ്രത്യുത അവളുടെ അബലതകൾ മനസ്സലാക്കുകയാണ് ഇവിടെ ഖുർആൻ ചെയ്യുന്നത്. നീതി നിർവഹണത്തിന് ഉപയുക്തമാകുംവിധമായിരിക്കണം സ്ത്രീയുടെയും പുരുഷൻെറയും ഓരോ രംഗത്തെയും പങ്കാളിത്തം നിർണയിക്കേണ്ടതെന്ന ഖുർആനിൻെറ പൊതുതത്ത്വംതന്നെയാണ് ഇവിടെയും തെളിഞ്ഞുകാണുന്നത്. താഴെ പറയുന്ന വസ്തുതകൾ ശ്രദ്ധിച്ചാൽ ഇക്കാര്യം ബോധ്യമാവും.

ഒന്ന്: ഈ സൂക്തത്തിൽ കടമിടപാടുകളെക്കുറിച്ചാണ് പരാമർശിച്ചിരിക്കുന്നത്. സാമ്പത്തിക ബാധ്യത പുരുഷന്മാരിലാണ് ഇസ്ലാം നിക്ഷിപ്തമാക്കുന്നതെന്നതിനാൽതന്നെ സാമ്പത്തിക ക്രയവിക്രയങ്ങളിൽ പൊതുവേ പുരുഷന്മാരായിരിക്കും പങ്കാളികളായുണ്ടാവുക. ഇസ്ലാമിക സമൂഹത്തിൽ പരസ്ത്രീ-പുരുഷ സംഗമം പ്രോൽസാഹിപ്പിക്കപ്പെടാത്തതിനാൽ പുരുഷന്മാർ പരസ്പരമുള്ള ഇടപാടുകളിലും അവർ മാത്രം വിഹരിക്കുന്ന രംഗങ്ങളിലും സ്ത്രീകൾ സാക്ഷികളായുണ്ടാവുക സ്വാഭാവികമല്ല. ഇടപാടുകൾക്ക് സ്ത്രീകൾ സാക്ഷികളാണെങ്കിൽതന്നെ അവർ ഇസ്ലാമികമായ അച്ചടക്കം പാലിക്കാൻ ബാധ്യസ്ഥരുമാണ്. അങ്ങനെ അച്ചടക്കം പാലിക്കപ്പെടുന്ന അവസ്ഥയിൽ ഇടപാടുകളുമായി ബന്ധപ്പെട്ട വ്യക്തികളെ വേണ്ടിവിധം തിരിച്ചറിയാൽ കഴിഞ്ഞുകൊള്ളണമെന്നില്ല.

രണ്ട്: സ്ത്രീകൾ പൊതുവേ വികാരജീവികളാണ്. ചടുലമായ വികാരത്താൽ സ്വാധീനിക്കപ്പെടുന്ന സ്ത്രീ സത്യത്തിൽനിന്നും വ്യതിചലിച്ചേക്കാൻ ഇടയുണ്ട്. സാക്ഷ്യം വഹിക്കപ്പെടുന്നത് സാക്ഷിനിൽക്കുന്നവളുടെ അസൂയയെ ഇളക്കിവിടാൻ മാത്രം സൗന്ദര്യമുള്ളവളുടെ കാര്യത്തിലായിരിക്കാം. അല്ലെങ്കിൽ അവളിലെ മൃദുല വികാരങ്ങളെ തൊട്ടുണർത്താൻ പോന്ന ഒരു യുവാവിൻെറ കാര്യത്തിലായിരിക്കാം. മാതൃത്വത്തെ തഴുകിയുണർത്തുന്ന സാഹചര്യങ്ങളുടെ സ്വാധീനമുണ്ടാകാനും സാധ്യതയുണ്ട്. ഈ അവസ്ഥകളിലെ വൈകാരിക സമ്മർദങ്ങൾ അവളുടെ സാക്ഷ്യത്തെ സ്വാധീനിക്കാനിടയുണ്ട്.

മൂന്ന്: സ്ത്രീയുടെ ശാരീരികമായ പ്രത്യേകതകൾ അവളിൽ പല തരത്തിലുള്ള പ്രയാസങ്ങളുമുണ്ടാക്കാറുണ്ട്. ആർത്തവത്തിന് തൊട്ടുമുമ്പുള്ള ദിവസങ്ങളിലെ മനഃസംഘർഷം, ഗർഭധാരണത്തിൻെറ ആദ്യനാളുകളിലെ ശാരീരിക-മാനസിക പ്രശ്നങ്ങൾ, ആർത്തവ വിരാമത്തോടനുബന്ധിച്ചുള്ള പ്രയാസങ്ങൾ, പ്രസവകാലത്തെ പ്രശ്നങ്ങൾ, ഗർഭഛിദ്രമുണ്ടാക്കുന്ന മാനസികാഘാതം ഇങ്ങനെ ഒട്ടനവധി പ്രശ്നങ്ങൾ സ്ത്രീകൾ മാത്രം നേരിടേണ്ടവയാണ്. ഈ സാഹചര്യങ്ങളിൽ ശാരീരിക പ്രയാസങ്ങൾക്കുപുറമെ ഒട്ടനവധി മാനസിക പ്രശ്നങ്ങൾക്കും സ്ത്രീകൾ വിധേയരാവുന്നുവെന്നാണ് ശാസ്ത്രീയ ഗവേഷണങ്ങൾ വ്യക്തമാക്കുന്നത്. മനോമാന്ദ്യം (slow mindedness)-, ഏകാഗ്രതയില്ലായ്മ, ഓർമക്കുറവ് തുടങ്ങിയവ ഈ സാഹചര്യങ്ങളിലെ മാനസിക പ്രശ്നങ്ങളാണെന്നാണ് കണ്ടെത്തിയിട്ടുള്ളത്. സ്ത്രീകളുടെ സാക്ഷ്യത്തെക്കുറിച്ച് പറയുമ്പോൾ ഇത്തരം സാഹചര്യങ്ങളെകൂടി കണക്കിലെടുക്കേണ്ടതുണ്ടല്ലോ. ഒരു പുരുഷ
ന ു പ ക ര ം
രണ്ടു സ്ത്രീകൾ സാക്ഷികളാവണമെന്ന് പറഞ്ഞ സൂക്തത്തിൽ 'ഒരുവൾക്ക് തെറ്റിയാൽ മറ്റെവൾ ഓർമിപ്പിക്കാൻ വേണ്ടി'യെന്നാണ് പറഞ്ഞിട്ടുള്ളതെന്ന കാര്യം പ്രത്യേകം ശ്രദ്ധേയമാണ്.

സത്യത്തിൽ, ഈ ഖുർആനിക നിയമം സ്ത്രീകളുടെ വിലയിടിക്കുയല്ല, പ്രത്യുത അവളുടെ അബലതകളും പ്രയാസങ്ങളും മനസ്സിലാക്കി അതിനുള്ള പരിഹാരമാർഗം നിർദേശിക്കുകയും അവൾക്കുകൂടി പുരുഷനെപ്പോലെ സാക്ഷിയാകുവാനുള്ള അവസരം നൽകുകയുമാണ് ചെയ്യുന്നത്. മനോമാന്ദ്യത്തിൻെറയും ഓർമക്കുറവിൻെറയും അവസ്ഥകളിൽ ഒരുവളെ തിരുത്താൻ മറ്റവൾക്ക് സാധിക്കുകയെന്നതാണ് ഇതിൻെറ താൽപര്യം. അതേസമയം, സ്ത്രീകളുമായി ബന്ധപ്പെട്ട വിഷയങ്ങളിലും അവളുടേതായ ഇടപാടുകളിലും ഒറ്റ സ്ത്രീയുടെ സാക്ഷ്യംതന്നെ പൂർണമായി പരിഗണിക്കപ്പെടുകയും ചെയ്യും. പ്രകൃതിമതത്തിൻെറ നിയമ നിർദേശങ്ങളെല്ലാം പ്രകൃതിയുമായി പൂർണമായും പൊരുത്തപ്പെടുന്നതാണെന്ന യാഥാർഥ്യമാണ് ഇവിടെയും നമുക്ക് കാണാൻ കഴിയുന്നത്.

**അടിമത്തത്തിൻെറ അടയാളമായ മൂടുപടം (പർദ) അണിയാൻ സ്ത്രീകളോടു കൽപിക്കുക വഴി അവളെ പാരതന്ത്ര്യത്തിൻെറ വൻമതിലുകൾക്കകത്ത് തളച്ചിടുകയല്ലേ ഖുർആൻ ചെയ്യുന്നത്?**

ഇസ്ലാമിക വസ്ത്രധാരണം അടിമത്തത്തിൻെറ അടയാളമല്ല. പ്രത്യുത ആഭിജാത്യത്തിൻെറ ചിഹ്നമാണ് എന്ന് അൽപം ചിന്തിച്ചാൽ ബോ





ധ്യമാകും. മുഖവും മുൻകൈയും ഒഴികെയുള്ള ശരീരഭാഗങ്ങളെല്ലാം മറക്കണമെന്ന് ഇസ്ലാം സ്ത്രീയോട് കൽപിക്കുന്നുവെന്നത് ശരിയാണ്. എന്തിനാണ് ഈ കൽപന? സ്ത്രീകളെ അടിമത്തത്തിൻെറ കാരാഗൃഹത്തിലടക്കുകയോ സുരക്ഷിതത്വത്തിൻെറ താഴ്വരയിൽ വിഹരിക്കാനനുവദിക്കുകയോ എന്താണ് ഈ കൽപന ചെയ്യുന്നത്? ഇസ്ലാമിക വസ്ത്രധാരണം നിർബന്ധമാക്കിക്കൊണ്ടുള്ള ഖുർആൻ സൂക്തങ്ങൾ ഈ ചോദ്യങ്ങൾക്ക് വ്യക്തമായ ഉത്തരം നൽകുന്നുണ്ട്. അത് ഇങ്ങനെയാണ്:

"നബിയേ, താങ്കളുടെ പത്നിമാരോടും പുത്രിമാരോടും സത്യവിശ്വാസികളുടെ സ്ത്രീകളോടും അവർ തങ്ങളുടെ മൂടുപടങ്ങൾ തങ്ങളുടെ മേൽ താഴ്ത്തിയിടാൻ പറയുക. അവർ തിരിച്ചറിയപ്പെടുവാനും അങ്ങനെ അവർ ശല്യം ചെയ്യപ്പെടാതിരിക്കാനും അതാണ് ഏറ്റവും അനുയോജ്യമായത്. അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു" (33:59).

"സത്യവിശ്വാസിനികളോട് അവരുടെ ദൃഷ്ടികൾ താഴ്ത്തുവാനും അവരുടെ ഗുഹ്യാവയവങ്ങൾ കാത്തുരക്ഷിക്കാനും അവരുടെ ഭംഗിയിൽനിന്ന് പ്രത്യക്ഷമായതൊഴിച്ച് മറ്റൊന്നും വെളിപ്പെടുത്താതിരിക്കുവാനും നീ പറയുക. അവരുടെ മക്കനകൾ കുപ്പായമാറുകൾക്ക് മീതെ അവർ താഴ്ത്തിയിട്ടുകൊള്ളട്ടെ" (24:31).

"പഴയ അജ്ഞാനകാലത്തെ സൗന്ദര്യപ്രകടനം പോലെയുള്ള സൗന്ദര്യ പ്രകടനം നിങ്ങൾ നടത്തരുത്'' (33:33).

സ്ത്രീയോട് മാന്യമായ വസ്ത്രധാരണരീതി സ്വീകരിക്കാൻ കൽപിച്ചതിന് പിന്നിലുള്ള ലക്ഷ്യങ്ങൾ ഈ സൂക്തങ്ങളിൽൽനിന്ന് സുതരാം വ്യക്തമാണ്.

ഒന്ന്, തിരിച്ചറിയപ്പെടുക.

രണ്ട്, ശല്യം ചെയ്യപ്പെടാതിരിക്കുക.

സമൂഹത്തിൻെറ വ്യത്യസ്ത തുറകളിൽ ജീവിക്കുന്നവർ തിരിച്ചറിയപ്പെടുന്നതിനുവേണ്ടി വ്യത്യസ്ത വസ്ത്രധാരണരീതികൾ സ്വീകരിക്കാറുണ്ട്. സ്ത്രീകളെ സംബന്ധിച്ചിടത്തോളം അവരുടെ വസ്ത്രധാരണരീതിയിൽനിന്നുതന്നെ ഒരളവോളം അവരുടെ ജീവിതരീതിയെയും പെരുമാറ്റ രീതിയെയും നമുക്ക് അളക്കുവാൻ സാധിക്കും.

ആവശ്യക്കാർക്ക് തിരിച്ചറിയുവാൻ സാധിക്കുന്ന രീതിയിലുള്ള വസ്ത്രധാരണരീതിയാണ് വേശ്യകൾ സ്വീകരിക്കുക. ക്ഷേത്രങ്ങളോട് ബന്

ധപ്പെട്ട് ജീവിച്ചിരുന്ന ദേവദാസികൾക്ക് അവരുടേതായ വസ്ത്രധാരണ രീതിയുണ്ടായിരുന്നു. ഗ്രീസിലെ ഹെറ്റേയ്റേകൾക്കും ചൈനയിലെ ചിൻ കുവാൻ ജെന്നുകൾക്കും ജപ്പാനിലെ ഗായിഷേകൾക്കുമെല്ലാം അവരുടേതായ വസ്ത്രധാരണരീതികളുണ്ടായിരുന്നതായി കാണാൻ കഴിയും. ഈ വസ്ത്രധാരണത്തിൽനിന്ന് അവരെ മനസ്സിലാക്കാം. ആവശ്യക്കാർക്ക് ഉപയോഗിക്കുവാൻ ക്ഷണിക്കുകയും ചെയ്യാം.

ഇസ്‌ലാം വിഭാവനം ചെയ്യുന്ന സ്ത്രീ, മാന്യയും കുലീനയുമാണ്; ചാരിത്രവതിയും സദ്‌വൃത്തയുമാണ്. അവളുടെയടുത്തേക്ക് ലൈംഗികദാഹം പൂണ്ട ചെന്നായ്ക്കൾ ഓടിയടുക്കേണ്ടതില്ല. കാമാഭ്യർഥനയുമായി അവളെ ആരും സമീപിക്കേണ്ടതില്ല. ഇത് അവളുടെ വസ്ത്രത്തിൽനിന്നുതന്നെ തിരിച്ചറിയണം. പതിനഞ്ചാം നൂറ്റാണ്ടിലെ വെനീസിലെ നിയമസംഹിതയിൽ വേശ്യകൾ മാറുമറയ്ക്കാതെ ജനാലക്കൽ ഇരുന്നുകൊള്ളണമെന്ന കൽപനയുണ്ടായിരുന്നു. മാംസദാഹം തീർക്കുവാൻ വരുന്നവർക്ക് മാംസഗുണമളക്കുവാൻ വേണ്ടിയുള്ള നടപടി! ഇന്നലെകളിൽ ആവശ്യക്കാരെ ആകർഷിക്കുന്നതിനുവേണ്ടി അഭിസാരികകൾ സ്വീകരിച്ചിരുന്ന വസ്ത്രങ്ങൾക്ക് സമാനമായ ഉടയാടകളാണ് ആധുനിക വനിതകളുടെ വേഷമെന്ന കാര്യം എന്തു മാത്രം വിചിത്രമല്ല! സത്യവിശ്വാസികളെയും മാംസവിൽപനക്കാരികളെയും തിരിച്ചറിയണമെന്ന് ഖുർആൻ നിർദേശിക്കുന്നു; അവരുടെ വസ്ത്രധാരണത്തിലൂടെ.

എക്കാലത്തും ശല്യം ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്ന ഒരു വിഭാഗമാണ് സ്ത്രീകൾ. അവരുടെ മാംസത്തിനുവേണ്ടി-ചാരിത്ര്യത്തിനുവേണ്ടി-കടിപിടി കൂടുന്നവരാണ് എന്നത്തെയും സാഹിത്യ-സാംസ്കാരിക രംഗത്തെ നായകന്മാർ. നഗ്നനൃത്തങ്ങളും നഗ്നതാ വിവരങ്ങളുൾക്കൊള്ളുന്ന കവിതകളും ഉപയോഗിച്ചുകൊണ്ടായിരുന്നു ഇന്നലെ സ്ത്രീയുടെ മാനത്തെ പിച്ചിച്ചീന്തിയിരുന്നതെങ്കിൽ ഇന്നത് 'വിഡ്ഢിപ്പെട്ടി'കളിലൂടെയും ഇൻറർനെറ്റിലൂടെയും കുടുംബത്തിൻെറ ഇടനാഴികളിലേക്ക് കടന്നുവന്നുകൊണ്ടിരിക്കുകയാണ്. ആധുനിക ജനതയുടെ മുഴുജീവിതവും ലൈംഗികവത്കരിക്കപ്പെട്ടിരിക്കുകയാണ്. അതിരാവിലെ കുടിക്കേണ്ട കാപ്പിയേതാണെന്ന് തെരഞ്ഞെടുക്കുന്നതിനും അതിരാത്രി ഉറങ്ങുമ്പോൾ വെയ്ക്കേണ്ട തലയിണ ഏതാണെന്ന് തീരുമാനിക്കുന്നതിനുംപോലും പെണ്ണിൻെറ നിമ്നോന്നതികളിലൂടെ കണ്ണ് പായിക്കണമെന്നുള്ള അവസ്ഥയാണിന്നുള്ളത്.

അതുകൊണ്ടുതന്നെ, പെണ്ണിനു നേരെയുള്ള കൈയേറ്റങ്ങളും കൂടിക്കൊണ്ടിരിക്കുന്നു. സ്വന്തം മകളെ മാനഭംഗം ചെയ്യുന്ന അച്ഛനും പെറ്റമ്മയുമായി ലൈംഗികകേളികളിലേർപ്പെടുന്ന മകനും നമ്മുടെ മസ്തിഷ്കങ്ങളിൽ യാതൊരു ആന്ദോളനവും സൃഷ്ടിക്കാത്ത കഥാപാത്രങ്ങളായിക്കൊണ്ടിരിക്കുന്നു. വിദ്യാർഥിനികളെ മാനഭംഗപ്പെടുത്തുന്ന അധ്യാപകർ! അധ്യാപികമാരുമായി ഊരുചുറ്റുന്ന വിദ്യാർഥികൾ! വനിതാ സെക്രട്ടറിയുമായി ബന്ധപ്പെട്ട ലൈംഗിക അപവാദങ്ങൾ മൂലം രാജിവെച്ചൊഴിയേണ്ടിവരുന്ന ഉദ്യോഗസ്ഥ പ്രമുഖർ! പലരുമായി ലൈംഗികബന്ധമുണ്ടെന്ന് പരസ്യമായി പ്രഖ്യാപിക്കുന്ന രാജകുമാരിമാർ! ഇങ്ങനെ പോകുന്നു ദിനപത്രങ്ങളിൽ ദിനേന നാം വായിക്കുന്ന വർത്തമാനങ്ങൾ. സ്ത്രീകൾക്ക് സ്വൈരമായി യാത്ര ചെയ്യാൻ കഴിയാത്ത അവസ്ഥ! സ്വൈര്യമായി ജോലി ചെയ്യാനാവാത്ത സ്ഥിതി! എന്തിനധികം, സ്വൈര്യമായി വീട്ടിൽ അടങ്ങിക്കൂടി നിൽക്കുവാൻ പോലും കഴിയാത്ത അവസ്ഥയിലേക്കാണ് നമ്മുടെ സമൂഹം പൊയ്ക്കൊണ്ടിരിക്കുന്നത്. ഇതിനെന്താണ് കാരണം? പക്വമതികളായ വിദഗ്ധർ പറയുന്ന ഉത്തരം ശ്രദ്ധിക്കുക:

'കുമാരി' വാരികയിലെ 'പ്രതിവാര ചിന്തകൾ' എന്ന പംക്തിയിൽ എൻ.വി. കൃഷ്ണവാരിയർ എഴുതി: "സ്ത്രീകളുടെ മാദകമായ വസ്ത്രധാരണവും ചേഷ്ടകളും നിമിത്തം മതിമറന്ന് താൽക്കാലികമായ ഒരു ഉന്മാദാവസ്ഥയിലാണ് പുരുഷൻ ബലാൽസംഗം നടത്തുന്നതെന്ന് പൊതുവെ വിശ്വസിക്കപ്പെടുന്നു. പുരുഷനെ ഉത്തേജിപ്പിക്കുമാറ് വസ്ത്രം ധരിച്ച ഓരോ സ്ത്രീയും ബലാൽസംഗം അർഹിക്കുന്നുവെന്ന് ഇന്ത്യയിൽ ഒരു സുപ്രീംകോടതി ജഡ്ജി കുറെമുമ്പ് പരസ്യമായി പ്രസ്താവിക്കുകയുണ്ടായി" (കുമാരി വാരിക 11.3.83).

അപ്പോൾ വസ്ത്രധാരണത്തിൽ മാന്യത പുലർത്തുന്നതുവഴി സ്ത്രീ സ്വന്തം ശരീരത്തെ സംരക്ഷിക്കുകയാണ് ചെയ്യുന്നത്. പടച്ചതമ്പുരാൻ പറഞ്ഞതെത്ര ശരി!

"അവർ തിരിച്ചറിയപ്പെടാനും ശല്യം ചെയ്യപ്പെടാതിരിക്കാനും അതാണ് അനുയോജ്യം" (33:59).

വ്യഭിചാരവും ബലാൽസംഗങ്ങളും സ്ത്രീകൾക്ക് നേരെയുള്ള കൈയേറ്റങ്ങളും അവസാനിപ്പിക്കുന്നതിൻെറ ആദ്യപടിയെന്ന നിലക്കാണ് മാന്യമായി വസ്ത്രധാരണം ചെയ്യണമെന്ന് ഖുർആൻ സ്ത്രീകളോട് ഉപദേശിക്കുന്നത്.

മുഖവും മുൻകൈയും ഒഴികെയുള്ള ശരീരഭാഗങ്ങളെല്ലാം മറയ്ക്കണമെന്നുതന്നെയായിരുന്നു സത്യവിശ്വാസിനികളായ സ്ത്രീകളോട് മുൻ പ്ര

വാചകന്മാരും പഠിപ്പിച്ചിരുന്നത് എന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. അന്യപുരുഷന്മാരെ കാണുമ്പോൾ മൂടുപടം അണിയുന്ന പതിവ് ഇസ്രായേൽ സമൂഹത്തിൽ ആദ്യം മുതൽക്കുതന്നെ നിലനിന്നിരുന്നുവെന്നാണ് പഴയനിയമ ചരിത്രം നൽകുന്ന സൂചന (ഉൽപത്തി 24:62–65). ഒരു സ്ത്രീയുടെ മൂടുപടം എടുത്തുകളയുന്നത് അവളെ മാനഭംഗം ചെയ്യുന്നതിന് തുല്യമായിക്കൊണ്ട് വിശേഷിപ്പിക്കപ്പെട്ടതിൽനിന്ന് (ഉത്തമഗീതം 5:7) അതിനുണ്ടായിരുന്ന പ്രാധാന്യം എത്രത്തോളമായിരുന്നുവെന്ന് ഊഹിക്കുവാൻ കഴിയും.

യേശുക്രിസ്തുവിന് ശേഷവും മൂടുപടം ഉപയോഗിക്കുന്ന സമ്പ്രദായം നിലനിന്നിരുന്നതായി കാണാൻ കഴിയും. പൗലോസിൻെറ എഴുത്തുകളിൽനിന്ന് നമുക്ക് ഇക്കാര്യം മനസ്സിലാക്കാനാവും. അദ്ദേഹം എഴുതി: “സ്വന്തം ശിരസ്സ് മൂടാതെ പ്രാർഥിക്കയോ പ്രവചിക്കയോ ചെയ്യുന്ന സ്ത്രീ തൻെറ ശിരസ്സിനെ അപമാനിക്കുന്നു. അവളുടെ തല മുണ്ഡനം ചെയ്യുന്നതിന് സമമാണത്. തല മൂടാത്ത സ്ത്രീ തൻെറ മുടി മുറിക്കണം. മുടി മുറിക്കുന്നതും മുണ്ഡനം ചെയ്യുന്നതും അപമാനമാണെന്ന് കരുതുന്നവർ ശിരോവസ്ത്രം ധരിക്കട്ടെ” (1 കൊരിന്ത്യർ 11:5–7).

“വ്യഭിചാരത്തെ സമീപിക്കുകപോലും ചെയ്യരുത്” (17:32) എന്ന സത്യവിശ്വാസികളോടുള്ള ഖുർആനിക കൽപനയുടെ പ്രയോഗവത്കരണത്തിൻെറ ഭാഗമായിട്ടാണ് മാന്യമായ വസ്ത്രധാരണം വേണമെന്ന് അത് സ്ത്രീകളോട് അനുശാസിക്കുന്നത്. കാമാർത്തമായ നോട്ടവും വാക്കും അംഗചലനങ്ങളുമെല്ലാം വ്യഭിചാരത്തിൻെറ അംശങ്ങളുൾക്കൊള്ളുന്നവയാണെന്നാണ് മുഹമ്മദ് നബി (സ) പഠിപ്പിച്ചത്. വ്യഭിചാരത്തിലേക്കും തദ്വാരാ സദാചാര തകർച്ചയിലേക്കും നയിക്കുന്ന ‘കൊച്ചു വ്യഭിചാരങ്ങ’ളുടെ വാതിലടയ്ക്കണമെന്ന് ഇസ്‌ലാം നിഷ്കർഷിക്കുന്നു. മാദകമായ വസ്ത്രധാരണവും ലൈംഗികചേഷ്ടയിലെ അംഗചലനങ്ങൾക്കൊള്ളുന്ന നൃത്തനർത്യങ്ങളും ഇസ്‌ലാം നിരോധിക്കുന്നത് അതുകൊണ്ടാണ്.

വ്യഭിചാരം കടന്നുവരുന്ന വാതിലുകൾ അടയ്ക്കണമെന്നുതന്നെയാണ് യേശുക്രിസ്തുവും പഠിപ്പിച്ചത്. അദ്ദേഹം ഉപദേശിച്ചു:‘വ്യഭിചരിക്കരുത് എന്ന കൽപന നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. എന്നാൽ, ഞാൻ നിങ്ങളോട് പറയുന്നു: കാമാർത്തിയോടെ സ്ത്രീയെ നോക്കുന്നവൻ അവളെ തൻെറ മനസ്സിൽ വ്യഭിചരിച്ചുകഴിഞ്ഞു. പാപം ചെയ്യാൻ നിൻെറ വലതു കണ്ണ് കാരണമാകുന്നുവെങ്കിൽ അത് ചൂഴ്ന്നെടുത്ത് എറിഞ്ഞുകളയുക. നിൻെറ ഒരവയവം നഷ്ടപ്പെടുന്നതാണ് ശരീരം മുഴുവൻ നരകത്തിൽ എറിയ





പ്പെടുന്നതിനേക്കാൾ ഉത്തമം. നീ പാപം ചെയ്യാൻ നിൻെറ വലതുകൈ കാരണമാകുന്നുവെങ്കിൽ അതു വെട്ടി എറിഞ്ഞുകളയുക. നിൻെറ ഒരവയവം നഷ്ടപ്പെടുന്നതാണ് ശരീരം മുഴുവൻ നരകത്തിൽ വീഴുന്നതിനേക്കാൾ ഉത്തമം” (മത്തായി 5:27–30).

വ്യഭിചാരം ഇല്ലാതാക്കുവാൻ കാമാർത്തമായ നോട്ടവും കാമമുളവാക്കുന്ന ചലനങ്ങളുമില്ലാതാക്കണമെന്നാണ് ക്രിസ്തു ഇവിടെ പഠിപ്പിക്കുന്നത്. അതില്ലാതെയാവണമെങ്കിൽ എന്താണാവശ്യം? സ്ത്രീ മാന്യമായി വസ്ത്രം ധരിക്കണം, തൻെറ ശരീരത്തിൻെറ നിമ്നോന്നതികൾ വ്യക്തമാക്കാത്ത-സൗന്ദര്യം പ്രകടമാക്കാത്ത വസ്ത്രം. ഇങ്ങനെ വസ്ത്രം ധരിക്കണമെന്ന് നിഷ്കർഷിക്കുന്ന ഖുർആനുമായി വന്ന മുഹമ്മദ് നബി (സ)യാണോ, സ്ത്രീ സൗന്ദര്യത്തെ വിപണനത്തിനുള്ള മാർഗമായി കാണുന്ന മുതലാളിത്തത്തിന് ഓശാന പാടുന്ന പുരോഹിത സഭയാണോ അന്തിക്രിസ്തുവെന്ന് ചിന്തിക്കുവാൻ സാധാരണ ക്രൈസ്തവർ സന്നദ്ധരാവണം.

ക്രൈസ്തവ ഗ്രന്ഥകാരനായ സാക്ക് പുന്നൻെറ ഭാര്യ ഡോ. ആനി പുന്നൻ ക്രിസ്ത്യൻ വനിതകൾക്ക് നൽകുന്ന ഉപദേശം ശ്രദ്ധേയമാണ്: “ദൈവം നമ്മെ വിശ്വസിച്ചേൽപിച്ചിരിക്കുന്ന ഒരു സ്വത്താണ് ശരീരം. അതിനെ നാം ദുരുപയോഗം ചെയ്യാൻ പാടില്ല. നമ്മുടെ ശരീരം കൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തുവാൻ ദൈവം നമ്മോട് കൽപിച്ചിരിക്കുന്നു. ഇത് ശാരീരിക ശീലങ്ങളെക്കുറിച്ച് മാത്രമല്ല, ശരീരത്തിൽ നാം ധരിക്കുന്ന വേഷവിധാനത്തെക്കുറിച്ചുംകൂടിയാണ് പറഞ്ഞിട്ടുള്ളത്. പുരുഷന്മാരെ ആകർഷിക്കുവാൻ നൽകിയിട്ടുള്ള ഈ ശക്തിയെ പലവിധ മാർഗങ്ങളിലൂടെ ദുരുപയോഗപ്പെടുത്തിയതിന് സിയോൻ പുത്രിമാരെ ദൈവം ശിക്ഷ വിധിച്ചതായി പഴയ നിയമത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു (യെശ. 3:16–24 വായിക്കുക).

അകമേ നാം യഥാർഥത്തിൽ എന്തായിരിക്കുന്നുവെന്ന് കാണിക്കുന്ന ഒരു പരസ്യമാണ് നാം ധരിക്കുന്ന വസ്ത്രങ്ങൾ പലപ്പോഴും. ഒരളവുവരെ അത് നമ്മുടെ വ്യക്തിത്വത്തെ വെളിപ്പെടുത്തുന്നു. മറ്റു മനുഷ്യർക്ക് നമ്മെക്കുറിച്ചുള്ള ആദ്യധാരണ ലഭിക്കുന്നത് സാധാരണയായി നാം ധരിക്കുന്ന വസ്ത്രങ്ങളിലൂടെയാണ്. അതിനാൽ നമ്മുടെ വസ്ത്രധാരണത്തിൽ നാം ലോകത്തിൻെറ വഴികൾ പിന്തുടരുന്നുവെങ്കിൽ ക്രിസ്തുവിനുവേണ്ടിയുള്ള നമ്മുടെ സാക്ഷ്യം നിഷ്ഫലമായിത്തീർന്നെന്നു വരാം...

പുരുഷന്മാരിൽ ദുർമോഹം ജനിപ്പിക്കുമാറുള്ള വസ്ത്രധാരണാരീതി

നാം ഏതായാലും ധരിക്കാൻ പാടില്ല. ദൈവം ദുർമോഹത്തിന് പുരുഷന്മാരെ വിധിക്കുമെങ്കിൽ അവരിൽ ദുർമോഹം ജനിപ്പിക്കുമാറ് വസ്ത്രധാരണം ചെയ്ത യുവതികളെക്കൂടി വിധിക്കുക എന്നുള്ളത് യുക്തിയുക്തം മാത്രമാണ്" (സാക് പുന്നൻ: സെക്സ്, പ്രേമം, വിവാഹം-ക്രിസ്തീയ സമീപനം, പുറം 112, 113).

എങ്ങനെയാണ് ഒരു സ്ത്രീ മാന്യമായി വസ്ത്രം ധരിക്കേണ്ടത്? കാർക്കൂന്തലുകളും മാറിൻെറ സിംഹഭാഗവും വയറുമെല്ലാം പുറത്തുകാണിച്ചുകൊണ്ടുള്ള പഴയ ദേവദാസികളുടേതിനു തുല്യമായ വസ്ത്രധാരണാരീതിയോ? കാൽമുട്ടുവരെയും കഴുത്തും കാർക്കൂന്തലുകളും പുറത്ത് കാണിച്ചുകൊണ്ടുള്ള ഗ്രീസിലെ ഹെറ്റയ്റേകളുടെ വസ്ത്രധാരണ സമ്പ്രദായമോ? ഇറുകിയ വസ്ത്രങ്ങളിലൂടെ ശരീരത്തിൻെറ നിമ്നോന്നതികൾ പുരുഷന് മുന്നിൽ പ്രദർശിപ്പിക്കുന്ന ചൈനയിലെ ചിൻകുവാൻ ജെന്നുകളുടെ ഉടയാടകൾക്ക് തുല്യമായ പുടവകളോ? അതല്ല, മുഖവും മുൻകൈയും മാത്രം പുറത്തുകാണിക്കുകയും ശരീരഭാഗങ്ങൾ വെളിവാകാത്ത രൂപത്തിൽ അയഞ്ഞ വസ്ത്രം ധരിക്കുകയും ചെയ്യുന്ന ഇസ്‌ലാമിക രീതിയോ? മുൻധാരണയില്ലാത്ത ആർക്കും അവസാനത്തേതല്ലാത്ത മറ്റൊരു ഉത്തരം തെരഞ്ഞെടുക്കാൻ കഴിയില്ല.

ഇസ്‌ലാം സ്ത്രീയോട് മാന്യമായി വസ്ത്രം ധരിക്കാൻ പറയുക മാത്രമല്ല, എങ്ങനെയാണ് ആ വസ്ത്രധാരണരീതിയെന്ന് പഠിപ്പിക്കുക കൂടി ചെയ്തുവെന്നുള്ളതാണ് അതിൻെറ ഏറ്റവും വലിയ സവിശേഷത. പുരുഷന്മാരെ വഴിതെറ്റിക്കുന്ന രീതിയിലുള്ള വസ്ത്രധാരണം സ്വീകരിക്കരുതെന്ന് പറയുന്ന മറ്റുള്ളവർക്ക് പലപ്പോഴും പ്രസ്തുത വസ്ത്രധാരണ രീതിയെക്കുറിച്ച് വ്യക്തമായൊരു ചിത്രം നൽകാൻ കഴിയാറില്ല. ഇസ്‌ലാം വിജയിക്കുന്നത് ഇവിടെയാണ്. ഇസ്‌ലാമിക വസ്ത്രധാരണാരീതി സ്വീകരിച്ചിരിക്കുന്ന സമൂഹങ്ങളിൽ സ്ത്രീകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ തുലോം വിരളമാണെന്ന വസ്തുത 'അവർ ശല്യപ്പെടാതിരിക്കാൻ വേണ്ടി" (33:59) എന്ന ഖുർആനിക നിർദേശത്തിൻെറ സത്യതയും പ്രായോഗികതയും വ്യക്തമാക്കുന്നതാണ്.

ഇസ്‌ലാമിക വസ്ത്രധാരണം സ്ത്രീയെ അടുക്കളയിൽ തളച്ചിടുന്നതിനുവേണ്ടി സൃഷ്ടിച്ചെടുത്തതാണെന്ന ആരോപണം അടിസ്ഥാനരഹിതമാണ്. ഈ വസ്ത്രധാരണാരീതി സ്വീകരിച്ചുകൊണ്ടുതന്നെ സമൂഹത്തിൻെറ വിവിധ തുറകളിൽ പ്രശോഭിച്ച ഒട്ടനവധി മഹിളാരത്നങ്ങളെക്കുറിച്ച് ചരിത്രം നമുക്ക് പറഞ്ഞുതരുന്നുണ്ട്. പ്രവാചകനിൽനിന്ന് കാര്യങ്ങൾ





പഠിക്കുകയും അദ്ദേഹത്തിൻെറ ജീവിതകാലത്തും ശേഷവും പ്രവാചകാനുചരന്മാരെ പഠിപ്പിക്കുകയും ചെയ്യുന്നതിന് പ്രവാചകപത്നി ആഇശ(റ)ക്ക് ഇസ്‌ലാമിക വസ്ത്രധാരണം ഒരു തടസ്സമായി നിന്നിട്ടില്ല. പ്രസ്തുത വസ്ത്രം ധരിച്ചുകൊണ്ടുതന്നെയായിരുന്നു അവർ ജമൽ യുദ്ധം നയിച്ചത്. പുരുഷന്മാരിൽ ഭൂരിപക്ഷവും യുദ്ധരംഗം വിട്ടോടിയ സന്ദർഭത്തിൽ -ഉഹ്ദ് യുദ്ധത്തിൽ -ആയുധമെടുത്ത് അടരാടിയ ഉമ്മു അമ്മാറ (റ) ധരിച്ചത് പർദതന്നെയായിരുന്നു. ഏഴ് യുദ്ധങ്ങളിൽ പ്രവാചകനോടൊപ്പം പങ്കെടുത്ത് പരിക്കേറ്റവരെ പരിചരിച്ചും ഭക്ഷണം പാകം ചെയ്തും പ്രശസ്തയായ ഉമ്മുഅത്വിയ്യ(റ)ക്ക് തൻെറ ദൗത്യനിർവഹണത്തിനു മുമ്പിൽ ഇസ്‌ലാമിക വസ്ത്രധാരണം ഒരു വിലങ്ങായിത്തീർന്നിട്ടില്ല. ഇങ്ങനെ പ്രവാചകാനുചരന്മാരിൽതന്നെ എത്രയെത്ര മഹിളാരത്നങ്ങൾ! മുഖവും മുൻകൈയും മാത്രം പുറത്തുകാണിച്ചുകൊണ്ടുതന്നെ സമൂഹത്തിൻെറ വ്യത്യസ്ത തുറകളിൽ വ്യക്തിമുദ്ര പതിപ്പിച്ച മഹതികൾ! ഇന്നും ഇസ്‌ലാമിക സമൂഹത്തിൽ ഇത്തരം സഹോദരിമാരുണ്ട്. ഇസ്‌ലാമിക വസ്ത്രധാരണരീതി സ്വീകരിച്ചുകൊണ്ട് സാമൂഹിക മേഖലകളിലേക്ക് സേവന സന്നദ്ധരായി സധൈര്യം കയറിച്ചെല്ലുന്ന സഹോദരികൾ. ഇസ്‌ലാമിക വസ്ത്രധാരണം സ്ത്രീയെ ചങ്ങലകളിൽ ബന്ധിക്കുന്നുവെന്ന ആരോപണം അർഥമില്ലാത്തതാണെന്ന വസ്തുത ഇവിടെ അനാവൃതമാകുന്നു.

സത്യത്തിൽ, മാന്യമായി വസ്ത്രം ധരിക്കണമെന്ന് നിർദേശിക്കുക വഴി ഖുർആൻ സ്ത്രീകളുടെ ആത്മാഭിമാനം ഉയർത്തുകയും അവർ ആക്രമിക്കപ്പെടുന്ന അവസ്ഥ ഇല്ലാതാക്കുവാനുള്ള പ്രായോഗിക പദ്ധതിക്ക് രൂപം നൽകുകയുമാണ് ചെയ്യുന്നത്.

**സ്ത്രീയെ അടിക്കുവാൻ പുരുഷന് ഖുർആൻ അനുവാദം നൽകുന്നുണ്ടല്ലോ. ഇത് അവളോടുള്ള അവഹേളനമല്ലേ?**

കുടുംബമെന്ന സ്ഥാപനത്തിലെ രണ്ട് പാതികളാണ് പുരുഷനും സ്ത്രീയും. എന്നാൽ, സ്ഥാപനത്തിൻെറ നിയന്ത്രണാധികാരം പുരുഷനിലാണ് നിക്ഷിപ്തമായിരിക്കുന്നത്. സ്ഥാപനം തകരാതെ സൂക്ഷിക്കേണ്ടത് അവൻെറ ബാധ്യതയാണ്. ഇതിനുവേണ്ടി പരമാവധി പരിശ്രമിക്കണമെന്ന് ഖുർആൻ പുരുഷനോട് നിഷ്കർഷിക്കുന്നു. അതിനുവേണ്ടിയുള്ള നടപടി ക്രമങ്ങളെക്കുറിച്ച് വിശദീകരിക്കുന്ന സൂക്തം ശ്രദ്ധിക്കുക:

"അതിനാൽ നല്ലവരായ സ്ത്രീകൾ അച്ചടക്കമുള്ളവരും അല്ലാഹു കാത്തത് മറവിലും കാത്തുസൂക്ഷിക്കുന്നവളുമാണ്. അച്ചടക്കരാഹിത്യം നിങ്ങൾ ഭയപ്പെടുന്ന സ്ത്രീകളെ നിങ്ങൾ ശാസിക്കുക; കിടപ്പറകളിൽ അവ

രുമായി അകന്നുനിൽക്കുക; അവരെ അടിക്കുകയും ചെയ്യുക. എന്നിട്ട് അവർ നിങ്ങളെ അനുസരിക്കുന്നപക്ഷം പിന്നെ നിങ്ങൾ അവർക്കെതിരിൽ യാതൊരു മാർഗവും തേടരുത്" (4:34).

ഈ സൂക്തത്തിൽ അച്ചടക്കരാഹിത്യത്തെക്കുറിച്ച് പറയുന്നത് നല്ല സ്ത്രീ ആരാണെന്ന് നിർവചിച്ചതിനുശേഷമാണ്. "അച്ചടക്കമുള്ളവളും അല്ലാഹു കാത്തത് മറവിലും കാത്തുസൂക്ഷിക്കുന്നവളും" ആണ് ഖുർആനിക വീക്ഷണത്തിലെ നല്ല സ്ത്രീ. കുടുംബത്തിൻെറ ഭദ്രതയ്ക്കും സമൂഹത്തിൻെറ ധാർമികതക്കും സ്ത്രീകളിൽ ഈ സ്വഭാവങ്ങൾ ആവശ്യമാണ്. അവൾ അച്ചടക്കമുള്ളവളായിരിക്കണം. അതോടൊപ്പംതന്നെ അല്ലാഹു കാത്തത് മറവിലും സംരക്ഷിക്കുന്നവളുമായിരിക്കണം.

ഭർത്താവിനോട് കയർക്കുകയും അയാൾ പറയുന്നതിനോടെല്ലാം എതിരു പ്രവർത്തിക്കുകയും ചെയ്യുന്ന ഭാര്യയുമൊത്തുള്ള ജീവിതം സഹിക്കാൻ എത്ര പേർക്ക് കഴിയും? പരസ്പരം പിണങ്ങിയും ശണ്ഠ കൂടിയും നിലനിൽക്കുന്ന കുടുംബാന്തരീക്ഷത്തിൽ വളരുന്ന കുഞ്ഞുങ്ങളുടെ അവസ്ഥയെന്തായിരിക്കും? അത്തരമൊരു അവസ്ഥയുണ്ടാകുവാൻ പാടില്ലെന്ന് ഖുർആൻ നിഷ്കർഷിക്കുന്നു. ഭാര്യയിൽനിന്ന് ഭർത്താവിന് മാത്രം അർഹതപ്പെടുന്ന പലതുമുണ്ട്. അവ അയാളുടെ സാന്നിധ്യത്തിൽ അയാൾക്ക് നൽകുകയും അസാന്നിധ്യത്തിൽ മറ്റു പലർക്കും നൽകുകയും ചെയ്യുക നല്ല സ്ത്രീയുടെ സ്വഭാവമല്ല. ഭർത്താവിന് മാത്രം അവകാശപ്പെട്ട ഒരു നോട്ടമോ വാക്കോ പോലും അവളിൽനിന്ന് അന്യർക്കായി ഉണ്ടായിക്കൂടാ. അതുണ്ടാവുന്നത് കുടുംബത്തിൻെറ തകർച്ചക്ക് കാരണമാവും. ഒരു കാരണവശാലും അത്തരമൊരു തകർച്ചയുണ്ടാവരുത്. ഖുർആനികമായ മാർഗനിർദേശങ്ങൾ ഈയൊരു ലക്ഷ്യത്തോടുകൂടിയുള്ളവയാണ്.

കുടുംബത്തിൻെറ തകർച്ചക്ക് നിമിത്തമായേക്കാവുന്ന അച്ചടക്കരാഹിത്യത്തെ മുളയിലേ നുള്ളിക്കളയണമെന്നാണ് ഖുർആനിൻെറ അനുശാസന. അത് പരമകാഷ്ഠ പ്രാപിച്ച് ധിക്കാരത്തിൻെറ പാരമ്യത്തിലെത്തുന്നതുവരെ കാത്തിരിക്കുന്നത് കുടുംബമെന്ന സ്ഥാപനം പൊട്ടിപ്പിളരുന്നതിന് കാരണമാവും. ആ തലത്തിലെത്തിയാൽ പിന്നെ ചികിൽസകൾ ഫലിക്കുകയില്ല. ശാന്തിയും സമാധാനവും തകർന്ന് സർവനാശത്തിലേക്ക് പോയിക്കൊണ്ടിരിക്കുന്ന കുടുംബത്തിൽ ജീവിക്കുന്ന കുട്ടികളുടെ സ്ഥിതി പരിതാപകരമായിരിക്കും. അതിനാൽ അച്ചടക്കരാഹിത്യത്തിൻെറ ലക്ഷണങ്ങൾ വളരെ വിദൂരത്തുതന്നെ പ്രത്യക്ഷമായിത്തുടങ്ങിയാൽ





കുടുംബത്തെ നാശത്തിൽനിന്നു രക്ഷിക്കുവാൻ ക്രമപ്രവൃദ്ധമായ ചില നടപടികളാവശ്യമാണ്. അങ്ങനെയുള്ള സന്ദർഭത്തിൽ അച്ചടക്കരാഹിത്യം ഇല്ലാതാക്കുന്നതിനുവേണ്ടി ചില നടപടികൾ കൈക്കൊള്ളുവാൻ പുരുഷനെ ഇസ്‌ലാം അനുവദിച്ചിട്ടുണ്ട്. ഈ നടപടികൾ നിന്ദിക്കുന്നതിനോ പ്രതികാരം ചെയ്യുന്നതിനോ ശിക്ഷിക്കുന്നതിനോ വേണ്ടിയുള്ളതല്ല. പ്രത്യുത, സംസ്കരണത്തിനും അച്ചടക്കരാഹിത്യം ഇല്ലാതാക്കുന്നതിലൂടെ ഐക്യപ്പെടുത്തുന്നതിനും വേണ്ടിയുള്ളതാകുന്നു.

ഖുർആൻ നിർദേശിക്കുന്ന പ്രസ്തുത നടപടിക്രമം ഇങ്ങനെയാണ്: "ശാസിക്കുക, കിടപ്പറയിൽ അവളെ ബഹിഷ്കരിക്കുക, പിന്നെ അവളെ അടിക്കുക".

അച്ചടക്കമില്ലാത്ത സ്ത്രീയെ ആദ്യം ശാസിക്കുകയാണ് വേണ്ടത്. അവളുടെ പ്രവർത്തനങ്ങൾ കൊണ്ട് ഇഹത്തിലും പരത്തിലുമുണ്ടാകുവാൻ പോകുന്ന പ്രതിഫലനങ്ങളെക്കുറിച്ച് ബോധ്യപ്പെടുത്തുക. പെണ്ണിൻെറ പ്രത്യേകമായ സ്വഭാവങ്ങളാൽ സംഭവിച്ചുപോയ പാകപ്പിഴവുകളാണെങ്കിൽ തിരുത്തുവാൻ ഉപദേശം ഫലം ചെയ്യും.

ശാസനയും ഉപദേശവും ഫലം ചെയ്യാത്ത സ്ഥിതിയുണ്ടാവാം. ഭർത്താവിൻെറ സ്നേഹവായ്പോടെയുള്ള ശാസനയും വികാരസാന്ദ്രമായ ഉപദേശവും ഫലം ചെയ്യാതിരിക്കുന്നതിന് കാരണം പലപ്പോഴും അഹങ്കാരമായിരിക്കും. സൗന്ദര്യത്തിൻെറയും ധനത്തിൻെറയും കുടുംബ മാഹാത്മ്യത്തിൻെറയും പേരിലുള്ള അഹന്ത. ഇവിടെയാണ് രണ്ടാമത്തെ നടപടിക്രമം വരുന്നത്. കിടപ്പറയിൽ അവളെ ബഹിഷ്കരിക്കുക. ആകർഷണത്തിൻെറയും പ്രലോഭനത്തിൻെറയും കേന്ദ്രമാണ് കിടക്ക. അച്ചടക്കമില്ലാത്ത അഹങ്കാരിയായ സ്ത്രീയുടെ അധീശത്വത്തിൻെറ ഉച്ചകോടി അവിടെയാണല്ലോ. അവിടെ അവൾ ബഹിഷ്കരിക്കപ്പെടുകയെന്നു പറഞ്ഞാൽ അവളുടെ അഹന്തയെ പുല്ലുവില പോലും കൽപിക്കാതെ പുച്ഛരിച്ചുതള്ളുന്നുവെന്നർഥം. അച്ചടക്കമില്ലാത്ത സ്ത്രീയുടെ ഏറ്റവും മൂർച്ചയുള്ള ആയുധത്തിനെതിരെയുള്ള ശക്തമായ നടപടി. ഈ നടപടിക്കുമുതിരുന്ന പുരുഷന് അപാരമായ നിയന്ത്രണവും നിശ്ചയദാർഢ്യവുമാവശ്യമാണ്. ഏതൊരു അഹങ്കാരിയെയും ചിന്തിപ്പിക്കുന്ന രാത്രികളായിരിക്കും അത്. എന്തിൻെറ പേരിലാണോ താൻ അധീശത്വം നടിച്ചിരുന്നത് അത് തൻെറ ഇണയ്ക്ക് ആവശ്യമില്ലെന്ന രീതിയിലുള്ള ബഹിഷ്കരണം സ്ത്രീയുടെ മനസ്സ് മാറ്റുകതന്നെ ചെയ്യും.

ബഹിഷ്കരണവും പരാജയപ്പെടുന്ന സന്ദർഭങ്ങളിലും കുടുംബത്തെ

തകരാൻ അനുവദിക്കരുതെന്നാണ് ഖുർആനിൻെറ അനുശാസന. ശാസനകൾ ഫലിക്കാതിരിക്കുകയും ശയ്യാബഹിഷ്കരണം വിജയിക്കാതിരിക്കുകയും ചെയ്യുന്ന സാഹചര്യം വളരെ വിരളമായിരിക്കും. അത്തരം സാഹചര്യങ്ങളുണ്ടാവുകയാണെങ്കിൽ അവിടെ അച്ചടക്കരാഹിത്യം അതിൻെറ പരമകാഷ്ഠയിലെത്തിയിരിക്കും. ചെറിയ ശിക്ഷകളല്ലാതെ ഇനി മാർഗങ്ങളൊന്നുമില്ല.

അടുത്ത മാർഗമെന്ന നിലയ്ക്കാണ് ഖുർആൻ 'പ്രഹരം' നിർദേശിക്കുന്നത്. സമാധാനപരമായ മാർഗങ്ങളെല്ലാം പരാജയപ്പെടുമ്പോൾ ഒരു കരുതൽ നടപടിയെന്ന നിലയിൽ നിർദേശിക്കപ്പെട്ടതാണ് അവളെ അടിയ്ക്കുകയെന്നത്. സാധാരണ ഗതിയിൽ സ്ത്രീയെ അടിക്കുന്നതിനെതിരെ ശക്തമായി സംസാരിച്ചിട്ടുള്ള വ്യക്തിയാണ് മുഹമ്മദ് (സ). "ഭാര്യമാരെ അടിക്കുന്നവർ മാന്യന്മാരല്ല" (അബൂദാവൂദ്, ഇബ്നുമാജ) എന്നാണ് അദ്ദേഹം അഭിപ്രായപ്പെട്ടത്. അദ്ദേഹം ചോദിച്ചു: "നാണമില്ലേ നിങ്ങൾക്ക്? അടിമയെ അടിക്കുന്നതുപോലെ സ്വന്തം ഭാര്യയെ അടിക്കാൻ; പിന്നെ അവളോടൊത്ത് ശയിക്കാനും" (മുസ്ലിം, അഹ്മദ്). "നിങ്ങളിൽ ഭാര്യമാരോട് നന്നായി പെരുമാറുന്നവരാണ് ഏറ്റവും നല്ലവൻ" (തുർമുദി ) എന്നു പഠിപ്പിച്ച പ്രവാചകനിലൂടെ അവതീർണമായ ഖുർആൻ വെറുതെ സ്ത്രീയെ അടിക്കണമെന്ന് കൽപിക്കുകയില്ലെന്നുറപ്പാണ്.

വലിയ തിന്മയില്ലാതാക്കുവാനുള്ള ശിക്ഷണമായി, മറ്റു മാർഗങ്ങൾ പരാജയപ്പെടുമ്പോഴുള്ള അവസാന മാർഗമായിട്ടാണ് ഖുർആൻ അടി നിർദേശിക്കുന്നത്. അതുതന്നെ അവൾക്ക് അഭിമാനക്ഷതമുണ്ടാകുന്ന രീതിയിൽ മുഖത്തോ മറ്റോ ആകരുതെന്ന് പ്രവാചകൻ (സ) പ്രത്യേകം നിർദേശിച്ചിട്ടുമുണ്ട്. സ്ത്രീയെ നിന്ദിക്കുവാനോ അപമാനിക്കുവാനോ വേണ്ടിയല്ല, പ്രത്യുത നന്നാക്കുന്നതിനും സംസ്കരിക്കുന്നതിനും വേണ്ടിയുള്ള അവസാനത്തെ മാർഗമെന്ന നിലയ്ക്കാണ് ഖുർആൻ അടി നിർദേശിക്കുന്നത്. പിതാവ് മക്കളെ അടിക്കുന്നതുപോലെ, അധ്യാപകൻ വിദ്യാർഥികളെ കൈകാര്യം ചെയ്യുന്നതുപോലെ, ഒരു പരിശീലകൻെറ വികാരത്തോടെയുള്ള ശിക്ഷണമാണത്. എപ്പോഴും സ്നേഹം നൽകുകയും തൻെറ സ്നേഹപ്രകടനങ്ങൾക്ക് പാത്രമാവുകയും ചെയ്യുന്ന തൻെറ ഇണയുടെ പ്രഹരം അവളെ വീണ്ടുവിചാരത്തിനും ഖേദപ്രകടനത്തിനും അങ്ങനെ തെറ്റുതിരുത്തലിനും പ്രേരകമാക്കിയേക്കാം. അങ്ങനെ തകർച്ചയുടെ വക്കിലെത്തിനിൽക്കുന്ന കുടുംബം തകരാതെ രക്ഷപ്പെടാനിടയുണ്ട്. ഈ ശിക്ഷണത്തിൻെറ ആത്യന്തിക ലക്ഷ്യം കുടുംബമെന്ന സ്ഥാപനത്തെ തകർച്ചയിൽനിന്ന് രക്ഷിക്കുകയാണെന്നർഥം.





**വിവാഹമോചനം അനുവദിക്കുക വഴി നിരാലംബരായ സ്ത്രീകളെയും കുട്ടികളെയും സൃഷ്ടിക്കുവാൻ കൂട്ടുനിൽക്കുകയല്ലേ ഖുർആൻ ചെയ്യുന്നത്?**

ദാമ്പത്യബന്ധം മരണം വരെ നിലനിൽക്കണമെന്നാണ് ഖുർആനിക നിയമങ്ങളുടെ പൊതുവായ താൽപര്യം. എന്നാൽ, മനുഷ്യപ്രകൃതിയിലെ പ്രശ്നങ്ങൾക്കുനേരെ അത് അന്ധത നടിക്കുന്നില്ല. ദമ്പതിമാർക്കിടയിൽ പൊരുത്തക്കേടുകളും ശണ്ഠകളുമുണ്ടാവാം. കുടുംബത്തെ തകർക്കുന്നതിലേക്ക് അവ നയിക്കപ്പെടാം. സ്ത്രീയുടെ അച്ചടരാഹിത്യവും അനുസരണക്കേടുമാണ് പ്രശ്നങ്ങൾക്ക് കാരണമെങ്കിൽ കുടുംബം തകരാതിരിക്കുന്നതിനുവേണ്ടി പുരുഷൻ സ്വീകരിക്കേണ്ട നടപടിക്രമങ്ങളാണ് സൂറത്തുന്നിസാഇലെ 34-ാം സൂക്തത്തിൽ പ്രതിപാദിക്കുന്നത്.

ശാസിക്കുക, ശയ്യകളിൽനിന്ന് ബഹിഷ്കരിക്കുക, അടിക്കുക ഇവയെല്ലാം കുടുംബം തകരാതിരിക്കുന്നതിനുവേണ്ടിയുള്ള നടപടികളാണ്. ഈ നടപടികളുടെ ഫലമായി അച്ചടക്കരാഹിത്യത്തിൽനിന്ന് പിന്മാറുന്ന ഇണക്കെതിരെ പിന്നെ ശിക്ഷാനടപടികളൊന്നും സ്വീകരിക്കുവാൻ പാടില്ലെന്ന് ഖുർആൻ ഉൽബോധിപ്പിക്കുന്നു. "എന്നിട്ടവർ നിങ്ങളെ അനുസരിക്കുന്ന പക്ഷം പിന്നെ നിങ്ങൾ അവർക്കെതിരിൽ ഒരു മാർഗവും തേടരുത്" (4:34).

കുടുംബം തകരാതിരിക്കുന്നതിന് ആവശ്യമായ മാർഗനിർദേശങ്ങൾ നൽകുകയാണ് ഖുർആൻ. ഈ നടപടികൾക്കുശേഷവും പ്രശ്നങ്ങളുണ്ടാവുകയാണെങ്കിൽ ധൃതിയിൽ വിവാഹമോചനം ചെയ്യണമെന്നല്ല ഖുർആനിൻെറ നിർദേശം. മറിച്ച്, അകന്നുനിൽക്കുന്ന മനസ്സുകളെ അടുപ്പിക്കാൻ കുടുംബക്കാർ ആത്മാർഥമായി ശ്രമിക്കണമെന്നാണ്. അനുരഞ്ജനത്തിനുവേണ്ടി ആത്മാർഥമായി പരിശ്രമിക്കുമ്പോൾ അതിനുള്ള മാർഗങ്ങൾ അല്ലാഹു തുറന്നുതരുമെന്നാണ് ഖുർആൻ പറയുന്നത്. "ഇനി അവർക്കിടയിൽ ശൈഥില്യം നിങ്ങൾ ഭയപ്പെടുകയാണെങ്കിൽ അവൻെറ ആളുകളിൽനിന്ന് ഒരു മധ്യസ്ഥനെയും അവളുടെ ആളുകളിൽനിന്ന് ഒരു മധ്യസ്ഥനെയും അയക്കുക. ഇരുവിഭാഗവും അനുരഞ്ജനമാണ് ആഗ്രഹിക്കുന്നതെങ്കിൽ അല്ലാഹു അവർക്കിടയിൽ രഞ്ജിപ്പുണ്ടാക്കുന്നതാണ്. നിശ്ചയം, അല്ലാഹു സർവജ്ഞനും സൂക്ഷ്മജ്ഞനുമാകുന്നു" (4: 35).

ഇങ്ങനെയെല്ലാം രഞ്ജിപ്പിനുവേണ്ടി ശ്രമിച്ചിട്ടും അകന്ന മനസ്സുകളെ അടുപ്പിക്കുവാൻ കഴിയുന്നില്ലെങ്കിൽ പിന്നെ വിവാഹബന്ധം വേർപെടു

ത്താൻ ഖുർആൻ അനുവദിക്കുന്നുവെന്നത് ശരിയാണ്. അനുരഞ്ജനത്തിനുവേണ്ടിയുള്ള ശ്രമങ്ങളെല്ലാം പരാജയപ്പെട്ടതിനുശേഷവും ദമ്പതികളെ ഭാര്യാഭർത്താക്കന്മാരായി ജീവിക്കാൻ വേണ്ടി നിർബന്ധിക്കുമ്പോൾ അവിടെ ബന്ധമല്ല ഉണ്ടാവുക. പ്രത്യുത ബന്ധനമാണ്. ഈ ബന്ധനം അഴിച്ചുമാറ്റാതിരിക്കുന്നത് അത് അറുത്തുമാറ്റുവാനുള്ള പ്രേരണക്കുള്ള നിമിത്തമായിരിത്തീരും. വിവാഹമോചനം അനുവദിക്കപ്പെടാത്ത മതസമൂഹങ്ങളിൽ നടക്കുന്നത് അതാണ്. ഖുർആൻ വിവാഹമോചനം അനുവദിക്കുന്നത് ഇത്തരം അവസ്ഥകളിൽ ബന്ധനം അഴിച്ചുമാറ്റുന്നതിനുവേണ്ടിയാണ്. വിവാഹമോചനം അനുവദിച്ചതിനോടൊപ്പംതന്നെ അത്തരമൊരു അവസ്ഥയില്ലാതിരിക്കുവാൻ ദമ്പതിമാർ പരമാവധി പരിശ്രമിക്കേണ്ടതാണെന്നുകൂടി പ്രവാചകൻ (സ) നിഷ്കർഷിച്ചതായി കാണാൻ കഴിയും.

സത്യത്തിൽ മറ്റു കാര്യങ്ങളിലെന്നപോലെ വിവാഹമോചനത്തിൻെറ വിഷയത്തിലും നിലവിലിരുന്ന അവസ്ഥയെ സംസ്കരിക്കുകയും മനുഷ്യർക്ക് സ്വീകരിക്കുവാൻ ഏറ്റവും അനുയോജ്യമായ നിയമങ്ങളാവിഷ്കരിക്കുകയുമാണ് ഖുർആൻ ചെയ്തിരിക്കുന്നത്. ലോകത്തെ ഒരുവിധം എല്ലാ നിയമസംഹിതകളും വിവാഹമോചനം അനുവദിക്കുന്നുവെന്നതാണ് സത്യം. പല നിയമങ്ങളും വിവേചനരഹിതമായി പുരുഷന് സ്ത്രീക്കുനേരെ പ്രയോഗിക്കാവുന്ന ആയുധമായിട്ടാണ് വിവാഹമോചനത്തെ കാണുന്നത്. ഈ അവസ്ഥക്ക് മാറ്റമുണ്ടാവുകയും അനിവാര്യമായ അവസരങ്ങളിൽ മാത്രം അനുവദനീയമായ കാര്യമായി വിവാഹമോചനത്തെ അവതരിപ്പിക്കുകയാണ് ഖുർആൻ ചെയ്യുന്നത്.

വിവാഹമോചനത്തെക്കുറിച്ച് മനു പറയുന്നത് ഇങ്ങനെയാണ്:

വന്ധ്യാഷ്ടമേധി വേദ്യാബ്ദേ ദേശമേതുമൃതപ്രജാ

ഏകാദശേ സ്ത്രീജനനീ സത്യസ്ത്വപ്രിയ വാദിനീ (മനുസ്മൃതി 9: 81).

(മച്ചിയായ ഭാര്യയെ എട്ടു വൽസരം കഴിഞ്ഞും, ചാപിള്ള പ്രസവിക്കുന്നവളെ പത്ത് വൽസരം കഴിഞ്ഞും, പെണ്ണുമാത്രം പ്രസവിക്കുന്നവളെ പതിനൊന്നു വൽസരം കഴിഞ്ഞും, അപ്രിയം പറയുന്നവളെ ഉടനെയും ഉപേക്ഷിച്ച് വേറെ വിവാഹം ചെയ്യാം. ഈ സ്ത്രീകൾക്ക് സന്തോഷത്തിനായി യാതൊന്നും കൊടുക്കേണ്ട).

ഭാര്യ വന്ധ്യയോ മറ്റു രോഗങ്ങളുള്ളവളോ ആണെങ്കിൽ അവളെ ഉ





പേക്ഷിക്കുവാൻ ഖുർആൻ നിർദേശിക്കുന്നില്ലെന്ന കാര്യം പ്രത്യേകം പ്രസ്താവ്യമാണ്. അവൾ ചെയ്യാത്ത തെറ്റിന് -വന്ധ്യയാവുക, ചാപിള്ള പ്രസവിക്കുക, പെണ്ണു മാത്രം പ്രസവിക്കുക എന്നിവയൊന്നും സ്ത്രീയുടെ കുറ്റം കൊണ്ട് സംഭവിക്കുന്നതല്ലല്ലോ-സ്ത്രീയെ വിവാഹമോചനം ചെയ്യുകയെന്നത് ക്രൂരതയാണ്. ഈ ക്രൂരതക്ക് ഖർആൻ കൂട്ടുനിൽക്കുന്നില്ല. അപ്രിയം ചെയ്യുന്നവളെ ഉടനെ ഉപേക്ഷിക്കുന്നതും അനീതിയാണ്. അവൾക്ക് തിരുത്തുവാൻ അവസരം നൽകുകയും തിരുത്താൻ തയാറല്ലെങ്കിൽ മാത്രം, അനിവാര്യമെങ്കിൽ അവളെ ഉപേക്ഷിക്കുകയും ചെയ്യുകയെന്നതാണ് ഖുർആനിക നിർദേശം. വിവാഹമോചനസമയത്ത് സ്ത്രീക്ക് മാന്യമായ ഉപഹാരം നൽകണമെന്നും ഖുർആൻ നിർദേശിക്കുന്നു. “വിവാഹമോചിതരായ സ്ത്രീകൾക്ക് ന്യായപ്രകാരം എന്തെങ്കിലും ജീവിതവിഭവമായി നൽകേണ്ടതാണ്. ഭയഭക്തിയുള്ളവർക്ക് അതാരു ബധ്യതയത്രെ” (2:241) ‘വിവാഹമുക്തകൾക്ക് യാതൊന്നും കൊടുക്കേണ്ടതില്ല’ എന്ന മനുസ്മൃതിയുടെ നിർദേശം ഖുർആനിന് അന്യമാണെന്നർഥം.

ഇരുപതാം നൂറ്റാണ്ടിൻെറ പ്രത്യയശാസ്ത്രമെന്ന് അവകാശപ്പെട്ടുകൊണ്ട് രംഗത്തുവന്ന മാർക്സിസത്തിൻെറ ഈ രംഗത്തുള്ള നിലപാടെന്താണ്? മാർക്സിസ്റ്റ് ആചാര്യന്മാർതന്നെ സംസാരിക്കട്ടെ: “വ്യക്തിഗതമായ ലൈംഗികപ്രേമം ഓരോരുത്തനും, വിശിഷ്യാ പുരുഷന്, എത്രകാലം നിലനിൽക്കുമെന്ന് പറയാൻ ആരെക്കൊണ്ടുമാവില്ല. സ്നേഹം വറ്റിപ്പോയെന്നോ മറ്റൊരു പാത്രത്തിലേക്ക് തിരിഞ്ഞുപോയെന്നോ വ്യക്തമായാലുടൻ വിവാഹമോചനം നടത്തുകയാണ് നല്ലത്. അങ്ങനെ ചെയ്താൽ അത് ദമ്പതികൾക്കും സമുദായത്തിനൊട്ടാകെയും ഒരനുഗ്രഹമായിരിക്കും” (മാർക്സ്, ഏംഗൽസ്: തെരഞ്ഞെടുത്ത കൃതികൾ മൂന്നാം വാല്യം, പുറം 319).

സ്നേഹം വറ്റിപ്പോയാൽ ഉടൻ വിവാഹമോചനമാവണമെന്നാണ് കമ്യൂണിസത്തിൻെറ നിലപാട്. ഖുർആൻ ഇതിനോട് വിയോജിക്കുന്നു. വറ്റിപ്പോകുന്ന ഒരു ഭൗതിക വസ്തുവല്ല ഖുർആനിക വീക്ഷണത്തിൽ സ്നേഹം. അത് ദൈവികമായ ഒരു ദാനമാണ്. അത് ഇല്ലാതെയാവുന്നത് ഭൗതിക സാഹചര്യങ്ങളിലുണ്ടാവുന്ന പരിണാമങ്ങളാലാണ്. കാമവും സ്നേഹവും ഒന്നല്ല. ഇണകൾ തമ്മിൽ പ്രശ്നങ്ങളുണ്ടാവുന്നുവെങ്കിൽ സ്നേഹം വറ്റിയെന്നു കരുതി വിവാഹബന്ധം വേർപിരിക്കുന്നതിനല്ല ഖുർആൻ നിർദേശിക്കുന്നത്. പ്രസ്തുത പ്രശ്നങ്ങൾക്കുള്ള കാരണങ്ങൾ കണ്ടെത്തി അത് പരിഹരിക്കുന്നതിനുള്ള മാർഗങ്ങൾ ഖുർആൻ വരച്ചുകാ

ണിക്കുന്നു. എല്ലാ ശ്രമങ്ങളും പരാജയപ്പെടുകയും ദമ്പതികൾ തമ്മിലുള്ള അകലം വർധിച്ചുവരികയും ചെയ്യുന്ന സാഹചര്യത്തിലാണ് വിവാഹമോചനം കരണീയമാവുന്നതെന്നാണ് ഖുർആനിക കാഴ്ചപ്പാട്. മാർക്സിസം സ്നേഹത്തെയും ഒരു ഭൗതികവസ്തുവായി അഭിവീക്ഷിക്കുകയും അത് വറ്റുന്നുവെങ്കിൽ മോചനം പരിഹരമായി നിർദേശിക്കുകയും ചെയ്യുന്നു. അതു പ്രദാനം ചെയ്യുന്ന സമൂഹ സങ്കൽപത്തിൻെറ ഭാഗമാണത്. പ്രസ്തുത സമൂഹത്തെക്കുറിച്ചാണല്ലോ ഇന്ത്യയിലെ ഏറ്റവും വലിയ മാർക്സിസ്റ്റ് സൈദ്ധാന്തികൻ ഇങ്ങനെ എഴുതിയത്: "അവർക്ക് ഇഷ്ടമുള്ള ഇണയെ തെരഞ്ഞെടുത്ത് ഇഷ്ടമുള്ള കാലത്തോളം ദാമ്പത്യജീവിതം നയിക്കുക. ദമ്പതിമാരിൽ ആർക്കെങ്കിലും ഇഷ്ടമില്ലാതെ വന്നാൽ വിവാഹമോചനം നടത്തുക, ഇഷ്ടമുണ്ടെങ്കിൽ പുതിയ ഇണയെ കണ്ടെത്തി മറ്റൊരു ദാമ്പത്യത്തിൽ ഏർപ്പെടുക. ഈ സ്ഥിതി കൈവരുത്തുന്നതിനുവേണ്ടിയാണ് ആധുനിക ജനാധിപത്യവും അതിൻെറ ഉന്നത രൂപമായ സോഷ്യലിസവും പ്രവർത്തിക്കുന്നത്" (ഇ.എം.എസ്: ചിന്ത വാരിക 25 നവംബർ 1983).

കമ്യൂണിസം വിഭാവനം ചെയ്യുന്ന ഇത്തരമൊരു സാമൂഹിക സംവിധാനത്തിൽ വിവാഹമോചനം ദൈനംദിന സംഭവമായിരിക്കുമെന്നു വ്യക്തമാണ്. ഇത്തരമൊരു സമൂഹത്തെയല്ല ഇസ്‌ലാം വിഭാവനം ചെയ്യുന്നത്. അതുകൊണ്ടുതന്നെ അനിവാര്യമായ സാഹചര്യത്തിൽ മാത്രം അനുവദനീയമാകുന്ന കാര്യമായിട്ടാണ് ഖുർആൻ വിവാഹമോചനത്തെ പരിചയപ്പെടുത്തുന്നത്.

ഇസ്രായേൽ സമൂഹത്തിൽ വിവാഹമോചനമനുവദിക്കപ്പെട്ടിരുന്നുവെന്ന് ബൈബിൾ പഴയനിയമത്തിൽനിന്ന് വ്യക്തമാവും. യാതൊരുവിധ നിബന്ധനകളുമില്ലാതെയുള്ള വിവാഹമോചനമായിരുന്നു അനുവദിക്കപ്പെട്ടിരുന്നത്. വിവാഹമോചനം ചെയ്ത സ്ത്രീയെ പിന്നീട് വിവാഹം ചെയ്തയാളും മോചിപ്പിച്ചാൽ ആദ്യഭർത്താവിന് പിന്നെ വിവാഹം ചെയ്യാൻ പാടില്ലെന്ന നിബന്ധന മാത്രമായിരുന്നു നിലവിലുണ്ടായിരുന്നത്. ബൈബിൾ പഴയനിയമത്തിൽ വിശദീകരിക്കപ്പെട്ടിട്ടുള്ളത് കാണുക:

"ഒരു പുരുഷൻ ഒരു സ്ത്രീയെ തെരഞ്ഞെടുത്തു വിവാഹം ചെയ്യുന്നുവെന്നു കരുതുക. എന്നാൽ, അവളിൽ ചില ദൂഷ്യങ്ങൾ കാണുക നിമിത്തം അവളിൽ പ്രീതി ഇല്ലാതെ അയാൾ വിവാഹമോചനമെഴുതി കൈയിൽ കൊടുത്തിട്ട് അവളെ പറഞ്ഞയക്കുന്നു. അവൾ അയാളുടെ ഭവനത്തിൽ നിന്ന് പുറപ്പെടുകയും ചെയ്യുന്നു. അവൾ പോയി മറ്റൊരാളുടെ ഭാര്യാ





വുന്നു. രണ്ടാമത്തെ ഭർത്താവും അവളിൽ പ്രീതിയില്ലാതെ വിവാഹമോചന പത്രമെഴുതി കൈയിൽ കൊടുത്ത് വീട്ടിൽനിന്ന് പറഞ്ഞയക്കുന്നു. അല്ലെങ്കിൽ അവളെ ഭാര്യയായി സ്വീകരിച്ച രണ്ടാമത്തെ ഭർത്താവ് മരിക്കുന്നു. അപ്പോൾ അവളെ പറഞ്ഞയച്ച ആദ്യഭർത്താവ് മലിനമായിത്തീർന്നിരിക്കുന്ന അവളെ വീണ്ടും ഭാര്യയായി സ്വീകരിച്ചുകൂടാ. കാരണം, ഇത് കർത്താവിൻെറ സന്നിധിയിൽ മ്ലേച്ഛമായ കാര്യമാണ്" (ആവർത്തനം 24: 1–4).

അതേആശയംതന്നെ യിരെമ്യാവിൻെറ പുസ്തകത്തിലും (3:1,2) കാണാൻ കഴിയും. ഇതിൽനിന്ന് യഹൂദന്മാർക്കിടയിൽ വിവാഹമോചനം സാർവത്രികമായിരുന്നുവെന്ന് മനസ്സിലാക്കാം.

പുതിയ നിയമത്തിലെ സ്ഥിതി ഇതല്ല. വിവാഹമോചനത്തെ വ്യക്തമായി വിലക്കുന്ന വാക്യങ്ങൾ സുവിശേഷങ്ങളിലും പൗലോസിൻെറ ലേഖനങ്ങളിലുമുണ്ട്.

"പരപുരുഷസംഗം നിമിത്തമല്ലാതെ ഭാര്യയെ ഉപേക്ഷിച്ചു വേറൊരുവളെ വിവാഹം ചെയ്യുന്നവൻ വ്യഭിചരിക്കുകയാണ്" (മത്തായി 19:9).

"ഭാര്യയെ ഉപേക്ഷിച്ച് വേറൊരുവളെ വിവാഹം ചെയ്യുന്നവർ ഭാര്യക്കെതിരായി വ്യഭിചാരം ചെയ്യുന്നു. ഭാര്യ ഭർത്താവിനെ ഉപേക്ഷിച്ച് മറ്റൊരുവനെ വിവാഹം ചെയ്താൽ അവളും വ്യഭിചരിക്കുന്നു" (മാർക്കോസ് 10:11, 12).

"ചാരിത്ര്യലംഘനം എന്ന കാരണത്താലല്ലാതെ ഭാര്യയെ ഉപേക്ഷിക്കുന്നവൻ അവളെ വ്യഭിചാരിണിയാക്കുന്നു. അങ്ങനെ ഉപേക്ഷിക്കപ്പെട്ടവളെ വിവാഹം ചെയ്യുന്നവനും വ്യഭിചരിക്കുന്നു" (മത്തായി 5:32).

"വിവാഹിതരോട് ഞാൻ കൽപിക്കുന്നു. ഞാനല്ല, കർത്താവ് തന്നെ കൽപിക്കുന്നു. ഭാര്യ ഭർത്താവിനെ പിരിയരുത്. അവൾ പിരിയുന്നുവെങ്കിൽ ഒറ്റയ്ക്ക് കഴിയണം. അല്ലെങ്കിൽ ഭർത്താവുമായി രമ്യപ്പെടണം. ഭർത്താവ് തൻെറ ഭാര്യയെ ഉപേക്ഷിക്കുകയും അരുത്"

(1 കൊരിന്ത്യർ 7: 10, 11).

വിവാഹമോചനം അസാധ്യമാണെന്ന രീതിയിലുള്ള ഉപദേശങ്ങളാണിവയെന്ന് പറയേണ്ടതില്ലല്ലോ. ചാരിത്ര്യലംഘനം മാത്രമാണ് വിവാഹമോചനം അനുവദനീയമാകുന്ന ഏകകാര്യം. ഭർത്താവ് ഉപേക്ഷിച്ച സ്ത്രീയെ വിവാഹം ചെയ്യുന്നതും പുതിയ നിയമത്തിലെ നിർദേശങ്ങൾ പ്രകാരം പാപമാണ്. വിവാഹമോചനം അസാധ്യമാകുന്ന അവസ്ഥ അത്യ

ന്തം അപകടകരമായ സ്ഥിതിവിശേഷങ്ങൾക്ക് നിമിത്തമാകുന്നു. ചില പ്പോഴെങ്കിലും ദാമ്പത്യബന്ധം ഒരു ഭാരവും ബന്ധനവും ആയിത്തീരാറുണ്ട്. അത്തരം ഘട്ടങ്ങളിൽ ഈ ബന്ധനം അഴിച്ചുമാറ്റാനുള്ള സ്വാതന്ത്ര്യം ഇല്ലാതിരിക്കുന്നത് വമ്പിച്ച വിപത്തുകൾ ഉണ്ടാക്കും. ക്രൈസ്തവ സമൂഹം ഇത്തരം വിപത്തുകളെ അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്നുവെന്നതൊരു വർത്തമാനകാല യാഥാർഥ്യമത്രേ.

ക്രൈസ്തവ സദാചാരം സ്വീകരിച്ച നാടുകളിൽ വിവാഹമോചന നിയമങ്ങൾ അയഞ്ഞതാക്കണമെന്ന മുറവിളി ഉയർന്നുകൊണ്ടിരിക്കുകയാണ്. അവിടങ്ങളിലെ സദാചാര ലംഘനങ്ങൾക്കുള്ള പ്രധാനപ്പെട്ട ഒരു കാരണം ഇത്തരം നിയമങ്ങളാണെന്നാണ് പറയപ്പെടുന്നത്. ആ നാടുകളിൽ സംഭവിക്കുന്നത് എന്താണ്? ഭാര്യയും ഭർത്താവും പരസ്പരം വെറുക്കുന്നു. ഒത്തൊരുമിച്ച് ജീവിക്കുവാൻ സാധ്യമല്ലാത്ത വിധത്തിലുള്ള വെറുപ്പ്. അവർക്കിടയിലെ ദൂരം വർധിച്ചുവരുന്നു. കലഹങ്ങളും പ്രശ്നങ്ങളുമുണ്ടാകുന്നു. തന്റെ ലൈംഗികദാഹം ശമിപ്പിക്കുവാൻ വേണ്ടി പുരുഷൻ കാൾഗേളുകളിലോ ഗേൾഫ്രണ്ടുകളിലോ ആശ്രയം കണ്ടെത്തുന്നു. സ്ത്രീ, ഗിഗളോകളെ ആശ്രയിച്ചോ അഗമ്യഗമനം വഴിയോ ലൈംഗികദാഹം ശമിപ്പിക്കുന്നു. ഇരുവരും ഭാര്യാഭർത്താക്കന്മാർതന്നെ! അവർക്ക് കീഴിൽ ജീവിക്കുന്ന ശിശുക്കളുമുണ്ട്! പക്ഷേ... ഇത്തരമൊരു കൂട്ടായ്മക്ക് കുടുംബമെന്ന് പറയാനൊക്കുമോ? ഈ 'കുടുംബ'ത്തിലെ കുട്ടികളുടെ സ്ഥിതിയെന്തായിരിക്കും? കുട്ടികളിൽ വളർന്നുവരുന്ന കുറ്റവാസനകൾക്കും മനോവൈകല്യങ്ങൾക്കുമെല്ലാം കാരണം ഇത്തരം കുടുംബാന്തരീക്ഷമാണ് എന്നാണ് പഠനങ്ങൾ കാണിക്കുന്നത്.

ഇന്ത്യയിലെ കാര്യംതന്നെയെടുക്കുക. ഭാര്യയോ ഭർത്താവോ വ്യഭിചാരിണികളാണെന്ന് തെളിയിക്കുക മാത്രമാണ് ക്രൈസ്തവരെ സംബന്ധിച്ചിടത്തോളം വിവാഹമോചനത്തിനുള്ള ഏകമാർഗം. മോചനം കൊതിക്കുന്നവർ മറ്റേ പാതിയെ വ്യഭിചാരിയാക്കുന്നതിനുവേണ്ട സാഹചര്യങ്ങളുണ്ടാക്കുന്നു. ഈ സാഹചര്യങ്ങളിലും പിടിച്ചുനിൽക്കുന്നവരെ വ്യഭിചാരികളെന്ന് മുദ്രകുത്താനാവശ്യമായ തെളിവുകൾ ഉണ്ടാക്കുന്നു. അഭിഭാഷകന്റെ വാക്ചാതുരി അനുസരിച്ച് കോടതിമുറികളിൽ വെച്ച് സദ്വൃത്തരായ സ്ത്രീ-പുരുഷന്മാർ വ്യഭിചാരികളായി മുദ്രയടിക്കപ്പെടും. കോടതിയുടെ കടമ്പ കടന്നിട്ടും തന്റെ ഇച്ഛ സാക്ഷാത്കരിക്കപ്പെട്ടില്ലെങ്കിൽ ഗ്യാസ് സ്റ്റൗ പൊട്ടിത്തെറിച്ചും ഭക്ഷ്യവിഷബാധ വഴിയും പ്രശ്നത്തിന് 'പരിഹാര'മുണ്ടാക്കുന്നു. ഇത്തരമൊരവസ്ഥ ഒരിക്കലും സംജാതമായിക്കൂടായെന്ന് ഖുർആനിന് നിർബന്ധമുണ്ട്. അത് പ്രദാനം ചെയ്യു





ന്ന വിവാഹമോചന നിയമങ്ങൾ ഒരേസമയം കർക്കശവും അയഞ്ഞതുമായി നമുക്ക് അനുഭവപ്പെടുന്നത് അതുകൊണ്ടാണ്.

കുടുംബത്തിനകത്ത് നിലനിൽക്കേണ്ട കരുണയും സമാധാനവും നിയമത്തിന്റെ ഇരുമ്പുലക്ക ഉപയോഗിച്ചുകൊണ്ട് നടപ്പാക്കേണ്ടതല്ല. രണ്ടു മനസ്സുകളെ കൂട്ടിയിണക്കുന്ന സ്നേഹത്തിൽനിന്നാണ് അവ ഉത്ഭൂതമാകുന്നത്. ഹൃദയങ്ങൾ തമ്മിൽ അകന്നാൽ നിയമം മാത്രമുപയോഗിച്ചുകൊണ്ട് അവയെ കൂട്ടിയോജിപ്പിക്കുവാൻ ശ്രമിക്കുന്നത് വ്യർഥമാണ്. സ്നേഹ ദാരിദ്ര്യത്തിന്റെ കാരണങ്ങൾ കണ്ടെത്തി അവയെ ചികിൽസിക്കുകയാണാവശ്യം. കുടുംബത്തിനകത്ത് വിള്ളലുകളുണ്ടാകുമ്പോൾ ഈ ചികിൽസയാണ് ഖുർആൻ നിർദേശിക്കുന്നത്. ഇത്തരം ചികിൽസകളെല്ലാം പരാജയപ്പെടുമ്പോൾ മാത്രമേ വിവാഹമോചനമാകാവൂ എന്നതാണ് ഖുർആനിന്റെ കാഴ്ചപ്പാട്. അത്തരമൊരവസ്ഥയിൽ മോചനമല്ലാത്ത മറ്റു പരിഹാരങ്ങളെല്ലാം പലപ്പോഴും പ്രശ്നങ്ങളെ തീവ്രമാക്കുകയും അനിഷ്ടസംഭവങ്ങളിൽ എത്തിക്കുകയുമാണ് ചെയ്യുക. അത്തരം അനിഷ്ട സംഭവങ്ങൾ പുരുഷനേക്കാൾ അധികം നഷ്ടമുണ്ടാക്കുക സ്ത്രീക്കാണ്. അതുകൊണ്ടുതന്നെ അനിവാര്യ സാഹചര്യങ്ങളിൽ വിവാഹമോചനമനുവദിക്കുക വഴി ഖുർആൻ സ്ത്രീയെ സംരക്ഷിക്കുകയാണ്, പ്രയാസപ്പെടുത്തുകയല്ല യഥാർഥത്തിൽ ചെയ്തിരിക്കുന്നതെന്ന് അർഥശങ്കക്കിടയില്ലാത്തവിധം പറയാനാകും. ആനുകാലിക സംഭവങ്ങൾ നൽകുന്ന പാഠവും അതുതന്നെയാണല്ലോ.

**മൂന്നു പ്രാവശ്യം 'ത്വലാഖ്' എന്നു പറഞ്ഞ് പിരിച്ചയയ്ക്കാവുന്ന വസ്തുവായിട്ടല്ലേ ഖുർആൻ ഭാര്യയെ കാണുന്നത്?**

അല്ല. ത്വലാഖിനെക്കുറിച്ച തെറ്റിദ്ധാരണയിൽനിന്നാണ് ഈ സംശയം ഉത്ഭൂതമായിരിക്കുന്നത്. പുരുഷൻ തന്റെ അധികാരമുപയോഗിച്ച് വിവാഹബന്ധം വേർപെടുത്തുന്നതിനാണ് സാങ്കേതികമായി ത്വലാഖ് എന്നു പറയുന്നത്. ത്വലാഖിലെത്തിച്ചേരാതെ സൂക്ഷിക്കുവാൻ കഴിയുന്നത്ര ശ്രമിക്കണമെന്നാണ് ഖുർആനിന്റെ താൽപര്യം. പുരുഷൻ തന്റെ ഇണയെ ഇഷ്ടപ്പെടുന്നില്ലെങ്കിൽതന്നെ സാധ്യമാകുന്നത്ര അവളോടൊത്തു ജീവിക്കുവാൻ പരിശ്രമിക്കണമെന്നാണ് അത് അനുശാസിക്കുന്നത്. "അവരോട് നിങ്ങൾ മര്യാദയോടെ സഹവർത്തിക്കുകയും ചെയ്യുക. നിങ്ങൾക്ക് അവരോട് വെറുപ്പ് തോന്നിയേക്കാം. എന്നാൽ, നിങ്ങൾക്ക് വെറുപ്പ് തോന്നുന്ന ഒന്നിൽതന്നെ അല്ലാഹു ധാരാളം നന്മ നിശ്ചയിച്ചിരിക്കുകയും ചെയ്യാം" (4:19). ദമ്പതിമാർക്കിടയിൽ ഐക്യം നിലനിർത്താൻ ആവുന്നതൊക്കെ ചെയ്യേണ്ടതുണ്ടെന്നാണ് ഖുർആനിന്റെ നിലപാട്. എ

ന്നാൽ, സ്നേഹവും ഐക്യവും ഇല്ലാതായിത്തീരുകയും വൈവാഹിക ജീവിതത്തിൻെറ ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കപ്പെടാതിരിക്കുകയും ചെയ്യുന്ന അവസ്ഥ സംജാതമായാൽ അവർ തമ്മിൽ വേർപിരിയുന്നതിന് വിരോധമില്ല. ഈ വേർപിരിയലിന് പുരുഷൻ മുൻകൈയെടുക്കുമ്പോൾ അതിന് ത്വലാഖ് എന്നു പറയുന്നു.

ആർത്തവ സമയത്ത് സ്ത്രീയെ ത്വലാഖ് ചെയ്യുന്നത് ഇസ്‌ലാം വിലക്കിയിട്ടുണ്ട്. ഇക്കാലത്ത് സ്ത്രീയുടെ ശാരീരിക-മാനസിക നിലകളിൽ സ്പഷ്ടമായ മാറ്റമുണ്ടാവുമെന്ന കാര്യം തെളിയിക്കപ്പെട്ടതാണ്. അവൾക്ക് ശുണ്ഠിയും മറവിയും കൂടുതലായിരിക്കും. അക്കാരണത്താൽതന്നെ ആർത്തവകാലത്ത് തമ്മിൽ പിണങ്ങാനും സാധ്യത കൂടുതലാണ്. ഈ പിണക്കം വിവാഹമോചനത്തിലേക്ക് നയിച്ചുകൂടാ. ദമ്പതികൾ തമ്മിൽ താൽപര്യവും ആഭിമുഖ്യവുമുണ്ടാക്കുവാനുതകുന്ന ലൈംഗികബന്ധം ഇക്കാലത്ത് നിഷിദ്ധവുമാണ്. പിണക്കമെല്ലാം തീരുന്നത് കിടപ്പറയിൽ വെച്ചാണല്ലോ. ആർത്തവകാലത്തുണ്ടാകുന്ന പിണക്കം തീരാൻ ശുദ്ധിയായതിന് ശേഷമുള്ള ലൈംഗികബന്ധം മതിയാവും. അതുകൊണ്ടുതന്നെ ആർത്തവകാലത്ത് ഭാര്യയെ മോചിപ്പിക്കുന്നത് ശരിയല്ലെന്നും അങ്ങനെ മോചിപ്പിച്ചവർ അവളെ തിരിച്ചെടുക്കേണ്ടതുണ്ടെന്നും പ്രവാചകൻ (സ) പഠിപ്പിച്ചിട്ടുണ്ട്.

ശുദ്ധികാലത്ത് തൻെറ ഭാര്യയെ ത്വലാഖ് ചെയ്യുന്ന പുരുഷൻ പക്ഷേ, അവളെ വീട്ടിൽനിന്ന് പുറത്താക്കാൻ പാടില്ല. അവൾ പുറത്തുപോകാനും പാടില്ല. മൂന്നു തവണ ആർത്തവമുണ്ടാകുന്നതുവരെ അവൾ ഭർതൃഗൃഹത്തിൽതന്നെ താമസിക്കേണ്ടതാണ്. ആർത്തവം നിലച്ചവർക്ക് മൂന്നു മാസക്കാലവും ഗർഭിണികൾക്ക് പ്രസവം വരെയുമാണ് ഈ കാലാവധി. ഇദ്ദാ കാലമെന്നാണ് ഈ കാലാവധിക്ക് സാങ്കേതികമായ പേര്. ഈ കാലത്ത് വിവാഹമോചിത ഭർതൃഗൃഹത്തിൽതന്നെ താമസിക്കണമെന്നാണ് ഖുർആനിൻെറ വിധി.

“വിവാഹമുക്തകൾ തങ്ങളുടെ സ്വന്തം കാര്യത്തിൽ, മൂന്ന് തവണ ആർത്തവമുണ്ടാവുന്നത് വരെ കാത്തിരിക്കേണ്ടതാണ്. അവർ അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നവരാണെങ്കിൽ തങ്ങളുടെ ഗർഭാശയങ്ങളിൽ അല്ലാഹു സൃഷ്ടിച്ചിട്ടുള്ളതിനെ അവർ ഒളിച്ചുവെക്കുവാൻ പാടില്ല” (2:228).

“നിങ്ങൾ സ്ത്രീകളെ വിവാഹമോചനം ചെയ്യുകയാണെങ്കിൽ അവരു





ടെ ഇദ്ദാ കാലത്തിന് (കണക്കാക്കി) വിവാഹമോചനം ചെയ്യുകയും ഇദ്ദാ കാലം നിങ്ങൾ എണ്ണികണക്കാക്കുകയും ചെയ്യുക. നിങ്ങളുടെ രക്ഷിതാവായ അല്ലാഹുവെ നിങ്ങൾ സൂക്ഷിക്കുകയും ചെയ്യുക. അവരുടെ വീടുകളിൽനിന്ന് അവരെ നിങ്ങൾ പുറത്താക്കരുത്. അവർ പുറത്തുപോവുകയും ചെയ്യരുത്. പ്രത്യക്ഷമായ വല്ല നീചവൃത്തിയും അവൾ ചെയ്യുകയാണെങ്കിലല്ലാതെ... അങ്ങനെ അവർ അവരുടെ അവധിയിൽ എത്തുമ്പോൾ നിങ്ങൾ ന്യായമായ നിലയിൽ അവരെ പിടിച്ചുനിർത്തുകയോ ന്യായമായ നിലയിൽ അവരുമായി വേർപിരിയുകയോ ചെയ്യുക” (65:1, 2).

ഇദ്ദയുടെ കാലത്ത് സ്ത്രീയും പുരുഷനും ഭാര്യാഭർത്താക്കന്മാരല്ല. എന്നാൽ, അന്യരുമല്ല. പുരുഷൻെറ വീട്ടിലാണ് അവൾ കഴിയുന്നത്. വിവാഹമോചനം ചെയ്ത ശേഷവും സ്ത്രീ ഭർത്താവിൻെറ വീട്ടിൽതന്നെ താമസിക്കുന്നത് ഇരുവരുടെയും മനസ്സ് മാറ്റുവാൻ ഉപകരിക്കും. ഇന്നലെവരെ കൂടെക്കിടന്നവർ ഇന്ന് രണ്ടായി കഴിയുകയാണ്. അവളെയാണെങ്കിൽ അയാൾ കാണുകയും ചെയ്യുന്നു. അയാളുടെ ആസക്തിയെ ഇളക്കിവിടുവാനും കോപം ശമിപ്പിക്കുകവാനും ഇതുമൂലം കഴിഞ്ഞേക്കും. ഇദ്ദാകാലത്ത് അവളെ മടക്കിയെടുക്കുവാൻ പുരുഷന് അവകാശമുണ്ട്. നിരുപാധികം അയാൾക്ക് അതിന് സാധിക്കും. കുടുംബസ്ഥാപനം തകരാതിരിക്കുന്നതിന് എത്ര ശാസ്ത്രീയമായ മാർഗങ്ങളാണ് ഖുർആൻ സ്വീകരിക്കുന്നത്; കർക്കശമായ നിയമങ്ങൾ അടിച്ചേൽപിക്കാതെതന്നെ.

വിവാഹമോചനം നടത്തി. മൂന്ന് ആർത്തവകാലം കഴിയുന്നതുവരെ ഭർതൃഗൃഹത്തിൽ അവൾ താമസിക്കുകയും ചെയ്തു. എന്നിട്ടും അവർ തമ്മിൽ ഇണങ്ങാൻ മാർഗമില്ല. എങ്കിൽ പിന്നെ മോചനംതന്നെയാണ് പരിഹാരം. ഈ മോചനംപോലും മാന്യമായിരിക്കണമെന്നാണ് ഖുർആനിൻെറ അനുശാസന. “ഒന്നുകിൽ മാന്യമായി അവളെ പിടിച്ചുനിർത്തുക, അല്ലെങ്കിൽ മാന്യമായി അവളെ പിരിച്ചയക്കുക” (65:2).

വിവാഹസമയത്ത് വരൻ നൽകിയ വിവാഹമൂല്യം പൂർണമായി ഇങ്ങനെ മോചിപ്പിക്കുന്ന സ്ത്രീക്ക് അവകാശപ്പെട്ടതാണ്. കൂടുതലായാലും കുറച്ചായാലും അത് തിരിച്ചുവാങ്ങാൻ പാടില്ല. ഖുർആൻ പറയുന്നു: “നിങ്ങൾ ഒരു ഭാര്യയുടെ സ്ഥാനത്ത് മറ്റൊരു ഭാര്യയെ പകരം സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നപക്ഷം അവരിൽ ഒരുവൾക്ക് നിങ്ങൾ ഒരു കൂമ്പാരംതന്നെ കൊടുത്തിട്ടുണ്ടായിരുന്നുവെങ്കിലും അതിൽനിന്ന് യാതൊന്നുംതന്നെ നിങ്ങൾ തിരിച്ചുവാങ്ങരുത്” (4:20).

എന്നാൽ, ഭാര്യയെ സ്പർശിക്കുന്നതിനു മുമ്പാണ് മോചനമെങ്കിൽ നിശ്ചയിക്കപ്പെട്ട വിവാഹമൂല്യത്തിൻെറ പകുതി അവൾക്ക് നൽകിയാൽ മ

തിയാകുന്നതാണ് (2:237).

വിവാഹമോചന സമയത്ത് സ്ത്രീകൾക്ക് മാന്യമായ പാരിതോഷികം നൽകണമെന്നും ഖുർആൻ അനുശാസിക്കുന്നുണ്ട്. "വിവാഹമോചിതരായ സ്ത്രീകൾക്ക് ന്യായപ്രകാരം എന്തെങ്കിലും ജീവിതവിഭവമായി നൽകേണ്ടതുണ്ട്. ഭയഭക്തിയുള്ളവർക്ക് അതൊരു ബാധ്യതയത്രേ" (2: 241).

ഒരാൾ ഒരു സ്ത്രീയെ വിവാഹമോചനം നടത്തി. അൽപകാലത്തിനു ശേഷം തന്റെ പ്രവൃത്തിയിൽ അയാൾക്ക് പാശ്ചാതാപം തോന്നി. മോചിതയായ സ്ത്രീയാണെങ്കിൽ പുനർവിവാഹം ചെയ്യപ്പെട്ടിട്ടുമില്ല. അയാൾക്ക് അവളെ തന്റെ ഭാര്യയായി സ്വീകരിക്കണമെന്ന് ആഗ്രഹം ജനിച്ചു. എങ്കിൽ അയാൾക്ക് അവളെ പുനർവിവാഹം കഴിക്കാൻ ഖുർആൻ അനുവദിക്കുന്നു. ഇങ്ങനെ പുനർവിവാഹം ചെയ്യപ്പെട്ടതിനുശേഷം ഒരിക്കൽ കൂടി അതേസ്ത്രീയെതന്നെ വിവാഹമോചനം ചെയ്യുന്നുവെന്നു കരുതുക. ഒരു പ്രാവശ്യംകൂടി മാത്രമേ അയാൾക്ക് അവളെ തിരിച്ചെടുക്കാൻ അവകാശമുള്ളൂ. മൂന്നാം തവണയും അയാൾ അവളെ ത്വലാഖ് ചെയ്യുകയാണെങ്കിൽ പിന്നെ അയാൾക്ക് അവളെ തിരിച്ചെടുക്കാൻ കഴിയില്ല. ഇതാണ് ഖുർആൻ പ്രതിപാദിക്കുന്ന മൂന്നു ത്വലാഖുകൾ. ഖുർആൻതന്നെ പറയട്ടെ: "(മടക്കിയെടുക്കാൻ അനുമതിയുള്ള) വിവാഹമോചനം രണ്ടു പ്രാവശ്യം മാത്രമാകുന്നു. പിന്നെ ഒന്നുകിൽ മര്യാദയനുസരിച്ച് കൂടെ നിർത്തുകയോ അല്ലെങ്കിൽ നല്ല നിലയിൽ പിരിച്ചയക്കുകയോ ആണ് വേണ്ടത്... ഇനിയും (മൂന്നാമതും) അവൻ അവളെ വിവാഹമോചനം ചെയ്യുകയാണെങ്കിൽ അതിനുശേഷം അവളുമായി ബന്ധപ്പെടൽ അവന് അനുവദനീയമാവില്ല" (2:229, 230).

ഇതാണ് ഖുർആനിൽ പ്രതിപാദിക്കുന്ന മൂന്ന് ത്വലാഖുകൾ. മൂന്നും മൂന്നു പ്രാവശ്യമായി നടക്കുന്ന വിവാഹമോചനങ്ങളാണവ. ഒരേസമയം മൂന്ന് ത്വലാഖ് ചൊല്ലുന്നത് നിഷിദ്ധമാണെന്ന കാര്യത്തിൽ പ്രമുഖ മുസ്ലിം പണ്ഡിതന്മാർക്കിടയിൽ പക്ഷാന്തരമില്ല. മൂന്നു ത്വലാഖും ഒന്നിച്ചു ചൊല്ലിയ ഒരാളെ ഉമർ (റ) ചമ്മട്ടികൊണ്ട് അടിക്കുവാൻ കൽപിക്കുകയുണ്ടായി. ഇതിൽനിന്ന് ഇത്തരമൊരു നടപടിയെ ഇസ്ലാം എന്തുമാത്രം വെറുക്കുന്നുവെന്ന് മനസ്സിലാക്കാൻ കഴിയും. മൂന്ന് ത്വലാഖുകൾ എന്ന പദ്ധതി യഥാർഥത്തിൽ സ്ത്രീക്ക് ഗുണകരമാണെന്നതാണ് വാസ്തവം. ഖുർആൻ പറഞ്ഞ രീതിയിൽ ജീവിക്കുന്ന ഒരാൾക്ക് അയാളുടെ ഹൃദയത്തിനകത്ത് സ്നേഹത്തിന്റെ ലാഞ്ഛനയെങ്കിലും ബാക്കിയുണ്ടെങ്കിൽ മൂന്നാമത് ത്വലാഖ് ചെയ്യാൻ കഴിയില്ല. സ്വന്തം ഭാര്യയോടൊപ്പം ഒന്നിച്ചു





കഴിയാൻ എന്തെങ്കിലും പഴുതുണ്ടോയെന്ന് അന്വേഷിക്കുകയും ഉണ്ടെങ്കിൽ അതുപയോഗപ്പെടുത്തുകയും ചെയ്യുകയാണ് മൂന്നാമത്തെ ത്വലാഖിന് മുമ്പ് അയാൾ ചെയ്യുക. രണ്ടു പ്രാവശ്യം അയാൾ സഹിച്ച വിരഹദുഃഖം അയാളെ അലട്ടിക്കൊണ്ടിരിക്കും. ഇനിയൊരിക്കലും ഒന്നിച്ചുകഴിയാൻ സാധിക്കില്ലെന്ന് ഉറപ്പായതിന് ശേഷം മാത്രമേ മൂന്നാം പ്രാവശ്യം അയാൾ അവളെ വിവാഹമോചനം ചെയ്യുകയുള്ളൂ.

**സ്ത്രീക്ക് പുരുഷനെപ്പോലെ വിവാഹമോചനത്തിന് അവകാശമുണ്ടോ? എന്താണ് ഈ രംഗത്തെ ഖുർആനിക നിർദേശം?**

വിവാഹമോചനത്തിന് സ്ത്രീക്ക് അവകാശമുണ്ട്. സ്ത്രീയുടെ വിവാഹമോചനം രണ്ടു തരമാണ്. ഖുൽഉം ഫസ്ഖും.

തന്റെ ഭർത്താവിനെ വെറുക്കുകയും അയാളോടൊപ്പം ജീവിക്കുവാൻ ഇഷ്ടപ്പെടാതിരിക്കുകയും ചെയ്യുന്ന സ്ത്രീക്ക് അയാളോട് വിവാഹമോചനത്തിന് ആവശ്യപ്പെടാവുന്നതാണ്. ഇതാണ് 'ഖുൽഅ്'. ഭർത്താവിൽ നിന്ന് ലഭിച്ച വിവാഹമൂല്യം തിരിച്ചുകൊടുക്കണമെന്നുള്ളതാണ് 'ഖുൽഇ'നുള്ള നിബന്ധന. വിവാഹം വഴി ഭാര്യക്ക് ലഭിച്ച സമ്പത്ത് തിരിച്ചുകൊടുക്കണമെന്നർഥം. ഇക്കാര്യം വിവരിക്കുന്ന ഖുർആൻ സൂക്തം നോക്കുക: "അങ്ങനെ അവർക്ക് (ദമ്പതികൾക്ക്) അല്ലാഹുവിന്റെ നിയമപരിധികൾ പാലിക്കുവാൻ കഴിയില്ലെന്ന് നിങ്ങൾക്ക് ഉത്കണ്ഠ തോന്നുകയാണെങ്കിൽ അവൾ വല്ലതും വിട്ടുകൊടുത്ത് സ്വയം മോചനം നേടുന്നതിന് അവർ ഇരുവർക്കും കുറ്റമില്ല. (2:229).

'ഖുൽഇ'നുള്ള നിബന്ധനകൾ താഴെ പറയുന്നവയാണ്.

ഒന്ന്: ത്വലാഖിനെപ്പോലെതന്നെ അനിവാര്യമായ സാഹചര്യങ്ങളില്ലാതെ ഖുൽഅ് ചെയ്യാൻ പാടില്ലാത്തതാകുന്നു. പ്രവാചകൻ (സ) പറഞ്ഞു: "പ്രയാസമുണ്ടാവുമ്പോഴല്ലാതെ ഭർത്താവിൽനിന്ന് വിവാഹമോചനം ആവശ്യപ്പെടുന്ന സ്ത്രീക്ക് സ്വർഗത്തിന്റെ സുഗന്ധം പോലും നിഷിദ്ധമാണ്" (അബൂദാവൂദ്).

രണ്ട്: സ്ത്രീ ഖുൽഅ് ആവശ്യപ്പെട്ടാൽ അവളെ മോചിപ്പിക്കേണ്ടത് പുരുഷന്റെ ബാധ്യതയാണ്.

മൂന്ന്: താൻ നൽകിയ വിവാഹമൂല്യം പൂർണമായോ ഭാഗികമായോ ആവശ്യപ്പെടാൻ പുരുഷന് അവകാശമുണ്ട്. വിവാഹമൂല്യത്തിൽ കവിഞ്ഞ യാതൊന്നും ആവശ്യപ്പെടാവതല്ല.

നാല്: താൻ ആവശ്യപ്പെട്ട തുക നൽകുന്നതോടുകൂടി ഖുൽഅ് സാ

ധുവായിത്തീരുന്നു. അഥവാ ആ സ്ത്രീ പുരുഷൻെറ ഭാര്യയല്ലാതായിമാറുന്നു.

ഇത്തരം വിവാഹമോചനങ്ങൾ പ്രവാചകൻെറ (സ) കാലത്തു നടന്നതായി കാണാനാവും. താൻ ഇഷ്ടപ്പെടാത്ത ഭാര്യയെക്കൊണ്ട് ഖുൽഅ് ചെയ്യിക്കുന്നതിനുവേണ്ടി അവളെ പ്രയാസപ്പെടുത്തുന്ന സമ്പ്രദായം നിലവിലുണ്ടായിരുന്നു. താൻ നൽകിയ വിവാഹമൂല്യം തിരിച്ചുവാങ്ങുന്നതിനുവേണ്ടിയായിരുന്നു അത്. ഖുർആൻ ഈ സമ്പ്രദായത്തെ ശക്തിയായി വിലക്കുന്നുണ്ട്.

"നിങ്ങൾ കൊടുത്തിട്ടുള്ളതിൽ ഒരു ഭാഗം തട്ടിയെടുക്കാനായി നിങ്ങൾ അവരെ മുടക്കിയിടുകയും ചെയ്യരുത്" (4:19).

സ്ത്രീയുടെ രണ്ടാമത്തെ വിവാഹമോചന രീതിയാണ് 'ഫസ്ഖ്'. ഭാര്യയുടെ അവകാശങ്ങൾ നിഷേധിക്കുകയും അതോടൊപ്പം വിവാഹമോചനം നൽകാതിരിക്കുകയും ചെയ്യുന്ന പുരുഷന്മാരിൽനിന്ന് ന്യായാധിപൻെറ സഹായത്തോടെ നേടുന്ന വിവാഹമോചനമാണിത്. ഭർത്താവിന് സന്താനോൽപാദനശേഷി ഇല്ലെന്ന് തെളിയുക, ലൈംഗികബന്ധത്തിന് സാധിക്കാതിരിക്കുക, അവിഹിത വേഴ്ചകളിൽ മുഴുകുക, ക്രൂരമായി പെരുമാറുക, തന്നെ അധാർമിക വൃത്തിക്ക് നിർബന്ധിക്കുക, ജീവിതത്തിൻെറ അടിസ്ഥാനാവശ്യങ്ങൾ നിഷേധിക്കുക, തൻെറ സ്വത്തുക്കൾ അന്യായമായി ഉപയോഗിക്കുക, ഒന്നിലധികം ഭാര്യമാരുള്ളയാളാണെങ്കിൽ തന്നോട് നീതിപൂർവം വർത്തിക്കാതിരിക്കുക, തുടങ്ങിയ അവസരങ്ങളിൽ ഭാര്യക്ക് ന്യായാധിപൻ മുഖേന വിവാഹബന്ധം വേർപെടുത്താവുന്നതാണ്. ഇതാണ് ഫസ്ഖ്. തൻെറ അനുവാദമില്ലാതെ രക്ഷാധികാരികൾ വിവാഹം ചെയ്തുകൊടുത്താലും ഭർത്താവ് എവിടെയാണെന്നറിയാത്ത സ്ഥിതി ഉണ്ടെങ്കിലും ഭാര്യക്ക് ഫസ്ഖ് ചെയ്യാവുന്നതാണ്.

ഫസ്ഖ് ചെയ്യുന്നത് ന്യായാധിപനിലൂടെയായിരിക്കണമെന്നുള്ളതാണ് അതിനുള്ള നിബന്ധന. ഭാര്യ ഉന്നയിക്കുന്ന കാരണങ്ങൾ ഫസ്ഖിന് പ്രേരിപ്പിക്കാവുന്ന തരത്തിലുള്ളതാണോ എന്ന് പരിശോധിക്കുന്നത് ന്യായാധിപനാണ്. അങ്ങനെയാണെങ്കിൽ വിവാഹമൂല്യം തിരിച്ചുനൽകാതെതന്നെ അവൾക്ക് അവനുമായുള്ള ബന്ധത്തിൽനിന്ന് പിരിയാനുള്ള സംവിധാനമുണ്ട്.

ചുരുക്കത്തിൽ, പുരുഷൻെറയും സ്ത്രീയുടെയും പ്രകൃതിയെപ്പറ്റി ശരിക്കറിയാവുന്ന പടച്ചതമ്പുരാൻ ഇരുവർക്കും പറ്റിയ രീതിയിൽതന്നെയാ



ണ് അവരുടെ വിവാഹമോചനരീതിപോലും ക്രമീകരിച്ചിരിക്കുന്നതെന്ന വസ്തുതയാണ് ഇതിൽനിന്നെല്ലാം വ്യക്തമാകുന്നത്.

**വിധവയായിത്തീർന്ന സ്ത്രീ സമൂഹത്തിൽനിന്നകന്ന് നാലു മാസത്തിലധികം ദുഃഖമാചരിക്കണമെന്ന് ഖുർആൻ നിർദേശിക്കുന്നുണ്ടല്ലോ? ഇത് സ്ത്രീയെ പ്രയാസപ്പെടുത്തുന്നതല്ലേ?**

ഭർത്താവ് മരിച്ച സ്ത്രീ നാലുമാസവും പത്തു ദിവസവും ദുഃഖമാചരിക്കണമെന്ന് ഖുർആൻ അനുശാസിക്കുന്നുണ്ട്. "നിങ്ങളാരെങ്കിലും തങ്ങളുടെ ഭാര്യമാരെ വിട്ടേച്ചുകൊണ്ട് മരണപ്പെടുകയാണെങ്കിൽ അവർ തങ്ങളുടെ കാര്യത്തിൽ നാലു മാസവും പത്തുദിവസവും കാത്തിരിക്കേണ്ടതാണ്. എന്നിട്ട് അവരുടെ ആ അവധിയെത്തിയാൽ തങ്ങളുടെ കാര്യത്തിൽ അവർ മര്യാദയനുസരിച്ചു പ്രവർത്തിക്കുന്നതിൽ നിങ്ങൾക്ക് കുറ്റമൊന്നുമില്ല"

(2:224).

എന്തിനാണത്? രണ്ടു ഉദ്ദേശ്യങ്ങളാണുള്ളത്. തൻെറ ജീവിത പങ്കാളിയുടെ വേർപാടിൽ ദുഃഖാചരണം നടത്തുകയാണ് ഒന്ന്. അന്തരിച്ച ഭർത്താവിൽനിന്ന് താൻ ഗർഭം ധരിച്ചിട്ടുണ്ടോ എന്ന സംശയം ദുരീകരിക്കുകയാണ് മറ്റൊന്ന്.

ഈ കാലത്ത് അവൾ ചെയ്യേണ്ടതെന്താണ്? ദുഃഖാചരണകാലത്ത് അവൾ വിവാഹിതയാകാൻ പാടില്ല. വിവാഹാലോചനകളും ഇക്കാലത്ത് വിലക്കപ്പെട്ടിരിക്കുന്നു. അഴകും മോടിയും കൂട്ടി പുരുഷന്മാരെ ആകർഷിക്കുകയോ സ്വമനസ്സിൽ ലൈംഗികതൃഷ്ണ വളർത്തുകയോ ചെയ്തുകൂ

ടാ. വർണശബളമായ ആടയാഭരണങ്ങൾ ധരിക്കുകയും ചായവും സുറുമയും ഉപയോഗിക്കുകയും സുഗന്ധദ്രവ്യങ്ങൾ പുരട്ടുകയും ചെയ്യുന്നതിൽനിന്ന് ഇക്കാലത്ത് അവൾ വിലക്കപ്പെട്ടിരിക്കുന്നു. അത്യാവശ്യകാര്യങ്ങൾക്കായി പുറത്തുപോകുന്നതിനെയോ മാന്യവും വൃത്തിയുള്ളതുമായ വസ്ത്രം ധരിക്കുന്നതിനെയോ നിരോധിച്ചതായി കാണാൻ കഴിയില്ല. ചുരുക്കത്തിൽ, ലൈംഗിക ചിന്തയുണ്ടാക്കുന്ന എല്ലാ കാര്യങ്ങളിൽനിന്നും അകന്നുനിൽക്കാൻ ദുഃഖാചരണകാലത്ത് സ്ത്രീ ബാധ്യസ്ഥയാണ്.

ഭർത്താവ് മരിച്ച് നാലു മാസവും പത്തു ദിവസവും കഴിഞ്ഞാൽ-ഗർഭിണിയാണെങ്കിൽ പ്രസവിച്ചാൽ-അവൾക്ക് ഇഷ്ടമുള്ളതുപോലെ ചെയ്യാവുന്നതാണ്. ഒന്നുകിൽ പുനർവിവാഹം ചെയ്യാം. അല്ലെങ്കിൽ തൽക്കാലം വിവാഹം വേണ്ടെന്നു വെക്കാം. എല്ലാം അവളുടെ ഇഷ്ടത്തിന് വിടേണ്ടതാണ്.

അജ്ഞാന കാലത്ത് അറേബ്യയിൽ വിധവകൾ ഒരു വർഷം ദുഃഖാചരണം നടത്തുമായിരുന്നു. അങ്ങേയറ്റം മലിനമായി വസ്ത്രം ധരിച്ച്, കുളിക്കുകയോ വൃത്തിയാവുകയോ ചെയ്യാതെയുള്ള ദുഃഖാചരണം. ഇതിൽനിന്ന് പരിവർത്തനം ഉണ്ടാക്കുകയാണ് ഇസ്‌ലാം ചെയ്തത്.

ഭർത്താവ് മരിച്ച ഹൈന്ദവ സ്ത്രീ എന്തു ചെയ്യണം?

മനുസ്മൃതിയുടെ വിധി കാണുക:

കാമം തുക്ഷ പയേ ദ്ദേഹം പുഷ്പ മൂല ഫലൈഃ ശുഭൈഃ

ന തു നാമാഭി ഗൃഹ്ണീ യാത്പത്യൗ പ്രേത പരസ്യതു

ആസീതാ മരണാൽ ക്ഷാന്താ നിയതാ ബ്രഹ്മചാരിണീ

യോ ധർമ്മ ഏകപത്നീ നാം കാംക്ഷന്തീ തമനുത്തമം (5:157, 158).

(ഭർത്താവ് മരിച്ച ശേഷം പരിശുദ്ധമായ കിഴങ്ങ്, ഫലം, പുഷ്പം മുതലായ ആഹാരങ്ങൾകൊണ്ട് ദേഹത്തിന് ക്ഷതം വരുത്തി കാലം നയിക്കേണ്ടതാണ്. കാമവികാരോദ്ദേശ്യത്തിന്മേൽ മറ്റൊരു പുരുഷന്റെ പേരു പറയരുത്. ഭർത്താവ് മരിച്ച ശേഷം ജീവാവസാനം വരെ സഹനശീലയായി പരിശുദ്ധയായി ബ്രഹ്മധ്യാനമുള്ളവളായും മധുമാംസഭക്ഷണം ചെയ്യാത്തവളായും ഉത്കൃഷ്ടയായ പതിവ്രതയുടെ ധർമത്തെ ആഗ്രഹിക്കുന്നവളായും ഇരിക്കേണ്ടതാകുന്നു).

ഇത് മനുസ്മൃതിയുടെ വിധി. ഇന്ത്യയിൽ നിലവിലുണ്ടായിരുന്ന അവസ്ഥ ഇതിലും ഭീകരമായിരുന്നു. ഭർത്താക്കന്മാർ മരിച്ചാൽ അവരുടെ ചിതയിൽ ചാടി മരിക്കണമെന്ന് സ്ത്രീ നിർദേശിക്കപ്പെട്ടിരുന്നു. ക്രൂരമായ





സതി സമ്പ്രദായം! അത് അനുഷ്ഠിക്കുവാൻ വിസമ്മതിക്കുന്ന വിധവകൾ തലമൊട്ടയടിച്ച് സമൂഹത്തിൽ ഒറ്റപ്പെട്ടു കഴിയണമായിരുന്നു. ശൈശവ വിവാഹത്തിന് ശേഷം വിധവകളാകുന്ന ആറും ഏഴും വയസ്സ് പ്രായമുള്ള പെൺകിടാങ്ങൾപോലും തലമൊട്ടയടിച്ച് ജീവിതകാലം മുഴുവൻ ഭിക്ഷുണികളായി കഴിഞ്ഞുകൂടണമെന്നായിരുന്നു നിയമം. ഇവർക്ക് അനുവദിക്കപ്പെട്ടിരുന്നതോ ഒരു നേരത്തെ ഭക്ഷണം മാത്രം!

വിധവകളെ പുനർവിവാഹത്തിൽനിന്ന് ഖുർആൻ വിലക്കുന്നില്ല. അവർ നാലു മാസവും പത്തു ദിവസവും കാത്തിരിക്കണമെന്നു മാത്രമാണ് അത് അനുശാസിക്കുന്നത്. ഈ കാത്തിരിപ്പാകട്ടെ തികച്ചും ശാസ്ത്രീയവും സ്ത്രീക്ക് ഗുണം ചെയ്യുന്നതുമാണുതാനും. ഇതിനിടക്ക് സ്ത്രീ വിവാഹിതയാവുകയും ഉടൻ ഗർഭിണിയായി അവർക്ക് കുഞ്ഞുണ്ടാവുകയുമാണെങ്കിൽ അതിന്റെ പിതൃത്വത്തെക്കുറിച്ച് സംശയം ഉണ്ടാകുവാൻ സാധ്യതയുണ്ട്. ഈ സംശയം തന്റെ കുടുംബഭദ്രതയും മനസ്സമാധാനവും തകർക്കുന്നതിലേക്ക് നയിച്ചേക്കും. ഖുർആൻ പറഞ്ഞ പ്രകാരം കാത്തിരുന്ന ശേഷം പുനർവിവാഹം ചെയ്യുന്ന സ്ത്രീ ഗർഭിണിയാകുമ്പോൾ ഈ പ്രശ്നം ഉദിക്കുന്നില്ല. അത് രണ്ടാം ഭർത്താവിന്റെ കുഞ്ഞു തന്നെയാണെന്ന് ഉറപ്പിക്കാനാവും. വിധവയുടെ ദുഃഖാചരണം സംബന്ധിച്ച ഖുർആനിക ഇദ്ദയുടെ നിയമവും സ്ത്രീക്ക് അനുഗുണമാണെന്നും പ്രയാസപ്പെടുത്താതിരിക്കാനുള്ളതാണെന്നുമുള്ള വസ്തുതയാണ് ഇവിടെ വ്യക്തമാകുന്നത്.

# എട്ട്

# ഖുർആനും അനന്തരാവകാശപ്രശ്നങ്ങളും

**പരേതന് പുത്രനുള്ളപ്പോൾ അനാഥപൗത്രൻ അനന്തരാവകാശി ആവുകയില്ലെന്നാണല്ലോ ഖുർആനിക നിയമം. ഇത് അന്യായവും അനാഥരോടുള്ള അനീതിയുമല്ലേ?**

ദായധനത്തെക്കുറിച്ച വിശുദ്ധ ഖുർആൻെറ സമീപനത്തിലേക്ക് ആഴത്തിലിറങ്ങിച്ചെല്ലാത്തതുകൊണ്ടുള്ള സംശയമാണ് ഇത്. ഇവ്വിഷയകമായ ഏറ്റവും ശാസ്ത്രീയവും നീതിയിലധിഷ്ഠിതവുമായ നിയമമാണ് ഖുർആൻ പ്രദാനം ചെയ്യുന്നതെന്നുള്ളതാണ് സത്യം.

അനന്തരാവകാശത്തെക്കുറിച്ച് വിശദീകരിക്കുന്നത് സൂറത്തിന്നിസാഇലെ 11, 12 സൂക്തങ്ങളാണ്. പിതാവോ സന്താനങ്ങളോ ഇല്ലാത്ത വ്യക്തിയുടെ അനന്തരാവകാശത്തെക്കുറിച്ച് ഇതേ അധ്യായത്തിലെ അവസാനത്തിലെ സൂക്തത്തിലും (176) വിവരിക്കുന്നുണ്ട്. ഇവയിൽനിന്നും പ്രവാചക ചര്യയിൽനിന്നുമാണ് ദായധനത്തെക്കുറിച്ച ഇസ്‌ലാമിക സമീപനം ഉരുത്തിരിഞ്ഞിരിക്കുന്നത്. പ്രസ്തുത സമീപനത്തിൻെറ അടിസ്ഥാന തത്ത്വങ്ങൾ താഴെ പറയുന്നവയാണ്.





1. ഒരാളുടെ സ്വത്തിൽ അയാളുടെ ജീവിതകാലത്ത് അയാൾക്കല്ലാതെ മറ്റൊരാൾക്കും യാതൊരവകാശവുമില്ല.

2. അയാളുടെ ജീവിതകാലത്ത് മരിച്ചുപോയ പിന്തുടർച്ചക്കാർക്ക് അയാളുടെ അനന്തരസ്വത്തിൽ അവകാശമൊന്നുമില്ല. (അനന്തര സ്വത്ത് രൂപപ്പെടുന്നതുതന്നെ അയാൾ മരിക്കുന്നതോടുകൂടിയാണല്ലോ. അതിനുമുമ്പ് അത് അയാളുടെ സ്വത്തു മാത്രമാണ്. അനന്തരസ്വത്തല്ല).

3. അയാളുടെ മരണസമയത്ത് ജീവിച്ചിരിക്കുന്ന പിന്തുടർച്ചക്കാർക്ക് മാത്രമേ അനന്തര സ്വത്തിൽ അവകാശമുണ്ടാവുകയുള്ളൂ.

4. അനന്തരാവകാശത്തിൻെറ അടിസ്ഥാനമായി അംഗീകരിക്കപ്പെട്ടിട്ടുള്ളത് അടുത്ത ബന്ധമാണ്. വിവാഹബന്ധവും രക്തബന്ധവും ഇതിൽ ഉൾപ്പെടുന്നു.

5. അയാളുടെ അടുത്ത ബന്ധുക്കൾ അതേ താവഴിയിലെ അകന്ന ബന്ധുക്കളുടെ അവകാശം തടയും. മാതാപിതാക്കൾ, ഭാര്യാഭർത്താക്കന്മാർ, പുത്രപുത്രിമാർ എന്നിവരാണ് അടുത്ത ബന്ധുക്കൾ. ഇവരുടെ സാന്നിധ്യത്തിൽ മറ്റാരും അവകാശികളായി തീരുകയില്ല.

6. വ്യക്തിയുടെ സാമ്പത്തികാവസ്ഥയോ അവശതയോ അല്ല, മരിച്ചയാളുമായുള്ള ബന്ധത്തിൻെറ സ്വഭാവമാണ് ദായധനവിഭജനത്തിലെ അംഗീകൃത മാനദണ്ഡം.

7. മരിച്ചയാളുടെ ബന്ധുക്കളായി ഏറ്റവും അടുത്ത കണ്ണികളില്ലെങ്കിൽ അവകാശം തൊട്ടടുത്ത കണ്ണികളിലേക്ക് നീങ്ങുന്നു. പിതാവില്ലെങ്കിൽ പിതാമഹനും പുത്രനില്ലെങ്കിൽ പൗത്രനും പിന്തുടർച്ചാവകാശം ലഭിക്കുന്നത് ഇതുകൊണ്ടാണ്.

ഈ അടിസ്ഥാനതത്ത്വങ്ങളുടെ വെളിച്ചത്തിൽ പിതാവ് ജീവിച്ചിരിക്കെ മരണപ്പെട്ട മക്കളുടെ മക്കൾക്ക് അദ്ദേഹത്തിൻെറ മരണസമയത്ത് ജീവിച്ചിരിക്കുന്ന മക്കളുണ്ടെങ്കിൽ നിയമപ്രകാരം ദായധനം ലഭിക്കുകയില്ല. കുടുംബശൃംഖലയുടെ ആദ്യത്തെ കണ്ണിയായ മക്കൾ ജീവിച്ചിരിക്കുന്നതിനാൽ രണ്ടാമത്തെ കണ്ണിയായ പൗത്രന്മാരിലേക്ക് അനന്തരാവകാശം എത്തുന്നില്ലെന്നതാണ് ഇതിന് കാരണം. ഇത് അനീതിയല്ലേ എന്നാണ് ചോദ്യം.

ദായധനത്തിൻെറ വിതരണത്തിൽ സമ്പൂർണ രീതി നടപ്പാക്കാൻ നിയമങ്ങളെക്കൊണ്ട് കഴിയുമോ എന്ന മറുചോദ്യമാണ് ഇതിനുള്ള ആദ്യത്തെ മറുപടി. ഇസ്‌ലാമിനെന്നല്ല ഒരു നിയമവ്യവസ്ഥക്കും ഇക്കാര്യത്തിൽ നൂറു ശതമാനം നീതി നടപ്പാക്കാൻ കഴിയില്ലെന്നതാണ് വസ്തുത. ഈ

വസ്തുതക്ക് ഉപോദ്ബലകമായി അവതരിപ്പിക്കാവുന്ന ഏതാനും മോഡലുകൾ കാണുക.

1. പരേതന് രണ്ടു മക്കൾ. ഒരാൾ വികലാംഗൻ. മറ്റെയാൾ അരോഗദൃഢഗാത്രൻ. ഒന്നാമത്തെയാൾക്ക് അധ്വാനിക്കാനാവില്ല. രണ്ടാമന് അധ്വാനിച്ച് പണം സമ്പാദിക്കാം. എങ്ങനെ സ്വത്ത് ഓഹരിവെക്കും? അധ്വാനിക്കാൻ കഴിയുന്നവന് കുറച്ചും കഴിയാത്തവന് കൂടുതലായി ഓഹരി വെക്കുന്നതാണ് നീതി. ഏതെങ്കിലും വ്യവസ്ഥകൾക്ക് ഈ നീതിയെ നിയമമാക്കുവാൻ കഴിയുമോ?

2. പരേതന് മൂന്നു മക്കൾ. മൂത്തയാൾ നാൽപതുകാരൻ. കച്ചവടക്കാരൻ. പിതാവിൻെറ കച്ചവടത്തിൽ സഹകാരിയായി തുടങ്ങി സ്വന്തമായി കച്ചവടത്തിലെത്തിച്ചേർന്നയാൾ. രണ്ടാമത്തെയാൾ ഭിഷഗ്വരൻ. പിതാവിൻെറ പണം ചെലവഴിച്ചുകൊണ്ടാണയാൾ പഠിച്ചത്. ഇന്നയാൾ പണം വാരുന്നു. മൂന്നാമൻ പതിനെട്ടുകാരൻ. വിദ്യാർഥി. എവിടെയെങ്കിലുമെല്ലാം എത്തുന്നതിനുമുമ്പ് പിതാവ് മരിച്ചുപോയി. എങ്ങനെ സ്വത്ത് ഓഹരിവെക്കണം? മൂത്തവർ രണ്ടും സ്വയം സമ്പാദിക്കുന്നവരാണ്. പിതാവിൻെറ സ്വത്തിൽനിന്നാണവർ സമ്പാദ്യം തുടങ്ങിയത്. ഇളയവനാകട്ടെ പിതാവ് ജീവിച്ചിരിക്കുമ്പോൾ അദ്ദേഹത്തിൻെറ സ്വത്തിൽനിന്ന് കാര്യമായി ഒന്നും ലഭിച്ചില്ല. അപ്പോൾ ദായധനമെങ്കിലും ഇളയപുത്രന് കൂടുതൽ ലഭിക്കണമെന്നതാണ് നീതി. പക്ഷേ, ഈ നീതി നടപ്പാക്കുന്ന രീതിയിൽ ദായധനം ഓഹരി വെക്കുന്നതിനാവശ്യമായ നിയമം ഉണ്ടാക്കുവാൻ കഴിയുമോ?

3. പരേതന് മൂന്നു മക്കൾ. ഒരാൾ സമർഥൻ. പണം കൊണ്ട് പണം വാരാൻ കഴിവുള്ളവൻ. രണ്ടാമൻ സാമൂഹിക സേവകൻ. പണം ചെലവഴിച്ച് മറ്റുള്ളവരുടെ ക്ഷേമത്തിനു വേണ്ടി പ്രവർത്തിക്കുന്നവൻ. അവസാനത്തെയാൾ മഠയൻ. കിട്ടിയ പണം സൂക്ഷിച്ചുവെച്ച് അതിൽനിന്ന് മാത്രമായി ചെലവ് കണ്ടെത്തുന്നവൻ. മൂന്നു പേർക്കും പത്തു രൂപ വീതം നൽകിയാൽ ഒന്നാമൻ അത് ഇരുപത് രൂപയാക്കും. രണ്ടാമൻ തനിക്കും അയൽക്കാരനായ ദരിദ്രനും കൂടി ഒരു നേരത്തെ ഭക്ഷണം ഒരുക്കും, മൂന്നാമൻ രണ്ടു നേരത്തെ ഭക്ഷണം കഴിക്കും. ഇവർക്ക് മൂന്നുപേർക്കും ദായധനം ഒരേ പോലെ വീതിക്കുകയാണോ വേണ്ടത്? നീതിയതല്ല. പക്ഷേ, പ്രസ്തുത നീതി ഒരു നിയമക്രമത്തിലൂടെ നടപ്പാക്കുക പ്രായോഗികമല്ലെന്നു മാത്രം.

ദായധനത്തിൻെറയും മറ്റു സാമ്പത്തിക പ്രശ്നങ്ങളുടെയും കാര്യത്തിൽ കേവല നിയമങ്ങൾക്ക് എല്ലാ അർഥത്തിലുമുള്ള സമ്പൂർണ നീതി നടപ്പിലാക്കുവാൻ കഴിയുകയില്ലെന്ന വസ്തുതയാണ് ഇവിടെ വ്യക്തമാകുന്നത്.





ഇസ്ലാം ഇത്തരം പ്രശ്നങ്ങളിൽ കേവല നിയമങ്ങളെ മാത്രം ആശ്രയിച്ചുകൊണ്ടല്ല പരിഹാരങ്ങൾ നിർദേശിക്കുന്നത്. മനുഷ്യരുടെ ധർമബോധത്തെ ഉത്തേജിപ്പിക്കുകയും പ്രയാസങ്ങളനുഭവിക്കുന്നവരോട് കരുണ കാണിക്കുവാൻ പ്രേരിപ്പിക്കുകയും ചെയ്തുകൊണ്ടാണ് ഇത്തരം കാര്യങ്ങളിൽ നീതി നടപ്പാക്കപ്പെടുന്ന സാഹചര്യം സൃഷ്ടിക്കുന്നത്.

എന്തുകൊണ്ട് അനാഥ പൗത്രന് സ്വത്തവകാശം നൽകിക്കൊണ്ട് ഒരു നിയമം ഉണ്ടാക്കിക്കൂടാ? അത്തരം ഒരു നിയമം ഉണ്ടാക്കുന്നത് ദായധന ക്രമത്തിൽ ഇസ്ലാം മുന്നോട്ടുവെക്കുന്ന അടിസ്ഥാനാശയങ്ങളെയെല്ലാം തകർത്തുകളയുമെന്നതാണ് യാഥാർഥ്യം.

അനാഥപൗത്രന് സ്വത്തവകാശം നൽകുന്നതിന് ഒരു മാർഗമേയുള്ളൂ. മരിച്ച മകൻ ജീവിച്ചിരിക്കുന്നതായി സങ്കൽപിക്കുക. അയാളുടെ സന്താനങ്ങളെ മരിച്ചയാളുടെ പ്രതിനിധികളാക്കി തൽസ്ഥാനത്ത് പ്രതിഷ്ഠിക്കുക. എന്നിട്ട് മരിച്ച മകനു നൽകേണ്ട സ്വത്ത് അയാളുടെ മക്കൾക്ക് വിഭജിച്ച് നൽകുക. ഒരാൾക്ക് രണ്ടു മക്കളുണ്ട്, മൂത്ത മകന് മൂന്നും ഇളയവന് രണ്ടും മക്കൾ വീതമുണ്ട്. പിതാവ് ജീവിച്ചിരിക്കെ മൂത്തയാൾ മരിച്ചു. പിതാവ് മരിക്കുമ്പോൾ ഇളയമകനേയുള്ളൂ. അനന്തര സ്വത്തായി ആയിരം രൂപയു ണ്ട്. ഇളയമകൻ അഞ്ഞൂറ് രൂപയെടുക്കുക. ബാക്കി അഞ്ഞൂറു രൂപ മരിച്ച മൂത്തമകൻെറ മൂന്നു മക്കൾക്കും വിഭജിച്ച് നൽകുക. ഇതാണ് പൊതുവായി നിർദേശിക്കപ്പെടുന്ന പ്രാതിനിധ്യതത്ത്വം.

ഇസ്ലാമികദായക്രമത്തിൽ ഈ പ്രാതിനിധ്യതത്ത്വം എന്തുമാത്രം പ്രായോഗികമാണ്? അനന്തരാവകാശ വ്യവസ്ഥയിലെവിടെയെങ്കിലും പ്രാതിനിധ്യതത്ത്വം അംഗീകരിക്കുകയാണെങ്കിൽ അതിൻെറ എല്ലാ വശങ്ങളിലും അതു നടപ്പാക്കേണ്ടിവരുമെന്ന വസ്തുത മറക്കരുത്. ഇത് എത്രമാത്രം ശരിയാവും? പരിശോധിക്കുക. ഏതാനും ചില കാര്യങ്ങൾ കാണുക:

1. ഭാര്യയുടെ അനന്തര സ്വത്തിൽ ഭർത്താവിന് അവകാശമുണ്ട്. സന്തതിയുണ്ടെങ്കിൽ നാലിലൊന്നും ഇല്ലെങ്കിൽ പകുതിയുമാണ് അയാളുടെ അവകാശം. ഭാര്യ മരിക്കുന്നതിനു മുമ്പ് ഭർത്താവ് മരിച്ചുവെന്ന് കരുതുക. പ്രാതിനിധ്യതത്ത്വം അംഗീകരിക്കുകയാണെങ്കിൽ ഭാര്യയുടെ അനന്തര സ്വത്തിൽ ഭർത്താവിൻെറ പിതാവ്, മാതാവ്, മറ്റു ഭാര്യമാരിലുള്ള മക്കൾ എന്നിവർക്കെല്ലാം അവകാശമുണ്ടായിരിക്കും.

2. ഭർത്താവിൻെറ അനന്തരസ്വത്തിൽ ഭാര്യക്കുള്ള അവകാശത്തിൻെറ സ്ഥിതിയും ഇതുതന്നെ. ഭാര്യയുടെ മരണശേഷമാണ് ഭർത്താവിൻെറ മരണമെങ്കിൽ അവളുടെ വിഹിതം അവളുടെ മാതാവ്, പിതാവ് തുടങ്ങിയ

ബന്ധുക്കൾക്ക് നൽകേണ്ടിവരും.

3. മക്കളുടെ സ്വത്തിൽ പിതാക്കന്മാർക്ക് അവകാശമുണ്ട്. മകൻെറ മുമ്പ് പിതാവ് മരണപ്പെട്ടു എന്ന് കരുതുക. പിതാവിന് വേറെയും മക്കളുണ്ട് താനും. മകന് മക്കളുണ്ടെങ്കിലും അയാളുടെ മരണശേഷം പിതാവ് ജീവിച്ചിരിക്കുന്നുവെങ്കിൽ അയാൾക്ക് ലഭിക്കുമായിരുന്ന അനന്തരാവകാശ സ്വത്ത് അയാളുടെ അടുത്ത ബന്ധുക്കൾക്ക് നൽകേണ്ടിവരും.

4. മാതാക്കൾക്ക് മക്കളുടെ സ്വത്തിലുള്ള അവകാശത്തിൻെറ അവസ്ഥയും ഇതുതന്നെ. മകനുമുമ്പ് മാതാവ് മരിച്ചിട്ടുണ്ടെങ്കിലും അവരുടെ അടുത്ത ബന്ധുക്കൾക്ക് മകൻെറ സ്വത്തിൽ അവകാശമുണ്ടെന്ന അവസ്ഥയാണ് പ്രാതിനിധ്യതത്ത്വം അംഗീകരിച്ചാൽ വന്നുചേരുക.

പ്രാതിനിധ്യതത്ത്വം അംഗീകരിക്കുന്നത് ദായക്രമത്തിൽ അസന്തുലിതത്വം ഉണ്ടാകുന്നതിന് നിമിത്തമാകും. ഒരാൾക്ക് രണ്ടു മക്കൾ, രണ്ടുപേരും മരിച്ചു. ഒരു മകന് ഒരു പുത്രനും മറ്റേയാൾക്ക് രണ്ടു പുത്രന്മാരുമാണുള്ളത്. പിതാമഹൻെറ സ്വത്തിൽ ഇസ്ലാമികദായധന വിതരണക്രമപ്രകാരം മൂന്നു പൗത്രന്മാർക്കും ഒരേ അവകാശമാണുണ്ടാവുക. പ്രാതിനിധ്യ സിദ്ധാന്തം അംഗീകരിക്കുകയാണെങ്കിൽ സഹോദരനില്ലാത്ത പൗത്രന് ലഭിക്കുന്നതിൻെറ പകുതി മാത്രമേ അയാളുടെ പിതൃവ്യൻെറ മക്കളിൽ ഓരോരുത്തർക്കും ലഭിക്കുകയുള്ളൂ. ഒരാളുമായി ഒരേബന്ധം പുലർത്തുന്ന വ്യത്യസ്ത വ്യക്തികൾക്ക് വ്യത്യസ്ത രൂപങ്ങളിൽ അവകാശം നൽകുന്നത് ദായക്രമത്തിൽ അസന്തുലിതത്വം സൃഷ്ടിക്കുമെന്ന് പറയേണ്ടതില്ല.

ഒരു നിയമമെന്ന നിലയ്ക്ക് പ്രാതിനിധ്യതത്ത്വം അംഗീകരിക്കുമ്പോഴുള്ള പ്രായോഗിക പ്രശ്നങ്ങളാണ് മുകളിൽ വിവരിച്ചത്. ഇതുകൊണ്ടായിരിക്കാം മക്കൾ ജീവിച്ചിരിക്കുമ്പോൾ പേരക്കുട്ടികൾക്ക് സ്വത്തിൽ അവകാശം നൽകുന്ന രീതിയിലുള്ള ഒരു നിയമം ഖുർആൻ കൊണ്ടുവരാതിരുന്നത്. ഒരു നിയമം കൊണ്ടുവരുമ്പോൾ അതിൻെറ പ്രായോഗികമായ പ്രശ്നങ്ങളെല്ലാം പരിഹരിക്കേണ്ടതുണ്ടല്ലോ. പൗത്രന് സ്വത്തവകാശം ഒരു നിയമനിർമാണം വഴി കൊണ്ടുവരികയാണെങ്കിൽ, ഇസ്ലാമിക ദായക്രമത്തിൻെറ അടിത്തറ തകരുകയും അത് അപ്രായോഗികമായി തീരുകയും ചെയ്യുമായിരുന്നു. നിയമങ്ങളുടെ വരുംവരായ്കകളെക്കുറിച്ച് വ്യക്തമായി അറിയുന്നവനാണ് ഖുർആൻ അവതരിപ്പിച്ചത് എന്ന സത്യമാണ് ഇവിടെ നമുക്ക് വ്യക്തമാകുന്നത്.

**അനാഥ പൗത്രന് സ്വത്തവകാശം നൽകുവാൻ നിയമം ഇല്ലാത്തതിനാൽ അവനെ വഴിയാധാരമാക്കണമെന്നാണോ ഇസ്ലാം വിവക്ഷിക്കുന്നത്? ഈ പ്രശ്നത്തിൽ ഇസ്ലാമിൻെറ പരിഹാരമെന്താണ്?**





അന്തരാവകാശ നിയമങ്ങൾ മാത്രമല്ല ഇസ്ലാമിലുള്ളത്; സംരക്ഷണ നിയമങ്ങൾ കൂടിയുണ്ട്. ഈ നിയമങ്ങൾ രണ്ടും പരസ്പരം ബന്ധപ്പെട്ടാണ് ഇരിക്കുന്നത്. അനന്തരാവകാശത്തിൻെറ അടിസ്ഥാനംതന്നെ അന്യോന്യമുള്ള സംരക്ഷണ ബാധ്യതയാണ്. ഒരാളെ അവശതയിൽ സംരക്ഷിക്കുവാൻ ബാധ്യസ്ഥനാരോ അയാൾക്കാണ് സാധാരണ ഗതിയിൽ അനന്തരാവകാശം ഉണ്ടാകുന്നത്. പിതാവിനെ സംരക്ഷിക്കാൻ പുത്രൻ ബാധ്യസ്ഥനാണ്. പുത്രനെ സംരക്ഷിക്കാൻ പിതാവും. മകനുണ്ടെങ്കിൽ പിതാമഹനെ സംരക്ഷിക്കാൻ പൗത്രൻ ബാധ്യസ്ഥനല്ല; മകനില്ലെങ്കിൽ ബാധ്യസ്ഥനാണുതാനും. (ഇതുകൊണ്ടുകൂടിയാണ് അനാഥപൗത്രന് നിയമപരമായി സ്വത്തിൽ അവകാശമില്ലാത്തത്) പിതാവില്ലാത്ത കുട്ടികളെ സംരക്ഷിക്കേണ്ട ബാധ്യത പിതാമഹനാണുള്ളത്. അനാഥകളെ സംരക്ഷിക്കാതിരിക്കുന്നത് മതനിഷേധമായിട്ടാണ് ഖുർആൻ ഗണിച്ചിരിക്കുന്നത്.

“മതനിഷേധിയെ നീ കണ്ടുവോ? അനാഥകളെ അവഗണിക്കുന്നവനാണവൻ” (107:1, 2).

“അനാഥയെ നീ അടിച്ചമർത്തരുത്” (93:9).

“മാതാപിതാക്കൾക്കും ബന്ധുക്കൾക്കും അനാഥകൾക്കും അഗതികൾക്കും നന്മ ചെയ്യണം” (2:83).

അനാഥകളുടെ സമ്പത്ത് അന്യായമായി ഭക്ഷിക്കുന്നത് കൊടുംപാതകമാണെന്നാണ് ഖുർആൻ പഠിപ്പിക്കുന്നത്.

“അനാഥകൾക്ക് അവരുടെ സ്വത്തുക്കൾ നിങ്ങൾ വിട്ടുകൊടുക്കുക. നല്ലതിനു പകരം ദുഷിച്ചത് നിങ്ങൾ മാറ്റിയെടുക്കരുത്. നിങ്ങളുടെ ധനത്തോട് കൂട്ടിച്ചേർത്ത് അവരുടെ ധനം നിങ്ങൾ തിന്നുകളയുകയുമരുത്. തീർച്ചയായും അത് ഒരു കൊടുംപാതകമാകുന്നു” (4:2).

“ഏറ്റവും ഉത്തമമായ രൂപത്തിലല്ലാതെ നിങ്ങൾ അനാഥരുടെ സ്വത്തിനെ സമീപിച്ചുപോകരുത്. അവന് കാര്യപ്രാപ്തിയെത്തുന്നതുവരെ” (6:152).

അനാഥകളോട് അനാദരവ് കാണിക്കുന്ന യാതൊരുവിധ പ്രവർത്തനങ്ങളുമുണ്ടാവാൻ പാടില്ലെന്നാണ് നബി (സ) പഠിപ്പിച്ചത്. അനാഥകളെ സംരക്ഷിക്കുന്നവൻ തന്നോടൊപ്പം സ്വർഗത്തിൽ പ്രവേശിക്കുമെന്ന് സുവിശേഷമറിയിച്ച മുഹമ്മദ് (സ) അനാഥയുടെ സ്വത്ത് അന്യായമായി ഭുജിക്കുന്നത് മഹാപാപങ്ങളിലൊന്നാണെന്ന മുന്നറിയിപ്പുകൂടി നൽകിയി

ട്ടുണ്ട്. കുടുംബബന്ധങ്ങളൊന്നുമില്ലാത്ത അനാഥകളെതന്നെ സംരക്ഷിക്കേണ്ടത് ഓരോ മുസ്‌ലിമിൻെറയും ബാധ്യതയാണ്. കുടുംബത്തിൽ പെട്ട അനാഥകളുടെ സ്ഥിതി പിന്നെ പറയേണ്ടതുണ്ടോ? അവരെ സംരക്ഷിക്കേണ്ട ഉത്തരവാദിത്തം പ്രധാനമായും പിതാമഹനിലാണ് നിക്ഷിപ്തമായിരിക്കുന്നത്. പിതാമഹൻ മരണപ്പെട്ടാൽ പിതൃവ്യനാണ് സംരക്ഷണമേറ്റെടുക്കേണ്ടത്.

അനാഥ പൗത്രനെ സംരക്ഷിക്കുന്നത് പിതാമഹനാണ്. അയാൾക്കാവശ്യമായ എല്ലാം നൽകുന്നത് പിതാമഹനാണ്. അദ്ദേഹത്തിനറിയാം, അവൻെറ പ്രശ്നങ്ങളും പ്രയാസങ്ങളുമെന്തെല്ലാമാണെന്ന്. തൻെറ മരണശേഷം നിയമപ്രകാരം പൗത്രന് അനന്തരാവകാശമില്ലെന്നും അദ്ദേഹത്തിനറിയാം. അവൻെറ സംരക്ഷണത്തിനുവേണ്ടി തൻെറ സ്വത്തിൻെറ നല്ലൊരു ഭാഗം നീക്കിവെക്കുവാൻ അദ്ദേഹത്തിന് അവകാശമുണ്ട്. ഇത്തരം ആവശ്യങ്ങൾക്കുവേണ്ടിയാണ് ഖുർആൻ 'വസ്വിയ്യത്ത്' നിർബന്ധമാക്കിയിട്ടുള്ളത്.

ചെയ്യുന്ന വ്യക്തിയുടെ മരണത്തോടെ ചെയ്യപ്പെടുന്ന വ്യക്തിക്ക് ഉടമസ്ഥാവകാശം ലഭിക്കുന്ന ദാനമാണ് വസ്വിയ്യത്ത്. വിശുദ്ധ ഖുർആൻ വസ്വിയ്യത്തിന് വളരെയേറെ പ്രാധാന്യം കൽപിച്ചിട്ടുണ്ട്.

"നിങ്ങളിൽ ആർക്കെങ്കിലും മരണം ആസന്നമാകുമ്പോൾ അയാൾ ധനം വിട്ടുപോകുന്നുണ്ടെങ്കിൽ മാതാപിതാക്കൾക്കും അടുത്ത ബന്ധുക്കൾക്കും വേണ്ടി ന്യായപ്രകാരം വസ്വിയ്യത്ത് ചെയ്യുവാൻ നിങ്ങൾ നിർബന്ധിതമായി കൽപിക്കപ്പെട്ടിരിക്കുന്നു. സൂക്ഷ്മത പുലർത്തുന്നവർക്ക് ഒരു കടമയത്രേ അത്" (2:180).

ഏതു സമയത്തും മരണം കടന്നുവരാമെന്നും അത് പ്രതീക്ഷിച്ചുകൊണ്ട് വസ്വിയ്യത്ത് എഴുതി വെക്കണമെന്നും പ്രവാചകൻ (സ) നിർദേശിച്ചതായും കാണാൻ കഴിയും. (ബുഖാരി, മുസ്‌ലിം). വസ്വിയ്യത്തിന് ദൈവദൂതൻ അതിയായി പ്രോൽസാഹിപ്പിച്ചിരുന്നു. അത് ചെയ്യാതിരിക്കുന്നതിന് നിരുൽസാഹപ്പെടുത്തുകയും ചെയ്തിരുന്നു (അഹ്മദ്, തിർമുദി, അബൂദാവൂദ്) ഇവയിൽനിന്ന് വസ്വിയ്യത്തിന് ഇസ്‌ലാം വളരെയേറെ പ്രാധാന്യം കൽപിച്ചിരിക്കുന്നുവെന്ന് മനസ്സിലാക്കാനാവും.

ആകെ സ്വത്തിൻെറ മൂന്നിലൊന്നിൻെറ വസ്വിയ്യത്ത് ചെയ്യാൻ ഒരാൾക്ക് അവകാശമുണ്ട്. ആർക്കുവേണ്ടിയാണ് വസ്വിയ്യത്ത്? അനന്തരാവകാശികൾക്കുവേണ്ടി വസ്വിയ്യത്ത് ചെയ്യാവതല്ലെന്നാണ് പ്രവാചകൻ (സ) പഠിപ്പിച്ചിരിക്കുന്നത്. "പിന്തുടർച്ചക്കാരന് വസ്വിയ്യത്തില്ല'' (അഹ്മദ്, തിർമുദി).





പിന്നെയാർക്കുവേണ്ടിയാണ് വസ്വിയ്യത്ത് ചെയ്യേണ്ടത്? അത് തീരുമാനിക്കേണ്ടത് അത് ചെയ്യുന്ന വ്യക്തിയാണ്. പിന്തുടർച്ചക്കാരല്ലാത്ത അടുത്ത ബന്ധുക്കളെയാണ് ആദ്യമായി പരിഗണിക്കേണ്ടതെന്നാണല്ലോ നടേ ഉദ്ധരിച്ച ഖുർആൻ സൂക്തം (2.180) വ്യക്തമാക്കുന്നത്. അതിൽ പ്രധാനമായും ഉൾപ്പെടുക അനാഥ പൗത്രൻതന്നെയായിരിക്കും. അനാഥരായ പൗത്രന്മാർക്ക് എത്ര സ്വത്ത് നൽകുവാനും പിതാമഹന് അവകാശമുണ്ട്. അദ്ദേഹം ജീവിച്ചിരിക്കുമ്പോൾതന്നെ ദാനമായി എത്രവേണമെങ്കിലും നൽകാം. ആകെ സ്വത്തിൻെറ മൂന്നിലൊന്നുവരെ വസ്വിയ്യത്തായും നൽകാം. അവകാശികൾക്കും നിരാലംബരായി തീരുന്ന ആശ്രിതർക്കും നീതി നിഷേധിക്കുന്ന തരത്തിലാകരുത് ഇഷ്ടദാനവും വസ്വിയ്യത്തും എന്നു മാത്രമേയുള്ളൂ.

അനാഥ പൗത്രൻെറ കാര്യത്തിൽ ഇസ്‌ലാം ചെയ്തിട്ടുള്ളത് ഇതാണ്. അയാളുടെ സംരക്ഷണത്തിൻെറ ഉത്തരവാദിത്തം പിതാമഹനെ ഏൽപിച്ചു; പിതാമഹൻ മരിച്ചാൽ പിതൃവ്യനെയും. അയാളുടെ ആവശ്യങ്ങളും അവശതകളും മനസ്സിലാക്കി എത്ര സ്വത്ത് വേണമെങ്കിലും നൽകാനുള്ള സ്വാതന്ത്ര്യം പിതാമഹന് നൽകി. അയാളെക്കുറിച്ച് മറ്റാരെക്കാളും അറിയുക പിതാമഹനാണല്ലോ. അയാൾക്കുവേണ്ടി -മറ്റു അവശർക്കും അശരണർക്കും വേണ്ടിയും - മൂന്നുലൊന്നുവരെ വസ്വിയ്യത്ത് ചെയ്യുവാനുള്ള അവകാശവും പിതാമഹന് നൽകി. പ്രസ്തുത വസ്വിയ്യത്ത് പ്രകാരമുള്ള സ്വത്ത് നീക്കിവെച്ച ശേഷം ബാക്കിയുള്ള സ്വത്തു മാത്രമേ അനന്തരാവകാശികൾ ഭാഗിച്ചെടുക്കാൻ പാടുള്ളൂവെന്ന് പ്രത്യേകം നിഷ്കർഷിച്ചു. (4:11) അനാഥകൾ സ്വത്തിന് അവകാശികളായിത്തീരുമ്പോൾ പ്രായപൂർത്തിയെത്താത്തവരാണെങ്കിൽ പ്രസ്തുത സ്വത്ത് സംരക്ഷിക്കാൻ അടുത്ത ബന്ധുക്കളെ ചുമതലപ്പെടുത്തുകയും അവർക്ക് കാര്യബോധമെത്തുമ്പോൾ കൈമാറണമെന്ന് നിഷ്കർഷിക്കുകയും ചെയ്തു (4:6).

പിതാമഹൻ വസ്വിയ്യത്ത് ചെയ്തിട്ടില്ലെങ്കിലും പിതൃവ്യൻ ഉൾപ്പെടെയുള്ള ബന്ധുക്കൾ അനാഥരായ പൗത്രനോ പൗത്രന്മാർക്കോ ന്യായമായ വിഹിതം നൽകുന്ന കാര്യം ദയാധനം ഭാഗിച്ചെടുക്കുന്ന സമയത്ത് പരിഗണിക്കണമെന്ന് വിശുദ്ധ ഖുർആൻ ഗൗരവപൂർവം അനുശാസിച്ചിട്ടുണ്ട് (4:8,9).

നിയമത്തിന് അതിൻേറതായ ഒരു രീതിശാസ്ത്രമുണ്ട്. പ്രസ്തുത രീതി

ശാസ്ത്രമനുസരിക്കുകയാണ് ഇസ്‌ലാം ചെയ്യുന്നത്. എന്നാൽ, അതോടൊപ്പംതന്നെ നിയമത്തിൻെറ ഊരാക്കുടുക്കുകളില്ലാതെതന്നെ അനാഥ പൗത്രൻെറ പ്രശ്നം പോലുള്ളവ അത് കൈകാര്യം ചെയ്യുകയും ചെയ്യുന്നു. ധർമബോധത്തെ ഉത്തേജിപ്പിച്ചുകൊണ്ടാണ് ഇസ്‌ലാം ഇത് സാധിക്കുന്നത്. ഏറ്റവും പ്രായോഗികമായ മാർഗവും, ഇത്തരം വിഷയങ്ങളിൽ അതുതന്നെയാണ്.

**ഒരു മകൻ മാത്രം അനന്തരാവകാശിയാവുകയാണെങ്കിൽ അയാൾക്ക് പിതൃസ്വത്ത് മുഴുവനായി ലഭിക്കുമെന്നിരിക്കെ മകൾ മാത്രമാണ് അനന്തരാവകാശിയെങ്കിൽ അവൾക്ക് പകുതി മാത്രവും ഒന്നിലധികം പെൺമക്കളുണ്ടെങ്കിൽ അവർക്കെല്ലാംകൂടി പിതൃസ്വത്തിൻെറ മൂന്നിൽ രണ്ടു ഭാഗം മാത്രവുമാണ് ലഭിക്കുകയെന്ന ഖുർആനിക നിയമം വ്യക്തമായ അനീതിയല്ലേ?**

ആൺമക്കളില്ലാത്തവരുടെ അനന്തരാവകാശവുമായി ബന്ധപ്പെട്ട പ്രശ്നമാണിത്. ഖുർആനിക ദായക്രമപ്രകാരം (4:11) മരണപ്പെട്ടയാൾക്ക് ഒരേയൊരു പെൺകുട്ടി മാത്രമാണുള്ളതെങ്കിൽ അവൾക്ക് സ്വത്തിൻെറ പകുതിയും ഒന്നിലധികമുണ്ടെങ്കിൽ അവർക്കെല്ലാം കൂടി മൂന്നിൽ രണ്ടു ഭാഗവുമാണ് ലഭിക്കുക. ബാക്കി അടുത്ത ബന്ധുക്കൾക്കാണ് ലഭിക്കുക. ഇത് ഖുർആനിക ദായക്രമത്തിലെ പുരുഷമേധാവിത്വമല്ല, പ്രത്യുത മനുഷ്യപ്രകൃതിയെക്കുറിച്ച് വ്യക്തമായി അറിയാവുന്നവനാണ് ഖുർആനിൻെറ കർത്താവെന്ന വസ്തുതയാണ് വ്യക്തമാക്കുന്നത്. മനുഷ്യർക്ക് ആത്യന്തികമായി ഗുണം ചെയ്യുന്ന കാര്യങ്ങളെന്തൊക്കെയാണെന്ന് വ്യക്തമായി അറിയാവുന്നവനാണ് ഖുർആനിൻെറ കർത്താവെന്ന യാഥാർഥ്യം വെളിപ്പെടുത്തുകയാണ് ഈ അനന്തരാവകാശ നിയമവുമെന്ന വസ്തുത അവധാനതയോടെ പ്രശ്നത്തെ സമീപിച്ചാൽ മനസ്സിലാകും.

മരണപ്പെട്ടയാളുടെ കുടുംബബന്ധങ്ങൾ മാത്രം പരിഗണിച്ചു കൊണ്ടല്ല ഖുർആൻ ദായക്രമം അനുശാസിക്കുന്നത്. മരണത്തിന് മുമ്പ് സ്വത്തിൻെറ അവകാശിക്ക് ലഭിക്കേണ്ട ശുശ്രൂഷയും സ്നേഹവാൽസല്യങ്ങളുമെല്ലാം ദായക്രമം നിശ്ചയിക്കുമ്പോൾ ഖുർആനിൻെറ പരിഗണനക്ക് വരുന്നുണ്ട്. അതോടൊപ്പംതന്നെ, പെൺമക്കൾ മാത്രമുള്ള വ്യക്തിയുടെ മരണത്തിനുശേഷം പ്രസ്തുത സന്താനങ്ങളുടെ സംരക്ഷണ ചുമതലയും ഖുർആൻ സജീവമായി പരിഗണിക്കുന്നു. ഓഹരി നിശ്ചയങ്ങളെക്കുറിച്ച് പരാമർശിക്കവെ ഖുർആൻ പറയുന്ന ഒരു കാര്യം പ്രത്യേകം ശ്രദ്ധേയമാണ്. 'നിങ്ങളുടെ പിതാക്കളിലും നിങ്ങളുടെ സന്താനങ്ങളിലും ഉപകാരം





കൊണ്ട് നിങ്ങളോട് ഏറ്റവും അടുത്തവർ ആരാണെന്ന് നിങ്ങൾക്കറിയില്ല. അല്ലാഹുവിൻെറ പക്കൽനിന്നുള്ള ഓഹരി നിർണയമാണിത്. തീർച്ചയായും അല്ലാഹു എല്ലാം അറിയുന്നവനും യുക്തിമാനുമാകുന്നു' (4:11).

മനുഷ്യനെക്കുറിച്ച് സമഗ്രമായി അറിയാവുന്ന നാഥൻെറ നിയമനിർദേശങ്ങൾ സൂക്ഷ്മവും പ്രായോഗികവും മാനവികവുമായിരിക്കും. ഇത് വ്യക്തമാക്കുന്നതാണ് മുകളിൽ പരാമർശിക്കപ്പെട്ട പ്രശ്നത്തിൽ ഖുർആനിക വിധിയുമെന്നുള്ളതാണ് വസ്തുത. താഴെപ്പറയുന്ന കാര്യങ്ങൾ ശ്രദ്ധേയമാണ്.

ഒന്ന്: മാതാപിതാക്കളുടെ വാർധക്യകാലത്ത് അവരെ സംരക്ഷിക്കേണ്ടത് ആൺമക്കളുടെ ബാധ്യതയാണ്: ആൺമക്കളില്ലെങ്കിൽ സഹോദരന്മാരോ അവരുടെ പുത്രന്മാരോ ആണ് വാർധക്യത്തിലെത്തിയവരെ സംരക്ഷിക്കേണ്ടത്.

രണ്ട്: വാർധക്യത്തിലിരിക്കുന്ന മാതാപിതാക്കൾക്ക് ചെലവിനുകൊടുക്കുകയോ അവരെ സംരക്ഷിക്കുകയോ ചെയ്യേണ്ട ഉത്തരവാദിത്തം പെൺമക്കളിൽ ഇസ്‌ലാം ഭരമേൽപിക്കുന്നില്ല. അന്യകുടുംബങ്ങളിൽ ഭർത്താക്കന്മാരോടും കുട്ടികളോടുമൊപ്പം കഴിയുന്ന പെൺമക്കളിൽ മാതാപിതാക്കളുടെ സംരക്ഷണമെന്ന ബാധ്യത ഏൽപിക്കുന്നത് പ്രായോഗികമല്ലെന്നാണ് ഇസ്‌ലാമിൻെറ കാഴ്ചപ്പാട്. വാർധക്യത്തിലെത്തിക്കഴിഞ്ഞവർക്ക് ആൺമക്കളില്ലെങ്കിൽ സഹോദരങ്ങളോ സഹോദരപുത്രന്മാരോ ആണ്, പെൺമക്കളല്ല അവരുടെ സംരക്ഷണം ഏറ്റെടുക്കേണ്ടത്.

മൂന്ന്: പിതാവിൻെറ മരണശേഷം പെൺകുട്ടികളുടെ രക്ഷിതാക്കൾ (വലിയ്യ്) സഹോദരങ്ങളാണ്. മരണപ്പെട്ടയാൾക്ക് ആൺകുട്ടികളില്ലെങ്കിൽ അയാളുടെ പെൺകുട്ടികളുടെ രക്ഷിതാക്കൾ പിതൃസഹോദരങ്ങളോ അവരുടെ മക്കളോ അതല്ലെങ്കിൽ അടുത്ത ബന്ധുക്കളോ ആണ്. മരണപ്പെട്ടയാളുടെ പെൺകുട്ടികളെ വിവാഹം കഴിച്ച് പറഞ്ഞയക്കേണ്ട ബാധ്യത ഈ രക്ഷിതാക്കളിലാണ് നിക്ഷിപ്തമായിരിക്കുന്നത്. അവർ വിധവകളാകുകയും അവരുടെ സന്തതികൾ അനാഥരാകുകയും ചെയ്താൽ അവരുടെ സംരക്ഷണവും ഈ ബന്ധുക്കളുടെ ബാധ്യതയാണ്. അവർ വിവാഹമോചനം ചെയ്യപ്പെട്ടാൽ പുനർവിവാഹത്തിനാവശ്യമായ സംവിധാനങ്ങൾ ചെയ്യേണ്ടതും അടുത്ത ബന്ധുക്കളായ രക്ഷിതാക്കളുടെ ഉത്തരവാദിത്തംതന്നെ.

ഈ വസ്തുതകളുടെ വെളിച്ചത്തിലാണ് ആൺമക്കളില്ലാതെ മരണ

മെന്നില്ല. പെൺമക്കൾ മാത്രമുള്ള ഒരാളുടെ ബന്ധുക്കൾക്ക് നിരവധി ബാധ്യതകൾ ഇസ്‌ലാം നിഷ്‌കർഷിക്കുന്നുണ്ട്. അയാളുടെ വാർധക്യത്തിലെ സംരക്ഷണബാധ്യത ഈ ബന്ധുക്കളിലാണ് നിക്ഷിപ്തമായിരിക്കുന്നത്. അയാൾക്ക് ജീവനാംശവും സ്നേഹപരിചരണങ്ങളും നൽകേണ്ടത് ഇവർ തന്നെയാണ്. അയാളുടെ മരണശേഷം പെൺമക്കളുടെ രക്ഷിതാക്കളാവേണ്ടതും ഈ ബന്ധുക്കൾതന്നെ. പെൺമക്കളോ അവരുടെ സന്താനങ്ങളോ നിരാലംബരാകുകയാണെങ്കിൽ അവരെ സംരക്ഷിക്കേണ്ട ഉത്തരവാദിത്തവും ഈ ബന്ധുക്കൾക്കാണ്. ഇങ്ങനെ, ആൺമക്കളില്ലാത്ത ആളുടെ ബന്ധുക്കൾക്ക് നിരവധി ബാധ്യതകളുണ്ട്. ഈ ബാധ്യതകൾ നൽകുന്നതോടൊപ്പം അയാളുടെ അനന്തര സ്വത്തിൽ ചെറിയ അവകാശവും ബന്ധുക്കൾക്ക് നൽകുകയാണ് ഇസ്‌ലാം ചെയ്യുന്നത്. ഉത്തരവാദിത്തങ്ങളും അവകാശങ്ങളും പരസ്പര പൂരകമായി കാണുന്ന ഇസ്‌ലാമിക നിയമങ്ങളുടെ സവിശേഷതയാണ് ഇവിടെയും പ്രകടമാകുന്നത്.

ആൺമക്കളില്ലാത്ത ഒരാൾക്ക് അയാളുടെ സ്വത്ത് മുഴുവനായും തന്റെ പെൺമക്കൾക്ക് മാത്രമായി നൽകണമെന്ന ആഗ്രഹം ഉണ്ടെങ്കിൽ അതിനും ഇസ്‌ലാമിക നിയമങ്ങളിൽ പോംവഴികളുണ്ട്. അയാൾക്ക് തന്റെ സ്വത്ത് പൂർണമായി പെൺമക്കൾക്ക് ഇഷ്ടദാനം ചെയ്യാവുന്നതാണ്. ജീവിച്ചിരിക്കുമ്പോൾ തന്നെ സ്വത്ത് മക്കൾക്കല്ലാതെ മറ്റാർക്കും ലഭിക്കുകയില്ലെന്ന് ഉറപ്പുവരുത്തുവാൻ ഇഷ്ടദാനം വഴി സാധിക്കും. സ്വത്തിന്റെ മൂന്നിലൊന്നിൽ കവിയാത്ത ഭാഗം വസ്വിയ്യത്ത് ചെയ്യാനും അയാൾക്ക് അവകാശമുണ്ട്. ഇഷ്ടദാനമോ വസ്വിയ്യത്തോ ചെയ്യാത്ത സ്വത്താണല്ലോ അനന്തരാവകാശ നിയമപ്രകാരം ഭാഗിക്കപ്പെടുന്നത്.

എന്നാൽ, ഇക്കാര്യത്തിൽ ദൈവിക വിധിവിലക്കുകൾ പാലിച്ചുകൊണ്ട് സ്വത്തിന്റെ ചെറിയൊരംശം അടുത്ത ബന്ധുക്കൾക്കുകൂടി നൽകുന്നതാണ് തന്റെ വാർധക്യകാല സംരക്ഷണത്തിനും പെൺമക്കളുടെ ഭാവിക്കും നല്ലതെന്ന വസ്തുതയാണ് അനുഭവങ്ങൾ കാണിക്കുന്നത്. നമ്മുടെ കണക്കുകൂട്ടലുകൾക്ക് അപ്പുറമുള്ള നന്മകളെയും തിന്മകളെയും കുറിച്ച് വ്യക്തവും കൃത്യവുമായി അറിയാവുന്ന സർവശക്തന്റെ വിധിവിലക്കുകൾ അനുസരിക്കുന്നതിലൂടെ മാത്രമേ വ്യക്തിക്കും കുടുംബത്തിനുമെല്ലാം ശാന്തി കൈവരിക്കാൻ കഴിയുകയുള്ളൂവെന്നതല്ലോ വസ്തുത. ഖുർആൻ പറയുന്നത് എത്ര ശരി. 'ഒരു കാര്യം നിങ്ങൾ വെറുക്കുക





യും (യഥാർഥത്തിൽ) അത് നിങ്ങൾക്ക് ഗുണകരമായിരിക്കുകയും ചെയ്യാം. നിങ്ങൾക്ക് ഒരു കാര്യം ഇഷ്ടപ്പെടുകയും (യഥാർഥത്തിൽ) അത് നിങ്ങൾക്ക് ദോഷകരമായിരിക്കുകയും ചെയ്തെന്നും വരാം. അല്ലാഹു അറിയുന്നു. നിങ്ങൾ അറിയുന്നില്ല' (2:216).

**മരണപ്പെട്ട വ്യക്തിയുടെ മൂന്നു പുത്രിമാരും മാതാപിതാക്കളും ഭാര്യയും ജീവിച്ചിരിപ്പുണ്ടെങ്കിൽ ഖുർആനിക വിധിപ്രകാരം മക്കൾക്കെല്ലാംകൂടി അനന്തരസ്വത്തിന്റെ 2/3 ഭാഗവും (ഖുർആൻ 4:11) മാതാപിതാക്കൾക്ക് 1/3 ഭാഗവും (4:11) നൽകിക്കഴിഞ്ഞാൽ പിന്നെ സ്വത്തൊന്നും ബാക്കിയുണ്ടാവുകയില്ലല്ലോ. പിന്നെ ഭാര്യക്ക് ലഭിക്കേണ്ട 1/8 സ്വത്ത് (4:12) എവിടെനിന്നാണ് കൊടുക്കുക? ഖുർആനിലെ അനന്തരാവകാശ നിയമങ്ങൾ അപ്രായോഗികമാണെന്നല്ലേ ഇത് കാണിക്കുന്നത്?**

ഇസ്‌ലാമിന്റെ മൗലികപ്രമാണങ്ങൾ ഖുർആനും ഹദീസുകളുമാണ്. നിയമനിർദേശങ്ങളെയോ കർമാനുഷ്ഠാനങ്ങളെയോ കുറിച്ച് വിശദാംശങ്ങൾ ഖുർആനിൽ വിവരിക്കപ്പെട്ടിട്ടില്ല. നമസ്കാരം, സക്കാത്ത്, നോമ്പ്, ഹജ്ജ് തുടങ്ങിയ അതിപ്രധാനങ്ങളായ അടിസ്ഥാനാരാധനകളുടെ പോലും വിശദാംശങ്ങൾ ഖുർആനിലില്ല. പ്രസ്തുത വിശദാംശങ്ങൾ വ്യക്തമാക്കപ്പെട്ടിട്ടുള്ളത് ഹദീസുകളിലാണ്. അനന്തരാവകാശനിയമങ്ങളും തഥൈവ. ഖുർആനിന്റെയും ഹദീസുകളുടെയും അടിസ്ഥാനത്തിൽ മാത്രമേ ഇസ്‌ലാമിലെ ഏതു നിയമവും പൂർണമായി നിർണയിക്കുവാൻ കഴിയൂവെന്ന് സാരം.

സൂറത്തുന്നിസാഇലെ 11, 12 സൂക്തങ്ങളിൽ ദായക്രമത്തിന്റെ മൗലികതത്ത്വങ്ങൾ മാത്രമാണ് വിശദീകരിക്കപ്പെട്ടിരിക്കുന്നത്. ഈ തത്ത്വങ്ങളുടെ അടിസ്ഥാനത്തിൽ അനന്തരസ്വത്ത് എങ്ങനെ കണിശവും വ്യവസ്ഥാപിതവുമായി ഓഹരിവെക്കാമെന്ന് ഹദീസുകളിൽ വിവരിക്കപ്പെട്ടിട്ടുണ്ട്. ഖുർആനിന്റെ മൗലികതത്ത്വങ്ങൾ ലംഘിക്കാതെ ഓരോ അവസ്ഥകളിലും എങ്ങനെ സ്വത്ത് ഓഹരിവെക്കാമെന്ന് ഹദീസ് വ്യാഖ്യാന ഗ്രന്ഥങ്ങളിലും കർമശാസ്ത്ര ഗ്രന്ഥങ്ങളിലും വിശദമായി വിവരിക്കപ്പെട്ടിട്ടുണ്ട്.

അനന്തരാവകാശങ്ങൾ നിർണയിക്കപ്പെട്ട ഓഹരികൾ തികയാതെ വരുന്ന പല സന്ദർഭങ്ങളുമുണ്ട്. അത്തരം സന്ദർഭങ്ങളിൽ ഛേദം വർധിപ്പിച്ചുകൊണ്ട്, കമ്മി ഓരോ അവകാശിയും പങ്കിടുന്ന വിധത്തിൽ ഓഹരികൾ അധികരിപ്പിക്കുകയാണ് വേണ്ടതെന്ന് കർമശാസ്ത്രഗ്രന്ഥങ്ങളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. നിർണിത വിഹിതങ്ങൾ നൽകാൻ ഓഹരികൾ തികയാതെ വരുമ്പോൾ വീതാംശം പൂർത്തീകരിക്കാനായി ഛേദം വർധി

പ്പിക്കുന്നതിനാണ് 'ഔൽ' എന്നു പറയുക. 'ഔൽ' എന്നാൽ അത് 'അധികരിക്കൽ' എന്നർഥം. ഓഹരികൾ തികയാതെ വരുന്ന എല്ലാ സന്ദർഭങ്ങളിലും ഔൽ തത്ത്വമനുസരിച്ചാണ് സ്വത്ത് ഭാഗിക്കേണ്ടതെന്നാണ് ഇസ്ലാമിക വിധി. കർമശാസ്ത്ര പണ്ഡിതന്മാർ ദായക്രമത്തിൽ കടന്നുവരുന്ന അടിസ്ഥാന ഛേദങ്ങളെ ഏഴായി നിശ്ചയിച്ചിട്ടുണ്ട്. 2, 3, 4, 6, 8, 12, 24 എന്നിവയാണ് ഏഴ് അടിസ്ഥാന ഛേദങ്ങൾ. ഇതിൽ ഔലിന് വിധേയമാകുന്നവ 6, 12, 24 എന്നീ മൂന്നെണ്ണമാണ്. 2, 3, 4, 8 തുടങ്ങിയ നാലു സംഖ്യകൾ ഛേദങ്ങളായി വരുന്ന അവസരങ്ങളിൽ, അവയുടെ അംശങ്ങൾ ഒരിക്കലും അവയേക്കാൾ അധികമാകാത്തതിനാൽ, ഔൽ ആവശ്യമായി വരികയില്ല. അടിസ്ഥാനഛേദം 6 ആണെങ്കിൽ, ഔൽ ആവശ്യമായി വരുന്ന സന്ദർഭങ്ങളിൽ, അത് ഏഴോ, എട്ടോ, ഒമ്പതോ, പത്തോ ആക്കി വർധിപ്പിച്ചുകൊണ്ട് സ്വത്ത് വിഭജിക്കാവുന്നതാണ്. അടിസ്ഥാന ഛേദം പന്ത്രണ്ട് ആണെങ്കിൽ പതിമൂന്നോ പതിനഞ്ചോ പതിനേഴോ ആക്കി വർധിപ്പിച്ചുകൊണ്ടും 24 ആണെങ്കിൽ 27 ആക്കി വർധിപ്പിച്ചുകൊണ്ടുമാണ് ഔൽ ആവശ്യമായി വരുന്നുവെങ്കിൽ സ്വത്ത് വിഭജിക്കേണ്ടത്. ഇങ്ങനെ, ദായക്രമത്തിലെ അംശവർധനവിനനുസരിച്ച് എങ്ങനെയെല്ലാമാണ് സ്വത്ത് വിഭജനം നടത്തേണ്ടതെന്ന് സൂക്ഷ്മവും വ്യക്തവുമായ രീതിയിൽ കർമശാസ്ത്രഗ്രന്ഥങ്ങളിൽ പ്രതിപാദിക്കപ്പെട്ടിട്ടുണ്ട്.

ചോദ്യത്തിൽ പ്രതിപാദിക്കപ്പെട്ട പ്രശ്നത്തിൽ പെൺമക്കളെല്ലാം കൂടി സ്വത്തിൻെറ 16/27 ഭാഗവും മാതാപിതാക്കൾക്ക് 8/27 ഭാഗവും ഭാര്യക്ക് 3/27 ഭാഗവുമാണ് ലഭിക്കുക. അഥവാ 24 ആയിരുന്ന ഛേദത്തെ 27 ആക്കി ഉയർത്തിക്കൊണ്ടാണ് ഇവിടെ സ്വത്ത് വിഭജനം നടത്തേണ്ടത്. ഖുർആൻ അതിൻെറ വ്യാഖ്യാനമായ ഹദീസുകളും ഒരുമിച്ച് പരിശോധിച്ചാൽ ഇത്തരം പ്രശ്നങ്ങൾക്ക് ഉത്തരം കാണുക പ്രയാസകരമല്ല. 'തീർച്ചയായും നിങ്ങൾക്ക് അല്ലാഹുവിൻെറ ദൂതനിൽ ഉത്തമമായ മാതൃകയുണ്ട് (33:21) എന്നും 'സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ അനുസരിക്കുക, ദൂതനെയും നിങ്ങളിൽനിന്നുള്ള കൈകാര്യ കർത്താക്കളെയും അനുസരിക്കുക' (4:59) എന്നും പഠിപ്പിക്കുന്ന വിശുദ്ധ ഖുർആനിൻെറ താൽപര്യംതന്നെയാണ് അത് പ്രതിപാദിപ്പിക്കുന്ന നിയമങ്ങളെ പ്രവാചക ചര്യയുടെയും അദ്ദേഹത്തിൻെറ സഖാക്കളുടെ വ്യാഖ്യാനങ്ങളുടെയും അടിസ്ഥാനത്തിൽ മനസ്സിലാക്കുക എന്നത്. അങ്ങനെ മനസ്സിലാക്കുമ്പോൾ ഇത്തരം പ്രശ്നങ്ങൾക്കൊന്നും പരിഹാരം കണ്ടെത്തുക പ്രയാസമുള്ള കാര്യമാവുകയില്ല.





# ഒമ്പത്

## ഖുർആനും അടിമത്തവും

### അടിമത്തത്തോടുള്ള ഖുർആനിൻെറ സമീപനമെന്താണ്?

നമ്മുടെ സമൂഹത്തിൽ ഇന്ന് നിലവിലില്ലാത്ത ഒരു സമ്പ്രദായമാണ് അടിമത്തം. ഇന്നത്തെ ചുറ്റുപാടുകളിലിരുന്നുകൊണ്ട് പ്രസ്തുത ഭൂതകാ

ലപ്രതിഭാസത്തെ അപഗ്രഥിക്കുമ്പോൾ അതിൻെറ വേരുകളെയും അതു നിലനിന്നിരുന്ന സമൂഹങ്ങളിൽ അതിനുണ്ടായിരുന്ന സ്വാധീനത്തെയും കുറിച്ച് വ്യക്തമായി മനസ്സിലാക്കേണ്ടതുണ്ട്. വർത്തമാനത്തിൻെറ ഭൂമികയിൽനിന്നുകൊണ്ട് ഭൂതകാലപ്രതിഭാസങ്ങളെ അപഗ്രഥിച്ച് കേവല നിഗമനത്തിലെത്തുവാൻ കഴിയില്ല. അടിമത്തമെന്നാൽ എന്താണെന്നും പുരാതന സമൂഹങ്ങളിൽ അത് ചെലുത്തിയ സ്വാധീനമെന്തായിരുന്നുവെന്നും മനസ്സിലാക്കുമ്പോഴേ അതിനെ ഖുർആൻ സമീപിച്ച രീതിയുടെ മഹത്വം നമുക്ക് ബോധ്യമാകൂ.

ഒരു വ്യക്തി മറ്റൊരാളുടെ സമ്പൂർണമായ അധികാരത്തിന് വിധേയമായിത്തീരുന്ന സ്ഥിതിക്കാണ് അടിമത്തമെന്ന് പറയുന്നത്. ശരീരവും ജീവനും കുടുംബവും അങ്ങനെ തനിക്ക് എന്തൊക്കെ സ്വന്തമായുണ്ടോ അതെല്ലാം മറ്റൊരാൾക്ക് അധീനമാക്കപ്പെട്ട രീതിയിൽ ജീവിതം നയിക്കുന്നവനാണ് അടിമ. അവൻ ഉടമയുടെ ജംഗമസ്വത്താണ്. ഉടമ ഒരു വ്യക്തിയോ സമൂഹമോ രാഷ്ട്രമോ ആകാം. ആരായിരുന്നാലും അയാൾക്ക് നൽകുന്ന അവകാശങ്ങൾ മാത്രം അനുഭവിച്ച് ഉടമക്കുകീഴിൽ ജീവിക്കാൻ വിധിക്കപ്പെട്ടവനാണ് അടിമ.

അടിമസമ്പ്രദായത്തിൻെറ ഉൽപത്തി എങ്ങനെയാണെന്നോ, അത് എവിടെ, എന്നാണ് തുടങ്ങിയതെന്നോ ഉറപ്പിച്ച് പറയാൻ പറ്റിയ രേഖകളൊന്നും ഉപലബ്ധമല്ല. ക്രിസ്തുവിന് 20 നൂറ്റാണ്ടുകൾക്കുമുമ്പുതന്നെ ഈ സമ്പ്രദായം ആരംഭിച്ചുകഴിഞ്ഞിരുന്നുവെന്ന് ഉറപ്പാണ്. ബി.സി 2050-നോടടുത്ത് നിലനിന്നിരുന്ന ഉർനാമു (Ur Namu) നിയമസംഹിതയിൽ അടിമകളെക്കുറിച്ച് പരാമർശിക്കപ്പെട്ടിട്ടുണ്ട്. യുദ്ധത്തിൽ തടവുകാരായി പിടിക്കപ്പെടുന്നവർക്ക് സ്വാതന്ത്ര്യം നിഷേധിച്ചുകൊണ്ട് കൂലിയില്ലാതെ ജോലി ചെയ്യിക്കുന്ന പതിവിൽനിന്നാവണം അടിമത്തം നിലവിൽ വന്നതെന്നാണ് അനുമാനം. പുരാതന സുമേറിയൻ ഭാഷയിൽ അടിമകളെ വിളിക്കാൻ ഉപയോഗിച്ചിരുന്ന പദങ്ങളാണ് ഈ അനുമാനത്തിന് നിദാനം. പുരുഷ അടിമക്ക് നിദാ-കൂർ എന്നും സ്ത്രീ അടിമക്ക് മുനുസ്-കൂർ എന്നുമായിരുന്നു പേർ. വിദേശിയായ പുരുഷൻ, വിദേശിയായ സ്ത്രീ എന്നിങ്ങനെയാണ് യഥാക്രമം ഈ പദങ്ങളുടെ അർഥം. യുദ്ധത്തടവുകാരെ കൊണ്ടുവന്നിരുന്നത് വിദേശത്തുനിന്നായിരുന്നതിനാൽ അവരെ അടിമകളാക്കിയപ്പോൾ ഈ പേരുകൾ വിളിക്കപ്പെട്ടുവെന്നാണ് ഊഹിക്കപ്പെടുന്നത്.

ലോകത്ത് ഏകദേശം എല്ലാ പ്രദേശങ്ങളിലും ഒരു രൂപത്തിലല്ലെങ്കിൽ മറ്റൊരു രൂപത്തിൽ അടിമത്തം നിലനിന്നിരുന്നു. പുരാതന ഇസ്രായേൽ





സമുദായത്തിൻെറ കഥ പറയുന്ന പഴയ നിയമ ബൈബിളിൽ അടിമത്തത്തെക്കുറിച്ച് ഒരുപാട് പരാമർശങ്ങളുണ്ട്. പൗരാണിക പ്രവാചകനായിരുന്ന അബ്രഹാമിൻെറ കാലത്തുതന്നെ മനുഷ്യരെ വിലയ്ക്കു വാങ്ങുന്ന സമ്പ്രദായം നിലനിന്നിരുന്നുവെന്ന് കാണാൻ കഴിയും (ഉൽപത്തി 17:13, 14). യുദ്ധത്തടവുകാരെ അടിമകളാക്കണമെന്നാണ് ബൈബിളിൻെറ അനുശാസന (ആവർത്തനം 20:10, 11) അടിമയെ യഥേഷ്ടം മർദിക്കുവാൻ യജമാനന് സ്വാതന്ത്ര്യം നൽകുന്ന ബൈബിൾ പക്ഷേ, പ്രസ്തുത മർദനങ്ങൾക്കിടയിൽ അടിമ മരിക്കാനിടയാകരുതെന്ന് പ്രത്യേകം നിഷ്കർഷിക്കുന്നുണ്ട്. 'ഒരുവൻ തൻെറ ആൺഅടിമയെയോ പെൺഅടിമയെയോ വടികൊണ്ടടിക്കുകയും അയാളുടെ കൈയാൽ അടിമ മരിക്കുകയും ചെയ്താൽ അയാളെ ശിക്ഷിക്കണം. പക്ഷേ, അടിമ ഒന്നോ രണ്ടോ ദിവസം ജീവിച്ചാൽ അയാളെ ശിക്ഷിക്കരുത്. കാരണം അടിമ അയാളുടെ സ്വത്താണ്' (പുറപ്പാട് 21:20, 21) എന്നതായിരുന്നു ഇവ്വിഷയകമായി ഇസ്രായേൽ സമുദായത്തിൽ നിലനിന്നിരുന്ന നിയമം. യേശുക്രിസ്തുവിൻെറ കാലത്തും ശേഷവുമെല്ലാം അടിമസമ്പ്രദായം നിലനിന്നിരുന്നു. അടിമകളോടു സ്വീകരിക്കേണ്ട നിലപാടുകളെ സംബന്ധിച്ച ഉപദേശങ്ങളൊന്നും യേശുവിൻെറ വചനങ്ങളിലില്ല. 'കർത്താവിൻെറ വിളി ലഭിച്ചുകഴിഞ്ഞ അടിമകൾ ആത്മാർഥമായി യജമാനന്മാരെ സേവിക്കണം' (എഫേ 6:5-9). 'അടിമകളേ, നിങ്ങളുടെ ലൗകിക യജമാനന്മാരെ എല്ലാ കാര്യങ്ങളിലും അനുസരിക്കുക; യജനമാനന്മാർ കാൺകെ, അവരെ പ്രീണിപ്പിക്കാൻ വേണ്ടി മാത്രമല്ല, ആത്മാർഥതയോടുകൂടി കർത്താവിനെ ഭയപ്പെട്ട് യജമാനന്മരെ അനുസരിക്കുക' (കൊളോ 3:22) എന്നുമുള്ള പരാമർശങ്ങൾ ഒഴിച്ചാൽ അടിമത്തവുമായി ബന്ധപ്പെട്ട മറ്റു പ്രധാന നിർദേശങ്ങളൊന്നും പൗലോസിൻെറ ലേഖനങ്ങളിൽ കാണാൻ കഴിയുന്നില്ല. ഗ്രീക്കോ-റോമൻ നാഗരികതയിൽ നിലനിന്നിരുന്ന അതിക്രൂരമായ അടിമത്ത സമ്പ്രദായം അവയുടെ ക്രൈസ്തവവത്കരണത്തിനു ശേഷവും മാറ്റമൊന്നുമില്ലാതെ നിലനിന്നിരുന്നുവെന്ന് കാണാനാവും. അടിമവ്യവസ്ഥിതിയുടെ ക്രൂരവും നികൃഷ്ടവുമായവുമായ കഥകൾ ഏറെ പറയാനുള്ള റോമാ സംസ്കാരത്തിൻെറ ഔദ്യോഗിക മതം ക്രൈസ്തവതയായിരുന്നുവെന്ന വസ്തുത പ്രത്യേകം പരാമർശമർഹിക്കുന്നു.

ഇന്ത്യയിൽ അടിമത്തം നിലനിന്നത് മതത്തിൻെറ ഭാഗമായിക്കൊണ്ടാണ്. വൈദിക മതത്തിൻെറ അവിഭാജ്യ ഘടകമാണ് വർണാശ്രമ വ്യവസ്ഥ. ശ്രുതികളിൽ പ്രഥമ ഗണനീയമായി പരിഗണിക്കപ്പെടുന്ന വേദസംഹിതകളിൽ ഒന്നാമതായി വ്യവഹരിക്കപ്പെടുന്ന ഋഗ്വേദത്തിലെ പുരുഷസൂ

ക്തത്തിലാണ് (10:90:12) ജാതി വ്യവസ്ഥയുടെ ബീജങ്ങൾ നമുക്ക് കാണാൻ കഴിയുന്നത്. 'പരമപുരുഷൻെറ ശിരസ്സിൽനിന്ന് ബ്രാഹ്മണനും കൈകളിൽനിന്ന് വൈശ്യനും പാദങ്ങളിൽ ശൂദ്രനും സൃഷ്ടിക്കപ്പെട്ടുവെന്ന ഋഗ്വേദ പരാമർശത്തിൻെറ അടിസ്ഥാനത്തിൽ നിലവിൽ വന്ന വർണാശ്രമ വ്യവസ്ഥ ബ്രാഹ്മണനെ ഉത്തമനും ശൂദ്രനെ അധമനുമായി കണക്കാക്കിയത് സ്വാഭാവികമായിരുന്നു. എല്ലാ ഹൈന്ദവ ഗ്രന്ഥങ്ങളും ചാതുർവർണ്യ വ്യവസ്ഥ ന്യായീകരിക്കുകയാണ് ചെയ്തിട്ടുള്ളത്. ആധുനിക ഹൈന്ദവതയുടെ ശ്രുതിഗ്രന്ഥമായി അറിയപ്പെടുന്ന ഭഗവത് ഗീത 'ചാതുർവർണ്യം മയാസൃഷ്ടം ഗുണ കർമ വിഭാഗശഃ' (4:13) എന്നാണ് പറഞ്ഞിരിക്കുന്നത്. 'ഗുണകർമങ്ങളുടെ വിഭാഗത്തിനനുസരിച്ച് നാലു വർണങ്ങളെ സൃഷ്ടിച്ചിരിക്കുന്നത് ഞാൻ തന്നെയാണെ'ന്നർഥം.

ദൈവത്തിൻെറ പാദങ്ങളിൽനിന്ന് പടക്കപ്പെട്ടവർ പാദസേവ ചെയ്യുവാനായി വിധിക്കപ്പെട്ടത് സ്വാഭാവികമായിരുന്നു. ദാസ്യവേലക്കു വേണ്ടി പ്രത്യേകമായി പടക്കപ്പെട്ടവരാണ് ശൂദ്രരെന്നായിരുന്നു വിശ്വാസം. മുജ്ജന്മപാപത്തിൻെറ ശിക്ഷയായാണ് അവർണനായി ജനിക്കേണ്ടിവന്നതെന്നും അടുത്ത ജന്മത്തിലെങ്കിലും പാപമോചനം ലഭിച്ച് സവർണനായി ജനിക്കണമെങ്കിൽ ഈ ജീവിതം മുഴുവൻ സവർണരുടെ പാദസേവ ചെയ്തത് അവരെ സംതൃപ്തരാക്കുകയാണ് വേണ്ടതെന്നുമാണ് അവരെ മതഗ്രന്ഥങ്ങൾ പഠിപ്പിച്ചത്. അടിമകളായി ജനിക്കാൻ വിധിക്കപ്പെട്ട ചണ്ഡാളന്മാരെ പന്നികളോടും പട്ടികളോടുമൊപ്പമാണ് ഛന്ദോഗ്യോപനിഷത്ത് (5:10:7) പരിഗണിച്ചിരിക്കുന്നത്. അവരോടുള്ള പെരുമാറ്റ രീതിയും ഈ മൃഗങ്ങളോടുള്ളതിനേക്കാൾ നീചവും നികൃഷ്ടവുമായിരുന്നുവെന്ന് മനുസ്മൃതിയും പരാശരസ്മൃതിയുമെല്ലാം വായിച്ചാൽ മനസ്സിലാകും.

ജന്മത്തിൻെറ പേരിൽ അടിമത്തം വിധിക്കപ്പെടുന്ന സമ്പ്രദായത്തോടൊപ്പംതന്നെ ഇന്ത്യയിൽ അടിമ വ്യാപാരവും അതിൻെറ സകലവിധ ക്രൂരഭാവങ്ങളോടുംകൂടി നിലനിന്നിരുന്നതായി കാണാനാവും. തമിഴ്നാട്ടിൽ നിന്ന് ലഭിച്ച ശിലാലിഖിതങ്ങളിൽനിന്ന് ചോള കാലത്തും ശേഷവും ക്ഷേത്രങ്ങളോട് ബന്ധപ്പെട്ടുകൊണ്ട് അടിമ വ്യാപാരം നിലനിന്നിരുന്നുവെന്ന് മനസ്സിലാകുന്നുണ്ട്. മൈസൂരിലും ബീഹാറിലും കേരളത്തിലുമെല്ലാം അടിമ വ്യാപാരം നിലനിന്നിരുന്നു. ഇംഗ്ലീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനിയുടെ ആഗമനത്തോടെ ഇന്ത്യയിൽനിന്ന് ആളുകളെ പിടിച്ച് അടിമകളാക്കി വിദേശങ്ങളിലെത്തിക്കുന്ന സമ്പ്രദായവും നിലവിൽ വന്നു. ട്രാൻക്യൂബാറിലെ ഒരു ഇറ്റാലിയൻ പുരോഹിതൻ, മധുരക്കാരനായ ഒരു ക്രിസ്ത്യാനിയുടെ ഭാര്യയെയും നാലു മക്കളെയും മുപ്പത് 'പഗോഡ'ക്ക് മനിലയിലേ





ക്ക് പോകുന്ന ഒരു കപ്പലിലെ കപ്പിത്താന് വിറ്റതായി ചില ചരിത്രരേഖകളിലുണ്ട് (സർവവിജ്ഞാനകോശം. വാല്യം 1, പുറം 258). 1841-ലെ ഒരു സർവേപ്രകാരം അന്ന് ഇന്ത്യയിൽ എൺപത് ലക്ഷത്തിനും തൊണ്ണൂറു ലക്ഷത്തിനുമിടയിൽ അടിമകളുണ്ടായിരുന്നു. മലബാറിലായിരുന്നു ഇന്ത്യയിലെ അടിമകളുടെ നല്ലൊരു ശതമാനമുണ്ടായിരുന്നത്. അവിടത്തെ ആകെ ജനസംഖ്യയിൽ 15 ശതമാനം അടിമകളായിരുന്നുവത്രേ! (ഢ്വിര്യരഹീുമലറശമ ആൃശമേിശരമ ഢീഹ 27, ുമഴല 289).

റോമാ സാമ്രാജ്യത്തിൽ ക്രിസ്തുവിന് മുമ്പ് രണ്ടാം നൂറ്റാണ്ടു മുതൽ നീണ്ട ആറു ശതാബ്ദക്കാലം നിലനിന്ന അടിമവ്യവസ്ഥയായിരുന്നു ചരിത്രത്തിലെ ഏറ്റവും ക്രൂരമായ അടിമ സമ്പ്രദായമെന്നാണ് മനസ്സിലാവുന്നത്. ഏതെങ്കിലും രീതിയിലുള്ള യാതൊരു അവകാശവുമില്ലാത്ത വെറും കച്ചവടച്ചരക്കായിരുന്നു റോമാ സാമ്രാജ്യത്തിലെ അടിമ. ഉടമയെ രസിപ്പിക്കുന്നതിനുവേണ്ടി മറ്റൊരു അടിമയുമായി ദ്വന്ദയുദ്ധത്തിലേർപ്പെട്ട് മരിച്ചു വീഴാൻ മാത്രം വിധിക്കപ്പെട്ടവനായിരുന്നു അവൻ. അടിമകളുടെ ശരീരത്തിൽനിന്ന് ദ്വന്ദയുദ്ധക്കളരിയിൽ ഉറ്റിവീഴുന്ന രക്തത്തിൻെറ അളവ് വർധിക്കുമ്പോൾ യജമാനന്മാർ 'ഹുറേ' വിളികളുമായി അവരെ പ്രോൽസാഹിപ്പിക്കുകയും ചാട്ടവാർ ചുഴറ്റിക്കൊണ്ട് അവരെ ഭീതിപ്പെടുത്തുകയും ചെയ്യുകയായിരുന്നു പതിവ്! അടിമത്തത്തിൻെറ അതിക്രൂരമായ രൂപം!

കൊളംബസിൻെറ അമേരിക്ക കണ്ടുപിടിത്തമാണ് ആധുനിക ലോകത്ത് അടിമത്തത്തെ ആഗോളവ്യാപകമാക്കിത്തീർത്തത്. നീഗ്രോകൾ അടിമകളാക്കപ്പെട്ടു. കമ്പോളങ്ങളിൽ വെച്ച് കച്ചവടം ചെയ്യപ്പെട്ടു. ഒരു സ്പാനിഷ് ബിഷപ്പായിരുന്ന ബാർതലോച ദെ ലാസ്കാസാസ് ആയിരുന്നു അമേരിക്കൻ അടിമത്തൊഴിൽ വ്യവസ്ഥക്ക് തുടക്കം കുറിച്ചത്. അടിമ വ്യാപാരത്തിനായി മാത്രം രജിസ്റ്റർ ചെയ്യപ്പെട്ട കമ്പനികൾ യൂറോപ്പിലുണ്ടായിരുന്നു. ആഫ്രിക്കൻ തീരപ്രദേശങ്ങളിൽനിന്ന് അടിമകളെക്കൊണ്ടുവന്ന് അമേരിക്കയിൽ വിൽക്കുകയായിരുന്നു ഈ കമ്പനികളുടെ വ്യാപാരം. പതിനേഴ് മുതൽ പത്തൊമ്പത് വരെ നൂറ്റാണ്ടുകൾക്കിടക്ക് അമേരിക്കയിൽ ഇങ്ങനെ ഒന്നരക്കോടിയോളം അടിമകൾ ഇറക്കുമതി ചെയ്യപ്പെട്ടിട്ടുണ്ടെന്നാണ് കണക്ക്. മണിബന്ധത്തിലും കണങ്കാലിലും രണ്ട് അടിമകളെ വീതം കൂട്ടിക്കെട്ടിയായിരുന്നു കപ്പലിൽ കൊണ്ടുപോയിരുന്നത്. അത്ലാൻറിക് സമുദ്രം തരണം ചെയ്യുന്നതിനിടക്ക് നല്ലൊരു ശതമാനം അടിമകൾ മരിച്ചുപോകുമായിരുന്നു. ഇങ്ങനെ മരണമടഞ്ഞവരുടെ എണ്ണമെത്രയെന്നതിന് യാതൊരു രേഖകളുമില്ല. അടിമയുടെ ജീവന് എന്തു വി

ല?!

അടിമത്തത്തെക്കുറിച്ച ഖുർആനിക വീക്ഷണത്തെയും അതിനോടുള്ള സമീപനത്തെയുംകുറിച്ച് ചർച്ച ചെയ്യുന്നതിൻെറ മുന്നോടിയായാണ് പ്രസ്തുത സമ്പ്രദായത്തിൻെറ ഉൽപത്തിയെയെയും ചരിത്രത്തെയും കുറിച്ച് സംക്ഷിപ്തമായി പ്രതിപാദിച്ചത്. നൂറ്റാണ്ടുകളായി നിലനിന്നിരുന്ന ഒരു വ്യവസ്ഥയെ ഒരു പ്രഖ്യാപനത്തിലൂടെ തുടച്ചു നീക്കുകയെന്ന അപ്രായോഗികവും അശാസ്ത്രീയവുമായ നിലപാടിനുപകരം പ്രായോഗികമായി അടിമത്തം ഇല്ലാതാക്കുന്നതിനുവേണ്ടിയുള്ള ഒരു പദ്ധതിയാണ് ഇസ്‌ലാം ആവിഷ്കരിച്ചു നടപ്പിലാക്കിയതെന്നാണ് മനസ്സിലാവുന്നത്.

ഈ രംഗത്ത് ഇസ്‌ലാം സ്വീകരിച്ച നടപടിക്രമത്തിൻെറ പ്രായോഗികത മനസ്സിലാകണമെങ്കിൽ അടിമയുടെ മനഃശാസ്ത്രമെന്താണെന്ന് നാം പഠിക്കണം. അടിമയുടെ മാനസിക ഘടനയും സ്വതന്ത്രൻെറ മാനസിക ഘടനയും തമ്മിൽ വളരെയേറെ വ്യത്യാസങ്ങളുണ്ട്. നിരന്തരമായ അടിമത്ത ജീവിതം അടിമയുടെ മനോനിലയെ രൂപപ്പെടുത്തുന്നതിൽ കാര്യമായ സ്വാധീനം ചെലുത്തുന്നുണ്ട്. തലമുറകളായി കൈമാറ്റം ചെയ്യപ്പെടുന്ന അടിമത്ത നുകം ചുമലിൽ വഹിക്കുന്നതുകൊണ്ട് അവൻെറ മനസ്സിൽ അനുസരണത്തിൻെറയും കീഴ്‌വഴക്കത്തിൻെറയും ശീലങ്ങൾ ആഴത്തിൽ വേരൂന്നിയിട്ടുണ്ടാവും. ചുമതലകൾ ഏറ്റെടുക്കുവാനോ ഉത്തരവാദിത്തങ്ങൾ വഹിക്കുവാനോ അവന് കഴിയില്ല. ഉടമയുടെ കൽപന ശിരസാവഹിക്കാൻ അവൻെറ മനസ്സ് സദാ സന്നദ്ധമാണ്. അയാളുടെ ഇച്ഛക്കനുസരിച്ച് കാര്യങ്ങളെല്ലാം നിർവഹിക്കാൻ അടിമക്ക് നന്നായറിയാം. എന്നാൽ, അനുസരിക്കാനും നടപ്പാക്കാനും മാത്രമാണ് അവനു സാധിക്കുക. ഉത്തരവാദിത്തമേറ്റെടുക്കുവാൻ അവൻെറ മനസ്സ് അശക്തമായിരിക്കും. ഭാരം താങ്ങുവാൻ അവൻെറ മനസ്സിന് കഴിയില്ല. ചുമതലകൾ ഏറ്റെടുക്കുന്നതിൽനിന്ന് ഓടിയകലാനേ അവനു സാധിക്കൂ. എന്നാൽ യജമാനൻ എന്തു കൽപിച്ചാലും അതു ശിരസാവഹിക്കാൻ അവൻ സദാ സന്നദ്ധനുമായിരിക്കും.

അടിമയുടെയും ഉടമയുടെയും മാനസികാവസ്ഥകൾ രണ്ട് വിരുദ്ധധ്രുവങ്ങളിൽ സ്ഥിതി ചെയ്യുന്നവയാണ്. ഒന്ന് അഹങ്കാരത്തിൻേറതാണെങ്കിൽ മറ്റേത് അധമത്വത്തിൻേറതാണ്. വിരുദ്ധ ധ്രുവങ്ങളിൽ സ്ഥിതി ചെയ്യുന്ന ഈ മാനസികാവസ്ഥകളെ ഒരേ വിതാനത്തിലേക്ക് കൊണ്ടുവരാതെ അടിമമോചനം യഥാർഥത്തിലുള്ള മോചനത്തിനുതകുകയില്ലെന്നതിന് ഏറ്റവും നല്ല ഉദാഹരണം അമേരിക്കയുടേതുതന്നെയാണ്. എബ്രഹാം ലിങ്കൺെറ പ്രവർത്തനങ്ങൾ വഴി, ഒരൊറ്റ പ്രഖ്യാപനത്തിലൂടെ അമേരിക്കയി





ലെ അടിമകൾക്ക് മോചനം ലഭിക്കുകയായിരുന്നു, ഒരു പ്രഭാതത്തിൽ! പക്ഷേ, എന്താണവിടെ സംഭവിച്ചത്? നിയമം മൂലം സ്വാതന്ത്ര്യം ലഭിച്ച അടിമകൾക്ക് പക്ഷേ, സ്വാതന്ത്ര്യത്തിൻെറ 'ഭാരം' താങ്ങുവാൻ കഴിഞ്ഞില്ല. എന്തു ചെയ്യണമെന്നറിയാതെ അവർ ചുറ്റുപാടും നോക്കി. ആരും കൽപിക്കാനില്ലാത്തതുകൊണ്ട് അവർക്ക് ഒന്നും ചെയ്യുവാനായില്ല. അവർ തിരിച്ച് യജമാനന്മാരുടെ അടുത്തുചെന്ന് തങ്ങളെ അടിമകളായിത്തന്നെ സ്വീകരിക്കണമെന്നപേക്ഷിച്ചു. മാനസികമായി സ്വതന്ത്രരായി കഴിയാത്തവരെ ശാരീരികമായി സ്വതന്ത്രരാക്കുന്നത് വ്യർഥമാണെന്ന വസ്തുതയാണ് ഇവിടെ അനാവൃതമാവുന്നത്.

മനുഷ്യരുടെ ശരീരത്തെയും മനസ്സിനെയും പറ്റി ശരിക്കറിയാവുന്ന ദൈവത്തിൽനിന്ന് അവതീർണമായ ഖുർആൻ ഇക്കാര്യത്തിൽ തികച്ചും പ്രായോഗികമായ നടപടിക്രമത്തിനാണ് രൂപം നൽകിയിട്ടുള്ളത്. അറേബ്യൻ സമ്പദ് ഘടനയുടെ സ്തംഭങ്ങളിലൊന്നായിരുന്നു അടിമവ്യവസ്ഥിതി. ഒരു കേവല നിരോധത്തിലൂടെ പിഴുതെറിയുവാൻ സാധിക്കുന്നതിലും എത്രയോ ആഴത്തിലുള്ളവയായിരുന്നു അതിൻെറ വേരുകൾ. ഇസ്‌ലാം പ്രചരിപ്പിക്കപ്പെട്ട പ്രദേശങ്ങളിലും അല്ലാത്തയിടങ്ങളിലുമെല്ലാം നിലനിന്നിരുന്ന ഒരു വ്യവസ്ഥയെന്ന നിലയ്ക്ക് അതു നിരോധിക്കുന്നത് പ്രായോഗികമായി പ്രയാസകരമായിരിക്കുമെന്നു മാത്രമല്ല, അത്തരമൊരു നടപടി ഗുണത്തേക്കാളധികം ദോഷമാണ് ചെയ്യുകയെന്നുള്ളതാണ് സത്യം. അതുകൊണ്ടുതന്നെ മനുഷ്യസമൂഹത്തെക്കുറിച്ച് കൃത്യമായി അറിയാവുന്ന അല്ലാഹു അടിമത്തത്തെ പാടെ നിരോധിക്കുന്ന ഒരു നിയമം കൊണ്ടുവരികയല്ല. പ്രത്യുത, അത് ഇല്ലാതാക്കുവാനുള്ള പ്രായോഗികമായ നടപടികൾ സ്വീകരിക്കുകയാണ് ചെയ്തത്.

രണ്ടു വിരുദ്ധ തീവ്രമാനസിക നിലകളിൽ സ്ഥിതി ചെയ്യുന്നവരെ ഒരേ വിതാനത്തിലേക്ക് കൊണ്ടുവരികയാണ് ഇസ്‌ലാം ആദ്യമായി ചെയ്തത്. അടിമയെയും ഉടമയെയും സംസ്കരിക്കുയെന്ന പദ്ധതിയാണ് ഖുർആൻ മുന്നോട്ടുവെച്ചത്. പിന്നെ, സ്വാതന്ത്ര്യം ദാനമായും അധ്വാനിച്ചും നേടിയെടുക്കുവാനാവശ്യമായ വഴികളെല്ലാം തുറന്നുവെക്കുകയും ചെയ്തു. അടിമയെയും ഉടമയെയും സമാനമായ മാനസിക നിലവാരത്തിലെത്തിച്ചുകൊണ്ട് സ്വാതന്ത്ര്യം നേടുവാനുള്ള വഴികൾ തുറക്കുകയും അതു ലഭിച്ചുകഴിഞ്ഞാൽ അതു സംരക്ഷിക്കുവാൻ അവനെ പ്രാപ്തനാക്കുകയുമാണ് ഖുർആൻ ചെയ്തത്. അതുമാത്രമായിരുന്നു അക്കാര്യത്തിൽ പ്രായോഗികമായിരുന്നത്.

**അടിമത്ത നിർമാർജനത്തിന് ഖുർആൻ സ്വീകരിച്ച നടപടിക്രമങ്ങൾ എന്തൊക്കെയാണ്?**

അടിമത്തം നിർമാർജനം ചെയ്യുന്നതിനായി അഞ്ച് മാർഗങ്ങളിലൂടെ ഖുർആൻ ശ്രമിച്ചതായി കാണാൻ കഴിയും.

1. സാഹോദര്യം വളർത്തി

സർവ മനുഷ്യരും ദൈവസൃഷ്ടികളും ഒരേ മാതാപിതാക്കളുടെ മക്കളുമാണെന്ന ബോധം വളർത്തിക്കൊണ്ട് അടിമയും ഉടമയുമെല്ലാം സഹോദരങ്ങളാണെന്ന ധാരണയുണ്ടാക്കുകയാണ് ഖുർആൻ ആദ്യമായി ചെയ്തത്. "മനുഷ്യരേ, ഒരു പുരുഷനിൽനിന്നും സ്ത്രീയിൽനിന്നുമാണ് നിങ്ങളെ നാം പടച്ചിരിക്കുന്നത്, തീർച്ച. ഗോത്രങ്ങളും ജനപദങ്ങളുമായി നിങ്ങളെ തിരിച്ചിരിക്കുന്നത് പരസ്പരം തിരിച്ചറിയുന്നതിനായാണ്. അല്ലാഹുവിങ്കൽ നിങ്ങളിലെ ഭക്തനാണ് ഉത്തമൻ" (ഖുർആൻ 49:13).

ജന്മത്തിൻെറ പേരിലുള്ള സകലമാന സങ്കുചിതത്തങ്ങളുടെയും അടിവേരറുക്കുകയാണ് ഇവിടെ ഖുർആൻ ചെയ്തിരിക്കുന്നത്. നിറത്തിൻെറയും കുലത്തിൻെറയോ പണത്തിൻെറയോ അടിസ്ഥാനത്തിലല്ല പ്രത്യുത ഭക്തിയുടെ അടിസ്ഥാനത്തിലാണ് ശ്രേഷ്ഠത നിശ്ചയിക്കപ്പെടുന്നതെന്നാണ് പ്രവാചകൻ (സ) പഠിപ്പിച്ചത്. "അറബിക്ക് അനറബിയേക്കാളുമോ അനറബിക്ക് അറബിയെക്കാളുമോ വെളുത്തവന് കറുത്തവനെക്കാളുമോ കറുത്തവന് വെളുത്തവനെക്കാളുമോ യാതൊരു ശ്രേഷ്ഠതയുമില്ല, ദൈവഭക്തിയുടെ അടിസ്ഥാനത്തിലല്ലാതെ" (ത്വബ്രി).

അടിമകളെക്കുറിച്ച് പരാമർശിക്കുന്നിടത്ത് "നിങ്ങൾ ചിലർ ചിലരിൽ നിന്നുണ്ടായവരാണല്ലോ" (ഖുർആൻ 4:25) എന്ന് വിശുദ്ധ ഖുർആൻ പറയുന്നുണ്ട്. അടിമയും ഉടമയുമെല്ലാം സഹോദരന്മാരാണെന്നും സാഹചര്യങ്ങളാണ് ചിലരുടെ മേൽ അടിമത്വം അടിച്ചേൽപിച്ചതെന്നുമുള്ള വസ്തുതകൾ വ്യക്തമാക്കുകയാണ് ഇവിടെ ഖുർആൻ ചെയ്യുന്നത്.

2. അടിമയുടെ അവകാശങ്ങളെക്കുറിച്ച് ബോധ്യം വരുത്തി.

അടിമ കേവലം ഒരു ഉപഭോഗവസ്തു മാത്രമായിരുന്നു, പൗരാണിക സമൂഹങ്ങളിലെല്ലാം. അവന് ബാധ്യതകൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഉടമയുടെ സുഖസൗകര്യങ്ങൾ വർധിപ്പിക്കുന്നതിനു വേണ്ടി യത്നിക്കുകയായിരുന്നു അവൻെറ ബാധ്യത– അതിൽ യാതൊരു വിട്ടുവീഴ്ചയുമുണ്ടായിരുന്നില്ല. ഉടമക്കുവേണ്ടി പണിയെടുക്കുന്നതിന് അടിമയുടെ ആരോഗ്യം നിലനിർത്തേണ്ടത് അനിവാര്യമായിരുന്നു. അതിനുവേണ്ടി മാത്രമായിരുന്നു അവന് ഭക്ഷണം നൽകിയിരുന്നത്. കാലികൾക്കു നൽകുന്ന സൗകര്യം





പോലും ഇല്ലാത്ത തൊഴുത്തുകളിലായിരുന്നു അവരെ താമസിപ്പിച്ചിരുന്നത്. അവർക്ക് നൽകിയിരുന്ന വസ്ത്രമാകട്ടെ, കേവലം നാണം മറക്കാൻപോലും അപര്യാപ്തമായ രീതിയിലുള്ളതായിരുന്നു. അതും വൃത്തികെട്ട തുണിക്കഷ്ണങ്ങൾ!

ഇസ്‌ലാം ഈ അവസ്ഥക്ക് മാറ്റം വരുത്തി. അടിമ ഉടമയുടെ സഹോദരനാണെന്നും അവന് അവകാശങ്ങളുണ്ടെന്നും പഠിപ്പിച്ചു. പ്രവാചകൻ നിഷ്കർഷിച്ചു: "നിങ്ങളുടെ സഹോദരങ്ങളും ബന്ധുക്കളുമാണവർ! തൻെറ കീഴിലുള്ള ഒരു സഹോദരന് താൻ കഴിക്കുന്നതുപോലെയുള്ള ഭക്ഷണവും താൻ ധരിക്കുന്നതുപോലെയുള്ള വസ്ത്രവും നൽകിക്കൊള്ളട്ടെ. അവർക്ക് കഴിയാത്ത ജോലികളൊന്നും അവരെ ഏൽപിക്കരുത്. അവർക്ക് പ്രയാസകരമായ വല്ല പണികളും ഏൽപിക്കുകയാണെങ്കിൽ നിങ്ങൾ അവരെ സഹായിക്കണം" (ബുഖാരി, മുസ്‌ലിം).

അധ്വാനിക്കുകയെന്നതു മാത്രമായിരുന്നില്ല പൗരാണിക സമൂഹങ്ങളിൽ അടിമയുടെ കർത്തവ്യം. യജമാനൻെറ ക്രൂരമായ വിനോദങ്ങൾ ഏറ്റുവാങ്ങുവാൻ കൂടി വിധിക്കപ്പെട്ടവനായിരുന്നു അവൻ. അധ്വാനവേളകളിൽ ക്രൂരമായ ചാട്ടവാറടികൾ! യജമാനൻെറ ആസ്വാദനത്തിനുവേണ്ടി കൊല്ലുവാനും കൊല്ലപ്പെടുവാനും തയാറാവേണ്ട അവസ്ഥ! ഇത് മാറണമെന്ന് ഖുർആൻ കൽപിച്ചു. അടിമകളോട് നല്ല നിലയിൽ പെരുമാറണമെന്ന് നിഷ്കർഷിച്ചു. "ബന്ധുക്കളോടും അനാഥകളോടും പാവങ്ങളോടും കുടുംബബന്ധമുള്ള അയൽക്കാരോടും അന്യരായ അയൽക്കാരോടും സഹവാസിയോടും വഴിപോക്കനോടും നിങ്ങളുടെ വലതുകൈകൾ ഉടമപ്പെടുത്തിയ അടിമകളോടും നല്ല നിലയിൽ വർത്തിക്കുക" (ഖുർആൻ 4:36).

പ്രവാചകൻ വ്യക്തമായി പറഞ്ഞു: "വല്ലവനും തൻെറ അടിമയെ വധിച്ചാൽ നാം അവനെയും വധിക്കും. വല്ലവനും തൻെറ അടിമയെ അംഗവിച്ഛേദം ചെയ്താൽ നാം അവനെയും അംഗവിച്ഛേദം ചെയ്യും. വല്ലവനും തൻെറ അടിമയെ ശണ്ഡീകരിച്ചാൽ നാം അവനെയും ശണ്ഡീകരിക്കും" (മുസ്‌ലിം, അബൂദാവൂദ്).

യജമാനന് ഇഷ്ടമുള്ളതെല്ലാം ചെയ്യാവുന്ന 'ചരക്ക്' എന്ന അവസ്ഥയിൽനിന്ന് അടിമ സ്വന്തമായ വ്യക്തിത്വവും സ്വന്തമായ അവകാശങ്ങളുമുള്ളവനായിത്തീരുകയായിരുന്നു. അടിമകളെ ഷണ്ഡീകരിക്കുകയെന്ന അതിനികൃഷ്ടമായ സമ്പ്രദായം നിലനിന്നിരുന്ന സമൂഹത്തിലാണ് അവരെ ഷണ്ഡീകരിച്ചാൽ അതു ചെയ്ത യജമാനനെ ഞാനും ഷണ്ഡീകരിക്കുമെന്ന് പ്രവാചകൻ (സ) അർഥശങ്കയില്ലാത്തവിധം വ്യക്തമാക്കിയത്. ലൈംഗിക വികാരം നശിപ്പിച്ചുകൊണ്ട് അടിമകളെക്കൊണ്ട് മൃഗതു

ല്യമായി അധ്വാനിപ്പിക്കുന്നതിനുവേണ്ടിയായിരുന്നു അവരെ ഷണ്ഡീക രിച്ചിരുന്നത്. ഇത് നിരോധിച്ച ഇസ്‌ലാം അടിമകൾക്കും വികാരശമനത്തി നും മാർഗമുണ്ടാക്കണമെന്ന് പ്രത്യേകം നിഷ്കർഷിക്കുന്നുണ്ട്. “നിങ്ങളി ലുള്ള അവിവാഹിതരെയും നിങ്ങളുടെ അടിമകളിൽ നിന്നും അടിമസ് ത്രീകളിൽനിന്നും നല്ലവരായിട്ടുള്ളവരെയും നിങ്ങൾ വിവാഹബന്ധത്തി ലേർപ്പെടുത്തുക. അവർ ദരിദ്രരാണെങ്കിൽ അല്ലാഹു തൻെറ അനുഗ്രഹ ത്തിൽനിന്ന് അവർക്ക് ഐശ്വര്യം നൽകുന്നതാണ്. അല്ലാഹു വിപുലമാ യ കഴിവുള്ളവനും സർവജ്ഞനുമത്രേ” (ഖുർആൻ 24:32).

അടിമസ്ത്രീകളെ വേശ്യാവൃത്തിക്ക് നിർബന്ധിക്കുന്ന സമ്പ്രദായത്തെ ഖർആൻ വിലക്കി. “ചാരിത്ര്യശുദ്ധിയോടെ ജീവിക്കാനാഗ്രഹിക്കുന്ന നിങ്ങ ളുടെ അടിമസ്ത്രീകളെ ഐഹിക ജീവിതത്തിൻെറ വിഭവം ആഗ്രഹിച്ചു കൊണ്ട് നിങ്ങൾ വേശ്യാവൃത്തിക്ക് നിർബന്ധിക്കരുത് (24:33).

അടിമയുടെ അഭിമാനത്തിന് ക്ഷതം പറ്റുന്ന പരാമർശങ്ങൾ പോലും നടത്തരുതെന്നാണ് പ്രവാചകൻ (സ) പഠിപ്പിച്ചത്. “അത് എൻെറ ദാസൻ, ഇത് എൻെറ ദാസി എന്നിങ്ങനെ നിങ്ങൾ പറയരുത്” എന്ന് അദ്ദേഹം പഠിപ്പിച്ചു. അടിമക്കും അഭിമാനമുണ്ടെന്നും അത് ക്ഷതപ്പെടുത്താൻ ആർ ക്കും അവകാശമില്ലെന്നുമുള്ള വസ്തുതയാണ് വ്യക്തമാക്കി. ഒരു അടിമ യുമായി ശണ്ഠകൂടിയപ്പോൾ അയാളെ ‘കറുത്ത പെണ്ണിൻെറ മോനേ’ എന്നുവിളിച്ച തൻെറ ശിക്ഷ്യനായ അബുദർറിനെ പ്രവാചകൻ (സ) ഗുണദോഷിച്ചത് ഇങ്ങനെയായിരുന്നു. “അബുദർറേ... അന്തരാളകാലത്തെ സംസ്കാരത്തിൽ ചിലത് ഇനിയും താങ്കളിൽ ബാക്കിയുണ്ട്”.

അടിമയ്ക്ക് നേതാവാകുവാൻ പോലും അവകാശമുണ്ടെന്നും അങ്ങ നെ നേതാവായി നിയോഗിക്കപ്പെട്ടു കഴിഞ്ഞാൽ അയാളെ അനുസരി ക്കേണ്ടത് നിർബന്ധമാണെന്നും ഇസ്‌ലാം പഠിപ്പിക്കുന്നുണ്ട്. “നിങ്ങളു ടെ നേതാവായി വരുന്നത് ഉണങ്ങിയ മുന്തിരിപോലെ തലയുള്ള ഒരു നീഗ്രോ അടിമയാണെങ്കിലും നിങ്ങൾ അയാളെ കേൾക്കുകയും അനുസ രിക്കുകയും വേണം”. അടിമയെ പിറകിൽ നടത്തിക്കൊണ്ട് വാഹനത്തിൽ സഞ്ചരിക്കുകയായിരുന്ന ഒരാളോട് പ്രവാചക ശിക്ഷ്യനായ അബൂഹുറ യ്റ (റ) പറഞ്ഞു. “നിൻെറ പിറകിൽ അവനെയും കയറ്റുക. നിൻെറ സ ഹോദരനാണവൻ, നിൻേറതുപോലുള്ള ആത്മാവാണ് അവനുമുള്ളത്”.

അടിമക്കും ഉടമക്കും ഒരേ ആത്മാവാണുള്ളതെന്നും അവർ തമ്മിൽ സഹോദരങ്ങളാണെന്നും പഠിപ്പിച്ചുകൊണ്ട് അടിമ-ഉടമ ബന്ധത്തിന് ഒ രു പുതിയ മാനം നൽകുകയാണ് ഇസ്‌ലാം ചെയ്തത്. അടിമ, ഉടമയുടെ അധീനത്തിലാണെന്നത് ശരിതന്നെ. എന്നാൽ, അടിമയുടെ അവകാശ





ങ്ങൾ വകവെച്ചുകൊടുക്കാൻ ഉടമ ബാധ്യസ്ഥനാണ്. ഭക്ഷണം, വസ്ത്രം, ലൈംഗികത തുടങ്ങിയ അടിമയുടെ ആവശ്യങ്ങൾ നിർവഹിച്ചുകൊടുക്കേ ണ്ടത് അയാളുടെ ചുമതലയാണ്. അടിമയെ ഉപദ്രവിക്കാൻ പാടില്ല. അ യാളെ പ്രയാസകരമായ ജോലികൾ ഏൽപിച്ച് ക്ലേശിപ്പിക്കുവാനും പാടി ല്ല. ഇങ്ങനെ, ചരിത്രത്തിലാദ്യമായി അടിമയെ സ്വതന്ത്രൻെറ വിതാനത്തി ലേക്കുയർത്തുകയെന്ന വിപ്ലവം സൃഷ്ടിക്കുകയാണ് ഇസ്‌ലാം ചെയ്ത ത്. ഇതുവഴി ഉടമയുടെയും അടിമയുടെയും മാനസികാവസ്ഥകൾ തമ്മി ലുള്ള അന്തരം കുറക്കുവാൻ ഇസ്‌ലാമിന് സാധിച്ചു. തൻെറ ഇഷ്ടങ്ങളെ ല്ലാം പ്രയോഗിക്കാവുന്ന ഒരു ചരക്ക് മാത്രമാണ് അടിമയെന്ന വിചാരത്തിൽ നിന്ന് ഉടമയും, സഹിക്കുവാനും ക്ഷമിക്കുവാനും നിർവഹിക്കുവാനും മാ ത്രം വിധിക്കപ്പെട്ടവനാണ് താനെന്ന വിചാരത്തിൽനിന്ന് അടിമയും സ്വത ന്ത്രരാവുകയായിരുന്നു ഈ വിപ്ലവത്തിൻെറ ഫലം.

3. അടിമമോചനം ഒരു പുണ്യകർമമായി പ്രഖ്യാപിച്ചു

അവകാശങ്ങളുള്ള ഒരു അസ്തിത്വമായി അടിമയെ പ്രഖ്യാപിക്കുക വഴി അടിമത്തത്തെ സാങ്കേതികമായി ഇല്ലാതാക്കുകയാണ് ഇസ്‌ലാം ചെ യ്തത്. എന്നാൽ, ഇതുകൊണ്ടും നിർത്താതെ ആ സമ്പ്രദായത്തെ പ്രാ യോഗികമായിത്തന്നെ നിർമൂലനം ചെയ്യുവാൻ ആവശ്യമായ നടപടിയി ലേക്ക് ഇസ്‌ലാം തിരിയുകയുണ്ടായി. അടിമമോചനം ഒരു പുണ്യകർമ മായി പ്രഖ്യാപിക്കുകയായിരുന്നു അടിമ സമ്പ്രദായത്തെ പ്രായോഗികമാ യി ഇല്ലാതാക്കുവാൻ ഇസ്‌ലാം സ്വീകരിച്ച നടപടി. “അവരുടെ ഭാരങ്ങളും അവരുടെ മേലുണ്ടായിരുന്ന വിലങ്ങുകളും അദ്ദേഹം ഇറക്കിവെക്കുകയും ചെയ്യുന്നു” (7:157) എന്ന ഖുർആനിക പരാമർശത്തെ അന്വർഥമാക്കുന്ന തായിരുന്നു അടിമമോചനത്തിൻെറ വിഷയത്തിൽ പ്രവാചകൻെറ (സ) നിലപാട്.

അടിമമോചനം അതിവിശിഷ്ടമായ ഒരു പുണ്യകർമമാണെന്ന് വ്യക് തമാക്കുന്ന ഖുർആൻ സൂക്തം ഇങ്ങനെയാണ്. “എന്നിട്ട് അവൻ ആ മല മ്പാത താണ്ടിക്കടന്നില്ല. ആ മലമ്പാതയെന്താണെന്ന് നിനക്കറിയാമോ? അടിമമോചനം. അല്ലെങ്കിൽ പട്ടിണിയുടെ നാളിൽ കുടുംബബന്ധമുള്ള ഒരു അനാഥക്കോ കടുത്ത ദാരിദ്ര്യമുള്ള ഒരു സാധുവിനോ ഭക്ഷണം നൽ കുക” (90:12-16)

അടിമമോചനത്തിൻെറ കാര്യത്തിൽ പ്രവാചകൻ (സ)തന്നെ മാതൃക കാണിച്ചുകൊണ്ടാണ് അനുചരന്മാരെ അതിനുവേണ്ടി പ്രേരിപ്പിച്ചത്. ത ൻെറ കൈവശമുണ്ടായിരുന്ന അടിമയെ അദ്ദേഹം മോചിപ്പിച്ചു. അദ്ദേഹ ത്തിൻെറ അനുചരന്മാർ പ്രസ്തുത പാത പിന്തുടർന്നു. സഖാക്കളിൽ പ്ര

മുഖനായിരുന്ന അബൂബക്കർ (റ) സത്യനിഷേധികളിൽനിന്ന് അടിമകളെ വിലയ്ക്കുവാങ്ങി മോചിപ്പിക്കുന്നതിനായി അളവറ്റ സമ്പത്ത് ചെലവഴിച്ചിരുന്നതായി കാണാനാവും.

അടിമമോചനത്തെ പ്രോൽസാഹിപ്പിക്കുന്ന ഒട്ടേറെ നബിവചനങ്ങൾ കാണാൻ കഴിയും: “സത്യവിശ്വാസിയായ ഒരു അടിമയെ ആരെങ്കിലും മോചിപ്പിച്ചാൽ ആ അടിമയുടെ ഓരോ അവയവത്തിനും പകരം അല്ലാഹു അവൻെറ അവയവത്തിന് നരകത്തിൽനിന്ന് മോചനം നൽകുന്നതാണ്. അഥവാ കയ്യിന് കയ്യും കാലിന് കാലും ഗുഹ്യാവയവത്തിന് ഗുഹ്യാവയവവും വരെ” (ബുഖാരി, മുസ്‌ലിം).

ഒരിക്കൽ സഖാവായിരുന്ന അബുദർറ് (റ) നബി(സ)യോട് ചോദിച്ചു: ‘അടിമമോചനത്തിൽ ഏറ്റവും ശ്രേഷ്ഠമായത് ഏതാണ്? തിരുമേനി പ്രതിവചിച്ചു: ‘യജമാനന് ഏറ്റവും വിലപ്പെട്ട അടിമകളെ മോചിപ്പിക്കൽ’.

അല്ലാഹുവിൻെറ പ്രതിഫലത്തിന് രണ്ടു തവണ അർഹരാവുന്നവരെ എണ്ണിപ്പറയവെ തിരുമേനി (സ) പറഞ്ഞു: “തൻെറ കീഴിലുള്ള അടിമസ്ത്രീയെ സംസ്കാര സമ്പന്നയാക്കുകയും അവൾക്ക് ഏറ്റവും നന്നായി വിദ്യാഭ്യാസം നൽകുകയും പിന്നീട് അവളെ മോചിപ്പിച്ച് സ്വയം വിവാഹം കഴിക്കുകയും ചെയ്തവനും ഇരട്ടി പ്രതിഫലമുണ്ട്” (ബുഖാരി, മുസ്‌ലിം).

പടച്ചതമ്പുരാനിൽനിന്നുള്ള പ്രതിഫലം കാംക്ഷിച്ചുകൊണ്ട് സത്യവിശ്വാസികൾ പ്രവാചകൻെറ കാലത്തും ശേഷവും അടിമകളെ മോചിപ്പിക്കുവാൻ തുടങ്ങി. ഇതുകൂടാതെ സകാത്തിൻെറ ധനം പോലും അടിമമോചനത്തിന് ചെലവഴിക്കുന്ന അവസ്ഥയുണ്ടായി. ഉമറുബ്നു അബ്ദിൽ അസീസി(റ)ൻെറ ഭരണകാലത്ത് സകാത്ത് സ്വീകരിക്കുവാൻ ഒരു ദരിദ്രൻ പോലുമില്ലാത്ത അവസ്ഥ സംജാതമായെന്നും അപ്പോൾ അടിമകളെ വിലക്കെടുത്ത് മോചിപ്പിക്കാനാണ് സകാത്ത് ഇനത്തിലുള്ള ധനം ചെലവഴിക്കപ്പെട്ടതെന്നും ചരിത്രത്തിൽ കാണാൻ കഴിയും.

4. പലതരം കുറ്റങ്ങൾക്കുമുള്ള പ്രായശ്ചിത്തമായി അടിമമോചനം നിശ്ചയിക്കപ്പെട്ടു.

അടിമമോചനത്തെ ഒരു പുണ്യകർമമായി അവതരിപ്പിച്ചുകൊണ്ട് സത്യവിശ്വാസികളെ അക്കാര്യത്തിൽ പ്രോൽസാഹിപ്പിച്ചതോടൊപ്പംതന്നെ പലതരം കുറ്റകൃത്യങ്ങൾക്കുള്ള പ്രായശ്ചിത്തമായി അടിമമോചനത്തെ ഇസ്‌ലാം നിശ്ചയിച്ചു. മനഃപൂർവമല്ലാത്ത കൊലപാതകം, ഭാര്യയെ സമീപിക്കുകയില്ലെന്ന ശപഥത്തിൻെറ ലംഘനം തുടങ്ങിയ പാപങ്ങൾക്കുള്ള പ്രായശ്ചിത്തം ഒരു അടിമയെ മോചിപ്പിക്കുകയാണ്. ദൈവിക പ്രതിഫലം കാംക്ഷിച്ചുകൊണ്ടുമാത്രം അടിമകളെ മോചിപ്പിക്കാൻ തയാറില്ലാത്തവരെ സംബന്ധിച്ചിടത്തോളം അത് നിർബന്ധമാക്കിത്തീർക്കുന്ന അവസ്ഥയാണ് തെറ്റുകൾക്കുള്ള പ്രായശ്ചിത്തമായി അടിമകളെ മോചിപ്പിക്കണമെന്ന വിധി.





5. മോചനമൂല്യത്തിനു പകരമായി സ്വാതന്ത്ര്യം നൽകുന്ന സംവിധാനമുണ്ടാക്കി.

മുകളിൽ പറഞ്ഞ മാർഗങ്ങളിലൂടെയൊന്നും സ്വതന്ത്രനാകാൻ ഒരു അടിമക്ക് സാധിച്ചില്ലെന്നിരിക്കട്ടെ. അപ്പോഴും അവന് മോചനം അസാധ്യമല്ല. സ്വയം മോചനമാഗ്രഹിക്കുന്ന ഏതൊരു അടിമക്കും മോചിതനാകുവാനുള്ള മാർഗം ഇസ്‌ലാം തുറന്നുകൊടുത്തിട്ടുണ്ട്. ‘മുകാതബ’യെന്ന് സാങ്കേതികമായി വിളിക്കുന്ന മോചനപത്രത്തിലൂടെയാണ് ഇത് സാധ്യമാവുക. സ്വാതന്ത്ര്യമെന്ന അഭിലാഷം ഹൃദയത്തിനകത്ത് മൊട്ടിട്ടു കഴിഞ്ഞാൽ ‘മുകാതബ’യിലൂടെ ഏതൊരു അടിമക്കും സ്വതന്ത്രനാകാവുന്നതാണ്. അടിമയും ഉടമയും യോജിച്ച് ഒരു മോചനമൂല്യവും അത് അടച്ചുതീർക്കേണ്ട സമയവും തീരുമാനിക്കുന്നു. ഈ മോചനമൂല്യം സമാഹരിക്കുന്നതിനുവേണ്ടി അടിമയ്ക്ക് പുറത്തുപോയി ജോലി ചെയ്യാം. അങ്ങനെ ഗഡുക്കളായി അടിമമോചനദ്രവ്യം അടച്ചുതീർക്കുന്നു. അത് അടച്ചുതീർക്കുന്നതോടെ അയാൾ സ്വതന്ത്രനാവുന്നു.

സ്വാതന്ത്ര്യമെന്ന സ്വപ്നം പൂവണിയുന്നതിനായി ആ ആഗ്രഹം മനസ്സിൽ മൊട്ടിട്ടു കഴിഞ്ഞ ഏതൊരു അടിമക്കും അവസരമുമുണ്ടാക്കി കൊടുക്കുകയാണ് ഈ സംവിധാനത്തിലൂടെ ഇസ്‌ലാം ചെയ്തിരിക്കുന്നത്. മോചനപത്രമെഴുതിയ ഒരു അടിമക്ക് നിശ്ചിത സമയത്തിനകം മോചനമൂല്യം അടച്ചുതീർക്കാൻ കഴിഞ്ഞില്ലെങ്കിലോ? അതിനുള്ള സംവിധാനവും ഇസ്‌ലാം നിർദേശിക്കുന്നുണ്ട്. സകാത്ത് ധനം ചെലവഴിക്കപ്പെടേണ്ട എട്ടു വകുപ്പുകളിലൊന്ന് അടിമമോചനമാണ് (ഖുർആൻ 9:60). മുകാതബ പ്രകാരമുള്ള മോചനദ്രവ്യം കൊടുത്തുതീർക്കാൻ ഒരു അടിമക്ക് കഴിയാത്ത സാഹചര്യങ്ങളിൽ അയാൾക്ക് ബൈത്തുൽമാലിനെ (പൊതുഖജനാവ്) സമീപിക്കാം. അതിൽനിന്ന് നിശ്ചിത സംഖ്യയടച്ച് അയാളെ മോചിപ്പിക്കേണ്ടത് അതു കൈകാര്യം ചെയ്യുന്നവരുടെ കടമയാണ്. പണക്കാരൻ നൽകുന്ന സ്വത്തിൽ നിന്നുതന്നെ അടിമയെ മോചിപ്പിക്കുവാനുള്ള വക കണ്ടെത്തുകയാണ് ഇസ്‌ലാം ഇവിടെ ചെയ്തിരിക്കുന്നത്.

അടിമകളെ സ്വാതന്ത്ര്യമെന്താണെന്ന് പഠിപ്പിക്കുകയും പാരതന്ത്ര്യത്തിൽ

നിന്ന് മോചിതരാകുവാൻ അവരെ സ്വയം സന്നദ്ധരാക്കുകയും ചെയ്തുകൊണ്ട് ചങ്ങലക്കെട്ടുകളിൽനിന്ന് മുക്തമാക്കുകയെന്ന പ്രായോഗികമായ നടപടിക്രമമാണ് ഇസ്‌ലാം അടിമത്തത്തിൻെറ കാര്യത്തിൽ സ്വീകരിച്ചത്. അക്കാര്യത്തിൽ ഇസ്‌ലാം സ്വീകരിച്ചതിനേക്കാൾ ഉത്തമമായ മാർഗമിതായിരുന്നുവെന്ന് ചൂണ്ടിക്കാണിക്കുവാൻ പറ്റിയ ഒരു മാർഗവും നിർദേശിക്കുവാൻ ആർക്കും കഴിയില്ലെന്നതാണ് വാസ്തവം. അത് യഥാർഥത്തിൽ ഉൾക്കൊള്ളണമെങ്കിൽ അടിമത്തം ഒരു സ്ഥാപനമായി നിലനിന്നിരുന്ന സമൂഹത്തിൻെറ ഭൂമികയിൽനിന്നുകൊണ്ട് പ്രശ്നത്തെ നോക്കിക്കാണണമെന്നുമാത്രം.

**അടിമസ്ത്രീകളുമായി ലൈംഗികബന്ധത്തിലേർപ്പെടാൻ യജമാനനെ അനുവദിക്കുന്ന ഖുർആൻ യഥാർഥത്തിൽ വ്യഭിചാരത്തെ നിയമാനുസൃതമാക്കുകയല്ലേ ചെയ്തിരിക്കുന്നത്?**

അടിമത്ത വ്യവസ്ഥതിയുടെ സ്വാഭാവികമായ ഉൽപന്നമാണ് അടിമസ്ത്രീകൾ. അടിമ സ്ത്രീകളെ യഥേഷ്ടം ഉപയോഗിക്കുകയും അവളെ വ്യഭിചാരത്തിന് പ്രേരിപ്പിച്ചുകൊണ്ട് അതിൽനിന്ന് സാമ്പത്തിക ലാഭമുണ്ടാക്കുകയുമായിരുന്നു അടിമത്തം നിലനിന്നിരുന്ന സമൂഹങ്ങളിലെല്ലാം ഉണ്ടായിരുന്ന അവസ്ഥ. ഇസ്‌ലാമാകട്ടെ, അടിമസ്ത്രീകളിലൂടെ പ്രസ്തുത വ്യവസ്ഥതന്നെ ഒരു തലമുറയോടുകൂടി അവസാനിപ്പിക്കുവാനാവശ്യമായ സംവിധാനങ്ങളാണ് ചെയ്തത്.

അടിമസ്ത്രീ ഉടമയുടെ സ്വത്താണ്. എന്നാൽ, അവളെ വ്യഭിചാരത്തിന് പ്രേരിപ്പിക്കാൻ ഉടമക്ക് അവകാശമില്ല. (വി. ഖു. 24:33). പുരുഷന്മാരായ അടിമകളെപ്പോലെ സ്ത്രീ അടിമകൾക്കും അവകാശങ്ങളുണ്ട്. അവർക്ക് ഭക്ഷണം, പാർപ്പിടം, വസ്ത്രം എന്നിവയെല്ലാം നൽകേണ്ടത് യജമാനൻെറ കടമയാണ്. അവർക്ക് വിവാഹത്തിനുള്ള സൗകര്യം ചെയ്തുകൊടുക്കാനും ഖുർആൻ ഉടമയോട് ആവശ്യപ്പെടുന്നുണ്ട് (24:32).

അവരുടെ ലൈംഗികമായ ആവശ്യങ്ങളുടെ പൂർത്തീകരണത്തിനാവശ്യമായ സംവിധാനങ്ങൾ ചെയ്യാൻ ഖുർആൻ ഉടമകളെ പ്രേരിപ്പിക്കുന്നുണ്ടെന്നർഥം.

എന്നാൽ, വിവാഹിതയല്ലാത്ത ഒരു അടിമ സ്ത്രീയുമായി ലൈംഗികബന്ധം സ്ഥാപിക്കുന്നതിൽനിന്ന് ഉടമയെ ഇസ്‌ലാം വിലക്കുന്നില്ല. ഈ അനുവാദം ഉടമയിൽ മാത്രം പരിമിതമാണ്. മറ്റൊരാൾക്കും അവളെ ഉപയോഗിക്കുവാൻ അനുവാദമില്ല. യജമാനൻെറ അനുവാദത്തോടെയാണെങ്കിലും ശരി!





യജമാനൻെറ കുഞ്ഞിനെ പ്രസവിക്കുന്നതോടുകൂടി അടിമസ്ത്രീക്ക് പുതിയ അവകാശങ്ങളുണ്ടാവുകയാണ്. അവളെ പിന്നെ വിൽക്കുവാൻ യജമാനന് അവകാശമില്ല. അവൾ പിന്നെ യജമാനൻെറ കുട്ടികളുടെ മാതാവാണ്. ആ കുട്ടികൾക്കോ യജമാനൻെറ മറ്റു കുട്ടികളെപ്പോലെയുള്ള എല്ലാ അവകാശങ്ങളുമുണ്ടുതാനും. അടിമസ്ത്രീയിലുണ്ടാവുന്ന കുഞ്ഞുങ്ങൾക്ക് പിതൃസ്വത്തിൽ അവകാശങ്ങളൊന്നുമില്ലെന്ന യഹൂദ നിലപാടുമായി ഇസ്‌ലാം വിയോജിക്കുന്നു. ആ കുട്ടികൾ എല്ലാ അർഥത്തിലും അയാളുടെ മക്കൾതന്നെയാണ്. യാതൊരു തരത്തിലുള്ള ഉച്ചനീചത്വങ്ങളും അവരും മറ്റു മക്കളും തമ്മിൽ ഉണ്ടാകുവാൻ പാടില്ല.

യജമാനൻെറ മരണത്തോടെ അയാളുടെ മക്കളുടെ ഉമ്മയായ അടിമസ്ത്രീ സ്വതന്ത്രയായിത്തീരുന്നു. പിന്നെ അവളെ സംരക്ഷിക്കുന്നത് അവളുടെ മക്കളാണ്. അവർക്കാണെങ്കിൽ പിതൃസ്വത്തിൽനിന്ന് മറ്റു മക്കളെപ്പോലെതന്നെയുള്ള അവകാശം ലഭിക്കുകയും ചെയ്യും.

ഒരു തലമുറയോടെ അടിമത്തത്തിൻെറ വേരറുക്കുന്നതിനുവേണ്ടിയുള്ള ഒരു സംവിധാനമാണ് ദാസിമാരെ ജീവിത പങ്കാളികളായി സ്വീകരിക്കാനുള്ള അനുവാദം. അടിമത്തം പ്രായോഗികമായി ഇല്ലാതാക്കുന്നതിനുവേണ്ടിയുള്ള ഇസ്‌ലാമിൻെറ വ്യത്യസ്തമായ നടപടികളിലൊന്നായിരുന്നു അടിമസ്ത്രീകളുമായി ബന്ധപ്പെടുന്നതിനുവേണ്ടിയുള്ള അനുവാദമെന്നുള്ളതാണ് വാസ്തവം. ഇസ്‌ലാമിക ലോകത്ത് നടന്നതും അതുതന്നെയാണ്.

അടിമസ്ത്രീകളുമായി ബന്ധപ്പെടുന്നതിനുവേണ്ടിയുള്ള അനുവാദത്തെ വ്യഭിചാരവുമായി താരതമ്യം ചെയ്യാനേ കഴിയില്ല. രണ്ടും രണ്ട് വിരുദ്ധ ധ്രുവങ്ങളിൽ നിൽക്കുന്നു. ഒന്ന് ഉടമയുടെ കീഴിൽ അയാളുടെ സംരക്ഷണത്തിൽ കഴിയുന്നവളുമായുള്ള ബന്ധമാണ്. ആ ബന്ധത്തിൽനിന്നുണ്ടാകുന്ന ബാധ്യതകൾ ഏറ്റെടുക്കാൻ സന്നദ്ധനായിക്കൊണ്ടുള്ള ബന്ധം. ലൈംഗികതയ്ക്കപ്പുറമുള്ള അവളുടെ വ്യക്തിത്വം അംഗീകരിച്ചുകൊണ്ടുള്ള ബന്ധം. അവൾക്ക് സ്വാതന്ത്ര്യത്തിലേക്കുള്ള വാതായനം തുറന്നുകൊടുക്കുന്ന ബന്ധം. രണ്ടാമത്തേതോ ഒരു ഉത്തരവാദിത്വവുമില്ലാത്ത വേശ്യാബന്ധം. വേശ്യ യഥാർഥത്തിൽ അടിമയേക്കാൾ പതിതയാണ്. അവൾ ആത്മാവില്ലാത്ത ഒരു മൃഗം മാത്രം. പുരുഷൻെറ മാംസദാഹം തീർക്കുകയാണ് അവളുടെ കർത്തവ്യം. ആ ബന്ധത്തിൽ സ്നേഹത്തിൻെറയും കാരുണ്യത്തിൻെറയും കണികപോലുമില്ല. ആത്മസംതൃപ്തിയുടെ സ്പർശം ലേശം പോലുമില്ല. പണത്തിനുവേണ്ടി നടത്തുന്ന

ഒരു കച്ചവടം മാത്രമാണത്. മാംസക്കച്ചവടം! അതിൽനിന്നുള്ള ബാധ്യതയേറ്റെടുക്കുവാൻ മാംസദാഹം തീർക്കുവാൻ വേണ്ടി വന്ന പുരുഷൻ സന്നദ്ധനല്ല. അവൾക്ക് എന്തെങ്കിലുമൊരു അവകാശം അവൻെറ മേൽ ഇല്ല. അവൻെറ മാംസദാഹം തീർക്കാൻ വിധിക്കപ്പെട്ട ഒരു മൃഗം മാത്രമാണവൾ. അവളുടെ ഓരോ ബന്ധവും അവളെ വേശ്യാവൃത്തിയുടെ മൃഗീയതയിലേക്ക് കൂടുതൽ ആഴത്തിൽ ആപതിപ്പിക്കുകയാണ് ചെയ്യുന്നത്. അവൾക്ക് സ്വാതന്ത്ര്യത്തെക്കുറിച്ച സ്വപ്നം പോലും അന്യമാണ്. തൊലി ചുളിഞ്ഞ് ആർക്കും വേണ്ടാതായി മാറി രോഗിണിയാവുമ്പോൾ അനാഥത്വം പേറുവാൻ വിധിക്കപ്പെട്ടവൾ!

അടിമക്കു സ്വാതന്ത്ര്യത്തിലേക്കുള്ള വാതായനം തുറന്നുകൊടുക്കുന്ന സമ്പ്രദായമെവിടെ? സ്ത്രീയെ പാരതന്ത്ര്യത്തിൽനിന്ന് പാരതന്ത്ര്യത്തിലേക്കു നയിക്കുന്ന ദുഷിച്ച വ്യവസ്ഥയെവിടെ? ഇവ രണ്ടും തമ്മിൽ താരതമ്യം പോലും അസാധ്യമാണ്. രണ്ടും രണ്ടു വിരുദ്ധ ധ്രുവങ്ങളിൽ നിൽക്കുന്ന സമ്പ്രദായങ്ങൾ. ഒന്ന് മനുഷ്യത്വം അംഗീകരിക്കുന്നത്, മറ്റേത് മൃഗീയതയിലേക്ക് ആപതിക്കുന്നത്.

**അടിമസ്ത്രീയുമായി ബന്ധപ്പെടാൻ ഖുർആൻ എന്തുകൊണ്ടാണ് വിവാഹം നിർബന്ധമാക്കാതിരുന്നത്?**

അടിമസ്ത്രീയെ വിവാഹം ചെയ്യണമെന്നുള്ളവർക്ക് അങ്ങനെ ചെയ്യാനുള്ള അനുവാദം ഖുർആൻ നൽകുന്നുണ്ട് (4:27) ഇങ്ങനെയുള്ള വിവാഹം ഇരട്ടി പ്രതിഫലം നൽകുന്നതാണെന്നാണ് പ്രവാചകൻ (സ) പഠിപ്പിച്ചിരിക്കുന്നത്. "തൻെറ കീഴിലുള്ള അടിമസ്ത്രീയെ സംസ്കാര സമ്പന്നയാക്കുകയും അവൾക്ക് ഏറ്റവും നന്നായി വിദ്യാഭ്യാസം നൽകുകയും പിന്നീട് അവളെ മോചിപ്പിച്ച് സ്വയം വിവാഹം കഴിക്കുകയും ചെയ്തവനും ഇരട്ടി പ്രതിഫലമുണ്ട്" (ബുഖാരി, മുസ്ലിം).

അടിമയുടെ രക്ഷിതാവ് ഉടമയാണ്, പുരുഷനായിരുന്നാലും സ്ത്രീയായിരുന്നാലുമെല്ലാം. പുരുഷനായ ഉടമയുടെ കീഴിൽ കഴിയുന്ന അടിമസ്ത്രീയുടെ കൈകാര്യകർതൃത്വം ആ പുരുഷനിലാണ് നിക്ഷിപ്തമായിരിക്കുന്നത്. അവളെ മറ്റൊരാൾക്ക് വിവാഹം ചെയ്തുകൊടുക്കുകയാണെങ്കിൽ അവനാണ് അത് നിർവഹിക്കേണ്ടത്. അവളുടെ കാര്യങ്ങളെല്ലാം ശ്രദ്ധിക്കേണ്ടതും അവൻതന്നെ. അതുകൊണ്ടുതന്നെ അവളെ വിവാഹം ചെയ്യുകയെന്ന കർമം നടക്കേണ്ടതില്ല. സ്ത്രീയുടെ രക്ഷിതാവും വരനും തമ്മിൽ നടക്കുന്ന കരാറാണ് ഇസ്ലാമിലെ വിവാഹം. ഇവിടെ രണ്ടു പേരും ഉടമതന്നെയാണ്. അതുകൊണ്ടുതന്നെ വിവാഹച്ചടങ്ങ് അപ്രസക്ത





മാണ്.

പുരുഷൻെറ ഭാര്യമാരുടെ എണ്ണം പരമാവധി നാലായിരിക്കണമെന്നാണ് ഖുർആൻ നിഷ്കർഷിക്കുന്നത് (4:3). നാലു ഭാര്യമാരുള്ള ഒരാളുടെ കീഴിൽ ജീവിക്കുന്ന ഒരു അടിമസ്ത്രീ ഉണ്ടെന്നിരിക്കട്ടെ, അയാൾക്ക് അവളെ വിവാഹം ചെയ്യുവാൻ പറ്റുകയില്ല. അവളെ സ്വതന്ത്രയാക്കുവാൻ അയാൾ സന്നദ്ധനല്ലെങ്കിൽ പാരതന്ത്ര്യത്തിൽനിന്നുള്ള മോചനം അവൾക്ക് ഒരു സ്വപ്നമായി അവശേഷിക്കും. അവളുടെ ലൈംഗികദാഹം ശമിപ്പിക്കുവാൻ വ്യഭിചാരത്തെ സമീപിക്കുവാൻ അവൾ നിർബന്ധിതയാവും. എന്നാൽ, ഉടമക്ക് വിവാഹം കൂടാതെതന്നെ അവളുമായി ലൈംഗികബന്ധം പുലർത്താമെന്ന നിയമമുള്ളതിനാൽ ഈ പ്രശ്നങ്ങൾക്കെല്ലാം പരിഹാരമാവും. ഉടമയുടെ കുഞ്ഞിനെ പ്രസവിക്കുകവഴി സ്വാതന്ത്ര്യത്തിലേക്ക് നടന്നുപോകാൻ അവൾക്ക് സാധിക്കും. അവളുടെ ലൈംഗികതക്കുള്ള പരിഹാരമാകും. അടിമത്തം നിലനിൽക്കുന്ന ഒരു സമൂഹത്തിൽ വമ്പിച്ച മൂല്യത്തകർച്ചക്കാണ്, അവളുടെ ലൈംഗികദാഹം ശമിപ്പിക്കുവാനുള്ള സംവിധാനമുണ്ടാക്കിയില്ലെങ്കിൽ അതു നിമിത്തമാവുക. അതോടൊപ്പംതന്നെ വ്യഭിചാരത്തിലൂടെയുണ്ടാകുന്ന കുഞ്ഞുങ്ങളുടെ പ്രശ്നവുമുണ്ട്. അവരും സ്വാഭാവികമായും അടിമകളായി മാറുകയാണ് ചെയ്യുക. അടിമത്തം ഒരിക്കലും അവസാനിപ്പിക്കാനാവാത്ത ഒരു സ്ഥാപനമായി ത്തീരുകയാണ് ഇതിൻെറ ഫലം.

ഇസ്ലാമാകട്ടെ, അടിമസ്ത്രീകളുമായി ബന്ധപ്പെടുവാൻ ഉടമകളെ അനുവദിക്കുക വഴി അടിമത്തത്തെ ഒരു തലമുറയോടെ ഇല്ലാതാക്കുവാനുള്ള സംവിധാനമാണുണ്ടാക്കുന്നത്. അതിന് 'വിവാഹം' ഒരു നിബന്ധനയായി വെക്കുകയാണെങ്കിൽ ഇസ്ലാം ഉദ്ദേശിക്കുന്ന ഫലങ്ങളുണ്ടാക്കുവാൻ അതുമൂലം കഴിയുകയില്ല. അടിമസ്ത്രീയെ വിവാഹം ചെയ്യുവാൻ എല്ലാ ഉടമകളും തയാറാവുകയില്ലല്ലോ. നാല് ഭാര്യമാരുള്ളവർക്ക് അത് അസാധ്യവുമാണ്.

**അടിമസ്ത്രീകളുടെ എണ്ണം ഇസ്ലാം പരിമിതപ്പെടുത്താതിരുന്നതെന്തുകൊണ്ടാണ്?**

വിവാഹം നാലിൽ പരിമിതപ്പെടുത്തണമെന്ന് നിഷ്കർഷിച്ച ഇസ്ലാം പക്ഷേ, കൈവശം വെക്കാവുന്ന അടിമസ്ത്രീകളുടെ എണ്ണത്തിന് യാതൊരു നിയന്ത്രണവുമേർപ്പെടുത്തിയിട്ടില്ല. ഒരാൾക്ക് എത്ര അടിമസ്ത്രീകളെയും കൈവശം വെച്ചുകൊണ്ടിരിക്കാം എന്നർഥം. എന്തുകൊണ്ടാണ് ഇസ്ലാം ഇത് അനുവദിച്ചത്?

അടിമകൾ യജമാനന്റെ കൈവശം എത്തിച്ചേരുന്നത് മൂന്നു മാർഗങ്ങളിലൂടെയാണ്. അനന്തരാവകാശമായി, സ്വയം വാങ്ങുക, യുദ്ധത്തിൽ തടവുകാരായി പിടിക്കപ്പെടുക എന്നീ വഴികളിലൂടെ. ഇതിൽ ഒരാൾക്ക് സ്വന്തം ഇച്ഛ പ്രകാരം അടിമകളുടെ എണ്ണം പരിമിതപ്പെടുത്തുവാൻ കഴിയുക സ്വയം വാങ്ങുന്ന കാര്യത്തിൽ മാത്രമാണ്. അനന്തരാവകാശമായി കിട്ടുകയോ യുദ്ധത്തിൽ തടവുകാരായി പിടിക്കപ്പെട്ട് അടിമകളായിത്തീർന്ന് ഒരാളുടെ കൈവശം എത്തിച്ചേരുകയോ ചെയ്യുന്ന അടിമകളുടെ എണ്ണം അയാൾക്ക് നിയന്ത്രിക്കുവാനോ പരിമിതപ്പെടുത്തുവാനോ കഴിയില്ല. യുദ്ധത്തടവുകാരായി പിടിക്കപ്പെടുന്നവരെ അടിമകളാക്കുവാനാണ് ഭരണകൂടം തീരുമാനിക്കുന്നതെങ്കിൽ യുദ്ധത്തിൽ പങ്കെടുത്തവർക്കിടയിൽ അവരെ വീതിച്ചു നൽകുകയാണ് ചെയ്യുക. കുറെയേറെപ്പേരെ തടവുകാരായി പിടിക്കുകയാണെങ്കിൽ ഓരോരുത്തരുടെയും കൈവശം എത്തിപ്പെടുന്ന അടിമകളുടെ എണ്ണവും കൂടും. ഹുനൈൻ യുദ്ധത്തിൽ ആറായിരത്തോളം പേരെ തടവുകാരായി പിടിച്ചിരുന്നുവെന്ന് ചരിത്രത്തിൽ കാണാം.

യുദ്ധത്തിൽ പിടിക്കപ്പെടുന്നവരെ അനിവാര്യമായ സാഹചര്യങ്ങളിൽ മാത്രമേ അടിമകളാക്കി മാറ്റിയിരുന്നുള്ളൂ. യുദ്ധത്തിൽ ശത്രുക്കൾ പരാജയപ്പെട്ടാൽ അവരുടെ രാജ്യത്തെ സ്ത്രീകളെയോ കുട്ടികളെയോ തടവുകാരായി പിടിക്കുന്ന പതിവ് മുസ്‌ലിംകൾക്കുണ്ടായിരുന്നില്ല. ഖലീഫമാരുടെ കാലത്ത് നടന്ന യുദ്ധങ്ങളിൽ  സിറിയ, ഫലസ്തീൻ, ഇറാഖ്, ഈജിപ്ത് എന്നീ രാജ്യങ്ങളിൽ ആരെയും അടിമകളാക്കി മാറ്റിയിരുന്നില്ലെന്ന് കാണാനാവും. യുദ്ധത്തിൽ പുരുഷന്മാർ വധിക്കപ്പെടുകയോ ബന്ധനസ്ഥരായി പിടിക്കപ്പെടുകയോ ചെയ്താൽ സ്ത്രീകളും കുട്ടികളും അനാഥരായിത്തീരുകയായിരിക്കും ഫലം. അവരെ യുദ്ധത്തിൽ വധിക്കുവാൻ പാടില്ലെന്ന് ഇസ്‌ലാം നിഷ്കർഷിച്ചിട്ടുണ്ട്. പുരുഷന്മാരോടൊപ്പം യുദ്ധത്തിന് പുറപ്പെടുന്ന സ്ത്രീകളും കുട്ടികളും തടവുകാരായി പിടിക്കപ്പെട്ടാൽതന്നെ മുസ്‌ലിം തടവുകാർക്ക് പകരമായി കൈമാറുകയായിരുന്നു പലപ്പോഴും ചെയ്തിരുന്നത്.  ചില അവസരങ്ങളിൽ അവരെ അടിമകളാക്കി മാറ്റുവാനും ഇസ്‌ലാം അനുവദിച്ചിരുന്നു. അടിമത്തം നിലനിന്നിരുന്ന ഒരു സമൂഹത്തിലായിരുന്നു ഈ അനുവാദമെന്നോർക്കണം.

ഏതായിരുന്നാലും ഈ വഴികളിലൂടെയെല്ലാം തങ്ങളുടെ കൈവശമെത്തിച്ചേരുന്ന അടിമകളെ പരിമിതപ്പെടുത്തുക അന്നത്തെ സാഹചര്യത്തിൽ തികച്ചും പ്രയാസകരമായിരുന്നു. സ്ത്രീകളുടെ സ്ഥിതിയും അതുതന്നെ. ഇങ്ങനെ കൈവശം എത്തിച്ചേരുന്ന സ്ത്രീകളെ എന്തുചെയ്യണമെന്നുള്ള





താണ് പ്രശ്നം. അവരെ മറ്റൊരാൾക്ക് വിവാഹം ചെയ്തുകൊടുക്കാം. ഒരു സ്വതന്ത്രൻ അടിമയെ വിവാഹം ചെയ്യുവാനുള്ള സാധ്യത തുലോം വിരളമായിരുന്നുവെന്നോർക്കുക. അല്ലെങ്കിൽ മറ്റൊരു അടിമക്കു വിവാഹം ചെയ്തുകൊടുക്കാം. രണ്ടാണെങ്കിലും അവൾ അയാളുടെ സ്വത്തായിരിക്കുന്നിടത്തോളം കാലം അവളിലുണ്ടാകുന്ന കുഞ്ഞുങ്ങളും ഇയാളുടെ സ്വത്തായിരിക്കും. അവരും അടിമകളായിത്തീരുമെന്നർഥം. അതല്ലെങ്കിൽ നിരുപാധികം അവരെ സ്വതന്ത്രരാക്കി വിടാം. അത്തരത്തിലുള്ള സ്വാതന്ത്ര്യം അവരുടെ അനാഥത്വത്തിനാണ് വഴിവെക്കുക; ഗുരുതരമായ മൂല്യത്തകർച്ചക്കും. മറ്റൊരു മാർഗമാണ് അവളെ വിവാഹം കഴിക്കാതെതന്നെ, അവളുടെ മാനുഷികമായ എല്ലാ അവകാശങ്ങളും അനുവദിച്ചുകൊണ്ട് ഉടമയോടൊപ്പം താമസിപ്പിക്കുകയെന്നത്. (അവളെ സ്വതന്ത്രയാക്കി വിവാഹം ചെയ്യുക എല്ലാ ഉടമകളുടെ കാര്യത്തിലും പ്രായോഗികമായിരിക്കുകയില്ലല്ലോ).

അങ്ങനെ ജീവിക്കുന്ന അടിമകളുടെ എണ്ണം പരിമിതപ്പെടുത്തിയാൽ ആ പരിധിക്കു മുകളിൽ വരുന്ന ഉടമയോടൊപ്പം കഴിയുന്ന അടിമസ്ത്രീകളെ എന്തു ചെയ്യണമെന്ന പ്രശ്നമുത്ഭവിക്കും. അവർക്ക് സ്വാതന്ത്ര്യം പ്രാപിക്കുവാൻ മാർഗങ്ങളൊന്നുമുണ്ടാവുകയില്ല. അവരുടെ ലൈംഗികത അവഗണിക്കപ്പെടുകയോ ചൂഷണം ചെയ്യപ്പെടുകയോ ചെയ്യും.  ഇത് വമ്പിച്ച ധാർമിക പ്രശ്നങ്ങൾക്ക് നിമിത്തമാകും.

അടിമവ്യവസ്ഥിതി നിലനിൽക്കുന്ന സമൂഹത്തിന്റെ ഭൂമികയിൽനിന്നുകൊണ്ട് ഈ പ്രശ്നത്തെയും നോക്കിക്കണ്ടാൽ ഇക്കാര്യത്തിൽ ഇസ്‌ലാം  നിശ്ചയിച്ച നിയമങ്ങൾ പ്രായോഗികമാണെന്ന വസ്തുത വ്യക്തമാവും. പ്രസ്തുത സമൂഹത്തിൽ ഒരാളുടെ കൈവശം എത്തിച്ചേരുന്ന പുരുഷ അടിമകളുടെ എണ്ണത്തിന് പരിധി കൽപിക്കാൻ കഴിയില്ല. ഇതുതന്നെയാണ് സ്ത്രീ അടിമകളുടെയും അവസ്ഥ.  അത്തരം നിയന്ത്രണങ്ങൾ പ്രസ്തുത സമൂഹത്തിൽ അപ്രായോഗികമാണ് അതുകൊണ്ടുതന്നെയാണ് ഇസ്‌ലാം അതിനു തുനിയാതിരുന്നത്.

### എന്തുകൊണ്ടാണ് അടിമത്തത്തെ പൂർണമായി നിരോധിക്കാൻ ഖുർആൻ സന്നദ്ധമാകാതിരുന്നത്?

അടിമത്തം ഇല്ലാതാക്കുവാനാവശ്യമായ പ്രായോഗികമായ നടപടിക്രമങ്ങൾ സ്വീകരിച്ച ഇസ്‌ലാം പക്ഷേ, മദ്യമോ വ്യഭിചാരമോ നിരോധിച്ചതുപോലെ അടിമത്തത്തെ പാടെ നിരോധിച്ചുകൊണ്ടുള്ള ഉത്തരവുകളൊന്നും പുറപ്പെടുവിച്ചിട്ടില്ല. എന്തുകൊണ്ടാണിത്?

ആൻ എന്ന വസ്തുതയാണ് ഈ വിഷയത്തിലെ അതിൻെറ നിലപാടിൽ നിന്നും നമുക്ക് മനസ്സിലാക്കാൻ കഴിയുന്നത്. ഇസ്‌ലാം കാലാതിവർത്തിയാണെന്നും അതിൻെറ നിർദേശങ്ങൾ എക്കാലത്തും പ്രായോഗികമാണെന്നുമുള്ള വസ്തുതയാണ് അടിമത്തം പാടെ നിരോധിക്കാത്ത അതിൻെറ നടപടിയെക്കുറിച്ച് അവഗാഹമായി പഠിച്ചാൽ ബോധ്യപ്പെടുക.

അടിമത്ത വ്യവസ്ഥിതിയുടെ ആരംഭംതന്നെ യുദ്ധത്തടവുകാരിൽനിന്നായിരുന്നുവല്ലോ. അടിമത്തത്തെ പാടെ നിരോധിച്ചുകൊണ്ട് ആധുനിക രാഷ്ട്രങ്ങൾ നടത്തിയ പ്രഖ്യാപനങ്ങൾക്കു മുമ്പ് യുദ്ധത്തടവുകാരെ അടിമകളാക്കി മാറ്റുന്ന സമ്പ്രദായമായിരുന്നു വ്യാപകമായി നിലനിന്നിരുന്നത്. യുദ്ധത്തിൽ ബന്ദികളായി പിടിക്കപ്പെടുന്നവരെ ഒന്നുകിൽ കൊന്നുകളയുക, അല്ലെങ്കിൽ അടിമകളാക്കുക. ഇതാണ് നടന്നിരുന്നത്. ഇവ മാത്രമായിരുന്നു പ്രായോഗികമായ മാർഗങ്ങൾ. അതല്ലാതെ അവരെ തടവുകാരായി പാർപ്പിക്കുവാനാവശ്യമായ സംവിധാനങ്ങളൊന്നും അന്നുണ്ടായിരുന്നില്ലല്ലോ.

യുദ്ധത്തിൽ തടവുകാരായി പിടിക്കപ്പെടുന്നവരെ എന്തു ചെയ്യണം? ഇക്കാര്യത്തിൽ ഖുർആൻ നൽകുന്ന നിർദേശമിങ്ങനെയാണ്: “ആകയാൽ സത്യനിഷേധികളുമായി നിങ്ങൾ ഏറ്റുമുട്ടിയാൽ (നിങ്ങൾ) പിരടികളിൽ വെട്ടുക. അങ്ങനെ അവരെ നിങ്ങൾ അമർച്ച ചെയ്തുകഴിഞ്ഞാൽ നിങ്ങൾ അവരെ ശക്തിയായി ബന്ധിക്കുക. എന്നിട്ട് അതിനുശേഷം (അവരോട്) ദാക്ഷിണ്യം കാണിക്കുകയോ, അല്ലെങ്കിൽ മോചനമൂല്യം വാങ്ങി വിട്ടയക്കുകയോ ചെയ്യുക. യുദ്ധം അതിൻെറ ഭാരങ്ങൾ ഇറക്കിവെക്കുന്നതുവരെയാണിത്. അതാണ് (യുദ്ധത്തിൻെറ) മുറ” (47:4) ശത്രുക്കളെ യുദ്ധഭൂമിയിൽ വെച്ച് വധിക്കുവാൻ അനുശാസിക്കുന്ന ഈ സൂക്തത്തിൽ ബന്ധനസ്ഥരായവരെ പ്രതിഫലം വാങ്ങിയോ അല്ലാതെയോ വിട്ടയക്കുവാനാണ് കൽപിച്ചിരിക്കുന്നത്. ഈ സൂക്തത്തിൻെറ വെളിച്ചത്തിൽ പ്രവാചകാനുചരന്മാരിൽ പ്രമുഖരെല്ലാം യുദ്ധത്തടവുകാരെ വധിക്കാൻ പാടില്ലെന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്.

യുദ്ധത്തടവുകാരെ നാലു വിധത്തിൽ കൈകാര്യം ചെയ്യുവാൻ പ്രവാചകൻ (സ) മാതൃക കാണിച്ചിട്ടുണ്ട്.

1. വെറുതെ വിട്ടയക്കുക. അവരെ വിട്ടയക്കുന്നത് മുസ്‌ലിം സമൂഹത്തിന് ഹാനികരമല്ലെന്ന് ബോധ്യപ്പെടുന്ന അവസ്ഥയിൽ യുദ്ധത്തടവു





കാരെ വെറുതെ വിട്ടയക്കാവുന്നതാണ്.

2. ശത്രുക്കൾ പിടിച്ചുവെച്ച മുസ്‌ലിം തടവുകാർക്കു പകരമായി അവരെ കൈമാറുക.

3. പ്രതിഫലം വാങ്ങി തടവുകാരെ വിട്ടയക്കുക.

4. മുസ്‌ലിം യോദ്ധാക്കൾക്ക് അടിമകളെ ഭാഗിച്ച് നൽകുക.

പ്രവാചകൻ (സ) വിവിധ യുദ്ധങ്ങളിൽ മുകളിൽ പറഞ്ഞ വ്യത്യസ്ത മാർഗങ്ങൾ സ്വീകരിച്ചിരുന്നതായി കാണാം. ഇതിൽ നാലാമത്തെ മാർഗമായ യുദ്ധത്തടവുകാരെ അടിമകളാക്കി മാറ്റുന്ന രീതി, മറ്റു മൂന്നു മാർഗങ്ങളും അപ്രായോഗികമായിത്തീരുന്ന അവസ്ഥകളിലാണ് സ്വീകരിച്ചിരുന്നത്. അടിമത്തം പൂർണമായി നിരോധിക്കപ്പെട്ടിരുന്നുവെങ്കിൽ ഈ മാർഗം സ്വീകരിക്കുവാൻ മുസ്‌ലിം സമൂഹത്തിന് ഒരിക്കലും സാധ്യമാകാത്ത അവസ്ഥ സംജാതമാകുമായിരുന്നു. അത്തരമൊരു അവസ്ഥ അടിമത്തം ഒരു സ്ഥാപനമായി നിലനിന്നിരുന്ന സാമൂഹിക സംവിധാനത്തിൽ മുസ്‌ലിംകൾക്ക് ഏറെ പ്രയാസങ്ങൾ സൃഷ്ടിക്കുമായിരുന്നു എന്നതാണ് വസ്തുത.

മുസ്‌ലിം സമൂഹവുമായി യുദ്ധം ചെയ്യുന്നവർ അടിമത്തത്തെ ഒരു മാർഗമായി അംഗീകരിക്കുന്നവരും അടിമകളെ ലഭിക്കുക എന്നതുകൂടി ലക്ഷ്യമായിക്കണ്ട് യുദ്ധത്തിൽ ഏർപ്പെടുന്നവരുമായിരുന്നു. അവരുമായി യുദ്ധം ചെയ്യുമ്പോൾ മുസ്‌ലിംകളിൽനിന്ന് അവർ തടവുകാരായി പിടിക്കുന്നവരെ അവർ അടിമകളാക്കി മാറ്റുകയോ വധിച്ചുകളയുകയോ ചെയ്യുമായിരുന്നു. അടിമത്തം നിരോധിക്കപ്പെട്ടിരുന്നുവെങ്കിൽ മുസ്‌ലിംകൾക്ക് അവരിൽനിന്നുള്ള ബന്ദികളെ അടിമകളാക്കുവാൻ പറ്റുകയില്ല. ഇത് ശത്രുക്കൾക്ക് മുസ്‌ലിം ബന്ദികളുടെ മേൽ കൂടുതൽ ക്രൂരത കാണിക്കുവാനുള്ള അവസരമുണ്ടാക്കുകയാണ് ചെയ്യുക. മുസ്‌ലിംകൾക്കാണെങ്കിൽ അവരിൽനിന്ന് പിടിക്കപ്പെട്ടവർക്കും വേണ്ടി വില പേശുവാനായി ശത്രുക്കളിൽനിന്ന് പിടിക്കപ്പെട്ട ബന്ദികളെ ഉപയോഗിക്കുവാനും കഴിയില്ല.

ഇസ്‌ലാമിൽ അടിമത്തം നിരോധിക്കപ്പെട്ടാൽ അവരിൽനിന്നുള്ളവരെ അടിമകളാക്കുവാനോ വധിക്കുവാനോ മുസ്‌ലിംകൾക്ക് കഴിയുകയില്ലെന്ന് ശത്രുക്കൾക്കറിയാം. അതുകൊണ്ടുതന്നെ അവരിൽനിന്ന് പിടിക്കപ്പെട്ട ബന്ദികൾക്ക് പകരമായി മുസ്‌ലിംകളിൽനിന്ന് പിടിക്കപ്പെട്ട ബന്ദികളെ സ്വതന്ത്രരാക്കുകയെന്ന പരസ്പര ധാരണക്ക് ശത്രുക്കൾ സന്നദ്ധരാവുകയില്ല.

മുസ്‌ലിംകൾക്കാണെങ്കിൽ ശത്രുക്കളിൽനിന്നുള്ള ബന്ദികൾ ഒരു തലവേദന മാത്രമായിത്തീരുകയും ചെയ്യും. അവർക്കുള്ള താമസസ്ഥലം ഉണ്ടാക്കുക മുസ്‌ലിം സമൂഹത്തിൻെറ ബാധ്യതതായിത്തീരും. ആയിരക്കണക്കിനാളുകൾ ബന്ദികളായി പിടിക്കപ്പെടുന്ന അവസരങ്ങളിൽ അവർക്കെല്ലാം താമസിക്കാനാവശ്യമായ സൗകര്യങ്ങളുണ്ടാക്കുക ഏറെ ദുഷ്കരമായിത്തീരുമെന്ന് പറയേണ്ടതില്ലല്ലോ. അവർക്കുള്ള ഭക്ഷണവും വസ്ത്രവുമെല്ലാം നൽകാൻ മുസ്‌ലിം സമൂഹം ബാധ്യസ്ഥമായിത്തീരും. അവർ ഇവിടെ ഇസ്‌ലാമിക സമൂഹത്തിൻെറ സംരക്ഷണത്തിൽ സുഖകരമായി ജീവിക്കുമ്പോൾ മുസ്‌ലിംകളിൽനിന്ന് പിടിക്കപ്പെട്ട ബന്ദികൾ ഇസ്‌ലാമിൻെറ ശത്രുക്കളുടെ ക്രൂരതകൾ സഹിച്ച് അവർ ഏൽപിക്കുന്ന കഠിനമായ ജോലികൾ ചെയ്തുകൊണ്ടിരിക്കുകയാവും. ഇത് ഒരിക്കലും നീതിയാവുകയില്ലല്ലോ. മുസ്‌ലിം സമൂഹത്തിൻെറ നാശത്തിനാണ് അതു നിമിത്തമാവുക. യുദ്ധം ഇസ്‌ലാമിക സമൂഹത്തെ നശിപ്പിക്കുകയല്ലാതെ മറ്റൊന്നും ചെയ്യാത്ത ഒരു അവസ്ഥയാണ് ഇതുവഴി സംജാതമാവുക. അതുകൊണ്ടുതന്നെ ലോകം മുഴുവനായി അടിമത്തം നിരോധിക്കാത്ത അവസ്ഥയിൽ ഇസ്‌ലാം അടിമത്തം നിരോധിച്ചിരുന്നുവെങ്കിൽ അത് ആത്മഹത്യാപരമാകുമായിരുന്നു. അതുകൊണ്ടുതന്നെയാണ് സർവകാലജ്ഞാനിയായ അല്ലാഹു അടിമത്തം നിരോധിക്കാതിരുന്നത്.

ലോകത്ത് അടിമത്തം ഒരു സ്ഥാപനമായി നിലനിൽക്കെ ഇസ്‌ലാം അതു നിരോധിക്കുന്നതുകൊണ്ട് പ്രായോഗിക തലത്തിൽ ഗുണത്തേക്കാളേറെ ദോഷമാണുണ്ടാവുകയെന്നുള്ളതാണ് വാസ്തവം. അടിമത്തം അനുവദിച്ചിരിക്കുന്ന ഇസ്‌ലാം അടിമയും ഉടമയുമെല്ലാം സഹോദരന്മാരാണെന്നും അടിമക്ക് അവകാശങ്ങളുണ്ടെന്നും പഠിപ്പിക്കുകയും അവനുമായി നല്ല നിലയിൽ വർത്തിക്കണമെന്നും ക്രൂരമായി പെരുമാറരുതെന്നും അപമാനിക്കരുതെന്നുമെല്ലാം നിഷ്കർഷിക്കുകയും ചെയ്യുന്നു. അതുകൊണ്ടുതന്നെ ഒരു മുസ്‌ലിമിൻെറ കീഴിൽ ജീവിക്കുന്ന അടിമയെ സംബന്ധിച്ചിടത്തോളം അടിമത്തം അവന് ഒരു ഭാരമായിത്തീരുകയില്ല. അതോടൊപ്പംതന്നെ അവൻ സ്വതന്ത്രനാകുവാൻ ഏതു സമയത്തും സാധ്യതയുണ്ടുതാനും. സ്വാതന്ത്ര്യം വേണമെന്ന് സ്വയം തോന്നുമ്പോൾ അവന് സ്വാതന്ത്ര്യം നേടുവാൻ സാധിക്കുകയും ചെയ്യും.

എന്നാൽ ഇതേ അടിമ ഇത്തരം ധർമങ്ങളിലൊന്നും വിശ്വാസമില്ലാത്ത ഒരു അമുസ്‌ലിമിൻെറ കീഴിലാണുള്ളതെങ്കിലോ? അയാൾക്ക് അതിക്രൂരമായ പെരുമാറ്റവും അതിനീചമായ അപമാനവുമാണ് ലഭിക്കുക. അയാളെ സംബന്ധിച്ചിടത്തോളം അടിമത്തത്തിൽനിന്നുള്ള മോചനം ഒരിക്കലും നടപ്പിലാകാത്ത സ്വപ്നം മാത്രമായിരിക്കും. ഒരു മുസ്‌ലിമിൻെറ കീഴിലുള്ള അടിമയായിരിക്കാനാണ് അതുകൊണ്ടുതന്നെ അടിമകൾ ഇഷ്ടപ്പെടുക. അവിടെ മാന്യമായ പെരുമാറ്റവും സഹാനുഭൂതിയോടുകൂടിയുള്ള സഹകരണവും കിട്ടുമല്ലോ. എന്നാൽ, ഇസ്‌ലാം അടിമത്തം നിരോധിച്ചിരുന്നെങ്കിൽ ഒരിക്കലും അടിമക്ക് അത്തരമൊരു ജീവിതം നൽകുവാൻ ആരും സന്നദ്ധരാവുകയില്ല. മുസ്‌ലിമിനാണെങ്കിൽ അടിമകളെ വെച്ചുകൊണ്ടിരിക്കാൻ പറ്റുകയുമില്ലല്ലോ.





അടിമത്തം നിലനിൽക്കുന്ന ഒരു സാമൂഹിക സംവിധാനത്തിൽ ഇസ്‌ലാം മാത്രം അടിമത്തം നിരോധിക്കുന്നതുകൊണ്ട് കാര്യമായ ഗുണങ്ങളൊന്നുമില്ലെന്ന് മാത്രമല്ല അടിമയെ സംബന്ധിച്ചിടത്തോളം അത് കൂടുതൽ പ്രയാസങ്ങളുണ്ടാക്കുക മാത്രമേ ചെയ്യൂ. മുസ്‌ലിം സമൂഹത്തിൻെറ നിലനിൽപിനെത്തന്നെ ആ നിരോധം പ്രതികൂലമായി ബാധിക്കുകയും ചെയ്യും. അതുകൊണ്ടുതന്നെ അടിമകളുടെ മാനസികവും ശാരീരികവുമായ മോചനത്തിനുവേണ്ടി ശ്രമിക്കുകയും അതിനാവശ്യമായ പ്രായോഗിക നിയമങ്ങൾ ആവിഷ്കരിക്കുകയുമാണ് ഇസ്‌ലാം ചെയ്തത്. അതു മാത്രമാണ് അത്തരമൊരു സമൂഹത്തിൽ കരണീയമായിട്ടുള്ളത്; പ്രായോഗികവും.

# പത്ത്

## ഖുർആനിൻെറ പ്രായോഗികത

**എല്ലാ അർഥത്തിലും പ്രായോഗികമായ ഒരു ഗ്രന്ഥമാണ് ഖുർആൻ എന്നു പറയാൻ പറ്റുമോ?**

അതെ, ഖുർആൻ എല്ലാ അർഥത്തിലും പ്രായോഗികമായ ഒരു ഗ്രന്ഥമാണ്. മാനവ സമൂഹത്തെ സത്യത്തിൻെറയും ധർമത്തിൻെറയും മാർഗത്തിലൂടെ നയിച്ചുകൊണ്ട് ഐക്യപ്പെടുത്തുകയെന്ന വേദഗ്രന്ഥത്തിൻെറ പരമപ്രധാനമായ ലക്ഷ്യം സാക്ഷാത്കരിക്കുവാനുതകുന്ന ഒരൊറ്റ ഗ്രന്ഥം മാത്രമേ ഇന്നു നിലനിൽക്കുന്നുള്ളൂ. അത് ഖുർആനാണ്. അതു പ്രദാ നം ചെയ്യുന്ന ധാർമിക നിയമങ്ങൾ നൂറുശതമാനം പ്രായോഗികമാണ്. ധാർമികതയിൽ അധിഷ്ഠിതമായ ഒരു സാമൂഹിക സംവിധാനത്തിൻെറ നിർമിതിക്കാവശ്യമായ പ്രായോഗിക നിയമങ്ങൾ നൽകുന്നത് ഖുർആൻ മാത്രമാണ് എന്നുള്ളതാണ് വാസ്തവം.

**ഖുർആൻ പ്രായോഗികമാണെന്നതിന് എന്താണ് തെളിവ്?**

ഖുർആൻ സൃഷ്ടിച്ച വിപ്ലവമാണ് അത് പ്രായോഗികമാണെന്നുള്ളതിനുള്ള ഏറ്റവും വലിയ തെളിവ്. ഖുർആനിൻെറ അവതരണത്തിന് മുമ്പും പിമ്പുമുള്ള അറേബ്യൻ സമൂഹത്തിൻെറ അവസ്ഥകൾ പരിശോധിച്ചാൽ ഖുർആനിൻെറ പ്രായോഗികത നമുക്ക് ബോധ്യമാകും.

അന്ധവിശ്വാസങ്ങൾ സൃഷ്ടിച്ച അധമത്വം പേറിക്കൊണ്ടിരുന്ന, മദ്യത്തിലും മദിരാക്ഷിയിലും മയങ്ങിക്കിടന്നിരുന്ന, ഗോത്ര മഹിമയുടെ പേ



ഷ്ട്രീയവും സൈനികവുമായി അസംഘടിതരായിരുന്ന ഒരു സമൂഹം. ഇതാണ് ഖുർആനിൻെറ അവതരണത്തിന് മുമ്പുള്ള അറേബ്യയുടെ ചരിത്രം.

ഖുർആനിൻെറ അവതരണത്തിന് ശേഷമുള്ള അറേബ്യയെ നാം നോക്കുമ്പോൾ സംസ്കാരങ്ങളെ വെല്ലുന്ന ഒരു പുതിയ സംസ്കാരത്തിൻെറ വാഹകരെയാണ് നമുക്കവിടെ കാണാൻ കഴിയുന്നത്. ശാസ്ത്ര സാങ്കേതിക രംഗങ്ങളിൽ  അന്നത്തെ അതികായന്മാരായ ഗ്രീക്കുകാരെക്കാൾ ആ രംഗത്ത്  ഉയർന്നുനിൽക്കുവാൻ അവർക്ക് സാധിച്ചു. അലക്സാഡ്രിയയെക്കാൾ വലിയ സാംസ്കാരിക കേന്ദ്രമായി ബാഗ്ദാദ് മാറി. നൂറ്റാണ്ടുകളുടെ രാഷ്ട്രീയ നായകത്വമുണ്ടായിരുന്ന റോമിനെയും പേർഷ്യയെയും അവർ വിറപ്പിച്ചു.  ഗോത്രകലഹങ്ങളിൽ തമ്മിൽത്തല്ലി രക്തം ചിന്തിയിരുന്ന അറബികൾ ഐക്യത്തിൻെറ പതാകവാഹകരായിത്തീർന്നു. ധർമവും അധർമവുമെന്താണെന്ന് അറിയാതിരുന്ന അവർ ധാർമിക തത്ത്വങ്ങളുടെ പ്രചാരകരായി മാറി. ലോകത്തിന് മുഴുവൻ മാതൃകായോഗ്യമായി അറേബ്യൻ സമൂഹത്തെ മാറ്റിയെടുക്കാൻ വിശുദ്ധ ഖുർആനിന് സാധിച്ചു; അതും കേവലം 23 വർഷം കൊണ്ട്.

സാംസ്കാരിക രംഗത്ത് വട്ടപ്പൂജ്യത്തിലായിരുന്ന ഒരു ജനതയെ വെറും ഇരുപത്തിമൂന്ന് വർഷം കൊണ്ട് മാനവികതയുടെ പരമശീർഷത്തിലെത്തിക്കുവാൻ കഴിഞ്ഞ ഗ്രന്ഥമാണ് ഖുർആൻ. ഇതിനു തുല്യമായി ലോകത്തെ പരിവർത്തിപ്പിക്കുവാൻ കഴിഞ്ഞ മറ്റൊരു ഗ്രന്ഥം മാനവ ചരിത്രത്തിലെവിടെയുമുണ്ടായിട്ടില്ല. മനുഷ്യരെ നേർമാർഗത്തിലേക്ക് നയിക്കുന്ന വിഷയത്തിൽ  ഖുർആനിനെ പോലെ പ്രായോഗികമായ മറ്റൊരു രചനയുമില്ലെന്ന വസ്തുതയാണ് ഇവിടെ വ്യക്തമാകുന്നത്.

ഖുർആനിലെ നിയമങ്ങളിലേതെങ്കിലും അപ്രായോഗികമാണെന്ന് വസ്തുനിഷ്ഠമായി തെളിയിക്കാൻ അതിൻെറ വിമർശകർക്കൊന്നും കഴിയുന്നില്ലെന്നതാണ് പരമാർഥം.

**മറ്റു മതഗ്രന്ഥങ്ങളും പ്രായോഗികമായ നിയമനിർദേശങ്ങൾ തന്നെയല്ലേ പ്രദാനം ചെയ്യുന്നത്?**

മതഗ്രന്ഥങ്ങളിലെല്ലാം ദൈവിക ബോധനത്തിൻെറ സ്വാധീനമുള്ളതിനാൽ അവയിലെ സാന്മാർഗിക നിർദേശങ്ങളിലധികവും പ്രായോഗികമാണ്. എന്നാൽ, മനുഷ്യരുടെ കൈകടത്തലുകൾ പ്രസ്തുത ഗ്രന്ഥങ്ങളിലുണ്ടായിട്ടുണ്ട്. അതുകൊണ്ടുതന്നെ പ്രസ്തുത രചനകൾ നടത്തിയവ

രുടെ വീക്ഷണത്തിൻെറ പരിമിതികൾ അവയിലെ നിർദേശങ്ങളിൽ കാണാൻ കഴിയും. അത്തരം നിയമ നിർദേശങ്ങൾ മിക്കപ്പോഴും അത് എഴുതപ്പെട്ട കാലത്ത് മാത്രം പ്രായോഗികമായിരിക്കും; അല്ലെങ്കിൽ അതെഴുതിയ വ്യക്തിയുടെ വീക്ഷണത്തിൽ പ്രായോഗികമായിരിക്കും. സർവകാലികത്വമവകാശപ്പെടാൻ അത്തരം നിയമനിർദേശങ്ങൾക്കൊന്നും കഴിയുകയിലെന്നതാണ് സത്യം.

ഉദാഹരണത്തിന് വിവാഹമോചനത്തെക്കുറിച്ച ബൈബിൾ പുതിയ നിയമത്തിൻെറ അനുശാസന നോക്കുക: 'ചാരിത്രലംഘനം എന്ന കരണത്താലല്ലാതെ ഭാര്യയെ ഉപേക്ഷിക്കുന്നവർ അവളെ വ്യഭിചാരിണിയാക്കുന്നു. അങ്ങനെ ഉപേക്ഷിക്കപ്പെട്ടവളെ വിവാഹം ചെയ്യുന്നവനും വ്യഭിചരിക്കുന്നു' (മത്തായി 5:32). 'വിവാഹിതരോട് ഞാൻ കൽപിക്കുന്നു. ഞാനല്ല, കർത്താവുതന്നെ കൽപിക്കുന്നു. ഭാര്യ, ഭർത്താവിനെ പിരിയരുത്. അവൾ പിരിയുന്നുവെങ്കിൽ ഒറ്റക്കു കഴിയണം. അല്ലെങ്കിൽ ഭർത്താവുമായി രമ്യപ്പെടണം. ഭർത്താവ് ഭാര്യയെ ഉപേക്ഷിക്കുകയും അരുത്' (1 കൊരിന്ത്യർ 7: 10,11).

ഈ വചനങ്ങൾ നൽകുന്നത് താഴെ പറയുന്ന പാഠങ്ങളാണ്

1. ചാരിത്രലംഘനം എന്ന കാരണത്താലല്ലാതെ ഭാര്യയെ ഉപേക്ഷിക്കാൻ പാടില്ല.

2. ഭാര്യ ഒരു കാരണവശാലും ഭർത്താവിനെ ഉപേക്ഷിച്ചുകൂടാ.

3. അവൾ ഭർത്താവുമായി പിരിയേണ്ടിവന്നാൽ പിന്നെ ഒറ്റക്കു കഴിയണം.

4. ഒരു വിവാഹമോചിതയെ ആരും വിവാഹം ചെയ്യരുത്.

5. വിവാഹമോചിതയുമായുള്ള വിവാഹത്തിലൂടെ നടക്കുന്ന ലൈംഗിക ബന്ധം വ്യഭിചാരമാണ്.

ഈ നിയമങ്ങൾ അപ്രായോഗികമാണെന്ന് പറയേണ്ടതില്ലല്ലോ. താഴെ പറയുന്ന പ്രശ്നങ്ങൾക്കു പരിഹാരം കാണാൻ ഈ നിയമത്തിൻെറ വക്താക്കൾക്ക് കഴിയുന്നില്ലെന്നതാണ് ശരി.

1. വൈകാരികമായ ഭാര്യാഭർതൃബന്ധത്തിൻെറ കെട്ടുറപ്പിൻെറ അടിത്തറയിലാണ് കുടുംബബന്ധം കരുപ്പിടിപ്പിക്കപ്പെടുന്നത്. ചാരിത്രലംഘനമെന്ന പ്രശ്നമല്ലാതെതന്നെ തമ്മിൽ ഒന്നിച്ചുപോകാൻ പറ്റാത്ത നിരവധി പ്രശ്നങ്ങൾ ഭാര്യാഭർത്താക്കന്മാർ തമ്മിലുണ്ടാകാറുണ്ട്. അത്തരം പ്രശ്നങ്ങൾ പരിഹരിക്കുവാനുള്ള യാതൊരു മാർഗരേഖയും ബൈബിൾ





നൽകുന്നില്ല. മനസ്സുകൾ തമ്മിൽ അകന്നുകഴിഞ്ഞ-ഒരിക്കലും യോജിപ്പിക്കാൻ കഴിയാത്തവിധം അകന്നുപോയ-വ്യക്തികളെ വിവാഹം കഴിച്ചുവെന്നതിൻെറ പേരിൽ മാത്രം നിത്യനരകത്തിൽ കഴിയുവാൻ വിധിക്കുന്നത് സംഗതമാണോ? മനസ്സ് അകന്ന മാതാപിതാക്കളോടൊപ്പം വളരുന്ന മക്കളുടെ മാനസികാവസ്ഥയെന്തായിരിക്കും? വൈവാഹികബന്ധത്തെ ഒരിക്കലും വേർപെടുത്താനാവാത്ത ബന്ധനമാക്കുക വഴി സ്ത്രീക്കും പുരുഷനും ചിലപ്പോഴെങ്കിലുമുണ്ടാവാറുള്ള അതീവ ഗുരുതരമായ പ്രശ്നങ്ങൾക്ക് പരിഹാരം നിർദേശിക്കുവാൻ ബൈബിളിന് കഴിയുന്നുണ്ടോ? എന്താണ് പരിഹാരം?

2. അനിവാര്യമായ സാഹചര്യത്തിൽ ഭർത്താവിനെ ഉപേക്ഷിക്കേണ്ടിവന്നാൽ പിന്നെ ഭാര്യ വെറെ വിവാഹം കഴിക്കാൻ പാടില്ലെന്നാണ് പൗലോസിൻെറ അധ്യാപനം. അങ്ങനെ വിവാഹമോചനം നേടിയവളെ ആരു സംരക്ഷിക്കണമെന്ന് പുതിയ നിയമം പഠിപ്പിക്കുന്നില്ല. വിവാഹമോചനം ചെയ്തതിനുശേഷം അവളുടെ ജൈവികാവശ്യമായ ലൈംഗിക തൃഷ്ണയും സ്നേഹിക്കുവാനും സ്നേഹിക്കപ്പെടുവാനുമുള്ള അഭിവാഞ്ഛയും തീർക്കാൻ പ്രായോഗികമായ മറ്റു മാർഗങ്ങളൊന്നും നിർദേശിക്കാതെ 'അവൾ ഒറ്റക്കു കഴിയണം' എന്ന കൽപന പുറപ്പെടുവിക്കുന്ന പൗലോസിൻെറ വീക്ഷണം മാനവികമായ കാഴ്ചപ്പാടിൽ ക്രൂരതയല്ലേ? ഈ പ്രശ്നങ്ങൾക്ക് ബൈബിളിന് വല്ല പരിഹാരവും നിർദേശിക്കാനുണ്ടോ?

3. ഒരാൾ വിവാഹമോചനം ചെയ്തവളെ മറ്റൊരാൾ വിവാഹം ചെയ്യരുതെന്ന കൽപനക്കുള്ള ന്യായീകരണമെന്താണ്? ഒരു ക്രിസ്തുമത വിശ്വാസിനിയായ സ്ത്രീയെ ക്രൂരനായ, പ്രായോഗികമായി ദൈവനിഷേധിയായ ഭർത്താവ് വിവാഹമോചനം ചെയ്യുന്നുവെന്നിരിക്കട്ടെ, അയാളെ സംബന്ധിച്ചിടത്തോളം ബൈബിളിൻെറ വിലക്കുകൾ ബാധകമല്ലല്ലോ. അത്തരമൊരു പരിശുദ്ധമായ കുടുംബജീവിതം നയിക്കാൻ ഉദ്ദേശിക്കുന്നുവെങ്കിൽ അവളുടെ മുമ്പിൽ ബൈബിളിൻെറ നിർദേശം അപ്രായോഗികമായിത്തീരുകയില്ലേ? അവൾക്ക് മറ്റെന്ത് മാർഗമാണ് ബൈബിളിന് നിർദേശിക്കുവാനുള്ളത്?

4. ഒരു വിവാഹമോചിതയെ മറ്റൊരു പുരുഷൻ വിവാഹം ചെയ്താൽ അത് വ്യഭിചാരത്തിന് തുല്യമാണെന്ന വാദത്തിന് എന്തു ന്യായീകരണമാണുള്ളത്. അങ്ങനെ ഒരു വിവാഹം നടന്നാൽ അവർ തമ്മിലുള്ള ലൈംഗികബന്ധം നിയമപരമാക്കുവാൻ എന്തു മാർമാണ് ബൈബിളിന് നിർദേശിക്കുവാനുള്ളത്?

ഇതുപോലെതന്നെയാണ് മറ്റു മതഗ്രന്ഥങ്ങളിലെ വിധിവിലക്കുകളിൽ

ചിലതിൻെറ സ്ഥിതി. അവ അപ്രായോഗികമായ നിയമങ്ങൾ ഉൾക്കൊള്ളുന്നവയാണ്. വിധവയോട് മനുസ്മൃതി നിഷ്കർഷിക്കുന്നതിങ്ങനെയാണ്. 'ഭർത്താവ് മരിച്ച ശേഷം പരിശുദ്ധമായ കിഴങ്ങ്, ഫലം, പുഷ്പം തുടങ്ങിയ ആഹാരങ്ങൾകൊണ്ട് ദേഹത്തിന് ക്ഷയം വരുത്തി കാലം കഴിക്കേണ്ടതാണ്. കാമവികാരോദ്ദേശ്യത്തോടെ മറ്റൊരു പുരുഷൻെറ പേരു പറയരുത്. ഭർത്താവിൻെറ മരണശേഷം ജീവിതാവസാനം വരെ സഹനശീലയായും പരിശുദ്ധയായും ബ്രഹ്മധ്യാനമുള്ളവളായും മധുമാംസഭക്ഷണം ചെയ്യാത്തവളായും ഉൽകൃഷ്ടമായ പതിവ്രതയുടെ ധർമത്തെ ആഗ്രഹിക്കുന്നവളായും ഇരിക്കേണ്ടതാകുന്നു'' (മനുസ്മൃതി 5:157, 158).

യൗവനത്തിൽതന്നെ ഭർത്താവ് മരണപ്പെടുക വഴി വിധവകളായിത്തീരുന്ന സ്ത്രീകളെ സംബന്ധിച്ചിടത്തോളം ഈ നിയമം അടിച്ചേൽപിക്കുന്ന ക്രൂരതയെകുറിച്ച് പറയേണ്ടതില്ല. അവൾക്ക് വിവാഹം നിഷേധിക്കപ്പെടുന്നത് അധാർമികതകളിലേക്ക് അവളെ നയിക്കാൻ കാരണമാകും. അങ്ങനെ ഈ നിയമത്തിൻെറ ഭവിഷ്യത്തുകൾ വ്യക്തികളും സമൂഹവും അനുഭവിക്കുവാൻ നിർബന്ധിതരാവും. ഒരു നല്ല സമൂഹത്തിൻെറ സൃഷ്ടിക്ക് വിഘാതമായി നിൽക്കുന്നവയാണ് ഇത്തരം നിയമങ്ങൾ; അതുകൊണ്ടുതന്നെ അപ്രായോഗികവും.

ഖുർആനിലെ നിയമങ്ങളുടെ സ്ഥിതിയതല്ല. അതിലെ നിയമനിർദേശങ്ങളൊന്നും അപ്രായോഗികമല്ല. മാനവികമായ ഏത് അളവുകോൽ വെച്ചുനോക്കിയാലും ഖുർആനിക നിയമങ്ങളിൽ അധാർമികമോ അപ്രായോഗികമോ ആയ യാതൊന്നും കാണാൻ കഴിയുകയുമില്ല.





# പതിനൊന്ന്

## ഖുർആനും ദുർബലപ്പെടുത്തലുകളും

### ഖുർആനിലെ ചില വിധികൾ ദുർബലപ്പെടുത്തപ്പെട്ടതായി (മൻസൂഖ്) പറയപ്പെടുന്നുണ്ടല്ലോ? എന്താണ് ഈ ദുർബലപ്പെടുത്തൽ?

നീക്കം ചെയ്യുക, പകർത്തുക എന്നൊക്കെയാണ് 'നസ്ഖ്' എന്ന അറബി പദത്തിനർഥം. പുസ്തകം പകർത്തിയെഴുതുന്നതിനും തണൽ വെയിലിനെ നീക്കുന്നതിനുമെല്ലം നസ്ഖ് എന്നു പറയും. ഒരു മതനിയമം മുഖേന മറ്റൊരു മതനിയമത്തെ നീക്കം ചെയ്യുന്നതിനാണ് സാങ്കേതികമായി നസ്ഖ് എന്നു വ്യവഹരിക്കപ്പെടുന്നത്. ദുർബലപ്പെടുത്തപ്പെട്ട നിയമത്തെ 'മൻസൂഖ്' എന്നും പകരം നിശ്ചയിക്കപ്പെട്ട നിയമത്തെ 'നാസിഖ്' എന്നുമാണ് വിളിക്കുക.

മറ്റു ജൈവവർഗങ്ങളിൽനിന്നു വ്യത്യസ്തമായി, മനുഷ്യൻ കാലം ചെല്ലുന്തോറും ബുദ്ധിപരവും മാനസികവും സാംസ്കാരികവുമായി പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്. അവൻെറ ചുറ്റുപാടുകളും പരിതഃസ്ഥിതികളും മാറിക്കൊണ്ടിരിക്കുന്നുണ്ട്. അവൻെറ പരിതഃസ്ഥിതികൾക്കനുസരിച്ച് അവൻ സ്വീകരിക്കേണ്ട ധാർമിക നിയമങ്ങളിലും മാറ്റമുണ്ടാകാൻ സാധ്യതയുണ്ട്.

ആദിമ കുടുംബത്തിലെ ധാർമിക നിയമങ്ങൾ ഉദാഹരണം. അവിടെ സഹോദരിമാരും സഹോദരന്മാരും തമ്മിൽ വൈവാഹികബന്ധത്തിലേർപ്പെടുന്നത് ധർമമായിരുന്നു. മനുഷ്യകുലത്തിന്റെ നിലനിൽപിന് ആ ധർമം അനിവാര്യമായിരുന്നു. എന്നാൽ പിന്നീട് സ്ഥിതി മാറി. കുടുംബങ്ങൾ ഏറെയുണ്ടായി. അപ്പോൾ സഹോദരങ്ങൾ തമ്മിൽ വിവാഹബന്ധം പാടില്ലെന്ന നിയമം നിലവിൽ വന്നു. വളർന്നുകൊണ്ടിരിക്കുന്ന മനുഷ്യകുലത്തിന്റെ പ്രത്യേകമായൊരു പരിണാമ ഗുപ്തിയിലാണ് ഈ നിയമം പ്രാബല്യതിൽ വന്നത്. അതിനുമുമ്പ് അനുവദനീയമായിരുന്നത് പുതിയ നിയമത്തിന്റെ അവതരണത്തോടെ അനനുവദനീയമായിത്തീർന്നു. പുതിയ നിയമം കുടുംബ വ്യവസ്ഥയുടെയും അങ്ങനെ മനുഷ്യസമൂഹത്തിന്റെ നിലനിൽപിന്റെ തന്നെയും ആണിക്കല്ലായിത്തീർന്നു.

ആദം സന്തതികൾക്ക് പഴയനിയമം നൽകിയിരുന്നത് പടച്ചതമ്പുരാനായിരുന്നു. പുതിയ നിയമത്തിന്റെ ദാതാവും അവൻതന്നെ. അവനാണല്ലോ മനുഷ്യസമൂഹത്തിന്റെ ഗതിവിഗതികളെപ്പറ്റി നന്നായി അറിയുന്നവൻ. സമൂഹത്തിന്റെ പരിണാമത്തിനനുസരിച്ച് അവർക്കാവശ്യമായ നിയമങ്ങളിൽ ഭേദഗതി വരുത്തുവാൻ അവനല്ലാതെ മറ്റാർക്കാണ് കഴിയുക?

ഇങ്ങനെ നിയമങ്ങളിൽ ഭേദഗതി വരുത്തിയതിന് ഒട്ടനവധി ഉദാഹരണങ്ങൾ വേദഗ്രന്ഥങ്ങളിലുണ്ട്. ഇത്തരം ഭേദഗതികൾ ചിലപ്പോൾ ചില പ്രത്യേക പ്രദേശത്തെയോ സമൂഹത്തെയോ പരിഗണിച്ചുകൊണ്ടായിരിക്കാം. അതല്ലെങ്കിൽ മൊത്തത്തിലുള്ളതാകാം.

ഉദാഹരണത്തിന്, വിവാഹമോചനത്തെ സംബന്ധിച്ച നിയമം നോക്കുക. ഇസ്റാഈല്യർക്കിടയിൽ വിവാഹമോചനം സർവസാധാരണമായിരുന്നുവെന്ന് പഴയനിയമ ബൈബിളിൽനിന്ന് മനസ്സിലാക്കാൻ കഴിയും (ആവർത്തനം 24:1-4, യിരമ്യ 3:12 നോക്കുക) വിവാഹമോചനത്തിന് നൽകപ്പെട്ട അധികാരം ദുർവിനിയോഗം ചെയ്ത് സ്ത്രീകളെ പ്രയാസപ്പെടുത്തുന്ന ഒരു സമൂഹത്തെയാണ് യേശുവിന് നേരിടേണ്ടിവന്നത്. യേശുവിലൂടെ അവതരിപ്പിക്കപ്പെട്ട നിയമങ്ങളിൽ വിവാഹമോചനത്തെ കർശനമായി നിയന്ത്രിക്കുന്ന തരത്തിലുള്ള വിധിവിലക്കുകളുണ്ടായിരുന്നുവെന്നുതന്നെയാണ് മനസ്സിലാക്കാൻ കഴിയുന്നത്. വിവാഹമോചനത്തിനെതിരെയുള്ള യേശുവിന്റെ തീഷ്ണമായ വാക്കുകൾ വ്യത്യസ്ത രീതികളിലാണെങ്കിലും സംഹിത സുവിശേഷങ്ങളെല്ലാം ഉദ്ധരിച്ചിട്ടുണ്ട്. വിവാഹമോചനത്തിന് എതിരെയുള്ള പ്രസ്തുത നിയമം ഇസ്രായേല്യരിലെ വിവാഹമോചന നിരക്ക് കുറക്കുന്നതിനും ആ സ്വാതന്ത്ര്യം നിയന്ത്രിക്കുന്നതിനും





വേണ്ടി അവതരിപ്പിക്കപ്പെട്ടതാകാം. യേശുവിന്റെ ദൗത്യം ഇസ്രായേല്യരിൽ മാത്രം പരിമിതമായിരുന്നുവെന്ന വസ്തുത അദ്ദേഹംതന്നെ വ്യക്തമാക്കുന്നുണ്ട് (മത്തായി 5:17, 10:5, 15:24 എന്നിവ നോക്കുക). ഇസ്രായേല്യരിൽ നിലനിന്നിരുന്ന വിവാഹമോചനത്തെ ലാഘവത്തോടെ കാണുന്ന അവസ്ഥക്ക് മാറ്റം വരുത്താനായി യേശുക്രിസ്തുവിലൂടെ താൽക്കാലികമായി വിവാഹമോചനത്തെ കർശനമായി നിരോധിക്കുന്ന നിയമം നിലവിൽ വന്നതായിരിക്കാൻ സാധ്യതയുണ്ടെന്നർഥം.

വിവാഹമോചനത്തിന് അനുവാദം നൽകുന്ന പഴയ നിയമത്തിലെ വിധിയെയാണ് യേശുവിലൂടെയുള്ള വിധി ദുർബലപ്പെടുത്തിയത്. ഇതുപോലെതന്നെ പഴയ നിയമത്തിലെ പല വിധികളും പഴയനിയമപുസ്തകത്തിൽ തന്നെ ദുർബലപ്പെടുത്തപ്പെട്ടതായി കാണാൻ കഴിയും.

ഇതുപോലെ പഴയ വേദഗ്രന്ഥങ്ങളിലെ പല വിധികളെയും ഖുർആൻ ദുർബലപ്പെടുത്തിയിട്ടുണ്ട്. ഖുർആനിലെതന്നെ ആദ്യം അവതരിപ്പിക്കപ്പെട്ട ചില വിധികൾ പിന്നീട് അവതരിപ്പിക്കപ്പെട്ട വിധികൾ വഴി ദുർബലപ്പെടുത്തപ്പെട്ടിട്ടുണ്ട്. സമൂഹത്തിന്റെ പരിവർത്തനത്തിനനുസരിച്ച് പ്രസ്തുത മാറ്റങ്ങൾ അനിവാര്യമായിരുന്നുവെന്നതാണ് സത്യം.

**ഖുർആനിൽ ആദ്യം അവതരിപ്പിക്കപ്പെട്ട ചില വിധികൾ പിന്നീട് മാറ്റേണ്ടിവന്നുവെന്നു പറയുന്നത് അതിന്റെ ദൈവികതയെ ബാധിക്കുകയില്ലേ? സർവജ്ഞനായ ദൈവത്തിൽനിന്നുള്ളതായിരുന്നു ഖുർആനെങ്കിൽ ഇത്തരം മാറ്റങ്ങളുടെ ആവശ്യമുണ്ടാകുമായിരുന്നില്ലല്ലോ?**

സത്യത്തിൽ, ഖുർആനിലെ ചില വിധികൾ ദുർബലപ്പെടുത്തപ്പെട്ടുവെന്ന വസ്തുത അതിന്റെ ദൈവികതക്കുള്ള തെളിവുകളിലൊന്നാണ്. മാനവരാശിക്കുവേണ്ടി ദൈവം തമ്പുരാനിൽനിന്ന് അവതരിപ്പിക്കപ്പെടുന്ന അവസാനത്തെ മാർഗദർശക ഗ്രന്ഥമാണ് ഖുർആൻ. ധാർമിക മാർഗദർശനം നൽകിക്കൊണ്ട് ഉത്തമ സമുദായത്തെ വാർത്തെടുക്കാനുള്ള പ്രായോഗിക പദ്ധതികൾ പ്രദാനം ചെയ്യുന്ന ഗ്രന്ഥമാണത്. എല്ലാ രംഗത്തും വട്ടപൂജ്യത്തിലായിരുന്ന ഒരു സമൂഹത്തെ മാതൃകായോഗ്യമായ സമൂഹമാക്കി മാറ്റിയെടുക്കുന്നതിനായി പ്രസ്തുത സമൂഹത്തിന്റെ പരിണാമ ഘട്ടത്തിൽ എങ്ങനെയാണ് ദൈവിക നിയമങ്ങൾ സ്വാധീനിച്ചതെന്ന് വ്യക്തമാക്കുന്ന ഗ്രന്ഥംകൂടിയാണ് ഖുർആൻ. പത്തു കൽപനകളെപ്പോലെ ദൈവം തമ്പുരാനിൽനിന്ന് അവതരിച്ചുകിട്ടിയ അക്കമിട്ട ചില കേവല നിയമങ്ങളല്ല ഖുർആനിലുള്ളത്. സമൂഹത്തിന്റെ സ്പന്ദനത്തോടൊപ്പം ചലിച്ച് അതിനെ മുച്ചൂടും മാറ്റിയ നിയമങ്ങളുടെ ശൃംഖലയാണത്. പ്രസ്തുത

ശൃംഖലയിലെ സമൂഹം വട്ടപ്പൂജ്യത്തിൽ നിൽക്കുമ്പോൾ അവതരിപ്പിക്കപ്പെട്ട നിയമങ്ങൾക്ക് അതിൻെറ സംസ്കരണത്തിനുശേഷം പ്രസക്തിയുണ്ടാവുകയില്ലെന്നത് സ്വാഭാവികം മാത്രമാണ്. ഈ പ്രസക്തി നഷ്ടപ്പെടലാണ് ദുർബലപ്പെടുത്തുകയെന്നതുകൊണ്ട് വിവക്ഷിക്കുന്നത്.

ഉദാഹരണത്തിന് മദ്യപാനത്തെക്കുറിച്ച വിധികളുമായി ബന്ധപ്പെട്ട സൂക്തങ്ങൾ പരിശോധിക്കുക. മദ്യത്തിൽ മുങ്ങിക്കുളിച്ച ഒരു സമൂഹത്തിലായിരുന്നു ഖുർആനിൻെറ അവതരണമെന്നോർക്കണം. അവരോട് മനുഷ്യനെ ചെകുത്താനാക്കി മാറ്റുന്ന മദ്യത്തെക്കുറിച്ചല്ല ഖുർആൻ ആദ്യമായി സംസാരിച്ചത്. കറകളഞ്ഞ ദൈവബോധവും കുറ്റമറ്റ പരലോകചിന്തയും അവരുടെ മനസ്സിൽ പ്രതിഷ്ഠിക്കുകയാണ് ഖുർആൻ ആദ്യം ചെയ്തത്. സ്രഷ്ടാവിന് സ്വന്തം ജീവിതത്തെ സമർപ്പിക്കുവാനുള്ള സന്നദ്ധത വളർത്തുകയായിരുന്നു ഖുർആനിൻെറ ആദ്യപടി. സ്രഷ്ടാവിൽനിന്നുള്ളതാണെന്ന് ഉറപ്പുള്ള നിയമനിർദേശങ്ങളെല്ലാം സ്വീകരിക്കാൻ സന്നദ്ധതയുള്ള ഒരു മനസ്സ് സൃഷ്ടിച്ചെടുത്ത ശേഷം ഖുർആൻ അവരോട് പറഞ്ഞു: നിന്നോടവർ മദ്യത്തെയും ചൂതാട്ടത്തെയും പറ്റി ചോദിക്കുന്നു: പറയുക, അവ രണ്ടിലും ഗുരുതരമായ പാപമുണ്ട്. ജനങ്ങൾക്ക് ചില പ്രയോജനങ്ങളുമുണ്ട്. എന്നാൽ, അവയിലെ പാപത്തിൻെറ അംശമാണ് പ്രയോജനത്തിൻെറ അംശത്തേക്കാൾ വലുത്' (ഖുർആൻ 2:219).

ഇത് ഒന്നാം ഘട്ടമാണ്. ഒരു വസ്തുവിലുള്ള ഗുണദോഷങ്ങളെക്കുറിച്ച് മനസ്സിലാക്കിക്കൊടുക്കുകയും അതിൽ പാപത്തിൻെറ അംശത്തിനാണ് മുൻതൂക്കമുള്ളതെന്ന് വ്യക്തമാക്കിക്കൊടുക്കുകയുമാണ് ഖുർആൻ ഇക്കാര്യത്തിൽ ഒന്നാമതായി ചെയ്യുന്നത്.

പാപത്തിൽനിന്ന് ഒഴിഞ്ഞുനിന്ന് പുണ്യത്തിൻെറ മാർഗത്തിലൂടെ മുന്നേറാൻ പരിശീലിപ്പിക്കപ്പെട്ട സമൂഹം മദ്യത്തിൻെറയും ചൂതാട്ടത്തിൻെറയും കരാളഹസ്തങ്ങളിൽനിന്ന് സ്വതന്ത്രരാകുവാനാരംഭിച്ചു; ഈ സൂക്തത്തോടൊപ്പം അപ്പോൾ രണ്ടാമത്തെ സൂക്തം അവതരിപ്പിക്കപ്പെടുകയുണ്ടായി. 'സത്യവിശ്വാസികളേ, ലഹരി ബാധിതരായിക്കൊണ്ട് നിങ്ങൾ നമസ്കാരത്തെ സമീപിക്കരുത്. നിങ്ങൾ പറയുന്നതെന്താണെന്ന് നിങ്ങൾക്ക് ബോധമുണ്ടാകുന്നതുവരെ' (ഖുർആൻ 4:43).

പടച്ചവനുമായി നടത്തപ്പെടുന്ന സംഭാഷണമാണ് നമസ്കാരം. ആ നമസ്കാരത്തിനു വരുമ്പോൾ പോലും ലഹരിയിലായിരുന്നു പലരും. ഇതിൽനിന്ന് ലഹരി എത്രത്തോളം അവരിൽ രൂഢമൂലമായിരുന്നുവെന്ന് മനസ്സിലാക്കാം. ലഹരിമുക്തമായ സമൂഹമെന്ന ലക്ഷ്യത്തിലേക്ക് ഖുർആൻ



രണ്ടാമത്തെ വിധികൂടി വന്നപ്പോൾ ദൈവബോധമുള്ള നല്ലൊരു ശതമാനം പേർ മദ്യത്തിൽനിന്ന് മുക്തരായി. ചുരുങ്ങിയത് അഞ്ചു നേരത്തെ നമസ്കാര സമയങ്ങളിലെങ്കിലും തങ്ങൾ പൂർണമായും ലഹരിയിൽനിന്നും മുക്തരാണെന്ന് അവർ ഉറപ്പുവരുത്തി. അപ്പോഴാണ് മദ്യം പൂർണമായി നിരോധിച്ചുകൊണ്ടുള്ള മൂന്നാമത്തെ കൽപന വരുന്നത്.

'സത്യവിശ്വാസികളേ, മദ്യവും ചൂതാട്ടവും പ്രതിഷ്ഠകളും പ്രശ്നം വെക്കുന്നതിനുള്ള അമ്പുകളും പൈശാചികമായ മ്ലേഛവൃത്തികളാകുന്നു. അതിനാൽ നിങ്ങൾ അതെല്ലാം വർജിക്കുക, നിങ്ങൾക്ക് വിജയം പ്രാപിക്കാം. പിശാച് ഉദ്ദേശിക്കുന്നത് മദ്യത്തിലൂടെയും ചൂതാട്ടത്തിലൂടെയും നിങ്ങൾക്കിടയിൽ ശത്രുതയും വിദ്വേഷവും ഉളവാക്കുവാനും അല്ലാഹുവെ ഓർമിക്കുന്നതിൽനിന്നും നമസ്കാരത്തിൽനിന്നും നിങ്ങളെ തടയുവാനും മാത്രമാകുന്നു. അതിനാൽ നിങ്ങൾ അതിൽനിന്ന് വിരമിക്കുവാനൊരുക്കമുണ്ടോ?' (ഖുർആൻ 5:90, 91).

ഈ സൂക്തങ്ങൾ അവതരിപ്പിച്ചതോടുകൂടി മുമ്പ് അവതരിപ്പിക്കപ്പെട്ട സൂക്തങ്ങളുടെ പ്രസക്തിയില്ലാതെയായി. അവ രണ്ടും മദ്യമുക്തമായ സമൂഹത്തിൻെറ സൃഷ്ടിക്കുവേണ്ടി, സമൂഹത്തിൻെറ പരിണാമത്തിൻെറ രണ്ടു ഘട്ടങ്ങളിൽ അവതരിപ്പിക്കപ്പെട്ട സൂക്തങ്ങളാണ്. അവസാനത്തെ സൂക്തത്തിൻെറ അവതരണത്തോടെ പ്രസ്തുത രണ്ടു സൂക്തങ്ങളിലെ വിധികൾ ദുർബലപ്പെട്ടുവെന്നു പറയാം.

ഖുർആൻ ദൈവികമാണെന്ന വസ്തുതയാണ് ഈ ദുർബലപ്പെടുത്തൽ പോലും വ്യക്തമാക്കുന്നതെന്നു പറഞ്ഞുവല്ലോ. മുഹമ്മദ് (സ) പ്രവാചകത്വലബ്ധിക്കു മുമ്പുതന്നെ മദ്യപിക്കാത്തയാളായിരുന്നു. അദ്ദേഹം മദ്യത്തിനെതിരെ നിയമമുണ്ടാക്കുകയായിരുന്നെങ്കിൽ അത് ഒറ്റയടിക്ക് മദ്യം നിർത്തുവാൻ ആഹ്വാനം ചെയ്യുന്ന രീതിയിലാകുമായിരുന്നു. എന്നാൽ, സൃഷ്ടാവിന് മനുഷ്യ മനസ്സിൻെറ അവസ്ഥാന്തരങ്ങളെയും മാറ്റത്തിൻെറ രീതിശാസ്ത്രത്തെയും കുറിച്ച് നന്നായറിയാമല്ലോ. അതുകൊണ്ടുതന്നെയാണ് അവൻ അത് ഘട്ടങ്ങളായി നടപ്പാക്കിയത്. അങ്ങനെ ഘട്ടങ്ങളായി നടപ്പാക്കുമ്പോൾ ആദ്യഘട്ടങ്ങളിലെ നിയമങ്ങൾ പിന്നീട് ദുർബലപ്പെടുക സ്വാഭാവികമാണ്. ഈ ദുർബലപ്പെടുത്തൽ സർവജ്ഞനായ അല്ലാഹുവിൽനിന്നുള്ളതാണ് ഖുർആനെന്ന് വ്യക്തമാക്കുകയാണ് ചെയ്യുന്നതെന്ന് പറഞ്ഞത് ഇതുകൊണ്ടാണ്.

**ദുർബലപ്പെടുത്തപ്പെട്ട വിധികളുൾക്കൊള്ളുന്ന സൂക്തങ്ങൾ ഇന്നും ഖുർആനിൽ അവശേഷിക്കുന്നുണ്ടല്ലോ? എന്തിനാണിത്?**

ഖുർആനിലെ ദുർബലപ്പെടുത്തലിനെക്കുറിച്ച് പഠിക്കുമ്പോൾ നാം മനസ്സിലാക്കേണ്ട ഒരു പ്രധാനപ്പെട്ട വസ്തുതയുണ്ട്. ദുർബലപ്പെടുത്തപ്പെട്ടുവെന്നു പറയുന്നത് സൂക്തങ്ങളല്ല; പ്രത്യുത ആ സൂക്തങ്ങൾ ഉൾക്കൊള്ളുന്ന വിധികളാണെന്ന കാര്യമാണത്. ഖുർആനിലെ ദുർബലപ്പെടുത്തപ്പെട്ട വിധികൾ ഉൾക്കൊള്ളുന്ന സൂക്തങ്ങൾ, ഒരു സമൂഹത്തിന്റെ പരിണാമ ചരിത്രത്തിൽ ദൈവബോധനം എങ്ങനെയൊക്കെയാണ് സ്വാധീനം ചെലുത്തിയതെന്ന് മനസ്സിലാക്കിത്തരുന്നവയാണ്.

ഖുർആൻ കേവലമായ ഒരു ധർമശാസ്ത്രഗ്രന്ഥം മാത്രമല്ല; സമൂഹിക മാറ്റത്തിന്റെ മാർഗദർശകഗ്രന്ഥംകൂടിയാണ്. സാംസ്കാരികമായി വട്ടപ്പൂജ്യത്തിലായിരുന്ന ഒരു സമൂഹത്തെ ദൈവിക മാർഗദർശനത്തിന്റെ അടിസ്ഥാനത്തിൽ പരിവർത്തിപ്പിച്ചതെങ്ങനെയെന്ന് മനസസിലാക്കുന്നതിനും അത്തരം സാഹചര്യങ്ങളിൽ ഖുർആനിക നിർദേശങ്ങളെ എങ്ങനെ പ്രയോഗവത്കരിക്കണമെന്ന് എക്കാലത്തുമുള്ള പരിഷ്കർത്താക്കൾക്ക് മനസ്സിലാക്കിക്കൊടുക്കുന്നതിനും വേണ്ടിയാകാം അല്ലാഹു ഇത്തരം സൂക്തങ്ങളെ അവയുടെ വിധി ദുർബലപ്പെടുത്തപ്പെട്ടിട്ടുപോലും ഖുർആനിൽ നിലനിർത്തിയത്.

മുസ്ലിം സമൂഹത്തെ സംബന്ധിച്ചിടത്തോളം ഇത്തരം സൂക്തങ്ങൾ വളരെ പ്രസക്തങ്ങളാണ്. ഖുർആനും നബിചര്യയുമാണ് ഇസ്ലാമിന്റെ അടിസ്ഥാന പ്രമാണങ്ങൾ. ഈ പ്രമാണങ്ങളുടെ വെളിച്ചത്തിൽ സമൂഹം നേരിടുന്ന കാലികമായ പ്രശ്നങ്ങൾക്ക് പരിഹാരം കാണുക ഓരോ കാലത്തെയും പണ്ഡിതന്മാരുടെ ബാധ്യതയാണ്. ഓരോ പുതിയ പ്രശ്നവും നേരിടേണ്ടിവരുമ്പോൾ സമാനമായ പ്രശ്നങ്ങളിൽ ഖുർആനും നബിചര്യയും എന്തെല്ലാം നിലപാടുകളാണ് സ്വീകരിച്ചത് എന്നതിന്റെ അടിസ്ഥാനത്തിലാണ് പണ്ഡിതന്മാർ പരിഹാരം നിർദേശിക്കുക. വ്യത്യസ്ത സാഹചര്യങ്ങളിൽ ഖുർആനും നബിചര്യയും സ്വീകരിച്ച നിലപാടുകളെക്കുറിച്ച് അറിവില്ലെങ്കിൽ ഇത് അസാധ്യമാകുമായിരുന്നു.

നിയമം ദുർബലപ്പെടുത്തപ്പെട്ടുവെങ്കിലും, വ്യത്യസ്ത സാഹചര്യങ്ങളിൽ അവതരിപ്പിക്കപ്പെട്ട സൂക്തങ്ങൾ സംരക്ഷിക്കപ്പെട്ടിട്ടില്ലായിരുന്നുവെങ്കിൽ ഇത്തരം സന്ദർഭങ്ങളിൽ ഇരുട്ടിൽ തപ്പേണ്ട ഗതികേടിൽ മുസ്ലിം സമൂഹം അകപ്പെടുമായിരുന്നു. സർവകാലജ്ഞാനിയായ സ്രഷ്ടാവിൽ നിന്ന് അവതരിപ്പിക്കപ്പെട്ടതാണ് ഖുർആനെന്ന വസ്തുത വ്യക്തമാക്കുന്നതാണ് ഇവയെന്നുള്ള സത്യമാണ് ഇവിടെയും നമുക്ക് ബോധ്യപ്പെടു





ന്നത്.

***ഖുർആനിൽ ദുർബലപ്പെടുത്തപ്പെട്ട വചനങ്ങൾ തീരെയില്ലെന്ന് അഭിപ്രായമുണ്ടല്ലോ. അത് ശരിയാണോ?***

ഖുർആനിൽ ദുർബലപ്പെടുത്തപ്പെട്ട വിധികൾ തീരെയില്ലെന്ന് അഭിപ്രായപ്പെടുന്ന പണ്ഡിതന്മാരുണ്ട്. അതു ശരിയല്ലെന്ന് വാദിക്കുന്നവരാണ് പ്രാമാണികരായ ബഹുഭൂരിപക്ഷം പണ്ഡിതന്മാരും. സൂക്തങ്ങളിലെ വിധികൾ ദുർബലപ്പെടുത്തുന്നതിനെപ്പറ്റി ഖുർആൻതന്നെ സൂചന നൽകിയിട്ടുണ്ടെന്നതാണ് ഈ പണ്ഡിതന്മാരുടെ പ്രധാനപ്പെട്ട വാദം. സൂക്തങ്ങൾ താഴെ പറയുന്നവയാണ്:

“വല്ല ആയത്തും നാം ദുർബലപ്പെടുത്തുകയോ വിസ്മരിപ്പിക്കുകയോ ചെയ്യുകയാണെങ്കിൽ പകരം അതിനേക്കാൾ ഉത്തമമായതോ അതിനു തുല്യമായതോ നാം കൊണ്ടുവരുന്നതാണ്. നിനക്കറിഞ്ഞുകൂടേ, അല്ലാഹു എല്ലാ കാര്യത്തിനും കഴിവുള്ളവനാണെന്ന്” (2:106).

‘ഒരു വേദവാക്യത്തിന്റെ സ്ഥാനത്ത് മറ്റൊരു വേദവാക്യം നാം പകരം വെച്ചാൽ-അല്ലാഹുവാകട്ടെ താൻ അവതരിപ്പിക്കുന്നതിനെപ്പറ്റി നല്ലവണ്ണം അറിയുന്നവനാണു താനും-അവർ പറയും: നീ കെട്ടിച്ചമച്ചു പറയുന്നവൻ മാത്രമാകുന്നു എന്ന്. അല്ല, അവരിൽ അധികപേരും കാര്യം മനസ്സിലാക്കുന്നില്ല’ (16:101).

ഈ വചനങ്ങൾ പൂർവവേദങ്ങളിലെ വിധികൾ ഖുർആൻ വഴി ദുർബലപ്പെടുത്തിയതിനെക്കുറിച്ച് മാത്രമാണെന്നുള്ളതാണ് ദുർബലപ്പെടുത്തൽ തീരെയുണ്ടായിട്ടില്ലെന്ന് വാദിക്കുന്നവരുടെ പക്ഷം. ദുർബലപ്പെടുത്തപ്പെട്ടുവെന്ന് പറയുന്ന സൂക്തങ്ങളെ വ്യാഖ്യാനിച്ച് പുതിയ വിധികളുമായി സമന്വയിപ്പിക്കാനാകുമെന്നാണ് അവർ വാദിക്കുന്നത്. ഈ വാദത്തെ എതിർക്കുന്ന പണ്ഡിതന്മാരാകട്ടെ, അങ്ങനെ വ്യാഖ്യാനിക്കേണ്ടതില്ലെന്നും ആദ്യം ഇറങ്ങിയ വിധികൾ ദുർബലപ്പെടുത്തപ്പെട്ടുവെന്ന് പറയുന്നതാണ് യുക്തമെന്നും വാദിക്കുന്നവരാണ്.

രണ്ടായിരുന്നാലും സമൂഹത്തിന്റെ സംസ്കരണ പ്രക്രിയയുടെ പ്രഥമ ഘട്ടത്തിൽ നിലവിലുണ്ടായിരുന്ന നിയമങ്ങളിൽ ചിലത് അന്തിമ ഘട്ടത്തിലെത്തിയപ്പോഴേക്കും അപ്രസക്തമായിക്കഴിഞ്ഞിരുന്നുവെന്ന വസ്തുത ഇരുവിഭാഗവും തത്ത്വത്തിൽ അംഗീകരിക്കുന്നുണ്ട്. ദുർബലപ്പെടുത്തിയെന്ന പദപ്രയോഗം പാടുണ്ടോയെന്നതു മാത്രമാണ് ഈ അഭിപ്രായവ്യത്യാസത്തിന്റെ കാതൽ എന്നർഥം.

**ഖുർആനിൽ ഇരുന്നൂറോളം സൂക്തങ്ങൾ ദുർബലപ്പെടുത്തപ്പെട്ടതാ**

**യി പറയുന്നുണ്ടല്ലോ. ഇത് ശരിയാണോ?**

'നസ്ഖ്' എന്ന പദത്തിന് നീക്കം ചെയ്യുകയെന്ന് അർഥമുണ്ട്. ഈ അർഥ കൽപനയുടെ അടിസ്ഥാനത്തിൽ ഏതെങ്കിലുമൊരു കാര്യത്തിൽ പ്രവർത്തനകാലം അവസാനിച്ചിട്ടുള്ളതായി അറിയിക്കുക, ഒരു വാക്കിൻെറ പ്രത്യക്ഷത്തിലുള്ള അർഥമല്ല ഇവിടെ യഥാർഥത്തിൽ ഉദ്ദശിച്ചിട്ടുള്ളതെന്ന് കാണിക്കുക. ഒരിടത്ത് ഏതെങ്കിലും ഉപാധിയോടുകൂടി പറയപ്പെട്ട നിയമത്തിന് ആ ഉപാധി നിർബന്ധമല്ലെന്ന് കാണിക്കുക, സാമാന്യമായി പറയപ്പെട്ട ഒരു ലക്ഷ്യം കൊണ്ട് ഉദ്ദേശിക്കുന്നത് ഏതെങ്കിലും പ്രത്യേകമായിട്ടുള്ള ഒന്നാണെന്ന് മനസ്സിലാക്കുക, ഇസ്ലാമിന് മുമ്പുണ്ടായിരുന്ന ഏതെങ്കിലും പതിവുകളെ നീക്കം ചെയ്യുക എന്നിങ്ങനെ പല കാര്യങ്ങൾക്കും നസ്ഖ് എന്ന് പൂർവകാലത്തെ ചില പണ്ഡിതന്മാർ പറഞ്ഞതായി കാണുന്നുണ്ട്. ഇങ്ങനെയാകുമ്പോൾ നസ്ഖിൻെറ വൃത്തം വലുതാകുകയും സ്വാഭാവികമായും കുറെയേറെ സൂക്തങ്ങൾ ഈ വൃത്തത്തിന് അകത്താവുകയും ചെയ്യും. അതുകൊണ്ടാണ് ചില ഗ്രന്ഥങ്ങളിൽ ഇരുന്നൂറോളം ഖുർആൻ സൂക്തങ്ങൾ നസ്ഖ് ചെയ്യപ്പെട്ടിട്ടുണ്ട് എന്ന് എഴുതിയിരിക്കുന്നത്. അല്ലാതെ, പ്രസ്തുത സൂക്തങ്ങൾ ദുർബലപ്പെട്ടുവെന്ന അർഥത്തിലല്ല.

ദുർബലപ്പെടുത്തപ്പെട്ട വിധികളോടുകൂടിയ ഖുർആൻ സൂക്തങ്ങൾ തുലോം വിരളമാണ് എന്നുള്ളതാണ് വാസ്തവം. കേവലം വിരലിലെണ്ണാവുന്നവ മാത്രം. ഇതു മനസ്സിലാക്കാതെ പുസ്തകമെഴുതിയ ചില പിൽക്കാല രചയിതാക്കൾക്ക് വന്നുഭവിച്ച അബദ്ധമാണ് ഇരുന്നൂറോളം സൂക്തങ്ങൾ ദുർബലപ്പെടുത്തപ്പെട്ടിട്ടുണ്ടെന്ന വിചാരം സൃഷ്ടിക്കപ്പെട്ടതിന് കാരണം. നസ്ഖിന് ദുർബലപ്പെടുത്തപ്പെടുകയെന്ന അർഥ കൽപന മാത്രം പരിഗണിക്കുകയും മുൻഗാമികൾ മൻസൂഖ് ആയി ഗണിച്ച എല്ലാ സൂക്തങ്ങളിലെ വിധികളും ദുർബലപ്പെടുത്തപ്പെട്ടതാണെന്ന നിഗമനത്തിലെത്തിച്ചേരുകയും ചെയ്യുകയാണ് അവർ ചെയ്തത്. സത്യത്തിൽ പ്രസ്തുത സൂക്തങ്ങളൊന്നുംതന്നെ നിയമം ദുർബലമാക്കപ്പെട്ടവയല്ല; പ്രത്യുത നിയമപ്രാബല്യമുള്ളവതന്നെയാണ്.





# പന്ത്രണ്ട്

## ഖുർആനിലെ ശിക്ഷാനിയമങ്ങൾ

**ഗോത്രവർഗ സമൂഹങ്ങളിൽ മാത്രം പ്രായോഗികമായ ഖുർആനിക ശിക്ഷാ നിയമങ്ങൾ ആധുനിക ജനാധിപത്യ സമ്പ്രദായത്തിലും പ്രസക്തമാണെന്ന വാദം അടിസ്ഥാന രഹിതമല്ലേ?**

അല്ല. ശിക്ഷാനിയമങ്ങളുടെ ലക്ഷ്യം കുറ്റകൃത്യങ്ങൾ ഇല്ലാതെയാക്കുകയാണെങ്കിൽ ഖുർആൻ നിർദേശിച്ച ശിക്ഷാനിയമങ്ങൾ പൗരാണിക കാലത്തേതു പോലെതന്നെ ഇന്നും പ്രസക്തമാണ്; എന്നും പ്രസക്തമായിരിക്കുകയും ചെയ്യും.

വ്യക്തികൾക്ക് തങ്ങളുടെ ഇഷ്ടാനുസരണം പ്രവർത്തിക്കുവാനുള്ള സ്വാതന്ത്ര്യം നൽകുകയെന്നാണ് ജനാധിപത്യത്തിൻെറ അർഥമെങ്കിൽ അ

ത്തരം സമൂഹങ്ങളിൽ ഖുർആനിക നിയമങ്ങൾ അപ്രായോഗികമായിരിക്കുമെന്ന കാര്യത്തിൽ സംശയമില്ല. എന്നാൽ, പൗരന്മാർക്ക് സൃഷ്ടിപരമായി പുരോഗമിക്കുവാനുള്ള സകല സ്വാതന്ത്ര്യവും നൽകുകയും പ്രസ്തുത സ്വാതന്ത്ര്യത്തെ സമൂഹത്തിന് ദോഷകരമായ രീതിയിൽ വിനിയോഗിക്കുന്നത് തടയുകയും ചെയ്യുകയാണ് ജനാധിപത്യ സമൂഹത്തിലെ നിയമങ്ങളുടെ ലക്ഷ്യമെങ്കിൽ അവിടെ ഖുർആൻ പ്രദാനം ചെയ്യുന്ന ശിക്ഷാനിയമങ്ങളെപ്പോലെ പ്രസക്തവും പ്രായോഗികവുമായ മറ്റൊന്നുമില്ലെന്നതാണ് വസ്തുത.

മനുഷ്യസമൂഹത്തിൻെറ ഘടനയിൽ എന്തെന്തു മാറ്റങ്ങളുണ്ടായാലും വ്യക്തിയുടെ വികാരങ്ങളിലോ ചോദനകളിലോ അടിസ്ഥാനപരമായി യാതൊരു മാറ്റവുമുണ്ടായിട്ടില്ലെന്ന വാസ്തവം നാം മനസ്സിലാക്കേണ്ടതുണ്ട്. പൗരാണിക കാലത്ത് എന്തെല്ലാം മൂല്യങ്ങൾ സമൂഹത്തിൻെറ സ്വച്ഛമായ നിലനിൽപിന് അനിവാര്യമായിരുന്നുവോ അതേ മൂല്യങ്ങൾതന്നെയാണ് ആധുനിക സമൂഹത്തിലും സംരക്ഷിക്കപ്പെടേണ്ടതായിട്ടുള്ളത്. പ്രസ്തുത മൂല്യങ്ങളിൽനിന്ന് വ്യതിചലിക്കുവാൻ വ്യക്തികൾ മുതിരുന്നത് അരാജകത്വത്തിനും അതുവഴി സാമൂഹിക ഘടനയെത്തന്നെ തകർക്കുന്നതിനും നിമിത്തമാകും.

സമൂഹത്തിൻെറ നേരെ വ്യക്തി നടത്തുന്ന ആക്രമണത്തെയാണ് കുറ്റം എന്നു പറയുന്നത്. കുറ്റങ്ങൾ ഇല്ലാതെയാകുന്നതിലൂടെ മാത്രമേ സമൂഹത്തിൻെറ സ്വച്ഛന്ദമായ ഒഴുക്ക് സാധ്യമാകൂ. കുറ്റം ചെയ്യുന്നവരെ ശിക്ഷിക്കുകയെന്നതിലുപരിയായി കുറ്റങ്ങൾ ഇല്ലാതെയാക്കുവാൻ പരിശ്രമിച്ചുകൊണ്ട് സമാധാനപരമായ സാമൂഹിക ജീവിതം സാധ്യമാക്കുകയെന്നതാണ് ശിക്ഷാനിയമങ്ങളുടെ ആത്യന്തിക ലക്ഷ്യം. ഈ ലക്ഷ്യം സാക്ഷാത്കരിക്കുവാൻ സാധിക്കുന്ന ശിക്ഷാനിയമങ്ങൾ നിർദേശിക്കുന്നുവെന്നുള്ളതാണ് ഖുർആനിൻെറ സവിശേഷത. ഈ രംഗത്ത് ഖുർആനിനെ പ്രായോഗികമാക്കുന്നത് ഈ സവിശേഷതയാണ്.

## ഖുർആനിലെ ശിക്ഷാനിയമങ്ങൾ ഏതു തരത്തിലുള്ളവയാണ്? വ്യക്തി കേന്ദ്രീകൃതമോ, സമൂഹ കേന്ദ്രീകൃതമോ?

വ്യക്തി, സമൂഹം തുടങ്ങിയ അമൂർത്ത സങ്കൽപങ്ങളെ ഖുർആൻ നോക്കിക്കാണുന്നത് ഭൗതിക പ്രത്യയശാസ്ത്രങ്ങളുടെ വീക്ഷണത്തിൽനിന്ന് തികച്ചും വ്യത്യസ്തമായ കാഴ്ചപ്പാടിലൂടെയാണ്. അത് അതിൻെറ ശിക്ഷാനിയമങ്ങളിലും പ്രകടമാണ്. ജനിച്ചുവളർന്ന പ്രത്യേക ചുറ്റുപാടുകളുടെയും സാഹചര്യങ്ങളുടെയും സ്വാധീനവലയത്തിൽനിന്ന് മോചിതനാ





കുവാൻ കഴിയാത്ത ഒരു കളിപ്പാവ മാത്രമായി മനുഷ്യനെ കാണുന്ന ഫ്രോയിഡിയൻ ചിന്താരീതിയുമായി ഇസ്‌ലാം പൊരുത്തപ്പെടുന്നില്ല. സമൂഹത്തിലെ സാമ്പത്തിക മാറ്റങ്ങൾ മാത്രമാണ് വ്യക്തിയിലെ അഹംബോധത്തെയും മൂല്യങ്ങളെയുമെല്ലാം നിശ്ചയിക്കുന്നത് എന്ന മാർക്സിയൻ വീക്ഷണവും ഇസ്‌ലാമിന് അന്യമാണ്. സ്വതന്ത്രരായി ജനിച്ചവരെ സ്വതന്ത്രമായിത്തന്നെ ജീവിക്കുവാൻ അനുവദിക്കുന്നതിലൂടെയാണ് അവരുടെ വ്യക്തിത്വത്തിൻെറ പൂർണമായ പ്രകാശനം സാധ്യമാവുകയെന്ന മുതലാളിത്തത്തിൻെറ കാഴ്ചപ്പാടിനെയും ഇസ്‌ലാം നിരാകരിക്കുന്നു. സമ്പത്തും സാഹചര്യങ്ങളും ചുറ്റുപാടുകളുമെല്ലാം മനുഷ്യരുടെ വ്യക്തിത്വത്തെ സ്വാധീനിക്കുന്നുവെന്ന വസ്തുത ഇസ്‌ലാം അംഗീകരിക്കുന്നു. എന്നാൽ വ്യക്തിയെ സൃഷ്ടിക്കുന്നത് അതൊന്നുമല്ല. വ്യക്തിയിലെ അഹംബോധത്തെ സൃഷ്ടിക്കുന്നതും സാഹചര്യങ്ങൾക്കൊത്ത് തൻെറ നിലപാട് എന്താണെന്ന് തീരുമാനിക്കുവാൻ അവനെ പര്യാപ്തനാക്കുന്നതും അവൻെറ മാത്രം സവിശേഷതയായ ആത്മാവാണ്. മനുഷ്യനു മാത്രം നൽകപ്പെട്ട ദൈവികദാനമാണത്. നന്മയെയും തിന്മയെയും വ്യവഛേദിച്ചു മനസ്സിലാക്കുന്നതിനും തെരഞ്ഞെടുക്കുന്നതിനും അവന് കഴിവു നൽകുന്നത് ഈ ആത്മാവത്രെ.

വ്യക്തികളാണ് സമൂഹത്തെ സൃഷ്ടിക്കുന്നത്. വ്യക്തിയെ വിമലീകരിക്കുന്നത് ദൈവിക നിയമങ്ങളാണ്. ധാർമിക നിയമങ്ങൾ അനുസരിക്കുന്ന വ്യക്തികൾ ഉൾക്കൊള്ളുന്ന സമൂഹം സമാധാനപൂർണവും നന്മ ഉൾക്കൊള്ളുന്നതുമായിരിക്കുമെന്നുറപ്പാണ്. ഈ നിയമങ്ങൾ സ്വമേധയാ അനുസരിക്കുകയാണ് വ്യക്തി ചെയ്യേണ്ടത്. അതുവഴി മാത്രമേ ആത്മസംസ്കരണം സാധ്യമാകൂ. എന്നാൽ, ഏതൊരു സമൂഹത്തിലും ധാർമിക നിയമങ്ങളിൽനിന്ന് വ്യതിചലിക്കുവാൻ ശ്രമിക്കുന്ന ചിലരെങ്കിലുമുണ്ടാകും. അവരെ തടഞ്ഞുനിർത്തിയിട്ടില്ലെങ്കിൽ സമൂഹത്തിൽ തിന്മകൾ വ്യാപിക്കുന്നതിനും അതുവഴി അരാജകത്വത്തിനും നിമിത്തമാവും. ഇങ്ങനെ തിന്മകൾ വ്യാപിക്കുന്നതിനെ തടഞ്ഞുനിർത്തുന്നതിനായുള്ളതാണ് ശിക്ഷാനിയമങ്ങൾ.

വ്യക്തിയെയും സമൂഹത്തെയും പരിശുദ്ധമായി നിലനിർത്തുകയാണ് ഖുർആനിലെ ശിക്ഷാനിയമങ്ങളുടെ ലക്ഷ്യം. വ്യക്തിയെ സമൂഹത്തിനുവേണ്ടിയോ സമൂഹത്തെ വ്യക്തിക്കുവേണ്ടിയോ ബലികൊടുക്കണമെന്ന വീക്ഷണം ഇസ്‌ലാം ഉൾക്കൊള്ളുന്നില്ല. വ്യക്തിസ്വാതന്ത്ര്യത്തിന്മേൽ സമൂഹത്തിൻെറ നേരിയ കൈകടത്തൽപോലും അക്ഷന്തവ്യമായിക്കരുതുന്ന മുതലാളിത്ത വീക്ഷണവും സമൂഹത്തിനുവേണ്ടി വ്യക്തിയുടെ

സഹജവികാരങ്ങളെപ്പോലും ബലികൊടുക്കേണ്ടതുണ്ടെന്ന കമ്യൂണിസ്റ്റ് വീക്ഷണവും ഇസ്‌ലാമിന് അന്യമാണ്. വ്യക്തിയും സമൂഹവും തമ്മിൽ നിലനിൽക്കേണ്ടത് സംഘട്ടനാത്മകമായ ബന്ധമല്ലെന്നതാണ് ഇസ്‌ലാമിൻെറ കാഴ്ചപ്പാട്. അവയെ ഉദ്ഗ്രഥിതമാക്കുന്നത് മൂല്യങ്ങളാണ്. ഈ മൂല്യങ്ങളെ സംരക്ഷിക്കുന്നതുവഴി വ്യക്തിയെയും സമൂഹത്തെയും വിമലീകരിക്കുകയാണ് ഖുർആനിലെ ശിക്ഷാനിയമങ്ങൾ ചെയ്യുന്നത്. അതുകൊണ്ടുതന്നെ അവ വ്യക്തികേന്ദ്രീകൃതമോ സമൂഹകേന്ദ്രീകൃതമോ അല്ല, പ്രത്യുത മൂല്യകേന്ദ്രീകൃതമാണ് എന്നു പറയുന്നതാവും ശരി.

**ഏതുതരം മൂല്യങ്ങളുടെ അടിത്തറയിലാണ് ഖുർആനിക ശിക്ഷാനിയമങ്ങൾ സ്ഥാപിതമായിരിക്കുന്നത്?**

വ്യക്തിക്കും സമൂഹത്തിനും സമാധാനം പ്രദാനം ചെയ്യുകയാണ് ഖുർആനിക നിയമങ്ങളുടെ ലക്ഷ്യം. വ്യക്തികൾക്ക് ചില അവകാശങ്ങളുണ്ട്. ഈ അവകാശങ്ങൾ അന്യോന്യം അനുവദിച്ചുകൊടുക്കുക വഴിയാണ് സാമൂഹികമായ ഉദ്ഗ്രഥനം സാധ്യമാകുന്നത്. ഒരാളുടെയും അവകാശങ്ങൾ ഹനിക്കുവാൻ മറ്റൊരാളെയും അനുവദിച്ചുകൂടാ. ആരുടെയെങ്കിലും അവകാശങ്ങൾ ഹനിക്കപ്പെടുന്നുണ്ടോയെന്ന് ശ്രദ്ധിക്കേണ്ടതും ഉണ്ടെങ്കിൽ അത് ഇല്ലാതെയാക്കേണ്ടതും രാഷ്ട്രത്തിൻെറ ബാധ്യതയാണ്. ഇതിനുവേണ്ടിയാണ് ശിക്ഷാനിയമങ്ങൾ നടപ്പിലാക്കുന്നത്. നേരായ മാർഗത്തിലൂടെ ചലിക്കുവാൻ വ്യക്തിയെ പ്രചോദിപ്പിക്കുകയാണ് ഖുർആനിലെ ശിക്ഷാനിയമങ്ങളുടെ ലക്ഷ്യം.

സംരക്ഷിക്കപ്പെടേണ്ട പ്രധാനപ്പെട്ട ചില മൂല്യങ്ങളുണ്ടെന്നാണ് ഇസ്‌ലാമിക വീക്ഷണം. വിശ്വാസം, യുക്തിയും ബുദ്ധിയും, അഭിമാനം, ജീവൻ, സ്വത്ത്, കുടുംബത്തിൻെറ കെട്ടുറപ്പ്, സദാചാര മൂല്യങ്ങൾ, സമൂഹത്തിൻെറ ഭദ്രത ഇവയെല്ലാം സംരക്ഷിക്കപ്പെടേണ്ടവയാണ്. ഇവ തകർക്കുവാൻ ആരെയും അനുവദിച്ചുകൂടാ. ആരെയും എന്നതുകൊണ്ട് അന്യനെ മാത്രമല്ല അർഥമാക്കുന്നത്; സ്വന്തത്തെകൂടിയാണ്. സ്വന്തം ജീവൻ വെടിയാനാഗ്രഹിച്ചുകൊണ്ട് ആത്മഹത്യക്കു ശ്രമിച്ചവനും സ്വന്തം മാനം തകർത്തുകൊണ്ട് വ്യഭിചാരവൃത്തിയിലേർപ്പെട്ടവനും സ്വന്തം ബുദ്ധിയെ നശിപ്പിച്ചുകൊണ്ട് മദ്യപാനം ചെയ്യുന്നവനുമെല്ലാം കുറ്റവാളിയാകുന്നത് ഇതുകൊണ്ടാണ്.

സ്വന്തത്തെയോ അന്യനെയോ ഭയപ്പെടാതെ എല്ലാവർക്കും ജീവിക്കുവാൻ സാധിക്കുന്ന ഒരു സമൂഹമാണ് ഇസ്‌ലാമിക ശിക്ഷാനിയമങ്ങളുടെ ഉദ്ദേശ്യം. അത്തരമൊരു സമൂഹത്തിൽ മാത്രമേ ശാന്തിയും സമാധാന





വും നിലനിൽക്കൂ. എല്ലാവർക്കും വളരുവാനും വികസിക്കുവാനും സാധിക്കുന്ന, മാനവികതയിൽ അധിഷ്ഠിതമായ ഒരു സമൂഹത്തിൻെറ സൃഷ്ടിയാണ് ഖുർആനിലെ ശിക്ഷാനിയമങ്ങൾ ലക്ഷ്യമാക്കുന്നത്.

**ഖുർആനിലെ ശിക്ഷാനിയമങ്ങൾ പ്രായോഗികമാണെന്ന് എങ്ങനെ പറയാനാകും?**

ഒരു ശിക്ഷാനിയമം പ്രായോഗികമാണെന്ന് പറയാനാവുക അത് താഴെ പറയുന്ന ഗുണങ്ങൾ പ്രകടിപ്പിക്കുമ്പോഴാണ്.

1. ചെയ്ത തെറ്റിനുള്ള പ്രതികാരമാവുക.
2. തെറ്റുകളെ തടയാൻ കഴിയുക.
3. കുറ്റുവാളികളെ ഭയപ്പെടുത്താനാവുക
4. കുറ്റം വഴി പ്രയാസമനുഭവിക്കേണ്ടിവന്നവർക്ക് സങ്കടനിവൃത്തി വരുത്തുന്നതാവുക.
5. കുറ്റവാളിയെ സംസ്കരിക്കുന്നതാവുക.
6. കുറ്റം വഴി നഷ്ടം നേരിട്ടവർക്ക് പരിഹാരം നൽകുന്നതാവുക.
7. കുറ്റവാളിയെ പാശ്ചാത്താപ വിവശനാക്കുന്നതാവുക.
8. സമൂഹത്തെ കുറ്റങ്ങളിൽനിന്ന് സംരക്ഷിക്കുന്നതാവുക.

ഇസ്‌ലാമിലെ ഏതു ശിക്ഷാനിയമമെടുത്താലും ഈ ധർമങ്ങൾ അവ നിർവഹിക്കുന്നതായി കാണാൻ കഴിയും. അതുകൊണ്ടുതന്നെ അവ പ്രായോഗികമാണെന്ന് സംശയലേശമന്യേ പറയാനാകും.

**മറ്റു മതഗ്രന്ഥങ്ങളിലും ശിക്ഷാനിയമങ്ങൾ വിശദീകരിക്കുന്നുണ്ടല്ലോ. അവയിൽനിന്ന് വ്യത്യസ്തമായ എന്തു സവിശേഷതയാണ് ഖുർആനിലെ ശിക്ഷാനിയമങ്ങൾക്കുള്ളത്?**

പല മതഗ്രന്ഥങ്ങളും കുറ്റങ്ങൾക്കുള്ള ശിക്ഷകളെക്കുറിച്ച് വിശദീകരിക്കുന്നുണ്ട്. അവയിൽ പലതും മനുഷ്യരുടെ കൈകടത്തലുകൾക്ക് വിധേയമായിരിക്കുന്നു എന്നതുകൊണ്ടുതന്നെ മനുഷ്യത്വ വിരുദ്ധമായ പലതും അവയിൽ കാണാൻ കഴിയും. ഖുർആനിൻെറ സ്ഥിതി ഇതിൽനിന്ന് വ്യത്യസ്തമാണ്. അതിലെ നിയമങ്ങൾ മുഴുവൻ ദൈവികമായതുകൊണ്ടുതന്നെ മാനവികമാണ്; സാർവജനീനവും സർവകാല പ്രസക്തവുമാണ്.

ഉദാഹരണത്തിന് വ്യഭിചാരത്തിന് വ്യത്യസ്ത മതഗ്രന്ഥങ്ങൾ വിധിക്കുന്ന ശിക്ഷയെന്താണെന്ന് നോക്കുക.

'ഒരുത്തൻെറ ഭാര്യയുമായി വ്യഭിചാരം ചെയ്യുന്നവൻ, കൂട്ടുകാരൻെറ ഭാര്യയുമായി വ്യഭിചാരം ചെയ്യുന്ന വ്യഭിചാരിയും വ്യഭിചാരിണിയും തന്നെ മരണശിക്ഷയനുഭവിക്കണം (ലേവ്യ 20:10).

'ഒരു പുരുഷൻെറ ഭാര്യയായ സ്ത്രീയോടുകൂടെ ഒരുത്തൻ ശയിക്കുന്നതുകണ്ടാൽ സ്ത്രീയോടുകൂടെ ശയിച്ച പുരുഷനും സ്ത്രീയും ഇരുവരും മരണശിക്ഷയനുഭവിക്കണം. ഇങ്ങനെ ഇസ്രായീലിൽനിന്ന് ദോഷം നീക്കിക്കളയേണം' (ആവ.:22:22)

ഇവിടെ ബൈബിൾ പഴയനിയമത്തിൽ മരണശിക്ഷവിധിച്ചിരിക്കുന്നത് വിവാഹിതയായ സ്ത്രീയുമായി ലൈംഗികബന്ധം പുലർത്തുന്നതിനു മാത്രമാണ്. കന്യകയുമായി വ്യഭിചരിച്ചാൽ അതിന് ശിക്ഷയൊന്നും ബൈബിൾ വിധിക്കുന്നില്ല. അതു കണ്ടുപിടിക്കപ്പെട്ടാൽ അവളെ വിവാഹം ചെയ്യണമെന്നതു മാത്രമാണ് ശിക്ഷ. 'വിവാഹനിശ്ചയം കഴിയാത്ത കന്യകയായ ഒരു യുവതിയെ ഒരുത്തൻ കണ്ടു അവളെ പിടിച്ച് അവളോടുകൂടി ശയിക്കുകയും അവരെ കണ്ടുപിടിക്കുകയും ചെയ്താൽ അവളോടുകൂടി ശയിച്ച പുരുഷൻ യുവതിയുടെ അപ്പന് അമ്പത് വെള്ളിക്കാശ് കൊടുക്കണം. അവൾ അവൻെറ ഭാര്യയാവുകയും വേണം' (ആവ: 22:28, 29)

വിവാഹിതയായ സ്ത്രീയുമായുള്ള ലൈംഗികബന്ധത്തിന് മരണശിക്ഷ വിധിക്കുവാനുള്ള കാരണമെന്താണ്? (അതേസമയം പുരുഷൻ വിവാഹിതനാണോ അല്ലയോ എന്നത് ഒരു പ്രശ്നമായിത്തന്നെ ബൈബിൾ കാണുന്നുമില്ല). സ്ത്രീ വിവാഹം ചെയ്യപ്പെടുന്നതുവരെ പിതാവിൻെറയും വിവാഹം ചെയ്യപ്പെട്ടുകഴിഞ്ഞാൽ ഭർത്താവിൻെറയും സ്വത്താണെന്നാണ് ബൈബിൾ പഠിപ്പിക്കുന്നത്. അതുകൊണ്ടാണ് സ്ത്രീകളെ വിൽക്കാൻ അത് പുരുഷന്മാരെ അനുവദിക്കുന്നത് (പുറ. 21:7, നെഹമ്യ 5:5 നോക്കുക). ഒരു പുരുഷൻെറ സ്വത്തായ സ്ത്രീയെ അനധികൃതമായി ഉപയോഗിച്ചുവെന്നതാണ് അയാളുടെ ഭാര്യയെ വ്യഭിചരിക്കുന്ന വ്യക്തിചെയ്യുന്ന കുറ്റം. അത് ചെയ്യുന്ന ആൾ വിവാഹിതനായാലും അല്ലെങ്കിലും കുറ്റം ഒന്നുതന്നെയാണ്. പുരുഷൻ സ്ത്രീയുടെ സ്വത്തല്ലാത്തതിനാൽ അയാൾ വ്യഭിചരിക്കുന്നത് ഒരു തെറ്റായിത്തന്നെ ബൈബിൾ കാണുന്നുമില്ല. ഈ വസ്തുത യഹൂദ വിജ്ഞാനകോശം' തന്നെ സമ്മതിക്കുന്നതാണ്. (Encyclopedia Judaica Vol II col 313-)

ചുരുക്കത്തിൽ ബൈബിൾ വ്യഭിചാരമെന്ന തിന്മയെ കാണുന്നത് മറ്റൊരാളുടെ സ്വത്തിലുള്ള അനധികൃതമായ കൈയേറ്റമായിക്കൊണ്ടാണ്.





പ്രസ്തുത കൈയേറ്റത്തിന് മരണശിക്ഷതന്നെ വിധിക്കുന്നുണ്ടെന്നത് ശരിയാണ്. എന്നാൽ വ്യഭിചാരം സൃഷ്ടിക്കുന്ന സാമൂഹിക പ്രശ്നങ്ങളോ കുടുംബ ശൈഥില്യമോ ധാർമിക പ്രതിസന്ധികളോ ഒന്നുംതന്നെ ബൈബിളിൻെറ പരിഗണനയിൽ വരുന്നില്ല.

കൊലപാതകത്തിനുള്ള ആപസ്തംബ ധർമ സൂത്രത്തിലെ ശിക്ഷാനിയമങ്ങൾ കാണുക: 'ബ്രാഹ്മണനെക്കൊല്ലുന്ന ശൂദ്രനെ മൂന്നു പ്രാവശ്യമായി തീയിലിട്ട് കുറച്ചു കുറച്ചായി ചിത്രവധം ചെയ്ത് കൊല്ലണം. എന്നാൽ ശൂദ്രനെ മറ്റുള്ളവർ കൊന്നാൽ ഒരു വർഷത്തെ തടവ് വിധിക്കുകയും പന്ത്രണ്ട് പശുക്കളെ പിഴയായി ഈടാക്കുകയും ചെയ്താൽ മതി' (കൃഷ്ണാനന്ദ സ്വാമി ഉദ്ധരിച്ചത്: ഇന്ത്യയിലെ വർണസമരം പുറം 94)

ഹൈന്ദവസ്മൃതികളിലെ നിയമങ്ങളെല്ലാം വർണാശ്രമ വ്യവസ്ഥയുടെ അടിസ്ഥാനത്തിലുള്ളവയാണ്. ബ്രാഹ്മണനെ പൂജ്യനായും ശൂദ്രനെ അധമനായും കണ്ടുകൊണ്ടുള്ള നിയമങ്ങളിൽ ഉടനീളം ഈ ഉച്ചനീചത്വം പ്രകടമാണ്. ഒരേ തെറ്റ് ബ്രാഹ്മണൻ ചെയ്താലുള്ള ശിക്ഷയും ശൂദ്രൻ ചെയ്താലുള്ള ശിക്ഷയും തമ്മിൽ വലിയ അന്തരമുണ്ടായിരിക്കും. ഈ നിയമങ്ങൾ മനുഷ്യർക്കു വേണ്ടിയുള്ളവയല്ല; ജാതികൾക്കുവേണ്ടിയുള്ളവയാണെന്ന് സാരം.

ഖുർആനിലെ ശിക്ഷാവിധികളിൽ ഇത്തരം പ്രശ്നങ്ങളൊന്നും കാണുക സാധ്യമല്ല. അതിൽ യാതൊരുവിധ ഉച്ചനീചത്വങ്ങളുമില്ല. രാജാവിനും പ്രജക്കും ഒരേ കുറ്റത്തിന് ഒരേ ശിക്ഷ. തികച്ചും മാനവികമായ കാഴ്ചപ്പാട്.

അതുപോലെതന്നെ, ഖുർആൻ ലൈംഗിക സദാചാരത്തിൻെറ ലംഘനത്തെ കാണുന്നത് കുടുംബഭദ്രതയെയും സമൂഹത്തിൻെറ കെട്ടുറപ്പിനെയും തകർക്കുന്ന പ്രവർത്തനമായിട്ടാണ്. അവിടെ പുരുഷനും സ്ത്രീയുമെല്ലാം തുല്യരാണ്. തെറ്റ് ആര് ചെയ്യുന്നുവെന്നും അത് സമൂഹത്തിലുണ്ടാക്കുന്ന പ്രശ്നങ്ങളുടെ ആഴം എത്രത്തോളമുള്ളതാണെന്നുമുള്ളതാണ് ശിക്ഷയുടെ അളവ് നിർണയിക്കുന്നത്. വിവാഹിതരുടെയും അവിവാഹിതരുടെയും വ്യഭിചാരം സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ വ്യത്യസ്തമായതിനാൽ അവക്കുള്ള ശിക്ഷകൾ വ്യത്യാസപ്പെട്ടിരിക്കുന്നുവെന്ന് കാണാം. ഇവിടെയും ഖുർആനിക ശിക്ഷാവിധികളുടെ മാനവികതയാണ് നമുക്ക് കാണാൻ കഴിയുന്നത്.

**കുറ്റങ്ങൾ ഇല്ലാതെയാകുകയാണല്ലോ ശിക്ഷാവിധിയുടെ ലക്ഷ്യം. കുറ്റവാളികളെ വീണ്ടും കുറ്റം ചെയ്യുന്നതിൽനിന്ന് തടഞ്ഞുനിർത്തു**

**ന്ന രീതിയിൽ കാരാഗൃഹത്തിലടക്കുന്ന ആധുനിക സമ്പ്രദായമല്ലേ ഖുർ ആനിലെ ക്രൂരമായ ശിക്ഷാവിധികളേക്കാൾ കരണീയം?**

കാരാഗൃഹത്തിൽ അടക്കുന്നതുകൊണ്ടുമാത്രം കുറ്റകൃത്യങ്ങളിൽനിന്ന് സമൂഹം മുക്തമാവുകയില്ലെന്ന സത്യം ഇന്ന് വ്യത്യസ്ത രാജ്യങ്ങളിൽ വർധിച്ചുകൊണ്ടിരിക്കുന്ന കുറ്റകൃത്യങ്ങൾ വ്യക്തമാക്കുന്നുണ്ട്. പണമുണ്ടാക്കുകയും സുഖിക്കുകയുമാണ് ജീവിതത്തിൻെറ ആത്യന്തിക ലക്ഷ്യമെന്ന് പഠിപ്പിക്കപ്പെടുന്ന യുവതലമുറയെ സംബന്ധിച്ചിടത്തോളം പണമുണ്ടാക്കുവാനുള്ള കുറുക്കുവഴികളാണ് കുത്യകൃത്യങ്ങൾ. എല്ലാ ആധുനിക സമൂഹങ്ങളിലും കുറ്റകൃത്യങ്ങൾ വർധിച്ചുവരികയാണെന്നാണ് സ്ഥിതി വിവരക്കണക്കുകൾ കാണിക്കുന്നത്.

ഇന്ത്യയിലെ സ്ഥിതിതന്നെയെടുക്കുക: കഴിഞ്ഞ ഒരു ദശാബ്ദത്തിനിടക്ക് കുറ്റകൃത്യങ്ങളുടെ നിരക്കിൽ വമ്പിച്ച വർധനയാണുണ്ടായിട്ടുള്ളത്. സുഖം നേടാൻ വേണ്ടി മൽസരിച്ചുകൊണ്ടിരിക്കുന്ന യുവാക്കൾക്കിടയിലെ കുറ്റവാസന ഭീതിദായകമായ രീതിയിൽ വർധിച്ചിട്ടുണ്ടെന്ന് 'ഇന്ത്യാ ടുഡേ' തയാറാക്കിയ ഒരു റിപ്പോർട്ടിൽ വ്യക്തമാക്കുന്നത് കാണുക: 'ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസിലെ ക്രിമിനോളജി വിഭാഗം കഴിഞ്ഞ ഒരു ദശകത്തിൽ നടന്ന കുറ്റകൃത്യങ്ങളുടെ രീതിയെക്കുറിച്ച് നടത്തിയ ആഴത്തിലുള്ള പഠനം പൂർത്തിയായിവരികയാണ്. യുവാക്കൾക്കിടയിലുള്ള കുറ്റകൃത്യങ്ങൾ 40 ശതമാനം കണ്ട് വർധിച്ചിരിക്കുന്നു എന്നാണ് ആ പഠനം നൽകുന്ന ഭയാനകമായ വിവരം. ഇത്തരം കുറ്റകൃത്യങ്ങൾ എല്ലാ വിഭാഗങ്ങളിലും പെട്ട യുവാക്കളും ചെയ്യുന്നുണ്ടെങ്കിലും മധ്യവർഗ, ഉപരി-മധ്യവർഗ കുടുംബങ്ങളിലെ യുവാക്കൾക്കിടയിൽ ഇത്തരം ക്രൂരതകൾ വർധിച്ചുവരുന്നുവെന്ന വസ്തുതയാണ് ശ്രദ്ധേയമായിരിക്കുന്നത്. രാജ്യത്ത് നടക്കുന്ന കുറ്റകൃത്യങ്ങളിൽ 56 ശതമാനത്തിലും ഉത്തരവാദികൾ യുവാക്കൾ-16-നും 25-നും ഇടയിൽ പ്രായമുള്ളവരാണെന്ന് നാഷനൽ ക്രൈം റിക്കാർഡ്സ് ബ്യൂറോ അതിൻെറ പുതിയ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നു. മുംബൈയിൽ കഴിഞ്ഞ 11 മാസങ്ങളിൽ 551 ഭീഷണിപ്പെടുത്തി പണം തട്ടിയെടുക്കൽ സംഭവങ്ങൾ ഉണ്ടായതിൽ 80 ശതമാനവും ആദ്യമായി ഇത്തരം പ്രവർത്തിക്കിറങ്ങുന്ന യുവാക്കൾ ഉൾപ്പെട്ടതാണ്. അവരിൽ 50 ശതമാനവും 20 വയസ്സിൽ താഴെയുള്ളവരാണ്. ബാംഗ്ലൂരിൽ കവർച്ചയും കൊള്ളയും വർധിച്ചുവരികയാണെന്നും അതിൽ 60 ശതമാനവും യുവാക്കൾ ഉൾപ്പെട്ടതാണെന്നും റിപ്പോർട്ടു ചെയ്യുന്നു. ദൽഹിയിൽ കഴിഞ്ഞ വർഷം നടന്ന ക്രൂരമായ കുറ്റകൃത്യങ്ങളിൽ 93 ശതമാനവും ആ





ദ്യമായി അതിന് ഇറങ്ങിയിരിക്കുന്ന യുവാക്കൾ ചെയ്തവയാണ്' (ഇന്ത്യാ ടുഡേ, 2-1-1999).

താനിഷ്ടപ്പെടുന്ന ഒരു പെൺകുട്ടിയുമായി കറങ്ങി നടന്ന സഹപാഠിയെയും കൂട്ടുകാരനെയും കൊന്ന കൽക്കത്തയിലെ പതിനൊന്നാം ക്ലാസുകാരൻ; പണമുണ്ടാക്കാനായി ചുരുങ്ങിയത് 23 പേരെയെങ്കിലും തലയ്ക്കടിച്ച് കൊന്ന ശ്യാമും രവിയും (രണ്ടു പേർക്കും 24 വയസ്സ്); സ്നേഹിതൻെറ മാതാവിനെ കൊന്ന് പണം കൊള്ളയടിച്ച എഞ്ചിനിയറിംഗ് കോളേജ് വിദ്യാർഥി; കൂട്ടുകാരൻെറ വീടുകൊള്ളയടിക്കാനായി അവൻെറ അമ്മയെയും സഹോദരിയെയും കൊന്ന 21-കാരൻ; നാലു പെൺകുട്ടികളെ തട്ടിക്കൊണ്ടുപോയി ബലാൽസംഗം ചെയ്യുകയും ഒന്നിലധികം പേരെ കൊലപ്പെടുത്തുകയും ചെയ്ത കുബേര പുത്രൻ (26 വയസ്സ്); 98 കൊലപാതകക്കേസുകളിൽ പ്രതിയായ 25-കാരൻ. ഇങ്ങനെ ഇന്ത്യാ ടുഡേയിൽ വിവരിക്കുന്ന കുറ്റവാളികളുടെ നിര വളരെ നീണ്ടതാണ്.

എന്തുകൊണ്ട് ഈ കുറ്റകൃത്യങ്ങളുണ്ടാകുന്നു? ഒന്നാമതായി, പ്രപഞ്ചനാഥനിലും മരണാനന്തര ജീവിതത്തിലുമുള്ള വിശ്വാസം നഷ്ടപ്പെട്ടത്. രണ്ടാമതായി, പണമുണ്ടാക്കുകയും പരമാവധി സുഖിക്കുകയുമാണ് മനുഷ്യജീവിതത്തിൻെറ ലക്ഷ്യമെന്ന് പഠിപ്പിക്കപ്പെട്ടത്. മൂന്നാമതായി, എന്തു കുറ്റംചെയ്താലും തങ്ങൾ പിടിക്കപ്പെടുകയില്ലെന്നും അഥവാ പിടിക്കപ്പെട്ടാൽതന്നെ സ്വാധീനങ്ങളുപയോഗിച്ചുകൊണ്ട് ശിക്ഷയിൽനിന്ന് രക്ഷപ്പെടാമെന്നും ഇനി ശിക്ഷിക്കപ്പെട്ടാൽതന്നെ ഏതാനും മാസത്തെ ജയിൽവാസത്തിനുശേഷം സുഖമായി ജീവിക്കാമെന്നുള്ള വിചാരം. മുതലാളിത്ത മൂല്യങ്ങൾ നിലനിൽക്കുന്ന ഒരു സമൂഹത്തിൽ ഈ വിചാരം നിലനിലനിൽക്കുന്നത് കുറ്റകൃത്യങ്ങളുടെ ഭീതിദമായ വളർച്ചക്ക് നിമിത്തമാകും. ആധുനികമെന്ന് സ്വയം വിശേഷിപ്പിക്കുന്ന രാഷ്ട്രങ്ങളിലെല്ലാം ഈ പ്രശ്നം സാമൂഹിക ശാസ്ത്രജ്ഞന്മാരെ അലട്ടിക്കൊണ്ടിരിക്കുന്നുവെന്നതാണ് സത്യം.

എന്താണൊരു പരിഹാരം? കുറ്റകൃത്യങ്ങൾക്ക് കഠിനമായ ശിക്ഷ നൽകുക. പ്രസ്തുത ശിക്ഷ പരസ്യമായി നടപ്പാക്കുക. കൊള്ള നടത്തിയാൽ കരം ഛേദിക്കപ്പെടുമെന്നും കൊല ചെയ്താൽ തൻെറ ജീവൻ നഷ്ടപ്പെടുമെന്നുമെല്ലാമുള്ള സ്ഥിതിയുണ്ടായാൽ കുറ്റകൃത്യങ്ങൾ കുറയുമെന്നുറപ്പാണ്. ഇതിന് ജീവിക്കുന്ന ഉദാഹരണമാണല്ലോ ഇസ്ലാമിക ശിക്ഷാവിധികൾ നടപ്പാക്കുന്ന രാഷ്ട്രങ്ങൾ. പരേതനായ അബ്ദുൽ അസീസ് രാജാവിൻെറ കാലത്ത് നീണ്ട 25 വർഷക്കാലത്തിനുള്ളിൽ 16 കരഛേദ

ങ്ങൾ മാത്രമേ സഊദി അറേബ്യയിൽ വേണ്ടിവന്നിട്ടുള്ളൂ. അഥവാ 16 മോഷണങ്ങളേ 25 വർഷത്തിനിടക്ക് നടന്നുള്ളൂവെന്നർഥം. മോഷ്ടിച്ചവന് കൈ നഷ്ടപ്പെടുമെന്ന അവസ്ഥയുണ്ടാവുമ്പോൾ, മോഷ്ടിച്ചതു വഴി കൈ നഷ്ടപ്പെട്ടവർ ജീവിക്കുന്ന സമൂഹത്തിൽ പിന്നെ ആ കുറ്റകൃത്യം ചെയ്യുവാൻ പെട്ടെന്നൊന്നും ആരും മുതിരുകയില്ലെന്നുറപ്പാണ്. എന്തെന്തു പ്രലോഭനങ്ങളുണ്ടായാലും കഠിനമായ ശിക്ഷ ഭയപ്പെട്ട് കുറ്റത്തിൽനിന്ന് ഒഴിഞ്ഞുനിൽക്കുന്നവരായിരിക്കും ഭൂരിപക്ഷം. ഈ വസ്തുത ഭൗതികവാദികൾ പോലും സമ്മതിക്കുന്നതാണ്. ഇ.എസ്. ഗംഗാധരൻ എഴുതി: 'കൊള്ള, കൊല, കളവ്, വഞ്ചന, വ്യഭിചാരം, അടിപിടികൾ എന്നിവക്കെതിരായ കഠിന ശിക്ഷ നൽകുന്ന ഇസ്‌ലാമിക നിയമങ്ങൾ കർശനമായി നടപ്പാക്കുന്നതിൽ ദയാദാക്ഷിണ്യങ്ങളില്ല. അറബ് നാടുകളിൽ അതിനാൽ കലഹകാരണങ്ങളും ദുർനടപടികളും കുറവാണ്' (ദേശാഭിമാനി വാരിക 11. 3.1979).

എന്നാൽ ജയിൽവാസത്തിൻെറ സ്ഥിതിയോ? അത് മറ്റുള്ളവരിൽ യാതൊരുവിധ സ്വാധീനവുമുണ്ടാക്കുന്നില്ല. കുറ്റവാളിയിൽ വല്ല മാറ്റവുമുണ്ടാക്കുന്നുവോ? അതും ഇല്ലെന്നതാണല്ലോ സത്യം. ജയിൽ ശിക്ഷയനുഭവിച്ച് പുറത്തുവരുന്നവർ പലപ്പോഴും പ്രൊഫഷനൽ കുറ്റവാളികളായി മാറുന്നതാണല്ലോ നാം കാണുന്നത്. കാരാഗൃഹവാസം കഴിഞ്ഞ് പുറത്തുവരുന്ന കുറ്റവാളികളിൽ പലരും തങ്ങളുടെ പാപപങ്കിലമായ ജീവിതം പൂർവാധികം വാശിയോടെയും നിർഭയമായും തുടർന്നത് കാണിക്കുന്നത് എന്താണ്? ശിക്ഷാ നിയമത്തിൻെറ ധർമം കാരാഗൃഹവാസമെന്ന ശിക്ഷ നിർവഹിക്കുന്നില്ലെന്നുതന്നെ.

**കുറ്റവാളികളോട് സഹതാപപൂർണമായ സമീപനമാണാവശ്യമെന്ന ആധുനിക കുറ്റാന്വേഷണ ശാസ്ത്രത്തിൻെറ നിലപാടുമായി ഖുർആൻ വിയോജിക്കുന്നതെന്തുകൊണ്ടാണ്?**

കുറ്റവാളികളോട് സഹതാപപൂർണമായ സമീപനമാണ് വേണ്ടതെന്ന് വാദിക്കുന്നവരൊക്കെ കുറ്റകൃത്യങ്ങൾ ഇല്ലാതെയാക്കി സമാധാനപൂർണമായ സാമൂഹിക ജീവിതം സാധിക്കുന്നതിന് പ്രായോഗികമായി ചെയ്യേണ്ടതെന്താണെന്ന് വിശദീകരിക്കുന്നതിൽ പരാജയപ്പെടുകയാണ് പതിവ്. കുറ്റവാളികളോട് സഹതാപം കാണിക്കണമെന്ന് പറയുന്നവർ പ്രസ്തുത കുറ്റങ്ങൾ വഴി നഷ്ടങ്ങൾ സഹിക്കേണ്ടിവരുന്നവരുടെ സങ്കടനിവൃത്തിയെക്കുറിച്ച് ഒന്നും ഉരിയാടാറില്ല.

യാതൊരു കുറ്റവും ചെയ്യാതെ ഓർക്കാപ്പുറത്ത് ജീവൻ നഷ്ടപ്പെടുന്ന





നിരപരാധികൾ.

കഷ്ടപ്പെട്ട് സമ്പാദിച്ച ധനം കൊള്ളയടിക്കപ്പെട്ട് വഴിയാധാരമാകുന്ന മനുഷ്യർ.

ഇണയുടെ അപഥസഞ്ചാരത്തിൽ തകർന്നു തരിപ്പണമാകുന്ന കുടുംബബന്ധങ്ങൾ.

ആരും നോക്കാനില്ലാതെ തെരുവ് തെണ്ടുന്ന ജാരസന്തതികൾ.

കുടുംബനാഥൻെറ മദ്യപാനം വഴി തകരുന്ന കുടുംബങ്ങൾ.

ഈ സങ്കടങ്ങളോടാണോ അതല്ല ഇവക്കു ഉത്തരവാദികളായ ക്രൂരരും നിഷ്ഠൂരരും ഭോഗാലസരുമായ കുറ്റവാളികളോടാണോ സഹതാപപൂർണമായ സമീപനമുണ്ടാകേണ്ടത്? രണ്ടും കൂടി ഒരേസമയത്ത് അസാധ്യമാണ്. കുറ്റവാളിയോടല്ല, പ്രയാസമനുഭവിച്ചവനോടാണ് സഹാനുഭൂതി വേണ്ടതെന്നാണ് ഇസ്‌ലാമിൻെറ വീക്ഷണം. പ്രസ്തുത വീക്ഷണമാണ് മാനവികമെന്നും അതിൻെറ അടിസ്ഥാനത്തിലുള്ള നിയമങ്ങൾക്ക് മാത്രമേ മനുഷ്യരെ കുറ്റകൃത്യങ്ങളിൽനിന്ന് മോചിപ്പിക്കാൻ കഴിയുകയുള്ളൂവെന്നും ഇസ്‌ലാം കരുതുന്നു. അതുകൊണ്ടുതന്നെയാണ് ശരിയെന്ന വസ്തുതയാണല്ലോ ഇപ്പോൾ വ്യക്തമായിക്കൊണ്ടിരിക്കുന്നത്.

**പട്ടിണികൊണ്ട് വലഞ്ഞ് കളവുനടത്തിയവൻെറ കരഛേദം നടത്തുവാൻ വിധിക്കുന്ന ഖുർആൻ അയാളെ ആശ്രയിച്ചു കഴിയുന്ന കുടുംബത്തെ വഴിയാധാരമാക്കുകയല്ലേ ചെയ്യുന്നത്?**

കളവിനുള്ള ഖുർആനിലെ ശിക്ഷാനിയമത്തിൻെറ ലക്ഷ്യം കുറേ അംഗവൈകല്യമുള്ളവരെ സൃഷ്ടിക്കുകയല്ല, പ്രത്യുത കളവുചെയ്യപ്പെടാത്ത അവസ്ഥ സംജാതമാക്കുയാണ്. കവർച്ച ഇല്ലാതെയാകണമെങ്കിൽ ആദ്യം പാവപ്പെട്ടവൻെറ പട്ടിണിക്ക് പരിഹാരം കാണണമെന്ന് അറിയാവുന്ന പടച്ചതമ്പുരാനാണ് ഖുർആൻ അവതരിപ്പിച്ചിരിക്കുന്നത്. അതുകൊണ്ടുതന്നെ പട്ടിണിക്കുള്ള പരിഹാര നിർദേശങ്ങൾ നൽകിയ ശേഷമാണ് ഖുർആൻ ശിക്ഷാനിയമങ്ങളെക്കുറിച്ച് പരാമർശിക്കുന്നതുതന്നെ.

ഇസ്‌ലാമിലെ സകാത്ത് വ്യവസ്ഥ പാവപ്പെട്ടവരുടെ പ്രയാസങ്ങൾ പരിഹരിക്കുവാൻ വേണ്ടി നിശ്ചയിക്കപ്പെട്ടിട്ടുള്ളതാണ്. സമ്പത്തിൻെറ ഒരു നിശ്ചിത വിഹിതം പണക്കാരനിൽനിന്ന് പിടിച്ചെടുത്ത് അതിൻെറ അവകാശികൾക്ക് വിതരണം ചെയ്യണമെന്നാണ് ഇസ്‌ലാമിൻെറ അനുശാസന. സകാത്ത് പണക്കാരൻെറ ഔദാര്യമല്ല, പ്രത്യുത പാവപ്പെട്ടവൻെറ അവകാശമാണ് എന്നാണ് പ്രവാചകൻ (സ) പഠിപ്പിച്ചിരിക്കുന്നത്. ഇസ്‌ലാമിലെ സകാത്ത് സമ്പ്രദായം ഫലപ്രദമായി നടപ്പാക്കിയാൽതന്നെ സ

മൂഹത്തിലെ പാവപ്പെട്ടവരുടെ അടിസ്ഥാനാവശ്യങ്ങൾ നിർവഹിക്കപ്പെടുമെന്ന കാര്യത്തിൽ സംശയമില്ല. ചരിത്രം നൽകുന്ന പാഠമതാണ്. സകാത്ത് വ്യവസ്ഥ യഥാക്രമം പ്രയോഗവത്കരിച്ചിരുന്ന സമൂഹങ്ങളിൽ ദാനധർമങ്ങൾ വാങ്ങുവാൻ ആരുമില്ലാത്ത അവസ്ഥ സംജാതമായിരുന്നുവെന്നതിന് ഇസ്‌ലാമിക ചരിത്രം നിരവധി ഉദാഹരണങ്ങൾ നിരത്തുന്നുണ്ട്. സകാത്ത് വ്യവസ്ഥ നടപ്പാക്കിയിട്ടും പാവപ്പെട്ടവന്റെ പട്ടിണി പരിഹരിക്കുവാനായില്ലെങ്കിൽ അതിനു മറ്റു മാർഗങ്ങൾ കണ്ടെത്തുവാൻ രാഷ്ട്രം ബാധ്യസ്ഥമാണെന്നതാണ് ഇസ്‌ലാമിന്റെ വീക്ഷണം. 'അയൽവാസി പട്ടിണി കിടക്കുമ്പോൾ വയറുനിറച്ച് ഉണ്ണുന്നവർ നമ്മിൽപെട്ടവരല്ല' എന്ന് പഠിപ്പിച്ച പ്രവാചകന്റെ ജീവിതക്രമത്തെ ആധാരമാക്കി നടക്കുന്ന ഇസ്‌ലാമിക രാഷ്ട്രത്തിൽ പട്ടിണിക്കുള്ള പരിഹാരം കാണുവാൻ ഭരണാധികാരികൾക്ക് ബാധ്യതയുണ്ട്.

ഇങ്ങനെ, പട്ടിണി നിർമാർജനം ചെയ്യാനാവശ്യമായ നിയമങ്ങൾ ആവിഷ്കരിക്കുകയും അത് നടപ്പാക്കി ലോകത്തിന് മാതൃകയാവുകയും ചെയ്ത മതം ഇസ്‌ലാം മാത്രമാണ്. അങ്ങനെ കുറ്റം ചെയ്യൽ അനിവാര്യമാക്കിത്തീർക്കുന്ന സാഹചര്യങ്ങളെ ഇല്ലായ്മ ചെയ്തതിനുശേഷമാണ് ശിക്ഷാ നിയമങ്ങളെപ്പറ്റി ഖുർആൻ സംസാരിക്കുന്നത്. തൊഴിലില്ലായ്മയും ദാരിദ്ര്യവും നടമാടുന്ന ഒരു സമൂഹത്തിലല്ല ഇസ്‌ലാം ശിക്ഷാനിയമങ്ങൾ നടപ്പാക്കാൻ ആവശ്യപ്പെടുന്നത്. ആഹാരത്തിനോ അടിസ്ഥാനാവശ്യങ്ങൾക്കോ വേണ്ടി മോഷണമോ കൊള്ളയോ നടത്തേണ്ടതില്ലാത്ത സാഹചര്യം സൃഷ്ടിച്ചതിനു ശേഷവും ജനങ്ങളുടെ സ്വൈര്യജീവിതത്തെ തടസ്സപ്പെടുത്തുന്ന മോഷ്ടാക്കളുണ്ടെങ്കിൽ അവരുടെ കരം ഛേദിക്കണമെന്നുതന്നെയാണ് ഇസ്‌ലാമിന്റെ അനുശാസന.

ഇന്ന് ഇന്ത്യയിൽ നടക്കുന്ന കൊള്ളകൾതന്നെ നോക്കുക. അവ പട്ടിണി മാറുന്നതിനു വേണ്ടിയുള്ളതാണോ? ഇന്ത്യയിൽ നടക്കുന്ന കവർച്ചകളിൽ തൊണ്ണൂറ്റിഒമ്പത് ശതമാനവും സുഖിക്കാൻ വേണ്ടിയുള്ള യുവാക്കളുടെ എളുപ്പവഴിയായിക്കൊണ്ടുള്ളതാണെന്നതത്രേ യാഥാർഥ്യം. പുതിയ കാറുകളും ആഢംബര ഹോട്ടലുകളിലെ താമസവും കാമുകിമാരുടെ നീണ്ട നിരയും നേടിയെടുക്കുന്നതിനുവേണ്ടി കൊള്ളയും കൊലയും നടത്തുന്നവർ. അവരിൽ കുറ്റം തെളിയിക്കപ്പെടുന്ന കുറച്ചുപേരുടെ കരം ഛേദിക്കാൻ സന്നദ്ധമായാൽ നടക്കുന്ന കുറ്റകൃത്യങ്ങളുടെ തൊണ്ണൂറു ശതമാനവും ഇല്ലാതെയാകുമെന്നുറപ്പാണ്. അതിനു നാം തയാറാകുമോയെന്നതാണ് പ്രശ്നം.

ഇസ്‌ലാമിക രാഷ്ട്രത്തിൽതന്നെ ചിലപ്പോൾ ക്ഷാമവും വറുതിയുമു





ണ്ടാകാം. അത്തരം അവസരങ്ങളിൽ പട്ടിണി മാറ്റുന്നതിനുവേണ്ടി ഒരാൾ മോഷ്ടിച്ചാൽ അയാളുടെ കരം ഛേദിക്കുവാൻ ഇസ്‌ലാം കൽപിക്കുന്നില്ല. ഖലീഫ ഉമറി(റ)ന്റെ ഭരണകാലത്ത്, രാജ്യത്ത് ക്ഷാമം പടർന്നുപിടിച്ച സമയത്ത് ഒരു മോഷ്ടാവിനെ പിടികൂടിയപ്പോൾ പട്ടിണിമൂലം മോഷണത്തിന് അയാൾ നിർബന്ധിതനായതായിരിക്കാമെന്ന സംശയത്തിന്റെ ആനുകൂല്യം നൽകി അയാളെ വെറുതെ വിടുകയുണ്ടായി. കുറ്റവാളികളെ ഇല്ലാതെയാക്കുകയെന്ന ലക്ഷ്യത്തോടെ ശിക്ഷാവിധികൾ വിധിക്കുകയും അത് പ്രായോഗികമാണെന്ന് തെളിയിക്കുകയും ചെയ്ത ഇസ്‌ലാമിന്റെ മാനവിക മുഖമാണ് ഇവിടെയും നമുക്ക് കാണാൻ കഴിയുന്നത്.

***രണ്ട് വ്യക്തികൾ ലൈംഗികമായി ബന്ധപ്പെടണമെന്ന് ആഗ്രഹിക്കുന്നുവെങ്കിൽ അതിൽ എന്താണ് തെറ്റ്? അതിന് ക്രൂരമായ ശിക്ഷകൾ വിധിക്കുന്നത് അനീതിയല്ലേ?***

ലൈംഗികത ഒരു ദൈവിക ദാനമാണ്. ജീവികളിൽ അതിന്റെ പരമമായ ലക്ഷ്യം പ്രത്യുൽപാദനമാണ്. മനുഷ്യരിലാകട്ടെ, പ്രത്യുൽപാദനമെന്ന ലക്ഷ്യത്തോടൊപ്പംതന്നെ അവന്റെ മാനസികാരോഗ്യവും കുടുംബത്തിന്റെ കെട്ടുറപ്പും സാമൂഹിക ജീവിതത്തിലെ സമാധാനവുമെല്ലാം ലൈംഗികതയുമായി ബന്ധപ്പെട്ടിരിക്കുന്നു. ദൈവിക മാർഗദർശനപ്രകാരമല്ലാതെയുള്ള ലൈംഗികതയുടെ ഉപയോഗം വ്യക്തിയുടെ മാനസിക നിലയെയും കുടുംബഭദ്രതയെയും സാമൂഹിക ഘടനയെത്തന്നെയും പ്രതികൂലമായി ബാധിക്കും. അതു മാത്രമല്ല, ലൈംഗിക രോഗങ്ങൾക്കും അതുവഴി സമൂഹത്തിന്റെ നിത്യനാശത്തിനുമായിരിക്കും വിവാഹേതര ലൈംഗികബന്ധങ്ങൾ ഇടവരുത്തുക. ഈ വസ്തുത അനുഭവത്തിൽനിന്ന് പഠിച്ചവരാണല്ലോ ആധുനിക സംസ്കാരത്തിന്റെ വക്താക്കളെന്ന വകാശപ്പെടുന്നവർ.

രണ്ടു വ്യക്തികൾ ലൈംഗികമായി ബന്ധപ്പെടണമെങ്കിൽ വിവാഹം എന്ന കരാറിലൂടെയാകണമെന്നാണ് ഇസ്‌ലാം പഠിപ്പിക്കുന്നത്. അതല്ലാതെയുള്ള ബന്ധങ്ങളെല്ലാം നാശം വിതക്കുന്നവയാണ്. അതു സമൂഹത്തിൽ നിലനിൽക്കേണ്ട മൂല്യങ്ങളെയെല്ലാം തകർക്കും. വൈവാഹിക ജീവിതത്തിൽ സംശയത്തിന്റെ വിത്തുകൾ വിതയ്ക്കും. പ്രസ്തുത സംശയങ്ങൾ മനസ്സുകൾ തമ്മിൽ വിടവുകളുണ്ടാക്കും. അതു കുടുംബബന്ധത്തെ ഉലയ്ക്കും. ഭാവി തലമുറയുടെ മാനസികാരോഗ്യത്തെ പോലും അതു ബാധിക്കും.

പാശ്ചാത്യ മൂല്യങ്ങൾ സ്വീകരിച്ചുകൊണ്ട് പുരോഗമിച്ചുകൊണ്ടിരിക്കു

ന്ന കേരളത്തിലെ ഇവ്വിഷയകമായ സ്ഥിതി വിവരക്കണക്കുകൾ ധാർമി കബോധമുള്ള ആരെയും ഞെട്ടിക്കുന്നതാണ്. തിരുവനന്തപുരത്തെ രാജീവ്ഗാന്ധി സെൻറർ ഫോർ ബയോടെക്നോളജിയിൽ ഓരോ മാസവും മുന്നൂറ് പേരെങ്കിലും ഡി.എൻ.എ വിരലടയാള പരിശോധന നടത്തി തങ്ങളുടെ ഭാര്യക്ക് പിറന്ന കുഞ്ഞ് തങ്ങളുടേതുതന്നെയാണോയെന്ന് ഉറപ്പിക്കാൻ വേണ്ടി എത്തുന്നുണ്ടത്രേ! (മാതൃഭൂമി ആഴ്ചപ്പതിപ്പ് 31.1.99) ഇതു കാണിക്കുന്നതെന്താണ്? പരസ്പരം വിശ്വാസമില്ലാത്ത ഇണകളുടെ എണ്ണം വർധിച്ചുവരുന്നുവെന്ന്. എന്താണിതിന് കാരണം? ഉത്തരം 'മാതൃഭൂമി'തന്നെ പറയുന്നുണ്ട്. 'സർവേയിൽ പങ്കെടുത്ത 30 ശതമാനം പുരുഷന്മാരും 18 ശതമാനം സ്ത്രീകളും വിവാഹബാഹ്യബന്ധത്തിൽ ഏർപ്പെടുന്നവരാണ്'.

സദാചാര മൂല്യങ്ങൾ മുറുകെ പിടിക്കുന്നുവെന്നവകാശപ്പെടുന്ന കേരളീയ സമൂഹത്തിന്റെ സ്ഥിതിയാണിത്. പാശ്ചാത്യ സമൂഹങ്ങളിലെ സ്ഥിതിയാകട്ടെ ഇതിലും കഷ്ടമാണ്. ഗർഭിണികളാകുന്ന കൊച്ചുകുഞ്ഞുങ്ങളാണ് അവിടത്തെ ഏറ്റവും വലിയ സാമൂഹികപ്രശ്നം. ജാര സന്തതികളാണ് ഗവൺമെൻറിനെ അലട്ടുന്ന പ്രധാനപ്പെട്ട മറ്റൊരു പ്രശ്നം. ഇതൊന്നും ഒരു വാർത്തയേ അല്ലെന്ന സ്ഥിതിയാണവിടെ. പക്ഷേ, ഇത്തരം സദാചാര ലംഘനങ്ങൾ വഴി കുടുംബമെന്ന സ്ഥാപനം അവിടെ തകർന്നു തരിപ്പണമായിട്ടുണ്ടെന്നും അതു വമ്പിച്ച സാമൂഹിക പ്രശ്നങ്ങൾ സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണെന്നും ഇത് പാശ്ചാത്യലോകത്തിന്റെ സമ്പൂർണ നാശത്തിലാണ് കലാശിക്കുകയെന്നും മുന്നറിയിപ്പ് നൽകിക്കൊണ്ടിരിക്കുകയാണ് സാമൂഹിക ശാസ്ത്രജ്ഞന്മാർ.

ഇസ്ലാം വിഭാവനം ചെയ്യുന്ന സമൂഹം ഇത്തരത്തിലുള്ളതല്ല. ശാന്തമായ കുടുംബാന്തരീക്ഷവും സമാധാന പൂർണമായ ദാമ്പത്യവും നിലനിൽക്കുന്ന സമൂഹത്തെ സൃഷ്ടിക്കുവാനാണ് ഇസ്ലാം പരിശ്രമിക്കുന്നത്.

അതിന് വിവാഹത്തിന് പുറത്തുള്ള സകല ലൈംഗികബന്ധങ്ങളും നിരോധിക്കപ്പെടണമെന്നാണ് ഇസ്ലാം കരുതുന്നത്. അതുകൊണ്ട് അത്തരം ലൈംഗിക ബന്ധങ്ങൾ ഇല്ലാതെയാക്കുവാനാവശ്യമായ ശിക്ഷകളാണ് ഖുർആൻ അനുശാസിക്കുന്നത്. ലൈംഗികത അതിശക്തമായ ഒരു വികാരമാണെന്നിരിക്കെ അതിൽനിന്ന് മനുഷ്യരെ തടഞ്ഞുനിർത്താൻ ശക്തമായ നടപടികൾ ആവശ്യമാണ്. ഖുർആനിലെ ശിക്ഷകൾ പ്രസക്തമാകുന്നത് ഇവിടെയാണ്.

## ഖുർആനിൽ വിവരിക്കുന്ന ശിക്ഷകൾ കൊണ്ട് വിവാഹേതര ലൈംഗികബന്ധങ്ങൾ ഇല്ലാതെയാക്കുവാൻ കഴിയുമോ?





ഖുർആനിൽ കേവലം ശിക്ഷാവിധികളെക്കുറിച്ചു മാത്രമല്ല പരാമർശിക്കുന്നത്. ശിക്ഷാവിധികൾ അവസാനത്തെ പടിയാണെന്നാണ് ഇസ്ലാമിന്റെ വീക്ഷണം. വിവാഹേതര ലൈംഗികബന്ധത്തിലേക്ക് നയിക്കുന്ന സാഹചര്യങ്ങളെയെല്ലാം ഇല്ലായ്മ ചെയ്യണമെന്നാണ് ഖുർആൻ പഠിപ്പിക്കുന്നത്. അതിന് ആവശ്യമായ നിയമങ്ങളും നിർദേശങ്ങളുമെല്ലാം ഇസ്ലാം പ്രദാനം ചെയ്യുന്നുണ്ട്. അവയെ ഇങ്ങനെ സംഗ്രഹിക്കാം.

ഒന്ന്: സ്ത്രീകളും പുരുഷന്മാരും മാന്യമായി വസ്ത്രം ധരിക്കണം. പുരുഷനിലെ ലൈംഗിക ഉത്തേജനത്തിന് കാഴ്ച ഒരു പ്രധാന കാരണമായതുകൊണ്ടുതന്നെ സ്ത്രീകൾ അവരുടെ സൗന്ദര്യം പ്രകടിപ്പിക്കുന്ന രീതിയിൽ വസ്ത്രം ധരിക്കരുത്.

രണ്ട്: ലൈംഗികമായി പ്രലോഭിപ്പിക്കുന്ന യാതൊന്നും സമൂഹത്തിൽ ഉണ്ടാകരുത്. കാബറെ, നൃത്തങ്ങൾ, സൗന്ദര്യ മൽസരം, ബാലെ തുടങ്ങിയവ ഇസ്ലാമിക സമൂഹത്തിൽ ഉണ്ടാവുകയില്ല.

മൂന്ന്: വ്യഭിചാരത്തിലേക്ക് നയിക്കുന്ന രീതിയുള്ള നിർബാധമായ സ്ത്രീ-പുരുഷ സമ്പർക്കം പാടില്ല.

നാല്: ലൈംഗികത ഒരു തൊഴിലായി സ്വീകരിക്കുന്നത് പാടെ വിപാടനം ചെയ്യണം. വേശ്യകളോ കാൾഗേളുകളോ സെക്സ് ബോംബുകളോ നഗ്നമോഡലുകളോ ഒന്നും ഇസ്ലാമിക സമൂഹത്തിൽ ഉണ്ടാവുകയില്ല.

അഞ്ച്: അന്യ സ്ത്രീ-പുരുഷന്മാർ ഒന്നിച്ച് (ഭർത്താവോ വിവാഹം നിഷിദ്ധമായ ബന്ധുവോ കൂടെയില്ലാതെ) യാത്ര ചെയ്യരുത്.

ആറ്: അന്യസ്ത്രീ പുരുഷന്മാർ മറ്റൊരാളുടെ സാന്നിധ്യത്തിലല്ലാതെ സ്വകാര്യ സംഭാഷണത്തിലേർപ്പെടരുത്.

ഏഴ്: പുരുഷൻ സ്ത്രീയെയോ, സ്ത്രീ പുരുഷനെയോ, അവർ വിവാഹത്തിലൂടെ ഇണകളായി മാറിയിട്ടില്ലെങ്കിൽ, കാമവികാരത്തോടെ നോക്കരുത്.

എട്ട്: കാമവികാരമുണ്ടാക്കുന്ന രീതിയിൽ സംസാരിക്കുകയോ കൊഞ്ചിക്കുഴയുകയോ ചെയ്യരുത്.

ഒമ്പത്: പുരുഷൻ വിവാഹാന്വേഷണവുമായി വന്നാൽ അവൻ സംസ്കാര സമ്പന്നനാണെങ്കിൽ പെൺകുട്ടിയെ വിവാഹം ചെയ്തുകൊടുക്കാൻ രക്ഷിതാക്കൾ സന്നദ്ധരാകണം.

പത്ത്: ഒരു സ്ത്രീയെക്കൊണ്ട് വികാരശമനം സാധ്യമല്ലാത്തവർക്ക് ഒ

ന്നിലധികം പേരെ ചില വ്യവസ്ഥകൾക്ക് വിധേയമായി വിവാഹം ചെയ്യുവാൻ അനുവാദമുണ്ട്.

ഖുർആൻ ഒന്നാമതായി, ലൈംഗിക വികാരം ഉത്തേജിപ്പിക്കുകയും കുറ്റകൃത്യങ്ങൾക്ക് പ്രേരിപ്പിക്കുകയും ചെയ്യുന്ന സാഹചര്യങ്ങൾ ഇല്ലായ്മ ചെയ്യുന്നു. രണ്ടാമതായി, വിഹിതമായ മാർഗത്തിൽ വികാരശമനത്തിനാവശ്യമായ തുറന്ന അംഗീകാരം നൽകുന്നു. ഇതിനുശേഷവും വികാരശമനത്തിന് അസാന്മാർഗിക മാർഗങ്ങളെ അവലംബിക്കുന്നവർ സമൂഹത്തിന്റെ ധാർമിക നിലവാരത്തെ തകർക്കുകയും കുടുംബത്തെയും സമൂഹത്തെയുമെല്ലാം നശിപ്പിക്കുകയുമാണ് ചെയ്യുന്നത്. അത്തരം ആളുകളെ കഠിനമായി ശിക്ഷിക്കണമെന്നാണ് ഇസ്‌ലാമിന്റെ നിർദേശം.

മനുഷ്യരെ അസാന്മാർഗികളാക്കുന്നതിൽ സാഹചര്യങ്ങൾക്ക് അനൽപമായ പങ്കുണ്ട്. ലൈംഗിക വികാരത്തെ ഉത്തേജിപ്പിക്കുന്ന രീതിയിൽ മീഡിയയും മാർക്കറ്റുകളും മാറുകയും വിവാഹേതര ലൈംഗികബന്ധം ഒരു പാപമല്ലെന്ന രീതിയിൽ സമൂഹം കൈകാര്യം ചെയ്യുവാനാരംഭിക്കുകയും ചെയ്തതു കാരണം സ്ത്രീകൾക്കു നേരെയുള്ള അക്രമങ്ങൾ വർധിച്ചുകൊണ്ടിരിക്കുന്നുവെന്നതാണ് വാസ്തവം. കേരളത്തിലെ അവസ്ഥതന്നെയെടുക്കുക. 1994-ൽ കേരളത്തിൽ രജിസ്റ്റർചെയ്യപ്പെട്ടിരുന്ന ബലാൽസംഗക്കേസുകൾ 193-ഉം 1995-ൽ 266-ഉം 1996-ൽ 339-ഉം ആയിരുന്നുവെങ്കിൽ 1997-ൽ അത് 588 ആയി ഉയർന്നു. രണ്ടുവർഷത്തിനിടയിൽ 121.05 ശതമാനം വർധന! 98 ഒക്ടോബർ മാസമായപ്പോഴേക്ക് 461 ബലാൽസംഗക്കേസുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. (അവലംബം: മാതൃഭൂമി ആഴ്ചപ്പതിപ്പ് 24.1.1999) എന്താണിതിന് കാരണം? വിവാഹേതര ബന്ധത്തോടുള്ള സമൂഹത്തിന്റെ സമീപനത്തിൽ വന്ന മാറ്റവും മീഡിയകളും മാർക്കറ്റുകളും സ്ത്രീസൗന്ദര്യത്തെ ഒരു വിൽപനച്ചരക്കായി ഉപയോഗിക്കാനാരംഭിച്ചതും കുറ്റകൃത്യങ്ങളുടെ വർധനയിൽ ചെറുതല്ലാത്ത പങ്കുവഹിച്ചിട്ടുണ്ട്. ഈ സ്ഥിതി തുടർന്നാൽ മാന്യമായി ജീവിക്കണമെന്നാഗ്രഹിക്കുന്ന വനിതകൾക്ക് സ്വൈരമായി നടക്കാൻ പറ്റാത്ത സ്ഥിതിയാണ് കേരളത്തിലുണ്ടാവുക.

ഇത്തരമൊരവസ്ഥ ഇസ്‌ലാമിക സമൂഹത്തിലുണ്ടാവുകയില്ല. അവിടെ സ്ത്രീകൾക്ക് തങ്ങളുടെ മാനം അപഹരിക്കപ്പെടുമെന്ന ഭീതിയോടെ ജീവിക്കേണ്ട ഗതിയുണ്ടാവുകയില്ല. പ്രവാചകന്റെ കാലത്ത് വിരലിലെണ്ണാവുന്ന വ്യക്തികളെ മാത്രമേ വ്യഭിചാരത്തിന് ശിക്ഷിച്ചിട്ടുള്ളൂ. ഖലീഫമാരുടെ ഭരണകാലത്തും തഥൈവ. മാധ്യമങ്ങളുടെ കടന്നുകയറ്റവും പാശ്ചാത്യ സംസ്കാരത്തിന്റെ സ്വാധീനവുമെല്ലാം ഏറെ ജീർണത





കൾ സൃഷ്ടിച്ചിട്ടുണ്ടെങ്കിലും ഇന്നും ഖുർആനിക ശിക്ഷാവിധികൾ സ്വീകരിച്ചിരിക്കുന്ന നാടുകളിൽ ലൈംഗിക കുറ്റകൃത്യങ്ങൾ താരതമ്യേന കുറവാണെന്ന വസ്തുത ഇതിന്റെ പ്രായോഗികത വ്യക്തമാക്കുകയാണ് ചെയ്യുന്നത്.

**വ്യഭിചാരത്തിന് രണ്ടു തരം ശിക്ഷകൾ ഇസ്‌ലാം വിധിക്കുന്നുണ്ടല്ലോ. എന്തുകൊണ്ടാണിത്?**

ഇസ്‌ലാമിന്റെ എല്ലാ നിയമങ്ങളെയും പോലെ ശിക്ഷാനിയമവും പടിപടിയായാണ് അവതരിപ്പിക്കപ്പെട്ടത്. വ്യഭിചാരത്തിന് ആദ്യം വിധിക്കപ്പെട്ടത് വീട്ടുതടങ്കലായിരുന്നു. “നിങ്ങളുടെ സ്ത്രീകളിൽനിന്ന് നീചവൃത്തിയിലേർപ്പെടുന്നവരാരോ അവർക്കെതിരിൽ സാക്ഷികളായി നിങ്ങളിൽ നിന്ന് നാലു പേരെ നിങ്ങൾ കൊണ്ടുവരുവിൻ. അങ്ങനെ അവർ സാക്ഷ്യം വഹിച്ചാൽ അവരെ നിങ്ങൾ വീടുകളിൽ തടഞ്ഞുവെച്ചുകൊണ്ടിരിക്കുക. അവരെ മരണം ഏറ്റെടുക്കുകയോ അല്ലാഹു അവർക്കൊരു മാർഗം ഉണ്ടാക്കിത്തരികയോ ചെയ്യുന്നതുവരെ” (ഖുർആൻ 4:15).

ഈ സൂക്തത്തിൽ അല്ലാഹു നിങ്ങൾക്കൊരു മാർഗം നിശ്ചയിക്കുന്നതുവരെയെന്ന് പറഞ്ഞതിനെ അന്വർഥമാക്കിക്കൊണ്ട് വ്യഭിചാരത്തിനുള്ള ഖണ്ഡിതമായ വിധി പിന്നീട് വന്നു. അതിങ്ങനെയാണ്:“വ്യഭിചരിക്കുന്ന സ്ത്രീ-പുരുഷന്മാരിൽ ഓരോരുത്തരെയും നിങ്ങൾ നൂറ് അടി അടിക്കുക. നിങ്ങൾ അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നവരാണെങ്കിൽ അല്ലാഹുവിന്റെ മതനിയമത്തിൽ (അതു നടപ്പാക്കുന്ന വിഷയത്തിൽ) അവരോടുള്ള ദയയൊന്നും നിങ്ങളെ ബാധിക്കാതിരിക്കട്ടെ. അവരുടെ ശിക്ഷ നടക്കുന്നേടത്ത് സത്യവിശ്വാസികളിൽനിന്നുള്ള ഒരു സംഘം സന്നിഹിതരാവുകയും ചെയ്യട്ടെ” (ഖുർആൻ 24:2).

ഈ സൂക്തത്തിൽ നൂറടി വിധിച്ചിരിക്കുന്നത് അവിവാഹിതരായ വ്യഭിചാരികൾക്കാണ്. അവർ വിവാഹിതരാണെങ്കിൽ എറിഞ്ഞുകൊല്ലണമെന്നാണ് ഇസ്‌ലാമിന്റെ വിധി. പ്രവാചകൻ (സ) തന്റെ ഭരണകാലത്ത് ഇത്തരം നാല് കേസുകളിൽ എറിഞ്ഞുകൊല്ലാൻ വിധിച്ചിരുന്നുവെന്ന് കാണാൻ കഴിയും. അതിൽ ഒരെണ്ണത്തിലെ പ്രതികൾ ജൂതന്മാരായിരുന്നു. ബാക്കി മൂന്നിലും മുസ്‌ലിംകളും. വിവാഹിതരായ വ്യഭിചാരികളെ എറിഞ്ഞുകൊല്ലുവാനുള കൽപന മിക്ക ഹദീസുഗ്രന്ഥങ്ങളും (മുസ്‌ലിം, അബൂദാവൂദ്, ഇബ്നുമാജ, ബൈഹഖി, അഹ്മദ്) റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അതുകൊണ്ടുതന്നെ വിവാഹിതരായ വ്യഭിചാരികളെ എറിഞ്ഞുകൊല്ലുകയാണ് വേണ്ടതെന്ന കാര്യത്തിൽ മുസ്‌ലിം പണ്ഡിതന്മാർക്കിടയിൽ അഭിപ്രായ വ്യത്യാസങ്ങളൊന്നുമില്ല. പ്രസ്തുത നിയമം ഖുർആനിൽ പ

രാമർശിക്കപ്പെട്ടിട്ടില്ലെങ്കിലും ഖണ്ഡിതവും സത്യസന്ധവുമായ ഹദീസുകളാൽ സ്ഥിരപ്പെട്ടിട്ടുള്ളതുകൊണ്ടാണിത്.

എന്തുകൊണ്ടാണ് ഒരേ കുറ്റത്തിന് രണ്ടുതരം ശിക്ഷകൾ ഇസ്ലാം വിധിച്ചിരിക്കുന്നത്?

കുറ്റം ഒന്നുതന്നെയാണെങ്കിലും അതു ചെയ്യുന്ന വ്യക്തികളുടെ നിലവാരവും അതു സമൂഹത്തിലുണ്ടാക്കുന്ന പ്രത്യാഘാതവുംകൂടി പരിഗണിച്ചുകൊണ്ടാണ് ഇസ്ലാം ശിക്ഷാവിധികൾ നിശ്ചയിച്ചിരിക്കുന്നത്. അവിവാഹിതരുടെ വ്യഭിചാരം ഒരു കുറ്റമാണ്. പക്ഷേ അവർക്ക് തങ്ങളുടെ ലൈംഗിക വികാരം ശമിപ്പിക്കുവാൻ വിഹിതമായ മാർഗങ്ങൾ മുന്നിലില്ല; അവരുടെ പ്രവർത്തനം മൂലം കുടുംബബന്ധങ്ങളൊന്നും തകരുന്നില്ല. എന്നാൽ വിവാഹിതരുടെ വ്യഭിചാരമോ? അവർക്കുമുന്നിൽ തങ്ങളുടെ വികാരശമനത്തിന് നിയമാനുസൃതം പരിണയിച്ച ഇണകളുണ്ട്. പ്രസ്തുത ലൈംഗികബന്ധത്തിൻെറ പരിണത ഫലമോ? കുടുംബത്തകർച്ച! അങ്ങനെ സമൂഹത്തിൽ മുഴുവൻ അരാചകത്വം!! അതുകൊണ്ടുതന്നെ ഇവയ്ക്കുള്ള ശിക്ഷകൾ വ്യത്യസ്തമായിരിക്കണം. വിവാഹിതരുടെ വ്യഭിചാരവുമായി താരതമ്യം ചെയ്യുമ്പോൾ അവിവാഹിതരുടേത് ചെറിയ കുറ്റമാണ്. വിഹിതമാർഗമുണ്ടായിട്ടും അവിഹിതമാർഗങ്ങൾ തേടിപ്പോകുന്നവരെ വെച്ചുകൊണ്ടിരുന്നുകൂടാ. അവർ മാതൃകാപരമായി ശിക്ഷിക്കപ്പെടണം. അതു കാണുന്ന ഒരാളും ഇനി അതിന് മുതിരാത്ത രീതിയിലുള്ള ശിക്ഷ. അതുകൊണ്ടാണ് അത്തരം ആളുകളെ മരണംവരെ കല്ലെറിയുക എന്ന നിയമം ഇസ്ലാം നിശ്ചയിച്ചിരിക്കുന്നത്.

അവിവാഹിതർക്കാകട്ടെ അവരുടെ കുറ്റത്തിൻെറ തോത് പ്രകാരം പരസ്യമായി നൂറ് അടി അടിക്കുവാൻ ഇസ്ലാം കൽപിച്ചു. അവർ സമൂഹത്തിൽ അരാജകത്വം ഉണ്ടാക്കുന്നുവെങ്കിലും കുടുംബത്തിൻെറ തകർച്ചക്കോ അതുമൂലമുള്ള സാമൂഹിക പ്രശ്നങ്ങൾക്കോ അത് നിമിത്തമാകുന്നില്ലല്ലോ?

**<u>വ്യഭിചാരാരോപണം ഉന്നയിച്ച് ആരെയും നശിപ്പിക്കാൻ സാധിക്കുന്ന ഒരു അവസ്ഥ സംജാതമാകുകയല്ലേ ഖുർആനിലെ ശിക്ഷാനിയമങ്ങൾ നടപ്പാക്കിയാൽ ഉണ്ടാവുക?</u>**

കുറ്റവാളികൾ അല്ലാത്തവർ ഒരിക്കലും ശിക്ഷിക്കപ്പെട്ടുകൂടാ എന്നതാണ് ഇസ്ലാമിക ശിക്ഷാനിയമങ്ങളുടെ ഒരു അടിസ്ഥാനതത്ത്വം. അതുകൊണ്ടുതന്നെ സംശുദ്ധമായി ജീവിതം നയിക്കുന്നവരെ ആരോപണങ്ങളുന്നയിച്ച് അപകീർത്തിപ്പെടുത്തുവാൻ ഇസ്ലാം അനുവദിക്കുന്നില്ല. അത്തരം ആരോപണങ്ങളുന്നയിക്കുന്നവർ നാലു സാക്ഷികളെ ഹാജരാക്കു





വാൻ സന്നദ്ധരാവണം. അല്ലാത്ത പക്ഷം ആരോപിക്കപ്പെടുന്നവരല്ല, പ്രത്യുത ആരോപിക്കുന്നവരാണ് ശിക്ഷിക്കപ്പെടുക. വ്യഭിചാരാരോപണമുന്നയിക്കുന്നവർക്കുള്ള ശിക്ഷയെപ്പറ്റി ഖുർആൻ വ്യക്തമാക്കുന്നതിങ്ങനെയാണ്: “ചാരിത്രവതികളുടെ മേൽ (വ്യഭിചാരം) ആരോപിക്കുകയും എന്നിട്ട് നാലു സാക്ഷികളെ കൊണ്ടുവരാതിരിക്കുകയും ചെയ്യുന്നവരെ നിങ്ങൾ എൺപത് അടി അടിക്കുക. അവരുടെ സാക്ഷ്യം നിങ്ങൾ ഒരിക്കലും സ്വീകരിക്കുകയും ചെയ്യരുത്. അവർ തന്നെയാണ് അധർമകാരികൾ” (ഖുർആൻ 24:4).

പതിവ്രതകളെപ്പറ്റി ആരോപണങ്ങൾ പറഞ്ഞുണ്ടാക്കുക ചിലരുടെ ഹോബിയാണ്. അത്തരമാളുകൾ സമൂഹത്തിൽ ഉണ്ടാക്കുന്ന കുഴപ്പങ്ങൾ ചില്ല റയൊന്നുമല്ല. എൺപതടി കിട്ടുമെന്ന് വന്നാൽ ആരും അത്തരം ദുരാരോപ ണങ്ങളുമായി നടക്കുകയില്ല. നാലു സാക്ഷികളില്ലാതെ വ്യഭിചാരാരോപണം ഉന്നയിക്കുവാൻ ആരും മുതിരുകയില്ല. ആരോപണങ്ങൾ പുകഞ്ഞ് നാലാ ളുടെ മുമ്പിൽ നടക്കാൻ വയ്യാതെയായ എത്രയെത്ര പേർ നമ്മുടെ സമൂഹത്തിലുണ്ട്. നമ്മുടെ മീഡിയകൾ സർക്കുലേഷൻ വർധിപ്പിക്കുന്നത് ഇത്തരം ഗോസിപ്പുകൾ ഉപയോഗിച്ചുകൊണ്ടാണല്ലോ. ഇത്തരം ദുഷ്പ്രവർത്തനങ്ങളെല്ലാം ഇസ്ലാമിക സമൂഹത്തിന് അന്യമായിരിക്കും. മാന്യമാരെ അകാരണമായി ആരോപണങ്ങളിൽ മുക്കിക്കൊല്ലുന്ന അവസ്ഥ ആസമൂഹത്തിൽ നിലനിൽക്കുകയില്ല. ആരെങ്കിലും അതിന് മുതിർന്നാൽ അവരെ പരസ്യമാ യി എൺപത് അടി അടിക്കണമെന്നാണ് ഖുർആനിൻെറ അനുശാസന.

വ്യഭിചാരത്തിന് ഇസ്ലാം നിശ്ചയിച്ച ശിക്ഷകൾ കഠിനമാണ്. വിവാഹിതരെങ്കിൽ കല്ലെറിഞ്ഞുകൊല്ലുക! അവിവാഹിതരെങ്കിൽ പരസ്യമായി നൂറടി! ഇത്തരം ശിക്ഷകൾ വിധിച്ച ഇസ്ലാം അതോടൊപ്പംതന്നെ നിരപരാധികൾ ശിക്ഷിക്കപ്പെടാതിരിക്കുവാൻ ആവശ്യമായ നിയമങ്ങൾ കൂടി ആവിഷ്കരിച്ചിട്ടുണ്ട്. നാലു ദൃക്സാക്ഷികൾ ഉണ്ടെങ്കിൽ മാത്രമേ ഒരാൾ മറ്റൊരാളുടെ പേരിൽ വ്യഭിചാരാരോപണമുന്നയിക്കുവാൻ പാടുള്ളൂ. അല്ലെങ്കിൽ ആരോപണം ഉന്നയിച്ചവർ കുടുങ്ങും. അവർക്ക് എൺപത് അടി വീതം ലഭിക്കും. കള്ള സാക്ഷ്യത്തിനുള്ള സാധ്യത ഇവിടെ തീരെ വിരളമാണ്. ഒരു പാടുപേർ കണ്ടുവെന്ന് ഉറപ്പുണ്ടായാൽ മാത്രമേ ഒരാൾ ഇത്തരം ആരോപണം ഉന്നയിക്കാൻ മുതിരുകയുള്ളൂ. അതുകൊണ്ടുതന്നെ നിരപരാധി ശിക്ഷിക്കപ്പെടുവാൻ ഉള്ള സാധ്യത തീരെയില്ലെന്നുതന്നെ പറയാം.

അകാരണമായി കൊല്ലപ്പെടുന്നവൻെറ പ്രയാസങ്ങളോ പ്രസതുത കൊല മൂലം അനാഥമാകുന്ന കുടുംബത്തിൻെറ പ്രശ്നങ്ങളോ സമൂഹത്തിലുണ്ടാവുന്ന വിടവോ ഒന്നും പരിഗണിക്കാതെ കൊലയാളിയിൽ കാരുണ്യവർഷം നടത്തുകയും അവനെ സംസ്കരിക്കുവാൻ സാധിക്കുമെന്ന മിഥ്യാബോധത്തിൻെറ അടിത്തറയിൽ സിദ്ധാന്തങ്ങൾ മെനയുകയും ചെയ്യുന്നവർക്ക് ഖുർആനിലെ നിയമങ്ങൾ അപ്രായോഗികവും അപരിഷ്കൃതവുമായി തോന്നുക സ്വാഭാവികമാണ്. എന്നാൽ, അനുഭവങ്ങൾ കാണിക്കുന്നത്, ഇവരുടെ ഗവേഷണഫലത്തിന് എതിരായ വസ്തുതകളാണെന്ന സത്യം നാം മനസ്സിലാക്കണം.

കൊലക്കുറ്റത്തിന് ആധുനിക കോടതികൾ വിധിക്കുന്നത് പരമാവധി ജീവപര്യന്തം തടവാണ്. ഏതാനും വർഷങ്ങൾ മാത്രം നീണ്ടുനിൽക്കുന്ന ജയിൽവാസമായിട്ടാണ് ജീവപര്യന്തതടവ് മാറാറുള്ളത്. ഇതുതന്നെ ശിക്ഷിക്കപ്പെടാറുള്ളവർക്കു മാത്രം. പണവും സ്വാധീനവുമുള്ളവർ എത്ര പേരെ കൊന്നാലും സുഖമായി രക്ഷപ്പെടുന്നുവെന്ന വസ്തുതയാണല്ലോ നാം ദിനേന അറിഞ്ഞുകൊണ്ടിരിക്കുന്നത്.

ആരെ കൊന്നാലും ഒന്നുമുണ്ടാകാൻ പോകുന്നില്ലെന്ന സ്ഥിതിയുടെ പരിണത ഫലമെന്താണ്? കൊലപാതകക്കുറ്റങ്ങളുടെ അഭൂതപൂർവമായ വളർച്ച! കൊലപാതകക്കുറ്റങ്ങൾ ചെയ്യാൻ യുവാക്കൾ കൂടുതൽ കൂടുതൽ തയാറാകുന്ന അവസ്ഥ! ഇക്കഴിഞ്ഞ കൊല്ലം (1998) ഇന്ത്യയിൽ നടന്ന പൈശാചിക കൊലപാതകങ്ങളിൽ തൊണ്ണൂറ്റിമൂന്ന് ശതമാനവും ഈ രംഗത്തെ പുതുമുഖങ്ങളായ യുവാക്കൾ ചെയ്തതായിരുന്നുവെന്നാണ് കണക്കുകൾ കാണിക്കുന്നത് (coutesy: India today 20.1.1999 )-. പണത്തിനും സുഖസൗകര്യങ്ങൾക്കും വേണ്ടി ആരെയും കൊല്ലാൻ മടിയില്ലാത്ത ഒരു തലമുറ വളർന്നുകൊണ്ടിരിക്കുന്നു. ഇരുപത്തിനാലുകാരായ ശ്യാമിൻെറയും രവിയുടെയും കഥ നോക്കുക: ഇരുപത്തിനാല് വയസ്സ് പ്രായമുള്ള രവിയും ശ്യാമും മോട്ടോർ ബൈക്കിൽ നഗരം (ബാംഗ്ലൂർ) ചുറ്റുന്നു. ഒഴിഞ്ഞ ഇരുണ്ട തെരുവുകളിൽ ഒറ്റയ്ക്ക് ഇരുചക്രവാഹനം ഓടിച്ചുപോകുന്ന സ്ത്രീകളെയാണ് അവർ ലക്ഷ്യം വെക്കുന്നത്. ഒമ്പതു മാസങ്ങൾക്കുള്ളിൽ ഇരുപത്തിമൂന്ന് പേരെ ഇങ്ങനെ കൊലപ്പെടുത്തിയിട്ടുള്ള അവർക്ക് പലപ്പോഴും അമ്പത് രൂപയൊക്കെയായിരിക്കും ലഭിക്കുക (Ibid)-. അമ്പതു രൂപക്കുവേണ്ടി ഒരു ജീവൻ നഷ്ടപ്പെടുത്തുവാൻ യാതൊരു വൈ





മനസ്യവുമില്ലാത്ത യുവാക്കൾ!

പണത്തിൽ മുങ്ങിക്കുളിച്ച സഞ്ജീവ് നന്ദിയുടെ കഥ മറ്റൊന്നാണ്: അമേരിക്കയിലെ മികച്ച ബിസിനസ് സ്കൂളിലൊന്നിൽ അയച്ച് മാതാപിതാക്കൾ അവനെ പഠിപ്പിച്ചു. അറുപത് ലക്ഷം രൂപ വില വരുന്ന ബി.എം.ഡബ്ലിയു ഏഴാം പരമ്പരയിൽപെട്ട കാർ ഇന്ത്യയിൽ അവധിക്കാലം ചെലവഴിക്കുമ്പോൾ ഉപയോഗിക്കാനായി അവർ അവനു മാത്രമായി നൽകി. ഇങ്ങനെ എല്ലാവിധ സുഖസൗകര്യങ്ങളുണ്ടായിട്ടും ആ ജീവിതം തകർക്കാൻ നന്ദി എന്തേ വഴിയൊരുക്കി? എന്തുകൊണ്ടാണ് മദ്യലഹരിയിൽ തൻെറ ബി.എം.ഡബ്ലിയു. ഇടിച്ച് അഞ്ചുപേരെ കൊന്ന ശേഷം നിർത്താതെ ഓടിച്ചുപോയത്? പരിക്കേറ്റവരെ സഹായിക്കാനായി ഒരു നിമിഷം നിർത്തുകപോലും ചെയ്യാതെ കാറുമായി തൻെറ സുഹൃത്തിൻെറ വസതിയിലെത്തി. കാറിലെ തെളിവുകളെല്ലാം എന്തിനാണ് അയാൾ കഴുകിക്കളഞ്ഞത്? (ഇന്ത്യാ ടുഡേ, 27.1.99). അഞ്ചു നിരപരാധികളെ കൊന്ന് കാറുമായി കടന്നുപോകുവാൻ യാതൊരു മടിയുമില്ലാത്ത തലമുറ!

സുഖത്തിലേക്കുള്ള തങ്ങളുടെ പ്രയാണത്തിൽ കാറിൻെറ ചക്രങ്ങൾക്കിടയിൽ കിടന്ന് ചതഞ്ഞരഞ്ഞവരുടെ നേർക്ക് ഒന്ന് ദയയോടുകൂടി നോക്കുവാൻ പോലും തയാറാവാത്ത യുവാക്കൾ!

കുറ്റവാളികളെ ജയിലിലടച്ച് സംസ്കരിച്ചു കളയാമെന്ന ക്രിമിനോളജിസ്റ്റ് വാദത്തിനെതിരെയുള്ള ജീവിക്കുന്ന തെളിവുകളാണിവ! കൂടുതൽ പേരെ കുറ്റവാളികളാക്കുവാൻ മാത്രമേ കുറ്റവാളികളോടുള്ള ദാക്ഷിണ്യത്തോടെയുള്ള പെരുമാറ്റം നിമിത്തമാവുകയുള്ളൂ. കുറ്റകൃത്യങ്ങൾ ഇല്ലാതാക്കുവാനാവശ്യമായ സാഹചര്യങ്ങൾ സൃഷ്ടിക്കുകയും എന്നിട്ട് കുറ്റം ചെയ്യാൻ വാസന പ്രകടിപ്പിക്കുന്നവരെ കഠിനമായി ശിക്ഷിക്കുകയും ചെയ്താൽ മാത്രമേ സമാധാനപൂർണമായ സാമൂഹിക ജീവിതം സാധ്യമാകൂ എന്ന വസ്തുത കണക്കിലെടുത്തുകൊണ്ടാണ് കൊലക്കുറ്റത്തിന് കൊലയെന്ന ശിക്ഷ ഖുർആൻ നിർദേശിക്കുന്നത്.

“സത്യവിശ്വാസികളേ, കൊല ചെയ്യപ്പെടുന്നവരുടെ കാര്യത്തിൽ തുല്യശിക്ഷ നടപ്പാക്കുകയെന്നത് നിങ്ങൾക്ക് നിയമമാക്കപ്പെട്ടിരിക്കുന്നു. സ്വതന്ത്രനു പകരം സ്വതന്ത്രനും അടിമക്കു പകരം അടിമയും സ്ത്രീക്കു പകരം സ്ത്രീയും (കൊല്ലപ്പെടേണ്ടതാണ്)” (ഖുർആൻ 2:178).

ഗോത്ര വഴക്കുകൾ കാരണം പരസ്പരം രക്തം ചിന്തിക്കൊണ്ടിരുന്ന അറേബ്യൻ സമൂഹത്തിൽ നിലവിലുണ്ടായിരുന്ന അതിക്രൂരമായ പ്രതികാര നടപടികളുടെ കടയ്ക്ക് കത്തിവെച്ചുകൊണ്ടാണ് ഈ സൂക്തം അ

വതരിപ്പിക്കപ്പെട്ടത്. ഒരു ഗോത്രത്തിൽനിന്ന് ആരെങ്കിലും വധിക്കപ്പെട്ടാൽ പകരം കൊന്നവനെ കൊല്ലുകയെന്ന സമ്പ്രദായമായിരുന്നില്ല അവിടെ നിലനിന്നിരുന്നത്. പ്രത്യുത, കൊല്ലപ്പെട്ട വ്യക്തിക്ക് എത്ര വിലമതിച്ചിരുന്നുവോ അതു കണക്കാക്കി അതിനു പകരമായി ഘാതകൻെറ ഗോത്രത്തിൽനിന്ന് ആളുകളെ കൊന്നൊടുക്കുകയായിരുന്നു അവരുടെ രീതി. ഒരാൾക്ക് പകരം പത്തും നൂറും ആളുകളെ കൊന്നൊടുക്കുവാൻ അവർക്ക് യാതൊരു മടിയുമുണ്ടായിരുന്നില്ല. തിരിച്ചും ഇതുതന്നെയായിരുന്നു അവസ്ഥ. ഒരു ഉന്നതൻ മറ്റൊരു ഗോത്രത്തിലെ നിസ്സാരനെ വധിച്ചാൽ കൊന്നവനെ കൊല്ലുകയെന്ന നിയമം നടപ്പാക്കാൻ അവർക്ക് വൈമനസ്യമായിരുന്നു. 'ഒരു പാവപ്പെട്ടവനു പകരം ഉന്നതനോ?' എന്നായിരുന്നു അവരുടെ ചോദ്യം. ഈ സമ്പ്രദായങ്ങൾക്ക് അറുതി വരുത്തിയ ഖുർആൻ പ്രതിക്രിയ നടപ്പാക്കേണ്ടത് പ്രതിയുടെ മേൽ മാത്രമാണെന്നു വ്യക്തമാക്കുകയാണ് ഉദ്ധരിക്കപ്പെട്ട സൂക്തത്തിൽ ചെയ്യുന്നത്.

മനുഷ്യജീവന് ഉന്നതമായ വിലയാണ് ഇസ്‌ലാം കൽപിക്കുന്നത്. ഗോത്രവഴക്കിൻെറയോ വിരോധത്തിൻെറയോ പ്രതികാരത്തിൻെറയോ പേരിൽ നശിപ്പിക്കപ്പെടാനുള്ളതല്ല ഒരാളുടെ ജീവൻ. ഖുർആൻ വ്യക്തമാക്കുന്നു : "മറ്റൊരാളെ കൊന്നതിന് പകരമായോ ഭൂമിയിൽ കുഴപ്പമുണ്ടാക്കിയതിൻെറ പേരിലോ അല്ലാതെ വല്ലവനും ഒരാളെ കൊലപ്പെടുത്തിയാൽ, അത് മനുഷ്യരെ മുഴുവൻ കൊലപ്പെടുത്തിയതിന് തുല്യമാകുന്നു. ഒരാളുടെ ജീവൻ വല്ലവനും രക്ഷിച്ചാൽ അത് മനുഷ്യരുടെ മുഴുവൻ ജീവൻ രക്ഷിച്ചതിന് തുല്യമാകുന്നു" (5:32).

എന്നാൽ, വധശിക്ഷ ശരിയല്ലെന്ന വാദം അടിസ്ഥാന രഹിതമാണ്. കൊലക്കുറ്റത്തിന് പ്രതികാരം ചെയ്യാൻ സന്നദ്ധമല്ലാത്ത ഒരു സമൂഹത്തിൽ കൊലപാതകങ്ങളുടെ പരമ്പരകളുണ്ടാവും.ആർക്കും ഭയരഹിതമായി ജീവിക്കുവാൻ സാധ്യമല്ലാത്ത അവസ്ഥ സംജാതമാകും. അതുകൊണ്ടുതന്നെ ഖുർആൻ പറഞ്ഞു: "ബുദ്ധിമാന്മാരെ, (കൊലക്കു കൊലയെന്ന) തുല്യശിക്ഷ നൽകുന്നതിലാണ് നിങ്ങളുടെ ജീവിതത്തിൻെറ നിലനിൽപ് (2:179).

ഈ ഖുർആനിക പരാമർശത്തിൻെറ സത്യത വെളിവാക്കുന്നതാണല്ലോ മുമ്പ് ഉദ്ധരിച്ച സംഭവങ്ങൾ.

**കൊലയാളിയെ തിരിച്ചു കൊല്ലുന്നതുകൊണ്ട് കൊല്ലപ്പെട്ടവൻെറ കുടുംബത്തിന് എന്തു കിട്ടുവാനാണ്? അനാഥമായിത്തീരുന്ന കൊല്ലപ്പെട്ടവൻെറ കുടുംബത്തെ സംരക്ഷിക്കുവാൻ എന്തു നിർദേശമാണ്**





**ഖുർആൻ സമർപ്പിക്കുന്നത്?**

കൊലക്കുറ്റത്തിന് എല്ലാ സന്ദർഭത്തിലും ഒരു പോലെ വധശിക്ഷ നൽകണമെന്ന് ഖുർആൻ നിർബന്ധിക്കുന്നില്ല. വധശിക്ഷയെക്കുറിച്ച് പ്രതിപാദിക്കുന്ന ഖുർആൻ സൂക്തം കാണുക: "വിശ്വസിച്ചവരേ, വധിക്കപ്പെട്ടവരുടെ കാര്യത്തിൽ തുല്യമായ പ്രതിക്രിയ നിങ്ങൾക്ക് നിയമമാക്കപ്പെട്ടിരിക്കുന്നു. സ്വതന്ത്രന് സ്വതന്ത്രൻ, അടിമക്ക് അടിമ, സ്ത്രീക്കു സ്ത്രീ. എന്നാൽ, ഘാതകന് തൻെറ സഹോദരനിൽനിന്ന് വല്ല ഇളവും ചെയ്തുകിട്ടിയാൽ മര്യാദ പ്രകാരം അത് അംഗീകരിക്കപ്പെടുകയും നല്ല നിലയിൽ പിഴ കൊടുത്തുവിടുകയും വേണ്ടതാകുന്നു. ഇത് നിങ്ങളുടെ രക്ഷിതാവിൽനിന്നുള്ള ലഘൂകരണവും അനുഗ്രഹവുമത്രെ" (ഖുർആൻ 2:178).

ഘാതകനെ മരണത്തിൽനിന്നു രക്ഷിക്കണമോ വേണ്ടയോയെന്ന് തീരുമാനിക്കുന്നത് കൊല്ലപ്പെട്ടവൻെറ അടുത്ത ബന്ധുക്കളാണ്. അവർക്ക് വേണമെങ്കിൽ പ്രതികാരമൂല്യം (ദിയഃ) വാങ്ങി അയാള വെറുതെ വിടാം. അയാളെ വെറുതെ വിടാനാണ് ബന്ധുക്കളുടെ തീരുമാനമെങ്കിൽ അതിന് എതിര് നിൽക്കുവാൻ കോടതിക്ക് അവകാശമില്ല. നൂറ് ഒട്ടകമാണ് കൊലക്കുറ്റത്തിനുള്ള പ്രതികാരമൂല്യം. അതുവാങ്ങി ഘാതകനെ വെറുതെ വിട്ടു കഴിഞ്ഞാൽ പിന്നെ അയാൾക്കെതിരെ യാതൊരുവിധ പ്രതികാര നടപടിയും പാടില്ല.

ചുരുക്കത്തിൽ, കൊല്ലപ്പെട്ടവൻെറ ബന്ധുക്കൾക്ക് സമ്മതമെങ്കിൽ നഷ്ടപരിഹാരം വാങ്ങി ഘാതകനെ വെറുതെ വിടുകയും പ്രസ്തുത നഷ്ടപരിഹാരമുപയോഗിച്ച് അനാഥമായിത്തീർന്നവരെ പുനരധിവസിപ്പിക്കുകയും അവരുടെ ജീവസന്ധാരണത്തിനുള്ള മാർഗമുണ്ടാക്കുകയും ചെയ്യാം. ഘാതകനെ എന്തു ചെയ്യണമെന്ന് തീരുമാനിക്കുവാനുള്ള ആത്യന്തികമായ അധികാരം കൊല്ലപ്പെട്ടവൻെറ ബന്ധുക്കൾക്കു നൽകിയ ഖുർആൻ, അതിൻെറ ശിക്ഷാനിയമങ്ങളുടെ പ്രോജ്വലമായ മാനവിക മുഖമാണ് ഇവിടെയും പ്രകടിപ്പിക്കുന്നത്.

# പതിമൂന്ന്

## ഖുർആനും അമുസ്‌ലിംകളും

**അമുസ്‌ലിംകളെ ഖുർആനിൽ അഭിസംബോധന ചെയ്തിരിക്കുന്നത് 'കാഫിർ' എന്നാണല്ലോ. അതൊരു അസഭ്യപദപ്രയോഗമായാണ് പലപ്പോഴും മനസ്സിലാക്കപ്പെടുന്നത്. എന്താണ് ഈ പദം വിവക്ഷിക്കുന്നത്?**

മറച്ചുവെക്കുന്നവൻ എന്നാണ് കാഫിർ എന്ന പദത്തിൻെറ ഭാഷാർഥം. വിത്ത് മണ്ണിനടിയിൽ മറച്ചുവെക്കുന്നവനായതിനാൽ കർഷകനെ കാഫിർ എന്നു വിളിക്കും. ലഭിച്ച നേട്ടങ്ങൾ മറച്ചുവെക്കുന്നവനെ കാഫിർ എന്നു വിളിക്കുന്ന രീതി പൗരാണിക അറേബ്യയിൽതന്നെ നിലവിലുണ്ടായിരുന്നു. നന്ദികെട്ടവൻ എന്ന അർഥത്തിലും കാഫിർ എന്ന് പ്രയോഗിക്കപ്പെട്ടതായി കാണുവാൻ കഴിയും.

സത്യനിഷേധി, നന്ദികേട് കാണിക്കുന്നവൻ, അവിശ്വസിക്കുന്നവൻ എന്നീ അർഥങ്ങളിലാണ് ഖുർആൻ കാഫിർ എന്നു പ്രയോഗിക്കുന്നത്. പുലഭ്യം പറയുന്ന രീതിയിലല്ല, പ്രത്യുത ഉദ്ദേശിക്കപ്പെടുന്നവരുടെ സ്വഭാവം വിശദീകരിക്കുന്ന രീതിയിലാണ് ഖുർആൻ ഈ പദം പ്രയോഗിച്ചിരിക്കുന്നത്. കാഫിർ എന്ന ഏകവചനപ്രയോഗവും കാഫിറൂൻ, കുഫ്ഫാർ എന്നീ ബഹുവചനപ്രയോഗങ്ങളും ഖുർആനിൽ പലതവണ ആവർത്തിക്കപ്പെട്ടിട്ടുണ്ട്. അവിടെയെല്ലാം തന്നെ പ്രതിപാദിക്കപ്പെട്ടവരുടെ സ്വഭാവങ്ങൾ വ്യക്തമാക്കുകയാണ് ഖുർആൻ ചെയ്യുന്നത്. ഏതാനും ഖുർആൻ വചനങ്ങൾ കാണുക:

"അല്ലാഹുവിലും അവൻെറ ദൂതന്മാരിലും അവിശ്വസിക്കുകയും (വിശ്വാസ കാര്യത്തിൽ) അല്ലാഹുവിനും അവൻെറ ദൂതന്മാർക്കുമിടയിൽ വിവേചനം കൽപിക്കാൻ ആഗ്രഹിക്കുകയും ഞങ്ങൾ ചിലരിൽ വിശ്വസിക്കുകയും ചിലരെ നിഷേധിക്കുകയും ചെയ്യുന്നു എന്നു പറയുകയും അങ്ങനെ അതിനിടയിൽ മറ്റൊരു മാർഗം സ്വീകരിക്കാനുദ്ദേശിക്കുകയും ചെയ്യുന്നവരാരോ അവർ തന്നെയാകുന്നു യഥാർഥ കാഫിറുകൾ (സത്യനിഷേധികൾ). കാഫിറുകൾക്ക് അപമാനകരമായ ശിക്ഷ നാം ഒരുക്കി

വെച്ചിട്ടുണ്ട്" (4:150, 151).

"അല്ലാഹുവിൻെറ അനുഗ്രഹം അവർ മനസ്സിലാക്കുകയും എന്നിട്ട് അതിനെ നിഷേധിക്കുകയുമാണ് ചെയ്യുന്നത്. അവരിൽ അധികപേരും കാഫിറുകൾ (സത്യനിഷേധികൾ/നന്ദികെട്ടവർ) ആകുന്നു" (16:83).

"തീർച്ചയായും നാം തന്നെയാകുന്നു തൗറാത്ത് അവതരിപ്പിച്ചിരിക്കുന്നത്. അതിൽ മാർഗദർശനവും പ്രകാശവുമുണ്ട്. (അല്ലാഹുവിന്) കീഴ്പ്പെട്ട പ്രവാചകന്മാർ യഹൂദന്മാർക്ക് അതിനനുസരിച്ച് വിധി കൽപിച്ചുവന്നു. പുണ്യവാന്മാരും മതപണ്ഡിതന്മാരും (അങ്ങനെതന്നെ ചെയ്തു). കാരണം അല്ലാഹുവിൻെറ ഗ്രന്ഥത്തിൻെറ സംരക്ഷണം അവർക്ക് ഏൽപിക്കപ്പെട്ടിരുന്നു. അവരതിന് സാക്ഷികളുമായിരുന്നു. അതിനാൽ നിങ്ങൾ ജനങ്ങളെ പേടിക്കാതെ എന്നെ മാത്രം ഭയപ്പെടുക. എൻെറ വചനങ്ങൾ നിങ്ങൾ തുച്ഛമായ വിലയ്ക്ക് വിറ്റുകളയാതിരിക്കുക. അല്ലാഹു അവതരിപ്പിച്ചതനുസരിച്ച് ആർ വിധിക്കുന്നില്ലയോ അവർതന്നെയാകുന്നു കാഫിറുകൾ" (5:44).

"(നബിയേ) പറയുക: കാഫിറുകളേ, നിങ്ങൾ ആരാധിച്ചുവരുന്നതിനെ ഞാൻ ആരാധിക്കുന്നില്ല. ഞാൻ ആരാധിച്ചുവരുന്നതിനെ നിങ്ങളും ആരാധിക്കുന്നവരല്ല. നിങ്ങൾ ആരാധിച്ചു വന്നതിനെ ഞാൻ ആരാധിക്കുവാൻ പോകുന്നില്ല. ഞാൻ ആരാധിച്ചുവരുന്നതിനെ നിങ്ങളും ആരാധിക്കാൻ പോകുന്നില്ല. നിങ്ങൾക്ക് നിങ്ങളുടെ മതം, എനിക്ക് എൻെറ മതവും" (109: 1–6).

ഈ വചനങ്ങളിൽനിന്നെല്ലാം നമുക്ക് മനസ്സിലാവുന്നത് ദൈവിക മാർഗദർശനം അംഗീകരിക്കാതെ സത്യത്തെ നിഷേധിക്കുകയും അതുവഴി അനുഗ്രഹദാതാവായ അല്ലാഹുവിനോട് നന്ദികേട് കാണിക്കുകയും ചെയ്യുന്നവരെ കുറിക്കുവാൻ വേണ്ടിയാണ് ഖുർആൻ കാഫിർ എന്നു പ്രയോഗിച്ചിരിക്കുന്നത് എന്നാണ്. പടച്ചതമ്പുരാൻെറ അനുഗ്രഹങ്ങൾ അനുഭവിക്കുകയും അതോടൊപ്പം അനുഗ്രഹദാതാവായ അല്ലാഹുവെ അംഗീകരിക്കാതിരിക്കുകയും ചെയ്യുന്നവൻ കാഫിറാണ്. മനുഷ്യർക്കാവശ്യമായ സംവിധാനങ്ങളെല്ലാം ഭൂമിയിൽ ചെയ്തുവെച്ച പടച്ചതമ്പുരാൻ നമ്മിൽനിന്ന് ആവശ്യപ്പെടുന്ന ഏകകാര്യമായ അവനെ മാത്രം ആരാധിക്കുന്നതിൽനിന്ന് വ്യതിചലിച്ച് ആരാധന അർഹിക്കാത്ത സൃഷ്ടികളോട് പ്രാർഥിക്കുന്നവൻ കാഫിറാണ്. സന്മാർഗം കാണിച്ചുതരാൻ വേണ്ടി പടച്ചതമ്പുരാൻ പറഞ്ഞയച്ച പ്രവാചകന്മാരെ അംഗീകരിക്കാതിരിക്കുന്നവൻ കാഫിറാണ്. സത്യാസത്യവിവേചകമായി പടച്ചതമ്പുരാൻ അവതരിപ്പിച്ച വേ





ദഗ്രന്ഥങ്ങൾ അനുസരിച്ച് ജീവിതം ചിട്ടപ്പെടുത്താത്തവൻ കാഫിറാണ്. സത്യത്തിൻെറ ശത്രുക്കളായി മാറിയ കാഫിറുകളാണ് ദൈവികമായ പ്രകാശത്തെ ഊതിക്കെടുത്താൻ ശ്രമിക്കുന്നത്.

**അമുസ്ലിംകളെ നിർബന്ധിച്ച് മതപരിവർത്തനം ചെയ്യിക്കണമെന്നല്ലേ ഖുർആൻ അനുശാസിക്കുന്നത്?**

അല്ല. അമുസ്ലിംകളെ നിർബന്ധിച്ച് മതപരിവർത്തനം ചെയ്യിക്കണമെന്ന് അനുശാസിക്കുന്ന ഒരു വചനം പോലും ഖുർആനിലില്ല. നിർബന്ധ മതപരിവർത്തനം എന്ന ആശയത്തോടുതന്നെ ഖുർആൻ യോജിക്കുന്നില്ല.

ഇസ്ലാം എന്നാൽ സമർപ്പണം, സമാധാനം എന്നിങ്ങനെയാണർഥം. സർവശക്തന് സ്വന്തം ജീവിതത്തെ സമർപ്പിക്കുന്നതുവഴി ഒരാൾ നേടിയെടുക്കുന്ന സമാധാനമാണ് ഇസ്ലാം എന്ന് പറയാം. ദൈവം തമ്പുരാന് സ്വന്തത്തെ സമർപ്പിച്ചവനാണ് മുസ്ലിം. ഒരാൾ മുസ്ലിമാവുകയെന്നാൽ ദൈവിക മാർഗനിർദേശങ്ങൾക്കനുസരിച്ച് ജീവിതത്തെ പരിവർത്തിപ്പിക്കുകയെന്നാണർഥം. ഈ പരിവർത്തനത്തിൻെറ മുളപൊട്ടേണ്ടത് മനസ്സിലാണ്. മനുഷ്യമനസ്സുകളിൽ മാറ്റമുണ്ടാകാതെ മൗലികമായ യാതൊരു പരിവർത്തനവും സാധ്യമല്ലെന്നതാണ് ഖുർആനിൻെറ വീക്ഷണം. അതുകൊണ്ടുതന്നെ നിർബന്ധിച്ച് ഒരാളെയും മതത്തിൽ കൂട്ടുന്നതിനോട് അത് യോജിക്കുന്നില്ല. സത്യവിശ്വാസത്തിലേക്ക് കടന്നുവരുന്നതിനായി സ്വന്തം സമുദായത്തെ ഉൽബോധിപ്പിക്കുന്നതിനുവേണ്ടി കഠിനാധ്വാനം ചെയ്ത പ്രവാചകന് (സ) സത്യനിഷേധികളുടെ നിലപാടിൽ മാറ്റമൊന്നുമില്ലെന്ന് മനസ്സിലായപ്പോൾ ഉണ്ടായ മനോവ്യഥയെ ചോദ്യം ചെയ്തുകൊണ്ട്ഖുർആൻ പറയുന്നത് കാണുക: "നിൻെറ രക്ഷിതാവ് ഉദ്ദേശിച്ചിരുന്നുവെങ്കിൽ ഭൂമിയിലുള്ളവരെല്ലാം ഒന്നിച്ച് വിശ്വസിക്കുമായിരുന്നു. എന്നിരിക്കെ ജനങ്ങൾ സത്യവിശ്വാസികളാകുവാൻ നീ അവരെ നിർബന്ധിക്കുകയോ? (10:99).

സത്യമതപ്രബോധനത്തിനായി നിയുക്തരായ പ്രവാചകന്മാരിൽ നിക്ഷിപ്തമായിരുന്ന ബാധ്യത മതപ്രചാരണം മാത്രമായിരുന്നുവെന്നും നിർബന്ധിച്ച് മതം മാറ്റുകയായിരുന്നില്ലെന്നുമുള്ള വസ്തുത ഖുർആൻ വ്യക്തമാക്കുന്നുണ്ട്: "എന്നാൽ ദൈവദൂതന്മാരുടെ മേൽ സ്പഷ്ടമായ പ്രബോധനമല്ലാതെ വല്ല ബാധ്യതയുമുണ്ടോ?" (16:36).

"ഇനി അവർ തിരിഞ്ഞുകളയുകയാണെങ്കിൽ (നബിയേ) നിന്നെ നാം അവരുടെ മേൽ കാവൽക്കാരനായി അയച്ചിട്ടില്ല. നിൻെറ മേൽ പ്രബോധ

നബാധ്യത മാത്രമേയുള്ളൂ' (വി.ഖു 42:48).

സത്യമതത്തിലേക്ക് ജനങ്ങളെ ക്ഷണിക്കുകയല്ലാതെ അവരെ നിർബന്ധിച്ച് മാറ്റുന്നതിനുവേണ്ടി പ്രവാചകൻ പരിശ്രമിക്കേണ്ടതില്ലെന്ന് ഖുർആൻ അദ്ദേഹത്തോട് ആവർത്തിച്ചു പറയുന്നുണ്ട്". പറയുക: സത്യം നിങ്ങളുടെ രക്ഷിതാവിങ്കൽനിന്നുള്ളതാവുന്നു. അതിനാൽ ഇഷ്ടമുള്ളവർ വിശ്വസിക്കട്ടെ" (18:29).

"അതിനാൽ (നബിയേ) നീ ഉൽബോധിപ്പിക്കുക. നീ ഒരു ഉൽബോധകൻ മാത്രമാകുന്നു. നീ അവരുടെ മേൽ അധികാരം ചെലുത്തേണ്ടവനല്ല" (88:21, 22)

ചുരുക്കത്തിൽ പ്രവാചകന്മാരെല്ലാം സത്യമതപ്രബോധകർ മാത്രമായിരുന്നു. അന്തിമ പ്രവാചകനും തഥൈവ. ജനങ്ങളുടെ മുമ്പിൽ സത്യമേതെന്ന് തുറന്നു കാണിക്കേണ്ട ഉത്തരവാദിത്തം മാത്രമേ അദ്ദേഹത്തിനുണ്ടായിരുന്നുള്ളൂ. അന്തിമ പ്രവാചകനിലൂടെ പൂർത്തീകരിക്കപ്പെട്ട സത്യമതത്തിൻെറ പ്രചാരണം ഉത്തരവാദിത്തമായി ഏൽപിക്കപ്പെട്ട സത്യവിശ്വാസികളുടെ ബാധ്യതയും ഇതുമാത്രമാണ്. അസത്യത്തിൽനിന്ന് സത്യത്തെ വേർതിരിച്ച് മനസ്സിലാക്കിക്കൊടുക്കുകയെന്ന ബാധ്യത മാത്രം. മതത്തിൽ നിർബന്ധിച്ച് ആളെ ചേർക്കുന്നതിന് ഖുർആൻ ആരോടും ആവശ്യപ്പെടുന്നില്ലെന്നു മാത്രമല്ല, നിർബന്ധ മതപരിവർത്തനം ശരിയല്ലെന്ന നിലപാട് അത് പ്രഖ്യാപിക്കുകയും ചെയ്യുന്നു. "മതത്തിൻെറ കാര്യത്തിൽ ബലപ്രയോഗമേയില്ല. സന്മാർഗം ദുർമാർഗത്തിൽനിന്ന് വ്യക്തമായി വേർതിരിഞ്ഞുകഴിഞ്ഞിരിക്കുന്നു" (2:256).

**വിഗ്രഹാരാധനയെ ശക്തമായി വിലക്കുന്ന ഖുർആൻ അന്യമതസ്ഥരുടെ ആരാധനാമൂർത്തികളെ നശിപ്പിക്കുവാനല്ലേ മുസ്‌ലിംകളെ പ്രേരിപ്പിക്കുന്നത്?**

അല്ല. അന്യമതസ്ഥരുടെ ആരാധനാമൂർത്തികളെ നശിപ്പിക്കുവാൻ ആവശ്യപ്പെടുന്ന സൂക്തങ്ങളൊന്നുംതന്നെ ഖുർആനിലില്ല. മാത്രവുമല്ല. അമുസ്‌ലിംകൾ ആരാധിക്കുന്ന വസ്തുക്കളെ അവഹേളിക്കരുതെന്നാണ് ഖുർആനിൻെറ അനുശാസന: "അല്ലാഹുവിന് പുറമെ അവർ വിളിച്ചു പ്രാർഥിക്കുന്നവരെ നിങ്ങൾ ശകാരിക്കരുത്" (16:108).

ഏകദൈവാരാധനയിലധിഷ്ഠിതമായ ഇസ്‌ലാം സൃഷ്ടിപൂജയെ വെറുക്കുന്നുവെന്നത് നേരാണ്. അതുകൊണ്ടുതന്നെ സൃഷ്ടിപൂജയുടെ നിരർഥകതയെ വെളിപ്പെടുത്തുന്ന ഒട്ടനവധി സൂക്തങ്ങൾ ഖുർആനിലുണ്ട്. ഇവയെല്ലാം മനുഷ്യബുദ്ധിയെ തൊട്ടുണർത്തുന്നവയാണ്. സൃഷ്ടിപൂജ





യുടെ അധമത്വത്തിൽനിന്ന് മാനവ സമുദായത്തെ മോചിപ്പിക്കുകയാണ് ഖുർആനിൻെറ ലക്ഷ്യം. ആരാധനാ മൂർത്തികളെ നശിപ്പിച്ചതുകൊണ്ട് മനുഷ്യരാശി സൃഷ്ടിപൂജയിൽനിന്ന് കരകയറുമെന്ന മൂഢധാരണയൊന്നും ഖുർആനിനില്ല. അതുകൊണ്ടുതന്നെ ഖുർആൻ നശിപ്പിക്കുവാൻ ശ്രമിക്കുന്നത് കല്ലുകളാലും മറ്റും നിർമിക്കപ്പെട്ട ആരാധനാമൂർത്തികളെയല്ല, മനുഷ്യ മനസ്സുകളിൽ കൊത്തിവെക്കപ്പെട്ട വിഗ്രഹങ്ങളെയാണ്. ഈ വിഗ്രഹ ധ്വംസനത്തിന് ശക്തി പ്രയോഗിക്കുകയല്ല, യുക്തിയെ പ്രവർത്തനക്ഷമമാക്കുകയാണ് വേണ്ടതെന്ന് ഖുർആനിൻെറ കർത്താവിന് നന്നായി അറിയാം. അതുകൊണ്ടുതന്നെ ഖുർആൻ ചെയ്യുന്നത് വിഗ്രഹാരാധനക്കെതിരെ ജനങ്ങളെ ബോധവത്കരിക്കുകയാണ്.

സൃഷ്ടിപൂജയെ ശക്തമായി വിമർശിക്കുന്നതോടൊപ്പംതന്നെ അത്തരം ആരാധനാരീതികൾ സ്വീകരിച്ചിരുന്നയാളുകൾക്ക് അതിന് സ്വാതന്ത്ര്യം നൽകപ്പെടണമെന്നതാണ് ഖുർആനിൻെറ കാഴ്ചപ്പാട്. പൂജിക്കപ്പെടുന്ന വസ്തുക്കളെയൊന്നും അവഹേളിക്കരുതെന്ന ഖുർആനിൻെറ അനുശാസന വ്യക്തമാക്കുന്നത് അതാണ്. മദീനയിലെ സ്വന്തം പള്ളിയിൽ വെച്ചുപോലും നജ്റാനിൽനിന്നു വന്ന ക്രൈസ്തവർക്ക് അവരുടെ ആരാധനകൾ നിർവഹിക്കാൻ അവസരം നൽകിയ പ്രവാചകൻ (സ) ഖുർആൻ അനുശാസിക്കുന്ന ആരാധനാ സ്വാതന്ത്ര്യത്തിൻെറ പ്രായോഗിക രൂപമാണ് ലോകത്തിന് കാണിച്ചുകൊടുത്തത്.

ഇസ്‌ലാമിക ഭരണക്രമത്തിലാകട്ടെ, അന്യമതസ്ഥൻെറ ആരാധനാലയങ്ങളും മറ്റു മതചിഹ്നങ്ങളുമെല്ലാം സംരക്ഷിക്കുവാൻ രാഷ്ട്രം പ്രതിജ്ഞാബദ്ധമാണ്. നജ്റാനിലെ ക്രൈസ്തവരുമായി പ്രവാചകനുണ്ടാക്കിയ കരാറിൽനിന്ന് ഇക്കാര്യം സുതരാം വ്യക്തമാണ്. അതിൽ നമുക്കിങ്ങനെ വായിക്കാം: 'നജ്റാനിലെ ക്രൈസ്തവർക്കും അവരോടൊപ്പം ജീവിക്കുന്നവർക്കും അവരുടെ ജീവൻ, മതം, ഭൂമി, ധനം എന്നിവക്കും അവരിൽ സന്നിഹിതരായവർക്കും അല്ലാത്തവർക്കും അവരുടെ നിവേദക സംഘങ്ങൾക്കും കുരിശ്, ക്രൈസ്തവ ദേവാലയം തുടങ്ങിയ മത ചിഹ്നങ്ങൾക്കും അല്ലാഹുവിൻെറ അഭയവും അവൻെറ ദൂതൻ മുഹമ്മദിൻെറ സംരക്ഷണ ബാധ്യതയുമുണ്ട്. ഇവയുടെ നിലവിലുള്ള അവസ്ഥയിൽ യാതൊരു മാറ്റവും വരുത്തുന്നതല്ല. അവരുടെ പുരോഹിതനോ സന്യാസിയോ പരിപാലകനോ തൽസ്ഥാനത്തുനിന്ന് നീക്കം ചെയ്യപ്പെടുകയോ അവരുടെ ഏതെങ്കിലും അവകാശങ്ങൾ ഹനിക്കപ്പെടുകയോ ഏതെങ്കിലും മതചിഹ്നങ്ങൾ മാറ്റപ്പെടുകയോ ഇല്ല'.

പ്രവാചകനുശേഷം ഖലീഫമാരും അവർക്കുശേഷം വന്ന മുസ്‌ലിം ഭരണാധികാരികളുമെല്ലാം അന്യമതസ്ഥർക്ക് ആരാധനാ സ്വാതന്ത്ര്യമനുവദിച്ചിരുന്നതായി അക്കാലത്തെ രേഖകളിൽനിന്ന് വ്യക്തമായി മനസ്സിലാക്കാൻ കഴിയും.

എന്നാൽ ഒരു രാഷ്ട്രം പൂർണമായി ഇസ്‌ലാമികമായിത്തീരുകയും വിഗ്രഹാരാധകരായി ആരും തന്നെ അവശേഷിക്കാത്ത അവസ്ഥ സംജാതമാകുകയും ചെയ്യുന്ന സാഹചര്യങ്ങളിൽ ദുഷിച്ച ബഹുദൈവാരാധനയിലേക്ക് മനുഷ്യരെ തിരിച്ചുവിടുന്ന വിഗ്രഹങ്ങളെയും ശവകുടീരങ്ങളെയും നശിപ്പിക്കാൻ പ്രവാചകൻ (സ) കൽപിച്ചതായി കാണുവാൻ കഴിയും. ജനങ്ങളെല്ലാം ഏകദൈവാരാധകരായി മാറിയതിനുശേഷമുള്ള ഒരു നടപടിയാണിത്. ഒരു ബഹുമതസമൂഹത്തിൽ മുസ്‌ലിം സ്വീകരിക്കേണ്ട നടപടിയല്ലെന്നർത്ഥം.

**അമുസ്‌ലിംകളുമായി സ്നേഹബന്ധം സ്ഥാപിക്കാൻ പാടില്ലെന്നും അവരെ മിത്രങ്ങളാക്കാൻ പാടില്ലെന്നും ഖുർആൻ അനുശാസിക്കുന്നുണ്ടല്ലോ. അത് വർഗീയതയല്ലേ?**

സത്യനിഷേധികളെ ഉറ്റ മിത്രങ്ങളാക്കുവാൻ പാടില്ലെന്ന വ്യക്തമായ വിലക്ക് ഖുർആനിലുണ്ട്. ഏതാനും സൂക്തങ്ങൾ കാണുക:

“സത്യവിശ്വാസികൾ സത്യവിശ്വാസികളെയല്ലാതെ സത്യനിഷേധികളെ മിത്രങ്ങളാക്കി വെക്കരുത്. അങ്ങനെ വല്ലവനും ചെയ്യുന്നപക്ഷം അല്ലാഹുവുമായി അവന് യാതൊരു ബന്ധവുമില്ല; നിങ്ങൾ അവരോട് കരുതലോടെ വർത്തിക്കുകയാണെങ്കിലല്ലാതെ. അല്ലാഹു അവനെപ്പറ്റി നിങ്ങൾക്ക് താക്കീത് നൽകുന്നു. അല്ലാഹുവിങ്കലേക്കത്രേ (നിങ്ങൾ) തിരിച്ചു ചെല്ലേണ്ടത്” (3:28).

“സത്യവിശ്വാസികളേ, യഹൂദരെയും ക്രൈസ്തവരെയും നിങ്ങൾ ഉറ്റ മിത്രങ്ങളായി സ്വീകരിക്കരുത്. അവരാകട്ടെ അന്യോന്യം ഉറ്റമിത്രങ്ങളാണുതാനും. നിങ്ങളിൽനിന്നാരെങ്കിലും അവരെ ഉറ്റമിത്രങ്ങളായി സ്വീകരിക്കുന്നപക്ഷം അവനും അവരിൽപെട്ടവൻതന്നെയാണ്. അക്രമികളായ ആളുകളെ അല്ലാഹു നേർവഴിയിലാക്കുകയില്ല, തീർച്ച” (വി.ഖു. 5:51).

“അല്ലാഹുവും അവന്റെ ദൂതനും താഴ്മയുള്ളവരായിക്കൊണ്ട് നമസ്കാരം മുറപോലെ നിർവഹിക്കുകയും സകാത്ത് നൽകുകയും ചെയ്യുന്ന സത്യവിശ്വാസികളും മാത്രമാകുന്നു നിങ്ങളുടെ ഉറ്റമിത്രങ്ങൾ” (5:55).

“വല്ലവനും അല്ലാഹുവെയും അവന്റെ ദൂതനെയും സത്യവിശ്വാസികളെയും മിത്രങ്ങളായി സ്വീകരിക്കുന്നുവെങ്കിൽ തീർച്ചയായും അല്ലാഹു





വിന്റെ കക്ഷിതന്നെയാണ് വിജയം നേടുന്നവർ” (5:56).

“സത്യവിശ്വാസികളേ, നിങ്ങൾക്ക് മുമ്പ് വേദഗ്രന്ഥം നൽകപ്പെട്ടവരിൽ നിന്ന് നിങ്ങളുടെ മതത്തെ തമാശയും വിനോദവിഷയവുമാക്കിത്തീർത്തവരെയും സത്യനിഷേധികളെയും നിങ്ങൾ ഉറ്റമിത്രങ്ങളായി സ്വീകരിക്കരുത്. നിങ്ങൾ സത്യവിശ്വാസികളാണെങ്കിൽ അല്ലാഹുവെ സൂക്ഷിക്കുവിൻ” (5:57).

“നിങ്ങളിൽ നമസ്കാരത്തിനായി വിളിച്ചാൽ, അവരതിനെ ഒരു തമാശയും വിനോദവിഷയവുമാക്കിത്തീർക്കുന്നു. അവർ ചിന്തിച്ചു മനസ്സിലാക്കാത്ത ഒരു ജനവിഭാഗമായതുകൊണ്ടത്രെ അത്” (5:58).

ഏതു തരത്തിലുള്ള അമുസ്‌ലിംകളോടാണ് മുസ്‌ലിംകൾ മൈത്രീബന്ധം സ്ഥാപിക്കാൻ പാടില്ലാത്തത് എന്ന് ഖുർആൻതന്നെ വിശദീകരിക്കുന്നു.

“ഹേ, സത്യവിശ്വാസികളേ, എന്റെ ശത്രുവും നിങ്ങളുടെ ശത്രുവും ആയിട്ടുള്ളവരോട് സ്നേഹബന്ധം സ്ഥാപിച്ചുകൊണ്ട് നിങ്ങൾ അവരെ മിത്രങ്ങളാക്കി വെക്കരുത്. നിങ്ങൾക്ക് വന്നുകിട്ടിയിട്ടുള്ള സത്യത്തിൽ അവർ അവിശ്വസിച്ചിരിക്കയാണ്. നിങ്ങൾ നിങ്ങളുടെ രക്ഷിതാവായ അല്ലാഹുവിൽ വിശ്വസിക്കുന്നതിനാൽ റസൂലിനെയും നിങ്ങളെയും അവർ നാട്ടിൽനിന്ന് പുറത്താക്കുന്നു. എന്റെ മാർഗത്തിൽ സമരം ചെയ്യുവാനും എന്റെ പ്രീതി തേടുവാനും നിങ്ങൾ പുറപ്പെട്ടിരിക്കയാണെങ്കിൽ (നിങ്ങൾ അപ്രകാരം മൈത്രീബന്ധം സ്ഥാപിക്കരുത്). നിങ്ങൾ അവരുമായി രഹസ്യമായി സ്നേഹബന്ധം സ്ഥാപിക്കുന്നു. നിങ്ങൾ രഹസ്യമാക്കിയതും പരസ്യമാക്കിയതും ഞാൻ നല്ലവണ്ണം അറിയുന്നവനാണ്. നിങ്ങളിൽനിന്ന് വല്ലവനും അപ്രകാരം പ്രവർത്തിക്കുന്നപക്ഷം അവൻ നേർമാർഗത്തിൽനിന്ന് പിഴച്ചുപോയിരിക്കുന്നു”(60:1).

“അവർ നിങ്ങളെ കണ്ടുമുട്ടുന്നപക്ഷം അവർ നിങ്ങൾക്ക് ശത്രുക്കളായിരിക്കും. നിങ്ങളുടെ നേർക്ക് ദുഷ്ടതയും കൊണ്ട് അവരുടെ കൈകളും നാവുകളും അവർ നീട്ടുകയും നിങ്ങൾ അവിശ്വസിച്ചിരുന്നെങ്കിൽ എന്ന് അവർ ആഗ്രഹിക്കുകയും ചെയ്യും” (60:2).

ഇസ്‌ലാമിനെയും മുസ്‌ലിംകളെയും ശത്രുതയോടെ വീക്ഷിക്കുകയും നശിപ്പിക്കുവാനായി ഗൂഢതന്ത്രങ്ങൾ മെനയുകയും അല്ലാഹുവിൽ വിശ്വസിച്ചതിനാൽ നാട്ടിൽനിന്ന് മുസ്‌ലിംകളെ പുറത്താക്കുകയും ചെയ്യുന്ന അമുസ്‌ലിംകളുമായി, അവർ വേദക്കാരാകട്ടെ അല്ലാത്തവരാകട്ടെ, മൈത്രീബന്ധം സ്ഥാപിക്കുന്നതിനെയാണ് ഖുർആൻ വിലക്കുന്നത്. ഇത്ത

രം സത്യനിഷേധികളുമായി, ദൈവമാർഗത്തിൽ സമരം ചെയ്യുന്ന ഒരു മുസ്ലിമിനും മൈത്രീബന്ധം സ്ഥാപിക്കുവാനാവുകയില്ലെന്നുറപ്പാണ്. എന്നാൽ, ചില കപടവിശ്വാസികൾ രഹസ്യമായി ഇസ്ലാമിൻെറ ശത്രുക്കളുമായി ചങ്ങാത്തത്തിലാവുകയും മുസ്ലിംകളോട് ഞങ്ങൾ നിങ്ങളോടൊപ്പമാണ് എന്ന് നുണ പറയുകയും ചെയ്തിരുന്നു. അവരെക്കുറിച്ചാണ്, "നിങ്ങളിൽനിന്നാരെങ്കിലും അവരെ ഉറ്റമിത്രങ്ങളായി സ്വീകരിക്കുന്ന പക്ഷം അവനും അവരിൽപെട്ടവൻതന്നെയാണ്" (5:51) എന്ന് ഖുർആൻ പറഞ്ഞിട്ടുള്ളത്.

**ഇസ്ലാമിനോടോ മുസ്ലിംകളോടോ ശത്രുത പ്രകടിപ്പിക്കാത്ത അമുസ്ലിംകളുമായി മൈത്രീബന്ധം സ്ഥാപിക്കുന്നതിനെക്കുറിച്ച ഖുർആനിക വിധിയെന്താണ്?**

"മത കാര്യത്തിൽ നിങ്ങളോട് യുദ്ധം ചെയ്യാതിരിക്കുകയും, നിങ്ങളുടെ വീടുകളിൽനിന്ന് നിങ്ങളെ പുറത്താക്കാതിരിക്കുകയു ചെയ്യുന്നവരെ സംബന്ധിച്ചിടത്തോളം നിങ്ങൾ അവർക്ക് നന്മ ചെയ്യുന്നതിൽനിന്ന് നിങ്ങളവരോട് നീതി കാണിക്കുന്നതിൽനിന്നും അല്ലാഹു നിങ്ങളെ വിലക്കുന്നില്ല. തീർച്ചയായും അല്ലാഹു നീതി പാലിക്കുന്നവരെ ഇഷ്ടപ്പെടുന്നു" (ഖുർആൻ 60:8).

"മതകാര്യത്തിൽ നിങ്ങളോട് യുദ്ധം ചെയ്യുകയും നിങ്ങളുടെ വീടുകളിൽനിന്ന് നിങ്ങളെ പുറത്താക്കുകയും നിങ്ങളെ പുറത്താക്കുന്നതിൽ പരസ്പരം സഹകരിക്കുകയും ചെയ്തവരെ സംബന്ധിച്ചുമാത്രമാണ് അവരോട് മൈത്രി കാണിക്കുന്നത് അല്ലാഹു നിരോധിക്കുന്നത്. വല്ലവരും അവരോട് മൈത്രീബന്ധം പുലർത്തുന്നപക്ഷം അവർ തന്നെയാകുന്നു അക്രമകാരികൾ" (60:9).

അമുസ്ലിംകളെ മിത്രങ്ങളാക്കരുത് എന്ന് അനുശാസിക്കുന്നത് ഇസ്ലാമിനെയും മുസ്ലിംകളെയും നശിപ്പിക്കുന്നതിനുവേണ്ടി തന്ത്രങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കുന്നവരെ ഉദ്ദേശിച്ചുകൊണ്ടാണെന്ന വസ്തുത, ഈ സൂക്തത്തിൽനിന്ന് സുതരാം വ്യക്തമാണ്. സാധാരണക്കാരായ അമുസ്ലിംകളുമായി സ്നേഹബന്ധം സ്ഥാപിക്കുന്നതുകൊണ്ട് അത് മതത്തിന് ഹാനികരമാകാത്തിടത്തോളം എന്തെങ്കിലും കുഴപ്പമുണ്ടെന്ന് ഖുർആൻ പരാമർശിക്കുന്നില്ല.

**വിമതസ്ഥരുമായുള്ള വൈവാഹിക ബന്ധം ഖുർആൻ വിലക്കുന്നുണ്ടല്ലോ. ഇത് വർഗീയതയല്ലേ?**

ബഹുദൈവ വിശ്വാസികളുമായി യാതൊരുവിധ വൈവാഹികബന്ധവും പാടില്ലെന്ന് ഖുർആൻ നിഷ്കർഷിക്കുന്നുണ്ട്.





"ബഹുദൈവ വിശ്വാസിനികളെ അവർ വിശ്വസിക്കുന്നതുവരെ നിങ്ങൾ വിവാഹം കഴിക്കരുത്. സത്യവിശ്വാസിനിയായ ഒരടിമസ്ത്രീയാണ് ബഹുദൈവവിശ്വാസിനിയേക്കാൾ നല്ലത്. അവൾ നിങ്ങൾക്ക് കൗതുകം ജനിപ്പിച്ചാലും ശരി. ബഹുദൈവവിശ്വാസികൾക്ക് അവർ വിശ്വസിക്കുന്നതുവരെ നിങ്ങൾ വിവാഹം കഴിപ്പിച്ചുകൊടുക്കുകയും ചെയ്യരുത്. സത്യവിശ്വാസിയായ ഒരടിമയാണ് ബഹുദൈവവിശ്വാസിയേക്കാൾ നല്ലത്. അവൻ നിങ്ങൾക്ക് കൗതുകം ജനിപ്പിച്ചാലും ശരി. അക്കൂട്ടർ നരകത്തിലേക്കാണ് ക്ഷണിക്കുന്നത്. അല്ലാഹുവാകട്ടെ അവൻെറ ഹിതമനുസരിച്ച് സ്വർഗത്തിലേക്കും പാപമോചനത്തിലേക്കും ക്ഷണിക്കുന്നു. ജനങ്ങൾ ശ്രദ്ധിച്ച് മനസ്സിലാക്കാൻ വേണ്ടി തൻെറ തെളിവുകൾ അവർക്ക് വിവരിച്ചുകൊടുക്കുകയും ചെയ്യുന്നു" (2:221).

വൈവാഹികബന്ധം കേവലം ശാരീരികബന്ധത്തിൽ മാത്രം അധിഷ്ഠിതമായ ഒരു കൂട്ടുകെട്ടല്ല. നിഷ്കളങ്ക സ്നേഹവും പരസ്പര ബഹുമാനവും നിലനിൽക്കുമ്പോൾ മാത്രമേ വൈവാഹികജീവിതം സാർഥകമാവൂ. സ്ത്രീ-പുരുഷബന്ധത്തെ ഖുർആൻ ഉപമിച്ചിരിക്കുന്നത് വസ്ത്രത്തോടാണ്. "അവർ നിങ്ങൾക്കൊരു വസ്ത്രമാകുന്നു. നിങ്ങൾ അവർക്കുമൊരു വസ്ത്രമാകുന്നു" (2:187). ഇണകൾ തമ്മിൽ നിലനിൽക്കേണ്ട അടുപ്പവും പാരസ്പര്യവും വ്യക്തമാക്കുന്നതാണ് ഈ ഉപമ.

സന്യാസത്തെ അടിസ്ഥാന നയമായി അംഗീകരിച്ചിട്ടുള്ള മതങ്ങളിൽനിന്ന് വ്യത്യസ്തമായി വൈവാഹിക ജീവിതം ഒരു മതബാധ്യതയായാണ് ഇസ്ലാം കാണുന്നത്. 'വിവാഹിതനായവൻ മതത്തിൻെറ പകുതി പൂർത്തിയാക്കിയിരിക്കുന്നു'വെന്നാണ് മുഹമ്മദ് നബി (സ) പഠിപ്പിച്ചത്.

വൈവാഹിക ജീവിതത്തിൽ കൃത്യമായി പാലിക്കപ്പെടേണ്ട വിധിവിലക്കുകൾ ഖുർആനും നബിചര്യയും പഠിപ്പിക്കുന്നുണ്ട്. ധാർമികതയിൽ അധിഷ്ഠിതമായ ലൈംഗികജീവിതത്തിനും ഈ നിയമനിർദേശങ്ങൾ പാലിക്കേണ്ടത് അനിവാര്യമാണ്. ഒരു മുസ്ലിമിന് ഇവയിൽനിന്ന് വ്യതിചലിക്കാനാവില്ല.

ബഹുദൈവവിശ്വാസത്തിന് പ്രാമാണികമായ അടിത്തറയില്ല. അതുകൊണ്ടുതന്നെ കാലദേശത്തിനനുസരിച്ച് ബഹുദൈവവിശ്വാസത്തിൻെറ രൂപഭാവങ്ങളിൽ മാറ്റമുണ്ടാവും. ഇതുപോലെതന്നെയാണ് ബഹുദൈവവിശ്വാസിയുടെ ആചാരാനുഷ്ഠാനങ്ങളും ധാർമിക നിർദേശങ്ങളുമെല്ലാം. ദൈവപ്രോക്തമായ ധാർമിക വിധിവിലക്കുകൾ അനുസരിക്കുവാൻ ബാധ്യസ്ഥനായ മുസ്ലിമിനെ സംബന്ധിച്ചിടത്തോളം മനുഷ്യ നിർമിതങ്ങ

ളായ വിധിവിലക്കുകൾ അംഗീകരിക്കാനാവില്ല; അത് തൻെറ മതവിശ്വാസത്തെ ബാധിക്കുമ്പോൾ വിശേഷിച്ചും. തൻെറ പങ്കാളി പിന്തുടരുന്ന ധാർമിക ജീവിതം തൻെറ ആദർശത്തിന് തികച്ചും വിരുദ്ധമാകുന്നത് മുസ്ലിമിൻെറ മതജീവിതത്തെ പ്രതികൂലമായി ബാധിക്കും.

വ്യഭിചാരത്തെ മതാചാരമായി കാണുന്ന മതസമൂഹങ്ങളുണ്ട്. ഗ്രീസിലെ ഹെറ്റൈറകളും ഇന്ത്യയിലെ ദേവദാസികളും മതപരമായി അടിച്ചേൽപിക്കപ്പെട്ട വേശ്യാവൃത്തി ചെയ്യാൻ വിധിക്കപ്പെട്ടവരായിരുന്നു. കന്യകയുടെയോ പിതാവിൻെറയോ സമ്മതമില്ലെങ്കിൽകൂടി ഇഷ്ടപ്പെട്ട സ്ത്രീയെ തട്ടിക്കൊണ്ടുവന്ന് വിവാഹം ചെയ്യാമെന്നാണ് മനുസ്മൃതിയുടെ വിധി. ക്ഷത്രിയന് അനുവദനീയമായ ഇത്തരം വിവാഹത്തിനാണ് രാക്ഷസം എന്നു പറയുന്നത് (മനുസ്മൃതി 3:26). വിവാഹത്തിനു മുമ്പ് പലരുമായും ലൈംഗികബന്ധത്തിലേർപ്പെട്ട് ഇതിൽ ഉണ്ടാകുന്ന കുഞ്ഞിന് ആരുടെ മുഖഛായയാണോ അയാളെ ഭർത്താവായി സ്വീകരിക്കുന്ന സമ്പ്രദായം മക്കയിലെ ബഹുദൈവവിശ്വാസികൾക്കിടയിൽ നിലനിന്നിരുന്നു. താന്ത്രികമതത്തിൽ സംഘരതി മോക്ഷത്തിനുവേണ്ടിയുള്ള ഒരു ആത്മീയാനുഷ്ഠാനമാണ്. ഈ രൂപത്തിലുള്ള ധാർമിക നിയമങ്ങൾ സ്വീകരിച്ചിരുന്ന ബഹുദൈവവിശ്വാസികളുടെ സമൂഹങ്ങളിൽനിന്ന് തൻെറ ഇണയെ തെരഞ്ഞെടുക്കുന്ന ഒരു മുസ്ലിമിന് സ്വന്തം മതമനുസരിച്ച് ജീവിക്കുക ദുഷ്കരമായിരിക്കുമെന്നതിൽ സംശയമില്ല.

ബഹുദൈവവിശ്വാസികളുമായി വൈവാഹികബന്ധത്തിൽ ഏർപ്പെടുന്നത് ഖുർആൻ അനുവദിച്ചിരുന്നുവെങ്കിൽ അത് മുസ്ലിംകൾക്ക് ഏറെ പ്രയാസം സൃഷ്ടിക്കുമായിരുന്നു. സംഘരതി ഒരു മതാനുഷ്ഠാനമായി സ്വീകരിക്കുന്ന ഒരു താന്ത്രിക സ്ത്രീയെ അവളുടെ മതമനുസരിച്ചുകൊണ്ട് ജീവിക്കുവാൻ അനുവദിച്ചുകൊണ്ട് എങ്ങനെയാണ് ഒരു മുസ്ലിമിന് ഇണയായി വെച്ചുകൊണ്ടിരിക്കുവാൻ കഴിയുക? ഒന്നുകിൽ അവളുടെ മതസ്വാതന്ത്ര്യത്തെ ഹനിക്കണം, അല്ലെങ്കിൽ അവൻെറ മതത്തിന് വിരുദ്ധമായി അവൻ പ്രവർത്തിക്കണം. ഇത്തരം വിഷമസന്ധികൾ ഒഴിവാക്കാൻ കൂടിയായിരിക്കണം സർവശക്തനായ പടച്ചതമ്പുരാൻ ബഹുദൈവവിശ്വാസികളുമായി യാതൊരുവിധ വൈവാഹിക ബന്ധവും മുസ്ലിമിന് പാടില്ലെന്ന് നിഷ്കർഷിച്ചത്.

വ്യക്തമായ ധാർമിക നിർദേശങ്ങളും അവയ്ക്ക് പ്രാമാണികമായ പിൻബലവുമുള്ള വേദക്കാരിൽനിന്ന് ഇണയെ സ്വീകരിക്കാൻ മുസ്ലിമിനെ ഖുർആൻ അനുവദിക്കുന്നുമുണ്ട്. യഹൂദന്മാരായിരുന്നാലും ക്രൈസ്തവരായിരുന്നാലും അവർക്ക് അനുസരിക്കപ്പെടേണ്ടതായ ഒരു വേദഗ്രന്ഥവും അതുപ്രകാരമുള്ള ധാർമിക നിർദേശങ്ങളുമുണ്ടല്ലോ. പ്രസ്തുത നിർദേശങ്ങളാവട്ടെ ഇസ്ലാമിക നിർദേശങ്ങൾക്ക് ഏകദേശം സമാനമാണ് താനും. അതുകൊണ്ടായിരിക്കണം വേദക്കാരിയെ വിവാഹം ചെയ്യാൻ



**കൂടുതലറിയാൻ:**

**ഡയറക്ടർ**
**നിച്ച് ഓഫ് ട്രൂത്ത്**
**കലാഭവൻ റോഡ്**
**കൊച്ചിൻ - 682 018**
**ഫോൺ: 0484 - 2367810, 2352421**
**ഫാക്സ്: 0484 - 2380746**
**Website: www.nicheoftruth.org**
**E-mail: islam@nicheoftruth.org**